# ഭാഷാഭൂഷണം

(എൻ. ബി. എസ്. പതിപ്പ്)

(Malayalam)

# BHASHABHUSHANAM

Rhetoric

**By A. R. RAJARAJA VARMA**

First Published May 1902

First N. B. S. Edition June 1968

Revised Edition November 1968, August 1969, July 1970, July 1973

PRINTED AT INDIA PRESS, KOTTAYAM

Price Rs. 2·50

Publishers:

Sahitya Pravarthaka Co-operative
Society Ltd., Kottayam, Kerala State, India

Sales Department:

NATIONAL BOOK STALL

KOTTAYAM – TRIVANDRUM – ERNAKULAM – TRICHUR
PALGHAT – CANNANORE – QUILON – KOZHIKODE

PH
494.812
V11 B

INDIAN INSTITUTE OF ADVANCED STUDY
50770
11.9.75
SIMLA

Library IIAS, Shimla
PH 494.812 V 11 B
00050770

# ഭാഷാഭൂഷണം

(അലങ്കാരശാസ്ത്രം)

എ. ആർ. രാജരാജവർമ്മ

പരിശോധകൻ

കുട്ടികൃഷ്ണമാരാര്

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 2 50

## ഏ. ആർ. രാജരാജവർമ്മയുടെ കൃതികൾ

### മലയാളം

കേരളപാണിനീയം
ഭാഷാഭൂഷണം
വൃത്തമഞ്ജരി
ശബ്ദശോധിനി
സാഹിത്യസാഹ്യം
മദ്ധ്യമവ്യാകരണം
പ്രഥമവ്യാകരണം
മണിദീപിക
മലയവിലാസം
പ്രസാദമാല
ചാരുദത്തൻ (തർജ്ജമ)
മലയാളശാകുന്തളം ,,
മാളവികാഗ്നിമിത്രം ,,
സ്വപ്നവാസവദത്തം ,,
ഭാഷാകുമാരസംഭവം ,,
മേഘദൂത് ,,
ഭാഷാശാകുന്തളം (വ്യാഖ്യാനം)
മർമ്മപ്രകാശം ,,
കാന്താരതാരകം—നളചരിതം ,,
പ്രബന്ധസംഗ്രഹം

### സംസ്കൃതം

സാഹിത്യകുതൂഹലം (14 കൃതികളുടെ സമാഹാരം)
ആംഗലസാമ്രാജ്യം
വിടവിഭാവരി
തുലാഭാരപ്രബന്ധം
ഋഗ്വേദകാരിക
രുഗ്മിണീഹരണം പ്രബന്ധം
ചിത്രനക്ഷത്രമാല
ലഘുപാണിനീയം
കരണപരിഷ്കരണം (പഞ്ചാംഗശുദ്ധിപദ്ധതി)

S2844 B1294 8/73_74 5_3000 SG 137

# ഏ. ആർ. രാജരാജവൎമ്മ

കേരളപാണിനി എന്ന അപരാഭിധാനത്താൽ അറിയപ്പെടുന്ന ശ്രീ ഏ. ആർ. രാജരാജവൎമ്മ, കിടങ്ങൂർ ഓണന്തുരുത്തി പാററിയാൽ ഇല്ലത്തു് വാസുദേവൻ നമ്പൂതിരിയുടെയും കേരളവൎമ്മ വലിയകോയിത്തമ്പുരാൻെറ മാതൃസഹോദരീപുത്രിയായ ഭരണിതിരുനാൾ അമ്മതമ്പുരാട്ടിയുടെയും പുത്രനായി 1038-ാമാണ്ടു കുംഭമാസം 9-ാംതീയതി ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ ജനിച്ചു.

അദ്ദേഹത്തിനു രണ്ടുവയസ്സു പ്രായമുള്ള അവസരത്തിൽ മാതാവും മാതുലനും ഉൾപ്പെട്ട ഒരു ചെറിയ ശാഖ ചങ്ങനാശ്ശേരിയിലെ മൂലകുടുംബത്തിൽനിന്നു പിരിഞ്ഞു് ഹരിപ്പാട്ടുകൊട്ടാരത്തിൽ താമസമാക്കി. ആയില്യംതിരുനാളിൻെറയും മററും സഹായത്തോടെ പണിയിച്ച അനന്തപുരംകൊട്ടാരത്തിലേക്കു് 1046-ൽ താമസം മാററുന്നതുവരെയുള്ള അവിടത്തെ ജീവിതം തികച്ചും ക്ലേശകരമായിരുന്നു.

രാജരാജവൎമ്മയുടെ ഓമനപ്പേരു് കൊച്ചപ്പൻ എന്നായിരുന്നു. വാര്യരാശാൻ എന്ന പേരിലറിയപ്പെട്ടിരുന്ന ചുനക്കര വാര്യരായിരുന്നു പ്രഥമഗുരു. ചുനക്കര ശങ്കരവാര്യരും കൊച്ചപ്പൻെറ ഗുരുവായിരുന്നിട്ടുണ്ടു്. അവരുടെ സഹായത്തോടെ പന്ത്രണ്ടുവയസ്സായപ്പോഴേക്കും കണക്കും കുട്ടിവായനയും സംസ്കൃതത്തിലെ ചില പ്രാഥമികപാഠങ്ങളും പഠിച്ചു. അതിനുശേഷമുള്ള വിദ്യാഭ്യാസം മാതുലനായ കേരളകാളിദാസൻെറ കീഴിലായിരുന്നു. നൈഷധം, മാനവേദചമ്പു മുതലായ കാവ്യങ്ങളും ശാകുന്തളം, മാലതീമാധവം തുടങ്ങിയ നാടകങ്ങളും കുവലയാനന്ദം, രസഗംഗാധരം തൊട്ട അലങ്കാരഗ്രന്ഥങ്ങളും വ്യാകരണത്തിൽ സിദ്ധാന്തകൗമുദിയുമാണു്, നാലഞ്ചുകൊല്ലം നീണ്ടുനിന്ന ഈ ഗുരുശിഷ്യബന്ധത്തിനിടയിൽ അദ്ദേഹം അഭ്യസിച്ചതു്.

1056-ൽ സ്വതന്ത്രനായിത്തീൎന്ന വലിയകോയിത്തമ്പുരാൻ തിരുവനന്തപുരത്തു താമസം തുടങ്ങിയ അവസരത്തിൽ കൊച്ചപ്പനെയും തിരുവനന്തപുരത്തേക്കു കൂട്ടിക്കൊണ്ടുപോകുകയും ഗവൺമെൻറ് ഇംഗ്ലീഷ് ഹൈസ്കൂളിൽ നാലാം ക്ലാസ്സിൽ ചേൎക്കുകയും ചെയ്തു. ഹൈസ്കൂൾവിദ്യാഭ്യാസത്തിനിടയ്ക്കു നടത്തിയ സാഹിത്യസപര്യകൊണ്ടു് വിശാഖംതിരുനാൾ തിരുമനസ്സിലെ പ്രീതിയാൎജ്ജിച്ചതോടെ കൊച്ചപ്പൻ രാജരാജനായി പരക്കെ അറിയപ്പെട്ടുതുടങ്ങി.

ഇരുപതാമത്തെ വയസ്സിൽ മട്രിക്കുലേഷൻ പരീക്ഷ പാസ്സായെങ്കിലും ആയിടയ്ക്കു് അദ്ദേഹത്തിൻെറ മാതാവു് ഇഹലോകവാസംവെടിഞ്ഞതുമൂലം ഒരു കൊല്ലത്തേക്കു് ഉപരിപഠനത്തിനു സാധിക്കാതെവന്നു. അടുത്ത വൎഷംതന്നെ വിശാഖംതിരുനാളിൻെറ സഹായത്തോടെ കോളേജിൽ ചേൎന്നു പഠിക്കുകയും 1061-ൽ എഫ്. എ. പരീക്ഷയിൽ വിജയിക്കുകയും ചെയ്തു. തുടൎന്നു ബി. എ.യ്ക്കു ചേൎന്നെങ്കിലും ഐച്ഛികവിഷയമായ രസതന്ത്രത്തിൽ മാത്രം ആദ്യത്തെത്തവണ അദ്ദേഹത്തിനു വിജയിക്കുവാൻ സാധിച്ചില്ല. ഒട്ടും നിരാശപ്പെടാതെ തൊട്ടടുത്ത വൎഷംതന്നെ (1065) വീണ്ടും ആ പരീക്ഷയ്ക്കു ചേരുകയും വിജയിക്കുകയും ചെയ്തു.

അന്നത്തെ രാജാവായിരുന്ന ശ്രീമൂലംതിരുനാൾ 1065–ൽ ഏ. ആറിനെ സംസ്കൃതപാഠശാലയിൽ ഇൻസ്പെക്ടറായി നിയമിച്ചു. നിഷ്കൃഷ്ടമായ പാഠപദ്ധതിയും പാശ്ചാത്യരീതിയിലുള്ള പഠനക്രമവും നടപ്പാക്കി വിദ്യാലയങ്ങൾക്ക് ഒരു നവീനത അദ്ദേഹം കൈവരുത്തി. ഈ ഉദ്യോഗത്തിനിടയ്ക്കു (സംസ്കൃതത്തിൽ) എം. ഏ.യ്ക്കു ചേരുകയും മദ്രാസ് പ്രസിഡൻസിയിൽ ഒന്നാമനായി പാസ്സാവുകയും ചെയ്തു.

1069–ൽ സംസ്കൃതമഹാപാഠശാലയിലെ പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. 1074–ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നാട്ടുഭാഷാസൂപ്രണ്ടായി നിയമിക്കപ്പെടുന്നതുവരെ സംസ്കൃതകോളേജിന്റെ സർവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം പരിശ്രമിച്ചുകൊണ്ടിരുന്നു. കോളേജിൽ ഭാഷാസംബന്ധമായ ക്ലാസ്സുകൾ നടത്തുന്നതിനായി തയ്യാറാക്കിയ നോട്ടുകളിൽനിന്നാണ് ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം തുടങ്ങിയ അമൂല്യകൃതികൾ ഭാഷാസാഹിത്യത്തിനു ലഭിച്ചതു്. സംസ്കൃതത്തിൽ ഇരുപത്തിരണ്ടും മലയാളത്തിൽ ഇരുപത്തിയൊന്നും ഉൾപ്പെടെ ആകെ നാല്പത്തിമൂന്നു കൃതികൾ അദ്ദേഹത്തിൽനിന്നു നമുക്കു ലഭിച്ചിട്ടുണ്ടു്. 'സാഹിത്യകുതൂഹലം' എന്ന സംസ്കൃതഗ്രന്ഥം 14 ലഘുകൃതികളുടെ സമാഹാരമാണ്. മലയാളകൃതികളിലാകട്ടെ കേരളപാണിനീയത്തിന്റെ ഗദ്യരൂപത്തിലുള്ള ഒന്നാംപതിപ്പുൾപ്പെടെയാണ് സംഖ്യ ഇരുപത്തൊന്നെന്നു കണക്കാക്കപ്പെട്ടിരിക്കുന്നതു്.

1087–ൽ സംസ്കൃത–ദ്രാവിഡഭാഷകളുടെ പ്രൊഫസറായി അദ്ദേഹത്തിനു് ഉദ്യോഗക്കയററം ലഭിക്കുകയുണ്ടായി. അസാധാരണമായ പാണ്ഡിത്യവും അനുഗൃഹീതമായ ഭരണനൈപുണിയും ഒത്തിണങ്ങിയ അദ്ദേഹം അവിടെ പലപ്പോഴും പ്രിൻസിപ്പൽസ്ഥാനവും വഹിച്ചിട്ടുണ്ട്. പാഠപുസ്തകക്കമ്മിററിയുടെ അദ്ധ്യക്ഷൻ, ലക്ചറർകമ്മിററിയുടെ കാര്യദർശി, ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പർ, സംസ്കൃതത്തിലെയും മലയാളത്തിലെയും സർവ്വകലാശാലാപരീക്ഷകൻ എന്നീ നിലകളിലും സ്തുത്യർഹമായ സേവനം ഏ. ആർ. അനുഷ്ഠിച്ചിട്ടുണ്ടു്.

1064-ൽ മാവേലിക്കര എം. ഉദയവർമ്മരാജായുടെ കനിഷ്ഠസഹോദരിയായ സ്വാതിതിരുനാൾ മഹാപ്രഭാതമ്പുരാട്ടിയെ അദ്ദേഹം വിവാഹംകഴിച്ചു. മൂന്നാണും അഞ്ചു പെണ്ണും ഉൾപ്പെടെ എട്ടു സന്താനങ്ങൾ ആ ദമ്പതികൾക്കുണ്ടായി. അവരിൽ മാവേലിക്കര ഭാഗീരഥി അമ്മത്തമ്പുരാനും എം. രാഘവവർമ്മരാജായും സാഹിത്യലോകത്തു സുപരിചിതരാണ്. ഏ. ആറിന്റെ ഗൃഹസ്ഥജീവിതം ശാന്തവും സമാധാനപൂർണ്ണവുമായിരുന്നു.

ആധുനിക ഭാഷാസാഹിത്യത്തിന്റെ അടിത്തറ കെട്ടിയുറപ്പിച്ച ആ യശഃപ്രഭാവൻ 1093 മിഥുനം 4-ാംതീയതി 56–ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു.

# പ്രസാധകക്കുറിപ്പ്

കേരളപാണിനീയം, ഭാഷാഭൂഷണം, വൃത്തമഞ്ജരി ഈ പുസ്തകങ്ങളുടെ എൻ. ബി. എസ്. പതിപ്പ് ആദ്യമായി പ്രസിദ്ധപ്പെടുത്തിയത്, കഴിഞ്ഞ ജൂണിലാണ്. അറുപതിലധികം കൊല്ലങ്ങളായി മലയാളികളുടെ ഇടയിൽ പ്രചരിച്ചുകൊണ്ടിരിക്കുന്ന പുസ്തകങ്ങളാണിവ. അതുകൊണ്ട്, സ്വാഭാവികമായും മൂവായിരം പ്രതികൾവീതമുള്ള ഈ പതിപ്പ് മൂന്നു വർഷംകൊണ്ടു മാത്രമേ വിററുതീരുകയുള്ളുവെന്നായിരുന്നു ഞങ്ങളുടെ പ്രതീക്ഷ. എന്നാൽ, അത്ഭുതമെന്നു തന്നെ പറയട്ടെ, മുപ്പതു ദിവസത്തിനുള്ളിൽ മുഴുവൻ പ്രതികളും വിററുതീർന്നു. കൂടുതൽ നല്ല കടലാസ്സിൽ ഭംഗിയായി അച്ചടിച്ചിട്ടാണ് ഞങ്ങൾ ഇവ പ്രസിദ്ധപ്പെടുത്തിയത്. അമ്പതുവർഷം മുമ്പ് ഈ പുസ്തകങ്ങൾക്കു വച്ചിരുന്ന വില തന്നെയാണ് 1968—ൽ ഞങ്ങൾ വച്ചതെന്നുംകൂടി പറയേണ്ടതുണ്ട്. തുടർന്ന് 1968 നവംബറിൽ രണ്ടാംപതിപ്പും പ്രസിദ്ധപ്പെടുത്തി.

ഈ ശാസ്ത്രഗ്രന്ഥങ്ങളുടെ നിരവധി പതിപ്പുകൾ പത്തെഴുപതു കൊല്ലങ്ങളായി പുറത്തുവന്നിട്ടുണ്ട്. പലപ്പോഴായി ഈ പതിപ്പുകളിൽ കടന്നുകൂടിയിരുന്ന തെററുകളുടെ എണ്ണം നൂററുക്കണക്കിനായിരുന്നു. സമഗ്രമായ ഒരു പരിശോധനയും പരിപൂരണവുംകൊണ്ടല്ലാതെ പ്രസ്തുത ഗ്രന്ഥങ്ങൾ ഇന്നത്തെ സാഹിത്യവിദ്യാർത്ഥികൾക്കു പ്രയോജനകരമാകാൻ പ്രയാസമാണെന്നുവന്നു.

ഭാഷാഭൂഷണത്തിൽ മേഘദൂത്, മയൂരസന്ദേശം, കുമാരസംഭവം, മലയാളശാകുന്തളം, കാമതിലകം മുതലായവയിൽനിന്നെല്ലാം ഉദാഹരണങ്ങളെടുത്ത ഏ. ആർ. അതാതു കൃതികൾ അക്കാലത്തു സുപ്രസിദ്ധങ്ങളായിരുന്നതിനാൽ, പല പദ്യങ്ങളുടേയും അലങ്കാരയോജനയ്ക്കു അത്യന്താപേക്ഷിതമായ അർത്ഥമോ സന്ദർഭസൂചനയോ കൊടുത്തിരുന്നില്ല. അതുപോലെ, കുവലയാനന്ദം തുടങ്ങിയ സംസ്കൃതഗ്രന്ഥങ്ങളിൽ കണ്ടുകൊള്ളണമെന്നു പറഞ്ഞുവിട്ടിരിക്കുന്ന ലേശം, ലളിതം മുതലായ അലങ്കാരങ്ങളുണ്ടിതിൽ. അന്നു പ്രസ്തുത സംസ്കൃതഗ്രന്ഥങ്ങൾ പണ്ഡിതലോകത്തു പരക്കെ അറിയപ്പെട്ടിരുന്നവയാകയാൽ ഈ പരാമർശം ധാരാളം മതിയാകുമായിരുന്നു. ഇന്നത്തെ സ്ഥിതി അതല്ലല്ലോ?

ഭാഷാഭൂഷണത്തിന്റെ ഈ പുതിയ പതിപ്പിൽ മുന്നൂറിലധികം ഉദാഹരണപദ്യങ്ങൾക്കു ടിപ്പണി തയ്യാറാക്കിയതും ലേശം, ലളിതം തുടങ്ങിയ അലങ്കാരങ്ങളുടെ ലക്ഷ്യലക്ഷണങ്ങൾ സംസ്കൃതഗ്രന്ഥങ്ങളിൽനിന്നു തർജ്ജമചെയ്തതും അടിക്കുറിപ്പായി അതാതു സ്ഥലത്തു ചേർത്തിരിക്കുന്നു.

അനുബന്ധമായി രണ്ടു സൂചികകൾ ഈ പതിപ്പിലുണ്ട്. ഒന്നാമത്തേതു പദസൂചിക. അലങ്കാരസംജ്ഞകൾ മാത്രമല്ല, രസം, ധ്വനി മുതലായ എല്ലാ പ്രകരണങ്ങളിലും പ്രയോഗിച്ചിട്ടുള്ള പ്രധാനപദങ്ങളുണ്ടു ഈ പട്ടികയിൽ. രണ്ടാമത്തേതു് ഉദാഹരണപദ്യങ്ങളുടെ അകാരാദിക്രമത്തിലുള്ള പദ്യസൂചികയാണ്.

ഇവ കൂടാതെ രൂപഭംഗിക്കും സുഗമപഠനത്തിനും ഉതകുന്ന പരിഷ്കാരങ്ങൾ പലതുണ്ടിതിൽ. എല്ലാം ചേർന്നു ഭാഷാഭൂഷണത്തിനൊരു കാലാനുകൂലത കൈവന്നിട്ടുണ്ടെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

ഭാഷാഭൂഷണത്തിന്റെ പരിഷ്കരിച്ച പതിപ്പാണിതു്. ഇതു് സൂക്ഷ്മപരിശോധന നടത്തി തെററുകൾ തിരുത്തി പരിഷ്കരിച്ചതു് ശ്രീ കുട്ടികൃഷ്ണമാരാരാണ്. അവതാരികയും ഈ ശുദ്ധപാഠപ്പതിപ്പും തയ്യാറാക്കിയ അദ്ദേഹത്തിനോടു് സാഹിത്യപ്രവർത്തക സഹകരണസംഘത്തിനു് നിസ്സീമമായ കൃതജ്ഞതയുണ്ട്. മുമ്പത്തേക്കാൾ ധൈര്യത്തോടും ആത്മവിശ്വാസത്തോടുംകൂടി പരിഷ്കരിച്ച ഈ പതിപ്പും ഭാഷാപ്രേമികളുടെമുമ്പിൽ ഞങ്ങൾ സമർപ്പിക്കുന്നു.

കോട്ടയം
ആഗസ്റ്റ് 1969

ഒന്നാംപതിപ്പിൻെറ

# മുഖവുര

തിരുവനന്തപുരം കാളേജിൽ നാട്ടുഭാഷകളുടെ അദ്ധ്യാപനത്തിനു് എന്നെ ചുമതലപ്പെടുത്തിയതോടുകൂടി മലയാളത്തിൽ അലങ്കാരഗ്രന്ഥങ്ങൾക്കുള്ള ദാരിദ്ര്യം എനിക്കു് അനുഭവപ്പെട്ടുതുടങ്ങി. ഖണ്ഡനാദിവിഷയങ്ങളിൽ മദ്രാസ് സൎവ്വകലാശാലയിലെ പരീക്ഷകന്മാർ സംസ്കൃതാദ്ധ്യായികളോടു ചോദിക്കുന്നതിൽ തുലോം കഠിനങ്ങളായ ഭാഗങ്ങളെക്കൂടി മലയാളം പഠിക്കുന്ന പരീക്ഷ്യന്മാരോടു് ഉത്തരണം ചെയ്‌വാൻ ആവശ്യപ്പെടുന്നു. മലയാളം ഒരു നാട്ടുഭാഷയാകയാൽ അതിലെ ചോദ്യക്കടലാസുകളെ എത്രതന്നെ കഠിനമാക്കിയാലും തരക്കേടില്ലെന്നാണു പരീക്ഷകന്മാരുടെ സമാധാനമെന്നു തോന്നുന്നു. പ്രശ്നപത്രങ്ങളിൽ അലങ്കാരങ്ങളുടെ ലക്ഷ്യലക്ഷണങ്ങളെ മാത്രമല്ല, അവയുടെ വിഷയവിവേചനം, പൂൎവ്വപക്ഷം മുതലായതിനെക്കൂടി ചോദ്യങ്ങൾ ചിലപ്പോൾ പരാമൎശിക്കുന്നു. ഈ സ്ഥിതിക്കു് ബി. ഏ. പരീക്ഷയ്ക്കു പഠിക്കുന്ന അദ്ധ്യേതാക്കൾക്കു് അലങ്കാരശാസ്ത്രത്തിൻെറ ഒരു സ്ഥൂലജ്ഞാനമെങ്കിലും അത്യാവശ്യകമായിത്തീൎന്നിരിക്കുന്നു. ഈ ആവശ്യത്തിനു ചേൎന്ന ഒരു പുസ്തകം മലയാളത്തിൽ ഇല്ലാതിരുന്നതിനാൽ ആരംഭത്തിൽ, ഞാൻ സംസ്കൃതപുസ്തകങ്ങൾ നോക്കി മലയാളം പഠിപ്പിച്ചുവന്നു. എന്നാൽ ക്രമേണ ഈ ഏൎപ്പാടു് തൃപ്തികരമല്ലെന്നു ബോധപ്പെട്ടുതുടങ്ങി. അദ്ധ്യാപകനു് ലക്ഷ്യലക്ഷണങ്ങളെ ഉടനടി തൎജ്ജമചെയ്യുന്നതു് ശ്രമാവഹമെന്നു മാത്രമല്ല, അൎത്ഥത്തിനു് ഏററക്കുറച്ചിലുകൾ വരാതെ സൂക്ഷിക്കുന്നതു് പ്രയാസം; അദ്ധ്യേതാക്കൾക്കു പലപ്പോഴുമായി അങ്ങുമിങ്ങും പറഞ്ഞുകൊടുക്കുന്ന ചില്ലറ നോട്ടുകൾ സംഗ്രഹിച്ചു്, സ്വയം അവയെ ഏകോപിച്ചു് സംഗതി ഗ്രഹിക്കുന്നതു് ദുൎഘടം. ഈ കഷ്ടതയെ പരിഹരിക്കാൻവേണ്ടി ഞാൻ കഴിഞ്ഞ രണ്ടു വൎഷങ്ങളിൽ (1900, 1901) ബി. ഏ. ക്ലാസ്സിനു് അലങ്കാരപാഠമുള്ള ദിവസം മുൻകൂട്ടിത്തന്നെ തൎജ്ജമകളെല്ലാം തയ്യാറുചെയ്തുവെച്ചുകൊൾക എന്നൊരേൎപ്പാടുചെയ്തു. ഇങ്ങനെ അന്നന്നു് എഴുതീട്ടുള്ള നോട്ടുകളെ, ഞാൻ പിന്നീടു് അദ്ധ്യേതാക്കളിൽത്തന്നെ ചില ഭാഷാഭിമാനികളുടെയും, മററു പുറമേയുള്ള സ്നേഹിതന്മാരുടെയും പ്രേരണയാൽ, ഒരിക്കൽക്കൂടി ആവൎത്തിച്ചുനോക്കി പരിശോധിച്ചു് ഇടയ്ക്കിടയ്ക്കു് ചോരുന്ന ഭാഗമെല്ലാം കൂട്ടിച്ചേൎത്തു്, വാലും തലയും ശരിപ്പെടുത്തി, ആകപ്പാടെ സ്വരൂപിച്ചു് ഒരു ഗ്രന്ഥമാക്കിത്തീൎത്താകുന്നു ഈ 'ഭാഷാഭൂഷണം'.

ഈ പുസ്തകം തയ്യാർചെയ്യുന്നതിൽ ഞാൻ, സംസ്കൃതത്തിൽ ഇതേവരെ പ്രസിദ്ധീകരിച്ചിട്ടുള്ള അലങ്കാരഗ്രന്ഥങ്ങളെ എല്ലാം ഉപയോഗിച്ചിട്ടുണ്ടു്. എന്നാൽ, അവയിൽ ഒന്നിനെയും ഒരു മാതൃകയായി സ്വീകരിച്ചിട്ടില്ല: ഓരോ അംശത്തിൽ ഓരോരുത്തരുടെ മതത്തിൽ ചേർന്നിട്ടുണ്ടെന്നു്, വേണമെങ്കിൽ പറയാം. അർത്ഥാലങ്കാരങ്ങളുടെ ലക്ഷ്യലക്ഷണങ്ങളിൽ മിക്കതും കുവലയാനന്ദത്തോടു യോജിച്ചിരിക്കും; എന്നാൽ അവയുടെ ആകത്തുക ആ ഗ്രന്ഥത്തിൽ ഉള്ളതിൻെറ മുക്കാൽ ഭാഗമേ ഇതിൽ കാണുകയുള്ളു. ഈ അംശത്തിൽ ഭാഷാഭൂഷണം അലങ്കാരസർവ്വസ്വകാരൻെറ മതത്തോടാണു് അധികം യോജിക്കുന്നതു്. അർത്ഥാലങ്കാരങ്ങളെ നാലു തുറയായിപ്പിരിച്ചതിൽ കാവ്യാലങ്കാരകർത്താവായ രുദ്രടാചാര്യർ ആണു് എനിക്കു മാർഗ്ഗപ്രദർശനംചെയ്തതു്. ദോഷാദിപ്രകരണങ്ങളിൽ കാവ്യപ്രദീപകസാഹിത്യദർപ്പണങ്ങളുടെ സരണിയെ അധികം അനുസരിച്ചിരിക്കുന്നു. ഏതാനും ചിലെടത്തു് സ്വന്തമതംതന്നെ സ്ഥാപിക്കേണ്ടതായും വന്നിട്ടില്ലെന്നില്ല. ഭാഷാഭേദം മററു ചില ദിക്കുകളിൽ ഭേദഗതികൾക്കു കാരണമായിത്തീർന്നിട്ടുണ്ടു്. സംസ്കൃതത്തിൽ മാത്രം സംഭവിക്കുന്ന ചില ദോഷങ്ങളെയും മററും ഉപേക്ഷിക്കുകയും, സംസ്കൃതത്തിലില്ലാതെ ഭാഷയ്ക്കു മാത്രം വരുന്ന മററു ചിലതുകളെ പുതുതായിക്കല്പിക്കയും ചെയ്തിരിക്കുന്നു.

ഈ ഗ്രന്ഥത്തിൽ അലങ്കാരാദികൾക്കു് ഉദാഹരണങ്ങൾ കഴിയുന്നിടത്തോളം പുരാതനകൃതികളിൽനിന്നു് എടുക്കുന്നതിനു ശ്രമിച്ചിട്ടുണ്ടു്. ഈ ശ്രമം ഫലിക്കാത്തിടത്തു് നവീനന്മാരുടെ പദ്യങ്ങളെ ഗ്രഹിക്കയും അതുകളെ തേടിപ്പിടിക്കുന്നതു് എളുതല്ലാതെവന്നാൽ പുതിയ ശ്ലോകങ്ങളെ നിർമ്മിക്കയും ചെയ്തിരിക്കുന്നു. ഇങ്ങനെ പുതുതായി ഉണ്ടാക്കുന്ന ശ്ലോകങ്ങൾ പ്രായേണ സംസ്കൃതഗ്രന്ഥങ്ങളിൽ കാണുന്ന ഉദാഹരണങ്ങളുടെ തർജ്ജമകളായിരിക്കും. അപൂർവ്വം ചിലെടത്തു്, അതിപ്രസിദ്ധകളായ സംസ്കൃതസൂക്തികളെക്കൊണ്ടു ഭാഷയെ പോഷിപ്പിക്കാനുള്ള കൗതുകവും എന്നെ ഭാഷാന്തരീകരണത്തിൽ പ്രവർത്തിപ്പിച്ചിട്ടുണ്ടു്. എല്ലാമാതിരി ഉദാഹരണവും ഏതു ഗ്രന്ഥത്തിൽനിന്നു് എടുത്തതെന്നു് അവിടവിടെ കാണിച്ചിട്ടുണ്ടു്. തത്കാലം നിർമ്മിച്ചിട്ടുള്ളവയെ 'സ്വ' എന്നു് അടയാളംകൊണ്ടു് വേർതിരിച്ചിരിക്കുന്നു.

സാഹിത്യശാസ്ത്രത്തിൻെറ വിഷയം മുഴുവനും ഇതിൽ അടക്കുന്നതിനു് എനിക്കു സാധിച്ചിട്ടില്ല. ഈ ന്യൂനതയെ ഒരു രണ്ടാം പതിപ്പു് ആവശ്യപ്പെടുന്നപക്ഷം പരിഹരിക്കാമെന്നു വിചാരിക്കുന്നു. അങ്ങുമിങ്ങുമെഴുതിയിട്ടിരിക്കുന്ന നോട്ടുകളെ എടുത്തു ചേർത്തു് പുസ്തകച്ഛായയിൽ എഴുതുന്നതിൽ എന്നെ സഹായിച്ച

തിനു് കേരളപഞ്ചികാപത്രാധിപർ കെ. രാമകൃഷ്ണപിള്ളയോടും, ഇപ്പുസ്തകത്തെ അച്ചടിപ്പിച്ചു പ്രസിദ്ധംചെയ്യിക്കുന്ന ശ്രമം വഹിച്ചതിനു് എന്റെ പ്രിയസുഹൃത്തായ പി. രാമവമ്മരാജാവിനോടും ഞാൻ ആവശ്യപ്പെട്ട തോതിൽ ഈവിധം ഈ പുസ്തകം അച്ചടിച്ചു തന്നതിനു് കേരളകല്പദ്രുമം മുദ്രാലയാദ്ധ്യക്ഷനോടും എന്റെ കൃതജ്ഞതയെ ഞാൻ ഹൃദയപൂർവ്വം പ്രകാശിപ്പിച്ചുകൊള്ളുന്നു.

മാവേലിക്കര
1902 മെയ് 25

എ. ആർ. രാജരാജവമ്മ

രണ്ടാംപതിപ്പിന്റെ

# മുഖവുര

ഭാഷാഭൂഷണത്തിന്റെ രണ്ടാംപതിപ്പു് ആവശ്യപ്പെട്ടതു് ത്ധടിതി ആയിട്ടാകയാൽ ആദ്യം ആലോചിച്ചിരുന്നതുപോലെ ഉള്ള ഭേദഗതികൾ ഒന്നും ഇതിൽ ചെയ്യുന്നതിനു് ഇടയായില്ല. എന്നാൽ ഗദ്യമെഴുതുന്നതിൽ ബാലന്മാരെ സഹായിക്കുന്നതിനുവേണ്ടി ഒരു പുസ്തകം ചമയ്ക്കുന്നതിനു് ഞാൻ ഈയിടെ ആരംഭിച്ചിട്ടുള്ളതിനാൽ ഇതിൽ വിട്ടുപോയിട്ടുള്ള ഭാഗങ്ങൾ അതിൽ ചേർക്കുന്നതിനു് സൗകര്യം കിട്ടീട്ടുണ്ടു്. ആ സ്ഥിതിക്കു് ഭാഷാഭൂഷണത്തിൽ ഇനി ഭേദഗതി ചെയ്യേണ്ടുന്ന ആവശ്യവും ഏറെ കാണുന്നില്ല.

തിരുവനന്തപുരം
1910 ജൂൺ 28

എ. ആർ. രാജരാജവമ്മ

# അവതാരിക

ഞാനെഴുതിയ സാഹിത്യഭൂഷണം, ഭാഷാഭൂഷണത്തിനുള്ള ഖണ്ഡമാണെന്നൊരപവാദം ആദ്യമേ പ്രചരിപ്പിക്കപ്പെട്ടു. അതു കാരണം, അന്നത്തെ പല മാന്യമഹാശയന്മാരോടും ഒരവതാരിക എഴുതിത്തരാൻ അപേക്ഷിച്ചിട്ടു് ഒന്നും കിട്ടുകയുണ്ടായില്ല. സൽകവിയും സൽബുദ്ധിയുമായ ഉള്ളൂരിന്റെ നേർക്കു മാത്രമേ ഈ പ്രചാരണവേല വിഫലമായുള്ളു.

എങ്ങനെ ഈ അപവാദം പ്രചരിച്ചു എന്നു പറയാം. ഞാനന്നു പഠിച്ചിരുന്ന 'സാഹിത്യശിരോമണി' പരീക്ഷയ്ക്കു പലേ അലങ്കാരഗ്രന്ഥങ്ങളും പഠിക്കാനുണ്ടായിരുന്നു; അവയിലെ ചില ഭാഗങ്ങളോടു വിപ്രതിപത്തികളും തോന്നിയിരുന്നു. ഞാനതു സംസ്കൃതഭാഷയിൽത്തന്നെ പ്രതിപാദിച്ചു. മുളങ്കൂട്ടത്തിലെയ്ക്കു കല്ലെറിയുംപോലെ ചില സംസ്കൃതമാസികകളിലെയ്ക്കയച്ചു കൊടുത്തു. പലതും പ്രസിദ്ധീകരിക്കപ്പെടുകയുംചെയ്തു. പിന്നീടു മാതൃഭാഷയിൽ എഴുതിത്തുടങ്ങിയപ്പോൾ എന്റെ ഈ പരാക്രമകഥ സ്വസഹോദരരെക്കൂടി അറിയിക്കാൻ നിശ്ചയിച്ചപ്പോൾ, സൗകര്യവശാൽ ഭാഷാഭൂഷണത്തെ ആശ്രയിച്ചു് അതിൽനിന്നു് ഉദാഹരണപദ്യങ്ങളും വാക്യങ്ങളും ഉദ്ധരിച്ചു് എന്റെ വിപ്രതിപത്തികളെ പ്രതിപാദിച്ചു. അവിടെനിന്നാണു് ആ അപവാദം പൊട്ടിത്തഴച്ചതു്. ഭാഷാഭൂഷണം എനിക്കു് ആശ്രയദാതാവാണെന്നു ധരിക്കുവാൻ കുറച്ചുകൂടി ബുദ്ധി വേണം; അപവാദം പ്രചരിപ്പിക്കുവാൻ പഴുതു കിട്ടുകയുമില്ല.

എനിക്കു് ആശ്രയദാതാവായ ഭാഷാഭൂഷണത്തിന്റെ എൻ. ബി. എസ്. പതിപ്പു് പരിശോധിച്ചുതന്നാൽ നന്നെന്നു നമ്മുടെ സംഘം ആവശ്യപ്പെട്ടപ്പോൾ ഞാൻ വളരെയേറെ സന്തോഷിച്ചു. വളരെയേറെ തിരുത്തേണ്ടിവന്നാലോ എന്നൊരു ഭയമേ ശേഷിച്ചുള്ളു. പരിശോധിച്ചുതീർന്നപ്പോൾ ആ ഭയവും അസ്ഥാനത്താണെന്നു ബോധപ്പെട്ടു. വേണ്ടുന്നതിൽ ഏറാതെയും കുറയാതെയുമുള്ള വിവരണങ്ങളാണു് നീളെ കണ്ടതു്. രണ്ടോ നാലോ സ്ഥലത്തു മാത്രമേ ചില്ലറ മാററം വരുത്തേണ്ടതായി ഞാൻ കണ്ടുള്ളു.

കുട്ടികൃഷ്ണമാരാര്

# വിഷയാനുക്രമണി


| | |
|---|---|
| അലങ്കാരപ്രകരണം | 17 |
| ദോഷപ്രകരണം | 107 |
| ഗുണപ്രകരണം | 134 |
| ശബ്ദാർത്ഥപ്രകരണം | 140 |
| ധ്വനിപ്രകരണം | 148 |
| ഗുണീഭൂതവ്യംഗ്യപ്രകരണം | 176 |
| പദസൂചിക | 181 |
| പദ്യസൂചിക | 184 |

# ഭാഷാഭൂഷണം

ഭോഷന്മാൎക്കമിഹാതിഭീഷണമഹാമോഹാമയൈകൗഷധം
ഭാഷാദേവതതന്റെ പാദകമലം ഭക്ത്യാ വണങ്ങീട്ടു ഞാൻ
ഭാഷാഭൂഷണസംജ്ഞമജ്ഞസുഗമം സാഹിത്യശാസ്ത്രം നവം
ഭാഷിപ്പാൻ തുനിയുന്നു ദോഷമഖിലം ദോഷജ്ഞർ മഷ്ടിക്കണം.

## അലങ്കാരപ്രകരണം

കാവ്യത്തിന്റെ സ്വരൂപം, വിഭാഗങ്ങൾ, വൃത്തിരീത്യാദികൾ, ഗുണദോഷങ്ങൾ, അലങ്കാരങ്ങൾ—ഇതുകളാകുന്നു സാഹിത്യശാസ്ത്രത്തിന്റെ പ്രതിപാദ്യവിഷയം. ഇവയെ ഇപ്പറഞ്ഞ മുറയ്ക്കു് എടുക്കുകയാകുന്നു യുക്തിക്കു ചേർന്നതും പഴയ ഗ്രന്ഥകാരന്മാരുടെ സമ്പ്രദായവും. എങ്കിലും ഈ ക്രമത്തെ നേരേ മറിച്ചിടുന്നതായാൽ, ബാലന്മാൎക്കു ഗ്രഹിക്കുന്നതിൽ സൗകര്യം അധികമുണ്ടാകുമെന്നു തോന്നുകയാൽ ഒടുവിൽ പറഞ്ഞ അലങ്കാരങ്ങളെ ഇവിടെ ആദ്യമായി പ്രസ്താവിക്കുന്നു. വിഷയങ്ങളെ ഏതു മുറയ്ക്കെടുക്കുന്നതായാലും അവയ്ക്കുള്ള പരസ്പരാപേക്ഷ പരിഹരിക്കപ്പെട്ടാവുന്നതുമല്ല. അലങ്കാരപ്രകരണത്തെ ആദ്യമായി സ്വീകരിക്കുന്നപക്ഷം, കാവ്യമെന്നാലിന്നതു് എന്നുള്ള അറിവു് ശിഷ്യനു സിദ്ധിച്ചിട്ടുണ്ടെന്നു കല്പിക്കേണ്ടിവരുന്നതുപോലെതന്നെ, കാവ്യസ്വരൂപനിരൂപണം ആദ്യം ആരംഭിക്കുന്നപക്ഷം, ഗുണദോഷാലങ്കാരാദികളുടെ പരിജ്ഞാനത്തെ സിദ്ധവല്ക്കരിച്ചു വ്യവഹരിക്കേണ്ടിവരുന്നതാണു്.

### അലങ്കാരമെന്നാലെന്തു്?

ശബ്ദാർത്ഥങ്ങളിൽവച്ചൊന്നിൽ
വാച്യമായിട്ടിരുന്നിടും,
ചമൽക്കാരം ചമയ്ക്കുന്ന
മട്ടലങ്കാരമായതു്. 1

മഹാകവികളുടെ കൃതികൾ വായിക്കുമ്പോൾ എന്തോ ഒരു ആഹ്ലാദം നമുക്കു് അനുഭവസിദ്ധമായിട്ടുണ്ടല്ലോ. ഈ ആഹ്ലാദത്തെ അനുഭവിക്കുന്നതിനു് അനുകൂലമായ ബുദ്ധിയുള്ളവരെ സഹൃദയന്മാർ എന്നു പറയുന്നു. സഹൃദയന്മാരുടെ ഹൃദയത്തിനു് ആഹ്ലാദത്തെ ജനിപ്പിക്കുന്നതായ കവിതാധൎമ്മത്തിനു് ചമൽക്കാരമെന്നു പേർ. ചമൽക്കാരത്തിനു് ആശ്രയമായ വാക്യഭംഗിതന്നെ അലങ്കാരം. ആ ചമൽക്കാരം ശബ്ദത്തെയോ അൎത്ഥത്തെയോ ആശ്രയിച്ചു വരാം; അതിനാലാണു് 'ശ

കാരിക 1. വാച്യമായിട്ടു് = സ്പഷ്ടമായിട്ടു്. അൎത്ഥാലങ്കാരങ്ങൾ വാച്യങ്ങളെങ്കിലും, ശബ്ദാലങ്കാരങ്ങൾ ശ്രവണമാത്രത്തിൽ സ്പഷ്ടമാവുകയാണല്ലോ ചെയ്യുന്നതു്.

ബ്ദാർത്ഥങ്ങളിൽവച്ചൊന്നിൽ' എന്നു പറഞ്ഞതു്. അർത്ഥത്തിലും നേരേ ശബ്ദവാച്യമായിട്ടോ വാച്യാർത്ഥം അവസാനിച്ചതിന്റെശേഷം വ്യംഗ്യമായിട്ടുള്ളതിലോ ഇരിക്കാം. അതിൽ വ്യംഗ്യനിഷ്ഠമായതിനെ അലങ്കാരമായി ഗണിച്ചിട്ടില്ല; അതിലേക്കായി 'വാച്യമായിട്ടു' എന്നു വിശേഷണം ചേർത്തു. ഏവഞ്ച, ശബ്ദാർത്ഥങ്ങൾ രണ്ടിലൊന്നിനെ ആശ്രയിച്ചിരിക്കുന്നതും, വ്യംഗ്യഭിന്നവും, ചമൽക്കാരകാരകവും ആയ വസ്തു 'അലങ്കാരം' എന്നു് അലങ്കാരസാമാന്യലക്ഷണം. മേലാൽ ഓരോ അലങ്കാരത്തിനും ലക്ഷണം പറയുന്നിടത്തു് ഈ സാമാന്യലക്ഷണത്തെക്കൂടി ചേർത്തുകൊള്ളേണ്ടതാകുന്നു. വിശേഷലക്ഷണങ്ങളിലുള്ള എല്ലാ അംശങ്ങൾക്കും പൂർത്തിയിരുന്നാലും ഈ സാമാന്യലക്ഷണത്തിനു ചേർച്ച ഇല്ലാതെവന്നാൽ അതു് അലങ്കാരമാകുന്നതല്ല. അതിനാൽ, 'കുയിൽ കാക്കയെപ്പോലെ കറുത്തതാകുന്നു' എന്നുള്ള വസ്തുസ്ഥിതികഥനത്തിൽ ഉപമാലക്ഷണമിരുന്നാലും അതു് ഉപമാലങ്കാരമാകുന്നില്ല.

സാമാന്യലക്ഷണപ്രകാരം 'ശബ്ദാലങ്കാരം' 'അർത്ഥാലങ്കാരം' എന്നു് അലങ്കാരം രണ്ടുവിധമാകാം. അതിൽ പ്രാധാന്യം അർത്ഥാലങ്കാരങ്ങൾക്കാകയാൽ അവയെ ആദ്യം വിവരിക്കുന്നു. നാനാപ്രകാരങ്ങളായി കാണുന്ന അലങ്കാരങ്ങൾക്കെല്ലാം ബീജഭൂതങ്ങളായ സാധനങ്ങൾ ഇന്നവ എന്നു പരിഗണിക്കുന്നു:

**ഓർത്താലതിശയം, സാമ്യം,**
**വാസ്തവം, ശ്ലേഷമിങ്ങനെ**
**അലങ്കാരങ്ങളെത്തീർപ്പാൻ**
**നാലുതാനിഹ സാധനം.** 2

**ഇവയെക്കൊണ്ടു തീർക്കുന്നു**
**കവീന്ദ്രരുപമാദിയെ**
**തങ്കംകൊണ്ടിഹ തട്ടാന്മാർ**
**കങ്കണാദിയെയെന്നപോൽ.** 3

(1) അതിശയം, (2) സാമ്യം, (3) വാസ്തവം, (4) ശ്ലേഷം ഈ നാലെണ്ണത്തിൽ ഒന്നായിരിക്കും എല്ലാ അലങ്കാരത്തിനും ബീജം. ഒരേ ബീജത്തിൽനിന്നു ഉണ്ടാകുന്ന അലങ്കാരങ്ങൾക്കു തങ്ങളിൽ ഭേദം തോന്നുന്നതാകട്ടെ വൈചിത്ര്യവിശേഷത്താലാകുന്നു. ലൗകികാലങ്കാരങ്ങളിൽ സ്വർണ്ണം ഒന്നുതന്നെ ആകൃതിവിശേഷത്താൽ കൈവള, മോതിരം, കുണ്ഡലം എന്നു പലവകയായിത്തീരുന്നതുപോലെ എന്നു ദൃഷ്ടാന്തം. ഇതുകൊണ്ടു് അലങ്കാരം മൊത്തത്തിൽ (1) അതിശയോക്തി, (2) സാമ്യോക്തി, (3) വാസ്തവോക്തി, (4) ശ്ലേഷോക്തി എന്നു നാലുവിധമെന്നു സിദ്ധിച്ചു. ഓരോന്നിന്റെയും സ്വഭാവത്തെ മുറയ്ക്കു വിവരിക്കുന്നു:

**ചൊല്ലുള്ളതിൽ കവിഞ്ഞുള്ള-**
**തെല്ലാമതിശയോക്തിയാം;**
**തെല്ലിതിൻ സ്പർശമില്ലാതെ-**
**യില്ലലങ്കാരമൊന്നുമേ.** 4

ഉള്ളതിലധികമോ കുറച്ചോ പറയുന്നതു് 'അതിശയോക്തി'. സാമ്യാദിമൂലകങ്ങളായ മറ്റു മൂന്നുമാതിരി അലങ്കാരങ്ങളിലും ഇതിന്റെ ഒരു ബിന്ദു തൊട്ടുതേച്ചു മിനുക്കിക്കാണും. ലൗകികാലങ്കാരങ്ങൾക്കു പകിട്ടു തോന്നണമെങ്കിൽ നിറം കാച്ചേണ്ടതുപോലെ, കാവ്യാലങ്കാരങ്ങൾക്കും ഫലപ്രാപ്തിയമാനത വേണമെങ്കിൽ അതിശയോക്തിയുടെ സ്പർശം വേണമെന്നു താൽപ്പര്യം. ശുദ്ധമായ വാസ്തവം ചമൽക്കാരകാരിയാകാത്തതിനാൽ അതിശയോക്തിയുടെ ഗന്ധം മററലങ്കാരങ്ങളിലും ഗൂഢമായിട്ടെങ്കിലും കാണും; അതിനെ ഗണിക്കേണ്ടതില്ല. പ്രാധാന്യം പ്രമാണിച്ചാണു് ഇവിടെ നാലായി വിഭജിച്ചതു്.

---

കാരിക 4. ഉള്ളതിൽ കവിഞ്ഞുള്ള ചൊല്ലെല്ലാം അതിശയോക്തി ആകുന്നു എന്നു പൂർവ്വാർദ്ധം.

വർണ്ണ്യമാമൊന്നിനെ നന്നായ്
വർണ്ണിപ്പാനതുപോലിതു്
എന്നു വേറൊന്നിനെച്ചൂണ്ടി-
ച്ചൊന്നീടുന്നതു സാമ്യമാം. 5

ഒരു പ്രകൃതവസ്തുവിൻെറ ധർമ്മങ്ങളെ വർണ്ണിക്കുമ്പോൾ ആ ധർമ്മങ്ങൾക്കു പൂർത്തിയുള്ളതെന്നു പരക്കെ സമ്മതമായ ഒരു അപ്രകൃതവസ്തുവിനെ ദൃഷ്ടാന്തമായിട്ടെടുത്തുകാണിക്കുകയാകുന്നു, 'സാമ്യോക്തി'.

ഏററക്കുറച്ചിലെന്യേതാ-
നർത്ഥപുഷ്ടി വരുംവിധം
വസ്തുസ്ഥിതികളെച്ചൊല്ക
വാസ്തവോക്തിയതായതു്. 6

പ്രകടമായ അതിശയോക്തികൂടാതെ വസ്തുക്കളുടെ വാസ്തവസ്ഥിതികളെ ചൊല്ലുന്നതു് 'വാസ്തവോക്തി'.

രണ്ടു കായ്കളൊരേ ഞെട്ടി-
ലുണ്ടാകുംപോലെ ഭാഷയിൽ
ഒരേ ശബ്ദത്തിലർത്ഥം ര-
ണ്ടുരച്ചാൽ ശ്ലേഷമാമതു്. 7

ഒരേ ഞെട്ടിൽ ഇരട്ടയായിട്ടു് രണ്ടു പഴങ്ങളുണ്ടാകുന്നതുപോലെ ഒരേ ശബ്ദധാരയിൽ രണ്ടർത്ഥങ്ങൾക്കു് അനുഭവം ഉണ്ടാകുന്നതു് 'ശ്ലേഷം'.

ഇന്നാലു സാധനം ചൊന്ന-
തൊന്നൊന്നായിട്ടുതന്നെയും
ഒന്നുരണ്ടുകൾ ചേർന്നിട്ടും
നിന്നലങ്കാരമായിടും. 8

പഴയ ആലങ്കാരികന്മാർ അലങ്കാരങ്ങൾക്കു് പേരും ലക്ഷണവും കല്പിച്ചതു് ഈ നാലുപാധികളെ ആസ്പദമാക്കിക്കൊണ്ടല്ലായിരുന്നതിനാൽ ഒരേ അലങ്കാരത്തിനുതന്നെ പല അവാന്തരവിഭാഗം വരുന്നിടത്തു് ഒന്നിനു് ഒരുപാധിയും മറെറാന്നിനു് മറെറാരുപാധിയും ആയിപ്പോയി എന്നു വന്നേക്കും. എങ്ങനെയെന്നാൽ, സാരൂപ്യനിബന്ധനാപ്രസ്തുതപ്രശംസ സാമ്യോക്തിയിൽ ഉൾപ്പെട്ട അലങ്കാരമായിരിക്കെ കാര്യനിബന്ധനയും കാരണനിബന്ധനയും ആയ അപ്രസ്തുതപ്രശംസകൾ വാസ്തവോക്തിയിൽ ചേരുന്നു. അതിന്വണ്ണം അർത്ഥാന്തരന്യാസം, സഹോക്തി, സമുച്ചയം മുതലായവയ്ക്കു സാമ്യവും വാസ്തവവും ബീജമായി വരാം. ഉൽപ്രേക്ഷ സാമ്യോക്തിയിലും അതിശയോക്തിയിലും ചേരും. ശ്ലേഷം മിക്ക അലങ്കാരങ്ങൾക്കും സഹായിയായിട്ടു നില്ക്കും. ഇങ്ങനെ ഒന്നിലധികം വിഭാഗത്തിൽ ചേരുന്ന അലങ്കാരങ്ങളെ ഈ ഗ്രന്ഥത്തിൽ പ്രാധാന്യവും സൗകര്യവും നോക്കി ഏതെങ്കിലും ഒന്നിൽ ചേർത്തുകൊണ്ടു് അവയ്ക്കു വേറെ വിഭാഗത്തിലും പ്രവേശമുണ്ടെന്നു ചൂണ്ടിക്കാണിച്ചിരിക്കും.

## സാമ്യോക്തിവിഭാഗം

അതിശയോക്തി, സാമ്യോക്തി, വാസ്തവോക്തി, ശ്ലേഷോക്തി എന്നു നാലു മഹാവിഭാഗങ്ങൾ ചെയ്തതിൽ, അതിപ്രസിദ്ധാലങ്കാരങ്ങൾ അധികം സാമ്യമൂലകങ്ങളാകയാൽ 'സാമ്യോക്തി' എന്ന വിഭാഗത്തെ ആദ്യം വിവരിക്കുന്നു. അതിൽ പ്രധാനമായ അലങ്കാരം 'ഉപമ'.

## 1. ഉപമ

**ഒന്നിനൊന്നോടു സാദൃശ്യം**
**ചൊന്നാലുപമയാമതു്:**
**മന്നവേന്ദ്ര! വിളങ്ങുന്നു**
**ചന്ദ്രനെപ്പോലെ നിന്മുഖം.** 9

ഒരു വസ്തുവിനു് മറെറാന്നിനോടു ചമൽക്കാരകാരകമായ സാദൃശ്യം ചൊല്ലുന്നതു് ഉപമാലങ്കാരം. ഉത്തരാൎദ്ധം ഉദാഹരണം. ഇവിടെ മുഖത്തിനു് 'വിളങ്ങുക' എന്ന ക്രിയകൊണ്ടു് ചന്ദ്രനോടു സാമ്യം പറയപ്പെട്ടിരിക്കുന്നു. അങ്ങനെ ചെയ്യുന്നതിൽ ചമൽക്കാരവും ഉണ്ടു്. അതിനാൽ ഇതു് ഉപമാലങ്കാരമായി. ഉപമ ചെയ്യുന്നതിൽ നാലെണ്ണങ്ങൾ ആവശ്യപ്പെടുന്നു:

(1) ഏതിനെ മറെറാന്നിനോടു് ഉപമിക്കുന്നുവോ അതു് 'ഉപമേയം'; (2) ഉപമേയം ഏതിനോടു തുല്യമെന്നു പറയപ്പെടുന്നുവോ അതു് 'ഉപമാനം'; (3) ഉപമാനോപമേയങ്ങൾ രണ്ടിലും തുല്യമായിരിക്കുന്ന ധൎമ്മം 'സാധാരണധൎമ്മം'; (4) സാദൃശ്യത്തെക്കുറിക്കുന്ന ശബ്ദം 'ഉപമാവാചകം'.

പ്രകൃതോദാഹരണത്തിൽ 'മുഖം' ഉപമേയം; 'ചന്ദ്രൻ' ഉപമാനം; 'വിളങ്ങുക' സാധാരണധൎമ്മം; 'പോലെ' ഉപമാവാചകം. ഇവ നാലും തികഞ്ഞിട്ടുള്ള ഉപമയ്ക്കു് 'പൂൎണ്ണോപമ' എന്നു പേർ. വേറെ ഉദാഹരണം:

1. ദൈത്യൻ മത്തൻ നിൻവരത്താ-
ലൊരുത്തൻ താരകാഭിധൻ
ജഗത്തിന്നു വിപത്തിന്നായ്
ജനിച്ചാൻ ധൂമകേതുപോൽ. —കുമാരസംഭവം

ഇതിൽ താരകാസുരൻ 'ജഗത്തിന്നു വിപത്തിന്നായിത്തീരുക' എന്ന ധൎമ്മം പുരസ്കരിച്ചു് ധൂമകേതുവിനോടു് ഉപമിക്കപ്പെട്ടിരിക്കുന്നു.

സാധാരണധൎമ്മം ചിലെടത്തു് 'ബിംബപ്രതിബിംബഭാവം'കൊണ്ടും ചിലെടത്തു് 'വസ്തുപ്രതിവസ്തുഭാവം'കൊണ്ടും മററു ചിലെടത്തു് 'ശ്ലേഷം'കൊണ്ടും സാധിക്കേണ്ടതായിരിക്കും. ബിംബപ്രതിബിംബഭാവത്തിനു ലക്ഷണം:

**വൎണ്ണ്യാവൎണ്ണ്യങ്ങൾതൻ ധൎമ്മ-**
**മുണ്മയിൽ ഭിന്നമെങ്കിലും**
**ബിംബത്തിൻ പ്രതിബിംബംപോ-**
**ലൊന്നുതാനെന്നു സാമ്യതഃ**
**സങ്കല്പിപ്പതുതാൻ ബിംബ-**
**പ്രതിബിംബത്വമായതു്.** 10

വൎണ്ണ്യാവൎണ്ണ്യങ്ങൾ ഉപമാനോപമേയങ്ങൾ. അവയ്ക്കുള്ള ധൎമ്മങ്ങൾ വാസ്തവത്തിൽ വേറെയായിരുന്നാലും സാദൃശ്യാതിരേകത്താൽ ഒരു വസ്തുവിന്റെ വാസ്തവശരീരവും പ്രതിഫലിച്ച ശരീരവുംപോലെ ഭിന്നമല്ലെന്നുള്ള സങ്കല്പത്തിൽ രണ്ടാക്കി കാണിക്കുകയാകുന്നു ബിംബപ്രതിബിംബഭാവം. ഉദാഹരണം:

2. വിവാഹദീക്ഷാകലശം കഴിഞ്ഞുടൻ
വെളുത്ത പൂഞ്ചേല ധരിച്ച കന്യക;
നിലയ്ക്കവേ മാരികളൂഴിദേവിയാം
നിരന്തരം പൂത്തിടുമാററുദൎഭപോൽ. —കുമാരസംഭവം

ഇവിടെ ദീക്ഷാകലശം കഴിഞ്ഞു് പൂഞ്ചേല ധരിച്ച പാൎവ്വതിയെ മാരി നിലച്ച ഉടനെ പൂത്തിരിക്കുന്ന ആററുദൎഭകളോടുകൂടിയ ഊഴിദേവിയോടു് ഉപമിച്ചിരിക്കുന്നു. ഇതിൽ ഉപമേയമായ പാൎവ്വതിക്കും, ഉപമാനമായ ഊഴിദേവിക്കും ധൎമ്മങ്ങൾ ഭിന്നങ്ങളാകുന്നു; എന്നാൽ ദീക്ഷാസ്നാനാനന്തരകൃതമായ പൂഞ്ചേലധാർ

ണമാകുന്ന ഉപമേയധമ്മവും, വഷാനന്തരജാതമായ കാശപുഷ്പധാരണവും അത്യന്ത സാമ്യത്തിൽ ഭിന്നമല്ലെന്നു് സങ്കല്പിക്കപ്പെട്ടിരിക്കുന്നു.

വസ്തുപ്രതിവസ്തുഭാവമെന്നതു് സാദൃശ്യത്താലുള്ള അഭേദവിവക്ഷ കൂടാതെ ഉപമാനത്തിൻെറ അവസ്ഥകാംക്കു് എതിരായി ഉപമേയത്തിനും അവസ്ഥകളെ കല്പിക്കുകയാകുന്നു. ഉദാഹരണം:

3. പാടേ നാളംപിരിഞ്ഞുള്ളൊരു സരസിജമൊക്കുന്ന മുഗ്ദ്ധാനനത്തെ
കൂടെക്കൂടെത്തിരിച്ചുഗ്ഗതിയതിലുമഹോ! ദക്ഷയാം പക്ഷ്മളാക്ഷി
ബാഢം പീയൂഷവും വൻവിഷവുമധികമായു് തേച്ചെട്ടത്താക്കടാക്ഷം
ഗാഢം മന്മാനസത്തിൽ കഠിനമിഹ കുഴിച്ചിട്ടതിന്മട്ടിലാക്കീ.

—മാലതീമാധവം

ഇവിടെ മാലതീമുഖത്തെ താമരയോടു് ഉപമിക്കുന്നതിൽ 'തണ്ടു് പിരിഞ്ഞിരിക്കുന്നു' എന്നുള്ള ഉപമാനാവസ്ഥയുടെ സ്ഥാനത്തു് 'കഴുത്തു തിരിച്ചിരിക്കുന്നു' എന്ന അവസ്ഥ ഉപമേയത്തിലും നിബന്ധിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, ഇതിൽ കഴുത്തിനും തണ്ടിനും തമ്മിൽ ബിംബപ്രതിബിംബഭാവവുംകൂടി ഉണ്ടു്. ശുദ്ധമായ വസ്തുപ്രതിവസ്തുഭാവത്തിനു് വേറെ ഉദാഹരണം:

4. വിമലപ്രഭയോലേറെ-
ക്കോമളം തന്വി! നിൻ മുഖം
ശ്യാമലക്ഷ്മവിനിർമുക്ത-
സോമബിംബസമാനമാം. —സ്വ.

ഇവിടെ വിമലപ്രഭകൊണ്ടുള്ള കോമളത്വത്തിനും, ശ്യാമലക്ഷ്മവിനിർമുക്തത്വത്തിനും വസ്തുപ്രതിവസ്തുഭാവം മാത്രമേ ഉള്ളു.

വാസ്തവത്തിൽ ഉപമാനപക്ഷത്തിലും ഉപമേയപക്ഷത്തിലും അത്ഥം രണ്ടാണെങ്കിലും, രണ്ടിനെയും പറയുന്ന ശബ്ദം ഒന്നാകയാൽ രണ്ടും ഒന്നുതന്നെ എന്നു കല്പിക്കുകയാകുന്നു ശ്ലേഷം. ഉദാഹരണം:

5. പ്രാത്ഥിച്ചാൽ പദമേകമെങ്കിലുമഹോ! മുന്നോട്ടെടുക്കാ ദൃഢം,
ക്രോധിച്ചാൽ വിറയാന്നിടും പുനരുടൻ വൈവണ്ണ്യവും കാട്ടിടും
കൂട്ടാക്കാതെ പിടിച്ചിഴച്ചിടുകിലോ സ്തംഭം പിടിച്ചീടുമേ
കഷ്ടം! മൂഢനു വാണിയാര്യസഭയിൽ കേഴും നവോഢാസമം. —സ്വ.

ഇവിടെ വാണിക്കു നവോഢയായ സ്ത്രീയോടുള്ള ഉപമയിൽ വസ്തുതോഭിന്നങ്ങളായ ധമ്മങ്ങാം ഒരേ പദങ്ങളാൽ പ്രതിപാദിക്കപ്പെടുന്നവയാകയാൽ അഭിന്നങ്ങളായി ഗണിക്കപ്പെട്ടിരിക്കുന്നു. എങ്ങനെ? വാണി, പ്രാത്ഥിച്ചാൽ പദം മുന്നോട്ടെടുക്കാതിരിക്കുന്നതു്, എത്ര മനസ്സിരുത്തി നോക്കിയാലും ശബ്ദം വെളിയിലേക്കു പുറപ്പെടാതിരിക്കുകയാകുന്നു; നവോഢയാകട്ടെ, വിളിച്ചാലൊരടി പോലും അടുത്തുവരാതിരിക്കുകയാകുന്നു. വിറയാന്നിടുക എന്നതു് രണ്ടിനും തുല്യം തന്നെ. വാണിക്കു വൈവണ്ണ്യം വണ്ണങ്ങളാകുന്ന അക്ഷരങ്ങാംക്കുള്ള വികാരമാകുന്നു; നവോഢയ്ക്കാകട്ടെ, നിറം പകരുകയാണു്. വാണി സ്തംഭം പിടിക്കുക എന്നതു് സ്തംഭിച്ചുനിന്നുപോവുക; നവോഢ തൂണിൽ കെട്ടിപ്പിടിക്കുകയും.

ഉപമയ്ക്കു പലമാതിരിയിൽ വകഭേദങ്ങളുണ്ടാവും; അതിൽ പ്രധാനപ്പെട്ടവയെ ഇവിടെ വിവരിക്കാം:

---

പദ്യം 3. മാധവൻെറ അനുസ്മരണം. ഉത്സവസ്ഥലത്തു് മുമ്പോട്ടു നടന്നു നീങ്ങുന്ന ആനയുടെ പുറത്തിരുന്നു മാലതി മാധവനെ കണ്ടു. കണ്ണു മറയുന്നതുവരെ അവാം അവനെ തിരിഞ്ഞുതിരിഞ്ഞു നോക്കി. ദക്ഷ = സമത്ഥ. പക്ഷ്മളാക്ഷി = സുന്ദരി.

പദ്യം 4. നായികാമുഖവണ്ണന. ശ്യാമ...മുക്തം = കറുത്ത പാടു മാഞ്ഞുപോയ.

...INSTITUTE OF ADVANCED STUD...
Acc. No. 80770
Date 11.9.75

## (i) ലുപ്തോപമകൾ

ഉപമാനോപമേയോപമാവാചകസാധാരണധർമ്മങ്ങൾ നാലും തികഞ്ഞുള്ളതു് 'പൂർണ്ണോപമ' എന്നു മുൻപുതന്നെ പ്രസ്താവിച്ചുവല്ലോ. ഇവയിൽ ചിലതിനു ലോപംവന്നാലും വിരോധമില്ല; അങ്ങനെയുള്ള ഉപമയ്ക്കു് 'ലുപ്തോപമ' എന്നുപേർ.

**ധർമ്മോപമാനോപമേയ-**
**വാചകങ്ങളിലൊന്നിനോ,**
**രണ്ടിനോ മൂന്നിനോ ലോപം**
**വന്നാലുപമലുപ്തയാം.** 11

1. വാചകലുപ്ത, 2. ഉപമാനലുപ്ത, 3. ധർമ്മലുപ്ത, 4. ധർമ്മോപമാനലുപ്ത, 5. ധർമ്മവാചകലുപ്ത, 6. ധർമ്മോപമാനവാചകലുപ്ത—ഇങ്ങനെ ആറുവിധത്തിൽ ലുപ്തോപമകൾ സംഭവിക്കും. ഉപമേയലുപ്തകൾ സംസ്കൃതത്തിലുണ്ടു്. ഉദാഹരണം:

6. (1) ഉർവ്വശീലളിതയാമിവൾക്കു (2) സമയില്ല സുന്ദരി ജഗത്ത്രയേ
(3) ശർവ്വരീശസദൃശാസ്യയാൾക്കു (4) ശരിയായൊരുത്തിയിഹ നാസ്തിയാം
(5) പല്ലവാധരി മനോഹരാംഗിയിവൾ (6) പേടമാൻമിഴി പടുത്വമോ—
ട്ടുല്ലസിച്ചൊരുവിലാസഭംഗിയതുകൊണ്ടു (7) മന്മഥവധൂയതി.—സ്വ.

ഇതിൽ (1) വാചകലുപ്ത: 'ഇവൾ' ഉപമേയം; ഉർവശി ഉപമാനം, ലളിതത്വം ധർമ്മം; വാചകത്തെക്കുറിക്കുന്നതിനു ശബ്ദമില്ല; അതു് സമാസത്താലുണ്ടാകുന്നു. (2) ഉപമാനലുപ്ത: 'ഇവൾ' ഉപമേയം; 'സൗന്ദര്യം' ധർമ്മം; 'സമ' വാചകം; ഉപമാനം ശൂന്യം. (3) ധർമ്മലുപ്ത: 'ആസ്യം' ഉപമേയം; 'ശർവ്വരീശൻ' ഉപമാനം; 'സദൃശം' വാചകം; സൗന്ദര്യം എന്ന ധർമ്മം സ്പഷ്ടമാകയാൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. (4) ധർമ്മോപമാനലുപ്ത: 'ഇവൾ' ഉപമേയം; 'ശരി' വാചകം. (5) ധർമ്മവാചകലുപ്ത: 'അധരം' ഉപമേയം; 'പല്ലവം' ഉപമാനം; ശേഷമില്ല. (6) ധർമ്മോപമാനവാചകലുപ്ത: ഇതിൽ പേടമാനിന്റെ മിഴിപോലെ മനോഹരമായ മിഴി ഉള്ളവൾ എന്നു പറയേണ്ടതിൽ ഉപമാനമായ പേടമാനിന്റെ മിഴിയും, മനോഹരമെന്ന ധർമ്മവും, പോലെ എന്ന വാചകവും ലോപിച്ചിരിക്കുന്നു.

ഈ ആറുവക ലുപ്തകളേ മലയാളത്തിൽ സംഭവിക്കൂ. 'ഉപമേയലുപ്ത', 'ധർമ്മോപമേയലുപ്ത' എന്നു് ഉപമേയലോപമുള്ള രണ്ടു വകഭേദങ്ങൾകൂടി സംസ്കൃതത്തിലുണ്ടാവും. അതിനുദാഹരണം 'മന്മഥവധൂയതി' എന്നു്. ഇവിടെ ആത്മാവിനെ മന്മഥവധുവിനെപ്പോലെ ആചരിക്കുന്നു എന്നുള്ള വിഗ്രഹത്തിൽ ആത്മാവാകുന്ന ഉപമേയത്തിനു് ലോപം; 'യ' എന്നു് കേൾക്കുന്ന പ്രത്യയം വാചകം; 'മന്മഥവധൂ' ഉപമാനം; വിലാസഭംഗി ധർമ്മം; ആ ധർമ്മത്തെ പറയാതിരുന്നാൽ ഇതുതന്നെ ധർമ്മോപമേയലുപ്തയും ആകും.

## (ii) മാലോപമ

ഒരുപമേയത്തെത്തന്നെ പല ഉപമാനങ്ങളോടു് ഉപമിക്കുന്നതു് 'മാലോപമ'. ഉദാഹരണം:

7. കാർകൊണ്ടു മിണ്ടാത്തൊരു കൊണ്ടൽപോലെ
കല്ലോലമില്ലാതെഴുമാഴിപോലെ
കാറ്റിൽപ്പെടാദ്ദീപവുമെന്നപോലെ
നിഷ്പന്ദമായ് പ്രാണനടക്കിവെച്ചും. —കു. സം.

ഇതിൽ പ്രാണായാമസ്ഥിതനായ ദക്ഷിണാമൂർത്തിക്കു് മൂന്നു് ഉപമാനങ്ങൾ നിബന്ധിക്കപ്പെട്ടിരിക്കുന്നു.

---

പദ്യം 7. ശിവന്റെ തപഃസ്ഥിതി വർണ്ണ്യം: കാർകൊണ്ടുമിണ്ടാത്ത=പെയ്യാറായിട്ടും ഇടി കടുങ്ങാത്ത.

## (iii) രശനോപമ

പൂർവ്വോപമയിലെ ഉപമാനത്തെ ഉത്തരോപമയിൽ ഉപമേയമാക്കി അനേകം ഉപമകളെ മെടഞ്ഞുകോർത്തുപോലെ നിബന്ധിച്ചാൽ 'രശനോപമ'. ഉദാ:

8. മൊഴിയധരംപോൽ മധുരം
മൊഴിപോലത്യച്ഛവർണ്ണമാം മേനി
മിഴി മേനിപോലതിരതി;
മിഴിപോലത്യന്തദുസ്സഹം വിരഹം. —സ്വ.

## (iv) സാവയവോപമ

ഉപമാനോപമേയങ്ങൾക്ക് അവയവം കല്പിച്ച് പ്രത്യേകം ഉപമിച്ചാൽ 'സാവയവോപമ'. ഉദാഹരണം:

9. തളിരുപോലധരം സുമനോഹരം
ലളിതശാഖകൾപോലെ ഭുജദ്വയം
കിളിമൊഴിക്കു തനൗ കുസുമോപമം
മിളിതമുജ്ജ്വലമാം നവയൗവനം. —ഭാഷാശാകുന്തളം

ഇവിടെ ശകുന്തളയെ ലതയോട് ഉപമിക്കുന്നതിൽ ഓരോ അവയവത്തിനും ഉപമ ചെയ്യപ്പെട്ടിരിക്കുന്നു.

ഉപമാബീജമായ സാദൃശ്യാർത്ഥത്തെ കവികൾ പലവിധമായി സമ്പാദിക്കാറുണ്ട്. മാർഗ്ഗപ്രദർശനത്തിനായി അതിൽ പ്രധാനങ്ങളെ കാണിക്കുന്നു.

**സമം സമാനം സദൃശം**
**തുല്യം പോൽ പോലെയെന്നപോൽ.** 12
**ഒപ്പം നിഭം സന്നിഭം ച**
**കല്പം ദേശ്യമിവാദികൾ**
**വിരോധി ബന്ധു ചങ്ങാതി**
**സജാതീയം സഹോദരം.** 13
**എതിരന്യൂനമധികം**
**പ്രതിപക്ഷം സപക്ഷവും**
**പൊരുന്നു പടവെട്ടുന്നു**
**നിന്ദിക്കുന്നു ഹസിച്ചിടും.** 14
**സ്പർദ്ധിക്കുന്നു ജയിക്കുന്നു**
**ദ്രോഹിക്കുന്നു സഹിച്ചിടാ**
**അതിന്റെ ശോഭ നേടുന്നു**
**അതിൻകാന്തി ഹരിച്ചിടും.** 15
**അതിൻസ്ഥാനത്തിനുചിതം**
**അതിനാൽ കമ്പിടപ്പെടും**
**ഉപമാർത്ഥങ്ങളുണ്ടാകു-**
**മിങ്ങനെ പല ഭംഗിയിൽ.** 16

---

പദ്യം 8. വിരഹിവാക്യം: അത്യച്ഛവർണ്ണം—മൊഴിപക്ഷത്തിൽ ശുദ്ധവർണ്ണോച്ചാരണങ്ങളുള്ളത്; മേനിപക്ഷത്തിൽ നല്ല നിറം. അതിരതി—മിഴിപക്ഷത്തിൽ അധികം താൽപ്പര്യം ജനിപ്പിക്കുന്നത്; മേനിപക്ഷത്തിൽ രതിയെ അതിശയിക്കുന്നത്.

കാരിക 13. കല്പം, ദേശ്യം ഇവ ആദികൾ എന്നു പദച്ഛേദം. ഇവ തുടങ്ങിയ സംസ്കൃതവാക്കുകളും വാചകപദമായി വരും എന്നർത്ഥം.

ഇവയിൽ ഏതാനും ചിലതിനു് ഉദാഹരണങ്ങൾ:

10. കുംഭികലോത്തമൻ തുമ്പിക്കരംകൊണ്ടു
കമ്പിട്ടു കൂപ്പീടുമൂരുകാണ്ഡങ്ങളും
കുംഭീന്ദ്രമസ്തകസന്നിഭജാനുവു-
മംഭോജബാണനിഷംഗാഭജംഘയും. —അദ്ധ്യാത്മരാമായണം

11. വൻതെന്നലേററുലയുമുൽപ്പലനൽപ്രസൂന-
ച്ചാഞ്ചാട്ടമോടു പടവെട്ടുമധീരനോട്ടം
മാൻപേടയോടു ഗിരികന്യകതാൻ ഗ്രഹിച്ചോ?
മാൻപേടതന്നെ ഗിരികന്യയൊടഭ്യസിച്ചോ? —ക. സം.

അതിനെ ജയിച്ചതു്, ഹസിക്കുന്നതു്, അതിനോടു പൊരുന്നതു് ഇത്യാദികളിൽ സാദൃശ്യാർത്ഥം വാച്യമല്ലാത്തതിനാൽ ലക്ഷണകൊണ്ടു സാധിക്കേണ്ടിയിരിക്കുന്നതുകൊണ്ടു് ഈമാതിരി ഉപമയ്ക്കു് 'ലക്ഷിതോപമ' എന്നു പേർ കൊടുക്കാം.*

## 2. അനന്വയം

**തന്നോടു സമമായ് താൻതാ-**
**നെന്നു ചൊന്നാലനന്വയം**
**ഇന്ദുവിന്ദുവിനോടൊപ്പം**
**സുന്ദരാകൃതി ഭാസുരൻ.** 17

വേറെ ഒരു സദൃശവസ്തു ഇല്ലെന്നു കാണിപ്പാൻവേണ്ടി ഒരു വസ്തുവിനെ അതിനോടുതന്നെ ഉപമിക്കുന്നതു് 'അനന്വയം'. തന്നോടു തനിക്കു് സാദൃശ്യം അന്വയിക്കാത്തതാകയാൽ 'അനന്വയം' എന്ന പേർ അന്വർത്ഥമാകുന്നു. ചന്ദ്രനെപ്പോലെ സൗന്ദര്യമുള്ള ഒരു വസ്തു വേണമെങ്കിൽ ചന്ദ്രൻതന്നെയേ ഉള്ളൂ എന്നു പറയുന്നതിനാൽ ചന്ദ്രനു് സൗന്ദര്യോൽക്കർഷം ഫലിക്കുന്നു. വേറെ ഉദാഹരണം:

12. ഗഗനം ഗഗനം പോലെ
സാഗരം സാഗരോപമം
ശ്രീമൂലകനൃപനൊപ്പം
ശ്രീമൂലകനൃപാലകൻ. —സ്വ.

ആദ്യത്തെ ഉദാഹരണത്തിൽ സൗന്ദര്യം എന്ന സാധാരണധർമ്മം പറയപ്പെട്ടിരിക്കുന്നു; ഇതിൽ വൈപുല്യം മുതലായ സാധാരണധർമ്മങ്ങൾ ഊഹ്യങ്ങളായിരിക്കുന്നുവെന്നു ഭേദം.

## 3. ഉപമേയോപമ

**ഉപമിക്കുന്നതന്യോന്യ-**
**മുപമേയോപമാഖ്യമാം;**
**വിപുലാ കൃപപോൽ കീർത്തി**
**നൃപ! തേ കീർത്തിപോൽ കൃപ.** 18

ഉപമേയത്തെ ഉപമാനത്തോടു് ഉപമിച്ചതിന്റെ ശേഷം മറിച്ചു് ഉപമാനത്തെ ഉപമേയത്തോടും ഉപമിക്കുന്നതു് 'ഉപമേയോപമ' എന്ന പേരായ അലങ്കാരം; ഉപമേയത്തിനോടും ഉപമിക്കുക എന്ന പേരിനു് അർത്ഥസാംഗത്യം. സാദൃശ്യ

---

പദ്യം 10. ഊരു=തുട. ജാനു=മുട്ടു്. നിഷംഗം=ആവനാഴി. ജംഘ=മുഴംകാൽ.

* 38-ാം കാരികയുടെ വൃത്തി അവസാനം നോക്കുക.

സമ്പാദകമായ ധർമ്മം ഒന്നായിരിക്കെ ഉപമേയത്തെ ഉപമാനത്തോട് ഉപമിച്ചാൽ ഉപമാനത്തിന് ഉപമേയത്തോടും ഉപമ സിദ്ധമാകുന്നു. അതിനെ വിശേഷിപ്പിച്ചെടുത്തു പറയുന്നതു് ഇവരണ്ടു സാദൃശ്യം സംഭവിക്കയാണെങ്കിൽ അന്യോന്യം തന്നെ അല്ലാതെ മൂന്നാമതൊന്നിനോടില്ലെന്നു കാണിക്കുന്നതിൽ പര്യവസാനിക്കുന്നു. വൈപുല്യവിഷയത്തിൽ നൃപന്റെ കീർത്തിക്കു തുല്യമായിട്ട് അദ്ദേഹത്തിന്റെ കൃപ ഒന്നല്ലാതെ മൂന്നാമതൊന്നില്ലെന്നു കൃപാകീർത്തികൾ രണ്ടിനും ഉൽക്കർഷം സിദ്ധിക്കുന്നു. വേറെ ഉദാഹരണം:

13. കരിയിതു ഗിരിയെപ്പോലെ
ഗിരിയിക്കരിയെന്നപോലെയത്യുച്ചൻ
അരിവീക്കു മദാംബു സമം,
ചൊരിയുന്നു മദാംബുപോലരിവീ. —സ്വ.

പൂർവ്വോദാഹരണത്തിൽ രാജാവു് വർണ്ണനീയനാകയാൽ അദ്ദേഹത്തിന്റെ കൃപാകീർത്തികൾ രണ്ടും പ്രകൃതംതന്നെ. ഉത്തരോദാഹരണത്തിൽ 'കരിയിതു' എന്നും, 'ഇക്കരി' എന്നും പറകയാൽ ആന പ്രകൃതവും പർവ്വതം അപ്രകൃതവും ആകുന്നു.

## 4. പ്രതീപം

**ഉപമാനോപമേയത്വം**
**മറിച്ചിട്ടാൽ പ്രതീപമാം**
**നെന്മേനിവാകതൻപുഷ്പം**
**നിന്മേനിക്കൊപ്പമാം പ്രിയേ!** 19

പ്രസിദ്ധമായ ഉപമാനത്തെ ഉപമേയമാക്കി ഉപമിക്കുക പ്രതീപാലങ്കാരം. പ്രതീപം=വിപരീതം എന്നു ശബ്ദാർത്ഥം. പ്രായേണ ഉപമിക്കുന്നതെല്ലാം ഗുണാധിക്യമുള്ള വസ്തുവിനോടാകുന്നു. അതിനു് വൈപരീത്യം ചെയ്യുമ്പോൾ ഉപമേയത്തിനു് ഉപമാനത്തെക്കാൾ വൈശിഷ്ട്യം സിദ്ധിക്കുന്നു. വേറെ ഉദാഹരണം:

14. നിൻനേത്രത്തിനു തുല്യമാം കുവലയം വെള്ളത്തിനുള്ളത്തിലായ്,
നിന്നാസ്യപ്രഭതേടുമമ്പിളിയൊളിക്കപ്പെട്ടു കാർകൊണ്ടലാൽ;
അന്നത്തന്വികൾ നിന്നൊടൊത്ത നടയുള്ളോരങ്ങു മണ്ടീടിനാർ;
നിന്നൗപമ്യവുമിന്നു കാണ്മതു പൊറുക്കുന്നില്ലഹോ! ദുർവ്വിധി. —സ്വ.

**ഉപമാനം വ്യർത്ഥമെന്നു**
**കഥിച്ചാലും പ്രതീപമാം;**
**വമ്പിക്കുന്നെന്തിനിസ്സൂര്യൻ**
**നിൻ പ്രതാപം തപിക്കവേ.** 20

ഉപമേയംകൊണ്ടുതന്നെ ഉപമാനത്തിന്റെ പ്രയോജനമെല്ലാം സിദ്ധിക്കുന്ന സ്ഥിതിക്കു് ഉപമാനം വ്യർത്ഥംതന്നെ എന്നു ചൊല്ലുന്നതും 'പ്രതീപം'തന്നെ. വേറെ ഉദാഹരണം:

15. തവ കീർത്തിയും ദ്യുതിയുമുള്ളപോതു പി-
ന്നിവരെന്തിനെന്നു കരുതുമ്പൊഴൊക്കവേ
പരിവേഷമെന്നൊരു മിഷേണ കുണ്ഡലം
പരിചോടിടുന്നു വിധി ചന്ദ്രസൂര്യരിൽ. —സ്വ.

ഇവിടെ വർണ്ണനീയനായ രാജാവിന്റെ കീർത്തിയുള്ള സ്ഥിതിക്കു് ചന്ദ്രനും,

---

പദ്യം 14. വർഷാഗമത്തിൽ വിരഹിവാക്യം. ഇടികുടുക്കം കേൾക്കുമ്പോൾ അരയന്നങ്ങൾ സ്വർഗ്ഗത്തിലേക്കു തിരിച്ചുപോകുമെന്നു കവിപ്രസിദ്ധി. പ്രതീപം ആദ്യത്തെ മൂന്നു പാദങ്ങളിൽ മാത്രം.

പ്രതാപമുള്ള സ്ഥിതിക്കു് സൂര്യനും നിഷ്ഫലമാണെന്നു് ബ്രഹ്മാവു വിചാരിക്കുന്നതായി നിബന്ധിക്കപ്പെട്ടിരിക്കുന്നു. ചന്ദ്രസൂര്യന്മാർക്കു് ചില സമയം പരിവേഷം കാണുന്നതു് ഈ വിചാരം വരുമ്പോൾ ബ്രഹ്മാവു് അവരെ ചുററി വരയ്ക്കുന്ന കുണ്ഡലരേഖ എന്നു് കല്പിക്കപ്പെട്ടിരിക്കുന്നു. പണ്ടു് ഗ്രന്ഥമെഴുത്തുകാർ വീഴക്ഷരങ്ങളെ വെട്ടുന്നതിനു് അതിനെ ചുററി ഒരു വട്ടം ഇട്ടുവന്നു. അതിൻെറ മട്ടു്;

പ്ര( ദീ )തീപാ

പ്രതീപം അല്പാല്പവൈചിത്ര്യഭേദത്താൽ ഇനിയും പലമാതിരിയിൽ വരാം; എന്നാൽ അതെല്ലാം ആദ്യം പറഞ്ഞ ലക്ഷണത്തിൽ ഉൾപ്പെടുന്നതാകയാൽ വേറെ ലക്ഷണം ഇവിടെ ചെയ്യപ്പെടുന്നില്ല.

അനന്വയം, ഉപമേയോപമ, പ്രതീപം ഈ മൂന്നും ഉപമയുടെതന്നെ വകഭേദങ്ങളെന്നു് ചില ആലങ്കാരികന്മാർ അഭിപ്രായപ്പെടുന്നു.

## 5. രൂപകം

**അവർണ്ണ്യത്തോടു വർണ്ണ്യത്തി-**
**ന്നഭേദം ചൊൽക രൂപകം;**
**സംസാരമാം സാഗരത്തി-**
**ലംസാന്തം മുങ്ങൊലാ സഖേ!** 21

ഉപമാനവും ഉപമേയവും രണ്ടു വസ്തുക്കളല്ല ഒന്നുതന്നെ എന്നു് അഭേദം കല്പിച്ചു് ഉപമാനധർമ്മത്തെ എടുത്തു് ഉപമേയത്തിൽ വയ്ക്കുന്നതു് 'രൂപകം'. ഒന്നിൻെറ രൂപം മററൊന്നിനു കൊടുക്കുന്നതു് എന്നു് രൂപകശബ്ദത്തിനു് അർത്ഥയോജന. ഉപമയിൽ ഉപമാനമെന്നും ഉപമേയമെന്നും രണ്ടായിട്ടു് കാണപ്പെടുന്ന വസ്തുക്കളിൽ ഉള്ള ഭേദബുദ്ധിയെ ഉപേക്ഷിച്ചാൽ അതു രൂപകമാവും. രൂപകം ഉപമേയമാകുന്ന ഭിത്തിയിൽ ഉപമാനത്തിൻെറ ചിത്രമെഴുതുന്നുവെന്നു പറയാം. ഉദാഹരണത്തിൽ, പല ധർമ്മങ്ങളെക്കൊണ്ടുള്ള സാദൃശ്യം പ്രമാണിച്ചു്, സംസാരം എന്നു പറയുന്നതു് ഒരു സാഗരംതന്നെ എന്നു് അഭേദം കല്പിക്കപ്പെട്ടിരിക്കുന്നു. സാഗരത്തിലെന്നപോലെ സംസാരത്തിൽ മുങ്ങൊലാ എന്നു പറഞ്ഞാൽ ഇതുതന്നെ ഉപമയാകും. വേറെ ഉദാഹരണം:

16. താരിൽത്തന്വീകടാക്ഷാഞ്ചലമധുപകുലാരാമ! രാമാജനാനാം
നീരിൽത്താർബാണ! വൈരാകരനികരതമോമണ്ഡലീചണ്ഡഭാനോ!
നേരെത്താതോരു നീയാംതൊട്ടുകുറി കളയാല്ലെന്നുമേഷാ കളിക്കും-
നേരത്തിന്നിപ്പുറം വിക്രമനൃവര! ധരാ ഹന്ത! കല്പാന്തതോയേ.

—പുനംനമ്പൂതിരി

---

പദ്യം 16. രാജസ്തുതി. 'വിക്രമനൃവര! ഏഷാ ധരാ കല്പാന്തതോയേ കളിക്കുന്നേരത്തിന്നിപ്പുറം എന്നും നീയാം തൊട്ടുകുറി ഹന്ത! കളയാല്ല' എന്നു് ഉത്തരാർദ്ധത്തിൽ അന്വയം. പൂർവ്വാർദ്ധം വിക്രമനൃവരൻെറ വിശേഷണങ്ങൾ—സംബോധനകൾ. ഏഷാ ധരാ=ഈ ഭൂമി. താരിൽത്തന്വി=ലക്ഷ്മീദേവി. താരിൽ...ലാരാമൻ=ലക്ഷ്മീദേവിയുടെ കടക്കൺമുനയാകുന്ന വണ്ടിൻകൂട്ടത്തിനു് ആരാമമായിട്ടുള്ളവൻ. രാമാജനം=സ്ത്രീകൾ. നീരിൽത്താർബാണൻ=കാമദേവൻ. വൈരാകരൻ=(വൈരത്തിനു് ആകാരമായവൻ) ശത്രു. നികരം=കൂട്ടം. ചണ്ഡഭാനു=ഉഗ്രകിരണങ്ങൾ പൊഴിക്കുന്ന സൂര്യൻ. വൈരാ...ഭാനു=ശത്രുക്കൂട്ടമാകുന്ന ഇരുട്ടിനു് ചണ്ഡഭാനു ആയിട്ടുള്ളവൻ. നേരെത്താതോരു=തുല്യതയില്ലാത്ത. (പരമ്പരിതരൂപകം നോക്കുക.) ഈ പദ്യത്തിലെ 'ഹന്ത'യ്ക്കാണു് 'അന്ത ഹന്തയ്ക്കിന്തപ്പട്ടു' കിട്ടിയതു്.

ഇവിടെ 'നീയാംതൊടുകുറി' എന്നു് രാജാവിനെ ഭൂമിയുടെ തിലകമാക്കി രൂപണംചെയ്തിരിക്കുന്നു.

(1) നിരവയവം, (2) സാവയവം, (3) പരംപരിതം എന്നു് രൂപകം മൂന്നു വിധം. ഉപമാനോപമേയങ്ങൾക്കു് അവയവവിഭാഗംചെയ്യാതെ മൊത്തത്തിൽ ഒന്നിനെ മറേറതാക്കി രൂപണംചെയ്യുന്നതു് നിരവയവം. 'സംസാരമാം സാഗരത്തിൽ' എന്നും, 'നീയാംതൊടുകുറി' എന്നും ഇവിടെ കാണിച്ചവതന്നെ നിരവയവത്തിനു് ഉദാഹരണങ്ങൾ. ഉപമയിൽ കാണിച്ചതുപോലെ അവയവങ്ങൾ കല്പിച്ചു് ഓരോന്നിനും രൂപണംചെയ്യുന്നതു് സാവയവം. അതിന്നു് ഉദാഹരണം:

17. നൽപ്പൂങ്കുലക്കൊങ്കകളുന്നി മേന്മേൽ
ചേലോട്ട ചേർത്തും നവപല്ലവോഷ്ഠം
ശാഖാഭുജം വീശി ലതാവധുക്കൾ
പുണർന്നുപോൽ വൃക്ഷമണാളരേയും. —ക. സം.

ലതകളെ സ്ത്രീകളാക്കി രൂപണംചെയ്യുന്ന ഈ ഉദാഹരണത്തിൽ എല്ലാ അവയവങ്ങൾക്കും പ്രത്യേകം രൂപണം ശബ്ദംകൊണ്ടു പറഞ്ഞിരിക്കുന്നതിനാൽ ഇതു് സമസ്തവസ്തുവിഷയമായ സാവയവരൂപകം; ഇതുതന്നെ,

18. ഭൃംഗാഞ്ജനച്ചാർത്തൊടു ചേർത്തുചാർത്തി
മുഖത്തിലോമൽത്തിലകം മധുശ്രീ
ചേലൊത്ത ചെഞ്ചായമുഴിഞ്ഞു മെല്ലെ
മിനുക്കിനാൾ മാന്തളിരാകുമോഷ്ഠം. —ക. സം.

ഇത്യാദികളിലെപ്പോലെ ഏതാൻ അവയവങ്ങളിൽ രൂപണം അർത്ഥസിദ്ധമായിരുന്നാൽ 'ഏകദേശവിവർത്തി' എന്നു പറയപ്പെടുന്നു. ഇവിടെ മധുശ്രീയാകുന്ന സ്ത്രീ എന്നു് ശബ്ദംകൊണ്ടു പറഞ്ഞിട്ടില്ല. 'തിലകം' എന്നിടത്തു തിലകം (തിലകപുഷ്പം) ആകുന്ന തിലകം (പൊട്ടു്) എന്നു് ശ്ലിഷ്ടരൂപകം.

ഒരു രൂപകത്തെ സാധിപ്പാൻവേണ്ടി വേറൊരു രൂപകം ചെയ്യുന്നതു് 'പരംപരിതം'. 'താരിൽത്തനപീകടാക്ഷാഞ്ചലമധുപകലാരാമ' എന്നും, ''വൈരാകരനികരതമോമണ്ഡലീചണ്ഡഭാനോ' എന്നും പൂർവ്വോക്തശ്ലോകത്തിൽത്തന്നെ ഇതിന്നു് ഉദാഹരണം കാൺക.

ഇച്ചൊന്ന മൂന്നുവിധം രൂപകങ്ങൾക്കും യഥാസംഭവം ഉപമയിൽ കാണിച്ചതുപോലെ ഒന്നിനെത്തന്നെ പലതായി രൂപണംചെയ്താൽ മാലാരൂപതയുണ്ടാകും. അതിൽ പരംപരിതമാലാരൂപകത്തിന്നു് 'താരിൽത്തനപീ'ത്യാദി ശ്ലോകംതന്നെ ഉദാഹരണം. ശേഷത്തിനും ഇതുപോലെ ഊഹിച്ചുകൊൾക.

**ഉൾപ്പൂമുഖാരവിന്ദാദി**
**തുച്ഛമാഭാസരൂപകം.** 22 (a)

വിശേഷചമൽക്കാരം ഒന്നും വിവക്ഷിക്കാതെ ഉൾപ്പൂ, മനക്കരുന്നു്, അടിമലർ, കാൽത്താർ, ചില്ലിക്കൊടി, അംഗയഷ്ടി, മുഖാരവിന്ദം മുതലായി കവികൾ ചിലപ്പോൾ പാദപൂരണത്തിനുവേണ്ടി ചെയ്യുന്ന രൂപകത്തിനു് 'ആഭാസരൂപകം' എന്നു പേർ.

**കാത്തിടട്ടെന്നെ നിൻ കാൽത്താ-**
**രിത്യാദി പരിണാമമാം.** 22 (b)

ഉപമാനം രൂപണംകൊണ്ടു് ഉപമേയാവസ്ഥയെ പ്രാപിച്ചു് തനിക്കു് പൂർവ്വാവസ്ഥയിൽ ദുഷ്കരമായിരുന്ന ഒരു ക്രിയയെ നടത്തുന്നതായാൽ അവിടെ ഉള്ള രൂപകത്തിനു് 'പരിണാമം' എന്നു് പേർ. കാത്തിടുന്നതിനു് സ്വയമേ അശക്ത

---

പദ്യം 18. ശിവതപോവനം വർണ്ണ്യം. അനംഗാഗമനത്തോടെ അവിടെ വസന്തവിലാസം ഉണ്ടായി. മധുശ്രീ=വസന്തശോഭ. സ്ത്രീലിംഗയോഗത്താൽ വസന്തശോഭയാകുന്ന സ്ത്രീ എന്നു വ്യഞ്ജിക്കുന്നു.

മായ താരിന്ന് നിന്റെ കാലായി പരിണമിച്ചിട്ടുള്ള അവസ്ഥയിൽ അതിലേക്ക ശേഷിയുണ്ടാകുന്നു.

പരിണാമത്തെ അലങ്കാരസർവ്വസ്വകാരാദികരം ഒരു സ്വതന്ത്രാലങ്കാരമായി സ്വീകരിക്കുന്നു: കാവ്യപ്രകാശകാരാദികളുടെ മതമനുസരിച്ച് രൂപകത്തെക്കാരം പ്രകടമായ വിച്ഛിത്തിവിശേഷമൊന്നുമില്ലാത്ത പരിണാമം ഇവിടെ രൂപക ഭേദമായിട്ടേ ഗണിക്കപ്പെടുന്നുള്ളു.

## 6. അപഹ്നുതി

സ്വധർമ്മത്തെ മറച്ചന്യ-
ധർമ്മാരോപമപഹ്നുതിഃ
തിങ്കളല്ലിതു വിൺഗംഗാ-
പങ്കജം വികസിച്ചതു്. 23

വർണ്ണ്യവസ്തുവിനെ അതല്ലെന്നു് ശബ്ദംകൊണ്ടുതന്നെയോ അർത്ഥംകൊണ്ടോ നിഷേധിച്ചിട്ട് അതിനോടു് സദൃശമായ മറെറാരു വസ്തുവാണെന്നു പറയുന്നതു് അപഹ്നുതി. ഒന്നിനെ അതല്ലെന്നു മറയ്ക്കുക എന്നു് അർത്ഥയോജന. രൂപകത്തിൽ വർണ്ണ്യത്തിനെ നിഷേധിക്ക എന്ന അംശമില്ലെന്നു ഭേദം. ഉദാഹരണത്തിൽ ആകാശഗംഗാപങ്കജത്തിന്റെ ധർമ്മത്തെ ആരോപിക്കുവാൻവേണ്ടി ചന്ദ്രനെ ചന്ദ്രനല്ലെന്നു് നിഷേധിച്ചിരിക്കുന്നു. വേറെ ഉദാഹരണം:

19. നീരന്ധ്രനീലമിതു വിണ്ടലമല്ല സിന്ധു;
താരങ്ങളല്ലിവ നരക്കഷണങ്ങളത്രേ;
അല്ലേ ശശാങ്കനിതു സങ്കുചിതൻ ഫണീന്ദ്രൻ;
അല്ലേ കളങ്കമിതു തല്പഗതൻ മുരാരി. —സ്വ.

രണ്ടുദാഹരണങ്ങളിലും നിഷേധം ശബ്ദകൃതമായിത്തന്നെ ഉണ്ടു്. അർത്ഥകൃതമായി വരുന്നതിന്നു് 'തവകീർത്തിയും ദ്യുതിയും ...' എന്നു് മുൻപ്രതീപപ്രകരണത്തിൽ കാണിച്ച ശ്ലോകം നോക്കുക. അതിൽ കുണ്ഡലമിടുന്നതു് പരിവേഷമെന്നുള്ള ഒരു വ്യാജേന ആകുന്നു എന്നു പറഞ്ഞിരിക്കുന്നു. അപ്പോരം പരിവേഷം എന്നു പറയുന്നതു് ഒരു വ്യാജമേ ഉള്ളു. വാസ്തവത്തിൽ കുണ്ഡലരേഖയാണ് എന്നു് അർത്ഥത്താൽ സിദ്ധിക്കുന്നു. ഇങ്ങനെ മിഷം, ഛലം, വ്യാജം, കൈതവം മുതലായ ശബ്ദങ്ങളെക്കൊണ്ടു ചെയ്യുന്ന അപഹ്നുതിക്കു് 'കൈതവാപഹ്നുതി' എന്നു പേർ.

20. വിഷമല്ല കാളകൂടം,
വിഷമായതു ലക്ഷ്മി; തെററു ജനബോധം;
ഹരനതു സേവിച്ചു സുഖം,
ഹരിയവളെത്തൊട്ടപോതു മൂർച്ഛിച്ചു. —സ്വ.

ഇത്യാദികളിലെപ്പോലെ പ്രകൃതവസ്തുവിൽ ആരോപിക്കാൻവേണ്ടി അപ്രകൃതവസ്തുവിന്റെ ധർമ്മനിഹ്നവം ചെയ്യുന്നതു് 'പര്യസ്താപഹ്നുതി' എന്നു് ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ അതു് വാസ്തവത്തിൽ 'പരിസംഖ്യാ'ലങ്കാരത്തിന്റെ വകഭേദമാകുന്നു. 'ഛേകാപഹ്നുതി', 'ഭ്രാന്താപഹ്നുതി' എന്നു രണ്ടു വകഭേദം കല്പിച്ചിട്ടുള്ളതു് സാമാന്യലക്ഷണത്താൽത്തന്നെ സിദ്ധിക്കുന്നവയും അധികം ഉപയോഗമില്ലാത്തവയും ആകയാൽ ഇവിടെ ഉപേക്ഷിക്കപ്പെട്ടിരിക്കു

പദ്യം 19. ശരൽക്കാലപൗർണ്ണമിയിലെ ആകാശം വർണ്ണ്യം. നീരന്ധ്രം=ഇടതിങ്ങിയ. സിന്ധു=സമുദ്രം. സങ്കുചിതൻ=ചുരുണ്ടുകിടക്കുന്നവൻ. മുരാരി=വിഷ്ണു.

പദ്യം 20. പാലാഴിമഥനസന്ദർഭം അനുസ്മരിക്കപ്പെടുന്നു. ഹരൻ കാളകൂടം സേവിച്ചിട്ടു മൂർച്ഛിച്ചില്ല; ഹരി ലക്ഷ്മിയെ തൊട്ടപ്പോരം മൂർച്ഛിച്ചു (മോഹിച്ചു). (അതുകൊണ്ടു വിഷത്തെക്കുറിച്ചുള്ള) ജനബോധം തെററു്.

ൻ. 'ഹേത്വപഹ്നുതി' എന്നു് വേറെ ഒരു പ്രകാരമുള്ളതിനു മാത്രം ലക്ഷ്യല ക്ഷണങ്ങളെ പറയുന്നു:

യുക്തിയും ചേർത്തു ചൊന്നാകി-
ലതുതാൻ ഹേത്വപഹ്നുതിഃ
ചൂടാ ചന്ദ്രൻ, വരാ രാവി-
ലർക്കൻ, ഔർവ്വനിതബ്ധിജൻ. 24

ഒന്നിനെ അതല്ലെന്നു പറഞ്ഞു് മറെറാന്നാക്കുന്നതിൽ അങ്ങനെ കല്പിക്കാനുള്ള യുക്തികൂടി കാണിച്ചാൽ 'ഹേത്വപഹ്നുതി' ആയി. വിരഹിവാക്യമായ ലക്ഷ്യത്തിൽ ചന്ദ്രനെ സമുദ്രത്തിൽനിന്നു് ഉദിച്ചുവന്ന ബഡവാഗ്നി ആക്കുന്നതിലേക്കു്, 'ഇതു ചന്ദ്രനാണെങ്കിൽ ചൂടു് യോജിക്കുകയില്ല; രാത്രിയാകയാൽ സൂര്യനാകാനും പാടില്ല' എന്നു് കാരണംകൂടി നിബന്ധിക്കപ്പെട്ടിരിക്കുന്നു. വേറെ ഉദാഹരണം:

21. പാരിച്ച മന്ഥഗിരിതന്നുടെ പാറകൊണ്ടു
കീറിച്ചമഞ്ഞ വടു കാണ്മതു വെണ്മതിക്കു്;
ചൊല്ലാവതോ നിഴൽ മൃഗം മുയലെന്നതെല്ലാം?
ചെല്ലാനവസ്ഥ വഴിയെന്തിഹ ചന്ദ്രബിംബേ? —സ്വ.

## 7. ഉൽപ്രേക്ഷ

മറെറാന്നിൻ ധർമ്മയോഗത്താ-
ലതുതാനല്ലയോ ഇതു്
എന്നു വർണ്ണ്യത്തിലാശങ്ക-
യുൽപ്രേക്ഷാഖ്യയലംകൃതി. 25

ധർമ്മി, ധർമ്മം, ഫലം ഹേതു-
വെന്നുൽപ്രേക്ഷാസ്പദത്തിനു്
ഉള്ള ഭേദങ്ങളൊപ്പിച്ചു
നാലു മാതിരിയാമതു്. 26

കോകസ്ത്രീവിരഹത്തീയിൻ-
പുകയല്ലോ തമസ്സിതു്
പുരളുന്നെന്നു തോന്നുന്നു-
ണ്ടിരുളിന്നംഗകങ്ങളിൽ. 27

കമലശ്രീ ഹരിപ്പാനോ
കരം നീട്ടുന്നു വെണ്മതി
വാരുണീസേവയാലല്ലോ
വാസരേശൻ പതിച്ചിതേ. 28

വർണ്ണ്യത്തിൽ അവർണ്ണ്യത്തിന്റെ ധർമ്മത്തിനു് ചേർച്ച കാണുകയാൽ അതു തന്നെ ആയിരിക്കാമിതു് എന്നു ബലമായി ശങ്കിക്കുക ഉൽപ്രേക്ഷാലങ്കാരമാകുന്നു. ഉൽപ്രേക്ഷിക്ക = ഊഹിക്ക എന്നു് അക്ഷരാർത്ഥം. ഉൽപ്രേക്ഷാവിഷയം ഒരു ധർമ്മിയായാൽ അതു് (a) ധർമ്മ്യുൽപ്രേക്ഷ; ധർമ്മമായാൽ (b) ധർമ്മോൽപ്രേക്ഷ. ഫലമല്ലാത്തതിനെ ഫലമാക്കിപ്പറയുന്നതു് (c) ഫലോൽപ്രേക്ഷ. അതിന്മണ്ണം അഹേതുവിനെ ഹേതുവെന്നും നിബന്ധിക്കുന്നതു് (d) ഹേതൂൽപ്രേക്ഷ. സൂര്യാസ്തമയത്തിൽ ഇരുട്ടു് സർവ്വത്ര വ്യാപിക്കുന്നു. തൽക്ഷണംതന്നെ കോകികൾ കോക

---

കാരിക 24. ഔർവ്വൻ = ബഡവാഗ്നി.

പദ്യം 21. മന്ഥഗിരി = കടകോലാക്കിയ പർവ്വതം (മന്ദരം). വടു = പാടു്.

ങ്ങളോടു വേർപെടുകയും ചെയ്യുന്നു. ഇരുട്ടിനും പുകയ്ക്കും സാമ്യമുണ്ട്. കവികൾ വിരഹതാപത്തെ അഗ്നിയാക്കി പറയാറുണ്ട്. ഇതെല്ലാംകൂടി ആലോചിച്ചിട്ട് കവി സൂൎയ്യാസ്തമയത്തോടുകൂടി വ്യാപിക്കുന്ന തമസ്സ് കോകസ്ത്രീഹൃദയങ്ങളിൽ ജ്വലിക്കുവാൻപോകുന്ന വിരഹാഗ്നിയുടെ പുകയായിരിക്കണമെന്ന് ഊഹിക്കുന്നു. തമസ്സ്, കറുപ്പു മുതലായ ഗുണങ്ങളുള്ള ഒരു വസ്തുവാകയാൽ ഇതു ധൎമ്മ്യുൽപ്രേക്ഷ. ഉപമ, വൎണ്ണ്യത്തിൽ അവൎണ്ണ്യത്തിന്റെ ഏതാനും ധൎമ്മങ്ങൾ കാണുകയാൽ ഒന്നിനെ മറ്റൊന്നിനോട് സാദൃശ്യപ്പെടുത്തുന്നതേ ഉള്ളു; ഉൽപ്രേക്ഷയാകട്ടെ, ഒരു പടികൂടി അധികം കടന്ന് അവൎണ്ണ്യം പ്രകൃതസ്ഥലത്തു വരാനുള്ള കാരണങ്ങളെക്കൂടി കാണിച്ച് ആ അവൎണ്ണ്യംതന്നെ ആയിരിക്കയില്ലയോ വൎണ്ണ്യം എന്ന് ബലമായി ശങ്കിക്കുന്നു. ഇരുട്ടിനെ വെറും പുകയോട് സാദൃശ്യപ്പെടുത്തിയാൽ ഉപമ; കോകസ്ത്രീവിരഹത്തീയാക്കി ശങ്കിച്ചാൽ ധൎമ്മ്യുൽപ്രേക്ഷ; അന്യധൎമ്മത്തെ ശങ്കിക്കയല്ലാതെ ആരോപിക്കായ്കയാൽ ഇതു് രൂപകത്തിൽനിന്നും ഭേദിക്കുന്നു.

ഇരുട്ട് വ്യാപിക്കുന്ന ക്രിയയെ പുരളുന്നതായി ശങ്കിച്ചതു് ധൎമ്മോൽപ്രേക്ഷ. 'കരം നീട്ടുന്നു' എന്നതിനു് രശ്മികളെ പ്രസരിപ്പിക്കുന്നുവെന്നും, കൈ നീട്ടുന്നുവെന്നും ശ്ലേഷംകൊണ്ടു് രണ്ടൎത്ഥം. ചന്ദ്രൻ കരം നീട്ടിയ ഉടൻ കമലത്തിന്റെ ശ്രീ നശിക്കയാൽ ചന്ദ്രകരപ്രസരണത്തിന്റെ ഫലം കമലശ്രീഹരണമെന്ന് ഉൽപ്രേക്ഷിക്കപ്പെടുന്നു. 'വാരുണീസേവ' ശ്ലേഷംകൊണ്ടു് പടിഞ്ഞാറേദിക്കിൽ ചെല്ലുകയും മദ്യപാനവും; വാരുണീസേവ ചെയ്ത ഉടൻ സൂൎയ്യന്റെ പതനം (അസ്തമയവും, വീഴുകയും) കാണുകയാൽ രണ്ടിനും തങ്ങളിൽ കാൎയ്യകാരണഭാവം കല്പിച്ചതു് ഹേതൂൽപ്രേക്ഷ. വേറെ ഉദാഹരണം:

(a) ധൎമ്മ്യുൽപ്രേക്ഷ:

22. ചുമന്നു ചന്ദ്രക്കലപോൽ വളഞ്ഞും
വിളങ്ങി പൂമൊട്ടുടനേ പിലാശിൽ
വനാന്തലക്ഷ്മിക്കു നഖക്ഷതങ്ങൾ
വസന്തയോഗത്തിലുദിച്ചപോലെ. —കു. സം.

ചുമന്നു വളഞ്ഞിരിക്കുന്ന പിലാശിൻമൊട്ടിന് ഏതുവിധനഖക്ഷതത്തോടും സാമ്യമിരിക്കെ വസന്തനായകസംഗമത്തിൽ വനാന്തലക്ഷ്മീനായികയ്ക്കുണ്ടായ നഖക്ഷതം എന്ന സംഗതികൂടി പ്രതിപാദിക്കയാൽ ഇതു് ഉൽപ്രേക്ഷതന്നെ. 'പോലെ' എന്ന നിപാതം ഉപമയെയും ഉൽപ്രേക്ഷയെയും ഒരുപോലെ കുറിക്കുന്നതാകുന്നു.

(b) ധൎമ്മോൽപ്രേക്ഷ:

23. അയ്യയ്യോ! പിളരുന്നു ദേവി! ഹൃദയം കത്തുന്നു ചിത്തം സദാ
മെയ്യിൽ സന്ധികൾ വേർപെടുന്നു ഭുവനം തോന്നുന്നു മേ ശൂന്യമായ്
എന്നാത്മാവു മയങ്ങി മങ്ങിയിരുളിൽ താഴുന്നുവോ മൂർച്ഛയാ-
ലിന്നെല്ലാം മറയുന്നു ഭാഗ്യരഹിതൻ ഞാനെന്തു ചെയ്യേണ്ടു ഹാ!
—ഉ. രാ. ച.

ഇവിടെ മോഹാലസ്യത്തിന്റെ ആവിർഭാവത്തെ ആത്മാവ് മങ്ങിമയങ്ങി ഇരുളിൽ താഴുന്നതായി ഉൽപ്രേക്ഷിച്ചിരിക്കുന്നു.

(c) ഫലോൽപ്രേക്ഷ:

24. വിബുധപതിയോട് നിശിചരാലയം വെന്തൊരു
വൃത്താന്തമെല്ലാമറിയിച്ചുകൊള്ളുവാൻ
അഹമഹമികാധിയാ പാവകജ്വാലക-
ളംബരത്തോളമുയൎന്നു ചെന്നു മുദാ! —അദ്ധ്യാത്മരാമായണം

---

പദ്യം 24. ലങ്കാദഹനം സന്ദൎഭം: അഹമഹമികാ+ധിയാ=അഹ...ധിയാ. അഹ...മിക=ഞാൻ മുമ്പേ ഞാൻ മുമ്പേ. ധിയാ=ധീ(ബുദ്ധി)യോടുകൂടി.

ഇവിടെ അഗ്നിജ്വാലകൾ അംബരത്തോളമുയന്നതു് ലങ്ക വെന്തുപോയ വാത്തയെ ദേവേന്ദ്രനോടു് അറിയിക്കാനായിരിക്കുമോ എന്നു് കവി ഉൽപ്രേക്ഷിക്കുന്നു.

(d) ഹേതൂൽപ്രേക്ഷ:

25. ആനകദുന്ദുഭി മാനിക്കും കൊങ്കകൾ–
ക്കാനനം മെല്ലെക്കറുത്തിതപ്പോൾ
നന്ദനനുണ്ടായാലെങ്ങളെ സ്നേഹമി–
ല്ലെന്നതു ചിന്തിച്ചിട്ടെന്നപോലെ. —കൃ. ഗാ.

ദേവകീഗർഭവർണ്ണനമായ ഈ പദ്യത്തിൽ സ്തനാഗ്രങ്ങൾ കറുത്തതിനു കാരണം ഉൽപ്രേക്ഷിക്കപ്പെടുന്നു.

'എന്നു തോന്നും', 'എന്നപോലെ', 'പോലെ', 'പോൽ', 'ഓ', 'താനോ', 'അല്ലോ'—മുതലായ നിപാതങ്ങൾ ഉൽപ്രേക്ഷയെ കുറിക്കും. ഈ വക ഉൽപ്രേക്ഷാവാചകശബ്ദങ്ങളോടുകൂടാതെയും ഉൽപ്രേക്ഷ വരും. എങ്ങനെ:

26. കൊതിച്ചിതാ! വെണ്മതി, നിന്മുഖേ സദാ
കുതിച്ചെഴും നിർമ്മലകാന്തിധാരയെ,
കളങ്കപങ്കം കഴുകിക്കളഞ്ഞുടൻ
കുളിപ്പതിന്നായ് മുഴുകുന്നിതാഴിയിൽ. —സ്വ.

ഇതിൽ ഉൽപ്രേക്ഷാവാചകശബ്ദമൊന്നുമില്ലെങ്കിലും ചന്ദ്രാസ്തമയം കളങ്കക്ഷാളനത്തിനുവേണ്ടിയുള്ള സമുദ്രസ്നാനമെന്നു് ഉൽപ്രേക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നു് സ്പഷ്ടമാകുന്നു. വാചകമുള്ളിടത്തു് ഉൽപ്രേക്ഷ 'വാച്യ'യും, ഇല്ലാത്തിടത്തു് 'ഗമ്യ'യും എന്നു് വ്യവസ്ഥ.

## 8. സ്മൃതിമാൻ, 9. ഭ്രാന്തിമാൻ, 10. സസന്ദേഹം

**സാദൃശ്യത്താൽ സ്മൃതിഭ്രാന്തി–
സന്ദേഹങ്ങൾ കഥിക്കുകിൽ
സ്മൃതിമാൻ ഭ്രാന്തിമാൻ പിന്നെ
സസന്ദേഹവുമായിടും.** 29

**ഇക്കോമളാംബുജം പാർത്തി–
ട്ടോർക്കുന്നേനെൻ പ്രിയാമുഖം
പത്മമെന്നു പതിക്കുന്നു
നിൻമുഖത്തിങ്കൽ വണ്ടിതാ.** 30

**ചന്ദ്രനോ പത്മമോ എന്നു
സന്ദേഹിക്കുന്നു ലോകരും.** 31

രണ്ടു സദൃശവസ്തുക്കളിൽ ഒന്നിനെ കണ്ടിട്ടു മററതിനെ ഓക്കുന്നതു് 'സ്മൃതിമാൻ' എന്ന അലങ്കാരം; ഒന്നിനെ മററതെന്നു ഭ്രമിക്കുന്നതു് 'ഭ്രാന്തിമാൻ'; അതോ ഇതോ എന്നു സംശയിക്കുന്നതു് 'സസന്ദേഹം'. ഉദാഹരണങ്ങളിൽ ലക്ഷണയോജന സ്പഷ്ടം. വേറെ ഉദാഹരണങ്ങൾ:

### സ്മൃതിമാൻ:

27. ഓമൽപ്പിച്ചിച്ചെടിലത മരുല്ലോളിതാ വർഷബിന്ദു–
സ്തോമക്ലിന്നാ പുതുമലർ പതുക്കെ സ്ഫുടിപ്പിച്ചിടുമ്പോൾ

---

പദ്യം 26. നായികാമുഖപ്രശംസ: 'നിന്മുഖേ കുതിച്ചെഴും നിർമ്മലകാന്തിധാരയെ കൊതിച്ചു് വെണ്മതി ഇതാ...' എന്നു് അന്വയഗതി.

പ്രേമക്രോധക്ഷുഭിതഭവതീ ബാഷ്പധാരാവിലാംഗീ
ശ്രീമന്മന്ദസ്മിതസുമുഖിയാകുന്നതോൎമ്മിച്ചിടുന്നേൻ. —മയൂരസന്ദേശം.

ഇവിടെ ലതയ്ക്കു് നായികയോടും, കാററടിച്ചിളകുന്നതിന്നു് പ്രണയകലഹക്ഷോഭത്തോടും, മഴവെള്ളത്തുള്ളികൾ ഇററുന്നതിന്നു് കണ്ണുനീർ തൂകുന്നതിനോടും, മൊട്ടുകൾ വിടരുന്നതിന്നു് മന്ദസ്മിതപ്രസരത്തോടും സാമ്യം.

## ഭ്രാന്തിമാൻ:

28. പ്ലാശിൻമൊട്ടെന്നളിതാ-
നാശിച്ചെത്തുന്നു പൈങ്കിളിക്കൊക്കിൽ;
കിളിയും ഞാവൽപഴമെ-
ന്നളിയെക്കൊത്താനൊരുങ്ങുന്നു. —സ്വ.

ഇവിടെ അളിക്കും കിളിക്കും തങ്ങളിൽ ഭ്രമമെന്നു് പൂൎവ്വോദാഹരണത്തേക്കാൾ വിശേഷം.

## സസന്ദേഹം:

29. ഓമനത്തിങ്കൾ കിടാവോ—നല്ല കോമളത്താമരപ്പൂവോ
പൂവിൽ നിറഞ്ഞ മധുവോ—പരിപൂൎണ്ണേന്ദുതന്റെ നിലാവോ
പുത്തൻപവിഴക്കൊടിയോ—ചെറു തത്തകൾ കൊഞ്ചും മൊഴിയോ
ചാഞ്ചാടിയാടും മയിലോ—മൃദു പഞ്ചമം പാടും കുയിലോ
തുള്ളുമിളമാൻകിടാവോ—ശോഭ കൊള്ളുന്നൊരന്നക്കൊടിയോ
ഈശ്വരൻ തന്ന നിധിയോ—പരമേശ്വരിയേന്തും കിളിയോ
പാരിജാതത്തിൻ തളിരോ—എന്റെ ഭാഗ്യദ്രുമത്തിൻ ഫലമോ
വാത്സല്യരത്നത്തെ വയ്പാൻ—മമ വാച്ചോരു കാഞ്ചനച്ചെപ്പോ
ദൃഷ്ടിക്കു വെച്ചോരമൃതോ—കൂരിരുട്ടത്തു വെച്ച വിളക്കോ
കീൎത്തിലതയ്ക്കുള്ള വിത്തോ—എന്നും കേടുവരാതുള്ള മുത്തോ
ആൎത്തിതിമിരം കളവാൻ—ഉള്ള മാൎത്താണ്ഡദേവപ്രഭയോ
സൂക്തിയിൽ കണ്ട പൊരുളോ—അതിസൂക്ഷ്മമാം വീണാരവമോ
വൻപിച്ച സന്തോഷവല്ലീ—തന്റെ കൊമ്പതിൽ പൂത്ത പൂവല്ലീ?
പിച്ചകത്തിൻമലർച്ചെണ്ടോ—നാവിന്നിച്ഛ നൽകും നല്ക്കൽക്കണ്ടോ
കസ്തൂരിതന്റെ മണമോ—നല്ല സത്തുക്കൾക്കുള്ള ഗുണമോ
പൂമണമേററൊരു കാററോ—ഏററം പൊന്നിൽ കലൎന്നൊരു മാററോ
കാച്ചിക്കുറുക്കിയ പാലോ—നല്ല ഗന്ധമെഴും പനിനീരോ
നന്മ വിളയും നിലമോ—ബഹു ധൎമ്മങ്ങൾ വാഴും ഗൃഹമോ
ദാഹം കളയും ജലമോ—മാൎഗ്ഗഖേദം കളയും തണലോ
വാടാത്ത മല്ലികപ്പൂവോ—ഞാനും തേടിവെച്ചുള്ള ധനമോ
കണ്ണിന്നു നല്ല കണിയോ—മമ കൈവന്ന ചിന്താമണിയോ
ലാവണ്യപുണ്യനദിയോ—ഉണ്ണിക്കാർവൎണ്ണൻതന്റെ കണിയോ
ലക്ഷ്മീഭഗവതി തന്റെ—തിരു നെററിമേലിട്ട കുറിയോ
എന്നുണ്ണിക്കൃഷ്ണൻ ജനിച്ചോ—പാരിലിങ്ങനെ വേഷം ധരിച്ചോ
പത്മനാഭൻതൻ കൃപയോ—ഇനി ഭാഗ്യംവരുന്ന വഴിയോ?
—ഇരയിമ്മൻതമ്പി

---

പദ്യം 27. പുതുവൎഷാഗമത്തിൽ നായകൻ നായികയെ അനുസ്മരിക്കുന്നു: മരുല്ലോളിത=കാററടിച്ചിളകുന്ന. സ്തോമം=കൂട്ടം. ക്ലിന്നം=നനഞ്ഞ.

പദ്യം 28. പൈങ്കിളിയുടെ ചുണ്ടു കണ്ടിട്ടു് പ്ലാശിൻമൊട്ടാണെന്നു കരുതി വണ്ടു് അതിൽ ചെന്നിരുന്നു. കിളിയാകട്ടെ വണ്ടിനെ ഞാവൽപ്പഴമെന്നു കരുതി കൊത്താനൊരുങ്ങി.

ഇത്താരാട്ടിൽ പ്രകൃതമായ ശിശുവിങ്കൽ തിങ്കൾക്കിടാവു മുതലായ സദൃശ വസ്തുക്കളോ എന്നു സന്ദേഹം നിബന്ധിക്കപ്പെട്ടിരിക്കുന്നു. ഇവിടെ കാണിച്ച ഉദാഹരണം രണ്ടും ശുദ്ധസന്ദേഹത്തിനുള്ളതാകുന്നു. സന്ദേഹം 'നിശ്ചയാന്ത'മായും 'നിശ്ചയഗർഭ'മായും വരാം. നിശ്ചയഗർഭത്തിനു് ഉദാഹരണം:

30. കനകമയമായ്മീടും കമലവാഹനമതിലി–
ക്കനത്തോരു കാന്തിയൊടു ഗമിക്കുന്നതാരിവനോ!
കളഭഗതേ! കുളർമതിയോ? കനിവോടേ വിലസുന്നു?
കുളർമതിയെന്നാകിലുള്ളിലുളവാകുമങ്കമെങ്ങോ?
ഗൗരീനായകനാകും കൈലാസാധീശ്വരനോ?—

കൈലാസാധീശനെന്നാൽ കമനി മൂന്നാം കണ്ണുമെങ്ങോ?
വലമഥനൻ വിഭവമൊടേ വസുധയിൽ സഞ്ചരിച്ചിടുന്നോ?
വലമഥനനാകിലെങ്ങോ വിലസും നേത്രസഹസ്രം?
അതിമഹസാ വിലസീടും കതിരോനോ വദ ബാലേ!
കതിരോനെന്നാകിലിവൻ കഥമേവം ശാന്തനാവൂ?
താരിൽത്തേന്മൊഴി! ബാലേ! ധനപതിയോ വിലസുന്നു
ഭൂരി വിരൂപാംഗനവൻ; നീരജനാഭൻ നൂനം. —ഉത്സവപ്രബന്ധം

സന്ദേഹങ്ങൾക്കു് ഉടനുടൻ പരിഹാരങ്ങൾകൂടി പറകയാൽ ഇതു് നിശ്ചയ ഗർഭമായി. നിശ്ചയാന്തത്തിനു് ഉദാഹരണം:

31. പങ്കജമോ ജലമെവിടെ?
തിങ്കളിതോ എങ്ങൊളിച്ചിതു കളങ്കം?
ശങ്കിച്ചിത്ഥമുറച്ചേൻ
പൈങ്കിളിമൊഴി വക്ത്രമെന്നു വാക്കുകളാൽ. —സ്വ.

ചിലേടത്തു് സന്ദേഹത്തിന്റെ കോടികൾ കവികല്പിതങ്ങളായിക്കാണും. എങ്ങനെ:

32. കിഴിയും ജീവനം നേടാൻ
ഞെളിയും നേടിയാലുടൻ
ഘടീയന്ത്രത്തിനു ഖലൻ
ജ്യേഷ്ഠനോ അല്ല തമ്പിയോ. —സ്വ.

ജീവനം (1) കാലക്ഷേപോപായം, (2) ജലം എന്നു ശ്ലേഷം. കിഴിയുകയും ഞെളിയുകയും വാസ്തവവും ഔപചാരികവും. ഘടീയന്ത്രം കിണററിൽനിന്നു വെള്ളമെടുക്കുന്നതിനു് ഒരു എഴയിൽ ഒരു തുലാം വിലങ്ങത്തിൽ ചേർത്തുണ്ടാക്കുന്ന യന്ത്രം. ഇവിടെ ജ്യേഷ്ഠനോ അനുജനോ എന്നു കവികല്പിതകോടികമായ സന്ദേഹം.

സസന്ദേഹത്തിൽ സന്ദേഹത്തിന്റെ കോടികൾക്കു പ്രാധാന്യം സമം; ഉൽപ്രേക്ഷയിൽ ഒരു കോടിക്കു് പ്രാധാന്യമധികം. സസന്ദേഹം അതോ ഇതോ

---

പദ്യം 30. രാജസ്തുതി: വലമഥനൻ = ദേവേന്ദ്രൻ. മഹസാ = ശോഭയോടേ. വദ = പറയൂ. കഥം = എങ്ങനെ. ധനപതി = കുബേരൻ. (മൂന്നു കാലും എട്ടു പല്ലും ഒരു കണ്ണുമുള്ള വിരൂപനാണദ്ദേഹം). പലരായി ശങ്കിച്ചിട്ടു് ഒടുവിൽ വിഷ്ണു എന്നുറപ്പിക്കുന്നു.

പദ്യം 31. നായികാമുഖപ്രശംസ. പൈങ്കിളിമൊഴി = സുന്ദരി. വക്ത്രം = മുഖം. ഈ ഉദാഹരണത്തിലും സന്ദേഹങ്ങൾക്കു് ഉടനുടൻ പരിഹാരങ്ങൾ പറഞ്ഞിട്ടുണ്ടു്. എന്നാൽ മുന്നുദാഹരണത്തിൽ സന്ദേഹം അവസാനിപ്പിക്കുന്നിടത്തെ നീരജനാഭകല്പനയും വേണമെങ്കിൽ മറെറാരു സന്ദേഹമാക്കാവുന്നതേ ഉള്ളൂ. ഈ ഉദാഹരണത്തിലാകട്ടെ വക്ത്രബോധം യാഥാർത്ഥ്യമാണു്. ഇതായിരിക്കണം നിശ്ചയഗർഭ–നിശ്ചയാന്തങ്ങൾക്കുള്ള ഭേദം.

എന്നൊന്നുപോലെ ശങ്കിക്കുന്നു; ഉൽപ്രേക്ഷയാകട്ടെ ഇതു് അതുതന്നെ ആയിരിക്കണമെന്നു് ഊഹിക്കുന്നിടത്തോളം ചെല്ലുന്നു, എന്നു് ഇവയ്ക്കു തങ്ങളിൽ ഭേദം.

സാദൃശ്യമൂലകങ്ങളായ സ്മൃതിഭ്രാന്തിസന്ദേഹങ്ങളേ അലങ്കാരങ്ങളാകൂ എന്നു പറഞ്ഞതിനാൽ,

33. അക്കാലം സുഖമോടുമഗ്ഗിരിയിൽ നാം സൗമിത്രി ചെയ്യുന്ന നൽ-
സൽക്കാരത്തെ വഹിച്ചുകൊണ്ടു ബഹുനാൾ വാണുള്ളതോർക്കുന്നുവോ?
മൽക്കാന്തേ! മധുരാംബു ചേർന്നൊഴുകുമഗ്ഗോദാവരീസിന്ധുവും
തൽക്കൂലങ്ങളിൽ നാം കളിച്ചതുമയേ! മൈക്കണ്ണിയോർക്കുന്നുവോ?
—ഉ. രാ. ച.

എന്നുള്ള ചിന്താമൂലകസ്മൃതിയും മററും അലങ്കാരമാകുന്നതല്ല.

## 11. വ്യതിരേകം

**വിശേഷം വ്യതിരേകാഖ്യം**
**വർണ്ണ്യാവർണ്ണ്യങ്ങൾ തങ്ങളിൽ**
**കുന്നുപോലുന്നതൻ ഭൂപ-**
**നെന്നാൽ പ്രകൃതികോമളൻ. 32**

ഉപമാനോപമേയങ്ങൾക്കു് ഒരു ധർമ്മത്തിൽ മാത്രം തങ്ങളിൽ ഭേദമുണ്ടെന്നു ചൊല്ലുന്നതു് 'വ്യതിരേകാലങ്കാരം'. ലക്ഷ്യത്തിൽ ഭൂപനും കുന്നിനും ഔന്നത്യം കൊണ്ടു് സാമ്യമുണ്ടെങ്കിലും പ്രകൃത്യാ സുകുമാരശരീരനായ ഭൂപനു് കഠോരശരീരമായ കുന്നിനേക്കാൾ വിശേഷമുണ്ടെന്നു പറയപ്പെട്ടിരിക്കുന്നു. വേറെ ഉദാഹരണം:

34. അംഗത്തിലെങ്ങുമണിയാത്തൊരു ഭൂഷണം താൻ
മദ്യാഖ്യയെന്നിയെ മദത്തിനൊരൗഷധം താൻ
കാമന്നു പൂമലരൊഴിഞ്ഞൊരു സായകം താൻ
ബാല്യംകഴിഞ്ഞൊരു വയസ്സവളാശ്രയിച്ചാൾ. —കു. സം.

ഇതു് രൂപകരീതിയിലുള്ള വ്യതിരേകം, ആദ്യോദാഹരണം ഉപമാരീതിയിലുള്ളതെന്നു വ്യത്യാസം. ഉപമാനോപമേയങ്ങൾക്കു തങ്ങളിൽ ഉള്ള വിശേഷം ഗുണരൂപമായോ ദോഷരൂപമായോ ഉദാസീനമായോ വരാം. ആദ്യോദാഹരണത്തിൽ പ്രകൃതികോമളത്വം ഗുണരൂപമായ വിശേഷം; ദ്വിതീയോദാഹരണത്തിൽ യൗവനത്തിന് ഭൂഷണത്തെക്കാൾ ''അംഗത്തിലെങ്ങുമണിയാത്തതു്'' എന്നുള്ള ഭേദം ഉദാസീനം. ദോഷരൂപവ്യതിരേകത്തിനു്,

35. കാമിനീപാദസമ്പർക്ക-
കാമൻ നീ ഞാനുമങ്ങനെ
അശോകം നീ സശോകൻ ഞാ-
നെന്നു ഭേദം നമുക്കെടോ. —സ്വ.

ഇത്യാദികൾ ഉദാഹരണങ്ങൾ.

ഉപമാരീതിയിലുള്ളതിനു് വേറെ ഉദാഹരണം:

36. അന്തർഭാഗത്തു ചേർത്തുമുരമഥനനെ,യമ്മട്ടു നാട്ടാർരസംവ-
ന്നന്തംകൂടാതണഞ്ഞും, ജനഹിതമതിനായ് വേലയിൽതാനിരുന്നും,

---

പദ്യം 35. അശോകത്തെ സംബോധനചെയ്തുകൊണ്ടു നായകൻ പറയുന്നതു്. കലഹാന്തരതിയായ നായികയുടെ പാദാഘാതം ഏല്ക്കാൻ താൻ തയാറാണെന്നു വ്യംഗ്യം. അശോകം പൂക്കുന്നതിനു സുന്ദരികൾ ചുവട്ടിൽ ചവിട്ടണമെന്നു കവിസങ്കേതം. (നായിക ഇതുവരെ സന്തുഷ്ടയാകാത്തതിനാൽ) ഞാൻ സശോകൻ; നീ (എപ്പോഴും) അശോകൻ എന്നു് അർത്ഥയോജന.

ചന്തംപൂണ്ടുല്ലസിക്കും മഹിതഗുണ! ഭവാൻ സിന്ധുവിന്നൊപ്പമത്രേ!
കിന്തു ശ്രീമൻ, ഭവാനിൽ ക്ഷിതിവര! നിലയില്ലായ്മയെന്നുള്ളതില്ല.
—ചങ്ങനാശ്ശേരി രവിവർമ്മക്കോയിത്തമ്പുരാൻ.

ഉദാസീനത്തിന്നു വേറെ ഉദാഹരണം:

37. മുഷ്ടി വിടാ മുട്ടകിലും
ഒട്ടേറെ മുഷിഞ്ഞു കോശമതിൽ വാസം
കൃപണകൃപാണങ്ങൾക്കി—
ങ്ങേപ്പെട്ടമാകാരമൊന്നുതാൻ ഭേദം. —സ്വ.

പദാർത്ഥഗതമായ സാമ്യത്തെ ഉപജീവിച്ചുവരുന്ന അലങ്കാരങ്ങളായിരുന്നു ഇതേവരെ പ്രസ്താവിച്ചവ; ഇനി വാക്യാർത്ഥഗതമായ ഔപമ്യത്തെ ആസ്പദമാക്കി പ്രവർത്തിക്കുന്നവയെ എടുക്കുന്നു. ഉപമാവാചകപദങ്ങളെ പ്രയോഗിച്ചിട്ടു് സാധാരണധർമ്മത്തെ ഒരെടത്തുമാത്രം നിർദ്ദേശിച്ചാൽ ഉപമ. ഉപമാവാചകം പ്രയോഗിക്കാതെ സാധാരണധർമ്മത്തെ ഒരെടത്തുമാത്രം പറയുന്നതു 'ദീപകം'. ഒരേ സാധാരണധർമ്മത്തെ വാചകപദം കൂടാതെ ഉപമേയവാക്യത്തിലും ഉപമാനവാക്യത്തിലും പര്യായങ്ങളെക്കൊണ്ടു നിർദ്ദേശിച്ചാൽ 'പ്രതിവസ്തൂപമ'. വാചകപദം കൂടാതെ ഉപമാനോപമേയവാക്യങ്ങളിൽ സാധാരണധർമ്മത്തെ ബിംബപ്രതിബിംബഭാവംകൊണ്ടു് രണ്ടാക്കി നിർദ്ദേശിച്ചാൽ 'ദൃഷ്ടാന്തം' എന്നു് ഈ അലങ്കാരങ്ങൾക്കു തങ്ങളിൽ ഭേദം. അവയിൽ പ്രതിവസ്തൂപമയ്ക്കു ലക്ഷണം:

## 12. പ്രതിവസ്തൂപമ

അവർണ്ണ്യാവർണ്ണ്യവാക്യങ്ങൾ-
ക്കൊന്നാം ധർമ്മത്തെ വേറെയായ്
നിർദ്ദേശിച്ചാലലങ്കാരം
പ്രതിവസ്തൂപമാഭിധം: 33

ശ്രീവഞ്ചിഭൂപനുള്ളപ്പോൾ
ശ്രീമാനപരനെന്തിനു്?
കാര്യമെന്തിഹ ദീപത്താൽ
കതിരോൻ കാന്തി ചിന്തവേ? 34

ഒരേ സാധാരണധർമ്മത്തെ ഉപമാനവാക്യത്തിലും ഉപമേയവാക്യത്തിലും ആവർത്തിച്ചാൽ 'പ്രതിവസ്തൂപമ'. പ്രതിവസ്തു ഓരോ വാക്യാർത്ഥത്തിലും ഉപമ എന്നു സംജ്ഞയ്ക്കു് അർത്ഥയോജന. ഉദാഹരണത്തിൽ പൂർവ്വാർദ്ധം ഉപമേയവാക്യം, ഉത്തരാർദ്ധം ഉപമാനവാക്യം. അവ രണ്ടിലുമുള്ള, നിഷ്ഫലത്വമെന്ന സാധാരണധർമ്മം ''എന്തിനു്'', ''കാര്യമെന്തു്'' എന്ന പര്യായങ്ങളാൽ ആവർത്തിക്കപ്പെട്ടിരിക്കുന്നു. വേറെ ഉദാഹരണം:

---

പദ്യം 36. വഞ്ചിരാജസ്തുതി: മുരമഥനൻ=വിഷ്ണു. തിരുവിതാംകൂർ രാജാക്കന്മാർ വിഷ്ണുഭക്തന്മാരാണല്ലോ. നാട്ടാർ രസം=നാട്ടാരുടെ (പ്രജകളുടെ) രസം (സന്തോഷം); നാട്ടിലെ ആറുകളിലുള്ള വെള്ളം എന്നും. വേല=ജോലി; തീരം എന്നും. നിലയില്ലായ്മ=അന്തസ്സുവിട്ടുള്ള പെരുമാററം എന്നു് രാജപക്ഷത്തിൽ; ആഴക്കൂടുതൽ എന്നു സമുദ്രപക്ഷത്തിൽ.

പദ്യം 37. ലുബ്ധു കാണിക്കുന്നവനെ ആക്ഷേപിക്കുന്നു. മുഷ്ടി വിടാ=കൈക്കുള്ളിൽ മുറുകെപ്പിടിച്ചിരിക്കുന്ന സമ്പാദ്യം ചെലവഴിക്കുന്നില്ല; പിടിവിട്ടു പോകുന്നില്ല എന്നും. മുട്ടകിലും=എത്രമാത്രം മുട്ടുണ്ടായാലും; എങ്ങനെയെല്ലാം മുട്ടിയാലും എന്നും. കോശം=ഭണ്ഡാരം; ഉറ എന്നും. ഒട്ടേറെ മുഷിഞ്ഞു്=ആരോടും അപ്രസന്നനായി; മലിനമായി എന്നും.

38. ഫുല്ലാബ്ജത്തിനു രമ്യതയ്ക്കു കുറവോ പായൽ പതിഞ്ഞീടിലും
ചൊല്ലാർന്നോരഴകല്ലയോ പനിമതിക്കങ്കം കറുത്തെങ്കിലും
മല്ലാക്ഷീമണിയാൾക്കു വൽക്കലമിതും ഭൂയിഷ്ഠശോഭാവഹം;
നല്ലാകാരമതിന്നലങ്കരണമാമെല്ലാപ്പദാർത്ഥങ്ങളും. —ഭാഷാ. ശാ.

ഇവിടെ ഉപമാനവാക്യങ്ങളായ ഒന്നും രണ്ടും പാദങ്ങളിലും ഉപമേയവാക്യമായ മൂന്നാംപാദത്തിലും 'ശോഭാകരമാകുന്നു' എന്ന സാധാരണധർമ്മം പര്യായങ്ങളാൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഇതു *സാധർമ്മ്യമട്ടിലുള്ള പ്രതിവസ്തൂപമയ്ക്കു് ഉദാഹരണം. വൈധർമ്മ്യമട്ടിലും പ്രതിവസ്തൂപമ വരാം; എങ്ങനെയെന്നാൽ,

39. കരുണമൊരുരസംതാൻ വസ്തുഭേദേന നാനാ-
പരിണതിയെ വഹിച്ചീടുന്നിതേ മാറിമാറി
തിര നുര ചുഴിയെന്നീ രൂപഭേദങ്ങൾ കാണായ്-
വരികിലുമവയെല്ലാം വെള്ളമത്രേ നിനച്ചാൽ. —ഉ. രാ. ച.

ഉപമാനോപമേയവാക്യങ്ങൾ ഒരേ അന്വയരീതിയിൽ ഇരുന്നാൽ സാധർമ്മ്യം, അർത്ഥം ഭേദിക്കാതെ അന്വയരീതി മാത്രം ഭേദിച്ചിരുന്നാൽ വൈധർമ്മ്യം.

## 13. ദൃഷ്ടാന്തം

**ദൃഷ്ടാന്തമതിനെബ്ബിംബ-**
**പ്രതിബിംബങ്ങളാക്കുകിൽ:**
**കീർത്തിശാലി ഭവാൻതന്നെ**
**കാന്തിശാലി സുധാംശുതാൻ.** 35

ഉപമാനോപമേയവാക്യങ്ങളിൽ സാധാരണധർമ്മത്തെ †ബിംബപ്രതിബിംബങ്ങളാക്കിപ്പറഞ്ഞാൽ 'ദൃഷ്ടാന്തം'. 'ലക്ഷ്യത്തിൽ കീർത്തിശാലി ബിംബം, കാന്തിശാലി പ്രതിബിംബം'. വേറെ ഉദാഹരണം:

40. ശിക്ഷിക്കും ശിക്ഷ്യനാം നിന്നെ
രക്ഷിക്കും രക്ഷ്യനാം ദ്വിജം
ഭക്ഷിക്കും ക്ഷീരമേ ഹംസ-
പക്ഷീ സക്ഷീരനീരതഃ. —ഭാഷാ. ശാ.

ദുഷ്യന്തവാക്യം. മാതലി തിരസ്കരിണി ഉപയോഗിച്ചു വന്നു് മാഢവ്യബ്രാഹ്മണനെ ആക്രമിച്ചു. അയാളുടെ നിലവിളി കേട്ടു ദുഷ്യന്തൻ അമ്പു തൊടുത്തുകൊണ്ടു പറയുന്നതു്: (ഈ അമ്പു്) ശിക്ഷ്യനായ നിന്നെ ശിക്ഷിക്കും; രക്ഷ്യനായ ദ്വിജനെ രക്ഷിക്കും എന്നു പൂർവ്വാർദ്ധത്തിൽ അർത്ഥയോജന. സക്ഷീരനീരതഃ=പാലും വെള്ളവും കൂട്ടിച്ചേർത്തുവച്ചതിൽനിന്നു്. ആ സംയുക്തത്തിൽ ക്ഷീരം ദൃശ്യം, നീരം അദൃശ്യം. ഉപമേയപ്രസംഗത്തിലും ദൃശ്യാദൃശ്യത്വം കാണുക.

ഇവിടെ ഉപമേയവാക്യത്തിൽ രക്ഷ്യരക്ഷണവും ഉപമാനവാക്യത്തിൽ

പദ്യം 38. ശകുന്തളാദർശനത്തിൽ ദുഷ്യന്തചിന്ത. രമ്യതയ്ക്കു കുറവില്ല. അഴകുണ്ടു്, ശോഭാവഹം ഇവയാണു് മൂന്നു പാദങ്ങളിലും യഥാക്രമം ധർമ്മം. അവ പര്യായങ്ങളുമാണു്.

* അന്യോന്യപൂരകങ്ങളായ രണ്ടു പ്രസ്താവനകളിൽ ആദ്യത്തേതിലെ വാക്യഘടനപോലെതന്നെ രണ്ടാമത്തേതിലും വന്നാൽ സാധർമ്മ്യം. വാക്യഘടന വിപരീതമായാൽ വൈധർമ്മ്യം. 'കരുണരസം നാനാപരിണതിയെ വഹിക്കുന്നു—ഒരേ വെള്ളം തിര, നുര, ചുഴി എന്ന രൂപഭേദങ്ങൾ വഹിക്കുന്നു' എന്നായാൽ ഇതുതന്നെ സാധർമ്മ്യരീതിയായി.

† ബിംബപ്രതിബിംബഭാവം (10-ാംകാരിക) നോക്കുക.

ഭക്ഷ്യഭക്ഷണവുമായ സാധാരണധർമ്മങ്ങൾ ബിംബപ്രതിബിംബങ്ങളായിരിക്കുന്നു. ഇതു് സാധർമ്മ്യത്തിനു് ഉദാഹരണം. വൈധർമ്മ്യത്തിൽ വരുന്നതിനു്,

41. പരമതനുശരീരേ! ത്വാം തപിപ്പിച്ചിടുന്നു
പരമതനുരജസ്രം മാം ദഹിപ്പിച്ചിടുന്നു;
പരവശത ദിനത്താലമ്പിളിക്കെത്രയുണ്ടോ
പരഭൃതമൊഴി! പാർത്താലാമ്പലിന്നത്രയില്ല. —ഭാഷാ. ശാ.

## 14. നിദർശന

വിശിഷ്ടധർമ്മികൾക്കൈക്യ-
മാരോപിച്ചാൽ നിദർശന:
ദാനശീലന്നു സൗമ്യത്വം
തങ്കത്തിന്നു സുഗന്ധമാം. 36

ഏതാൻ ധർമ്മങ്ങളുള്ള ഒരു പ്രകൃതമായ ധർമ്മിക്കും ആ ധർമ്മങ്ങൾക്കു് പ്രതിബിംബഭൂതങ്ങളായ മററു ധർമ്മങ്ങളുള്ള ഒരു അപ്രകൃതധർമ്മിക്കും അഭേദം കല്പിച്ചു് ഒന്നിനെ മററൊന്നാക്കുന്നതു് 'നിദർശന'. രണ്ടുവക ധർമ്മങ്ങളുടെ ബിംബപ്രതിബിംബഭാവം പുരസ്കരിച്ചു് ആ ധർമ്മവിശിഷ്ടങ്ങളായ ധർമ്മികൾക്കു് ഐക്യാരോപം ചെയ്യുന്നതു് നിദർശന എന്നു താൽപര്യം. കേവലവസ്തുക്കളുടെ ഐക്യാരോപം രൂപകം; ധർമ്മവിശിഷ്ടവസ്തുക്കളുടെ ഐക്യാരോപം നിദർശന എന്നു ഭേദം. രൂപകത്തിൽ ഒററപ്പദങ്ങൾക്കാണു് അഭേദകല്പന; നിദർശനയിൽ വാക്യങ്ങൾക്കാകുന്നു. ലക്ഷ്യത്തിൽ ദാതാവിനു് സൗമ്യശീലം വരുക എന്നുള്ളതു് തങ്കത്തിന്നു് സൗരഭ്യം ഉണ്ടാവുക എന്നുള്ളതുതന്നെയാണു് എന്നു് ഉപമാനോപമേയവാക്യങ്ങൾക്കു് അഭേദാരോപം. അല്ലെങ്കിൽ സൗമ്യശീലത്വവിശിഷ്ടനായ ദാതാവു് സൗരഭ്യവിശിഷ്ടമായ സ്വർണ്ണമാണെന്നു് വിശിഷ്ടധർമ്മികൾക്കു് ഐക്യാരോപം. വേറെ ഉദാഹരണം:

42. കാട്ടിൽ ക്കൂട്ടുവിളിപ്പതാം, ശവമതിൻ മെയ്യിൽ തലോടുന്നതാം,
നട്ടീടുന്നതുമാം ബിസം തറയതിൽ, പാഴൂഴി കൃഷിപ്പതാം
പൊട്ടൻകാതിലുരപ്പതാം, കുരുടനെക്കണ്ണാടി കാണിപ്പതാം,
പട്ടിക്കുള്ളൊരുവാൽനിവർത്തിടുവതാം, സേവിപ്പതിജ്ഞന്മാരെ. —സ്വ.

ഇവിടെ അജ്ഞന്മാരെ സേവിക്കുക എന്നുള്ളതു് കാട്ടിൽ ക്കൂട്ടുവിളിക്കുക, ശവശരീരത്തിൽ തലോടുക മുതലായ പല സംഗതികൾതന്നെയാണെന്നു പറഞ്ഞിരിക്കുന്നു.

നിദർശനയ്ക്കു് വേറെ ഭേദങ്ങൾ അടുത്തു പറയപ്പെടും. വിശിഷ്ടധർമ്മികൾക്കു് ഐക്യാരോപം ചെയ്യുന്ന പ്രകൃതനിദർശന പ്രായേണ വാക്യങ്ങൾക്കു് അഭേദത്തെ കല്പിക്കുന്നതാകയാൽ 'വാക്യാർത്ഥവൃത്തിനിദർശന' എന്നു പറയപ്പെടുന്നു. ഈമാതിരി നിദർശനയിൽ ചിലേടത്തു് കവികൾ ഉപമേയവാക്യത്തെ അർത്ഥസിദ്ധമെന്നുവെച്ചു് പ്രയോഗിക്കാതെ ഉപേക്ഷിച്ചുകാണുന്നു. എങ്ങനെ എന്നാൽ,

43. മനമേ! ഭവ സാഭിലാഷമിപ്പോൾ
ഘനകേശീംപ്രതി സംശയങ്ങൾ തീർന്നു.

---

പദ്യം 41. ദുഷ്യന്തവാക്യം, ശകുന്തളയോടു്. പരമതനുശരീര = കൃശഗാത്രി (സുന്ദരി). പരം+അതനുഃ+അജസ്രം=പരമതനുരജസ്രം. അതനുഃ=കാമദേവൻ. അജസ്രം=എല്ലായ്പ്പോഴും. ദിനത്താൽ(സൂര്യാഗമത്താൽ) ചന്ദ്രനുള്ളത്ര മങ്ങൽ ആമ്പലിനില്ലല്ലോ.

പദ്യം 42. അജ്ഞോപാലംഭം. ബിസം=താമര (വളയം). പാഴൂഴി കൃഷിക്കുക=ഊഷരഭൂമിയിൽ കൃഷിചെയ്യുക. ഉരയ്ക്കുക=പറയുക.

കനലെന്നു നിനച്ചുപോയി നീ താ—
നനഘം വക്ഷസി ധാര്യമായ രത്നം. —ഭാഷാ. ശാ.

ഇതിൽ മേനകാപുത്രിയായ ശകുന്തളയെ മുനികന്യക എന്നു ശങ്കിച്ചതു് രത്നത്തെ കനലെന്നു നിനച്ചുകതന്നെയാകുന്നു എന്നു് അർത്ഥംകൊണ്ടു സ്പഷ്ടമാകുന്നതല്ലാതെ ഉപമേയവാക്യം പ്രയോഗിച്ചിട്ടില്ല. ഈമാതിരിയിൽ ബിംബപ്രതിബിംബഭാവമുള്ള വാക്യങ്ങളിൽ പ്രതിബിംബവാക്യത്തെ മാത്രം നിർദ്ദേശിക്കുന്നതു് 'ലളിതം' എന്നു് ഒരു സ്വതന്ത്രാലങ്കാരമാണെന്നു് അപ്പയ്യദീക്ഷിതാദികൾ സിദ്ധാന്തിക്കുന്നു.*

**ഒന്നിന്റെ ധർമ്മം മറ്റൊന്നിൽ**
**ചൊന്നാലന്യാ നിദർശനാ:**
**വെണ്മതിക്കുള്ള സൗഭാഗ്യം**
**കാണ്മതുണ്ടിഹ നിൻമുഖേ.** 37

ഉപമാനധർമ്മം ഉപമേയത്തിൽ കാണുന്നതായി പറയുന്നതു് മറ്റൊരുമാതിരി നിദർശന. ഇതിനു് 'പദാർത്ഥവൃത്തിനിദർശന' എന്നു പേർ. ജയദേവർ ഇതിനെ ഉപമയുടെ വകഭേദമായി ഗണിച്ചു് 'ലളിതോപമ' എന്നു വിളിക്കുന്നു. വേറെ ഉദാഹരണം:

44. നീലപ്പുരികുഴലിൽ തവ
മേളിച്ചീടുന്ന മുല്ലമാലികയിൽ
മേളം തുടർന്നു ഗംഗാ—
കാളിന്ദീസംഗഭംഗി തിങ്ങുന്നു. —ആര്യാശതകം

**വേറേ നിദർശനാഭേദം**
**ക്രിയയാൽ കാര്യബോധനം:**
**നന്നല്ല രാജവിദ്വേഷ—**
**മെന്നു ലോകരൊടോതുവാൻ**
**ചന്ദ്രോദയത്തിൽ തിമിരം**
**ഛിന്നിച്ഛിന്നിയറുന്നതേ.** 38

ഒരുത്തൻ തന്റെ പ്രവൃത്തികൊണ്ടു മററുള്ളവൎക്കു് ഒരു ഉപദേശത്തെ ദൃഷ്ടാന്തപ്പെടുത്തിക്കൊടുക്കുന്നതും നിദർശനയുടെ ഒരു വകഭേദംതന്നെ. ഉദാഹരണത്തിൽ രാജവിദ്വേഷഃ എന്നതിനു് ചന്ദ്രവിദ്വേഷം, നൃപവിദ്വേഷം എന്നു് ശ്ലേഷം കൊണ്ടു രണ്ടർത്ഥം. ഇവിടെ ചന്ദ്രോദയത്തിൽ ഇരുട്ടിനുണ്ടാകുന്ന നാശം, 'രാജദ്വേഷം നന്നല്ല' എന്നുള്ള ഉപദേശത്തിനു് ഉദാഹരണമായിത്തീരുന്നു എന്നു് പറയപ്പെട്ടിരിക്കുന്നു. വേറെ ഉദാഹരണം:

45. മാനം കൈവിട്ടുപോവാനിടവരുമെവനും വാരുണീസേവകൊണ്ടെ—
ന്നൂനംകൂടാതെ ലോകൎക്കിതുപൊഴുതുപദേശത്തിനെച്ചെയ്യുകൊണ്ടു്

---

* വൎണ്ണ്യത്തിൽ വൎണ്ണ്യവൃത്താന്ത—
പ്രതിബിംബം കഥിക്കുകിൽ
ലളിതം; നീരൊഴിഞ്ഞപ്പോൾ
ചിറ കെട്ടാൻ കൊതിപ്പു നീ. (കുവലയാനന്ദം)

വൎണ്ണ്യവൃത്താന്തമേ പറയാതെ അതിന്റെ പ്രതിബിംബമായ വൃത്താന്തം വൎണ്ണ്യവസ്തുവിൽ ഘടിപ്പിച്ചു പറയുന്നതു് ലളിതം. പ്രണയകലഹത്തിൽ മനംമടുത്തു പുറത്തുപോയ നായകനെ തിരിച്ചുകൊണ്ടുവരാൻ അകാലശ്രമം നടത്തുന്ന നായികയോടുള്ള സഖീവചനമാണു് ഉദാഹരണം. 'നീ' വൎണ്ണ്യവസ്തു. അതിൽ പ്രതിബിംബവൃത്താന്തമാണല്ലോ ഘടിപ്പിച്ചിരിക്കുന്നതു്. ലളിതോപമയിൽ നിന്നു പകുതിയെടുത്തതാവാം 'ലളിതം'.

പദ്യം 44. കാളിന്ദി കറുത്തതും ഗംഗ വെളുത്തതും എന്നു കവിസങ്കല്പം.

നാനാലോകപ്രദീപപ്രഭതടവിട്ടമിപ്പത്തിനീപ്രാണനാഥൻ
താനം മാനംവെടിഞ്ഞച്ചരമശിഖരിയിൽ ചെന്നിതാ ചേർന്നിടുന്നു.
—കവിസഭാരഞ്ജനം

ഇവിടെ 'മാനം കൈവിടുക' എന്നതിനെ 'ബഹുമാനം ഇല്ലാതാവുക' എന്നും, 'ആകാശത്തിൽനിന്നും മറയുക' എന്നും ശ്ലേഷംകൊണ്ടു് രണ്ടത്ഥം; അതുപോലെ 'വാരുണീസേവ' എന്നതിനു് 'മദ്യം സേവിക്കുക', 'പശ്ചിമദിക്കിനെ സേവിക്കുക' എന്നു് ശ്ലേഷത്താൽ രണ്ടത്ഥം. സൂര്യനു് വാരുണീസേവ (പശ്ചിമദിക്സേവ) എന്നുള്ള സംഗതി വാരുണീസേവ (മദ്യസേവ) ആക്കും മാനഹാനിയെ വരുത്തുമെന്ന ഉപദേശത്തിനു് ഉദാഹരണമായിത്തീരുന്നു. വേറെ ഉദാഹരണം:

46. ക്ഷീണിച്ചോഷധിനാഥനസ്തശിഖരം പ്രാപിച്ചിടുന്നേകതോ
മാണിക്യപ്രഭനേതി സൂര്യനരുണം മുൻപിട്ടുയന്നേകതഃ
കാണിച്ചീ വ്യസനോദയങ്ങളൊരുമിച്ചിട്ടിവ്യതേജോദ്വയേ
പ്രാണിക്കാത്മദശാന്തരേഷു നിയമം ധാതാവു ചെയ്യുന്നിതേ. —ഭാഷാ.ശാ.

ഇവിടെ വിധി ഒരേകാലത്തിൽ ചന്ദ്രനു് അസ്തമയത്തെയും സൂര്യനു് ഉദയത്തെയും കല്പിക്കുന്നതുകൊണ്ടു് ലോകത്തിൽ ഒരുവനു് വിപത്തു വരുമ്പോൾ മറ്റൊരുവനു് സമ്പത്തും ഉണ്ടാവും എന്നു് ജനങ്ങൾക്കു കാണിച്ചുകൊടുക്കുന്നതായി കവി സമത്ഥിക്കുന്നു. സൂക്ഷ്മമാലോചിക്കുമ്പോൾ ഈ മൂന്നാമതു പറഞ്ഞ നിദശ്ന ഗമ്യോൽപ്രേക്ഷതന്നെ എന്നു വന്നുകൂടും. രണ്ടാമതു പറഞ്ഞതിനെ ജയദേവമതപ്രകാരം 'ലളിതോപമ' എന്നോ ഉപമാപ്രകരണത്തിന്റെ ഒടുവിൽ പറഞ്ഞ 'ലക്ഷിതോപമ'കളുടെ ഒരു വകഭേദമെന്നോ ഗണിക്കാവുന്നതാകയാൽ നിദശ്നയ്ക്കു് ആദ്യം പറഞ്ഞ ഒരു പ്രകാരമേ ഉള്ളൂ എന്നു സംക്ഷേപം.

## 15 ദീപകം

**അനേകമേകധർമ്മത്തി-**
**ലന്വയിപ്പതു ദീപകം:**
**മദംകൊണ്ടാന ശോഭിക്കു-**
**മൗദാര്യംകൊണ്ടു ഭൂപതി.** 39

അനേകം വസ്തുക്കൾക്കു് ഒരേ ധമ്മത്തിൽ അന്വയംകല്പിക്കുന്നതു് 'ദീപകം'. എമ്പ്രാന്റെ വിളക്കത്തു് വാര്യന്റെ അത്താഴം എന്ന രീതിയിൽ പ്രകൃതത്തിന്റെ ഉപയോഗത്തിനായി പറയുന്ന ധമ്മം അപ്രകൃതത്തിനുകൂടി ഉപയോഗപ്പെടുന്നു എന്നു് അത്ഥയോജന കല്പിച്ചു് 'ദീപംപോലത്തേതു് ദീപകം' എന്നു സംജ്ഞ ചെയ്യപ്പെട്ടിരിക്കുന്നു. രാജവണ്ണനരൂപമായ ലക്ഷ്യത്തിൽ ഔദാര്യംകൊണ്ടു് ഭൂപതി ശോഭിക്കും എന്ന പ്രകൃതവാക്യത്തിലെ ശോഭിക്കും എന്ന ക്രിയാപദം മദംകൊണ്ടാന(ശോഭിക്കും) എന്നു് അപ്രകൃതവാക്യത്തിനുകൂടി ഉപകരിക്കുന്നു. പ്രകൃതാപ്രകൃതങ്ങൾക്കു രണ്ടിനും ധമ്മം ഈവിധം സാധാരണമായിത്തീരുന്നതുകൊണ്ടു് അവയ്ക്കു തമ്മിൽ സാമ്യം ഗമ്യമായിത്തീരുന്നു. വേറെ ഉദാഹരണം:

47. ചാണക്കല്ലിലുരച്ച രത്നമമരിൽ പുണ്ണേററ വീരൻ, മദ-
ക്ഷീണൻ, കുംഭികുലോത്തമൻ, കര തെളിഞ്ഞീടും ശരന്നിമ്നഗാ,
മീനാങ്കാർത്തിതയായ മങ്ക, കലയായ്ശേഷിച്ച ദോഷാകരൻ,
ദാനത്താൽ ധനപുഷ്ടികെട്ട നൃപനും കാർശ്യാൽ പ്രകാശിക്കുമേ.—സ്വ.

ഇവിടെ, ദാനത്താൽ ധനപുഷ്ടികെട്ട നൃപൻ പ്രകൃതം. ചാണക്കല്ലിലുരച്ച

---

പദ്യം 46. മാണിക്യപ്രഭൻ സൂര്യൻ അരുണം മുന്നിട്ടുയന്നു് ഏകതഃ ഏതി എന്നു രണ്ടാംപാദത്തിൽ അന്വയം. മാണിക്യപ്രഭയുള്ള സൂര്യൻ അരുണനെ മുമ്പിൽ നിത്തി ഒരുവശേ (ഉയന്നു)വരുന്നു എന്നു് അത്ഥയോജന.

രത്നം, മുതലായവ അപ്രകൃതങ്ങൾ. ഇവയെല്ലാം കാൎശ്യംകൊണ്ടു് പ്രകാശിക്കുക എന്ന ഒരേ ധൎമ്മത്തിൽ അന്വയംകൊണ്ടു് അന്യോന്യസാദൃശ്യത്തിനു പ്രതീതി വരുന്നു. വേറെ ഉദാഹരണം.

48. താപസന്മാരുടെയും വാഹിനിമാരുടെയും
ശോഭ തേടീടും മഹാത്മാക്കൾവംശത്തിന്റെയും
ഉത്ഭവസ്ഥാനമന്വേഷിക്കേണ്ട... —ഭാരതം

അനേകത്തിനു് ഏകധൎമ്മാന്വയം വരുന്നിടത്തു് അനേകമെന്നു പറയുന്നതു് (1) പ്രകൃതങ്ങൾ മാത്രം ചേൎന്നിട്ടുള്ളതു്, (2) അപ്രകൃതം മാത്രം ചേൎന്നിട്ടുള്ളതു്, (3) രണ്ടുംകൂടി കലൎന്നുള്ളതു് എന്നു മൂന്നു വിധത്തിൽ സംഭവിക്കാം. ആ മൂന്നുവിധവും ലക്ഷണവാക്യത്തിൽ വിവക്ഷിതംതന്നെ. എന്നാൽ ചില ആലങ്കാരികന്മാർ ഉദാഹരിച്ചപ്രകാരം പ്രകൃതാപ്രകൃതങ്ങളുടെ അനേകങ്ങൾക്കുള്ള ഏകധൎമ്മാന്വയത്തിനു മാത്രമേ 'ദീപകം' എന്നു പേർ കൊടുക്കുന്നുള്ളു. പ്രകൃതങ്ങൾക്കു മാത്രമോ അപ്രകൃതങ്ങൾക്കു മാത്രമോ വരുന്നതിനു 'തുല്യയോഗിത' എന്നൊരു പുതിയ പേർ കല്പിക്കുന്നു.* ലക്ഷണത്തിലെ പ്രധാനാംശങ്ങൾക്കു ഭേദമില്ലാത്തതിനാൽ ആ വിഭാഗം ഇവിടെ സ്വീകരിച്ചിട്ടില്ല. പ്രകൃതങ്ങൾക്കുമാത്രം വരുന്നതിനു് ഉദാഹരണം:

49. കുമുദകുലമുലൂകവും മയങ്ങീ
കമലവനം കവിചിത്തവും തെളിഞ്ഞു
പ്രമദകൾമുഖമിന്ദുവും വിളൎത്തു
തിമിരഭരാവൃതി മഞ്ഞുമഞ്ഞു മാഞ്ഞു. —സ്വ.

ഇതിൽ നാലു പാദത്തിലും ഓരോ ഉദാഹരണം കാണുക. പ്രഭാതവൎണ്ണനം പ്രകൃതമാകയാൽ കുമുദകുലാദികളെല്ലാം പ്രകൃതങ്ങൾതന്നെ. അപ്രകൃതങ്ങൾ മാത്രമായുള്ളതിനു്:

50. തുമ്പിക്കരത്തിനിഹ തോലിനു കട്ടികൊണ്ടും
രംഭാദ്രുമത്തിനൊഴിയാത്ത തണുപ്പിനാലും
ആകാരമൊത്തളവിലും ലഭിയാതെപോയീ
തന്വംഗിതന്റെ തുടകൾക്കുപമാനഭാവം! —കു. സം.

ഇവിടെ നായികാവൎണ്ണനത്തിൽ അപ്രകൃതങ്ങളായ തുമ്പിക്കരത്തിനും രംഭാദ്രുമത്തിനും 'ഉപമാനഭാവാലാഭം' എന്ന ഏകധൎമ്മത്തിൽ അന്വയം.

**മറിച്ചനേകം ക്രിയകൾ-**
**ക്കേകകാരകയോഗവും**
**വന്നാൽ ദീപകമായീടു-**
**മെന്നു ചൊല്ലുന്നിതേ ചിലർ. 40**

**കീൎത്തി നേടാം പണം നേടാ-**
**മാൎത്തി തീൎക്കാം രമിച്ചിടാം;**
**വിദ്വാന്മാരാം നരന്മാൎക്കു**
**വിദ്യയാലെന്തു ദുൎല്ലഭം? 41**

---

* ധൎമ്മൈക്യം വൎണ്ണ്യവസ്തുക്കൾ,—
ക്കവൎണ്ണ്യങ്ങൾക്കു മാത്രമോ
ചൊന്നാലുണ്ടാമലങ്കാരം
തുല്യയോഗിതയായിടും. (കുവലയാനന്ദം)

പദ്യം 49. കാമകേളീസന്ദർഭം കഴിഞ്ഞുപോയതിലുള്ള നിരാശ പ്രമദകളുടെ വിളൎച്ചയ്ക്കു കാരണം. 'പ്രമദ' സാഭിപ്രായപദം. തിമിരഭരാവൃതി=കൂററിരുട്ടിന്റെ ആവരണം.

ഈവിധമുള്ള ദീപകം 'കാരകദീപകം'; ആദ്യം പറഞ്ഞതു 'ക്രിയാദീപകം'. ഉത്തരോദാഹരണത്തിൽ കരണകാരകത്തിനു് അനേകക്രിയാന്വയം. വേറെ കാരകങ്ങൾക്കു് ഉദാഹരണങ്ങൾ:

കർത്താവിനു്:

51. ഭക്ത്യാ സേവിക്ക പൂജ്യാൻ, മരുവുക സഖിയെപ്പോൽ സപത്നീജനത്തിൽ
ഭർത്താവിൻ വിപ്രിയം ചെയ്യുരുതു നികൃതയെന്നാകിലും കോപമൂലം,
അത്യന്തം ഭൃത്യരിൽ വാഴ്ക സരളതയാ, ഗർവ്വമുൽസൃജ്യഭോഗേ-
ഷ്വിത്ഥം സ്ത്രീകൾ ഭവിക്കുന്നിഹ ഗൃഹിണികളാ,യന്യഥാ ഗേഹബാധാഃ.
—ഭാഷാ. ശാ.

അധികരണത്തിനു്:

52. കാററുകൾക്കൊണ്ടൊരു കീചകങ്ങൾ കുഴലൂതുന്നു ശ്രുതിക്കൊത്തപോൽ
സംഘംചേർന്നൊരു സിദ്ധമുഗ്ദ്ധമിഴിമാർ പാടുന്നു സങ്കീർത്തനം
മുററും നിന്നിടിനാദമങ്ങൊരു മൃദംഗംപോൽ മുഴങ്ങീടുകിൽ
സമ്പൂർണ്ണം സദിരിന്റെ മേളമവിടെ സ്വാമിക്കു സന്ധിക്കുമേ. —മേഘദൂതു്

കർമ്മത്തിനു്:

53. മണപ്പിച്ചു ചുംബിച്ചു നക്കിക്കടിച്ചി-
ട്ടിണങ്ങാതെ ദൂരത്തെറിഞ്ഞാൻ കുരങ്ങൻ
മണിശ്രേഷ്ഠ! മാഴ്കൊല്ല; നിന്നുള്ള കാണ്മാൻ
പണിപ്പെട്ടുടയ്ക്കാഞ്ഞതേ നിൻെറ ഭാഗ്യം.
—കേരളവർമ്മ വലിയകോയിത്തമ്പുരാൻ

ഇതുപോലെ ശേഷം കാരകങ്ങൾക്കും ഊഹിച്ചുകൊള്ളുക. കാരകദീപകത്തിൽ ഔപമ്യത്തിനു് പ്രതീതി വരാത്തതിനാൽ ഇതു് സാമ്യമൂലകാലങ്കാരങ്ങളിൽ ഉൾപ്പെടുന്നില്ല. ഇതിനെ സ്വീകരിക്കുന്നപക്ഷം വാസ്തവോക്ത്യലങ്കാരങ്ങളുടെ കൂട്ടത്തിൽ ചേർക്കണം.*

## 16. അപ്രസ്തുതപ്രശംസ

അപ്രസ്തുതപ്രശംസാഖ്യ-
മപ്രസ്തുതമുരയ്ക്കുതാൻ:
സൈ്വരം മൃഗങ്ങൾ വാഴുന്നു
പരാരാധനമെന്നിയേ. 42

ഏതാനും ചില സംബന്ധങ്ങൾകൊണ്ടു് പ്രസ്തുത വൃത്താന്തത്തിനു് പ്രതീതി വരുംവിധത്തിൽ അപ്രസ്തുതവൃത്താന്തത്തെ വർണ്ണിക്കുക 'അപ്രസ്തുതപ്രശംസ'. രാജസേവകന്റെ വാക്യമായ ഉദാഹരണത്തിൽ അപ്രസ്തുതമൃഗവൃത്താന്തവർണ്ണനം സാത്ര

---

പദ്യം 51. കണ്വവചനം, ശകുന്തളയോടു്. നികൃത=നിരസിക്കപ്പെട്ടവൾ. അന്യഥാ=മറിച്ചാണെങ്കിൽ. 'സ്ത്രീകൾ' എന്ന കർത്താവിൽ 'സേവിക്ക' തുടങ്ങിയ അനേകം ക്രിയകൾക്കു യോഗം. 'ഭൃത്യരിൽ അത്യന്തം സരളതയാ വാഴ്ക' എന്നു മൂന്നാംപാദത്തിൽ അന്വയം.

പദ്യം 52. കീചകം=മുള. സിദ്ധമുഗ്ദ്ധമിഴിമാർ=സിദ്ധസ്ത്രീകൾ. സദിരു്=പാട്ടുകച്ചേരി. 'അവിടെ' (ആ ദിക്കിൽ) എന്ന അധികരണകാരകത്തിൽ 'കുഴലൂതുന്നു' തുടങ്ങിയ അനേകം ക്രിയകൾക്കു യോഗം.

പദ്യം 53. മണിശ്രേഷ്ഠ!=ശ്രേഷ്ഠമായ രത്നമേ! 'നിന്നെ' എന്നൊരു കർമ്മം അദ്ധ്യാഹരിക്കണം. അതിൽ 'മണപ്പിക്കുക' തുടങ്ങിയ അനേകം ക്രിയകൾക്കു യോഗം.

* 6-ാം കാരിക നോക്കുക.

പ്യസംബന്ധംകൊണ്ടു് പ്രസ്തുതരായ പരാധീനവൃത്തികളുടെ‡ നിന്ദയിൽ പര്യവസാനിക്കുന്നു. പ്രസ്തുതവൃത്താന്തബോധകങ്ങളായ സംബന്ധങ്ങൾ ഇന്നവയെല്ലാമെന്നു് പൂർവ്വാചാര്യമതാനുസാരേണ പരിഗണനം ചെയ്യുന്നു:

**വിശേഷത്തിന്നു സാമാന്യം**
**കാര്യത്തിന്നഥ കാരണം**
**ഇതു രണ്ടും മറിച്ചിട്ടും**
**തുല്യത്തിന്നിഹ തുല്യവും**
**പ്രകൃതത്തിന്നപ്രകൃത-**
**മഞ്ചുമാതിരിയിങ്ങനെ.** 43

(1) പ്രസ്തുതമായ വിശേഷത്തിന്നു പകരം അപ്രസ്തുതമായ സാമാന്യം; മറിച്ചു് (2) സാമാന്യത്തിനു വിശേഷം; (3) കാര്യത്തിന്നു കാരണം; (4) കാരണത്തിന്നു കാര്യം; (5) തുല്യത്തിന്നു തുല്യം; ഇങ്ങനെ സാമാന്യവിശേഷഭാവം, കാര്യകാരണഭാവം, സാരൂപ്യം, എന്നു് മൂന്നു സംബന്ധങ്ങളെ അടിസ്ഥാനമാക്കി അപ്രസ്തുതപ്രശംസ അഞ്ചുവിധമായി ചമയുന്നു. ഇവയിൽ സാരൂപ്യനിബന്ധനമായതു മാത്രമേ സാമ്യമൂലകാലങ്കാരങ്ങളിൽ ഉൾപ്പെടുന്നുള്ളു. ശേഷം നാലും വാസ്തവോക്തിയിൽ ചേരേണ്ടവയെന്നു സ്പഷ്ടമാകുന്നു.*

സാരൂപ്യനിബന്ധനാപ്രസ്തുതപ്രശംസയ്ക്കു് പൂർവ്വാചാര്യന്മാർ 'അന്യോക്തി' എന്നും 'അന്യാപദേശം' എന്നും പ്രത്യേകസംജ്ഞ ചെയ്തിട്ടുമുണ്ടു്.

അന്യോക്തിക്കു് ഉദാഹരണം:

54. തേളു തുച്ഛമൊരു കീടകം പരമിതെന്തുചെയ്യുമൊരുറുമ്പിനെ-
ക്കാളുമില്ല പണി കൊല്ലുവാനിതിനെ, വാഴമെത്രയിതു വാഴ്കിലും;
ആളുകൾക്കു പുനരെന്തു പേടി, യവർ പേരു കേട്ടുമുടനോടിടും;
കാളുമുഗ്രവിഷമുള്ള വാൽമുനയതിന്റെ തീവ്രത കഥിപ്പതോ!
—അന്യാപദേശശതകം

ഇവിടെ തേളിന്റെ വാലിനെ വർണ്ണിക്കുന്നതുകൊണ്ടു് ഖലൻ എത്രതന്നെ നിസ്സാരനായാലും അവന്റെ നാക്കിനെ എല്ലാവരും ഭയപ്പെടും എന്നുള്ള സരൂപമായ ഉപദേശത്തെ കവി വായനക്കാരെ ധരിപ്പിക്കുന്നു.

വിശേഷപ്രസ്താവത്തിൽ സാമാന്യകഥനത്തിനു്:

55. തന്ദേശം ചെന്നണവതിനു തേ ചൊല്ലുവൻ മാർഗ്ഗമാദൗ
സന്ദേശം ചൊന്നഥ സപദി ഞാൻ യാത്രയാക്കാം ഭവാനെ
സന്ദേഹം വേണ്ടപരനുപകാരത്തിനാകാത്തതെങ്കിൽ
കിന്ദേഹംകൊണ്ടൊരു ഫലമിഹ പ്രാണിനാം ക്ഷോണിതന്നിൽ?
—മയൂരസന്ദേശം

ഇവിടെ ഉത്തരാർദ്ധത്തിൽ, 'നീ എനിക്കുവേണ്ടി ഈ കായക്ലേശം ചെയ്യുന്നതിനു് മടിക്കരുതു്' എന്ന വിശേഷത്തിനു പകരം 'പരോപകാരാർത്ഥമിദം ശരീരം' എന്ന സാമാന്യം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

സാമാന്യപ്രസ്താവത്തിൽ വിശേഷകഥനത്തിനു്:

56. ജനമെല്ലാമുന്മുഖമാ-
യനിമേഷകളായ നേത്രപംക്തികളാൽ

‡ അന്യരെ ആശ്രയിക്കുന്ന ദുർഭാഗ്യവാന്മാർ.

* 6-ാം കാരിക നോക്കുക.

പദ്യം 55. നായകൻ സന്ദേശഹരനോടു് ഉപക്രമമായി പറയുന്നതു് തം+ദേശം=തന്ദേശം=(ആ ദേശത്തെ) ആ ദേശത്തു്. കിം+ദേഹം=കിന്ദേഹം. കിം—ചോദ്യസൂചകമായ വാക്കു്. ദേഹംകൊണ്ടു കിം ഫലം എന്നു് അന്വയഗതി.

മനമതിലെന്തൊരു ഭാവാൽ
പനിമതിലേഖാം വിലോകതേ *f* ഭിനവാം? —ഭാഷാ. ശാ.

ഇവിടെ സ്പൃഹണീയമായ വസ്തുവിൽ ജനങ്ങൾക്കു് കൗതുകം തോന്നുന്നതു് അതു തനിക്കു ലഭിക്കണമെന്നുള്ള ആഗ്രഹത്താലല്ല എന്ന സാമാന്യത്തിന്റെ സ്ഥാനത്തിൽ നൂതനചന്ദ്രകലാദശ്നരൂപമായ വിശേഷം പറയപ്പെട്ടിരിക്കുന്നു.

കാര്യപ്രസ്താവത്തിൽ കാരണത്തിനു്:

57. കണ്ടീടാമെന്നൊടെന്താണിവളുടെ വിധമെന്നോത്തു ഞാൻ
പാത്തിരുന്നേൻ
മിണ്ടീടുന്നില്ലിതെന്തെന്നൊടു ശംനിതി മൽക്കാന്തയും
കോപമാന്നാൾ
അവ്യാപാരം മിഥോ വീക്ഷണചതുരമതാമായവ-
സ്ഥാന്തരത്തിൽ
സവ്യാജം ഞാൻ ചിരിച്ചേ, നവൾ മമ ധൃതി പോകുംപ്രകാരം
കരഞ്ഞാൾ. —അമരുകശതകം

ഇവിടെ നായികയുടെ പ്രണയകലഹം ഏതുവിധം ശമിച്ചു എന്നു് കാര്യം പ്രസ്തുതമായിരിക്കെ കാരണം പറയപ്പെട്ടിരിക്കുന്നു.

കാരണപ്രസ്താവത്തിൽ കാര്യത്തിനു്:

58. നാള്ളാലികൾക്കുമൊരു നാണമുദിക്കുമെങ്കിൽ
കുന്നിൻകുമാരിയുടെ കുന്തളകാന്തി കണ്ടാൽ
നിസ്സംശയം ചമരിമാക്കറുമായിരുന്നു
വാലിൻവിലാസമതിലുള്ളൊരു വത്സലത്വം. —ഭാ. കു. സം.

ഇവിടെ പ്രകൃതമായ പാവ്വതീകേശസൗന്ദര്യത്തിനു പകരം ആ കേശസൗന്ദ ര്യദശ്നനിമിത്തമായി ചമരികൾക്കുണ്ടാകാമായിരുന്ന വാലിൻവിലാസത്തിലെ വാത്സല്യക്കുറവാകുന്ന അപ്രകൃതകാര്യത്തെ വണ്ണിച്ചിരിക്കുന്നു.

അപ്രസ്തുതപ്രശംസയിലെ കാര്യകാരണഭാവത്തിൽ സാക്ഷാലുള്ള കാര്യ കാരണങ്ങൾ മാത്രമല്ല, കാര്യത്തിന്റെ കാര്യവും കാരണത്തിന്റെ കാരണവും കൂടി വിവക്ഷിതമാകുന്നു. എങ്ങനെയെന്നാൽ,

59. "കാളിന്ദീ!" "ചൊല്ലഗസ്ത്യാ" "ജലനിധിയിഹ
ഞാൻ; വൈരിയെച്ചൊന്നതെന്തേ?"
"കേളെന്നാൽ, നമ്മദാ ഞാൻ; ത്വമപി പറ-
യൊലാ മത്സപത്നീടെ നാമം."

---

പദ്യം 56. ആശ്രമകന്യകയൊടു സവിശേഷതാൽപ്പര്യം കാണിച്ച ദുഷ്യന്തനെ മാഢവ്യൻ ആക്ഷേപിച്ചു. അതിനു ദുഷ്യന്തൻ പറഞ്ഞ മറുപടി. അനിമേഷ= ഇമയടയ്ക്കാത്ത. അഭിനവാം പനിമതിലേഖാം വിലോകതേ എന്നു നാലാംപാദത്തിൽ അന്വയം.

പദ്യം 57. അവ്യാപാരം=ഒന്നും ചെയ്യാതെ. മിഥഃ (മിഥോ) = പരസ്പരം. ധൃതി=മനസ്സിന്റെ കട്ടപ്പം. വീക്ഷണചതുരമതാം ആ അവസ്ഥാന്തരത്തിൽ എന്നു മൂന്നാംപാദത്തിൽ പദച്ഛേദം.

പദ്യം 58. നാള്ളാലി ...മെങ്കിൽ (നാള്ളാലികൾക്കു് നാണം എന്ന വികാരം ഉണ്ടാകുമായിരുന്നെങ്കിൽ). ചമരിമാക്കു്, കുന്നിൻ...കണ്ടാൽ, വാലിൽ... വത്സലത്വം നിസ്സംശയം അറുമായിരുന്നു എന്നു് അന്വയം.

''കൊണ്ടൽക്കാവ്വർണ്ണമെന്തേ തവ?'' ''മഷികലരും
മാളവീബാഷ്പസംഗം–
കൊണ്ടത്രേ!'' ''എന്തവൾക്കിന്നൊരഴൽ'' ''അയി,
കയത്തീടിനാൻ കുന്തളേന്ദ്രൻ!'' —സ്വ.

ഇതിൽ നാലാംപാദത്തിൽ 'മാളവികൾക്കു് എന്തൊരാപത്തുണ്ടായി' എന്ന ചോദ്യത്തിനു് ഉത്തരം, 'വൈധവ്യദുഃഖം' എന്നുള്ള സാക്ഷാൽ കാരണം പറയാതെ അതിനും കാരണമായ കുന്തളരാജാവിൻെറ കോപത്തെപ്പറഞ്ഞിരിക്കുന്നു. 'കുന്തളരാജാവു് മാളവദേശത്തെ ആക്രമിച്ചതിനുശേഷം ആ ദേശം പിടിച്ചോ' എന്ന ചോദ്യത്തിനുത്തരമായ ഈ ശ്ലോകം ജയാനന്തരമുണ്ടായ സമുദ്രനമ്മദാസംഭാഷണരൂപമാകയാൽ കാര്യത്തിൻെറ കാര്യം നിബന്ധിക്കുന്നതിനും ഇതു് ഉദാഹരണമാകുന്നു.

പ്രസ്തുതംകൊണ്ടു് വേറെ ഒരു പ്രസ്തുതത്തെ ദ്യോതിപ്പിക്കുന്നതു് 'പ്രസ്തുതാങ്കുരം' എന്നൊരലങ്കാരം എന്നു് അപ്പയ്യദീക്ഷിതർ* പറയുന്നതു് വാസ്തവത്തിൽ അപ്രസ്തുതപ്രശംസയിൽത്തന്നെ അന്തർഭവിക്കുന്നതാണു്:

## അതിശയോക്തിവിഭാഗം

സാമ്യോക്ത്യലങ്കാരങ്ങളെ വിവരിച്ചതിനുശേഷം അതിശയോക്ത്യലങ്കാരങ്ങളെ എടുക്കുന്നു. അതിശയോക്തിയുടെ സ്വഭാവം മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇനി അതിൻെറ വകഭേദങ്ങളെച്ചൊല്ലുന്നു.

**ഇഹ ഭേദമഭേദത്തിൽ**
**ഭേദത്തിങ്കലഭേദവും**
**തഥാ യോഗമയോഗത്തിൽ**
**യോഗത്തിങ്കലയോഗവും.** 44

**കാര്യഹേതുക്കളൊന്നിക്ക**
**ക്രമദേശങ്ങൾ തെററുക**
**ഇത്യാദ്യതിശയോക്തിക്കു**
**പല ഭേദങ്ങൾ വന്നിടും.** 45

(1) ഭേദമില്ലാത്തിടത്തു് ഭേദം കല്പിക്കുക; (2) ഭേദമുള്ളിടത്തു് ഭേദത്തെ ഗണിക്കാതിരിക്കുക; (3) ഉള്ളതിനെ ഇല്ലാതാക്കുക; (4) ഇല്ലാത്തതിനെ ഉണ്ടെന്നു സിദ്ധാന്തിക്കുക; (5) കാര്യകാരണങ്ങൾക്കു് ഒന്നിച്ചു പ്രവൃത്തി; (6) അവസ്ഥു്

---

പദ്യം 59. നദികളെല്ലാം കടലിൻെറ ഭാര്യമാർ എന്നു കവിസങ്കല്പം. അഗസ്ത്യൻ സമുദ്രത്തെ കൈക്കോട്ടിലെടുത്തു കുടിച്ചു എന്നു പുരാണം. 'കാളിന്ദീ' എന്നു വിളിച്ചതു സമുദ്രം. 'അഗസ്ത്യാ കാര്യമെന്താണെന്നു പറയൂ' എന്നു മറുപടി പറഞ്ഞതു നമ്മദ. ഈ ക്രമത്തിൽ സംഭാഷണം തുടരുന്നു.

* പ്രസ്തുതം രണ്ടിലൊന്നൊന്നാൽ
ദ്യോതിക്കിൽ പ്രസ്തുതാങ്കുരം.
വണ്ടേ, മാലതിയുള്ളപ്പോൾ
കണ്ടകിക്കൈതയെന്തിനോ! (കുവലയാനന്ദം)

രണ്ടു പ്രസ്തുതങ്ങളുണ്ടായിരിക്കെ ഒന്നുകൊണ്ടു മറേറതു സൂചിപ്പിക്കപ്പെട്ടാൽ പ്രസ്തുതാങ്കുരം. കലഹാന്തരിതയായ സപത്നിയിൽ ആഭിമുഖ്യം വിടാത്ത നായകനമൊത്തു് ഉദ്യാനവിഹാരം നടത്തുന്ന നായിക വണ്ടിനോടു പറയുന്നതാണു് ഉദാഹരണവാക്യം. ഉദ്യാനസ്ഥിതിയിൽ ഭൃംഗവൃത്താന്തം പ്രസ്തുതം; നായികാവചനമായതിനാൽ നായകവൃത്താന്തവും പ്രസ്തുതം.

പൗർവാപര്യക്രമം ഭേദപ്പെടുക, (എന്നുവെച്ചാൽ കാര്യം മുൻപിലും കാരണം പിൻപിലും ജനിക്കുക); (7) അവസ്ഥ ദേശഭേദം വരിക (എന്നുവെച്ചാൽ കാരണമൊരിടത്തും കാര്യം മറ്റൊരിടത്തുമായിപ്പോവുക) എന്നമാതിരി പല മട്ടിൽ അതിശയോക്തി ഉളവാകും.

ഇവയ്ക്കെല്ലാററിനും പ്രത്യേകം പേർ കൊടുക്കപ്പെട്ടിട്ടില്ല. പേരുള്ളവയുടെ ലക്ഷ്യലക്ഷണങ്ങളെ പറയുന്നു:

## 1. ഭേദകാതിശയോക്തി

**ഭേദം ചൊന്നാലഭേദത്തിൽ**
**ഭേദകാതിശയോക്തിയാം:**
**അന്യാദൃശംതന്നെയോർത്താ-**
**ലിന്നൃപന്റെ പരാക്രമം.** 46

ഇവിടെ പ്രകൃതനായ നൃപനിലുള്ള പരാക്രമം മററു നൃപന്മാരിലുള്ളതിനെക്കാൾ വാസ്തവത്തിൽ വ്യത്യസ്തമല്ലെങ്കിലും അനന്യസാധാരണമാണെന്നു പറയുകയാൽ ഭേദമില്ലാത്തിടത്തു ഭേദകല്പന. വേറെ ഉദാഹരണം:

60. ഓജസ്സൂർജ്ജസ്വലമുലകിലില്ലേവമന്യാംഗനാനാം
തേജസ്സോടൊത്തുടലിനിതുപോലാക്ക സൗന്ദര്യമോക്കിൽ
സൗജന്യത്തെപ്പറകിലതസാധാരണംതന്നെയാണേ,
രാജന്യസ്ത്രീമണിയുടെ ഗുണൗഘങ്ങളന്യാദൃശങ്ങൾ. —മ. സ.

വേറെയും ഉദാഹരണം:

61. സൃഷ്ടിക്കപ്പെട്ട പെട്ടെന്നിവളുരുതരശൃംഗാരനാം മാരനാലോ
പുഷ്ടശ്രീസോമനാലോ പുനരിഹ മധുമാസത്തിനാലോ നിനച്ചാൽ
മുട്ടാതീ വേദപാഠാൽ വിഷയരുചി കുറഞ്ഞുള്ളൊരാദ്യൻമുനിക്കീ-
മട്ടൊക്കും ചാരുരൂപം മഹിമയൊടു ചമച്ചീടുവാൻ പ്രൗഢിയുണ്ടോ?
—കൊ. ശങ്കുണ്ണി (വിക്രമോർവ്വശീയം.)

ഇവിടെ ഉർവ്വശിയുടെ രൂപലാവണ്യം കണ്ടിട്ടു അവളെ സൃഷ്ടിച്ച ബ്രഹ്മാവു സാധാരണബ്രഹ്മാവല്ല, ചന്ദ്രാദികളിലൊരുവനായിരിക്കണമെന്നു സന്ദേഹിക്കുന്നതിനാൽ ഭേദമില്ലാത്തിടത്തു ഭേദം കല്പിക്കപ്പെട്ടിരിക്കുന്നു.

## 2. രൂപകാതിശയോക്തി

**നിഗീര്യാധ്യവസാനം താൻ**
**രൂപകാതിശയോക്തിയാം:**
**സരോജയുഗളം കാണ്ക**
**ശരങ്ങൾ ചൊരിയുന്നിതാ.** 47

ഉപമാനോപമേയങ്ങൾക്കു അഭേദം കല്പിച്ചു ഉപമേയത്തെ കാണിക്കാതെ അതിന്റെ സ്ഥാനത്തു ഉപമാനത്തെത്തന്നെ പ്രയോഗിക്കുന്നതിനു നിഗീര്യാധ്യവസാനം എന്നു പേർ.* ഉപമാനോപമേയങ്ങൾക്കുള്ള ഭേദത്തെ വകവെയ്ക്കായ്കകൊണ്ടു ഇതു ഭേദത്തിങ്കലഭേദമാകുന്നു. ഉദാഹരണത്തിൽ നേത്രസരോജയുഗളം കടാ

---

പദ്യം 60. (1) ഏവം ഉലകിലില്ല; (2) ഇതുപോൽ ആക്ക? (ആക്കമില്ല); (3) അസാധാരണം; (4) അന്യാദൃശം; ഇവയാണു യഥാക്രമം നാലു പാദങ്ങളിലെയും ഭേദകല്പനകൾ.

* ഈ നിഗീര്യാധ്യവസാനംതന്നെ രൂപകാതിശയോക്തി.

ക്ഷശരങ്ങളെ ചൊരിയുന്നു എന്നു പറയേണ്ടിടത്തു് ഉപമേയങ്ങളായ നേത്രകടാക്ഷങ്ങളെ വിട്ടിട്ടു് ഉപമാനങ്ങളായ സരോജയുഗളശരങ്ങളെ മാത്രം നിർദ്ദേശിച്ചിരിക്കുന്നു. വേറെ ഉദാഹരണം:

62. കാറിൻചോട്ടിൽ കലേശപ്പൊളി, തിര, കരിമീനങ്ങൾ, താഴത്തൊരെള്ളിൻ
താരും, ചെന്തൊണ്ടി, മുക്താവലി മുകുരദരം, വെണ്ണിലാ, വിന്ദുബിംബം,
മേരുക്കൾ, നഭ്ര, മെന്നല്പസിതഭുജഗസോപാനകൂപം, മണൽത്തി, —
ട്ടാരോമൽക്കാഞ്ചനത്തൂണുകളിവ തളിരിൻമേളിലൊന്നൊന്നു കാണാം.
—ഭൂതിഭൂഷചരിതം

ഇതിൽ കാറു് മുതലായ വസ്തുക്കൾ അതുകൾക്കു് ഉപമേയങ്ങളായ തലമുടി തുടങ്ങിയ അംഗങ്ങളെ കുറിക്കുന്നു. വേറെയും ഉദാഹരണം:

63. മുത്തിന്നും പവിഴത്തിനും നടുവിലാണുൽപ്പത്തി തേനിന്നു, പി—
ന്നത്താരോ ഭരവാഹി മാത്ര, മിവയും ചേരുന്നതോ ചന്ദ്രനിൽ;
ആഴിക്കുള്ളതിലല്ല ചന്ദ്രന, വനും ശംഖാണു വാനല്ലഹോ!
വാഴുന്നേട, മിതിത്രയും സുമുഖിയെപ്പാർത്താലുടൻ വ്യക്തമാം. —സ്വ.

ഇതിൽ നിഗീര്യാദ്ധ്യവസാനത്തോടു ചേർന്നു് അപഹ്നവംകൂടി ഉണ്ടെന്നു് വിശേഷം.*

## 3. സംബന്ധാതിശയോക്തി

**അയോഗത്തിങ്കലെ യോഗം**
**സംബന്ധാതിശയോക്തിയാം:**
**മുട്ടുന്നു മതിബിംബത്തിൽ**
**മോടിയോടിഹ മേടകൾ.** 48

വേറെ ഉദാഹരണം:

64. ഉണ്ണിയുണ്ടായ സന്തോഷംകൊണ്ടുടൻ
പുണ്യലോകായ ഭൂതി കൊടുക്കയാൽ
ആലവട്ടം കുടതഴയെന്നിയേ
ശേഷിച്ചില്ലൊന്നും ഭൂപനു; ഗോവിന്ദ!
—രാമായണം ഇരുപത്തിനാലുവൃത്തം

---

പദ്യം 62. കലേശപ്പൊളി=ചന്ദ്രക്കല (നെററി) തിര (പുരികം). കരിമീൻ (കണ്ണു്). എള്ളിൻതാരു് (മൂക്കു്). തൊണ്ടി (ചുണ്ടു്). മുക്താവലി (പല്ലുകൾ). മുകുരം (കവിൾ). ദരം=ശംഖു് (കഴുത്തു്). നിലാവു് (പുഞ്ചിരി). ഇന്ദു (മുഖം). മേരു(സ്തനം). അഭ്രം=ആകാശം(വയറു്). അസിതഭുജഗം=കറുത്ത പാമ്പു്(രോമാളി) സോപാനം=പടി(ത്രിവലി). കൂപം=കുഴി(നാഭി). മണൽത്തിട്ടു്(ജഘനം). കാഞ്ചനത്തൂണു്(തുട). തളിർ(പാദം). ഇവയെല്ലാം നിഗീര്യാദ്ധ്യവസാനംതന്നെ.

പദ്യം 63. നായികാമുഖവർണ്ണന. തേൻ പൂവിലാണല്ലോ ഉണ്ടാകേണ്ടതു്. ഇവിടെ മുത്തിനും പവിഴത്തിനും ഇടയിൽ ഉണ്ടായിരിക്കുന്നു. അവ മൂന്നും ചന്ദ്രനിൽ ഒന്നിച്ചുകൂടിയിരിക്കുന്നു. ചന്ദ്രനാകട്ടെ സമുദ്രത്തിലല്ല, ശംഖിന്മേൽ സ്ഥിതിചെയ്യുന്നു. മുത്തു് (പല്ലു്) പവിഴം (ചുണ്ടു്) തേൻ (അധരരസം) ചന്ദ്രൻ (മുഖം) ശംഖു് (കഴുത്തു്) ഇവയിൽ നിഗീര്യാദ്ധ്യവസാനം. പൂവു് തേനിന്നു ജന്മസ്ഥാനമല്ല, ഭരവാഹി (ചുമട്ടുകാരൻ) മാത്രം എന്നും, ചന്ദ്രന്റെ വാസസ്ഥലം ആഴിയല്ല, ശംഖാണു് എന്നും പറഞ്ഞിരിക്കുന്നിടത്തു് അപഹ്നവം.

* അപഹ്നുതി നോക്കുക.

## 4. അസംബന്ധാതിശയോക്തി

**അയോഗം ചൊല്ക യോഗത്തി-**
**ലയോഗാതിശയോക്തിയാം:***
**തല്പാദസേവയുള്ളപ്പോൾ**
**കല്പപാദപമല്പമാം.** 49

ഉദാഹരണം:

65. മൽക്കളേബരമതിൽക്കളിച്ചധികമൊക്കമീയ്യഴകതൊക്കയും
മുഷ്ക്കവിട്ടടനടക്കൽവന്ന നിജദൃക്കിലാക്കിടുകിലക്ഷണം
ഉൽക്കടൻ മദനനോക്കിലശ്വി ശശി ശക്രനെന്നിവരതൊക്കയും
തക്കമോടഹഹ! വെക്കമോടി മല പൂക്കിടാതെ തല പൊക്കിടാ.
—വെണ്മണിമഹൻ

## 5. ഹേത്വതിശയോക്തി †

**അഭേദം കാര്യഹേതുക്കൾ-**
**ക്കെങ്കിലോ ഹേതുവാമതു്:**
**മുക്കണ്ണൻതൻ പുണ്യമാകം**
**മൈക്കണ്ണി തുണചെയ്യണം.** 50

കാര്യകാരണങ്ങൾക്കു് അഭേദം ചെയ്യുന്നതു് 'ഹേത്വതിശയോക്തി'; ഉപമാനോപമേയങ്ങൾക്കായാൽ രൂപകം; ഉപമേയത്തിനു പകരം ഉപമാനത്തെ നിർദ്ദേശിക്ക രൂപകാതിശയോക്തി; എന്നു് മൂന്നലങ്കാരങ്ങൾക്കും തങ്ങളിൽ ഭേദം. പ്രകൃതോദാഹരണത്തിൽ മുക്കണ്ണനു് പുണ്യത്താൽ ലഭിച്ച ദേവി പുണ്യരൂപമായിത്തന്നെ കല്പിക്കപ്പെട്ടിരിക്കുന്നു. വേറെ ഉദാഹരണം:

66. പുരികുഴൽനികരത്തിൽ പൂനിലാവിന്റെ വിത്തും
പുരികലതയിലോമൽകാമസാമ്രാജ്യസത്തും
പരിചിനൊടു ധരിക്കും പർവ്വതാധീശനുള്ള-
പ്പുരമസുകൃതവല്ലിക്കെപ്പൊഴും കുപ്പിടുന്നേൻ.
—ച. രവിവർമ്മകോയിത്തമ്പുരാൻ

വേറെയും ഉദാഹരണം:

67. അമ്പത്തൊന്നക്ഷരാളീകലിതതനുലതേ! വേദമാകുന്ന ശാഖി-
ക്കൊമ്പത്തമ്പോടു പൂക്കും കുസുമതതിയിലേന്തുന്ന പൂന്തേൻകുഴമ്പേ!
ചെമ്പൊൽത്താർബാണഡംഭപ്രശമനസുകൃതോപാത്തസൗഭാഗ്യലക്ഷ്മീ
സമ്പത്തേ! കുമ്പിടുന്നേൻ കഴലിണ വലയാധീശ്വരീ! വിശ്വനാഥേ!
—മഹിഷമംഗലം

---

* അയോഗാതിശയോക്തി = അസംബന്ധാതിശയോക്തി.

† 'ഹേതു' എന്നും ഈ അലങ്കാരത്തിനു് പേരുണ്ടു്.

പദ്യം 65. കാമതിലകംഭാണത്തിലെ വിടനായകന്റെ വാക്യം: സ്വശരീരസൗന്ദര്യപ്രശംസ. അശ്വി=അശ്വിനികളിൽ ഒരുവൻ (അശ്വിനികൾ അതിസുന്ദരന്മാരെന്നു പുരാണസങ്കല്പം). അക്കാദികൾക്കു മല കയറാതെയും തല പൊക്കാമെന്നിരിക്കെ തല പൊക്കുകയില്ലെന്നു് അസംബന്ധാതിശയോക്തി.

പദ്യം 66. പർവ്വതാധീശനു സുകൃതത്താൽ ലഭിച്ച ദേവി—പാർവ്വതി. സുകൃതം ഹേതു; ദേവി കാര്യം. അവയ്ക്കു് അഭേദം.

പദ്യം 67. നൈഷധംചമ്പുവിലെ മംഗളാചരണം. വലയാധീശ്വരി=തിരുവളങ്ങാട്ടു ഭഗവതി (ഊരകത്തമ്മ). ചെമ്പൊൽത്താർബാണൻ=കാമദേവൻ. ചെമ്പൊൽ...ശമനൻ=ശിവൻ; ചെമ്പൊൽ...ലക്ഷ്മീസമ്പത്താൽ ലഭിച്ച ദേവി (പാർവ്വതി). സൗഭാഗ്യലക്ഷ്മീസമ്പത്തു് ഹേതു. പാർവ്വതി കാര്യം. അവയ്ക്കു് അഭേദം.

ധർമ്മധർമ്മികൾക്ക് അഭേദാധ്യവസായം ചെയ്യുന്നതിന് 'ധർമ്മാതിശയോക്തി' എന്നു പേരിടാം. ഉപമാനോപമേയത്വമൊഴിച്ചുള്ള മററു സംബന്ധങ്ങൾക്ക് സാദ്ധ്യവസായലക്ഷണകൊണ്ടു* ചെയ്യുന്ന അഭേദാരോപമെല്ലാം അതിശയോക്തിതന്നെ. ഭേദത്തിങ്കലഭേദത്തിനു വേറെയും വൈചിത്ര്യങ്ങളുണ്ട്.

## 6. ഉല്ലേഖം

**ഉല്ലേഖമൊന്നിനെത്തന്നെ**
**പലതായി നിനയ്ക്കുകിൽ:**
**കാമനെന്നിവനെ സ്ത്രീകൾ**
**കാലനെന്നോർത്തു വൈരികൾ.** 51

പല ഗുണങ്ങളുള്ള ഒരു വസ്തുവിനെ അവയിലോരോന്നിനെ പ്രമാണിച്ച് ഓരോന്നാക്കിക്കല്പിക്കുന്നതു് 'ഉല്ലേഖം'. ലക്ഷ്യത്തിൽ സൗന്ദര്യപരാക്രമയുക്തനായ നായകനെ സ്ത്രീകൾ സൗന്ദര്യംപ്രമാണിച്ചു കാമനായിട്ടും ശത്രുക്കൾ പരാക്രമം പ്രമാണിച്ചു കാലനായിട്ടും ഗണിച്ചതായി പറയപ്പെട്ടിരിക്കുന്നു. വേറെ ഉദാഹരണം:

68. മല്ലന്മാക്കിടിവാൾ, ജനത്തിനരചൻ, മീനാങ്കനേണാക്ഷിമാ,–
ക്കില്ലത്തിൽ സഖി വല്ലവ,ക്കരി ഖല,ക്കന്നന്ദനോ നന്ദനൻ;
കാലൻ കംസനു, ദേഹികൾക്കിഹ വിരാൾ, ജ്ഞാനിക്കു തത്ത്വംപരം
മൂലം വൃഷ്ണികുലത്തിനെന്നു കരുതീ മാലോകരക്കണ്ണനെ. —സ്വ.

## 7. അക്രമാതിശയോക്തി

**കാര്യഹേതുക്കളൊന്നിച്ചാ–**
**ലക്രമാതിശയോക്തിയാം:**
**വർഷം തുടർന്നു പാന്ഥസ്ത്രീ–**
**മിഴിയും മുകിലും സമം.** 52

ഇവിടെ മുകിൽ വർഷിക്കുന്നതാണ് †പാന്ഥസ്ത്രീകൾക്ക് കരയുവാനുള്ള കാരണം. ഇതു രണ്ടും ഒന്നിച്ച് നടന്നതായി വർണ്ണിച്ചിരിക്കുന്നു. വേറെ ഉദാഹരണം:

---

* 160–ാംകാരിക (വ്യാഖ്യാനം) 3–ാമതു് എന്നു തുടങ്ങുന്ന ഖണ്ഡിക നോക്കുക.

പദ്യം 68. കംസസദസ്സിലേക്കു കയറിച്ചെന്ന കൃഷ്ണൻ വർണ്ണ്യം. ഇതിൽ ഇടിവാൾ, മീനാങ്കൻ, കാലൻ, മൂലം എന്നിവ രൂപകസ്പൃഷ്ടം. ശേഷം ശുദ്ധം. കാരികയിലെ ഉദാഹരണത്തിലും കാമൻ, കാലൻ, ഇവ രൂപകസ്പൃഷ്ടം. കേവലശുദ്ധമായും ഉല്ലേഖം വരാം.

പ്രിയനെന്നിവനെഗ്ഗോപികൾ
ശിശുവെന്നായ് വൃദ്ധരീ, ശനെന്നമരർ;
നാരായണനെന്നോർത്താർ
ഭക്തർ, പരബ്രഹ്മമെന്നു യോഗികളും. —സാ. ദർപ്പണം.

ഈ ഉദാഹരണങ്ങളെല്ലാം ഗ്രഹീതൃഭേദത്താൽ സംഭവിക്കുന്ന ഉല്ലേഖങ്ങൾ. വിഷയഭേദത്താലും ഈ അലങ്കാരം വരാം. ഉദാഹരണം:

കണ്ടാൽ ശരിക്കു കടലിന്മകൾ, നാവിളക്കി–
ക്കൊണ്ടാൽ സരസ്വതി, കൃപാണിയെടുത്തു വന്നാൽ
വണ്ടാറണിക്കുഴലി ദുർഗ്ഗ,യിവണ്ണമാരും
കൊണ്ടാട്ടമാറു പലമട്ടു രസിച്ചിരുന്നു.

† ദൂരദേശഗമനം ചെയ്യുന്ന (പാന്ഥൻ) നായകന്റെ വിരഹിണിയായ ഭാര്യ.

69. നിന്നസിയസുഹൃന്നൃപനും
മന്നവ! വെടിയുന്നു കോശമൊന്നിച്ചു;
സമമേവ! വിറയ്ക്കുന്നു
ക്ഷമയുമുപേക്ഷിച്ചിടുന്നു യുഗപദഹോ! —സ്വ.

## 8. അത്യന്താതിശയോക്തി

**ഹേതുവിൻ മുന്നമേ കാര്യ-**
**മത്യന്താതിശയോക്തിയാം:**
**മാനം പോയ് മുന്നമേ, കാന്തൻ**
**പിന്നെത്താൻ സാന്ത്വമോതിനാൻ.** 53

വേറെ ഉദാഹരണം:

70. മുന്നംതന്നെ മഹേശി! മർത്ത്യനിഹ കേളുഗ്രാർത്തിവീചിച്ഛടാ-
സാന്നിദ്ധ്യാൽബ്ഭണമാം ഭവാബ്ധിവമതിൻ പാരം കടക്കുന്നിതേ;
പിന്നെത്താൻ കലശാംബുരാശിവിലസൽക്കല്ലോലപാരമ്പരീ-
സന്നാഹം കലരുന്ന നിൻകടമിഴിപ്രേക്ഷയ്ക്കവൻ ലക്ഷ്യമാം. —സ്വ.

## 9. അസംഗതി

**ഹേതുവൊന്നിൽ കാര്യമൊന്നി-**
**ലെന്നുവന്നാലസംഗതി:**
**കൊണ്ടലുണ്ടു വിഷം, മൂർച്ഛ-**
**പൂണ്ടുപോൽ പാന്ഥനാരിമാർ.** 54

കാരണമൊരിടത്തിരിക്കെ കാര്യം അതിനോടു സംബന്ധിക്കാത്ത മറ്റൊരിടത്തായിപ്പോയാൽ 'അസംഗതി'. ഉദാഹരണത്തിൽ കാരണമായ വിഷപാനം മേഘത്തിനും കാര്യമായ മൂർച്ഛ പാന്ഥസ്ത്രീകൾക്കും പറയപ്പെട്ടിരിക്കുന്നു. വിഷം ജലമെന്നും ഗരളമെന്നും ശ്ലേഷംകൊണ്ടു് സിദ്ധി. മേഘം കാർ കൊണ്ടപ്പോൾ വിരഹിണികൾ മൂർച്ഛിച്ചു എന്നു തത്ത്വം. വേറെ ഉദാഹരണം:

71. ദീനത കൈവിട്ടു ദൂരത്തുനിന്നോരു
കാനനംതന്നിലപ്പാവകൻ താൻ;
വെന്തതു കാണ്ക പുരന്ദരമാനസം;
ചിന്തിച്ചു കാൺകിൽ വിചിത്രമത്രേ. —കൃ. ഗാ.

---

പദ്യം 69. രാജസ്തുതി: അസുഹൃന്നൃപൻ=ശത്രുരാജാവു്. അസി വാളു്. കോശം=ഉറ, ഭണ്ഡാരം എന്നും. നിന്നസി കോശം വെടിയുന്നു; അസുഹൃന്നൃപനും കോശം വെടിയുന്നു. (അവരുടെ ജീവൻ ഭൗതികശരീരമെന്ന ഉറ വിട്ടു് ഉയർന്നുപോയി എന്നും അർത്ഥം ആവാം.) ഒന്നിച്ചു്=ഒപ്പം. ക്ഷമ ഉപേക്ഷിക്കുക=അസിപക്ഷത്തിൽ ക്ഷമകേടു കാണിക്കുക. ശത്രുരാജപക്ഷത്തിൽ ഭൂമിയെ ഉപേക്ഷിക്കുക (മരിക്കുക). യുഗപത്+അഹോ=യുഗപദഹോ. യുഗപത്-ഒരുമിച്ചു്.

പദ്യം 70. മഹേശി=മഹേശൻെറ (ശിവൻെറ) പത്നി. ഉഗ്രാ...ബ്ഭണം-കഠിനദുഃഖതരംഗപരമ്പരയുടെ സാന്നിദ്ധ്യത്താൽ ഭീകരം. കലശാം...സന്നാഹം=പാൽക്കടലിലെ തിരമാലക്കൂട്ടത്തിന്റെ ഭംഗി. ദേവീകടാക്ഷം ഹേതു. ഭവാബ്ധിവതരണം കാര്യം. ദേവീകടാക്ഷം അതിശീഘ്രത്തിൽ മുക്തിയരുളുന്നതെന്നു ധ്വനി.

പദ്യം 71. ഖാണ്ഡവദാഹം സന്ദർഭം: പാവകൻ ദൂരത്തുള്ള കാനനത്തിൽ; വെന്തതോ, പുരന്ദരമാനസം. തൻെറ സുഹൃത്തു മരിച്ചാലോ എന്നു് ഇന്ദ്രൻെറ മനസ്സുനീറി എന്നു താൽപ്പര്യം.

വേറെ ഉദാഹരണം:

72. ഏഷണിക്കാരനാം പാമ്പിൻ
വിഷം വിഷമമെത്രയും
കടിക്കുമൊരുവൻകാതിൽ
മുടിയും മററൊരാളുടൻ. —സ്വ.

## 10. വിഭാവന

**കാര്യം കാരണമെന്ന്യേ താൻ**
**വരുന്നതു വിഭാവന:**
**മനുന്നു കാശു കിട്ടീടിൽ**
**മദ്യപിക്കാതെ മത്തനാം.** 55

പ്രസിദ്ധകാരണം കൂടാതെതന്നെ കാര്യമുണ്ടാകുന്നതു് വിഭാവന. വേറെ ഉദാഹരണം:

73. പ്രിയാശ്ലേഷം വിട്ടെൻതനുവിതു ചടയ്ക്കട്ടെ മിഴിയി–
ന്നിയന്നോട്ടേ കണ്ണീരവളെയിഹ കാണാഞ്ഞതുവശാൽ
വിയോഗംകൂടാതാമൃഗമിഴിയുമായ്ക്കാലമനിശം
നയിക്കും നീയെന്തിനുടനിഹ തപിക്കുന്നു മനമേ!—മാളവികാഗ്നിമിത്രം

വിഭാവനയ്ക്കു് ആറുമാതിരി ഭേദങ്ങൾ കുവലയാനന്ദത്തിൽ കാണുന്നുണ്ടെങ്കിലും അവ സാമാന്യലക്ഷണാക്രാന്തങ്ങളാകയാൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.*

## 11. വിശേഷോക്തി

**വിശേഷോക്തി ജനിക്കായ്കിൽ**
**കാര്യം ഹേതുവിരിക്കവേ:**
**കുറഞ്ഞില്ല ഹൃദി സ്നേഹം**
**സുരദീപം ജ്വലിക്കിലും.** 56

വിഭാവനയ്ക്കു വിപരീതം 'വിശേഷോക്തി'. ലക്ഷ്യത്തിൽ, ദീപം ജ്വലിക്കുമ്പോൾ സ്നേഹത്തിന്നു് (എണ്ണയ്ക്കു്) ക്ഷയം വരേണ്ടതാണു്. അതില്ലെന്നു വർണ്ണിച്ചിരിക്കയാൽ, വിശേഷോക്തി. എണ്ണ എന്നും പ്രേമം എന്നും സ്നേഹപദത്തിൽ ശ്ലേഷം. വേറെ ഉദാഹരണം:

---

* കാരണാഭാവത്തിന്നു കാര്യസിദ്ധി പറഞ്ഞുകഴിഞ്ഞു. ഇനി അകാരണം, വിരുദ്ധകാരണം, പ്രതിബദ്ധകാരണം, അസമഗ്രകാരണം, ഇവയിൽനിന്നു കാര്യങ്ങൾ ജനിക്കുന്നതും വിഭാവനകൾതന്നെ. കാര്യത്തിൽനിന്നു കാരണം ജനിക്കുന്ന വിചിത്രമായ ഒരു വിഭാവനയാണു് ആറാമത്തേതു്. അതിനുദാഹരണം:

കുന്നിന്മേൽ വള്ളിയുണ്ടാകാം;
കുന്നുണ്ടാകില്ല വള്ളിമേൽ;
എന്നാലോ രണ്ടു കുന്നല്ലോ;
പൊങ്ങീ സൗവർണ്ണവല്ലിമേൽ.

സുന്ദരികളുടെ ശരീരത്തിനു വള്ളി ഉപമാനമാണു്; സ്തനങ്ങൾക്കു കുന്നും. ഇവിടെ രൂപകാതിശയോക്തിയും ഉണ്ടു്.

പദ്യം 73. അഗ്നിമിത്രന്റെ സ്വഗതം: പ്രിയാശ്ലേഷം വിട്ടു്=പ്രിയയെ (മാളവികയെ) ആശ്ലേഷിക്കാൻ കിട്ടായ്കകൊണ്ടു്. മൃഗമിഴി=സുന്ദരി. അനിശം= എല്ലായ്പോഴും. തനു ചടയ്ക്കാനും മിഴി കണ്ണീരിയലാനും കാരണമുണ്ടു്. എന്നാൽ നായികയുമായി ഒരിക്കലും വിയോഗമില്ലാത്ത മനസ്സിന്നു തപിച്ചു എന്നു വിഭാവന.

74. ശുദ്ധദ്വിജസമീപത്തിൽ
നിത്യം ചേൎന്നു വസിക്കിലും
അധരേ രാഗസംബന്ധ-
മൊഴിയുന്നില്ലൊരിക്കലും.
—കെ. സി. കേശവപിള്ള (സുഭാഷിതരത്നാകരം)

വേറെയും ഉദാഹരണം:

75. പല്ലുകളിളകീടുന്നു
തലമുടിയെല്ലാം വെളുത്തുചമയുന്നു
കണ്ണുകളിരുളാൎന്നീടു-
ന്നെന്നാലും സ്ത്രീവധൂവശം ചിത്തം.
—കെ. സി. കേശവപിള്ള (സുഭാഷിതം)

## 12. വ്യാഘാതം

**വ്യാഘാതമിഷ്ടകാര്യത്തിൻ-**
**കാരണം താൻ വിരുദ്ധമാം**
**കാര്യത്തെയുളവാക്കുന്നു-**
**വെന്നു സാധിക്കുകിൽ പരൻ:** 57

**ഭൂഷണം സജ്ജനത്തിന്നു**
**ദൂഷണം ഖലകല്പിതം**
**ദോഷമല്ലോ ഖലൻതന്റെ**
**ദൃഷ്ടിയിൽ ഗുണമൊക്കവേ.** 58

ഒരുവൻ തനിക്കു് ഇഷ്ടമായ കാര്യത്തിനു കാരണമായി വിവക്ഷിക്കുന്ന സംഗതിയെത്തന്നെ മറെറാരുവൻ അതിനു വിപരീതമായ കാര്യത്തിനു കാരണമാക്കി സമൎത്ഥിക്കുന്നതു് 'വ്യാഘാതം'. വേറെ ഉദാഹരണം:

76. തീരംതിങ്ങും തമാലത്തളിരുകൾ വനമാൎന്നുഗ്രയാദോഗണത്താ-
ലേറെ ക്ഷോഭിച്ച നാലാഴികളുടെ മറുതീരംവരെബ് ഭൂമിപന്മാർ
പാരം വന്ദിച്ചു പൂമാലകളൊടു സമമായ് ചൂടുവോരാജ്ഞയെന്നിൽ
തീരെത്തെററുന്നമൂലം തവ വിനയമണിപ്രാഭവം കാട്ടിടുന്നു.
—മുദ്രാരാക്ഷസം

ദോഷഗുണങ്ങളെ ഗുണദോഷങ്ങളാക്കുന്നതു് 'ലേശം' എന്നു് അപ്പയ്യദീക്ഷിതർ ദണ്ഡിയെ അനുസരിച്ചു കല്പിക്കുന്നു.*

---

പദ്യം 76. ശാരദോത്സവം നടത്തണമെന്ന ചന്ദ്രഗുപ്താജ്ഞ ദ്വീപാന്തരങ്ങളിലുമുള്ള സാമന്തന്മാർ അനുസരിച്ചപ്പോൾ ചാണക്യൻ നിഷേധിച്ചു. ചാണക്യവചനം ചന്ദ്രഗുപ്തനോടു്: തീരംതിങ്ങും...മറുതീരം=തീരത്തു തമാലവൃക്ഷങ്ങൾ തിങ്ങിനില്ക്കുന്നതും ജലപ്രവാഹത്താൽ ഏറെ ക്ഷോഭിച്ചതുമായ നാലു സമുദ്രങ്ങളുടെയും അങ്ങേക്കര (ദ്വീപാന്തരമെന്നു താൽപ്പര്യം). വിനയമണി=വിനയമാകുന്ന രത്നം. തീരം തിങ്ങും...ഭൂമിപന്മാർ ആജ്ഞ അനുസരിക്കുന്നു എന്നതു് പ്രതാപത്തെ കാണിക്കുന്നു. അതേ ആജ്ഞതന്നെ ചാണക്യൻ ലംഘിക്കുമ്പോൾ ശിക്ഷിക്കാത്തതു് രാജാവിന്റെ വിനയത്തെ കാണിക്കുന്നു.

* ഗുണദോഷങ്ങളിൽ ദോഷ-
ഗുണകല്പന ലേശമാം:
വിഹായസ്സിൽ വിഹംഗങ്ങൾ
വിഹരിക്കുന്നു സ്വൈരമായ്;
കിളി, നിൻമൊഴി തേനായി-
പ്പോകയാൽ കൂട്ടിലായി നീ! (കുവലയാനന്ദം)
മധുരശബ്ദമില്ലായ്കയാൽ മററു പക്ഷികൾക്കു സ്വൈരവിഹാരം ചെയ്യാനാവു

77. സൽക്കീർത്തിക്കായ് വലഞ്ഞും പലപല വലുതാം ജോലിയാൻും മഹാന്മാർ
വാഴ്കം ലോകാപവാദാൽ ഭയമൊട്ടമനിശം പാർത്തിട്ടനാർത്തിയോടേ
സൽക്കർമ്മം ദുഷ്ടകർമ്മം ദ്വയമതിലിളകീടാതെയും ബോധമെന്യേ
യുക്തായുക്തങ്ങളോക്കാതെയുമമരുമൊരപ്രാകൃതൻതന്നെ ധന്യൻ.
—കെ. സി. കേശവപിള്ള (സുഭാഷിതം)

ഇത്യാദിശ്ലോകത്തെ ഉദാഹരിക്കയും ചെയ്യുന്നു. എന്നാൽ ഇതിൻെറ വിഷയം വ്യാഘാതത്താലും വ്യാജസ്തുതിയാലും ആക്രാന്തമാകുന്നതാണ്.

## 13. വിരോധാഭാസം

വിരോധം തോന്നുമാറുക്തി
വിരോധാഭാസമായിടും:
ഹന്ത! ചന്ദ്രമുഖിക്കിന്നു
ചെന്തീയായിതു ചന്ദനം. 59

വാസ്തവത്തിൽ വിരോധമില്ലെങ്കിലും പ്രഥമശ്രവണത്തിൽ വിരോധം തോന്നുന്നപ്രകാരം പറയുന്നതു് വിരോധാഭാസം. വിരോധം ജാതിക്രിയാഗുണദ്രവ്യങ്ങൾ എന്ന നാലു പദാർത്ഥങ്ങൾക്കു തങ്ങളോടും പരസ്പരവും വരാവുന്നതിനാൽ ഈ അലങ്കാരത്തിൽ ചില ഭേദങ്ങളുമുണ്ടാകും. (a) ജാതിക്കു് (1) ജാതിയോടു് (2) ഗുണത്തോടു് (3) ദ്രവ്യത്തോടു് (4) ക്രിയയോടു്; (b) ഗുണത്തിനു് (1) ഗുണത്തോടു് (2) ക്രിയയോടു് (3) ദ്രവ്യത്തോടു്; (c) ക്രിയയ്ക്കു് (1) ക്രിയയോടു് (2) ദ്രവ്യത്തോടു്; (d) ദ്രവ്യത്തിനു ദ്രവ്യത്തോടു് എന്നു പത്തു ഭേദങ്ങളേ ഉള്ളു എന്നു് 'അലങ്കാരകൗസ്തുഭ'ത്തിൽ സമർത്ഥിക്കപ്പെട്ടിരിക്കുന്നു.

ഉദാഹരണത്തിൽ ചന്ദനത്തെ ചെന്തീയാക്കിയതുകൊണ്ടു് ജാതിക്കു് ജാതിയോടു വിരോധം; വിരഹാവസ്ഥയിലെ പ്രതീതി എന്നു പരിഹാരം. ഏതാനും ചില ഭേദങ്ങൾക്കു് ഉദാഹരണം:

78. ഉത്തമപുരുഷന്മാരുടെ
ചിത്തം വജ്രത്തിലും തുലോം കഠിനം
നൽത്താരിലും മൃദുതരം
സത്യസ്ഥിതി പാർക്കിലാർക്കറിയാം? —ഉ. രാ. ച.

ഇവിടെ ഗുണങ്ങൾക്കു തങ്ങളിൽ വിരോധം വിഷയഭേദേന വരുന്നതെന്നു സമാധാനം.

79. രാവിന്നീശങ്കലും നൽപ്രണയികളിലുമാനന്ദമില്ലാസ്സയാലും-
ത്താവും താപത്തെയേററം ധൃതിയെഴമിവനും സ്പഷ്ടമാക്കുന്നു പാരം;
ഞാവൽപ്പൂപോലെ ജാത്യാ ലസിതമപി പരം പാണ്ഡുവായ് മുഗ്ദ്ധമായ്ത്തൻ
മെയ് വല്ലാതേ ചടയ്ക്കുന്നിതു, പുനരിവനോ രമ്യനാകുന്നതാനും.
—മാലതീമാധവം

ഇവിടെ ധീരനായിരിക്കെ അന്തസ്താപത്തെ പ്രകാശിപ്പിക്കുന്നു എന്നു പറകയാൽ ഗുണത്തിനു് ക്രിയയോടു വിരോധം.

---

ബോറം കിളിക്കു് മധുരശബ്ദമുള്ളതുകൊണ്ടു് പഞ്ജരബന്ധനം കിട്ടി. ഗുണദോഷങ്ങളിൽ വിപര്യാസകല്പന.

പദ്യം 77. സൽക്കീർത്തി, ഉന്നതപദവി മുതലായവയ്ക്കുവേണ്ടി മഹാത്മാക്കൾ കഷ്ടപ്പെടുന്നു. പ്രാകൃതന്മാരാകട്ടെ സദസച്ചിന്തയില്ലാതെ സുഖമായി ജീവിക്കുന്നു എന്നു് ഗുണ-ദോഷങ്ങളെ മറിച്ചിട്ടിരിക്കുന്നു.

പദ്യം 79. മാധവൻെറ മദനാവസ്ഥയെപ്പററി കാമന്ദകി എന്ന മാലതീധാത്രിയുടെ വാക്യം. രാവിന്നീശൻ(ചന്ദ്രൻ), പ്രണയി(സ്നേഹിതൻ), ഇവയിലൊന്നും സന്തോഷം കണ്ടെത്താനാവുന്നില്ല. ധൃതി=ധൈര്യം. പാണ്ഡു=വിളറിയതു്.

80. കവിയം വിളറി വരണ്ടോരാനനത്തേ വഹിപ്പോ-
രിവളിലുമഴകേററം പ്രജ്ജ്വലിക്കുന്ന ചിത്രം;
ഭുവി സഹജമനോജ്ഞത്വം വിളങ്ങും ജനത്തി-
ന്നവികലരുചിയെക്കാമാത്തിയും ചേത്തിട്ടുന്നു. —മാലതീമാധവം

ഇവിടെ മനസ്സിനെ രമിപ്പിക്കയും ക്ഷോഭിപ്പിക്കയും ചെയ്യുന്ന എന്നു പറഞ്ഞിരിക്കയാൽ ക്രിയയ്ക്കു ക്രിയയോടു വിരോധം; വിഷയഭേദേനസമാധാനം.

വിരോധാഭാസം ശ്ലേഷമൂലമായി വരുന്നതിനു് അധികം ചമൽക്കാരം ഉണ്ടായിരിക്കും. എങ്ങനെ:

81. നിന്തിരുവടിയുടെ പാദാംബുജരജസാ-
ഹന്ത! ചിന്തിക്കിലഹോ! വിരജനായേഷ ഞാൻ.
—രുക്മിണീസ്വയംവരം കഥകളി

ഇവിടെ രജസ്സുകൊണ്ടു് രജസ്സില്ലാത്തവനായി എന്നു വിരോധം; പാദാംബുജപരാഗസ്പൃശ്ത്താൽ രജോഗുണമലം പോയി എന്നു പരിഹാരം. വേറെ ഉദാഹരണം:

82. ദിവ്യം കിഞ്ചന വെള്ളമുണ്ടൊരു മുറിസ്സോമൻ കറുപ്പും ഗളേ
പാത്താൽ നല്ലടയാളമുള്ള കരമുണ്ടെട്ടല്ലഹോ! പിന്നെയും
തോലെന്ന്യേ തുണിയില്ല തെല്ലുമരയിൽ കേളേററുമാന്യരെഴം
പോററീ! നിൻെറ ചരിത്രമത്ഭുതമഹോ! ഭഗ്ഗ്രായ തുഭ്യം നമഃ
—രവിവമ്മൻതമ്പി

ഇവിടെ വിശേഷപ്പെട്ട വെളുത്ത വസ്ത്രവും, മുറിയായുള്ള സോമനും, കരിമ്പടവും, അടയാളമിട്ടതായി എട്ടിലധികം കരയൻമുണ്ടുകളും എല്ലാമുണ്ടെങ്കിലും അരയിൽ തുണിയില്ല എന്നു വിരോധം*; ശിരസ്സിൽ ഗംഗയും ചന്ദ്രക്കലയും ഉണ്ടു്, കഴുത്തിൽ കറുപ്പു്, ആയുധങ്ങൾ ധരിച്ച കൈകൾ എട്ടിലധികം ഉണ്ടു്— എന്നു് പരിഹാരം. ഈവിധത്തിൽ വിരോധാഭാസം ശ്ലേഷമൂലാലങ്കാരങ്ങളിൽ ചേരേണ്ടതെന്നു പ്രത്യേകിച്ചു് ഓമ്മിപ്പിക്കേണ്ടതില്ലല്ലോ.

## 14. സംഭാവന

**സംഭാവനയതുണ്ടായാ-**
**ലിതുണ്ടാമെന്ന കല്പന:**
**ശേഷനായെങ്കിൽ വർണ്ണിപ്പേൻ**
**ശേഷിക്കാതെ ഭവൽഗുണം.** 60

ഒരു കായ്യം സിദ്ധിക്കുന്നപക്ഷം മറെറാരു കാര്യം സിദ്ധിക്കുമെന്നു് ഊഹം ചെയ്യുന്നതു 'സംഭാവന'. ലക്ഷ്യത്തിൽ നിൻെറ ഗുണങ്ങളെ നിശ്ശേഷം വണ്ണിക്കുന്നതു് ഞാൻ ആദിശേഷനാകുന്നപക്ഷം സാധിക്കുമെന്നു പറകയാൽ ലക്ഷണാനുഗതി. വേറെ ഉദാഹരണം:

83. ചേലൊത്ത പുഷ്പമൊരു ചെന്തളിരിൽ പതിച്ചാ-
ലല്ലെങ്കിൽ മുത്തുമണി നല്ലവിഴത്തിൽ വെച്ചാൽ
തൊണ്ടിപ്പഴത്തിനെതിരാം മദിരാക്ഷിതൻെറ
ചുണ്ടിൽ പരക്കുമൊരു പുഞ്ചിരിയോടെതിക്കും. —കു. സം.

---

80. കാമന്ദകീവചനം, മാലതിയെക്കുറിച്ചു്. സഹജ...ത്തിനു കാമാത്തിയും അവികലരുചിയെ ചേത്തിട്ടുന്നു എന്നു് ഉത്തരാദ്ധത്തിൽ അന്വയം. വിളച്ചുകൊണ്ടും, വറണ്ടുകൊണ്ടും മനസ്സിനെ ക്ഷോഭിപ്പിക്കുകയും, സഹജമനോജ്ഞത്വംകൊണ്ടു രമിപ്പിക്കുകയും ചെയ്യുന്ന എന്നു വ്യഞ്ജിപ്പിച്ചിരിക്കുന്നു.

* സോമൻ = വേഷ്ടിമുണ്ടു്. ശിവൻ ദിഗംബരനെന്നു പുരാണം.

## 15. തൽഗ്ഗുണം

**തൽഗ്ഗുണം സ്വഗുണം വിട്ടു**
**മറ്റൊന്നിൻ ഗുണമേല്ക്കുക:**
**വൈരഞ്ഞാത്തധരത്തിൻെറ**
**ചാരെപ്പവിഴമായിതേ.** 61

സംസൎഗ്ഗംകൊണ്ടു് ഒന്നിന്റെ ഗുണം മറ്റൊന്നിൽ പകരുന്നതു് 'തൽഗ്ഗുണം.' പ്രകൃതത്തിൽ വൈരം അധരസാമീപ്യത്തിൽ പവിഴം എന്നു തോന്നിയതായി സമൎത്ഥിക്കപ്പെട്ടിരിക്കുന്നു. വേറെ ഉദാഹരണം:

84. വീഴുമ്പോൾ ഭുവി നഖരശ്മിയാൽ വെളുത്തും
വാഴുമ്പോൾ ദിവി മിഴിശോഭയാൽ കറുത്തും
ഉന്തുമ്പോൾ കരതലകാന്തിയാൽ ചുമന്നും
പന്തൊന്നെങ്കിലുമിതു മൂന്നുപോലെ തോന്നും. —സ്വ.

## 16. അതൽഗ്ഗുണം

**സംസൎഗ്ഗത്താൽ പരഗുണം**
**പകരായ്കിലതൽഗ്ഗുണം:**
**രക്തമാമെൻെറ ചിത്തത്തിൽ**
**പാൎത്തിട്ടും രാഗമില്ല തേ.** 62

തൽഗ്ഗുണത്തിനു വിപരീതം അതൽഗ്ഗുണം എന്നു സ്പഷ്ടം. വേറെ ഉദാഹരണം:

85. ദിക്കിൻവക്കത്തു നില്ക്കും കരികളുടെ കടത്തട്ടിലൊട്ടുന്നു, നിത്യം
നീക്കംകൂടാതരിസ്ത്രീമിഴിമഷി കവരുന്നെന്നു,മെന്നാകിലും കേൾ
ചൊൽക്കൊള്ളും നിഷ്കളങ്കോജ്ജ്വലശിശിരകരജ്യോത്സ്നയോടാത്തഗൎവ്വം
വക്കാണിക്കാനൊരുക്കത്തൊടു ജഗതി കളിക്കുന്നു നിൻകീൎത്തി
രാജൻ! —സ്വ.

## 17. മീലിതം

**മീലിതം ഗുണസാമ്യത്താൽ**
**ഭേദം തോന്നാതിരിക്കുക:**
**നിൻ ചേവടിയിലഞ്ചിച്ച**
**ചെഞ്ചായം തെളിയാതെയായ്.** 63

ഒന്നുകൊണ്ടു് മറ്റൊന്നു മറഞ്ഞുപോകുന്നതു് 'മീലിതം' എന്നു ശബ്ദാൎത്ഥം. വേറെ ഉദാഹരണം:

---

പദ്യം 84. പന്തുകളിയിൽ മുഴുകിയിരിക്കുന്ന നായികയുടെ സൗന്ദൎയ്യം വൎണ്ണ്യം. ഭുവി(ഭൂമിയിൽ) വീഴുമ്പോൾ നഖ(കാൽനഖ)രശ്മിയാൽ പന്തു വെളുക്കുന്നു. ദിവി(ആകാശത്തിൽ) വാഴുമ്പോൾ മിഴിശോഭയാൽ (പന്തിനുനേരെ നോക്കുന്നതിനാൽ) കറുക്കുന്നു; ഉന്തുമ്പോൾ (കൈകൊണ്ടടിക്കുമ്പോൾ) കരതലകാന്തിയാൽ ചുവക്കുന്നു.

പദ്യം 85. രാജാവിൻെറ കീൎത്തി വൎണ്ണ്യം. അതു് ദിക്കുകളെല്ലാം കവിഞ്ഞു നില്ക്കുന്നു, ശത്രുരാജാക്കന്മാരുടെ ഭാൎയ്യമാരെ കരയിക്കുകയും ചെയ്യുന്നു എന്നു വസ്തുത. ദിഗ്ഗജങ്ങളുടെ (കടം = കവിൾ) കവിൾത്തട്ടിൽ മുട്ടിയിട്ടും ശത്രുരാജപത്നിമാരുടെ കൺമഷി കലൎന്നിട്ടും അവയുടെ ഗുണം നിൻെറ കീൎത്തിക്കു പകൎന്നു കിട്ടിയില്ല എന്നു് അതൽഗ്ഗുണം.

86. ഹന്ത! വിശ്വമപി നിന്നുടെ കീർത്ത്യാ
സന്തതം വെളുവെളുത്തു ചമഞ്ഞു
അന്തകാരി നിജപർവ്വതമേതെ-
ന്നന്തരംഗഭുവി ചിന്തതുടങ്ങി. —ശ്രീകൃഷ്ണചരിതം

ഇവിടെ കീർത്തിയുടെ ധാവള്യംകൊണ്ടു് പർവ്വതങ്ങളെല്ലാം ഒന്നുപോലെ വെളുത്തു ചമഞ്ഞതിനാൽ ശിവൻ കൈലാസപർവ്വതത്തെ തിരിച്ചറിയാൻ വയ്യാതായി എന്നർത്ഥം.

ഗുണസാമ്യത്താൽ രണ്ടു വസ്തുക്കൾക്കു് ഭേദപ്രതീതി ഇല്ലാതെവരുന്നതു് മീലിതം. രണ്ടു വസ്തുതന്നെ എന്നു ഭേദപ്രതീതി ഉണ്ടായാലും തങ്ങളിൽ തിരിച്ചറിയാതിരിക്കുന്നതു് 'സാമാന്യം' എന്നു ഭേദം കല്പിച്ചു് 'സാമാന്യം'* എന്നു വേറെ ഒരു അലങ്കാരത്തെ ചിലർ സ്വീകരിച്ചിട്ടുണ്ടു്. മററുചിലർ ഭേദം മറെറാരു വിധത്തിൽ കല്പിച്ചുകൊണ്ടു് ഗുണസാമ്യംകൊണ്ടുള്ള ഭേദാനധ്യവസായത്തെ മീലിതസാമാന്യങ്ങൾ എന്നുതന്നെ രണ്ടലങ്കാരങ്ങളാക്കുന്നുണ്ടു്. ഈവിധം പക്ഷഭേദംകൊണ്ടു് ഒരുവകക്കാർ മീലിതമെന്നു പറയുന്നതുതന്നെ മററവരുടെ മതത്തിൽ സാമാന്യാലങ്കാരമായി വരുന്നു. ഈ സ്ഥിതിക്കു് അതിസൂക്ഷ്മമായ ഭേദം പ്രമാണിച്ചു് രണ്ടലങ്കാരങ്ങളായി കല്പിച്ചിട്ടു ഫലമില്ലെന്നു കരുതി ഇവിടെ രണ്ടും ഒന്നായി ഗണിക്കപ്പെട്ടിരിക്കുന്നു.

''നിൻകീർത്തിമഗ്നൻ ഹിമവാൻ വ്യക്തനായി തണുപ്പിനാൽ''

ഇത്യാദികളെപ്പോലെ ഒരു ഗുണസാമ്യത്താൽ മാഞ്ഞുപോയ ഭേദം മറെറാരു ഗുണത്താൽ പിന്നീടു തെളിയുന്നതായി സമർത്ഥിക്കുന്നതു് 'ഉന്മീലിതം'† എന്നു് ഒരു പുതുതായ അലങ്കാരം എന്നു് അപ്പയ്യദീക്ഷിതർ അഭിപ്രായപ്പെടുന്നു. എന്നാൽ ഇതു് മീലിതത്തിൽനിന്നും ഭിന്നമായ ചമൽക്കാരാതിശയം ഒന്നും കാണാത്തതിനാൽ മീലിതത്തിൽത്തന്നെ അന്തർഭവിക്കുന്നതേയുള്ളു. ഈ മട്ടിനു് പൃഥഗലങ്കാരങ്ങളെ കല്പിക്കുന്നപക്ഷം നിശ്ചയാന്തസന്ദേഹത്തെയും 'നിശ്ചയം' എന്നു് ഒരു ഭിന്നാലങ്കാരമെന്നു കല്പിക്കേണ്ടതായി വരുമല്ലോ!

---

* വിശേഷങ്ങൾ മറച്ചാകിൽ
സാമ്യം, സാമാന്യസംജ്ഞിതം:
താമരപ്പൊയ്കയിൽ കാണാ—
തായി പെൺമണിമാർമുഖം. (കുവലയാനന്ദം)

ഭിന്നവസ്തുക്കളെന്നുസ്പഷ്ടമെങ്കിലും സാമ്യം ഒന്നിൻെറ വിശേഷങ്ങളെ മറെറാന്നിൽനിന്നു മറച്ചുകളയുന്നതു് 'സാമാന്യം' എന്ന അലങ്കാരം. ഉദാഹരണം സ്പഷ്ടം.

† സാമാന്യമീലിതാഭേദ-
ത്തിങ്കൽ ഭേദം കഥിക്കുകിൽ
വിശേഷകോന്മീലിതങ്ങ-
ളായിടുന്നു യഥാക്രമം:
ചന്ദ്രോദയത്തിൽ ചെന്താരും
മുഖവും വേർതിരിഞ്ഞിതേ!
ഹിമവാൻ നിൻയശോമഗ്നൻ
തണുപ്പാൽ വ്യക്തനാകയായ്. (കുവലയാനന്ദം)

സാമാന്യത്തിനും മീലിതത്തിനും ഓരോതരത്തിൽ അഭേദകല്പന ആവശ്യമാണല്ലോ. ആ അഭേദത്തിൽനിന്നു് ഒരു ഭേദം എടുത്തുകാണിച്ചാൽ യഥാക്രമം 'വിശേഷക'വും' 'ഉന്മീലിത'വും. ഉദാഹരണം സ്പഷ്ടം.

## 18. അധികം

ആധേയാധിക്യമധിക-
മാധാരാധിക്യവും തഥാ:
തള്ളുന്നിതുലകിന്നുള്ളിൽ
കൊള്ളാഞ്ഞു തവ കീർത്തികൾ: 64

വാഗ്ബ്രഹ്മത്തിൻ വലിപ്പത്തെ
വാഴ്ത്തുവാൻ പണിയെത്രയും
നിലപ്പതുണ്ടമേയങ്ങൾ
നിൻഗുണങ്ങളുമങ്ങിതിൽ. 65

ആധേയത്തെക്കാൾ ആധാരത്തിന്നു വലിപ്പം അധികമുണ്ടെന്നോ, നേരേമറിച്ച് ആധാരത്തെക്കാൾ ആധേയത്തിന്നു വലിപ്പം അധികമുണ്ടെന്നോ കല്പിക്കുന്നതു് 'അധികം' എന്ന അലങ്കാരം. 'തള്ളുന്നു' ഇത്യാദ്യർദ്ധം ആധേയാധിക്യത്തിനു് ഉദാഹരണം. ഇവിടെ കീർത്തിവ്യാപ്തിക്കു് ആധാരമായ ഉലകിനെക്കാൾ വൈപുല്യം വർണ്ണിക്കപ്പെട്ടിരിക്കുന്നു. 'വാഗ്ബ്രഹ്മ'മിത്യാദി ശ്ലോകം ആധാരാധിക്യത്തിനു് ഉദാഹരണം. ഇതിൽ 'നിൻഗുണങ്ങൾ' ഇത്രയെന്നു് പരിച്ഛേദിക്കവയ്യാത്തവയാണു്. അവകൂടി വാഗ്ബ്രഹ്മത്തിൽ നില്ക്കണമെങ്കിൽ ആ വാഗ്ബ്രഹ്മത്തിനു് എത്ര വലിപ്പം വേണമെന്നു് ആധാരാധിക്യം മുൻചൊന്ന മട്ടു രണ്ടും ആധേയത്തിന്റെ വൈപുല്യാതിശയത്തിൽത്തന്നെ പര്യവസാനിക്കുന്നു. വേറെ ഉദാഹരണം:

87. ഉലകവിലമടങ്ങുന്നോരു നാരായണൻ ത-
ന്നുദരമതിലൊതുങ്ങാതങ്ങു നിൻകീർത്തി രാജൻ!
ചുഴലവുമതിനുള്ളിൽ തിങ്ങിവിങ്ങീട്ടു നാഭി-
ച്ചുഴിവഴി വെളിവാർന്നു പുണ്ഡരീകച്ഛലേന. —സ്വ.

ഇതു് ആധേയാധിക്യത്തിനു് ഉദാഹരണം. ഇനി ആധാരാധിക്യത്തിനു് ചൊല്ലുന്നു:

88. വിശ്വങ്ങളെല്ലാം തന്നുള്ളിലേ ചേർത്തോരു
വിഷ്ണുവെത്തന്നുദരത്തിലാക്കി
മേവിനിന്നീടുന്ന ദേവകീദേവിതൻ-
മേന്മയെ വാക്കിലിന്നാർക്കു ചൊല്ലാം? —കൃഷ്ണഗാഥ

ആധാരത്തെക്കാൾ ആധേയത്തിനു മഹത്ത്വം വരുന്നതു് ആധാരത്തിന്റെ കാർശ്യത്താലുമാകാം. ഇതിനെ അപ്പയ്യദീക്ഷിതർ 'അല്പം' എന്നു് ഒരു സ്വതന്ത്രാലങ്കാരമായി കല്പിച്ചിട്ടുണ്ടു്. ഉദാഹരണം:

89. ചുററും വെളുത്ത കുളർകൊങ്കകൾ കോമളാംഗി-
യ്ക്കുററം കറുത്തഥ കുളത്തിലു മാറിടത്തിൽ;
തിക്കിത്തിരക്കുമതുകൾക്കിടയിൽ തൊടുക്കാ-
നൊക്കാത്ത മട്ടിലൊരു താമരനൂല്ക്കുപോലും. —കു. സം.

ഇതിൽ അതിസൂക്ഷ്മമായ താമരനൂല്ക്കുപോലും സ്ഥാനാന്തരത്തിൽ കടക്കാൻ ഇടമില്ലെന്നു പറകയാൽ ആധേയത്തിനു മഹത്ത്വമോ ആധാരത്തിനു കാർശ്യമോ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

## വാസ്തവോക്തിവിഭാഗം

അനന്തരം വാസ്തവോക്ത്യലങ്കാരങ്ങളെ എടുക്കുന്നു:

### 1. സ്വഭാവോക്തി

**സൂക്ഷ്മസ്വഭാവം വർണ്ണിച്ചാൽ**
**സ്വഭാവോക്തിയതായതു്:**
**സരസം കാൽകുടഞ്ഞാമൽ**
**കരാംഗുഷ്ഠം നുകർന്നിഹ**
**ചിരിച്ചീടുന്ന മദ്ധ്യേതാൻ**
**കരയുന്നിതു ബാലകൻ.** 66

വസ്തുക്കൾക്കുള്ള സൂക്ഷ്മസ്വഭാവത്തെ വർണ്ണിക്കുന്നതു് 'സ്വഭാവോക്തി'. സൂക്ഷ്മം എന്നു പറകയാൽ സ്ഥൂലസ്വഭാവവർണ്ണനം അലങ്കാരമാകുന്നതല്ല. സൂക്ഷ്മം ഇന്നതെന്നു സഹൃദയമാത്രവേദ്യവും ആകുന്നു. ഉദാഹരണത്തിൽ ബാലന്റെ സ്വഭാവം വർണ്ണിക്കപ്പെട്ടിരിക്കുന്നു. വേറെ ഉദാഹരണം:

90. കണ്ണനാളമഴകിൽ തിരിച്ചനുപദം രഥം പിറകിൽ നോക്കിയും
കണ്ണനായ് ശരഭയേന പൃഷ്ഠമതു പൂർവ്വകായഗതമാക്കിയും
ഇണ്ടൽപൂണ്ടു വിവൃതാന്മുഖാത് പഥി ചവച്ച ദർഭകൾ പതിക്കവേ
കണ്ടുകൊൾക കുതികൊണ്ടു കിഞ്ചിദവനൗ ഭൃശം നഭസി ധാവതി.
—ഭാഷാ. ശാ.

ഇവിടെ മൃഗത്തിനു് ഭയാവസരത്തിൽ ഉണ്ടാകുന്ന സൂക്ഷ്മസ്വഭാവം വർണ്ണിക്കപ്പെട്ടിരിക്കുന്നു. വേറെ ഉദാഹരണം:

91. ചൂടേററിട്ടൊട്ടു ഞെട്ടററലർനിരയെ മദിച്ചാന ഗണ്ഡങ്ങൾ തേച്ചി-
ട്ടാട്ടുമ്പോളാശു ഗോദാവരിയിലിഹ പൊഴിക്കുന്നു തീരദ്രുമങ്ങൾ
കൂടേറി പ്രാവു പൂങ്കോഴികൾ കരയുമിവററിന്റെ തോലിൽ ചരിക്കും
കീടത്തെച്ചെന്നു കൊത്തുന്നിതു നിഴലിലിരുന്നൂഴി മാന്തും ഖഗങ്ങൾ.
—ഉ. രാ. ച.

ഇതിൽ വൃക്ഷങ്ങളുടെയും പക്ഷികളുടെയും സൂക്ഷ്മസ്വഭാവം വർണ്ണിക്കപ്പെട്ടിരിക്കുന്നു.

### 2. സഹോക്തി

**ഒന്നോടുകൂടി മററൊന്നു**
**ക്രിയചെയ്താൽ സഹോക്തിയാം:**
**കീർത്തി ശത്രുക്കളോടൊത്തു**
**കടന്നു പല ദിക്കുകൾ.** 67

രണ്ടു വസ്തുക്കളും ഒരേ ക്രിയ ചെയ്യുന്നതിനാൽ ഒന്നു മററതിനോടുകൂടി ആ ക്രിയ നടത്തുന്നു എന്നു പറയുന്നതു് 'സഹോക്തി'. രണ്ടു വസ്തുക്കൾ ഒരേ ക്രിയ ചെയ്യുന്നതു് ഒരേ മാതിരിയിലായിരുന്നാൽ ചമൽക്കാരകാരകമാവാത്തതിനാൽ

---

പദ്യം 90. പൃഷ്ഠം പൂർവ്വകായഗതമാക്കുക—ശരീരം മുമ്പോട്ടു തള്ളി മുൻഭാഗത്തിൽലയിപ്പിക്കുക. വിവൃതം=തുറന്ന. മുഖം=വായ്. പഥി=വഴിയിൽ. കിഞ്ചിത്=അല്പം. ഭൃശം=അധികം. അവനൗ=ഭൂമിയിൽ. നഭസി=ആകാശത്തിൽ. ദുഷ്യന്തശരം ഭയന്നു പായുന്ന മൃഗം വർണ്ണ്യം. കണ്ടുകൊൾക എന്നു സൂതൻ ദുഷ്യന്തനോടു്.

പദ്യം 91. ഞെട്ടററ+അലർനിര=ഞെട്ടു...നിര. തീരദ്രുമങ്ങൾ അലർനിരയെ ഗോദാവരിയിൽ പൊഴിക്കുന്നു. കൂടേറി...കരയും ഇവററിന്റെ (ഈ തീരദ്രുമങ്ങളുടെ) തോലിൽ ചരിക്കും കീടത്തെ ഊഴി മാന്തും ഖഗങ്ങൾ കൊത്തുന്നു എന്നു് അർത്ഥയോജന.

അലങ്കാരമല്ല. രണ്ടും രണ്ടു പ്രകാരത്തിലായാലേ അലങ്കാരത്വം സിദ്ധിക്കൂ. ഉദാഹരണത്തിൽ, കീർത്തി പല ദിക്കുകളും കടക്കുന്നതു് വ്യാപിക്കുകയാകുന്നു. ശത്രുക്കളാകട്ടെ പേടിച്ചോടുകയാകുന്നു. രണ്ടിനും പല ദിക്കുകളും കടക്കുക എന്ന ഏക ക്രിയയിൽ സഹഭാവം കവിമാത്രകല്പിതമാകുന്നു. അതിനാൽ ''പിതാവു് പുത്രനോടുകൂടി വന്നു'' ഇത്യാദികളിൽ ഈ അലങ്കാരത്തിനു വ്യാപ്തി ശങ്കിക്കരുതു്. വേറെ ഉദാഹരണം:

92. ക്ഷീണിച്ചിട്ടെന്നവണ്ണം നിഴൽ വിടപിതലേ പാന്ഥരൊത്തെത്തിടുന്നു,
കേണെന്നോണം സരസ്സിന്നടിയതിലടിയുന്നങ്ങു മീനൊത്തു ശൈത്യം,
ദാഹത്താലോ കടിക്കുന്നുദകമുലകിനോടൊത്തു സൂര്യാംശുജാലം,
ദേഹത്തിൻ ക്ലാന്തിയാലോ മണിയറയണയുന്നാർത്തരോടൊത്തുറക്കം. —സ്വ.

## 3. സമുച്ചയം

ഗുണക്രിയകളൊന്നിച്ചാൽ
സമുച്ചയമലംകൃതി:
വാനിരുണ്ടിതു മങ്കയ്ക്കു
മനം രക്തവുമായിപോൽ. 68

വീഴും മണ്ടും പിന്നിൽ നോക്കും
കേഴും നിന്നുടെ വൈരികൾ.

ഒരു വസ്തുവിനു് ഒരുവക ഗുണമോ ക്രിയയോ വരുന്ന സമയത്തിൽത്തന്നെ മറെറാരു വസ്തുവിനു് മറെറാരുവക ഗുണമോ ക്രിയയോ ഉണ്ടാകുന്നതു് 'സമുച്ചയം'. ദീപകത്തിൽ ഒരേ ഗുണത്തിലോ ക്രിയയിലോ അനേകം വസ്തുക്കൾക്കു് അന്വയം; സമുച്ചയത്തിലാകട്ടെ ഭിന്നവസ്തുക്കൾക്കു് അതതിന്റെ ഗുണക്രിയാസംബന്ധം ഉണ്ടാകുന്നതിനു് യൗഗപദ്യം,* എന്നു് ഇവയ്ക്കു തങ്ങളിൽ ഭേദം. പ്രകൃതത്തിൽ ആകാശത്തിനു കാർഷ്ണ്യഗുണമുണ്ടായതോടുകൂടിത്തന്നെ വിരഹിയുടെ മനസ്സിനു് രാഗവും ഉണ്ടായി എന്നു പറഞ്ഞിരിക്കുന്നതിനാൽ ഗുണങ്ങൾക്കു് സമുച്ചയം. രണ്ടാം ഉദാഹരണത്തിൽ, ശത്രുക്കളിൽ ചിലർ വീഴുകയും മററു ചിലർ മണ്ടുകയും വേറെ ചിലർ പിന്നിൽ നോക്കുകയും മറെറാരുകൂട്ടക്കാർ കേഴുകയും ചെയ്യുന്നതിനാൽ ക്രിയകൾക്കു് സമുച്ചയം.

ഗുണസമുച്ചയത്തിനു് വേറെ ഉദാഹരണം:

93. നിന്മിഴിയൊന്നു ചുവന്നു
നിർമ്മലഗുണ! ഭൂമിപാലകുലമൗലേ!
കടുതരവീര്യം തുടരും
കൂടലർവക്ത്രം കറുക്കയുംചെയ്തു. —സ്വ.

ക്രിയാസമുച്ചയത്തിനു് വേറെ ഉദാഹരണം:

94. ഭക്തപ്രിയത്താൽ ഭഗവാനുമങ്ങ-
സ്സൽക്കാരമേല്ക്കാനുടനേ തുനിഞ്ഞാൻ
കെല്പോടു മുപ്പാരുമയക്കിയെന്ന
നൽബ്ബാണമദ്ദപ്പകനും തൊടുത്താൻ. —കു. സം.

---

പദ്യം 92. പാദാരംഭത്തിൽ 'ക്ഷീണിച്ചിട്ടെന്നവണ്ണം' ഇത്യാദി സംഭാവനങ്ങൾ ഉള്ളതിനാൽ ഉൽപ്രേക്ഷാസ്പൃഷ്ടം. വേനലിന്റെ കാഠിന്യംകൊണ്ടു പല വസ്തുക്കൾക്കുമുണ്ടായ അവസ്ഥാന്തരങ്ങൾ വർണ്ണിച്ചിരിക്കുന്നു. ക്ലാന്തി=ക്ഷീണം.

* ഒരേ സമയത്തു നടക്കുക.

പദ്യം 93. രാജസ്തുതി: കടുതരവീര്യം=കഠിനപരാക്രമം. കൂടലർ=ശത്രുക്കൾ.

പദ്യം 94. മുപ്പാരുമയക്കി=മുപ്പാരിനെയും മയക്കുന്നതു്. (സംമോഹനം എന്ന മൂലത്തിന്റെ തർജ്ജമ.)

ഇവിടെ ശിവൻ, ഗൗരി കൊടുത്ത മാലയെ സ്വീകരിച്ചതും കാമൻ മോഹനാസ്ത്രം തൊടുത്തതും ഒന്നിച്ചാകയാൽ ക്രിയാസമുച്ചയം.

ഗുണക്രിയകൾ കലന്നിട്ടുള്ള സമുച്ചയവും ലക്ഷണത്തിൽ വിവക്ഷിതമാകുന്നു. അതിനു് ഉദാഹരണം:

95. ഉദയഗിരി ചുവന്നു ഭാനുബിംബം വിളങ്ങീ
നളിനമുകുളജാലേ മന്ദഹാസം തുടങ്ങീ
പനിമതി മറവായീ ശംഖനാദം മുഴങ്ങീ
ഉണരുക കണികാണ്മാനംബരേ ചെംബരേശ! —കോട്ടയത്തുതമ്പുരാൻ

**ഒന്നിന്നു പല ഹേതുക്ക-**
**ളൊന്നിച്ചാലും സമുച്ചയം:**
**വിദ്യയും രൂപവും ശ്രീയും**
**മദിപ്പിക്കും യുവാക്കളെ.** 69

ഒരു കാര്യം നടത്തുന്നതിൽ തക്കതായ ഒരു കാരണമിരിക്കെ അതിനു സഹായികളായി മററു കാരണങ്ങൾകൂടെ ചേരുന്നതും 'സമുച്ചയം.' യുവാക്കളെ മദിപ്പിക്കുന്നതിനു് വിദ്യാദികളിൽ ഒന്നുതന്നെ മതിയായിരിക്കെ എല്ലാററിനും ചേർത്തു് സമുച്ചയം ചെയ്തിരിക്കുന്നു. വേറെ ഉദാഹരണം:

96. ഉച്ചച്ചന്ദ്രൻെറ കോലം മലിന, മുപരതപ്രൗഢിയാം വൃദ്ധവേശ്യാ,
സ്വച്ഛാ പാഥോജശൂന്യാ സരസി, മുഖമിഹാനക്ഷരം സുന്ദരാംഗം;
ശ്രീയെത്താൻ കാത്തിരിക്കും പ്രഭുവൊരു കഴിവില്ലാതെ കേഴുന്ന വിദ്വാൻ,
കോയിക്കൽ കോയ്മകൊള്ളുന്നൊരു ഖല, നിവയേഴാണു കേരം ചിത്ത-
ശല്യം. —സ്വ.

വേറെ ഉദാഹരണം:

97. ഉച്ചിത്തടത്തിൽ വിടരുന്നൊരു പിച്ചിമാല,
നൽച്ചന്ദനം തനുവിലുജ്ജ്വലകുങ്കുമാഢ്യം
ഇച്ഛയ്ക്കു ചേർന്നരികിൽ മെച്ചമിയന്ന കാന്ത;-
യിച്ചൊന്നതേ സുരസുഖം; കഥ മിച്ചമെല്ലാം. —സ്വ.

## 4. പര്യായം

**പര്യായമൊന്നു പലതിൽ**
**മുറയ്ക്കു പലതൊന്നിലും:**
**അന്തിക്കു കമലം വിട്ടു**
**കാന്തി ചെന്നിതു ചന്ദ്രനിൽ.** 70

**അല്ലു വിട്ടു നിലാവേററി-**
**ട്ടുല്ലാസം പൂണ്ടു വിണ്ടലം.**

ഒരു വസ്തു ഒന്നിനെ വിട്ടു് മറെറാന്നിനെ എന്നു മുറയ്ക്കു് പല വസ്തുക്കളെ പ്രാപിക്കുന്നതായോ, അല്ലെങ്കിൽ പല വസ്തുക്കൾ ഓരോന്നായി ഒന്നിനെ പ്രാപിക്കുന്നതായോ പറയുന്നതു് 'പര്യായം.' ഉദാഹരണത്തിൽ, കാന്തി ഒരേ വസ്തു കമലത്തിലിരുന്നതിന്റെശേഷം അതുവിട്ടു് ചന്ദ്രനിൽ ചേർന്നതായിപ്പറഞ്ഞിരിക്കുന്നു

---

പദ്യം 95. തൃച്ചെംബരത്തപ്പനെ സ്തുതിക്കുന്നു. ചുവക്കുക, വിളങ്ങുക എന്നിവ ഗുണങ്ങൾ; മന്ദഹസിക്കുക, മറയുക, മുഴങ്ങുക എന്നിവ ക്രിയകൾ.

പദ്യം 96. ഉപരതപ്രൗഢി=പ്രൗഢി ശമിച്ചവൾ. പാഥോജശൂന്യാ=താമരയില്ലാത്ത. സരസി=പൊയ്ക. മുഖം അനക്ഷരമായിട്ടുള്ള (സംസാരശക്തിയില്ലാത്ത) സുന്ദരാംഗം=ഊമയായ സുന്ദരൻ. കോയിക്കൽ=രാജകൊട്ടാരത്തിൽ. കോയിക്കൽ...ഖലൻ=രാജാവു്.

പദ്യം 97. കഥ മിച്ചമെല്ലാം=മററുള്ളതെല്ലാം വെറുതേ ആണു്.

തിനാൽ ഒന്നിന് മുറയ്ക്ക് പലതിൽ പ്രവേശം. 'അല്ലവിട്ട' ഇത്യാദി രണ്ടാം ഉദാഹരണത്തിൽ ഇരുട്ടും നിലാവും എന്ന പല വസ്തുക്കൾ വിണ്ടലം എന്ന് ഒരു വസ്തുവിനെ മുറയ്ക്ക് പ്രാപിച്ചതായി സമത്ഥിക്കയാൽ മുറയ്ക്ക് പലതിന് ഒന്നിൽ സ്ഥിതി. വേറെ ഉദാഹരണങ്ങൾ:

ഒന്നിന് പലതിൽ:

98. (i) ക്ഷണമിമകളിൽനിന്നു, തല്ലി ചുണ്ടിൽ,
കുളുർമുലമേലഥ വീണുടൻ തകന്നു,
വലികളിലിടറി, ച്ചിരേണ നാഭി-
ച്ചുഴിയിലിറങ്ങി, നവീനവഷ്ബിന്ദു.* —കു. സം.

99. (ii) ഉണ്ടായിത്താമ്രകാരാദ്രജകനെയുമണഞ്ഞാനു പൗരാണികൗഘം
കൊണ്ടാടിക്കണ്ടു കായസ്ഥരെ നണയരെയെല്ലാം പുണന്നക്കവീന്ദ്രാൻ
വേണ്ടുംവണ്ണം വണങ്ങിഗ്ഗണികകളൊടു നന്നായിണങ്ങീട്ടു വാസം
പൂണ്ടേറം വാണിജന്മാരൊടു കളവു സുഖിക്കുന്നു തട്ടാൻെറ വീട്ടിൽ.
—കെ. സി. കേ. പി.

പലതിന് ഒന്നിൽ:

100. അധരമതു മിനുക്കിയും കളിപ്പ-
ന്തഥ പെരുമാറിയുമങ്ങിരുന്ന കൈയിൽ
വിരലു മുറിയുമാറു മുച്ചയേറും
കുശകൾ കരേറി ജപാക്ഷമാലയോടേ. —കു. സം.

'യഥാസംഖ്യം'† എന്നൊരലങ്കാരം മിക്ക ആലങ്കാരികന്മാരാലും സ്വീകരിക്കപ്പെട്ടതാണെങ്കിലും പ്രക്രമഭംഗദോഷാഭാവമാത്രമാകയാൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

## 5. പരിസംഖ്യ

ഇതാണതല്ലെന്നു വസ്തു-
നിയമം പരിസംഖ്യയാം:
കരത്തിൻ ഭൂഷണം ദാനം,
ഭാരംതാൻ വൈരമോതിരം. 71

അനേകവസ്തുക്കളിൽ ചേരാവുന്ന ധമ്മത്തെ അതിലല്ല ഇതിലാണെന്ന് ഒന്നിൽത്തന്നെ നിയമനം ചെയ്യുന്നതു് 'പരിസംഖ്യ.' ലക്ഷ്യത്തിൽ കരത്തിന് ഭൂഷണത്വം ദാനത്തിലും അംഗുലീയത്തിലും സിദ്ധിച്ചിട്ടുള്ളതിനെ ദാനത്തിൽ മാത്രമേ ഉള്ള എന്ന് നിയമിച്ചിരിക്കുന്നു. വേറെ ഉദാഹരണം:

---

* 335-ാം പദ്യത്തിൻെറ വൃത്തി നോക്കുക.

† യഥാസംഖ്യമലങ്കാരം
പ്രസ്താവന യഥാക്രമം.
അരിയെ, പ്രജയെ, ശ്രീയെ,-
ജയിക്കു, പോററു, നേടു നീ! (കുവലയാനന്ദം)

രണ്ടു വകയായിപ്പറയേണ്ടുന്ന പ്രസ്താവനകൾ യഥാക്രമമായിരുന്നാൽ യഥാസംഖ്യം. അരിയെ ജയിക്കു, പ്രജയെ പോററു, ശ്രീയെ നേടു എന്നു രാജാവിനോടു വന്ദിവാക്യം ഉദാഹരണം.

പദ്യം 99. (i) താമ്രകാരൻ = ചെമ്പുപണിക്കാരൻ. താമ്രകാരാത് + രജകൻ (വെളുത്തേടൻ) = താമ്രകാരാദ്രജകൻ. കായസ്ഥൻ = കണക്കെഴുത്തുകാരൻ. ഗണിക = വേശ്യ.

പദ്യം 100. തപോവൃത്തി സ്വീകരിച്ച പാവ്വതി വണ്ണ്യം. ജപാക്ഷമാല = ജപത്തിനുള്ള രുദ്രാക്ഷമാല.

101. കാതിൽ കത്തുന്ന കാന്തിപ്രചുരിമതിരളും തോടയോ, മോടിയാടി-
ക്കോതിബ്ബന്ധിച്ച കുന്തൽക്കുലമതിൽ വിലസും മാലതീമാലതാനോ;
പാതിത്തിങ്കംപ്രകാശം തടവുമളികമോ കാന്തിയേറ്റുന്നതില്ലി-
പ്പാതിവ്രത്യാഖ്യമാകും സുമഹിതമണിതാൻ ഭൂഷണം യോഷമാരിൽ.
—കെ. സി. കേ. പി.

ശ്ലേഷാനുപ്രാണിതയായ പരിസംഖ്യയ്ക്കു് അധികം ചമൽക്കാരമുണ്ടായിരിക്കും. എങ്ങനെ:

102. ചിത്രമിതെക്കാളൊന്നും പറയാം:
മിത്രാപായേ ഹിത്വാ കുമുദം
ചിത്താനന്ദം വന്നീലാർക്കും;
ദോഷാഗമനേ ശശധരനെന്യേ
തോഷം കണ്ടീലാർക്കുമൊരുനാളും;
മിന്നും കടകളിലെന്യേയൊരുനാളും
പൊന്നുംദണ്ഡം കണ്ടീലെങ്ങും;
ഭാരതചരിതംതന്നിലൊഴിഞ്ഞൊരു
കർണ്ണച്ഛേദം കേട്ടീലാരും. —ഭാഷാനൈഷധചമ്പു

മിത്രാപായം—സൂര്യാസ്തമയവും, ബന്ധുനാശവും.

ദോഷാഗമനം—രാത്രിയുടെയും ദോഷത്തിന്റെയും വരവു്.

പൊന്നുംദണ്ഡം—(സ്വർണ്ണം) നാണയം പിഴകല്പിക്കയും, പൊന്നുകുടക്കാലും.

കർണ്ണച്ഛേദം—കർണ്ണനെ കൊല്ലുകയും, ചെവി ചെത്തുകയും.

ഇത്യാദി ശ്ലേഷം.

പരിസംഖ്യയിൽ വസ്തുനിയമനം പ്രശ്നപൂർവ്വകമായും വരാം. ഉദാഹരണം:

103. സാരം ഭൂമിയിലേതുദേശമധികം? ശ്രീവഞ്ചിരാജ്യം സഖേ!
പാരം സൗഖ്യമതിങ്കലെങ്ങു വസതിക്കു്? ഓതാമനന്താലയം;
പാരിൽ കീർത്തി പരം പുകഴ്ന്ന നൃപനോ? ശ്രീമൂലകക്ഷ്മാപനാ-
ണാരാകുന്നിതു സേവ്യനേവനുമഹോ ശ്രീപത്മനാഭൻ പരൻ.
—രാമകൃഷ്ണശാസ്ത്രി

ഇതിൽ, 'സാരമായ ദേശം വഞ്ചിരാജ്യമാണു്, മററു ദേശങ്ങളല്ല' എന്നു് ശബ്ദംകൊണ്ടു് നിഷേധിച്ചിട്ടില്ലാത്തതിനാൽ നിയമനം വാച്യമല്ല, വ്യംഗ്യമെന്നുകൂടി ഭേദം.

പ്രശ്നം കൂടാതെയും നിയമനം വ്യംഗ്യമായി വരുന്നതിനു് ഉദാഹരണം:

104. കലാരത്നം ഗാനം ഗഗനതലരത്നം ദിനകരൻ,
സഭാരത്നം വിദ്വാൻ ശ്രവണപുടരത്നം ഹരികഥാ;
നിശാരത്നം ചന്ദ്രൻ ശയനതലരത്നം ശശിമുഖീ,
മഹീരത്നം ശ്രീമാൻ സകലകലരത്നം സുതനയൻ.
—കെ. സി. കേശവപിള്ള

## 6. വികല്പം

**വികല്പം തുല്യബലമാം**
**രണ്ടാലൊന്നു വരേണ്ടതു്:**
**വില്ലുതാൻ തലതാനിന്നു**
**വളയ്ക്കട്ടെ വിരോധികൾ.** 72

102. നളന്റെ ഭരണകാലത്തു് അനീതികളൊന്നുമില്ലായിരുന്നു എന്നു വിവക്ഷിതം. ഹിത്വാ കുമുദം = ആമ്പൽ ഒഴികെ.

സമബലങ്ങളും അന്യോന്യവിരോധത്താൽ ഒന്നിച്ചുവരാൻ പാടില്ലാത്തതുമായ രണ്ടെണ്ണങ്ങളിൽവെച്ച് ഒന്നു വരുന്നതു് 'വികല്പം'. ഇതു് 'സമുച്ചയ'ത്തിനു നേരേ വിപരീതമാകുന്നു. ഇതിൽ അലങ്കാരബീജം വികല്പിക്കപ്പെടുന്ന വസ്തുക്കളുടെ ധർമ്മസാമ്യമാകയാൽ ഇതു് വാസ്തവത്തിൽ സാദൃശ്യാലങ്കാരങ്ങളിൽ (സാമ്യോക്തിവിഭാഗത്തിൽ) ചേർക്കപ്പെടേണ്ടതാണ്. സഹോക്തിസമുച്ചയഭേദങ്ങളിലും ഇതുപോലെതന്നെ. ഇവയിൽ ഗമ്യമായുള്ള സാദൃശ്യം ദീപകത്തിലെപ്പോലെ സ്പുടമല്ലാത്തതിനാൽ ഇവയെ വാസ്തവാലങ്കാരങ്ങളിൽ(വാസ്തവോക്തിവിഭാഗത്തിൽ) പരിഗണിച്ചതാണ്. ഉദാഹരണം, വീരൻെറ പോരിനുവിളി: ഒന്നുകിൽ നേരേ യുദ്ധത്തിനു വരട്ടെ; അല്ലെങ്കിൽ കീഴടങ്ങട്ടെ എന്നു താല്പര്യം. നമനം സാധാരണധർമ്മമായിരിക്കുന്നു. ഔപമ്യസ്പർശം കൂടാതെ,

ഇരുന്നാലും മരിച്ചാലും
ധർമ്മം ഞാൻ വെടിയാ ധ്രുവം.

എന്നും മററും പറയുന്നതു് വികല്പാലങ്കാരമാകുന്നതല്ല. സഹോക്തിയിലും ഇതിന്മണ്ണംതന്നെ. വേറെ ഉദാഹരണം:

105. ചന്തത്തിൽ മയിലാടുന്നു
ചിന്തുന്നു ജലമംബുദം
കാന്തൻതാനന്തകൻതാനി-
ന്നന്തം ദുഃഖത്തിനേകിടും. —സ്വ.

സാധാരണധർമ്മം ചില ദിക്കിൽ ലുപ്തമായിരിക്കും.

106. കൊല്ലപ്പെട്ടുകിലോ സ്വർഗ്ഗം
വെല്ലുകിൽ തേ മഹീസുഖം
തെല്ലും സംശയമില്ലല്ലോ
കില്ലുതീർത്തെഴി പോരിനായ്. —ഭഗവദ്ഗീത

ഇവിടെ രാജ്യഭോഗത്തിനും സ്വർഗ്ഗപ്രാപ്തിക്കും 'ഉത്തമത്വം' എന്ന സാധാരണധർമ്മം അർത്ഥസിദ്ധമാകുന്നു.

## 7. പരിവൃത്തി

**സമാസമങ്ങൾക്കു തമ്മിൽ**
**കൈമാററം പരിവൃത്തിയാം:**
**മൃത്താകും മൂർത്തിയേകീട്ടു**
**കീർത്തി നേടുന്നു സത്തമർ.** 78

സമത്തെക്കൊടുത്തു് സമത്തെയോ, ന്യൂനത്തെക്കൊടുത്തു് അധികത്തെയോ, അധികത്തെക്കൊടുത്തു് ന്യൂനത്തെയോ വാങ്ങുന്നതു് 'പരിവൃത്തി'.

മൃത്തു്=മണ്ണു്. ഇതു പഞ്ചഭൂതങ്ങൾക്കു് ഉപലക്ഷണം. പഞ്ചഭൂതാത്മകമാകയാൽ അവശ്യനശ്വരമായ ശരീരത്തെ ത്യജിച്ചു് സ്ഥായിയായ യശസ്സിനെ സമ്പാദിക്കുന്നതു് ന്യൂനം കൊടുത്തു് അധികത്തെ വാങ്ങുന്നതാകുന്നു. ഇതിനുതന്നെ വേറെ ഉദാഹരണം:

107. സമുചിതസപര്യാം ശബരിയോടു വാങ്ങി-
പ്പരഗതിയവൾക്കും പരിചിനൊടു നൽകി
പരമപുരുഷൻ മാല്യവദചലസാനൗ
പരിചിനൊടു ചെന്നു; പരമശിവ! ശംഭോ!
—രാമായണം ഇരുപത്തിനാലുവൃത്തം

പദ്യം 107. സപര്യ=സൽക്കാരം. മാല്യവദചലസാനൗ=മാല്യവൽപർവ്വതത്തിൻെറ താഴ്വാരത്തിൽ. പരമപുരുഷൻ=രാമൻ.

അധികം കൊടുത്തു് ന്യൂനത്തെ വാങ്ങുന്നതിനു് ഉദാഹരണം:

108. യുവതി ഭവതിയെന്തു വൃദ്ധയെപ്പോൽ
മണികളം വെടിഞ്ഞു വഹിച്ചു ചീവരത്തെ?
ഉഡുശശികളം വിളങ്ങുമന്തിനേര-
ത്തരുണനുദിപ്പതു ഭംഗിയോ നിശയ്ക്കു്? —ലോ. കു. സം.

സമപരിവൃത്തിക്കു് ഉദാഹരണം:

109. കാതതിലണിവാൻ തളിരിവളം
മോദാൽ പൊട്ടിച്ചു; വെച്ചു കാലവിടെ;
സദൃശമതായിവർ മാറീ;
സദയം ഞാനിന്നു വഞ്ചിതനുമായി.—മാളവികാഗ്നിമിത്രം

മാളവിക അശോകത്തിന്റെ തളിരറുത്തിട്ടു് അതിൽ ചവിട്ടുന്നതു് കാലിനും തളിരിനും ഉള്ള ഗുണസാമ്യത്താൽ സമപരിവൃത്തി.

## 8. ആക്ഷേപം

**ആക്ഷേപം ചൊല്ലുവാനോങ്ങി-**
**ച്ചൊന്നോ മദ്ധ്യേ നിറുത്തുക:**
**ചന്ദ്രനെ,ങ്ങെന്തിനല്ലെങ്കി-**
**ലുണ്ടല്ലോ സുമുഖീമുഖം.** 74

പറഞ്ഞിട്ടോ പറയാൻ ഭാവിച്ചിട്ടോ മദ്ധ്യേ ആലോചിച്ചിട്ടു് വേണ്ടെന്നു വയ്ക്കുന്നതു് 'ആക്ഷേപം'. ഉക്തോദാഹരണം പറഞ്ഞിട്ടു് നിറുത്തുന്നതിനു്. ഇനി, പറയാൻ ഭാവിച്ചിട്ടു് നിറുത്തുന്നതിനു് ഉദാഹരണം:

110. ന്ലാവെൻ കണ്ണിന്നു നീതാൻ, മമ തനുവിനു നീ നല്ല പീയൂഷമാമെൻ-
ജീവൻ നീതാൻ, ദ്വിതീയം മമ ഹൃദയമതാകുന്നു നീ, സുന്ദരാംഗി!
ഏവം നീയിഷ്ടവാക്യം പലതുമനുസരിച്ചോതിയൊന്നിച്ചു വാണാ-
പ്പാവത്തെത്തന്നെ! കഷ്ടം! ശിവശിവ! ഇനി ഞാനെന്തിനോതുന്നു-
ശേഷം!—ഉ. രാ. ച.

പറഞ്ഞിട്ടു് മദ്ധ്യേ നിറുത്തുന്നതിനു് വേറെ ഉദാഹരണം:

111. (a) കുനിച്ചു നീയെന്തിനുയന്ന മൗലിയെ,
നിനച്ചിടാതിങ്ങു വരുംവരാശ്കളം?
പെരുത്ത പട്ടർ-പ്പട കേറി നമ്മളെ-
ത്തുരത്തുമാറായതു പാർത്തതില്ലയോ?

(b) അഹോ! മഹാപാപമുരച്ചുപോയി ഞാൻ
മഹാജനം മാപ്പുതരട്ടെ തൽക്ഷണം;
മഹീസുരന്മാർക്കപവാദമോതിയാൽ
സഹിക്കുമോ സാഹസവാക്കതീശ്വരൻ? —മലയവിലാസം

ഇതു് മലയാളത്തോടുള്ള സംബോധനം. ഇവിടെ പശ്ചിമത്തിന്റെ തെക്കു ഭാഗം(ആരുവാമൊഴി) താണതുകൊണ്ടാണു് പരദേശികളം കേരളത്തിൽ കേറി

---

പദ്യം 108. മണി=രത്നം. ചീവരം=വൽക്കലം. ഉഡു=നക്ഷത്രം. പാർവ്വതിയോടു വടുവേഷധാരിയായ ശിവന്റെ ചോദ്യം.

പദ്യം 109. അഗ്നിമിത്രവചനം: സദൃശമതായി = ശരിക്കുശരി. ഇവർ മാറീ = അശോകവും മാളവികയും (വസ്തുക്കളം) കൈമാറി. സദയം...മായി. = (ആ കാൽച്ചവിട്ടു തനിക്കു കിട്ടായ്കയാൽ) തനിക്കു നഷ്ടംവന്നു.

വ്യാപിച്ചതെന്നു പറഞ്ഞിട്ടു് ആ അഭിപ്രായത്തെ ഉത്തരശ്ലോകംകൊണ്ടു നിരസിച്ചിരിക്കുന്നു.

**നിഷേധവിധ്യാഭാസങ്ങൾ**
**പ്രസംഗാൽ ബാധിതങ്ങളായ്**
**വിശേഷാർത്ഥം ജനിപ്പിക്കി-**
**ലതുമാക്ഷേപമായിടും.** 75

**ദൂതിയല്ലയി! ഞാൻ ചൊല്ലാം**
**ഭൂതികഷ്ടമവർക്കു കേൾ;**
**യാത്രപൊയ്ക്കൊൾകെടോ കാന്ത!**
**തത്ര താൻ മമ ജന്മവും.** 76

നിഷേധരൂപമായോ, വിധിരൂപമായോ ഉള്ള വചനം പ്രകരണത്തിൽ യോജിക്കായ്കയാൽ അസംബന്ധപ്രായമായി ചമഞ്ഞു് വേറെ ഒരു വിശേഷാൎത്ഥത്തെ ഉളവാക്കുന്നതിൽ ഫലിക്കുന്നതു് 'ആക്ഷേപാ'ലങ്കാരംതന്നെ. ഇവിടെ പറഞ്ഞിട്ടില്ലാത്ത അൎത്ഥത്തെ വലിച്ചെടുക്കുക എന്നു് ആക്ഷേപശബ്ദത്തിനു് അതിന്റെ ശാസ്ത്രീയമായ അൎത്ഥത്തിൽ പ്രയോഗം. നായികാദൂതിയുടെ വചനമായ ഒന്നാം ഉദാഹരണത്തിൽ 'ദൂതിയല്ലയി! ഞാൻ' എന്ന നിഷേധം ബാധിതമായിട്ടു് 'സാധാരണദൂതികളെപ്പോലെ ഞാൻ അതിശയോക്തി പറയുന്നവളല്ല, ഞാൻ പറവാൻപോകുന്നതു വാസ്തവംതന്നെ ആണു്' എന്നു് മറ്റൊരു സംഗതിയെ വിധിക്കുന്നതിൽ പൎയ്യവസാനിക്കുന്നു. രണ്ടാം ഉദാഹരണം യാത്ര പുറപ്പെടാൻ ഭാവിക്കുന്ന നായകനോടു് നായിക പറയുന്നതു്. അതിൽ യാത്ര പൊയ്ക്കൊൾവാൻ വിധിക്കുന്നതു് 'എനിക്കു് നീ പോകുന്ന ദിക്കിൽത്തന്നെ ജനനമുണ്ടാകും' എന്നുള്ള അടുത്ത വാക്യത്താൽ, 'നീ പോയാൽ എനിക്കു മരണം നിശ്ചയമാകകൊണ്ടു് ആലോചിച്ചുവേണം ഉറയ്ക്കുന്നതിനു്' എന്നു് മറ്റൊരൎത്ഥത്തെ ജനിപ്പിക്കുന്നു. വേറെ ഉദാഹരണങ്ങൾ:

നിഷേധാഭാസത്തിനു്:

112. ആജ്ഞാലംഘനമാം ജലത്തിലയി! തേ താണത്ര വാണേനഹം,
പ്രാജ്ഞാനാമനുജന്മനാമിടയിലിങ്ങെത്തീ മമാവജ്ഞയും;
പ്രജ്ഞാരൂഢരുഷാ പൊടിച്ചിടുമിതാ ഞാനിക്കുരുക്കൂട്ടരെ,
രാജ്ഞാമീശ! മമ ത്വമിന്നു ഗുരുവ,ല്ലങ്ങേ വശത്തല്ല ഞാൻ.

—വേണീസംഹാരം

യുധിഷ്ഠിരനോടുള്ള ഈ ഭീമവാക്യത്തിൽ 'ഇന്നൊരു ദിവസത്തേക്കു് അങ്ങു് എന്റെ ഗുരുവല്ല, ഞാൻ അങ്ങയുടെ വാക്കു് കേൾക്കേണ്ടവനും അല്ല' എന്ന നിഷേധം യോജിക്കാത്തതിനാൽ 'അങ്ങു് ആലോചിക്കുന്ന സന്ധി ഞാൻ സമ്മതിക്കയില്ല' എന്ന മറ്റൊരൎത്ഥത്തെ സൂചിപ്പിക്കുന്നു.

വിധ്യാഭാസത്തിനു്:

113. കണ്ണീർവാൎത്താ[illegible]യിട്ടും കഴലി[illegible]യിൽ നമിച്ചും പ്രിയം മററുചെയ്തും
പെണ്ണുങ്ങൾ ദൈന്യമാൎന്നന്യകൾ ഗമനപരം പ്രാണനാഥം തടുക്കും,
ധന്യാഹം; പോക നീ; മംഗളസുദിവസ,മക്കാലമേ ചെയ്‌വനെന്നാ-
ലെന്നാൽ കൎത്തവ്യമായുള്ളതു; തവ വഴിയേ കേട്ടിടാമായഭീഷ്ടം.

—അമരുകശതകം

---

പദ്യം 113. യാത്രയ്ക്കൊരുങ്ങുന്ന നായകനോടു് നായികാവചനം: അന്യകൾ പെണ്ണുങ്ങൾ ഗമനപരം പ്രാണനാഥം തടുക്കും എന്നു് രണ്ടാംപാദത്തിൽ അന്വയം. മംഗള...ക്കാലമേ=നീ പോകുന്ന കാലം മംഗളസുദിവസമാകട്ടെ! എന്നാൽ, എന്നാൽ (ഞാൻ+ആൽ) കൎത്തവ്യമായുള്ളതു് (= ഞാൻ ചെയ്യാനുദ്ദേശിക്കുന്നതു്) ചെയ്‌വൻ; ആ അഭീഷ്ടം തവ വഴിയേ കേട്ടിടാം—എന്നു് അൎത്ഥയോജന. നീ പോയാൽ ഞാൻ മരിക്കും എന്നു സൂചന.

ഇവിടെ ഗമനവിധി അതിനെ നിഷേധിക്കുന്നതിൽ ഫലിക്കുന്നു.

## 9. പ്രത്യനീകം

**കരുത്തനാം ശത്രുവിങ്കൽ**
**ഫലിക്കാത്ത പരാക്രമം**
**അവന്റെ കൂറ്റുകാരോടു**
**കാണിച്ചാൽ പ്രത്യനീകമാം: 77**

**ജൈത്രയാത്രയ്ക്കൊരുങ്ങീടും**
**നേത്രത്തിന്നാപ്തമിത്രമാം**
**ശ്രോത്രത്തെ കീഴടക്കുന്നു**
***ക്ഷാത്രത്താലസിതോല്പലം. 78**

ഇവിടെ കർണ്ണാവതംസമായ നീലോല്പലം കാതിന്റെമേൽ ഇരിക്കുന്നതിനെ കവി, തന്നെ ജയിക്കാനായി പുറപ്പെടുന്ന നേത്രങ്ങളെ എതിർക്കാൻ ശക്തിയില്ലാത്ത നീലോല്പലം ആ നേത്രങ്ങളുടെ അടുത്ത ബന്ധുവായ ശ്രോത്രത്തെ കീഴടക്കുന്നതായി കല്പിക്കുന്നു. വേറെ ഉദാഹരണം:

114. കൃഷ്ണ! നീയുടലറുത്ത നിമിത്തം
കേണു നിങ്കലപകർത്തുമശക്ത്യാ,
നിന്നുവേഷ്യസഖനാം ശശിയിങ്കൽ
കന്മഷം കരുതിടുന്നിഹ രാഹു. —സ്വ.

ശത്രുവിന്റെ കൂറ്റുകാരിൽ പരാക്രമം കാട്ടുന്നതു് 'പ്രത്യനീകാ'ലങ്കാരമെങ്കിൽ അവന്റെ നേരെതന്നെ അപകാരം പ്രവർത്തിക്കുന്നതു് കൈമുതികന്യായേന† 'പ്രത്യനീക'മെന്നു് സിദ്ധമാണല്ലോ എന്ന യുക്തിയിൻപേരിൽ കുവലയാനന്ദകാരൻ,

115. മണ്ണീയെങ്ങടെ വായിലൊക്കെയിനിമേൽ; തണ്ടാർമലപ്പൊയ്കയാം
തണ്ണീർപ്പന്തലടച്ചു ദുഷ്ടനിവനെന്നോർത്താർത്തു വണ്ടാർകുലം
വിണ്ണിൽ ത്തുണ്ണമണഞ്ഞു വർണ്ണവിഭവപ്രൗഢിക്കു കേടേപ്പെട്ടും—
വണ്ണം വെണ്മതിതന്റെ വെണ്മതിരളും ബിംബം
ദൂഷിപ്പിച്ചപോൽ. —സ്വ.

എന്ന ശ്ലോകത്തെ 'പ്രത്യനീക'ത്തിനു് ഉദാഹരിക്കുന്നു. സൂക്ഷ്മത്തിൽ ഉൽപ്രേക്ഷയിൽ ഉൾപ്പെട്ടുപോകുന്നതിനാൽ പ്രത്യനീകം എന്ന അലങ്കാരംതന്നെ ഉപേക്ഷിക്കപ്പെടേണ്ടതാകുന്നു.

* ക്ഷാത്രം = വൈരം.

† അർത്ഥാപത്തി നോക്കുക.

പദ്യം 114. അപകർത്തും=അപകാരം (പ്രതികാരം) ചെയ്യുന്നതിനു്. അമൃതാപഹരണസമയത്തു് വിഷ്ണു രാഹുവിന്റെ ഗളച്ഛേദം നടത്തി എന്നു പുരാണം.

പദ്യം 115. ചന്ദ്രനു കളങ്കമുണ്ടായതിന്റെ കാരണം പറയുന്നു: വണ്ടാർകുലം വിണ്ണിൽ ത്തുണ്ണം അണഞ്ഞു് വർണ്ണവിഭവപ്രൗഢിക്കു കേടേപ്പെട്ടുംവണ്ണം വെണ്മതിതന്റെ വെണ്മ തിരളും ബിംബം ദൂഷിപ്പിച്ചു. എന്തോർത്തിട്ടു്? ഞങ്ങളുടെ തണ്ണീർപ്പന്തലായ തണ്ടാർമലർപ്പൊയ്ക ഈ ദുഷ്ടൻ അടച്ചു് ഞങ്ങടെ വായിൽ മണ്ണടിച്ചു.

## 10. അർത്ഥാപത്തി

**അർത്ഥാപത്തിയിതോ പിന്നെ-**
**ച്ചൊല്ലാനില്ലെന്ന യുക്തിയാം:**
**നിന്മുഖം ചന്ദ്രനേ വെന്നു**
**പത്മത്തിൻ കഥയെന്തു വാൻ!** 79

കൈമുതികന്യായംതന്നെ 'അർത്ഥാപത്തി'. അതിന്റെ സ്വഭാവം, അപ്പം കോൽത്തുവെച്ചിരുന്ന കോൽ എലി ഭക്ഷിച്ചു എന്നു പറഞ്ഞാൽ അപ്പം തിന്നു എന്നു് പ്രത്യേകിച്ചു പറയേണ്ടതില്ല എന്നുള്ള ദൃഷ്ടാന്തപ്രകാരം ഒരു കാര്യത്തിന്റെ ഉല്പത്തിയിൽ അതിനെ സംബന്ധിച്ചു മറ്റൊരു കാര്യത്തിന്റെ നിഷ്പത്തി അർത്ഥസിദ്ധമായി വരുകയാകുന്നു. ദൃഷ്ടാന്തത്തെ ആസ്പദമാക്കി ഈ ന്യായത്തിനു് 'ദണ്ഡാപൂപിക' എന്നും പേരു പറയാറുണ്ടു്. പലരുടെയും പക്ഷത്തിൽ അർത്ഥാപത്തി 'അനുമാന'ത്തിൽ അന്തർഭവിക്കുന്നു. വേറെ ഉദാഹരണം:

116. ഗിരിശനുമഥ മൂന്നുനാം പൊറുത്താ-
നൊരുവിധമദ്രിസുതാസമാഗമോത്കൻ;
പരമനവനുമത്ര പററുമെങ്കിൽ
പരനു വികാരമിതെത്രതന്നെ വേണ്ട. —കു. സം.

ഇവിടെ പാർവ്വതീവിവാഹം നിശ്ചയിച്ച ദിവസം വരുന്നതിനു മദ്ധ്യേ ഉള്ള മൂന്നുനാം കഴിച്ചുകൂട്ടുന്നതു് ശിവനു് മഹാശ്രമമായി തോന്നി എന്നു പറയുന്നതുകൊണ്ടു് ഈമാതിരി അവസരത്തിൽ സാധാരണന്മാരുടെ സ്ഥിതി എന്തായിരിക്കുമെന്നു പറയാതെ സിദ്ധിക്കുന്നു.

## 11. കാവ്യലിംഗം

**ഹേതു വാക്യപദാർത്ഥങ്ങ-**
**ളാവുകിൽ കാവ്യലിംഗമാം:**
**കന്ദർപ്പ! നീ കളിക്കേണ്ട,**
**മന്ദ! ഞാൻ ശിവഭക്തനാം.**
**കാലാരിസേവ ചെയ്‌വോർക്കു**
**കാലനെക്കൂസലെന്തിനു്?** 80

ഹേതുവിനെ പഞ്ചമി (പ്രയോജിക) മുതലായ വിഭക്തികളോ മറേറാ കൊണ്ടു് സ്പഷ്ടമാക്കിക്കാണിക്കാതെ ഒരു വാക്യത്തിന്റെയോ പദത്തിന്റെയോ അർത്ഥമാക്കിക്കല്പിക്കുന്നതു് കാവ്യലിംഗം. ഇതു്, സമർത്ഥിക്കേണ്ടതായ സംഗതിയെ സമർത്ഥിക്കുന്ന ദിക്കിലാണു് ചമൽക്കാരം ജനിപ്പിക്കുന്നതു്. ആദ്യോദാഹരണത്തിൽ 'ഞാൻ ശിവഭക്തനാം' എന്നുള്ള വാക്യം 'കന്ദർപ്പ! നീ കളിക്കേണ്ട' എന്ന പൂർവ്വവാക്യത്തിനു് ഹേതുവാകുന്നു. അതിനാൽ ഇതു് വാക്യാർത്ഥഹേതുകമായ കാവ്യലിംഗം. രണ്ടാംഉദാഹരണം പദാർത്ഥഹേതുകം; അതിൽ 'കാലാരിസേവചെയ്‌വോർ' എന്ന പദം കാലനെ കൂസാതിരിക്കുന്നതിനുള്ള ഹേതുവിനെ കുറിക്കുന്നു.

വാക്യാർത്ഥഹേതുകത്തിനു് വേറെ ഉദാഹരണം:

117. നിൻ നേത്രത്തിനു തുല്യമാം കുവലയം വെള്ളത്തിനുള്ളത്തിലായ്,
നിന്നാസ്യപ്രഭതേടുമമ്പിളിയൊളിക്കപ്പെട്ടു കാർകൊണ്ടലാൽ;
അന്നത്തന്വികൾ നിന്നൊടൊത്ത നടയുള്ളോരങ്ങു മണ്ടീടിനാർ;
നിന്നൗപമ്യവുമിന്നു കാണ്മതു പൊറുക്കുന്നില്ലഹോ! ദുർവ്വിധി. —സ്വ.

[1]ഇതിൽ ആദ്യത്തെ മൂന്നു പാദങ്ങളിലെ വാക്യങ്ങളും നാലാംപാദത്തിലെ വാക്യത്തിനു ഹേതുവാകുന്നു.

പദാർത്ഥഹേതുകത്തിന്ന് ഉദാഹരണം:

118. ഉഴന്ന പാന്ഥപ്പരിഷയ്ക്കുനർത്ഥദൻ,
സദാഖസൻ, പാമ്പിനു സദ്യ നല്കുവോൻ;
സുഗ്രപ്പമേലും കവരുന്ന തസ്കരൻ;
കവീശ്വരക്കെങ്ങനെ ചെല്പമായി നീ! —മലയവിലാസം

മലയാനിലനെ വർണ്ണിക്കുന്ന ഈ പദ്യത്തിൽ മലയാനിലൻ കവികൾക്ക് ചെല്പമാകാതിരിക്കുന്നതിനുള്ള ഹേതുവിനെ 'പാന്ഥപ്പരിഷയ്ക്കുനർത്ഥദൻ' ഇത്യാദി വിശേഷണപദങ്ങൾ കുറിക്കുന്നു.

കാവ്യലിംഗം ചിലരുടെ മതത്തിൽ 'നിർഹേതു' എന്ന ദോഷത്തിന്റെ അഭാവം മാത്രമാണെന്നും, മററു ചിലരുടെ മതത്തിൽ 'അനുമാന'ത്തിലന്തർഭവിക്കേണ്ടതാണെന്നും തർക്കമുണ്ട്. എന്നാൽ അവരുടെ യുക്തിയെ അനുസരിക്കുന്ന പക്ഷം മററനേകം അലങ്കാരങ്ങളെയും ഉപേക്ഷിക്കേണ്ടിവരുന്നതിനാൽ കാവ്യലിംഗം ഇവിടെ ഒരു പൃഥഗലങ്കാരമായി സ്വീകരിക്കപ്പെട്ടിരിക്കുന്നു.

## 12. അനുമാനം

**സാധനംകൊണ്ടു സാദ്ധ്യത്തെ-**
**യൂഹിപ്പതനുമാനമാം:**
**കോപംതാനെങ്കു,ലല്ലെങ്കി-**
**ലുപചാരമിതെന്തിനു്?** 81

സാധകമായ ഹേതുവിനെ കണ്ടു് സാധ്യമായ കാര്യത്തെ ഊഹിക്ക എന്നു തർക്കശാസ്ത്രപ്രസിദ്ധമായ അനുമാനംതന്നെ അനുമാനാലങ്കാരം. [2]ഹേതുവ്യാപ്തിജ്ഞാനാദികൾ കവിസങ്കേതനിഷ്പന്നങ്ങളായിരിക്കതന്നെയാണ് ഇവിടെ ചമൽക്കാരബീജം. അതിനാൽ, പർവ്വതത്തിൽ പുക കണ്ടു് അഗ്നിയെ അനുമാനിക്കുന്നതു് അലങ്കാരമല്ല. ലക്ഷ്യത്തിൽ നായകൻ നായികയുടെ പതിവില്ലാത്ത ഉപചാരം കണ്ടിട്ടു് പ്രണയകോപത്തെ അനുമിക്കുന്നു. വേറെ ഉദാഹരണം:

119. പുഞ്ചിരിയെന്നതോ ചന്ദ്രിക ചെഞ്ചെമ്മേ
അഞ്ചാതെ ചൊല്ലാമതെല്ലാരൊടും:
ഏണാങ്കമൗലിതൻ നേത്രചകോരങ്ങൾ-
ക്കൂണായി മേവുമോ അല്ലയായ്കിൽ? —കൃഷ്ണഗാഥ

വേറെയും ഉദാഹരണം:

120. കൂടുന്നു താമരപ്പൂക്കൾ
വിടരുന്നിതു മാലതി
പ്രാക്കളും വന്നു ചേക്കേറു-
ന്നക്കന്നസ്തമിതൻ ധ്രുവം.

---

1. 14-ാം പദ്യത്തിന്റെ കുറിപ്പു നോക്കുക.

2. വ്യാപ്തിജ്ഞാനം=അനുമാനം. പുകയുള്ളേടത്തെല്ലാം തീയുണ്ടാവുമെന്ന സാഹചര്യനിയമമാണ് വ്യാപ്തി. (അനുമാനം വ്യാപ്തിജ്ഞാനം; യത്ര യത്ര ധൂമസ്തത്ര തത്രാഗ്നിരിതി സാഹചര്യനിയമോ വ്യാപ്തിഃ എന്നു തർക്കശാസ്ത്രം.)

പദ്യം 119. കംസന്റെ കൈയിൽനിന്നു വഴുതിമാറി ആകാശത്തിൽനിന്നു വിളങ്ങിയ അംബികയെ വർണ്ണിക്കുന്നു. ഏണാങ്കമൗലി=ശിവൻ. ദേവി ശിവപത്നിയാണല്ലോ. ചകോരം=ഉപ്പൻ. ഉപ്പനു നിലാവു് ആഹാരമെന്നു കവിസങ്കേതം. ഇതിലെ അനുമാനം സാധിക്കുന്നതു് രൂപകബലംകൊണ്ടാണ്.

## 13. അർത്ഥാന്തരന്യാസം

**സാമാന്യം താൻ വിശേഷം താ-**
**നിവയിൽ പ്രസ്തുതത്തിനു്**
**അർത്ഥാന്തരന്യാസമാക-**
**മന്യംകൊണ്ടു സമർത്ഥനം:** 82

**താണ്ടിനാനാഴി ഹനുമാ-**
**നാണ്ടവർക്കെന്തു ദുഷ്കരം:**
**വമ്പർക്കു തെളിയാ ദോഷ-**
**മമ്പിളിക്കഴകങ്കവും.** 83

പ്രസ്തുതമായ സാമാന്യത്തെ സമർത്ഥിപ്പാൻവേണ്ടി അപ്രസ്തുതമായ വിശേഷത്തെയോ മറിച്ചു് പ്രസ്തുതമായ വിശേഷത്തിനുവേണ്ടി അപ്രസ്തുതമായ സാമാന്യത്തെയോ കഥിക്കുന്നതു് 'അർത്ഥാന്തരന്യാസം.'

ലക്ഷ്യത്തിൽ ഒന്നാമത്തേതു് സാമാന്യേന[1] വിശേഷസമർത്ഥനത്തിനു് സാധർമ്മ്യരീത്യാ ഉള്ള ഉദാഹരണം. രണ്ടാമത്തേതു് വിശേഷേണസാമാന്യസമർത്ഥനത്തിനു് വൈധർമ്മ്യരീത്യാ ഉള്ള ഉദാഹരണം. വേറെ ഉദാഹരണം:

121. ഇഷ്ടപ്രാണേശ്വരിയുടെ വിയോഗത്തിനാലും നരേന്ദ്ര-
ദ്വിഷ്ടത്വത്താലൊരുവനളവാം മാനനഷ്ടത്തിനാലും
കഷ്ടപ്പെട്ടപ്പുരുഷനൊരു നാലഞ്ചുകൊല്ലം കഴിച്ചാൻ;
ദിഷ്ടക്കേടാൽ വരുവതു പരിഹാരമില്ലാത്തതല്ലോ! — മയൂരസന്ദേശം

ഇതിൽ അപ്രസ്തുതമായ സാമാന്യത്താൽ പ്രസ്തുതമായ വിശേഷത്തിനു് സമർത്ഥനം. മറിച്ചുള്ളതിനു്:

122. ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം
കാരസ്കരത്തിൻകുരു പാലിലിട്ടാൽ
കാലാന്തരേ കയ്പു ശമിപ്പതുണ്ടോ? —ശ്രീകൃഷ്ണചരിതം

## 14. ഭാവികം

**പ്രത്യക്ഷാനുഭവം ഭൂത-**
**ഭാവികൾക്കിഹ ഭാവികം:**
**ഇന്നുമെൻ കാതിലൂറുന്നി-**
**തന്നു നീ ചൊന്ന വാക്കുകൾ.** 84

ഭൂതമായോ ഭാവിയായോ ഉള്ള സംഗതിയെ പ്രത്യക്ഷമായി മുന്നിൽ കാണുന്നപ്രകാരം വർണ്ണിക്കുന്നതു് 'ഭാവികം'. ഭാവം മനോവികാരം; അതിനെ ജനിപ്പിക്കുന്നതു് എന്നു ശബ്ദത്തിനു് അർത്ഥസംഗതി[2]. വേറെ ഉദാഹരണം:

123. പരമൊരുടൽ വഹിച്ചുള്ളുത്സവംപോലെ മോദം
തരുമതിമൃദുവാം നിൻ കങ്കണംചേർന്ന ഹസ്തം
തരുണി! മമ കരത്തിൽ ശ്രീശതാനന്ദനപ്പി-
ച്ചൊരു സമയമതിപ്പോഴെന്നു തോന്നുന്നു കാന്തേ!—ഉ. രാ. ച.

ഇവ രണ്ടും ഭൂതത്തിനു് ഉദാഹരണങ്ങളാകുന്നു. ഭാവിക്കു്:

---

1. സാമാന്യേന=സാമാന്യംകൊണ്ടു്; വിശേഷേണ=വിശേഷംകൊണ്ടു്.
2. സംഗതി=യോജന.

124. കൊണ്ടാടിയൻപൊടപരിക്ഷതകോമളം നിൻ-
ചുണ്ടാകമിപ്പുതിയ പുഷ്പമതിന്റെ സാരം
ഇണ്ടൽ വളൎന്നു വലയുന്നൊരു വണ്ടുപോലെ
കൊണ്ടൽതൊഴുംകുഴലി, യാവദഹം പിബേയം? —ഭാ. ശാ.

ശകുന്തളയോടുള്ള ദുഷ്ഷന്തവാക്യമായ ഇതിൽ 'ഭാവി' അത്യാസന്നം. സീതയോട് രാമവാക്യമായ പൂൎവ്വോദാഹരണത്തിൽ 'ഭൂതം' അതിദൂരമെന്നു് ഭേദം.

അത്യന്തരിതമായ ഭാവിക്കു് വേറെ ഉദാഹരണം:

125. എന്നക്കാശിയിൽവാണുഷസ്സിലെഴുനേററഗ്ഗംഗയിൽ സ്നാനവും
നന്നായ് സന്ധ്യയുമാചരിച്ചു തരസാ ശ്രീവിശ്വനാഥാലയേ
ചെന്നിട്ടഞ്ജലികൂപ്പി മുപ്പുരരിപോ! ഗൗരീപതേ! കാത്തുകൊ-
ള്ളെന്നീവണ്ണമുരച്ചുകൊണ്ടു നിമിഷംപോലേ നയിപ്പേൻ ദിനം. —സ്വ.

## 15. ഉദാത്തം

പുരാവൃത്തപരാമൎശ-
മുദാത്തം, ശ്രീസമൃദ്ധിയും:
കുരുപാണ്ഡവവീരന്മാർ
പൊരുതോരിടമാണിതു്; 85

തൃപ്പാദസന്നിധാനത്തിൽ
കല്പവൃക്ഷങ്ങൾ യാചകർ.

പുരാതനമഹാപുരുഷന്മാരുടെ ചരിത്രബന്ധംകൊണ്ടു് വൎണ്ണ്യവസ്തുവിനു് ശ്ലാഘ്യത്വം സമ്പാദിക്കുന്നതു് 'ഉദാത്തം'. വീര്യസമ്പദാദിഗുണങ്ങളുടെ അതിശയം വൎണ്ണിക്കുന്നതു് മറെറാരുമാതിരി 'ഉദാത്തം'. വേറെ ഉദാഹരണങ്ങൾ:

126. അന്യങ്ങളാം മലകൾ ചേൎന്നു സുമേരുമുൻപായ്
കന്നായ് ചമച്ചിവനെയന്നു പൃഥൂപദേശാൽ
നന്നായ് കറന്നു മഹിയാം പശുവിങ്കൽനിന്നു
രത്നം മരുന്നു മുതലായ ധനങ്ങളെല്ലാം. —ഭാ. കു. സം.

127. ബ്രഹ്മാവൎത്തവഴിക്കു ചെന്നഥ കുരുക്ഷേത്രത്തിലെത്തുന്ന നീ
പണ്ടപ്പോൎക്കളമായ ദിക്കിവിടമെന്നോൎക്കാതിരുന്നീടുമോ?
തണ്ടാരിൻ തല തോഴരിങ്ങു മഴയാലെന്നോണമപ്ഫല്ഗുനൻ
മുന്നം മന്നവർതൻമുഖം കണകളാൽകണ്ടിച്ചു വൎഷിച്ചിഹ. —മേഘദൂതു്

ശ്രീസമൃദ്ധിക്കു് ഉദാഹരണം:

128. പത്തരമാററിൽ പൊന്നുകൾ രത്നത്താൽ
വിസ്താരത്തിൽ ചമച്ചുകിടക്കുന്ന
പത്തനങ്ങളും പത്തുനൂറായിരം
ചിത്രരമ്യമിതെത്രയും; ഗോവിന്ദ!
—രാമായണം ഇരുപത്തിനാലുവൃത്തം

ഇവിടെ അയോദ്ധ്യാവൎണ്ണനത്തിൽ ശ്രീസമൃദ്ധി.

---

പദ്യം 124. യാവത്+അഹം=യാവദഹം. യാവത്=ഏതൊരു സമയത്തു്. പിബേയം=ഞാൻ കുടിക്കും.

പദ്യം 126. ഹിമാലയവൎണ്ണന. ഇവനെ=ഹിമാലയത്തെ. പണ്ടു് പൃഥു എന്ന ചക്രവൎത്തി പറഞ്ഞതനുസരിച്ചു് മഹാമേരു മററു പൎവ്വതങ്ങളെയെല്ലാം കൂട്ടി ഹിമവാനെ കിടാവാക്കി, പശുവിന്റെ രൂപം ധരിച്ചുനിന്ന ഭൂമിയെ കറന്നു രത്നാദികൾ എടുത്തു എന്നു പുരാണം.

പദ്യം 127. തോഴർ—ഇവിടെ മേഘം. കണ=അമ്പു്. രണ്ടുദാഹരണങ്ങളും പുരാവൃത്തപരാമൎശകങ്ങൾ.

129. സുത്രാമാവിനു വന്നവസ്ഥ ചിരിയാം നിൻ വിക്രമാലോകനേ;
ശത്രൂണാം പടവീടു ചുട്ട പുക ചെന്നെത്തീ നഭോമണ്ഡലേ
പത്താം നേത്രശതങ്ങളപ്പൊഴുതുടൻ പൊത്താഞ്ഞതിന്നത്തലാ-
ലെത്തീ ശക്രനു കാർത്തവീര്യഭുജസമ്പത്തിങ്കലത്യാഗ്രഹം.

ഇതിൽ വീര്യസമൃദ്ധി.

## 16. സൂക്ഷ്മാലങ്കാരം

ഗ്രഹിച്ചെന്നിഹ ഗൂഢാർത്ഥ-
മെന്നു കാട്ടുക സൂക്ഷ്മമാം:
എൻ നോട്ടം കണ്ടു ലീലാബ്ജം
കന്നൽക്കാർവേണി കൂപ്പിനാൾ. 86

ആംഗ്യം, ചേഷ്ടാവിശേഷം മുതലായതുകൊണ്ട് ഒരുവന്റെ ഇംഗിതത്തെ മനസ്സിലാക്കി അതിനു് അനുരൂപമായി പ്രവർത്തിക്കുന്നതു് 'സൂക്ഷ്മാലങ്കാരം'. നായകവാക്യമായ ലക്ഷ്യത്തിൽ സങ്കേതകാലം ഏതെന്നു് അവൻ നോട്ടംകൊണ്ടു ചോദിച്ചതിനു് നായിക ലീലാബ്ജത്തെ കൂമ്പിക്കുന്നതുകൊണ്ട് താമരകൾക്കു സങ്കോചംവരുന്ന സമയമായ സന്ധ്യാകാലമെന്നറിയിക്കുന്നു. വേറെ ഉദാഹരണം:

130. അന്യസ്ത്രീദിക്കിലേക്കായ് പുരികമിളകവേ മൂർദ്ധനിർദ്ധൂതിചെയ്താൻ;
പിന്നെത്തത്ത്വജ്ഞലോകേ മിഴിയതണയവേ ചിന്തപൂണ്ടമ്പരന്നാൻ;
തന്വിക്കാസ്യം ചുവന്നീടവെയടിയിണയിൽദ്ദൃഷ്ടികൊണ്ടാനമിച്ചാൻ;
മുന്നിൽത്തന്നേ ഗുരുണാമിരുവരവർ വെടിഞ്ഞില്ല കാലോചിതത്തെ.
—അമരുകശതകം

ഇവിടെ സപത്നി വസിക്കുന്ന ദിക്കിലേക്കു് നായിക കണ്ണുകാണിക്കുന്നതിനെ മനസ്സിലാക്കി നായകൻ ശിരോധൂനനംകൊണ്ടു് അതിനെ നിഷേധിക്കുന്നു.

## 17. വ്യാജോക്തി

രഹസ്യരക്ഷയ്ക്കായ് ചെയ്യും
വ്യാജം വ്യാജോക്തിയായതു്:
വണ്ടത്താൻ കൊത്തിയെൻ ചുണ്ടിൽ
ചണ്ടി! നീ കരിനാക്കി താൻ. 87

വെളിപ്പെടാൻപോകുന്ന രഹസ്യത്തെ മറയ്ക്കാനായി ചൊല്ലുന്നതോ പ്രവർത്തിക്കുന്നതോ ആയ വ്യാജം 'വ്യാജോക്തി'. ഉദാഹരണം നായിക സഖിയോടു പറയുന്നതു്. ജാരകൃതമായ ദന്തക്ഷതത്തിന്റെ കാരണത്തെ മറയ്ക്കുന്നതിനായിട്ട് 'പൂവിറുക്കാൻ പോകേണ്ട' എന്നു നീ പറഞ്ഞതിനെ കൂട്ടാക്കാതെ പോയതിൽ, പോയാൽ ദോഷംവരുമെന്നു് നിന്റെ കരിനാക്കുകൊണ്ടു പറഞ്ഞതുപോലെതന്നെ 'വണ്ടു് എന്റെ ചുണ്ടിൽ കൊത്തി' എന്നും മററും സഖിയെ 'കരിനാക്കി' എന്നു പറഞ്ഞു നായിക ശകാരിക്കുന്നു. വേറെ ഉദാഹരണം പ്രവൃത്തിക്കു്:

---

പദ്യം 129. രാജസ്തുതി: സുത്രാമാവു്=ഇന്ദ്രൻ. ഇന്ദ്രനു് ആയിരം കണ്ണും കാർത്തവീര്യനു് ആയിരം കൈയും ഉണ്ടെന്നു പുരാണപ്രസിദ്ധി.

പദ്യം 130. സപത്നീസംഗമം ഉണ്ടായില്ല എന്നു ശിരോധൂനനംകൊണ്ടു നായകൻ പറഞ്ഞതു കള്ളമാണു്. അതറിയാവുന്ന സഖികളുടെ (തത്ത്വജ്ഞലോകം) നേരെ നായിക വീണ്ടും നോക്കിയപ്പോൾ 'നീയതറിഞ്ഞിരുന്നോ!' എന്നു ചിന്തയും അമ്പരപ്പും. പ്രണയകലഹം നടിച്ചു് നായിക മുഖം ചുവപ്പിച്ചപ്പോൾ, കാലുപിടിക്കുന്നതായി നായകൻ കണ്ണുകാണിച്ചു. ഇവയെല്ലാം സൂക്ഷ്മംതന്നെ.

131. കണ്ണനെക്കണ്ട നേരത്തു
തിണ്ണെന്നുണ്ടായ വിഭ്രമം
വെളിപ്പെടാതിരിപ്പാനാ-
യളിവേണി വണങ്ങിനാൾ.

ഇവിടെ നായിക കൃഷ്ണനെക്കണ്ടിട്ടുണ്ടായ കാമവികാരത്തെ, വണങ്ങുന്നതു കൊണ്ടു് ഭക്തിവ്യാജേന മറയ്ക്കുന്നു. വേറെ ഉദാഹരണം, വാക്കിനു്:

132. കല്യാണാവസരേ ഗിരീന്ദ്രനരുളും കന്യാകരം തൊട്ടവാ-
റുല്ലാസത്തൊടു *സാത്ത്വികങ്ങളുളവായ് സ്തംഭിച്ച മെയ്യോടുടൻ
'വല്ലാതുള്ളൊരു ശൈത്യമീ ഹിമഗിരിക്കൈത്താരി'നെന്നോതവേ
മെല്ലേ ശൈലവധുക്കൾ നോക്കിന ശിവൻ കല്യാണമേകീടണം —സ്വ.

## 18. ഉത്തരം

ചോദ്യം നടിച്ചുത്തരമായ്
ഗൂഢാർത്ഥം ചൊല്കയുത്തരം:
അക്കരയ്ക്കു കടക്കേണ്ട-
തക്കാവിൻ നേർക്കു പാന്ഥ! കേൾ. 88

ഒരുവനെ ഒരു ഗൂഢാർത്ഥം ധരിപ്പിക്കാൻവേണ്ടി അവൻതന്നെയോ മറെറാരുവനോ തന്നോടു ചോദ്യംചെയ്തു എന്നു ഭാവിച്ചുകൊണ്ടു് ഉത്തരത്തിൻെറ മട്ടിൽ ആ ഗൂഢാർത്ഥത്തെ വ്യംഗ്യമായി ചൊല്ലുന്നതു് 'ഉത്തരം'. പാന്ഥൻ വഴിചോദിച്ചു എന്നുള്ള നാട്യത്തിൽ 'കാവിൻെറ നേർക്കാണു് പുഴ ഇറങ്ങി കേറേണ്ടതു്' എന്നു നായിക പറയുന്നതു് ആ സ്ഥലമാണു് നമുക്കു രഹസ്സമാഗമത്തിനുള്ള സങ്കേതസ്ഥാനം എന്നു പാന്ഥനെ ധരിപ്പിക്കാനാകുന്നു. വേറെ ഉദാഹരണം:

133. പേടത്തുകിൽ വേണെങ്കിൽ
തേടുക വേറുള്ള വേടവീടുകളിൽ
വീടിതിലുള്ളൊരു തരുണൻ
വിടുമാറില്ലമ്പു പാന്ഥ! മൃഗസ്തുഥേ. —സ്വ.

വേട്ടയ്ക്കു പോകാതെ വീട്ടിൽ നവോഢയായ വധുവൊന്നിച്ചു സുഖിക്കുന്ന പുത്രനെ ഉദ്ദേശിച്ചു്, മാൻതുകലിനാവശ്യപ്പെട്ടു വന്നവനോടു് വൃദ്ധവ്യാധൻ പറയുന്നതു്. ഇവിടെ പഥികൻെറ ചോദ്യം കല്പിതം. പുത്രനെ സ്വകൃത്യം ഓമ്മിപ്പിക്കഫലം ഈ 'ഉത്തരാ'ലങ്കാരത്തിനു് പലരും പലവിധമാണു ലക്ഷണംചെയ്യുന്നതു്.

ചോദ്യത്തിനാരുമോർക്കാത്തൊ-
രുത്തരം ചൊൽകയും തഥാ:
സംസാരത്തിൽ സാരമെന്തു്?
കംസാരിപദസേവനം. 89

തനിയേ ചോദ്യംചെയ്തു് അപ്രതീക്ഷിതമായി ഉത്തരംപറയുന്നതും 'ഉത്തരാലങ്കാരം.' പരിസംഖ്യയിൽ അന്യവ്യവച്ഛേദംകൊണ്ടുള്ള നിയമനമാണു് ചോദ്യോത്തരങ്ങളുടെ ഫലം. 'ഉത്തരാ'ലങ്കാരത്തിൽ ആ നിയമനം വിവക്ഷിതമല്ല. ചമല്ക്കാരബീജവും അസംഭാവിതമായ ഉത്തരത്തിൻെറ ശ്രവണത്തിൽ ഝടിതിയായുണ്ടാകുന്ന മനോവികാസമാകുന്നു. വേറെ ഉദാഹരണം:

* സാത്ത്വികങ്ങൾ—രസനിരൂപണം (അടിക്കുറിപ്പു) നോക്കുക.

134. സുഖമെന്തിഹ ലോകത്തിൽ?
സഖാക്കളുടെ സംഗമം
ദുഃഖമെന്തഥ? മൂർഖൻെറ
മുഖം നോക്കീട്ടു ജീവനം. —സ്വ.

## 19. സമാധി

**സമാധി കാര്യസൗകര്യം
യദൃച്ഛാലബ്ധഹേതുവാൽ:
മാനിനീസാന്ത്വനത്തിന്നായ്
തുനിഞ്ഞേനെപ്പൊഴിങ്ങു ഞാൻ
കനക്കവേ കേൾക്കുമാറായ്
ഘനസ്തനിതമപ്പൊഴേ.** 90

ഒരു കാര്യത്തെ സാധിക്കുന്നതിൽ പല ഹേതുക്കൾ 'ഖലേകപോതികാ' ന്യായേന 'ഞാൻ മുമ്പ് ഞാൻ മുമ്പ്'' എന്ന രീതിയിൽ ഒന്നിച്ചു പ്രവൎത്തിക്കുക 'സമുച്ചയം'. അനുകൂലഹേതുക്കൾ 'കാകതാലീയ'ന്യായേന ഘടിക്കുന്നതു് 'സമാധി' എന്നു ഭേദം. വേറെ ഉദാഹരണം:

135. വമ്പിച്ച കോപത്തെയകറ്റുവാനായ്
കുമ്പിട്ട കാന്തൻെറ പുറം കരേറും
തൻ പുത്രനെ നോക്കി മനംമറന്നി-
ട്ടൻപോടു പെട്ടെന്നു ചിരിച്ചു ചണ്ഡി. —സ്വ.

യത്നംകൂടാതെതന്നെ ഇഷ്ടകാര്യസിദ്ധി എന്നു ലക്ഷണംചെയ്തു്* 'പ്രഹൎഷണം' എന്നു് ഒരു നൂതനാലങ്കാരത്തെ അപ്പയ്യദീക്ഷിതർ സ്വീകരിക്കുന്നു. എന്നാൽ അതും സമാധിയുടെ ഒരു വകഭേദമാകുന്നതേ ഉള്ളു.

136. 'കൊണ്ടൽക്കാറണികൊണ്ടു വിണ്ടലമിരുണ്ടീടുന്നു, വൃക്ഷങ്ങളെ-
ക്കൊണ്ടിക്കാടു കറുത്തിടുന്നിരവിലിക്കണ്ണന്നുമുണ്ടിണ്ടൽ കേൾ
കൊണ്ടാക്കീടു! ഗൃഹത്തിലിന്നിവനെ നീ താ'നെന്ന നന്ദോദിതം
കൊണ്ടാടീട്ടഥ രാധയെപ്പഥി രസിപ്പിച്ചോരു കൃഷ്ണൻ തുണ. —സ്വ.

ഇത്യാദിയായ അതിൻെറ ഉദാഹരണത്തിലും രഹസ്സംഗമത്തെ പ്രാൎത്ഥിക്കുന്ന രാധാമാധവന്മാൎക്കു് യദൃച്ഛയാ ലബ്ധമായ നന്ദനിയോഗം കാര്യസിദ്ധിക്കു സൗകര്യാതിശയത്തെ ഉണ്ടാക്കുന്നു. പൂൎവ്വോദാഹരണത്തിൽ ഇഷ്ടകാര്യത്തിലേക്കുള്ള പ്രവൃത്തി ശബ്ദപ്രതിപാദിത; ഇതിൽ അൎത്ഥസിദ്ധ എന്നു മാത്രം ഭേദം.

137. വേഴാമ്പലേററമഴലേന്തിയുഴന്നു വെള്ളം
നാലഞ്ചു തുള്ളി മുകിൽതന്നൊടിരന്നിടുന്നു

---

* യത്നംകൂടാതീപ്സിതാൎത്ഥ-
സിദ്ധിതന്നേ പ്രഹൎഷണം;
കൊതിച്ചു കാത്തിരുന്നാരെ-
ക്കാണുകതേ കന്യ ദൂതി തേ. (കുവലയാനന്ദം)

നായകനോടു സുഹൃദ്വചനം ഉദാഹരണം. നീ ആരെ (പ്രാപിക്കാൻ) കൊതിയോടെ കാത്തിരുന്നുവോ ആ കന്യ നായികയുടെ ദൂതിയായി ഇതാ വന്നിരിക്കുന്നു എന്നു് അൎത്ഥയോജന.

പദ്യം 136. 'ഗീതഗോവിന്ദ'ത്തിലെ മംഗളാചരണം: നന്ദോദിതം=നന്ദൻ പറഞ്ഞതു്. കൊണ്ടാടുക=അനുസരിക്കുക. പഥി=വഴിക്കു്.

അൻപോടതുഴി മുഴവൻ മഴയാൽ നനയ്ക്കു-
ന്നമ്പോ വലിപ്പമുടയോൻെറ കൊട്ടപ്പു കേമം. —കെ.സി.കേ.പി.

ഇത്യാദി പ്രകാരാന്തരേണ ഉള്ള പ്രഹർഷണോദാഹരണങ്ങളിലും ലക്ഷണ സംഗതി മേല്പറഞ്ഞപ്രകാരം ഊഹിച്ചുകൊൾക.

## 20. വ്യാജസ്തുതി

**വ്യാജസ്തുതി, സ്തവം, നിന്ദ**
**നിന്ദാസ്തുതികളാൽ ക്രമാൽ:**
**സ്വർഗ്ഗം പാപിക്കു നല്കുന്ന**
**ഗംഗയ്ക്കെന്തു വിവേകമാം? 91**

**നിന്നെപ്പോലാർക്കു കുറെന്നി-**
**ഖിന്ന നീയെൻ നിമിത്തമായ്**
**ചെന്നു ദൂതി പൊറുത്തില്ലേ**
**നന്നായ് ദന്തനഖക്ഷതം! 92**

സ്തുതിയിൽ പർയ്യവസാനിക്കുന്ന നിന്ദയും, നിന്ദയിൽ പര്യവസാനിക്കുന്ന സ്തുതിയും 'വ്യാജസ്തുതി.' നിന്ദയെന്നുള്ള വ്യാജേന സ്തുതി എന്നും വ്യാജമായിട്ടുള്ള (നിന്ദാരൂപമായിട്ടുള്ള) സ്തുതി എന്നും ശബ്ദത്തിന് അർത്ഥയോജന. ആദ്യോദാഹരണത്തിൽ, 'നീ പാപികളെയും സുകൃതികളെയും തിരിച്ചറിയാത്തവൾ' എന്നുള്ള നിന്ദകൊണ്ട്, 'നീ പാപികളെക്കൂടി അവരുടെ പാപമകററി സ്വർഗ്ഗത്തയയ്ക്കുന്നു' എന്ന് ഗംഗയുടെ മാഹാത്മ്യത്തിനു സ്തുതി. രണ്ടാം ഉദാഹരണത്തിൽ, 'നീ എനിക്കുവേണ്ടി ദന്തനഖക്ഷതങ്ങളെല്ലാം സഹിച്ചു' എന്നു നായികദൂതിയെ സ്തുതിക്കുന്നതുകൊണ്ട്, 'നീ എനിക്കുവേണ്ടിയല്ല നായകസമീപത്തിൽ പോയതു്, സ്വാർത്ഥം വിചാരിച്ചാണ്. അതുകൊണ്ട് നീ സ്വാമിദ്രോഹപാതകം ചെയ്തവൾ' എന്നു നിന്ദ. വേറെ ഉദാഹരണങ്ങൾ:

നിന്ദയാൽ സ്തുതിക്കു്:

138. തിങ്കൾതന്നുടെ കളങ്കിതാങ്കമുടൽ, ശങ്കരൻെറ ഗളമണ്ഡലം,
പങ്കജാക്ഷനുടെ മെയ്മുഴുക്കെ, മദപങ്കിലം ദിഗിഭർത്തൻ കടം
ശങ്കയെന്നിയെയിതൊക്കെയിന്നുമിരുളാർന്നതന്നെ വിലസുന്നു കേൾ
ഹന്തഹോ! വെറുതെ,യെത്രമാത്രമുലകം വെളുത്തു തവ കീർത്തിയാൽ?–സ്വ.

ഇതിൽ ചന്ദ്രകളങ്കാദികൾ ഒഴിച്ചെല്ലാം നിൻെറ കീർത്തിയാൽ വെളുത്തുവെന്ന വാസ്തവത്തിൽ സ്തുതി.

സ്തുതിയാൽ നിന്ദയ്ക്കു്:

139. മെയ്യിൽ പാർവ്വതി പാതി, പാതി ഹരിയും പങ്കിട്ടെടുത്തീടവേ
പോയല്ലോ ഹരനെന്നു ഗംഗയുടനേ ചെന്നങ്ങു ചേർന്നാഴിയിൽ
വാനത്തമ്പിളിലേഖ, പാമ്പു കുഴിയിൽ, സർവ്വജ്ഞതാധീശതാ-
സ്ഥാനം രണ്ടു ഭവാങ്ക,ലെങ്കലുമഹോ! ഭിക്ഷാടനം ഭൂപതേ! —സ്വ.

ദരിദ്രനായ കവി വളരെ കാത്തുനിന്നിട്ടും കാര്യം ഫലിക്കാഞ്ഞു് നിരാശപ്പെട്ടു് പ്രഭുവിനോടു പറയുന്ന ഈ വാക്കിൽ, എൻെറ വൈദുഷ്യവും ദാരിദ്ര്യകഷ്ടവും അറിഞ്ഞിട്ടും എന്നെ രക്ഷിക്കാത്ത നീ സർവ്വജ്ഞനെന്നും ഐശ്വര്യവാനെന്നും നടിക്കുന്നതു വ്യർത്ഥമെന്നു്, സ്തുതി, നിന്ദയിൽ പരിണമിക്കുന്നു. ഈ ഉദാഹരണം രസഗംഗാധരകാരന് രസിക്കാത്തതാകയാൽ വേറെ ഒന്നു്:

140. മൗകലിവ്രജമിരുന്നിടുന്ന മുകളിൽ സുഖം, കപികൾ കൊമ്പിലും,
ഘൂകവൃന്ദമതു കോടരത്തിലു,മടിക്കു ദംശമശകങ്ങളും

ആകെയെത്രയിഹ ചേതനങ്ങൾ! വിശദം യശോ/ധിഗതമധ്വഗം
ലോകമന്തികമണഞ്ഞിടാസ്സിലിഹ വൃക്ഷരാജ! തവ കാ ക്ഷതിഃ
—അന്യാപദേശശതകം

ഇലവുമരത്തെ സംബോധനംചെയ്തുള്ള ഈ അന്യാപദേശത്തിൽ, നിന്നെക്കൊണ്ടാർക്കെങ്കിലുമൊരുപകാരമുണ്ടെങ്കിലതു് ദുഷ്ടക്കൂട്ടക്കാർക്കേ ഉള്ളൂ എന്നു നിന്ദ.

വ്യാജസ്തുതിയിൽ ഒരുവനെ സ്തുതിക്കുന്നതുകൊണ്ടു് മറ്റൊരുവനു് നിന്ദ എന്നും, മറിച്ചും, സ്തുതിനിന്ദകൾ വ്യധികരണങ്ങൾ ആയിട്ടും വരാം എന്നു് അപ്പയ്യദീക്ഷിതർ അഭിപ്രായപ്പെടുന്നു. എങ്ങനെയെന്നാൽ:

141. നീയാർ മർക്കട? രാമരാജഭവനേ ഞാൻ പത്രികാവാഹകൻ;
പോയാനെങ്ങിഹ മുൻപിൽവന്ന ഹനുമാൻ ലങ്കാപുരം ചുട്ടവൻ?
ചെക്കൻ മുഷ്ടൊടരക്കനേകനവനിൽ കൈവെച്ചതായ് കേൾക്കയാൽ
വെക്കം ചൊക്കർ ബഹിഷ്കരിച്ചൊരിളിയച്ചാരന്നുതാൻ തൊങ്കിനാൻ.
—സ്വ.

ഇവിടെ ഹനുമാനെ നിന്ദിക്കുന്നതുകൊണ്ടു് ശേഷം വാനരന്മാർക്കു സ്തുതി; ഇതിന്മണ്ണംതന്നെ മറിച്ചു് അന്യസ്തുതികൊണ്ടു് അന്യനിന്ദയെയും ഉദാഹരിക്കാം. സൂക്ഷ്മം നോക്കുമ്പോൾ സ്തുതിനിന്ദകൾ വ്യധികരണങ്ങളായിവരുന്നിടത്തു് അപ്രസ്തുതപ്രശംസയാകുന്നു. ദണ്ഡി ഈമാതിരിയുള്ളതിനെത്തന്നെയാണു് അപ്രസ്തുതപ്രശംസയായിട്ടു ഗണിക്കുന്നതും എന്നു ചുരുക്കം.

## 21. സമം

**സമം ചേരേണ്ടതിൻ ചേർച്ച;**
**ജനകോചിതജന്യവും:**
**നിംബം ഫലിച്ചു, കാകങ്ങൾ**
**തിന്മാനും വന്നുചേർന്നിതേ.**
**വൃദ്ധിക്ഷയങ്ങൾ യോജിക്ക-**
**മബ്ധിജാതൻ ശശാങ്കനു്.** 93

അനുരൂപങ്ങളായ രണ്ടു വസ്തുക്കൾ തങ്ങളിൽ ചേരുന്നതും കാരണത്തിനു് അനുരൂപമായ കാര്യവും 'സമാലങ്കാരം'. വേറെ ഉദാഹരണം:

142. ധന്യൻ തൻകാന്തനെശ്ശോഭനയുവൾ കുമുദത്തെശ്ശരജ്ജ്യോത്സ്നപോലേ
നന്ദിപ്പിക്കട്ടെ തുഷ്ട്യാ തരുണനവനമച്ചാരിതാർത്ഥ്യം വരട്ടെ
അന്യോന്യം വാച്ചിടും സൽഗ്ഗുണനിരകൾ ചമയ്ക്കുന്നതിൽ ബ്രഹ്മനേററം
കുന്നിക്കും കൗശലത്തിൻഫലവുമിഹ മനോജ്ഞത്വവും വന്നിടട്ടെ.
—മാലതീമാധവം

രണ്ടാമത്തേതിനു് ഉദാഹരണം:

143. താഴ്ചയായൊരിടത്തുള്ള
വാഴ്ചയാൽ വീഴ്ചയെന്തു തേ?
ജലത്തിലല്ലോ നിൻ ജന്മം
ജലജാക്ഷകുടുംബിനി!
—സ്വ.

---

പദ്യം 140. മൗകലി=കാക്ക. ഘൂകം=മൂങ്ങ. ദംശം കാട്ടീച്ച. മശകം=കൊതുകു്. വിശദം യശഃ അധിഗതം – വ്യക്തമായ കീർത്തി (നിനക്കു്) പ്രാപ്തമായി. കാ ക്ഷതിഃ = എന്താണു കുറവു്.

പദ്യം 141. രാവണനെ കാണ്മാനെത്തിയ അംഗദനുമായി ഒരു രാക്ഷസൻ നടത്തുന്ന സംവാദമാണിതു്. ചൊക്കർ = വാനരന്മാർ. തൊങ്കുക = ഓടുക.

പദ്യം 143. ജലജാക്ഷകുടുംബിനി = ലക്ഷ്മീദേവി. താഴ്ച...വാഴ്ച = അധമന്മാരോടുള്ള സംസർഗ്ഗം എന്നും.

ആനുരൂപ്യം പലവിധത്തിൽ വരാം. എങ്ങനെയെന്നാൽ:

144. കൂടെത്തന്നെ പിറന്നു സിന്ധുവതിൽ നീയക്കാളകൂടത്തോടേ,
കൂടിച്ചേർന്നു കളിച്ചു ശംഭുനിടിലത്തീയോടു ബാല്യത്തിൽ നീ;
പ്രൗഢൻ നീയഥ രാഹുദംഷ്ട്രയതിനാലങ്ങന്തരംഗീകൃതൻ,
ബാഢം ചന്ദ്ര! വിഷം കലർന്ന കിരണം തൂകുന്നു യുക്തം ഭവാൻ.—സ്വ.

ഇവിടെ ചന്ദ്രന്റെ പ്രവൃത്തി സഹവാസത്തിന്നു് അനുരൂപയെന്നു് സാധിക്കപ്പെട്ടിരിക്കുന്നു.

## 22. വിഷമം

**വിഷമം ചേർച്ചയില്ലാത്ത**
**രണ്ടിനെച്ചേർത്തു ചൊല്ലുകിൽ:**
**കാവ്യാനുശാസനമതെ-**
**ങ്ങവ്യാവർത്തകനെങ്ങിവൻ.*** 94

അത്യന്തവൈലക്ഷണ്യത്താൽ തങ്ങളിൽ ചേരാത്ത രണ്ടു വസ്തുക്കളെ ചേർത്തു കാണിക്കുന്നതു് 'വിഷമം'. ഒരു കാവ്യാനുശാസനഗ്രന്ഥമെഴുതുന്നതു് പണ്ഡിതൈകസാദ്ധ്യമാകുന്നു. താനോ സാരമില്ലാത്തവൻ; അതിനാൽ ഗ്രന്ഥനിർമ്മാണപ്രവൃത്തി തനിക്കു ചേരാത്തതു്. വേറെ ഉദാഹരണം:

145. അതിക്രൂരം ബാണം കസുമതതിയിൽ ചെങ്കനലുപോൽ
പതിപ്പിച്ചീടൊല്ലാ പരിമൃദുലയാമീ മൃഗതനൗ
നിതാന്തം നിസ്സാരം ബത! മൃഗമിതിൻ ജീവനെവിടെ?
കൃതാന്താ ദൈത്യാനാം, തവ ച കടുബാണങ്ങളെവിടെ? —ഭാ. ശാകു.

'വിഷമം' ഗമ്യമായും വരാം:

146. ക്ഷോണീശന്തൻ സുഹൃത്താം പ്രിയസചിവനു തൻപുത്രിയെക്കാര്യമൂലം
പ്രീണിച്ചേകീട്ടമാത്യൻ പരമിഹ പരമാനന്ദമങ്ങാർന്നിടട്ടെ
കാണാനും കൊള്ളുകില്ലാത്തവനൊടിവളുമാഹന്ത! ധൂമഗ്രഹത്തോ-
ടേണാങ്കൻതന്റെ ചേണാർന്നൊരു കലയതുപോലിന്നുടൻ ചേർന്നിടട്ടെ.
—മാലതീമാധവം

ഇവിടെ നന്ദനനും മാലതിക്കും തമ്മിലുള്ള ഘടനാവൈഷമ്യം ഗമ്യം.

**വിഷമം ജനകത്തിന്നു**
**വിരുദ്ധം ജന്യധർമ്മവും:**
**വെളുത്ത കീർത്തിയെപ്പെററി-**
**തളിശ്യാമളയാമസി.** 95

വണ്ടിനെപ്പോലെ കറുപ്പായ വാളിൽനിന്നു് വെളുത്ത കീർത്തി ജനിച്ചതു്,

---

* അവ്യാവർത്തകൻ=(തെററും ശരിയും) തിരിച്ചറിവില്ലാത്തവൻ.

പദ്യം 144. വിരഹിവാക്യം: രാഹുദംഷ്ട്ര...കൃതൻ=രാഹുദംഷ്ട്രകൾക്കുള്ളിൽപ്പെട്ടവൻ (ഗ്രഹണസമയത്തു്).

പദ്യം 145. കാമന്ദകി നിരാശയോടെ പറയുന്നതു്: പ്രിയസചിവൻ=(പത്മാവതീരാജാവിന്റെ നർമ്മസചിവൻ.) നന്ദനൻ. ഇയാൾ വിരൂപനാണു്. അമാത്യൻ=ഭൂരിവസു. ഇയാൾ മാലതിയുടെ അച്ഛൻ. ധൂമഗ്രഹങ്ങൾ—രാഹുകേതുക്കൾ. (ഇവിടെ രാഹു.)

ജനകത്തിനു് അനനുരൂപമായ ജന്യഗുണം. യുദ്ധത്തിൽ ഖഡ്ഗപ്രയോഗംകൊണ്ടു് കീർത്തി സമ്പാദിച്ചുവെന്നു വാസ്തവം. വേറെ ഉദാഹരണം:

147. സഹസ്രപാദൻ ഭഗവാന്റെ പുത്രൻ
ഗ്രഹാധിപൻ ഹന്ത! മുടന്തനായി
മഹാമഹസ്സാകുമവന്റെ പുത്രി-
യഹോ! കറുത്തും; വിധി വാമനത്രേ. —സ്വ.

**ഇഷ്ടസിദ്ധിക്കു യത്നിച്ചി-**
**ട്ടനിഷ്ടപ്രാപ്തിയും തഥാ:**
**കരണ്ടാനഹിമഞ്ജൂഷ-**
**യിരമോഹിച്ചു മൂഷികൻ**
**ഭക്ഷിച്ചാനെലിയെത്തന്നെ**
**തൽക്ഷണാലഹിയും പുനഃ.** 96

ഇഷ്ടകാര്യത്തിനായി പ്രവർത്തിക്കുന്നവനു് ഇഷ്ടം സാധിച്ചില്ലെന്നു മാത്രമല്ല അനിഷ്ടം വന്നുകൂടുകയും ചെയ്തു എന്നു വരുന്നതും 'വിഷമാ'ലങ്കാരംതന്നെ. എലി ഇര തേടി പാമ്പിനെ അടച്ചിരിക്കുന്ന പെട്ടി കരണ്ടപ്പോൾ പാമ്പു് എലിയെത്തന്നെ ഇരയാക്കിയതിനാൽ ലക്ഷണസമന്വയം. വേറെ ഉദാഹരണം:

148. ഗോപാലനെന്നോർത്തു മുകുന്ദ! കേൾക്ക
ഞാൻ പാലു മോഹിച്ചു ഭജിച്ചു നിന്നെ;
നീയോ മിടുക്കൻ പുനരിങ്ങു മേലാൽ
തായാർമുലപ്പാലുമലഭ്യമാക്കി. —സ്വ.

കൃഷ്ണനെക്കുറിച്ചുള്ള ഈ വ്യാജസ്തുതിയിൽ, 'നീ ഗോപാലനാണെന്നു കേട്ടു് ഇടയനെ സേവിച്ചാൽ പാൽ ധാരാളം കിട്ടുമല്ലോ എന്നു വിചാരിച്ചു് ഞാൻ നിന്നെ സേവിച്ചു; നീയോ പിന്നെ ഞാൻ ആശിച്ച പശുവിൻപാലു തന്നില്ലെന്നു മാത്രമല്ല, ബാലന്മാർക്കു് അനായാസേന ലഭിക്കുന്ന മുലപ്പാലുകൂടി കിട്ടാതെയാക്കി' എന്നു 'വിഷമാ'ലങ്കാരം. ശ്രീകൃഷ്ണമൂർത്തിയെ സേവിച്ചതിനാൽ പുനർജ്ജന്മമില്ലാതായെന്നു കൃഷ്ണസ്തുതി. വേറെയും ഉദാഹരണം:

149. ഗൂഢമായവനെ നിഗ്രഹിപ്പതിനു ഞാനയച്ച വിഷകന്യ, തൻ-
നാടിനർദ്ധമവകാശി പർവ്വതനെ നിഗ്രഹിച്ചു വിധിശക്തിയാൽ
കേടു ചേർത്തു രസയന്ത്രകൗശലമതിൽ തുനിഞ്ഞൊരവർകൾക്കുമി-
ന്നീടെഴും മമ നയങ്ങൾ നോക്കുകവതന്നെ മൗര്യനു ഗുണത്തിനായ്.
—മുദ്രാരാക്ഷസം

ഇഷ്ടാനവാപ്തി മാത്രമോ അനിഷ്ടപ്രാപ്തി മാത്രമോ ആയാലും 'വിഷമാ' ലങ്കാരംതന്നെ. എങ്ങനെ:

---

പദ്യം 147. ബ്രഹ്മോപാലംഭം: ഗ്രഹാധിപൻ=ശനി (മുടന്തനെന്നു പുരാണം). സഹസ്രപാദന്റെ (സൂര്യന്റെ) പുത്രനു് ഒടിഞ്ഞ കാലും മഹാമഹസ്സുള്ള (ശോഭയുള്ള) അവന്റെ പുത്രി(കാളിന്ദി)ക്കു് കറുത്ത നിറവും വന്നതു് വിധി (ബ്രഹ്മാവു്) വാമൻ (നെറികെട്ടവൻ) ആയതുകൊണ്ടത്രേ.

പദ്യം 149. രാക്ഷസൻ ചന്ദ്രഗുപ്തനെ ഒരുവിധമല്ലെങ്കിൽ മറ്റൊരുവിധം ഗൂഢമായി കൊല്ലുവാൻ പല വിദ്യകൾ പ്രയോഗിച്ചു. ഒരു വിഷകന്യകയെ അയച്ചു; വിഷം കലർത്തിയ ഭക്ഷണവും(രസകൗശലം) പട്ടണപ്രവേശസമയത്തു് ഇടിഞ്ഞുവീഴുന്ന ഗോപുരതോരണങ്ങളും (യന്ത്രകൗശലം) ഏർപ്പാടുചെയ്തു. പക്ഷേ, വിഷകന്യകമൂലം മരിച്ചതു നന്ദരാജ്യത്തിനു് അർദ്ധാവകാശിയായ പർവ്വതനാണു്. വിഷം ഭക്ഷിച്ചു മരിച്ചതു് വിഷനിർമ്മാതാവായ അഭയദത്തനും, അസമയത്തുണ്ടായ തോരണപതനത്താൽ അവസാനം കൊല്ലപ്പെട്ടതു് തോരണനിർമ്മാതാവായ ദാരുവർമ്മനുമാണു്. പദ്യം, ചാരനോടു രാക്ഷസവചനം.

150. കല്യാണി! താമരമലർക്കട ചൂടിടാമെ-
ന്നുല്ലാസമോടിഹ നടേണ്ട ബിസം കുളത്തിൽ;
വല്ലാത്ത കാലമിതു, നദി ജഗത്തിനില്ല
ചൊല്ലാം ഹരിക്കുമിതു നിൻമുഖകാന്തിയെത്താൻ. —സ്വ.

ഇവിടെ പത്മാത്തപത്ത്രരൂപമായ ഇഷ്ടകാര്യത്തിൻെറ ലാഭമുണ്ടെങ്കിലും മുഖകാന്തിഹരണരൂപമായ ബലവത്തായ അനിഷ്ടത്തിൻെറ പ്രസക്തി പറയപ്പെട്ടിരിക്കുന്നു.

അപ്പയ്യദീക്ഷിതരുടെ 'വിഷാദനാലങ്കാരം' വിഷമത്തിൽ അന്തർഭവിച്ചതു് എന്നറിയുക.*

## 23. വിചിത്രം

**വിചിത്രമാം പ്രവർത്തിക്കി-**
**ലുദ്ദേശ്യവിപരീതമായ്:**
**ഉത്തമന്മാരുയർച്ചയ്ക്കാ-**
**യത്യന്തം താണിടുന്നഹോ!** 97

ഉദ്ദേശ്യത്തിനു നേരേ വിരുദ്ധംപോലെ തോന്നുന്ന പ്രയത്നം 'വിചിത്രാ'ലങ്കാരം. പൊങ്ങാനാഗ്രഹിച്ചു് താഴുന്നതു വിരുദ്ധം. സത്തുക്കൾ വിനയംകൊണ്ടു് ഔന്നത്യംനേടുന്നുവെന്നു താല്പര്യം. വേറെ ഉദാഹരണം:

151. ബന്ധം നീക്കാൻ ബഹുമഖമുഖം കർമ്മപാശം തൊടുക്കു-
ന്നന്ത്യശ്ശാന്തിക്കൊരുവക പഠിക്കുന്നു വേദാന്തവാദം
തീർത്ഥേ മുങ്ങുന്നസുഭജലധിക്കക്കരെപ്പൂക്കിരിപ്പാൻ
തത്ത്വം പാർത്താൽ ഭവരുജയതിൽ ഭ്രാന്തരീ മർത്ത്യരെല്ലാം. —സ്വ.

'വിചിത്രാ'ലങ്കാരത്തെ കൗസ്തുഭകാരൻ 'വിഷമ'ത്തിൽത്തന്നെ അന്തർഭവിപ്പിക്കുന്നു.

## 24. അന്യോന്യം

**പരസ്പരോപകാരം താ-**
**നന്യോന്യാഖ്യയലംകൃതി:**
**നിശയാൽ ശശി ശോഭിക്കും,**
**ശശിയാൽ നിശയും തഥാ.** 98

വേറെ ഉദാഹരണം:

152. ''ഓമൽകഴുത്തതിനു വർത്തുളമുത്തുമാല
നന്മുത്തണിക്കു കുചബന്ധുരമാം കഴുത്തും
-എന്നിക്രമത്തിനഴകേകുകകൊണ്ടു രണ്ടും
ഭൂഷ്യം വിഭൂഷണവുമായൊരുപോലെതന്നെ.'' —കു. സം.

---

* ഇച്ഛിപ്പതിന്നെതിർ ഫലം
വരുന്നതു വിഷാദനം.
കൊളത്തിക്കൈവെലിച്ചില്ല,
കെട്ടത്തീ തെന്നൽ നൈത്തിരി. (കുവലയാനന്ദം)

'രാവിപ്പോം ക്ഷണമഞ്ഞൊട്ടുങ്ങിടും' (277-ാംപദ്യം) ഇത്യാദ്യുദാഹരണവും ദീക്ഷിതർ കൊടുത്തിട്ടുണ്ടു്.

പദ്യം 151. മഖമുഖം=യാഗം മുതലായ. ഭവരുജ=സംസാരദുഃഖം. ബന്ധം തീർക്കാൻ പാശം; ശാന്തിക്കു വാദം; അക്കരെപ്പോകാൻ മുങ്ങുന്നു; ഉദ്ദേശ്യവിപരീതങ്ങൾ.

## 25. പരികരം

**വരും പരികരം ചൊന്നാൽ**
**സാഭിപ്രായം വിശേഷണം:**
**അമ്പിളിക്കല ചൂടുന്ന**
**തമ്പുരാൻ താപനാശനൻ.** 99

അഭിപ്രായഗർഭങ്ങളായ വിശേഷണങ്ങളെ ചെയ്യുന്നതു് 'പരികരാലങ്കാരം'. ഉദാഹരണത്തിൽ, 'അമ്പിളിക്കല ചൂടുന്ന' എന്ന വിശേഷണം താപനാശത്തിനുള്ള സൗകര്യത്തെ ദ്യോതിപ്പിക്കുന്നു. നിരഭിപ്രായവിശേഷണം ചെയ്യുന്നതു് 'അപുഷ്ടാർത്ഥം' എന്നൊരു ദോഷമാകയാൽ പരികരം ദോഷാഭാവമാത്രമെന്നല്ലാതെ അലങ്കാരമാകുന്നതെങ്ങനെ എന്നൊരാക്ഷേപമുണ്ടു്. അപുഷ്ടാർത്ഥദോഷത്തിനു പ്രസക്തിയില്ലാത്ത ശ്ലേഷയമകാദിസ്ഥലങ്ങളിൽ ഇതിന്നലങ്കാരത്വം സിദ്ധിക്കുന്നതുകൊണ്ടു് മററുള്ളിടത്തിലും ഇതിനെ സ്വീകരിക്കേണ്ടതാണെന്നു് അപ്പയ്യദീക്ഷിതർ സമാധാനംചെയ്യുന്നു. പ്രാചീനന്മാർ, സാഭിപ്രായങ്ങളായി അനേകം വിശേഷണങ്ങൾ ചെയ്യുന്നിടത്തേ പരികരാലങ്കാരത്തെ പറയുന്നുള്ളു. വേറെ ഉദാഹരണം:

153. കോദണ്ഡഹസ്തനഭിമാനി സുയോധനാഗ്രേ
രാധേയശല്യകുരുബന്ധുസമക്ഷമിപ്പോൾ
കൃഷ്ണാദ്ദകുലഹരഹൃത്തടമദ്ധ്യതോ ഞാ-
നുഷ്ണം കുടിച്ചു രുധിരം നഖരൈർവിഭിന്ദൻ. —വേണീസംഹാരം

ഈ ഭീമവാക്യത്തിൽ 'കോദണ്ഡഹസ്തൻ', 'അഭിമാനി' എന്ന സുയോധനവിശേഷണങ്ങളും 'കൃഷ്ണാദ്ദകുലഹരൻ' എന്ന ദുശ്ശാസനവിശേഷണവും സ്വാഭിപ്രായമെന്നു സ്പഷ്ടം. എന്നാൽ ഇതിൽ വിശേഷണങ്ങൾക്കു് സമാസം ചെയ്കയാൽ അവിമൃഷ്ടവിധേയാംശാദി ദോഷങ്ങളിൽ പരികരത്തിന്റെ ചമൽക്കാരം മഗ്നമായിരിക്കുന്നു. അതിനാൽ വേറെ ഉദാഹരണം:

154. ഹേ ഹേ മാനികളായി ചാപപാണികളായിരിക്കുന്ന കർണ്ണദുര്യോധനപ്രഭൃതികളായ പാണ്ഡവവിദ്വേഷികളേ! നിങ്ങൾ എല്ലാവരും കേൾക്കണം:

കേശാന്തേ പിടിപെട്ടിഴച്ചതെവനോ പാഞ്ചാലിയെക്കശ്മലൻ,
ക്രോശന്ത്യാഃ പടമങ്ങഴിച്ചതുമഹോ! രാജ്ഞാം സഭാഭ്യന്തരേ;
നാശം ചേർത്തഹമിന്നു യസ്യ രുധിരം പാതും പ്രതിജ്ഞാതവാൻ,
മോശക്കാരനവൻ കരത്തിലിഹ മേ പെട്ടിന്നു; രക്ഷിക്കുവിൻ!
—വേണീസംഹാരം

ഇതിൽ കർണ്ണാദികൾക്കും പാഞ്ചാലിക്കും ദുശ്ശാസനനും ഭീമൻ ചെയ്യുന്ന വിശേഷണങ്ങളെല്ലാം ഓരോരോ അഭിപ്രായങ്ങളെ സ്പഷ്ടമായിട്ടു ഗർഭീകരിക്കുന്നു.

'കാവ്യലിംഗ'ത്തിൽ ഹേതു വിശേഷണത്തിന്റെ സാക്ഷാൽ വാച്യാർത്ഥമാകുന്നു. 'പരികര'ത്തിലാകട്ടെ, വിശേഷണം സമർപ്പിക്കുന്ന അഭിപ്രായം വ്യംഗ്യമാകുന്നു. ആ വ്യംഗ്യാർത്ഥം വിശിഷ്ടവാക്യത്തിന്റെ വാച്യാർത്ഥത്തെ പോഷിപ്പിക്കുന്നതിലേക്കു് അത്യാവശ്യമാകയാൽ വ്യംഗ്യപ്രാധാന്യം സംഭവിക്കാത്തതു

---

പദ്യം 153. രാധേയൻ=കർണ്ണൻ. കൃഷ്ണ=പാഞ്ചാലി. ഹൃത്തടമദ്ധ്യതഃ=ഹൃദയം പിളർന്നിട്ടു് മദ്ധ്യത്തിൽനിന്നും ഉഷ്ണം രുധിരം കുടിച്ചു എന്നു് അന്ത്യപാദത്തിൽ അന്വയം. നഖരൈഃ വിഭിന്ദൻ=നഖങ്ങൾകൊണ്ടു പിളർന്നിട്ടു്.

പദ്യം 154. ക്രോശന്ത്യാഃ=കരയുന്ന (പാഞ്ചാലിയുടെ). പടം=വസ്ത്രം. പാതും=കുടിക്കുന്നതിനു്.

കൊണ്ടു് 'പരികരം' ധ്വനി ആകുന്നതുമല്ല.* സാഭിപ്രായമായി വരുന്ന പദം വിശേഷ്യമായിരുന്നാലും വിരോധമില്ല. എങ്ങനെയെന്നാൽ,

155. ഭവാൻ പ്രസാദിക്കുകിലീ വസന്ത-
നേകൻ സഖാവും മലരമ്പുമായി
പിനാകിയെപ്പോലുമുലച്ചുവെൻ ഞാൻ;
പിന്നുള്ള വില്ലാളികളെത്ര തുച്ഛം. —കു. സം.

മന്മഥന്റെ ഇന്ദ്രനോടുള്ള ഈ ആത്മശ്ലാഘയിൽ 'പിനാകി' എന്ന ശിവപര്യായം 'ത്രിപുരസംഹാരാദി ദുഷ്കരകർമ്മം ചെയ്തിട്ടുള്ള പിനാകമുള്ളവനാണു് ശിവൻ; ഞാനോ കുസുമചാപൻ' എന്നു് ശത്രുവിനും തനിക്കും ഉള്ള അന്തരത്തെ വ്യഞ്ജിപ്പിക്കുന്നു. 'കാവ്യലിംഗ'ത്തിലെപ്പോലെ 'പരികര'ത്തിലും വിശേഷണം വാക്യരൂപമായി വരാം. എങ്ങനെ എന്നാൽ,

156. ചൊന്നേനില്ല തരംതിരിച്ചു മറ,യെൻ പെററമ്മയപ്പുറവുമ-
ല്ല,ന്നാഭീകമലത്തിലല്ല ജനനം, ഭാഷ്യം ചമച്ചില്ല ഞാൻ,
നന്നായ് ചിത്രയതാം ബൃഹത്കഥ കഥിച്ചി,ല്ലിന്ദ്രനോതീല ഞാൻ
പിന്നെൻ മന്നവ! നിൻഗുണങ്ങളരുളാനാളാകുമോ ഇജ്ജനം. —സ്വ.

ഇതിൽ അടുത്തു പറയാൻപോകുന്ന പര്യായോക്തപ്രകാരം ഞാൻ വ്യാസനോ, വാല്മീകിയോ, ബ്രഹ്മാവോ, ആദിശേഷനോ, ഗുണാഢ്യനോ, ബൃഹസ്പതിയോ അല്ലെന്നു് അർത്ഥമായ വാക്യങ്ങൾ, നിൻഗുണവർണ്ണനംചെയ്യുന്നതിനു് ആ ഗ്രന്ഥകാരന്മാരെപ്പോലെ അസാധാരണമായ ബുദ്ധിചാതുര്യം വേണ്ടിയിരിക്കുന്നു എന്നു ദ്യോതിപ്പിക്കുന്നു.

## 26. പര്യായോക്തം

**പര്യായോക്തമുരച്ചീടിൽ**
**വാച്യംതാൻ വ്യംഗ്യഭംഗിയിൽ:**
**മധുരിക്കുന്ന കോദണ്ഡം**
**മധുവേന്തുന്ന സായകം**
**ചകോരച്ചോറു ചോർന്നീടും**
**ശിഖയും ചേർന്നൊരാൾ തുണ.** 100

വാച്യാർത്ഥത്തിനെത്തന്നെ വ്യംഗ്യസമ്പ്രദായത്തിൽ പറയുന്നതു് 'പര്യായോക്തം'. വളച്ചുകെട്ടിപ്പറയുക എന്നു് ശബ്ദാർത്ഥം. വ്യംഗ്യാർത്ഥം വാച്യാർത്ഥത്തിൽനിന്നു് ഭിന്നമല്ലാത്തതിനാൽ ഇതു് ധ്വനിയിൽ ഉൾപ്പെടുന്നില്ല. ഉദാഹരണത്തിൽ കരിമ്പുവില്ലും, പൂവമ്പും, ചന്ദ്രകിരീടവും ദേവിയുടെ അസാധാരണധർമ്മങ്ങളാകയാൽ ഇവ ചേർന്ന ആൾ ദേവി എന്നു് അർത്ഥം സിദ്ധിക്കുന്നു. അതിനാൽ വിശേഷണവിശിഷ്ടവാക്യം 'പര്യായോക്തം'. 'മധുരിക്കുന്ന കോദണ്ഡം' ഇത്യാദികൾ 'കരിമ്പുവില്ലു്' ഇത്യാദ്യർത്ഥങ്ങളെ സമ്പാദിക്കുന്നതും 'പര്യായോക്തം'കൊണ്ടുതന്നെ. വേറെ ഉദാഹരണങ്ങൾ:

(i) 'ചൊന്നേനില്ല'—ഇത്യാദി പൂർവ്വോദാഹൃതശ്ലോകംതന്നെ.

---

* വാച്യത്തെ അതിക്രമിച്ചു വ്യംഗ്യം നില്ക്കുന്നിടത്തു ധ്വനി എന്നു പ്രമാണം. ധ്വനിപ്രകരണം നോക്കുക.

പദ്യം 156. വ്യാസൻ വേദങ്ങൾ പകുത്തു; വാല്മീകിയെ പുററു ജനിപ്പിച്ചു; ബ്രഹ്മാവു് വിഷ്ണുനാഭീപത്മത്തിൽ പിറന്നു; അനന്തൻ പതഞ്ജലിയായി അവതരിച്ചു് (പാണിനീയത്തിനു്) ഭാഷ്യമെഴുതി; ഗുണാഢ്യൻ ബൃഹത്കഥയെഴുതി; ബൃഹസ്പതി ഇന്ദ്രനു ഗുരുവായിച്ചമഞ്ഞു—എന്നെല്ലാം പുരാണപ്രസിദ്ധം.

കാരിക 100. ചകോരച്ചോറു്=ചന്ദ്രിക (ഉപ്പൻ നിലാവു കുടിക്കുമെന്നു കവിസങ്കേതം). അതു ചോരുന്ന ചന്ദ്രൻ ദേവിക്കു കിരീടമായി സ്ഥിതിചെയ്യുന്നു.

157. (ii) ഒന്നുകൊണ്ടറിയണം രണ്ടിന്റെ ബലാബലം,
പിന്നെ മൂന്നിനെ നാലാൽ വശത്തു വരുത്തണം,
അഞ്ചിനെജ്ജയിച്ചുള്ളിലാറിനെയറിഞ്ഞിട്ടു
വഞ്ചനാദികളെല്ലാം വെടിഞ്ഞു വഴിപോലെ,
ഏഴിനെയുപേക്ഷിച്ചു സൗഖ്യത്തെ ലഭിക്കണം
കേളിയേറീടും നൃപന്മാരായാലവനിയിൽ. —മഹാഭാരതം

ഇത്യാദി ഭാരതവാക്യവും ഈ അലങ്കാരമെന്നുതന്നെ പറയാം.

## 27. കാരണമാല

**മുറയ്ക്കു ഹേതുകാര്യങ്ങൾ**
**കോർത്താൽ കാരണമാലയാം:**
**നീതിയാലർത്ഥ,മർത്ഥത്താൽ**
**ധർമ്മം, ധർമ്മേണ സൽഗതി.** 101

ഒരു കാരണത്തിന്റെ കാര്യം മറ്റൊന്നിന് കാരണം; അതു് അടുത്തതിന്റെ കാര്യം; അതു് അതിനടുത്തതിന്റെ കാരണം; ഈ മുറയ്ക്കു് കാര്യകാരണങ്ങളെ തുടർത്തു് ചങ്ങലപോലെ ചമയ്ക്കുന്നതു് 'കാരണമാല'. ഈ ചങ്ങല തുടക്കുന്നതു് നേരേ മറിച്ചു് ഒരു കാര്യത്തിന്റെ കാരണം മറ്റൊന്നിനു കാര്യം ഇത്യാദി മട്ടിലുമാവാം. വേറെ ഉദാഹരണം:

158. വിദ്യയിൽ വിനയമതുളവാം
സദ്യസ്സമ്മതി വരുത്തിടും വിനയം
സമ്മതിയാൽ ധന,മതിനാൽ
ധർമ്മം, ധർമ്മത്തിനാൽ വരും സുഖവും.
—സുഭാഷിതം, കെ. സി. കേ. പി.

## 28. ഏകാവലി

**പിടിച്ചുവിട്ടമട്ടായി-**
**ത്തുടർന്നു പല സംഗതി**
**ഉരയ്ക്കുന്നതലങ്കാര-**
**മേകാവലി സമാഹ്വയം:** 102

**പൂവില്ലാതില്ല ചെടികൾ,**
**പൂവില്ല മധുവെന്നിയേ,**
**അളി ചേരാതില്ല മധു**
**മൂളാത്തളിയുമില്ലിഹ.** 103

മുൻമുൻ ചൊന്നതു് പിൻപിൻ വരുന്നതിന് ഏതുവിധമെങ്കിലും വിശേഷണമാകത്തക്കവണ്ണമോ അല്ലെങ്കിൽ നേരെ മറിച്ചോ പിടിച്ചുവിടുന്ന മട്ടിൽ വിശേഷണവിശേഷ്യങ്ങളെ ചങ്ങലകോർക്കുന്നതു് 'ഏകാവലി'. വേറെ ഉദാഹരണം:

159. വൃദ്ധന്മാരില്ലാത്തൊരു സഭയും സഭയല്ല,
വൃദ്ധന്മാരല്ല ധർമ്മത്തെ ചൊല്ലീടാതവരും
സത്യമല്ലാത ധർമ്മം ധർമ്മവുമല്ലയല്ലോ,
സത്യവും സത്യമല്ല മായാനുവിദ്ധമായാൽ. —മഹാഭാരതം

---

പദ്യം 157. (ii) ഒന്നു് ബുദ്ധി; രണ്ടു് ജീവാത്മപരമാത്മാക്കൾ; മൂന്നു് ത്രിവർഗ്ഗങ്ങൾ; നാലു് ചതുരുപായങ്ങൾ; അഞ്ചു് ഇന്ദ്രിയങ്ങൾ; ആറു് കാമക്രോധാദികൾ; ഏഴു് സപ്തവ്യസനങ്ങൾ—എന്നു ചിലർ. പലരും പലവിധത്തിൽ ഇതിനെ വ്യാഖ്യാനിച്ചിട്ടുണ്ടു്.

മറിച്ചുള്ളതിന് ഉദാഹരണം:

160. കാറേറല്ലുമ്പോറം തിളങ്ങും തിരുമിഴി, മിഴിയിൽച്ചേർത്തുവെ-
ച്ചുതിയെന്നാൽ
മാറേററും വില്ല, വില്ലിൻമുകളിലമരുവോക്കല്ലൽ തീപ്പോരു ബാണം;
പോററീ! ബാണം കിടക്കും മണിമയസദനം കങ്കണം, കങ്കണത്തി-
ന്നൂൺകാറ്റാ, ണെന്തു നന്നീത്തൊഴിലുകറം, ശിവപേരുരെഴും തിങ്കറമൗലേ!
—അജ്ഞാതകവിനാമകം

തിരുമിഴി—അഗ്നി; അഗ്നിയിൽവെച്ചുതിയാൽ മാറേറുന്ന വില്ല്—പൊന്മലയായ മഹാമേരു; അതിൽ വസിക്കുന്നതു്—ദേവകറം; അവക്ക് അല്ലൽ തീക്കുന്ന ബാണം—വിഷ്ണു; ആ വിഷ്ണു ശയിക്കുന്നതു്—അനന്തനിൽ; ആ സർപ്പാധിരാജൻ—കങ്കണം; അതിന് ഊണ്—കാററു്.

## 29. സാരം

**ഉൽക്കർഷം മേല്ക്കുമേൽ ചൊന്നാൽ**
**സാരാലങ്കാരമായതു്:**
**മധുവെക്കാൾ സ്വാദു സുധ,**
**സുധയെക്കാൾ സുഭാഷിതം.** 104

ഉൽക്കൃഷ്ടാപകൃഷ്ടങ്ങളെക്കൊണ്ടു് മുൻചൊന്നതുപോലെ ചങ്ങല കോക്കുന്നതു് 'സാരാലങ്കാരം'. ഇതും ഉൽക്കഷ്മുറയ്ക്കോ അപകഷ്മുറയ്ക്കോ ആവാം. വേറെ ഉദാഹരണം:

ഉൽക്കഷ്മുറയ്ക്കു്:

161. ഭൂരിതിക്തമിഹ കമ്പു, തോലതിലുമേറു, മേറുമതിലും ദലം,
പാരിലേറുമതിലും പ്രസൂന, മതിലും തദീയമതിയാം ഫലം;
പാരിഭദ്ര! പരമാത്ഭുതസ്തവമഥവാ തവ സ്തവമവാസ്തവം,
സൂരിവർണ്ണ്യമിഹ നിംബബീജമതു താൻ തവാപി ജനനപ്രദം!
—അന്യാപദേശശതകം

വേറെ ഉദാഹരണം:

അപകഷ്മുറയ്ക്കു്:

162. ഉത്തമം കുശലം വിദ്യ
മദ്ധ്യമം കൃഷിവാണിഭം
അധമം സേവയാം വൃത്തി
വിഷമം ഭാരജീവനം. —അജ്ഞാതം

ഒരു വസ്തുവിനെത്തന്നെ കാലാവസ്ഥാഭേദേന ഉൽക്കഷാപകഷങ്ങളെ നിബന്ധിക്കുന്നതും 'സാരാലങ്കാരം'തന്നെ.

## 30. മുദ്രാലങ്കാരം

**പ്രകൃതാർത്ഥപദംകൊണ്ടു**
**സൂച്യസൂചന മുദ്രയാം:**
**വഞ്ചീന്ദ്രൻ ദത്തെടുത്തിന്നാൾ**
**സുധീസൂക്തപ്രഹൃഷ്ടനായ്.** 105

---

പദ്യം 161. ഭൂരിതിക്തം=വളരെ കൈപ്പുള്ളതു്. പാരിഭദ്രം വേപ്പു് നിംബബീജം-വേപ്പിൻവിത്തു്. സൂരി=പണ്ഡിതൻ.

പ്രകൃതോപയോഗികളായ പദങ്ങരം മുറയ്ക്കുപയിച്ച് പ്രകൃതവാക്യാത്ഥത്തെ നിഷ്പാദനംചെയ്യതിൻെറശേഷം ശബ്ദവിന്യാസവൈചിത്ര്യംകൊണ്ട് പ്രകൃതത്തെ സംബന്ധിച്ചതന്നെ ഒരു വിശേഷാത്ഥത്തെക്കൂടി സൂചിപ്പിക്കുന്നതു് 'മുദ്രാലങ്കാരം'. ഉദാഹരണത്തിൽ, 'കവികരം ചെയ്യ സുഭാഷിതങ്ങളാൽ സന്തുഷ്ടനായിട്ടു് വഞ്ചിമഹാരാജാവു് ഈയിടെ ദത്തെടുക്കുക ഉണ്ടായി' എന്ന പ്രകൃതാത്ഥം പൂണ്ണമായതിൻെറശേഷം, 'സുധീസൂക്തപ്രഹൃഷ്ടനായ്' എന്ന വിശേഷണപദം അക്ഷരസംഖ്യകൊണ്ട് അദ്ദിവസത്തെ കലിദിനസംഖ്യയെ കുറിക്കുന്നു. 'ഇന്നാരം' എന്നതിലെ 'നാരം' എന്ന പദം അടുത്തുള്ള അക്ഷരക്കൂട്ടം തദ്ദിനകലിയുടെ പേരാണെന്നുള്ളതിലേക്കു് ഗമകമായും നില്ക്കുന്നു. ഈ പരല്പേറിൻപ്രകാരം കിട്ടുന്ന കലിദിനസംഖ്യ 1826797 എന്നാകുന്നു. ഇതിനെ കൊല്ലവഷമാക്കിയാൽ 1076 ചിങ്ങം 16 എന്നു വരും. വേറെ ഉദാഹരണം:

163. ചേർത്താവനാഴിയുടെ കെട്ടുതു മാറതിൽ കേരം
വൃത്തം വസന്തതിലകം ശിഖിപിഞ്ഛമാന്നും,
പത്തോളമാരവമൊട്ടും കലവില്ല കൈയ്യൊ-
ണ്ടെത്തീ ഭയം വളരുമാറു വിരോധിസൈന്യം. —മാളവികാഗ്നിമിത്രം

ഇതിൽ ശ്ലോകത്തിൻെറ വൃത്തം വസന്തതിലകമെന്നു് വൃത്തസംജ്ഞയെക്കൂടി സൂചിപ്പിക്കുന്നു. നാടകകവികരം പ്രസ്താവനയിൽ ഇതിവൃത്താംശങ്ങളെ സൂചിപ്പിക്കുന്നതും മററും ഇതിലേക്കു് ഉദാഹരണമായെടുക്കാം.[1]

## ശ്ലേഷോക്തിവിഭാഗം

അനന്തരം പരിശേഷിച്ചിട്ടുള്ള ശ്ലേഷോക്ത്യലങ്കാരങ്ങളെ വിവരിക്കുന്നു:

### 1. ശ്ലേഷം

ശ്ലേഷത്തിൻെറ ലക്ഷണം ആദിയിൽത്തന്നെ നിരൂപണംചെയ്തിട്ടുണ്ടല്ലോ.[2] അതു് വേറൊന്നിനു് അംഗമായി കീഴടങ്ങാതെ അംഗിയായി, സ്വതന്ത്രമായി നില്ക്കുന്നതു് 'ശ്ലേഷാലങ്കാരം'. ശ്ലേഷത്താൽ ഉണ്ടാകുന്ന രണ്ടത്ഥങ്ങളും പ്രകൃതങ്ങളായിരുന്നാൽ അതു് പ്രകൃതശ്ലേഷം; രണ്ടും അപ്രകൃതങ്ങളായാൽ 'അപ്രകൃതശ്ലേഷം'. ഒന്നു് പ്രകൃതവും മററതു് അപ്രകൃതവും ആയിരുന്നാൽ 'ഉഭയശ്ലേഷം'.

പ്രകൃതശ്ലേഷത്തിനു് ഉദാഹരണം:

164. ചൊല്ലേറും വിബുധാളി ചേന്നൊരു സഭാമദ്ധ്യത്തിലിദ്ധാദരം,
കല്യശ്രീമണി പീഠസീമനി തെളിഞ്ഞതൻപോടണഞ്ഞങ്ങനെ

---

പദ്യം 163 പരിവ്രാജിക പണ്ടു നടന്ന വനവാസികളുടെ ആക്രമണത്തെപ്പററി പറയുന്നു: ആവനാഴിയുടെ കെട്ടു മാറിൽ ചേർത്തും, വസന്ത(ത്തിനു)തിലകമായ മയിൽപ്പീലി വൃത്താകൃതിയിൽ (തലയിൽ) ധരിച്ചും കലവില്ല കൈക്കൊണ്ടും പത്തോളം വിരോധിസൈന്യം (ശത്രുസൈന്യം) എത്തി എന്നു് അത്ഥയോജന.

1. സ്വപ്നവാസവദത്തത്തിലെ നാന്ദീശ്ലോകം നോക്കുക.
ദ്രാക്ഷാധൃതോദയനവാസവദത്തമൈത്രീ
ദീക്ഷാരസം കവിവചസ്സിലണച്ചു നിത്യം
പത്മാസനപ്രിയ തുണയ്ക്കു വസന്തകദ്രു-
പത്മാവതീണ്ണമധുതപ്പണമാചരിപ്പാൻ.

2. 7-ാം കാരിക നോക്കുക.

ഉല്ലാസത്തൊട്ട സാരവാക്യമുപദേശിക്കുന്ന സർവ്വജ്ഞനാം
കല്യാണാകൃതി രാജമൗലി കുശലം നിങ്ങൾക്കു നൽകീടണം.
—കവിസഭാരഞ്ജനം

ഈ നാന്ദീശ്ലോകത്തിൽ 'ശ്രീപരമേശ്വരൻ ക്ഷേമംതരട്ടേ!' എന്നും 'മഹാരാജാവു് ക്ഷേമം തരട്ടേ!' എന്നും രണ്ടർത്ഥമുള്ളതു് രണ്ടും പ്രകൃതംതന്നെ ആകുന്നതിനാൽ 'പ്രകൃതശ്ലേഷം'. ശിവപക്ഷത്തിൽ 'വിബുധാളി' ദേവസമൂഹം; രാജപക്ഷത്തിൽ വിദ്വത്സമൂഹം. അതിന്മണ്ണം മുറയ്ക്കു് 'രാജമൗലി' ചന്ദ്രചൂഡനായ ഭഗവാൻ, രാജശ്രേഷ്ഠൻ എന്നും; ശേഷം സാധാരണം. വേറെ ഉദാഹരണം:

165. *സത്തന്മാരപ്പൊഴുതഹിഭുജം നീലകണ്ഠം ഖഗാനാ-
മുത്തംസത്വം ദധതമരികിൽ കണ്ടു സന്തുഷ്ടരാകും
നൃത്തംചെയ്യുന്നതിനിഹ യഥാകാലമുത്സാഹവന്തം
ചിത്തംതന്നിൽ ഗുഹനൊടധികപ്രേമവന്തം ഭവന്തം.—മയൂരസന്ദേശം

അപ്രകൃതശ്ലേഷത്തിനു് ഉദാഹരണം:

166. പുഷ്ടവനാന്തവിലാസം
കാട്ടുമലയ്ക്കുള്ളിലാണ്ടു വിലസീടും
ലുബ്ധാളിപടുശരത്താൽ
വിദ്ധം കമലത്തിനൊക്കുമിമ്മിഴികൾ. —സ്വ.

കമലത്തിനു് താമര എന്നും മാൻ എന്നും രണ്ടർത്ഥം. വിശേഷണങ്ങൾ രണ്ടിനം ചേരും; മൃഗപക്ഷത്തിൽ, 'കാനനമദ്ധ്യത്തിൽ ഉള്ള അനേകം വിലാസങ്ങളോടുകൂടെ കാട്ടുപിടിച്ച മലകളിൽ വാഴുന്നതും ലുബ്ധാളിയുടെ (വേടക്കൂട്ടത്തിന്റെ) പടുശരത്താൽ (സാമർത്ഥ്യമേറുന്ന അസ്ത്രത്താൽ) വധിക്കപ്പെട്ടതും ആയ' എന്നു് യോജന. പത്മപക്ഷത്തിൽ, 'സമൃദ്ധിയുള്ള വനാന്തവിലാസം (ജലമദ്ധ്യശോഭയെ കാട്ടുന്ന) അലകൾക്കുള്ളിൽ നില്ക്കുന്നതും ലോഭമുള്ള അളികളെ(വണ്ടുകളെ) ക്കൊണ്ടു് പടുവായതും (സജീവമായതും) ശരൽക്കാലത്താൽ സ്പൃശിക്കപ്പെട്ടതും ആയ' എന്നു് അന്വയം. ഇവിടെ ശ്ലേഷമെല്ലാം ഉപമാനത്തെ സംബന്ധിച്ചതാകയാൽ അപ്രകൃതം. [മിഴികൾ പ്രകൃതം.]

പ്രകൃതാപ്രകൃതത്തിനു് ഉദാഹരണം:

167. ഭൂതങ്ങളാൽ സ്വപതിനന്ദിയൊടീഡ്യമാനൻ,
ഭൂതിപ്രകർഷമതിനാലതിശോഭിതാംഗൻ,

---

* 'സത്തന്മാർ അപ്പൊഴുതു് ഭവന്തം കണ്ടു് സന്തുഷ്ടരാകും' എന്നു് അന്വയം. എങ്ങനെയിരിക്കുന്ന ഭവാനെ? അഹിഭുജം—പാമ്പുതീനിയായ; നീലകണ്ഠം—കഴുത്തു് നീലിച്ചവനായ; ഖഗാനാമുത്തംസത്വം ദധതം—പക്ഷിശ്രേഷ്ഠനായ; നൃത്തംചെയ്യുന്നതിനിഹ യഥാകാലം ഉത്സാഹവന്തം—വർഷത്തുവിൽ നൃത്തംചെയ്‌വാൻ ഉത്സാഹിയായ; ചിത്തംതന്നിൽ ഗുഹനൊടധികപ്രേമവന്തം—തന്റെ സ്വാമിയായ വേലായുധനിൽ അധികസ്നേഹമുള്ളവനായ. ശ്ലേഷംകൊണ്ടു് വേറെ ഒരർത്ഥവുംകൂടിയുണ്ടു്: എങ്ങനെ? ഭവം തം എന്നു് പദച്ഛേദം. തം ഭവം—ആ ശ്രീപരമേശ്വരനെ കണ്ടു് സത്തന്മാർ(അവിടെ) സന്തുഷ്ടരാകും—സന്തോഷിക്കാറുണ്ടു്. എന്നു് ശീലഭാവി. അവിടെ സജ്ജനങ്ങൾ എന്നും ശിവദർശനംചെയ്തു് സുഖിക്കുന്നു എന്നു് ക്ഷേത്രവർണ്ണനം. എവ്വണ്ണമെല്ലാമിരിക്കുന്ന ഭവാനെ? അഹിഭുജം—അഹി (സർപ്പം) ഭുജത്തിൽ (കൈത്തണ്ടിൽ) ഉള്ളവൻ; നീലകണ്ഠം—സ്പഷ്ടം. ഖഗാനാമുത്തംസത്വം ദധതം—ഖഗന്മാർ (ദേവന്മാർ); നൃത്തംചെയ്യുന്നതിനിഹ യഥാകാലം ഉത്സാഹവന്തം—ഭഗവാനു് നിത്യം സന്ധ്യയ്ക്കു് നൃത്തമുണ്ടല്ലോ! ചിത്തംതന്നിൽ ഗുഹനൊടധികപ്രേമവന്തം—ഗുഹൻ പുത്രനാണല്ലോ; രണ്ടർത്ഥവും പ്രകൃതമാകയാൽ പ്രകൃതശ്ലേഷം. —മമ്മപ്രകാശം

ശ്രീവഞ്ചിമൂലകനൃപൻ ശ്രിതലോകപാലൻ,
സർവ്വജ്ഞനായി വിലസുന്നിഹ രാജമൗലി. —സ്വ.

ഇതു്, 'ഭൂതങ്ങളാൽ(ജനങ്ങളാൽ) തങ്ങളുടെ പതി (നാഥൻ) എന്നുള്ള നന്ദി (കൃതജ്ഞത)യോടുകൂടെ സേവിക്കപ്പെട്ടവനും, ഭൂതി(ഐശ്വര്യ)പ്രകർഷത്താൽ ശോഭിതാംഗനും ആശ്രിതരക്ഷകനും, രാജശ്രേഷ്ഠനും ആയ ശ്രീവഞ്ചിമൂലകനൃപൻ സർവ്വജ്ഞൻ (സർവ്വത്തേയും അറിയുന്നവൻ) ആയിട്ടു് വിലസുന്നു' എന്നു് രാജവർണ്ണനമായ ഒരു ഒററശ്ലോകം. 'സർവ്വജ്ഞൻ(ശിവൻ)ആയിട്ടു വിലസുന്നു' എന്നതു് അപ്രകൃതാർത്ഥം. ഈ അർത്ഥത്തിൽ ഭൂതങ്ങൾ—ഭൂതഗണങ്ങൾ; നന്ദി—നന്ദികേശ്വരൻ; ഭൂതി—ഭസ്മം; രാജമൗലി—ചന്ദ്രശേഖരൻ; ശേഷം തുല്യം.

''ഊട്ടുള്ളേടത്തെങ്ങ്ലുക്കില്ല'' —പാത്രചരിതം

കാക്കാന്റെ വാക്കായ ഇപ്പാദത്തിൽ നീചന്മാരായ ഞങ്ങൾക്കു് ഊട്ടുപുരകളിൽ ഒന്നും കിട്ടുകയില്ലെന്നുള്ള പ്രകൃതാർത്ഥംപോലെതന്നെ 'ഊം് എന്ന ആദേശം ഉള്ളിടത്തു് യങ്്പ്രത്യയത്തിനു് ലുക് വരുകയില്ല' എന്നു് വ്യാകരണപ്രസിദ്ധമായ അപ്രകൃതാർത്ഥവും സ്പഷ്ടമായിട്ടുണ്ടു്.

എല്ലാ ശ്ലേഷവും സഭംഗമെന്നും, അഭംഗമെന്നും രണ്ടുവിധമാകുന്നു. രണ്ടുപ്രകാരത്തിൽ പദം മുറിച്ചു് രണ്ടർത്ഥം കല്പിക്കുന്ന 'കാട്ടുമല' ഇത്യാദി (166-ാംപദ്യം) സഭംഗം. പദച്ഛേദത്തിൽ ഭേദംകൂടാതെതന്നെ ശബ്ദങ്ങളുടെ നാനാർത്ഥംകൊണ്ടു് ചെയ്യുന്ന 'ലുബ്ധാളി' ഇത്യാദി (166-ാം പദ്യം) അഭംഗം.

ഒരേ പദസമുദായത്തിനു് ഭാഷാഭേദംകൊണ്ടു് അർത്ഥഭേദം കല്പിക്കുന്നതു 'ഭാഷാശ്ലേഷം.' അതിനു് ഉദാഹരണം:

168. രാധേയന്തടിനീകേ-
ളിവനേ സഹസാകളാളിരാഗമതരുതേ
ചപലകളായവനരുചി
പ്രിയതമമാമോദയാർദ്രതാ ബഹുചതുരം. —കുഞ്ഞുണ്ണിനമ്പ്യാർ

## പദച്ഛേദം: (ഭാഷയിൽ)

'രാധേ-എന്തെടി-നീ കേൾ- ഇവനെ-സഹസാ-കള-ആളിരാഗം-അതു്-അരുതേ-ചപലകൾ-ആയവനു്-അരുചി-പ്രിയതമം-ആമോ-ദയാർദ്രത ബഹുചതുരം.'

## അർത്ഥം:

'രാധേ എന്താണിതു്? നീ ഇവനെ കേൾ(അനുസരിക്കു്); ആളിരാഗത്തെ (സഖീസ്നേഹത്തെ)വേഗത്തിൽ കള; ചപലകൾ(ചാപല്യമുള്ള സ്ത്രീകൾ)അവനു രുചിക്കാത്തവരാകുന്നു. ദയാർദ്രത പ്രിയതമമാകുമോ? (അവൻ ദയാശാലിയാകയാൽ എന്നെ ഉപേക്ഷിക്കയില്ല എന്നു നീ ഭ്രമിക്കേണ്ടാ എന്നു താൽപ്പര്യം) നീ അങ്ങനെ വിചാരിക്കുന്നു എങ്കിൽ അതു ബഹുചതുരംതന്നെ.'

## പദച്ഛേദം (സംസ്കൃതത്തിൽ)

'രാധേ-അയം തടിനീകേളിവനേ-സഹസാ-കളാളിരാഗമതരുതേ-ചപലകളായവനരുചിപ്രിയതമം-ആമോദയ-ആർദ്രതാബഹുചതുരം.'

## അർത്ഥം:

'ഹേ രാധേ, അയം(ഈകൃഷ്ണൻ)കളാളിരാഗമതരുതേ(ഭൃംഗനാദംകൊണ്ടുമനോഹരമായിരിക്കുന്ന) തടിനീകേളിവനേ (നദീസമീപത്തിലുള്ള ഉദ്യാനത്തിൽ)

ഉണ്ടു്. ചപലകളായവനരുചിപ്രിയതമം (കായാമ്പൂനിറമുള്ള ആ പ്രിയതമനെ) നീ ദയാർദ്രതാബഹുചതുരം (ദയാർദ്രതകൊണ്ടുള്ള ചാതുര്യത്തോടെ) ആമോദയ (സന്തോഷിപ്പിക്കു്!).

വേറെ ഉദാഹരണം:

169. കളയാമിഹ താമസന്നവം
ദയനീയന്തയിമന്നവോജ്ഝസി,
ശരണം പരമംതരേണമേ
ചരണം, നാഥ! ദയാപയോനിധേ! —സ്വ.

പദച്ഛേദം: (ഭാഷയിൽ)

'കളയാം- ഇഹ–താമസം–നവം ദയ നീ–എന്തു്–അയി–മന്നവ–ഉജ്ഝസി–ശരണം—പരമം–തരേണമേ—ചരണം–നാഥ–ദയാപയോനിധേ!'

അർത്ഥം:

ഹേ ദയാപയോനിധേ! നാഥ! മന്നവ! ഇഹ (എന്നെ രക്ഷിക്കുന്ന വിഷയത്തിൽ) നവം (അപൂർവ്വമായ) താമസത്തെ കളയാം (ത്യജിക്കാൻ സമയമായി); നീ എന്താണു് ദയയെ ഉപേക്ഷിക്കുന്നതു്? എനിക്കും അങ്ങയുടെ ചരണത്തെ പരമമായിരിക്കുന്ന ശരണമായിട്ടു തരേണമേ!

പദച്ഛേദം: (സംസ്കൃതപക്ഷത്തിൽ)

'കലയാമി*–ഹതാമ–സന്നവം–ദയനീയം–തേ ഇമം–ന–വാ– ഉജ്ഝസി–ശരണം–പരം–അന്തരേണ–മേ—ചരണം–ന–അഥ–ദയാപയോനിധേ!'

ഹേ ഹതാമ! (ദാരിദ്ര്യത്തെ കളയുന്നവനേ!) ദയാപയോനിധേ! സന്നവം (നല്ല സ്തുതിയെ) കലയാമി (ഞാൻ ചെയ്യുന്നു); തേ ദയനീയം ഇമം (നീ ദയ ചെയ്യേണ്ടവനായ ഇവനെ) ന വാ ഉജ്ഝസി (നീ ത്യജിക്കുകയില്ലേ?) [അതു ശരിയല്ലെന്നു താൽപ്പര്യം]. എന്തുകൊണ്ടെന്നാൽ] ചരണമന്തരേണ (നിൻെറ പാദമൊഴികെ) മേ (എനിക്കു്) പരം ശരണം ന (മറെറാരു ശരണമില്ല).

ശ്ലേഷം ശബ്ദാലങ്കാരമാണെന്നും അർത്ഥാലങ്കാരമാണെന്നും ഉഭയാലങ്കാരമാണെന്നും മററും പല വാദങ്ങൾ ഉണ്ടു്. ശ്ലേഷം മററലങ്കാരങ്ങൾക്കു് അംഗമായിരിക്കുന്നതല്ലാതെ സ്വതന്ത്രാലങ്കാരമല്ല എന്നു ചിലർ വാദിക്കുന്നു. ശ്ലേഷം മററലങ്കാരങ്ങൾക്കു് ഉപകരണമായി വരുന്നതിനു് അവിടവിടെ ഉദാഹരണം കാണിച്ചിട്ടുണ്ടു്. ശ്ലേഷംകൊണ്ടുമാത്രം സാധിക്കേണ്ടുന്ന അലങ്കാരങ്ങളുടെ സംഖ്യ കുറയും. എങ്കിലും ഇവിടെ അലങ്കാരസാധനങ്ങളെ ആദിയിൽ നാലായി വിഭജിച്ചതു പ്രാധാന്യം പ്രമാണിച്ചാകയാൽ ആ ധുറസ്സു ശ്ലേഷോക്തിയിൽ ചേരേണ്ടവയായി രണ്ടലങ്കാരങ്ങളുള്ളവയെ എടുക്കുന്നു.

## 2. സമാസോക്തി

**വിശേഷണത്തിൻ സാമ്യത്താൽ**
**വർണ്ണ്യ പ്രസ്തുതധർമ്മിയിൽ**
**അവർണ്ണ്യവൃത്താന്താരോപം**
**സമാസോക്തിയലംകൃതി:** 106

**മടിയിൽ ചേർത്തു ചേണാർന്ന**
**മട്ടിലംഗുലിവിഭ്രമം**
**തുടർന്നാലുടനേ രാഗം**
**കാട്ടിടുന്നു വിപഞ്ചിക.** 107

* ലളയോരഭേദഃ

പ്രകൃതമായ ഒരു ധമ്മിയെ വൎണ്ണിക്കുമ്പോൾ അതിനു ചെയ്യുന്ന വിശേഷണങ്ങളെ ഒരു അപ്രകൃതവസ്തുവിനുകൂടി യോജിക്കുന്നവയായി വിവക്ഷിച്ചിട്ട് ഈ വിശേഷണസാമ്യംകൊണ്ടു പ്രതീയമാനമായ അപ്രകൃതവൃത്താന്തത്തെ വ്യത്ഥമായിപ്പോകാതിരിക്കാൻവേണ്ടി പ്രകൃതധമ്മിയിൽ മനസ്സുകൊണ്ട് ആരോപിക്കുന്നതു് 'സമാസോക്തി' അലങ്കാരം. സമാസം (സംക്ഷേപം)കൊണ്ടുള്ള ഉക്തി, സമാസോക്തി എന്നു സംജ്ഞാത്ഥം. പ്രകൃതാപ്രകൃതവൃത്താന്തങ്ങളെ ഒരേ വാക്യംകൊണ്ടു വൎണ്ണിക്കുന്നതിനാൽ സംക്ഷേപം. ഉദാഹരണം ശ്ലേഷഗർഭം; പ്രകൃതത്തിൽ 'മട്ടു്' എന്നതു വീണാദണ്ഡത്തിൽ സ്വരസ്ഥാനവിഭാഗത്തിനായി വയ്ക്കപ്പെടുന്ന ശലാക. അപ്രകൃതത്തിൽ 'പ്രകാരം' 'അംഗുലിവിഭ്രമം' പ്രകൃതത്തിൽ വീണക്കൈകൾ; അപ്രകൃതത്തിൽ ച്ഛുരിതാദികാമകലാവിലാസങ്ങൾ. 'രാഗം' പ്രകൃതത്തിൽ കല്യാണി, നീലാംബരി, ഗാംബോധി മുതലായതു്; അപ്രകൃതത്തിൽ അനുരാഗം. ഈ ശബ്ദങ്ങളുടെ ശ്ലേഷംകൊണ്ട് പ്രതീയമാനമായ നായികാവൃത്താന്തം വിശേഷ്യമായ വിപഞ്ചികയിൽ ആരോപിക്കപ്പെടുന്നു. വിശേഷ്യത്തിങ്കൽ മാത്രം ശ്ലേഷമില്ലായ്കയാൽ സമാസോക്തി പ്രകൃതാപ്രകൃതശ്ലേഷത്തിൽനിന്നും ഭേദിക്കുന്നു. 'ഏകദേശവിവത്തിരൂപക'ത്തിൽ ഏതാനും അവയവങ്ങളിൽ രൂപകം ശബ്ദവാച്യം; മററവയവങ്ങളിൽ അത്ഥസിദ്ധം. സമാസോക്തിയിൽ ഈ മട്ടില്ല എന്ന ഭേദം സമാസോക്തിയെ ഏകദേശവിവത്തിരൂപകത്തിൽനിന്നും വ്യാവത്തിപ്പിക്കുന്നു. വേറെ ഉദാഹരണം:

170. മല്ലീജാതിപ്രഭൃതികുസുമസ്മേരമായുല്ലസിക്കും
സല്ലീലാഭിഃ കിസലയകരംകൊണ്ടു നിന്നെത്തലോടും,
വല്ലീനാം നീ പരിചയരസംപൂണ്ടു കൗതുഹലത്താ-
ലുല്ലീഢാത്മാ ചിരതരമിരുന്നങ്ങമാന്തിച്ചിടൊല്ലാ. —മയൂരസന്ദേശം

ഇവിടെ വികസിച്ച പുഷ്പങ്ങളോടും മെയ്യിൽ മെല്ലെത്തട്ടുന്ന തളിരുകളോടും കൂടിയ വള്ളികളിൽ ഇരുന്നു് നീ താമസിച്ചുപോകരുതു് എന്നു മയിലിനോട്ട് ഉപദേശിക്കുന്നതിൽ, 'കുസുമസ്മേരം', 'കിസലയകരം(കരംപോലെയിരിക്കുന്ന കിസലയമെന്നു് ഉപമിതസമാസം)കൊണ്ടു നിന്നെത്തലോടും', 'പരിചയരസംപൂണ്ടു്', ഇത്യാദിവിശേഷങ്ങളിലെ അത്ഥസ്വാരസ്യംകൊണ്ടും, വല്ലീനാം എന്ന സ്ത്രീലിംഗംകൊണ്ടും, വിലാസിനിമാരൊരുമിച്ചു രമിക്കുന്ന ഒരു ദക്ഷിണനായകന്റെ* വൃത്താന്തം സ്ഫുടമായി സ്ഫുരിക്കുന്നു. പൂവ്വോദാഹരണത്തിൽ വിശേഷണങ്ങൾക്കു ശബ്ദശ്ലേഷം; ഉത്തരോദാഹരണത്തിൽ അത്ഥശ്ലേഷം എന്നു ഭേദം. വേറെയും ഉദാഹരണം:

171. പത്തിക്കീററു കവിൾത്തടത്തിലമരും കൈയാൽ പ്രമൃഷ്ടം, സുധാ-
സത്തിന്നൊത്തിയലും തവാധരരസം നിഃശ്വാസനിഷ്പീതമായ്;
എത്തിക്കണ്ണമണഞ്ഞു പോർമുല ചലിപ്പിക്കുന്നു കണ്ണീർ, പ്രകോ-
പത്തിന്നായ് പ്രിയഭാവ, മിന്നതു ദുരാരാദ്ധ്യേ! നമുക്കുദ്ധ്വമായ്.
—അമരുകശതകം

---

* ദ്വയോസ്ത്രിചതുഃപ്രഭൃതിഷു നായികാസു തുല്യാനുരാഗോ ദക്ഷിണനായകഃ (രണ്ടോ മൂന്നോ നാലോ അതിലധികമോ നായികകളിൽ തുല്യാനുരാഗമുള്ളവൻ ദക്ഷിണനായകൻ)—സാ. ദപ്പണം.

പദ്യം 171. പ്രണയകോപം ഉപേക്ഷിക്കാതിരിക്കുന്ന നായികയോടു നായകവചനം. പത്തിക്കീററു്=കവിളത്തു ഛായംകൊണ്ടു രചിക്കുന്ന ബിന്ദുക്കൾ. അതു കൈയാൽ പ്രമൃഷ്ടം (മാഞ്ഞു). ദീഘനിഃശ്വാസംകൊണ്ട് അധരരസം നിഷ്പീതം (കുടിക്കപ്പെട്ടു)—അധരമുണങ്ങി. കണ്ണീർ കണ്ണത്തോളമെത്തിനിന്നിട്ടു് പോർമുലകളെ ചലിപ്പിക്കുന്നു—ഏങ്ങലടിക്കുന്നു. പ്രകോപത്തിനു് (കോപത്തിനു്) പ്രിയഭാവം (പ്രിയന്റെ ഭാവം) കിട്ടിയിരിക്കുന്നു. നമുക്കു് (തനിക്കു്) അതു് (പ്രിയഭാവം) ഊദ്ധ്വമായ് (നഷ്ടമായി). ഇവിടെ വാസ്തവത്തിൽ നായകവൃത്താന്തത്തിന്റെ സമാരോപമല്ല വാച്യത്വംതന്നെ വന്നുപോയിരിക്കുന്നു എന്നു കാണുക.

ഇവിടെ കോപവൃത്താന്തത്തിൽ വിശേഷണസാമ്യംകൊണ്ടു് നായകവൃത്താന്തത്തിന്റെ സമാരോപം.

സമാസോക്തിയിൽ ചിലെടത്തു് ശാസ്ത്രീയവൃത്താന്തത്തിൽ ലൗകികവൃത്താന്തത്തിനും, മററു ചിലെടത്തു മറിച്ചും സമാരോപം കാണും. ഏതാനും ചിലതിനു് ഉദാഹരണങ്ങൾ:

വ്യാകരണശാസ്ത്രവ്യവഹാരത്തിനു്:

172. വർണ്ണത്തിൻ ധർമ്മമൊപ്പിച്ചനവധി വിധിയങ്ങാഗമാദേശഭംഗ്യാ
വർണ്ണിച്ചംഗത്തിൽ വേണ്ടുംവിധമിഹ ഗുണവും വൃദ്ധിയും ചേർത്തു ചെമ്മേ
സന്ധിക്കും വിഗ്രഹത്തിന്നപി നിയമമുറപ്പിച്ചു നാനാധികാരം
ബന്ധിച്ചിപ്പാർത്ഥിവേന്ദ്രൻ പ്രകൃതിഷു പരമാം പ്രത്യയം ചേർത്തിടുന്നു.
—സ്വ.

ഇവിടെ 'വർണ്ണം' ബ്രാഹ്മണാദിയും, അകാരാദിയും; 'ആഗമാദേശഭംഗി' ശാസ്ത്രനിയോഗപ്രകാരവും, അക്ഷരങ്ങളെ കൂട്ടിച്ചേർക്കയും മാററുകയും ചെയ്യുന്ന മട്ടും; 'അംഗങ്ങൾ' സ്വാമ്യമാത്യാദി സപ്തരാജ്യംഗങ്ങളും, ''യസ്മാത് പ്രത്യയവിധിസ്തദാദി പ്രത്യയേഽങ്ഗം'' എന്ന പരിഭാഷിതവും; 'ഗുണവൃദ്ധികൾ' ദോഷാഭാവസമൃദ്ധികളും, ''അദേങ്ഗുണഃ'' ''വൃദ്ധിരാദൈച്''—എന്ന അക്ഷരങ്ങളും; 'സന്ധിവിഗ്രഹങ്ങൾ' സഖ്യയുദ്ധങ്ങളും, ചേർപ്പുപിരിപ്പുകളും; 'അധികാരം' ഉദ്യോഗവും 'പൂർവ്വത്രാസിദ്ധാ'ദിയും, 'പ്രകൃതികൾ' പൗരന്മാരും, ശബ്ദത്തിന്റെ മൂലവേരുകളും; 'പ്രത്യയം' വിശ്വാസവും, കൃത്തദ്ധിതാദികളും.

വൈദ്യശാസ്ത്രത്തിനു്:

173. അർക്കകാന്തമതിനഗ്നിയിൽ മാന്ദ്യം
വീക്കമല്ലിനുളവായ് പനിയെങ്ങും
ദൃഷ്ടിയിൽ തിമിരബാധ മുഴുത്തു
കഷ്ടമോഷധിപനെന്തു വരാത്തു?

സൂര്യാസ്തമയാനന്തരം ചന്ദ്രോദയത്തിനു മുൻപുള്ള രാത്രികാലത്തെ വർണ്ണിക്കുന്ന ഈ ശ്ലോകത്തിൽ സൂര്യകാന്താദികളുടെ അവസ്ഥയിൽ രോഗിയുടെ അവസ്ഥ ആരോപിക്കപ്പെട്ടിരിക്കുന്നു.

## 3. വക്രോക്തി

**ശ്ലേഷംകൊണ്ടു മറിച്ചർത്ഥം**
**ചെയ്താൽ വക്രോക്തിയായിടും:**
**'കൈക്കൊൾക നന്മയിൽപ്പക്ഷം,'**
**'പീലിയാൽ ഫലമെന്തു മേ?'** 108

ശ്ലേഷംകൊണ്ടു് വക്താവു് വിവക്ഷിക്കാത്ത അർത്ഥത്തെ കല്പിച്ചു വക്രമായി ഉത്തരം പറയുന്നതു് വക്രോക്തി. ഉദാഹരണം ഗുരുശിഷ്യന്മാരുടെ സംഭാഷണം. നല്ല കാര്യങ്ങളിൽ പ്രതിപത്തിയെ സ്വീകരിക്കണമെന്നു് ഗുരു ഉപദേശിച്ചതിനു് ശിഷ്യൻ 'നല്ല മയിലിന്റെ ചിറകിനെ വാങ്ങണം' എന്നു് ശ്ലേഷംകൊണ്ടു് അർത്ഥാന്തരം കല്പിച്ചു് ഉത്തരം പറഞ്ഞു എന്നു് 'വക്രോക്തി'. വേറെ ഉദാഹരണം:

174. 'മതി മാനമേറിടുന്നിതു'
'മതിരുകിലിച്ചന്ദ്രനെന്തെനിക്കു സഖീ?'
'പതിയുമപരാങ്കമണയും'
'പതിവാണല്ലോ ഉദിക്കിലസ്തമയം.'
—സ്വ.

പദ്യം 173. അർക്കകാന്തം (സൂര്യകാന്തക്കല്ലു്) അല്ലു് (ഇരുട്ടു്) ദൃഷ്ടി ഇവയ്ക്കു് രോഗിയുടെ അവസ്ഥ. ഓഷധിപൻ ചന്ദ്രൻ; വൈദ്യൻ എന്നും.

സഖീനായികാസംവാദരൂപമായ ഈ ഉദാഹരണത്തിൽ 'മാനം' (ഈഷ്യാ കലഹം) 'മതി' (ഇതു് കുറെ അധികമായിപ്പോകുന്നു) എന്ന അത്ഥത്തിൽ സഖി പറയുന്ന ഒന്നാംപാദത്തിനു് 'മതി (ചന്ദ്രൻ) ആകാശത്തിൽ ഉയരുന്നു', എന്ന അത്ഥമാക്കിയിട്ടു് നായിക ഉത്തരം രണ്ടാംപാദംകൊണ്ടു പറയുന്നു. പിന്നെയും സഖി, പതി (ഭത്താവു്) അപരയുടെ (അന്യസ്ത്രീയുടെ) മടിയിലണയും എന്നു് മാനത്താലുണ്ടാകുന്ന ദോഷത്തെ മൂന്നാംപാദത്തിൽ പ്രതിപാദിക്കുന്നതിനു് 'പതിയും (താഴും) അപരദിക്കിന്റെ സമീപത്തിലണയും' എന്ന പ്രസംഗം പിടിച്ചു് നായിക നാലാംപാദംകൊണ്ടുത്തരം പറയുന്നു. ശബ്ദശ്ലേഷംകൂടാതെ അത്ഥത്തിൽ മാത്രം ശ്ലേഷംചെയ്തും വക്രോക്തിയുണ്ടാക്കാം. എങ്ങനെ എന്നാൽ,

175. 'പിച്ചക്കാരൻ ഗമിച്ചാനെവിടെ?' 'ബലിമഖംതന്നിൽ';
'എങ്ങിന്നു നൃത്തം?'
'മെച്ചത്തോടാച്ചിമാർവീടതിൽ;' 'എവിടെ മൃഗം?'
'പന്നി പാഞ്ഞെങ്ങു പോയോ!'
'എന്തേ കണ്ടില്ല മൂരിക്കിഴടിനെ?' 'ഇടയൻ ചൊല്ലുമക്കാര്യമെല്ലാം;'
സൗന്ദര്യത്തക്കമേവം രമയുമുമയുമായുള്ളതേകട്ടെ മോദം. —സ്വ.

ഇവിടെ ലക്ഷ്മിയുടെ ചോദ്യങ്ങളുടെ അത്ഥത്തെ പാർവ്വതി അന്യഥാ നയിക്കുന്നതു് ശബ്ദങ്ങളുടെ നാനാത്ഥത്തെ അവലംബിച്ചല്ല.

## സങ്കര-സംസൃഷ്ടിവിഭാഗം

ഇനി ഇച്ചൊന്ന അലങ്കാരങ്ങളുടെ മേളനംകൊണ്ടുണ്ടാകുന്ന അലങ്കാരങ്ങളെ എടുക്കുന്നു. ലൗകികാലങ്കാരങ്ങളെ കൂട്ടിച്ചേക്കുമ്പോഠം പുതുതായിട്ടു് ഒരു ശോഭാവിശേഷമുണ്ടാകുംപോലെ കാവ്യാലങ്കാരങ്ങളെയും മേളനംചെയ്യുമ്പോഠം ഒരു ചമൽക്കാരവിശേഷം അനുഭവസിദ്ധമായിട്ടുണ്ടു്. അതിനാൽ 'നരസിംഹ'ന്യായേന അലങ്കാരങ്ങളുടെ യോഗം പൃഥഗലങ്കാരമായിത്തീരുന്നു. മേളനം രണ്ടുവിധത്തിലാവാം. 'തിലതണ്ഡുല'ന്യായേന, എന്നുവെച്ചാൽ എള്ളും അരിയും കൂട്ടിക്കലത്താലെന്നപോലെ ഘടകങ്ങളെ തിരിച്ചറിയാവുന്നവിധത്തിലുള്ള സങ്കലനം 'സംസൃഷ്ടി'; 'നീരക്ഷീര'ന്യായേന, എന്നുവെച്ചാൽ പാലും വെള്ളവും ചേത്താലെന്നപോലെ വേർതിരിക്കാൻ പാടില്ലാത്തവിധത്തിൽ കലരുന്നതു് 'സങ്കരം'. ഇവയിൽ സംസൃഷ്ടി ഒരുവിധമേ സംഭവിക്കു. സങ്കരം നാലുവിധത്തിലാവാം:

(1) അംഗാംഗിഭാവം—ഇതിൽ ഘടകങ്ങഠംക്കു തമ്മിലുള്ള സംബന്ധം അംഗത്തിനും അംഗിക്കും ഉള്ളതുപോലെ ആയിരിക്കും.

(2) സമപ്രാധാന്യം—ഇതു് ഘടകങ്ങഠംക്കു് പ്രാധാന്യം ഒന്നുപോലെ വരുന്നിടത്തു്.

(3) സന്ദേഹം—ഇതു് രണ്ടലങ്കാരങ്ങളിൽ ഘടകങ്ങളെ അതോ ഇതോ എന്നു നിണ്ണയിക്കാൻ വയ്യാതെവരുന്നിടത്തു്.

(4) ഏകവാചകാനുപ്രവേശം—ഒരേ വാചകത്തിൽത്തന്നെ രണ്ടലങ്കാരങ്ങളുടെ സ്ഥിതി.

സംസൃഷ്ടിയാകട്ടെ, (a) ശബ്ദാലങ്കാരങ്ങഠംക്കു മാത്രം (b) അത്ഥാലങ്കാരങ്ങഠംക്കുമാത്രം (c) രണ്ടിനുംകൂടി—എന്നു് മൂന്നുവിധത്തിലാവാം.

---

പദ്യം 175. ശിവൻ സ്വതേ ഭിക്ഷക്കാരൻ; വിഷ്ണു ബലിയുടെ യാഗപ്പുരയിൽ ഭൂമി യാചിക്കാൻ ചെന്നു. ശിവൻ താണ്ഡവനൃത്തക്കാരൻ; കൃഷ്ണൻ ഗോപികമാരുമൊത്തു നൃത്തംചെയ്തു. മൃഗം മാത്രം ശിഷ്ടം. ശിവപക്ഷത്തിൽ ശിവന്റെ കൈയിലുള്ള മാൻ എവിടെ എന്നു ചോദ്യം. വരാഹാവതാരമെടുത്ത വിഷ്ണു പോയോ എന്നു പാർവ്വതി. ശിവവാഹനം മൂരിക്കുട്ടൻ; കൃഷ്ണൻ ഗോപാലകൻ. ചോദ്യം തുടങ്ങിയതു രമ.

## 1. സംസൃഷ്ടി

ശബ്ദാലങ്കാരങ്ങൾക്ക മാത്രം:

176. പലവിധത്തിലൊരോ പരിപീഡയാൽ
വലയുമെൻ മനതാരിലനാരതം
അലർശരാന്തകപുണ്യപരമ്പരാ–
നിലയമേ! ലയമേകുക നിൻപദേ.
—ചങ്ങനാശ്ശേരി രവിവൎമ്മതമ്പുരാൻ

ഇതിൽ ശബ്ദാലങ്കാരങ്ങളായ 'അനുപ്രാസ'ത്തിനും 'യമക'ത്തിനും സംസൃഷ്ടി.

അൎത്ഥാലങ്കാരങ്ങൾക്ക മാത്രം:

177. അതിക്രൂരം ബാണം കസുമതതിയിൽ ചെങ്കനലുപോൽ
പതിപ്പിച്ചീടൊല്ലാ പരിമൃദുലയാമീ മൃഗതനൗ;
നിതാന്തം നിസ്സാരം ബത മൃഗമതിൻ ജീവനെവിടേ?
കൃതാന്താ ദൈത്യാനാം, തവ ച കടുബാണങ്ങളെവിടേ? —ശാകുന്തളം

ഇതിൽ ഉപമാവിഷമങ്ങൾക്ക സംസൃഷ്ടി. രണ്ടലങ്കാരങ്ങളും ഭിന്നവിഷയങ്ങളാകയാൽ തിരിച്ചറിയാൻ പ്രയാസമില്ല; ഒരേ ശ്ലോകത്തിൽ രണ്ടൎദ്ധങ്ങളിലായിട്ടാകയാൽ യോഗവുമുണ്ട്.

ശബ്ദവും അൎത്ഥവും കൂടിയതിന്ന്:

178. അരിവമ്പടയും പടയും
പരിചിനൊടിടിനാദമൊക്കെ വെടിയും വെടിയും
മുകിൽനടുകൊടിയും കൊടിയും
പരിപശ്യ സുരേന്ദ്രദൃഷ്ടി പൊടിയും പൊടിയും.

ഇവിടെ ശബ്ദാലങ്കാരമായ 'യമക'ത്തിനും അൎത്ഥാലങ്കാരമായ 'സംബന്ധാതിശയോക്തി'ക്കും സംസൃഷ്ടി.

## 2. സങ്കരം

''നിൻ നേത്രത്തിനു തുല്യമാം കുവലയം വെള്ളത്തിനുള്ളത്തിലായ്''' *

ഇത്യാദി ശ്ലോകത്താൽ 'പ്രതീപാ'ലങ്കാരവും 'കാവ്യലിംഗാ'ലങ്കാരവും അതതു പ്രകൃതത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അവയിൽ, കാവ്യലിംഗം പ്രതീപം കൊണ്ട് സാധിക്കേണ്ടതായിരിക്കുന്നതിനാൽ പ്രതീപം അംഗവും കാവ്യലിംഗം അംഗിയും ആയിച്ചമയുന്നു. അതുകൊണ്ട് ഇതിൽ പ്രതീപകാവ്യലിംഗങ്ങൾക്ക അംഗാംഗിഭാവസങ്കരം. (മൂന്നു പാദങ്ങളിലും ഓരോ പ്രതീപമുള്ളവയ്ക്കു സംസൃഷ്ടി.) വേറെ ഉദാഹരണം:

179. നിന്നെക്കാണുന്നനേരം ജലനിധിയിവനെന്തിന്നു വേപിച്ചിടുന്നു?
മുന്നം നീ സേതുബന്ധം മഥനവുമിവനിൽ ചെയ്യുതോൎത്തായിരിക്കാം
എന്നാൽ ദ്വീപാന്തരത്തിങ്കലുമൊരു ബലവാൻ ദ്വേഷ്യനില്ലിന്നഹോ! തേ
പിന്നെ ശ്രീമൂലകക്ഷ്മാരമണ! രമണിയാം ലക്ഷ്മിയും കൈയ്യിലുണ്ട്. —സ്വ.

പദ്യം 178. രാജസ്തുതി. അരിവമ്പ്(ശത്രുപരാക്രമം)അടയും(നശിക്കുന്ന)പട; ഇടിനാദമൊക്കെ വെടിയും (തകൎന്നുപോകുന്ന) വെടി; മുകിൽ (മേഘം) നടുക്–നടുവ് ഒടിയും കൊടി; സുരേന്ദ്രദൃഷ്ടി (ഇന്ദ്രന്റെ കണ്ണുകൾ) പൊടിയുമാറുള്ള (അത്രയേറെ) പൊടി (എഴുന്നള്ളത്തുകൊണ്ടുണ്ടായ ധൂളി) പരിപശ്യ (കണ്ടാലും.)

* 14–ം 117–ം പദ്യങ്ങൾ നോക്കുക.

ഇതിൽ രാജാവിനെ കാണുമ്പോൾ സമുദ്രം വിറയ്ക്കുന്നതു് രാജാവു് സേതുബന്ധവും മഥനവുംചെയ്ത വിഷ്ണുവായതുകൊണ്ടു് ആയിരിക്കാമെന്നു ശങ്കിച്ചിട്ടു്, എന്നാൽ അന്നു വിഷ്ണുവിനുണ്ടായിരുന്നതുപോലെ ദ്വീപാന്തരത്തിൽ രാവണാദിയെപ്പോലെ ഒരു ശത്രുവോ ലക്ഷ്മീവിരഹമോ രാജാവിനില്ലാത്തതിനാൽ രാജാവിനു വിഷ്ണുവിനെക്കാൾ വ്യതിരേകം പറയപ്പെട്ടിരിക്കുന്നു. ഈ വ്യതിരേകാലങ്കാരത്തെ സാധിക്കുന്നതു് ഉത്തരാർദ്ധത്തിലെ ഹേതുരൂപങ്ങളായ വാക്യങ്ങളാൽ നിഷ്പന്നമായ കാവ്യലിംഗമാകയാൽ രണ്ടിനും അംഗാംഗിഭാവസങ്കരം.

സമപ്രാധാന്യത്തിനു് ഉദാഹരണം:

180. ധനാധിപൻ കാത്തൊരു ദിക്കിനക്കൻ
മര്യാദവിട്ടേച്ചു ഗമിച്ചനേരം
സമീരണൻ ദക്ഷിണയായ ദിക്കിൻ—
മുഖത്തുദിച്ചു നെടുവീർപ്പിനൊപ്പം. —കു. സം.

മന്മഥനോടുകൂടി വന്ന വസന്തന്റെ മാഹാത്മ്യത്താൽ ശിവതപോവനം ആ ഋതുവിന്റെ ധർമ്മങ്ങളെ സ്വീകരിച്ചതോടുകൂടി സൂര്യൻ (വസന്തം ഉത്തരായണത്തിൽ ആകയാൽ) ഉത്തരദിക്കിലേക്കു പുറപ്പെട്ടു എന്നും ഉടൻതന്നെ ദക്ഷിണമാരുതൻ വീശാൻതുടങ്ങി എന്നും ആണു്, വസ്തുതയ്ക്കു്, ഈ ശ്ലോകത്തിലുള്ള അർത്ഥം. അതിനെ കവി സമാസോക്തിയുടെ വേഷത്തിൽ കാണിക്കുന്നു. കവിസങ്കേതപ്രകാരം സൂര്യൻ നായകനും ദിക്കുകൾ നായികമാരും ആകുന്നു. സൂര്യൻ അകാലത്തിൽ വടക്കോട്ടു പുറപ്പെടുകയും പുറമേ തെക്കൻകാററു വീശുകയുംചെയ്യുന്നതിൽ സപത്നീനായകന്മാരുടെ* വൃത്താന്തം ആരോപിക്കപ്പെട്ടിരിക്കുന്നു. ഈ ആരോപമാണു് ഇവിടത്തെ 'സമാസോക്തി'. ഈ സമാസോക്തിക്കു പൂർത്തിവരുന്നതു് ദക്ഷിണാനിലനെ നെടുവീർപ്പിന്റെ സ്ഥാനത്തു കല്പിക്കയാലാകുന്നു. ഈ കല്പനയാണു് ഇവിടത്തെ ഉൽപ്രേക്ഷ. ഈ ഉൽപ്രേക്ഷാ-സമാസോക്തികളുടെ തങ്ങളിലുള്ള സംബന്ധമാണു നമുക്കറിയേണ്ടതു്. 'ഉൽപ്രേക്ഷ' 'സമാസോക്തി'യിൽനിന്നും ജനിക്കുന്നു. ആ 'സമാസോക്തി'ക്കു് ആത്മലാഭം പൂർത്തിയായി വരുന്നതു് 'ഉൽപ്രേക്ഷ'കൂടെ ഉത്ഭവിച്ചതിൽപ്പിന്നീടാണു്. 'ഉൽപ്രേക്ഷ' 'സമാസോക്തി'യിൽനിന്നും ജനിച്ചിട്ടു്, തിരിയിൽനിന്നും കൊളുത്തിയ പന്തംപോലെ ജ്വലിക്കുന്നു. ഇവിടെ ഓരോപ്രകാരത്തിൽ ഓരോന്നിനും പ്രാധാന്യമുള്ളതിനാൽ സമപ്രാധാന്യമെന്നു പേരിട്ടിരിക്കുന്നു.

സന്ദേഹസങ്കരത്തിനു് ഉദാഹരണം:

181. ചന്ദ്രപ്രഖ്യം മുഖമബലമാർ കാട്ടവേ ജാലമാർഗ്ഗേ-
ഷ്വിന്ദ്രശ്രീയുള്ളൊരു രസികരാം ലോകരേറിച്ചരിക്കും
മന്ദ്രദ്ധ്വാനാനുകൃതഘനനിർഘോഷമാം സ്യന്ദനൗഘം
ത്വന്ദ്രഷ്ടാസി പ്രസൃമരമുദാ മേഘനാദാനുലാസിൻ! —മയൂരസന്ദേശം

---

* സപത്നികളുടെയും നായകന്റെയും. ധനാധിപൻ കാത്ത ദിക്കു്—സമ്പന്നയായ ഒരു ഭാര്യ; ദക്ഷിണയായ ദിക്കു്—സ്നേഹമുള്ള മറെറാരു ഭാര്യ; ദുഃഖത്തിന്റെയാണു് നിഃശ്വാസം.

പദ്യം 181. മേഘനാദാനുലാസിൻ = മയൂരമേ! (മേഘനാദം കേട്ടു ലാസ്യം ചെയ്യുന്നവൻ എന്നു ശബ്ദാർത്ഥം.) ചന്ദ്രപ്രഖ്യം=ചന്ദ്രനെപ്പോലുള്ള. ഇന്ദ്രശ്രീ=ഇന്ദ്രശോഭ. മന്ദ്ര...ഘോഷം=മൃദുശബ്ദംകൊണ്ടു്, ഇടികുടുക്കത്തെ അനുകരിക്കുന്ന. സ്യന്ദനം=തേരു്. ത്വം (നീ) ദ്രഷ്ടാസി=കാണും. പ്രസൃമരമുദാ=സന്തോഷപ്രസരത്തോടേ. ഇവിടെ മയിലിന്റെ മോദപ്രസരണത്തിനു ഹേതുക്കളാണു് ഇന്ദ്ര-ചന്ദ്ര-മേഘനിർഘോഷസംബന്ധങ്ങളുള്ള അബലാദികളുടെ ദർശനം; അതിനാൽ കാവ്യലിംഗം. അതുപോലെ മേഘ...സിൻ എന്ന മയൂരസംബോധനം സാഭിപ്രായമാണു്. അതിനാൽ പരികരം.

ഇവിടെ അലങ്കാരവിചാരണചെയ്യുമ്പോൾ കാവ്യലിംഗമോ പരികരമോ എന്നു രണ്ടിന്റെയും പ്രവേശംകൊണ്ടു തീരുമാനിക്കാൻ വയ്യാതായിരിക്കുന്നതിനാൽ രണ്ടും ഉണ്ടെന്നുള്ള കല്പനയാൽ സന്ദേഹരൂപമായ സങ്കരം.

ഏകവാചകാനുപ്രവേശത്തിന് ഉദാഹരണം:

182. മാരക്രീഡ്സമഹലഹളയിൽ ജാലമാർഗ്ഗേണ ലീലാ-
ഗാരക്രോഡേ നിഭൃതഗതിയായെത്തി നിത്യം നിശായാം
വാരസ്ത്രീണാം വപുഷി വിലസ്സം സ്വേദബിന്ദുക്കളാകും-
ഹാരസ്തോമം ഹരതി വിരുതേറുന്ന ചോരൻ സമീരൻ. – മയൂരസന്ദേശം

ഇവിടെ 'രൂപക'ങ്ങളെല്ലാം 'വൃത്ത്യനുപ്രാസ'മുള്ള പദങ്ങളെക്കൊണ്ടുചെയ്തിരിക്കുന്നതിനാൽ അവയ്ക്ക് ഏകവാചകാനുപ്രവേശം. ഇതിൽ അംഗങ്ങളായ 'രൂപക'ങ്ങളാൽ നിഷ്പന്നമായ 'സാവയവരൂപകം' സമാസോക്തിഭംഗിയിൽ, 'അവിടെ ഈ മാതിരിയേ കവർച്ചക്കേസ്സുള്ളു എന്നും മററു പട്ടണങ്ങളിലെപ്പോലെ ചോരഭയമില്ലെന്നും' ധ്വനിപ്പിക്കുന്നതിനാൽ അലങ്കാരേണ വസ്തുധ്വനി.

**അർത്ഥാലങ്കാരപരിഗണനം**

ഉപമയനന്വയമുപമേ-
യോപമയും സപ്രതീപ രൂപകവും
സാപഹ്നുതിയുൽപ്രേക്ഷാ
സ്മൃതിമാനും ഭ്രാന്തിമാൻ സസന്ദേഹം; 1

വ്യതിരേകം പ്രതിവസ്തൂ-
പമ ദൃഷ്ടാന്തം നിദർശനാഭിധവും
ദീപകമിതി സാമ്യോത്ഥം
പതിനാറപ്രസ്തുതപ്രശംസയോടേ. 2

ഭേദക രൂപക സംബ-
ന്ധാസംബന്ധങ്ങൾ ഹേതുവുല്ലേഖം
അക്രമമത്യന്താഖ്യമ-
സംഗതി സവിഭാവനാ വിശേഷോക്തി; 3

വ്യാഘാതമഥ വിരോധം
സംഭാവന തൽഗ്ഗുണം ഹ്യതൽഗ്ഗുണവും
മീലിതമധികം പതിനെ-
ട്ടതിശയകഥനോത്ഥമാമലങ്കാരം. 4

സ്വഭാവോക്തി* സഹോക്തി സ-
മുച്ചയ പര്യായസംജ്ഞ പരിസംഖ്യാഃ
പിന്നെ വികല്പം പരിവൃ-
ത്ത്യാക്ഷേപം പ്രത്യനീകവും പിന്നെ; 5

ആപത്തി കാവ്യലിംഗേ
അനുമിതിയർത്ഥാന്തരസ്യ വിന്യാസം
ഭാവികമുദാത്ത സൂക്ഷ്മ-
വ്യാജോക്തികളുത്തരം സമാധിയതും; 6

---

* സ്വഭാവോക്തി=സ്വഭാവോക്തി. 'ഭാവ'ത്തിനു മുമ്പേ ആങ്ങുപസർഗ്ഗം വൃത്തരക്ഷയ്ക്കുവേണ്ടി.

പദ്യം 182. മാരക്രീഡയാകുന്ന മഹ(ഉത്സവ)ലഹള എന്നും, സ്വേദ(വിയർപ്പു്) ബിന്ദുക്കളാകുന്ന ഹാരസ്തോമം (കൂട്ടം) എന്നും, സമീരനായ ചോരൻ എന്നും രൂപകം. വാരസ്ത്രീ=വേശ്യ. നിഭൃതഗതി=പാത്തുപതുങ്ങിയുള്ള നടപ്പ്. വപുഷി=ശരീരത്തിൽ. ലീലാ...ക്രോഡം=വിനോദഗൃഹം.

വ്യാജസ്തുതി സമസംജ്ഞം
വിഷമം പശ്ചാദപി ചിത്രമന്യോന്യം
പരികര പര്യായോക്തേ
കാരണമാലാഖ്യമാമലങ്കാരം; 7

ഏകാവലിയും സാരം
മുദ്രയതും മുപ്പതിങ്ങു വസ്തൂക്തി.
ശ്ലേഷോക്തി മൂന്നുവിധമാം
ശ്ലേഷസമാസോക്തി പിന്നെ വക്രോക്തി. 8

## ശബ്ദാലങ്കാരപ്രകരണം

അൎത്ഥാലങ്കാരങ്ങളെ വിവരിച്ചതിൻെറശേഷം ശബ്ദാലങ്കാരപ്രകരണം ആരംഭിക്കുന്നു. 1. അനുപ്രാസം 2. യമകം 3 പുനരുക്തവദാഭാസം 4. ചിത്രം—ഇങ്ങനെ ശബ്ദാലങ്കാരം നാലുവിധം. ചിലരുടെ മതത്തിൽ 'ശ്ലേഷ'വും 'വക്രോക്തി'യുംകൂടി ശബ്ദാലങ്കാരങ്ങളിൽ ഉൾപ്പെടുന്നു. അവയെ ഇവിടെ ഉഭയാലങ്കാരങ്ങളായി ഗണിച്ച് അൎത്ഥാലങ്കാരങ്ങളുടെ കൂട്ടത്തിൽ വിവരിച്ചുകഴിഞ്ഞു.

## അനുപ്രാസം

**അനുപ്രാസം വ്യഞ്ജനത്തെ-**
**യാവർത്തിക്കിലിടയ്ക്കിടെ.** 109

ഒരേ വ്യഞ്ജനവൎണ്ണത്തെ അടുത്തടുത്താവൎത്തിക്കുന്നതു് 'അനുപ്രാസം'. സ്വരങ്ങളെ ആവൎത്തിക്കുന്നതാകട്ടെ അലങ്കാരമാകുന്നില്ലെന്നു മാത്രമല്ല, പ്രത്യുത ദോഷമായുംകൂടി ഗണിക്കപ്പെടും.

അനുപ്രാസവിഭാഗങ്ങൾ:

### 1. ഛേകാനുപ്രാസം

**ഛേകാനുപ്രാസമാം ചൊന്നാൽ**
**കൂട്ടക്ഷരമിരട്ടയായ്:**
**കണ്ണനുണ്ണി നമുക്കെന്നു-**
**മമന്ദാനന്ദമേകണം.** 110

കൂട്ടക്ഷരങ്ങളെ ഈരണ്ടായിട്ടാവൎത്തിക്കുന്നതിനു് 'ഛേകാനുപ്രാസ'മെന്നു പേർ. ലക്ഷ്യത്തിൽ 'ണ്ണ' 'ന്ദ' ഇതുകളുടെ ആവൃത്തി. വേറെയും ഉദാഹരണം:

183. അക്കാലത്തു പൊറുക്കാഞ്ഞു
താരകൻെറ പരാക്രമം
അമ്പർകോൻമുമ്പരാമുമ്പർ
സത്യലോകത്തിലെത്തിനാർ. —കു. സം.

ഇതിൽ 'ക്ക', 'മ്പ', 'ത്ത' ഇവയ്ക്കു് ആവൃത്തി. വേറെയും ഉദാഹരണം:

184. ഏവം നീതാനമൃതമധുരം ചൊല്ലവേ പല്ലവാംഗീ
സാ വന്നീടും കുതുകമൊടടുത്തെത്രയും ചിത്രമോടേ
ഭാവം നന്നായ്ത്തെളിയുമളിവേണിക്കു വേലായുധൻ താ-
നീവണ്ണം മേ ശുഭമരുളിയെന്നാൎത്തിവിട്ടോൎത്തിടും സാ. —മയൂരസന്ദേശം

ഇവിടെ 'ല്ല', 'ത്ര', 'ൎത്ത' ഇതുകൾക്കു് ആവൃത്തി.

## 2. വൃത്ത്യനുപ്രാസം

മററെല്ലാം വൃത്ത്യനുപ്രാസം
രീതിഭേദനിയാമകം. 111

ഒററ വ്യഞ്ജനത്തെ ഒരിക്കലോ പലപ്രാവശ്യമോ ആവത്തിക്കയും കൂട്ടക്ഷരത്തെ പലപ്രാവശ്യം ആവത്തിക്കയും ചെയ്യുന്നതു് വൃത്ത്യനുപ്രാസം. ഇതിൽനിന്നു് മൂന്നുമാതിരി 'രീതി'കൾ (വൃത്തികൾ) ഉത്ഭവിക്കുന്നു. ഇതിനാൽത്തന്നെയാകുന്നു ഇതിനു് വൃത്ത്യനുപ്രാസമെന്നു പേരും.

മധുരവ്യഞ്ജനപ്രാസം
വൈദർഭീരീതിയായതു്:
നന്ദനന്ദനനാകുന്ന
മുകുന്ദൻ വന്ദനീയനാം. 112

മാധുര്യവ്യഞ്ജകങ്ങളായ വ്യഞ്ജനങ്ങളെ പലപ്രാവശ്യം ആവത്തിച്ചുണ്ടാകുന്ന വൃത്ത്യനുപ്രാസം വൈദർഭീരീതിയെ ഉളവാക്കുന്നു. ങ്ക, ഞ്ച, മ്പ—ഇത്യാദി അനുനാസികങ്ങളോടുചേർന്ന വർഗ്ഗാക്ഷരങ്ങളും ല്ക, ല്ഗ, ല്ല—ഇത്യാദി വർഗ്ഗാക്ഷരത്തോടു ചേരുന്ന ലകാരവും രേഫണകാരങ്ങളും ലകാരവും മധുരവ്യഞ്ജനങ്ങളാകുന്നു. വേറെ ഉദാഹരണം:

185. അങ്കത്തുങ്കലലങ്കളങ്കരഹിതം സംക്രാന്തമായീടുമ-
ത്തങ്കപ്പങ്കജമങ്കതൻ കുളർമുലപ്പങ്കേരുഹത്തിങ്കലേ
തങ്കം കുങ്കുമപങ്കസങ്കലനയാലങ്കാരസങ്കാരമാ-
മങ്കം പങ്കഹരങ്കലന്നൊരുടൽ മേ സങ്കേതമാകേവലം —കെ. സി. കേ. പി.

ഇതിൽ 'ങ്ക'-പ്രാസം. ഈ വൈദർഭീരീതിക്കു് 'ഉപനാഗരികാവൃത്തി' എന്നും പേരുണ്ടു്.

പരുഷവ്യഞ്ജനപ്രാസം
ഗൗഡീരീതിയതായിടും:
തുണയ്ക്കു വിക്രമാക്രാന്ത-
ത്രൈലോക്യൻ ഭക്തവത്സലൻ. 113

ത്സ, ഷ്പ—ഇത്യാദി സകാരാന്തസംയോഗങ്ങൾ, ക്ര, ക്ര—ഇത്യാദി രേഫസംയോഗങ്ങൾ, ഹ്മ, ഹ്ന—ഇത്യാദി ഹകാരസംയോഗങ്ങൾ, ശകാരഷകാരങ്ങൾ—ഇത്യാദികൾ പരുഷവ്യഞ്ജനങ്ങൾ. പരുഷവർണ്ണപ്രായയായ വൃത്തി ഗൗഡീരീതി. വേറെ ഉദാഹരണങ്ങൾ:

186. ( ) ലക്ഷ്യംകൂടാതെ ലങ്കാനഗരമതു തകർത്തക്ഷമം രുക്ഷനാകും
രക്ഷോജാലാധിപത്യം തടവിന ദശകണ്ഠൻെറ കണ്ഠം മുറിപ്പാൻ
ലക്ഷ്യംവെച്ചങ്ങു ചീറി ദ്രുതമണയുമൊരത്യുഗ്രമാം രാമബാണം
രക്ഷിച്ചീടട്ടെ നിത്യം കലിമലമകലെപ്പോക്കി നന്നാക്കി നമ്മെ.
—വെണ്മണിനമ്പൂരി

187. (ii) ഇക്കാർമേഘങ്ങൾതിങ്ങിക്കൊടുമുടികളിരുണ്ടിട്ടിതാ തെല്ലുതെക്കായ്
നില്ക്കുന്നൂ വീണ ഗോദാവരി ദരിയിൽ മുഴങ്ങീടമപ്പവൃതങ്ങൾ

---

പദ്യം 185. തങ്കപ്പങ്ക...ത്തുങ്കലേ തങ്കം (തങ്കുന്നതും), അലം കളങ്കരഹിതം അങ്കത്തുങ്കൽ സംക്രാന്തമായിടും (ആയീടുന്നതും ആയ), കുങ്കുമ...നയാ അലങ്കാരസങ്കാരമാം പങ്കഹരം അങ്കം കലന്ന ഒരു ഉടൽ മേ കേവലം സങ്കേതമാം എന്നു് അന്വയം. ലക്ഷ്മീസ്തനത്തിൽ ഉള്ളതും, (വിഷ്ണുവിൻെറ) അങ്ക(അവയവ)ത്തിൽ സംക്രമിച്ചതും ആയ കുങ്കുമംകൊണ്ടു് അടയാളം വീണ ഉടൽ (വിഷ്ണുവിൻെറ ഉടൽ തന്നെ) എനിക്കു് ആശ്രയം എന്നു് അത്ഥയോജന.

ഊക്കോട്ടം തമ്മിൽ മുട്ടിത്തിരനിര ചിതറിക്കൊണ്ടു കണ്ടുള്ളതാമി-
ട്ടിക്കിൽ പുണ്യങ്ങളാമപ്പുഴകളുമതിഘോഷേണ ചേരുന്നു ഘോരം.
—ഉ. രാ. ച.

**കോമളവ്യഞ്ജനപ്രാസം**
**പാഞ്ചാലീരീതിയായിടും:**
**ലീലാഗോപാലനാം ബാലൻ**
**സകലം മാലകററണം.** 114

മൃദുക്കൾ, അനുനാസികങ്ങൾ, ല, ഴ, ള,-ങ്ങൾ ഇത്യാദികൾ കോമളവ്യഞ്ജനങ്ങൾ. ഉദാഹരണം:

188. ലീലാരണ്യേ വിഹഗമൃഗയാലോലനായേകദാ ഞാൻ
നീലാപാംഗേ കമപി! നിഹനിച്ചീടിനേൻ നീഡജത്തെ
മാലാന്നാരാൽ മരുവുമിണയെക്കണ്ടു നീ താം ച നേത്രം
കാലാഗാരം സപദി കൃപയാ കാതരേ! ചൊല്ലിയില്ലേ?—മയൂരസന്ദേശം

ഈ രീതികൾക്കു് സമാസത്തിന്റെ ഏറ്റക്കുറവുകൾ മുതലായ മററു നിയാമകങ്ങളുമുണ്ടു്. അതിൽ 'വൈദർഭീ'രീതിക്കു് സമാസം അധികപ്പെടരുതു്; 'ഗൗഡി'ക്കു സമാസഭൂയിഷ്ഠത വേണം. 'പാഞ്ചാലി'ക്കു് വളരെ കുറഞ്ഞിരിക്കണം.

ഈ രീതിനിയാമകമായ വൃത്ത്യനുപ്രാസത്തിനുപുറമേ പ്രാസത്തിനു് അനേകം വൈചിത്ര്യങ്ങൾ കവികൾ കല്പിക്കാറുണ്ടു്. അവയെ എല്ലാം പരിഗണിക്കുക എന്നുള്ളതു് അസാദ്ധ്യമാണെങ്കിലും സാധാരണ ഉപയോഗിച്ചുവരുന്നവയെ മാത്രം എടുത്തുകാണിക്കുന്നു.

## 1. ദ്വിതീയാക്ഷരപ്രാസം

ഈ പ്രാസം മലയാളികൾക്കു വളരെ പ്രിയമാകയാൽ ഇതിനു് കേരളപ്രാസമെന്നു പേർ കല്പിക്കാം. ഉദാഹരണം:

189. ഹൃദ്യാനന്ദം നിരുപമതമം നല്ലമദ്ദിവ്യമായോ-
രുദ്യാനത്തിൻ സുഖമനുഭവിക്കേണമെന്നുണ്ണമെങ്കിൽ
ഹൃദ്യാകാര! സ്ഥിതിയൊരു നികുഞ്ജത്തിലാക്കീടണം നീ
പദ്യാ പാർശ്വസ്ഥലികളിലിറങ്ങാതെയന്തർഹിതാത്മാ. —മയൂരസന്ദേശം

ഇതിനെ ഭാഷാകവികൾ തങ്ങളുടെ കവിതാവനിതയ്ക്കു് ഒരു തിരുമംഗല്യമെന്നു വിചാരിച്ചുപോരുന്നു. വേറെ അലങ്കാരങ്ങൾ എത്രതന്നെയിരുന്നാലും ദ്വിതീയാക്ഷരപ്രാസമില്ലെങ്കിൽ ശ്ലോകം ശ്ലോകമേ അല്ല എന്നുകൂടി ശഠിക്കാൻ അവർ മടിക്കുന്നില്ല. ഈ നാലക്ഷരങ്ങളെ രക്ഷിക്കാൻവേണ്ടി കവികുഞ്ജരന്മാർ കാട്ടിക്കൂട്ടുന്ന ഗോഷ്ടികൾ കാണുമ്പോൾ കോപത്തിലും തുലോം താപമാണുണ്ടാകുന്നതു്. ചിലർ യതികളെ എല്ലാം നിശ്ശങ്കം ഗളഹസ്തംചെയ്യുന്നു; മററുചിലർ സാധുക്കളായ ശബ്ദങ്ങളുടെ കഴുത്തറുക്കുന്നു; എന്നുവേണ്ട കോലാഹലം പലതും കാണും. ഈ പ്രാസത്തെ ഉപേക്ഷിച്ചാലല്ലാതെ നിരർത്ഥകശബ്ദപ്രയോഗം ഭാഷാകവിതയിൽനിന്നൊഴിഞ്ഞുനീങ്ങുന്നതല്ല. ഓരോ പാദത്തിലും ഓരോ അക്ഷരം പ്രാസത്തിൻെറ ആവശ്യത്തിൻപേരിൽനീക്കിവയ്ക്കുന്നതുകൊണ്ടു കവികൾക്കു് എത്രതന്നെ സ്വാതന്ത്ര്യഭംഗംവന്നാലും വരാം എന്നൊരു ചോദ്യമുണ്ടാകാം. എന്നാൽ ഈ തുച്ഛമായ നിബ്ബന്ധവും അനുഭവത്തിൽ, ആനയ്ക്കു് അങ്കുശം എന്നപോലെ, കവികൾക്കു് ഒരു വലിയ നിയന്ത്രണമായിട്ടാണു കാണുന്നതു്. പദ്യങ്ങളിൽ പദപ്രയോജനവിചാരം ചെയ്യുന്നതായാൽ പാദാദിയിലെ പദങ്ങൾ പത്തിനഞ്ചുവീതം പ്രാസത്തിനു

---

പദ്യം 187. 'ഗോദാവരി ദരിയിൽ വീണു മുഴങ്ങുന്ന പച്ചതങ്ങൾ നില്ക്കുന്നു' എന്നു് രണ്ടാംപാദത്തിൽ അന്വയം.

ബലികൊടുക്കപ്പെട്ടവയായിരിക്കുമെന്നുള്ള വാസ്തവത്തെ ശപഥപൂർവ്വം വെളിപ്പെടുത്താൻ ഞാൻ മടിക്കുന്നില്ല. ''മുട്ടിയപക്ഷം വസ്ത്രോല്പ്'' എന്നമട്ടിൽ പ്രാസഭക്തന്മാർ ചില പൊതുവരുത്തങ്ങൾ ഉണ്ടാക്കിവെച്ചിട്ടുള്ളതും പ്രാസദീക്ഷയുടെ ദുഷ്ടതയ്ക്ക് ഒരു ലക്ഷ്യമാകുന്നു. ഒരേ വർണ്ണത്തെത്തന്നെ ആവർത്തിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആ വർണ്ണത്തിന് സ്ഥാനസാമ്യമുള്ളവ പ്രയോഗിച്ചാലും മതി എന്നാണ് ഇവരുടെ മതം. ഇതിനാൽ,

190. ശുക്ലീകൃതാശനവതംസശശാങ്കഭാസാ;
വിഖ്യാതകീർത്തിയുലകാകവെയന്നദാനാൽ;
ഭൃഗ്വാദിസേവിതപദൻ, ഭഗവാൻ ത്രിനേത്രൻ,
വ്യാഘ്രാലയാധിപതി വാഞ്ഛിതമേകിടേണം. —സ്വ.

ഇത്യാദിപോലെ ഒരു വർണ്ണത്തിന്റെ വർഗ്ഗാക്ഷരങ്ങളിൽ നാലെണ്ണത്തിനെ നാലു പാദത്തിലുമായി പ്രയോഗിച്ചാലും കവിക്ക് പ്രാസഭംഗമഹാപാതകം ഇല്ലെന്ന് അവർ വിധിക്കുന്നു. എന്നാൽ ഈവിധം പ്രാസവ്രതം അനുഷ്ഠിക്കുന്നതു കൊണ്ട് എന്തു പുണ്യമാണെന്ന് ഞാൻ അറിയുന്നില്ല.

എല്ലാ ഭാഷകൾക്കും ബാല്യകാലത്തിൽ പ്രാസപക്ഷപാതം ഉണ്ടായിരുന്നിട്ടുള്ളതായി ലക്ഷ്യങ്ങളുണ്ട്. ഭാഷയ്ക്ക് പ്രൗഢത വരുംതോറും പദ്യകാരന്മാർക്ക് പ്രാസത്തിൽ പ്രീതി കുറയുമെന്നു ചരിത്രകാരന്മാരും സ്ഥാപിക്കുന്നു. നമ്മുടെ ഭാഷയ്ക്ക് ആ പ്രൗഢത്വം ഇതേ വരെ സിദ്ധിച്ചില്ലല്ലോ എന്നുള്ള പരിതാപത്താലാണ് ഈ പ്രകൃതത്തെ ഇവിടെ ഇത്രയും വിസ്തരിക്കാനിടയായതു്.

അർത്ഥാലങ്കാരങ്ങൾക്ക് ഉദാഹരണങ്ങൾക്കുവേണ്ടി അർവ്വാചീനകവികളുടെ നാടകഗ്രന്ഥങ്ങളേയും മറ്റും വായിക്കേണ്ടിവന്നതിൽ, പ്രാസനിമിത്തം ആ കവിതകൾക്ക് സംഭവിച്ചിട്ടുള്ള ന്യൂനതകൾ അനുഭവപ്പെട്ടതിനാൽ ഈ പ്രാസോപാലംഭം വിവക്ഷിതത്തിലധികം തീക്ഷ്ണമായി പരിണമിച്ചില്ലയോ എന്നു കൂടി ശങ്കിക്കുന്നു. കിളിപ്പാട്ടു മുതലായ ദ്രാവിഡവൃത്തങ്ങളിൽ ഛന്ദോബന്ധത്തിന് ദാർഢ്യം കുറയുന്നതിനാലും, ആമാതിരി കവിതകൾ ജനിച്ചകാലത്തിൽ അച്ചടിയന്ത്രം മുതലായ സൗകര്യങ്ങൾ ഇല്ലാതിരുന്നതിനാലും പാദങ്ങളെ തിരിച്ചറിയുന്നതിനും മറ്റും ഇതു് ഒരുവിധം ഉപകാരകമായിരുന്നു. ആ പൂർവ്വാചാരത്തെ പ്രമാണമാക്കി ഇക്കാലത്തു് സംസ്കൃതവൃത്തങ്ങളിൽ പദ്യങ്ങൾ രചിക്കുന്ന കവികൾ പ്രാസത്തിനുവേണ്ടി പ്രയാസപ്പെടുന്നതു് വൃഥാശ്രമമാകുന്നു എന്നു താൽപര്യം. പ്രാചീനകവികൾ 'ദ്വിതീയാക്ഷരപ്രാസ'ത്തെ അലംഘനീയമായി വിചാരിച്ചിരുന്നു എന്നും പറയാൻ പാടില്ല. 'ഇരുപത്തിനാലുവൃത്ത'ത്തിൽ പല പദ്യങ്ങളിലും ഈ പ്രാസം കാണുന്നില്ല. ഉദാഹരണത്തിന്,

191. മമ തരുണി! സീതേ! പുനരെവിടെ നീ പോ-
യരികിൽ മമ വാ വാ സകലഗുണപൂർണ്ണേ!
തവ മുഖസരോജം തരളമിഴി കാണാ-
ഞ്ഞഴൽ മനസി പാരം പരമശിവ ശംഭോ!

'ശ്രീകൃഷ്ണചരിതം മണിപ്രവാള'ത്തിൽ അനുഷ്ടുപ്പവൃത്തമായ എട്ടാം സർഗ്ഗത്തിൽ പല ശ്ലോകങ്ങളിലും ഈ പ്രാസമില്ല. നമ്പ്യാർ, ശ്രീകൃഷ്ണചരിതത്തിൽ,

കാരസ്കരത്തിൻ കുരു പാലിലിട്ടാൽ
കാലാന്തരേ കയ്പു ശമിപ്പതുണ്ടോ?

---

പദ്യം 190. ശുക്ലീകൃതാശൻ = ദിക്കുകളെ വെളുപ്പിച്ചവൻ. അവതംസം = ശിരോഭൂഷണം. വ്യാഘ്രാലയം = വൈക്കം. ശിരോഭൂഷണമായ ചന്ദ്രന്റെ ശോഭകൊണ്ട് ദിക്കുകളെ വെളുപ്പിച്ചവനും, അന്നദാനത്താൽ ലോകമാകെപ്പരന്ന കീർത്തിയുള്ളവനും (വൈക്കത്തെമ്പലത്തിലെ ഊട്ടു് പ്രസിദ്ധം) ഭൃഗു തുടങ്ങിയ ഋഷികളാൽ പൂജിതനും ത്രിനേത്രനുമായ വ്യാഘ്രാലയാധിപതി (വൈക്കത്തപ്പൻ) വാഞ്ഛിതമേകണം.

ഇത്യാദി ചില സന്ദർഭങ്ങളിൽ പ്രാസം പ്രഥമാക്ഷരത്തിൽ ആകുന്നുണ്ടു്. 'ദിവ്യം കിഞ്ചന വെള്ളമുണ്ടു്' ഇത്യാദി ചില അർത്ഥപ്രധാനങ്ങളായ ഒററശ്ലോകങ്ങളിലും പ്രാസാഭാവം ഒരു ദോഷമായി ഗണിക്കപ്പെട്ടുകാണുന്നില്ല. അതിനാൽ പ്രാസത്യാഗം പൂർവ്വാചാരലംഘനമെന്നും വാദിപ്പാനിടയില്ല. വശ്യവചസ്സുകളായ മഹാകവികൾ സരസങ്ങളായ ദ്വിതീയാക്ഷരപ്രാസങ്ങളോടുകൂടി ചമയ്ക്കുന്ന മണിപ്രവാളശ്ലോകങ്ങൾക്കുള്ള രാമണീയകവിശേഷം ഒരിക്കലും ആർക്കും അപലപനീയമാകുന്നതുമല്ല. എന്നാൽ ആമാതിരി കവിതകളിൽ പ്രഥമാക്ഷരപ്രാസമോ തൃതീയാക്ഷരപ്രാസമോ ശൂന്യാക്ഷരപ്രാസമോ ആയാലും ശോഭയ്ക്കു കുറവു വരുന്നുണ്ടോ എന്നാണു് പിന്നത്തെ ശങ്ക. എല്ലാംകൂടി ആലോചിച്ചുനോക്കുമ്പോൾ സ്വതേ അഴകുള്ള ആകൃതിയെ അലങ്കാരം അലങ്കരിക്കും; അതില്ലാത്തിടത്തു് അലങ്കാരം ഒരു വ്യഥാഭാരമാകുകയേ ഉള്ളു എന്നു തോന്നിപ്പോകുന്നു, എന്നു് ഈ പ്രകൃതാനപ്രകൃതവിചാരം ഇവിടെ നില്ക്കട്ടെ.

## 2. ആദിപ്രാസം

അടുത്തടുത്തുള്ള പദങ്ങളെ ഒരേ വർണ്ണംകൊണ്ടു് ആരംഭിക്കയാകുന്നു ഇതിന്റെ സ്വഭാവം.

192. ചെന്താർകാന്തികൾ ചിന്തുമന്തിസമയച്ചന്തം ചമഞ്ഞും ഭവാൻ
നീന്തിച്ചെന്നഥ നൃത്തമാടിയമരും ദേവന്റെ തൃക്കൈകളിൽ
ചുററിപ്പററിയവററിലിററുമുതിരം തോരാത്തൊരാനത്തുകിൽ-
ക്കോലം ചാർത്തണമാടൽവിട്ടുമ രസാൽ കണ്ടോട്ടെ നിൻ ഭക്തിയെ.
—മേഘദൂതു്

ഇതിൽ പല പദങ്ങളും 'ച'കാരത്തിലും, 'ന'കാരത്തിലും ആരംഭിക്കുന്നു. വേറെ ഉദാഹരണം:

193. വാനിൽ വായു വരുന്നതേററു വടിവിൽ ശക്രോപലച്ഛായമാം
വാനോർവർഗ്ഗവഴിക്കു വായ്ച്ച സുഖവുംപൂണ്ടിങ്ങു പോകുന്നു ഞാൻ
താനേതന്നെ തണുത്ത നീരു നിറയും കാർമേഘഗർഭങ്ങളിൽ
താനേന്തും വലയാഗ്രവജ്രശകലംകൊണ്ടിട്ടുരച്ചങ്ങനെ —ചൂഡാമണി

ഈ പ്രാസം നിരന്തരമായി ചെയ്താൽ സ്വല്പം വിരസമായിത്തന്നെ കലാശിക്കും. എങ്ങനെ:

194. തത്സേവാർത്ഥം തരുണസംഹിതാസ്താമ്രപാദാരവിന്ദാ-
സ്താമ്യന്മധ്യാഃ സ്തനഭരനതാസ്താരഹാരാവലീകാഃ
താരേശാസ്യാസ്തരളനയനാസ്തർജ്ജിതാംഭോദകേശ്യ-
സ്തത്രസ്ഥാഃ സ്യുസ്തബകിതകരാസ്താലവൃന്തൈസ്തരുണ്യഃ. —ശുകസന്ദേശം

ഇതിനു് ഇംഗ്ലീഷ്കവിതകളിൽ അധികം പ്രചാരമുള്ളതിനാൽ 'ആംഗലപ്രാസ'മെന്നും സംജ്ഞചെയ്യാം

---

പദ്യം 192. ഇററും+ഉതിരം, ആടൽവിട്ടു്+ഉമ എന്നു് മൂന്നും നാലും പാദങ്ങളിൽ പദച്ഛേദം. ചോര ഇററുവീഴുന്ന ആനത്തുകിൽപോലെ ശിവഹസ്തങ്ങളിൽ, അല്ലയോ മേഘമേ നീ അലങ്കാരമായിത്തീരണം എന്നു് അർത്ഥയോജന.

പദ്യം 193. ഇന്ദ്രദർശനാർത്ഥം പുറപ്പെട്ട വിദ്യാധരൻ പറയുന്നതു്. വാനിൽ... വടിവിൽ=ആകാശത്തിൽ അടിക്കുന്ന കാററു നല്ലവണ്ണമേറ്റു്. ശക്രോ...വഴിക്കു്= ഇന്ദ്രനീലക്കല്ലിന്റെ നിറമുള്ള ആകാശത്തിൽ. (ദേവവർഗ്ഗത്തിന്റെ സഞ്ചാരമാർഗ്ഗം ആകാശമാണല്ലോ). താനേന്തും...ങ്ങനെ=തന്റെ കൈയിൽ കിടക്കുന്ന വളയിൽ പതിപ്പിച്ച വജ്രം ഉരച്ചുകൊണ്ടു്.

## 3. അന്ത്യപ്രാസം

195. ദയയൊരു ലവലേശംപോലുമില്ലാത്ത ദേശം
പരമിഹ പരദേശം പാക്കിലത്യന്തമോശം;
പറകിൽ നഹി കലാശം പാക്കിലിങ്ങേകദേശം
സുമുഖി! നരകദേശംതന്നെയാണപ്രദേശം. —വെണ്മണി അച്ഛൻ

196. കേവലാത്മപുരുഷൻെറ പദത്താർ
കൈവണങ്ങി വിനയത്തൊടുരത്താർ
സപ്തമാമുനികൾ സമ്മതരാരാൽ
സാത്ത്വികം തടകി മേനിയിലാരാൽ. —ക. സം.

197. അകൃത്രിമദ്യുതിരനവദ്യേയം
അടുത്തുചെന്നിനിയനപശ്യേയം
ആകൃതികണ്ടാലതിരംഭേയം
ആരാലിവൾതന്നധരം പേയം. —നളചരിതം ആട്ടക്കഥ

ഈ പ്രാസം മഹാരാഷ്ട്രന്മാക്കു വളരെ പ്രിയമാകയാൽ 'മഹാരാഷ്ട്രപ്രാസ' മെന്നു പേരിടാം.

## 4. അഷ്ടപ്രാസം

രണ്ടു യതിയുള്ള പാദങ്ങളിൽ ഈരണ്ടക്ഷരങ്ങളെ നിയമേന ആവത്തിക്കയാകുന്നു ഇതിൻെറ സ്വഭാവം. ഉദാഹരണങ്ങൾ:

198. ഈയാശങ്ക നിനക്കു യം പ്രതി ജനം ഭീയാലധീരീകൃതേ
പ്രേയാനാശപെരുത്തു നിന്നിൽ മരുവുന്നായാളിഹൈവാന്തികേ
ആയാസിപ്പവനബ്ധിനന്ദിനി വശത്തായാലുമില്ലേലുമാം
ശ്രീയാലീപ്സിതനായവൻ കഥമഹോ! ഭൂയാദ് ദുരാപസ്തയാ. —ഭാഷാ. ശാ.

199. ആഴിക്കുട്ടമതിൻെറ മദ്ധ്യഗതമാമൂഴിസ്ഥലാൽ പ്രാപ്പരായ്
ച്ചുഴം ലോകരെയാകവേ ജലനിധൗ വീഴിച്ചു മോദാത്മകേ
താഴമ്പൂനിറമാന്ന പൂന്തുകിലതും താഴത്തു ചെമ്മേ ധരി-
ച്ചേഴാമുത്സവവാസരേ ശിബികമേൽ വാഴുന്ന ലക്ഷ്മീവരൻ.
—ഉത്സവപ്രബന്ധം

## 5. ദ്വാദശപ്രാസം

ഒരു പാദത്തിൻെറ മൂന്നു യതികളിലായി നിയമേന മുമ്മൂന്നക്ഷരങ്ങൾക്കുള്ള ആവൃത്തിയാകുന്നു ഇതിൻെറ സ്വഭാവം.

200. മുട്ടാതെയെന്നുമൊരു പട്ടാടതന്നെ തവ കിട്ടാത്തതോ പശുപതേ!
കേട്ടാലുമെന്തു ബത! കാട്ടാനതൻെറ തുകിൽ കെട്ടാനരയ്ക്കു കുതുകം
പിട്ടായൊരിക്കലൊരു കാട്ടാളവേഷമതു കെട്ടാൻ തുനിഞ്ഞതുവശാൽ
മട്ടായതെന്നുമയി! കാട്ടാനിതെന്തു കൊതി പട്ടാങ്ങതാരുമറിയാ. —സ്വ.

---

പദ്യം 198. ഭീയാൽ അധീരീകൃതേ! നിനക്കു യം ജനംപ്രതി ഈ ആശങ്ക, നിന്നിൽ ആശ പെരുത്തു മരുവുന്ന പ്രേയാൻ ആയാൾ ഇഹൈവ അന്തികേ. ആയാസിപ്പവനു് അബ്ധിനന്ദിനി വശത്തായാലും ഇല്ലേലും ആം. ശ്രീയാൽ ഈപ്സിതനായവൻ അഹോ കഥം തയാ ഭൂയാത് ദുരാപഃ എന്നു് അന്വയം. ദുഷ്യന്തവാക്യം ശകുന്തളയോടു്. നിനക്കു ശങ്കയുള്ളതാരെക്കുറിച്ചോ അവനിതാ ഇവിടെയുണ്ടു്. ലക്ഷ്മീദേവിയെ കൊതിക്കുന്നവനു് ആ ദേവി അലഭ്യയായേക്കാം; എന്നാൽ ലക്ഷ്മീദേവിയാൽ കൊതിക്കപ്പെടുന്നവൻ അവൾക്കെങ്ങനെ അലഭ്യനാകും എന്നു് അത്ഥയോജന.

## 6. ഷോഡശപ്രാസം

നാലു യതികളുള്ള പാദങ്ങളിൽ നിയമേന നന്നാലക്ഷരങ്ങളുടെ ആവൃത്തി ഇതിനു് ആവശ്യമാകുന്നു. ഉദാഹരണം:

201. രൂക്ഷമായ നിടിലേക്ഷണാഗ്നിയിലരക്ഷണേന ഹി യുഗക്ഷയേ
കക്ഷതുല്യമുലകിക്ഷമാദികമുപക്ഷപിപ്പതിനു ദക്ഷനാം
യക്ഷരാജസഖി ദക്ഷജാകണവനക്ഷകേതു കൃതലക്ഷണൻ
പക്ഷമോടു പരിരക്ഷചെയ്യണമുപേക്ഷയെന്ന്യേ വിഷഭക്ഷകൻ.—സ്വ.

## 7. ലാടാനുപ്രാസം

**താൽപ്പര്യമാത്രഭേദത്തോ-**
**ടാവർത്തിച്ചാൽ പദങ്ങളെ**
**ലാടദേശേ നടപ്പേറും**
**ലാടാനുപ്രാസമായിടും:** 115

**നരനു ഭാഗ്യമുണ്ടെങ്കിൽ**
**കലശീലാദിയെന്തിനു്?**
**നരനു ഭാഗ്യമില്ലെങ്കിൽ**
**കലശീലാദിയെന്തിനു്?** 116

താല്പര്യത്തിൽ മാത്രം ഭേദം കല്പിച്ചു് ഒരേ പദങ്ങളെ ആവർത്തിക്കുന്നതു് 'ലാടാനുപ്രാസം.' *ലാടദേശത്തുള്ള വിദ്വാന്മാൎക്കു് ഇതിൽ അധികം പ്രിയവും, ഈ മാതിരി പ്രാസപ്രയോഗത്തിനു് ആ നാട്ടിൽ അധികം പ്രചാരവും ഉള്ളതിനാൽ ഇതിനിപ്പേർ സിദ്ധിച്ചു. ലക്ഷ്യത്തിൽ ഭാഗ്യമൊന്നുണ്ടെങ്കിൽ മറെറാരു യോഗ്യതയും ആവശ്യമില്ല; അതുകൊണ്ടു സകലതും വന്നുകൊള്ളും എന്നു പൂർവ്വാൎദ്ധത്തിന്റെ താല്പര്യം. ഭാഗ്യമൊന്നില്ലെങ്കിൽ മററു യോഗ്യതകളെല്ലാം നിഷ്ഫലമാണെന്നു് ഉത്തരാൎദ്ധത്തിന്റെ താല്പര്യം. വേറെ ഉദാഹരണം:

202. പഥ്യമില്ലെങ്കിൽ രോഗിക്കു
ഫലമെന്തൗഷധത്തിനാൽ?
പഥ്യമുണ്ടെങ്കിൽ രോഗിക്കു
ഫലമെന്തൗഷധത്തിനാൽ? —കെ. സി. കേ. പി.

203. ദാരിദ്ര്യം വരുമെന്നോൎത്തു
മൂഢൻ നല്കില്ല തെല്ലുമേ
ദാരിദ്ര്യം വരുമെന്നോൎത്തു
ബുധൻ നല്കുന്നു ശക്തിപോൽ. —കെ. സി. കേ. പി.

### യമകം

**അക്ഷരക്കൂട്ടമൊന്നായി-**
**ട്ടർത്ഥം ഭേദിച്ചിടുംപടി**
**ആവർത്തിച്ചു കഥിച്ചീടിൽ**
**യമകം പലമാതിരി.** 117

---

* ലാടദേശം ബറോഡയും മററുമാണെന്നു ശബ്ദതാരാവലി.

പദ്യം 201. യുഗക്ഷയേ=പ്രളയത്തിൽ. കക്ഷം=പുല്ലു്. ഈ ക്ഷമാദികം ഉലകു് എന്നു് അന്വയം. ഉപക്ഷപിക്കുക ഉപസംഹരിക്കുക (നശിപ്പിക്കുക). യക്ഷരാജസഖി കുബേരസുഹൃത്തു്. ഉക്ഷകേതു=കാള കൊടിയടയാളമായവൻ. കൃതലക്ഷണൻ=(ആയുധങ്ങളാകുന്ന) അടയാളമുള്ളവൻ. വിഷഭക്ഷകൻ=ശിവൻ.

മാലതീമലർ ചേർന്നോരു
മാല തീജ്വാലയെന്നപോൽ
മാലതീയിവനേകുന്നു
മാലതീതുല്യയെങ്ങു നീ?* 118

രണ്ടോ അതിലധികമോ അക്ഷരങ്ങളെത്തന്നെ അനുക്രമം തെററാതെ ഒന്നായിട്ടു് ആവൎത്തിക്കുന്നതു് 'യമകം.' ഇതിനു് പദാവൃത്തി മുതലായി അനേകം ഭേദങ്ങൾ വരാം. ഉദാഹരണം പദാവൃത്തിക്കുള്ളതു്. അതിൽ 'മാലതീ' എന്ന അക്ഷരസംഘത്തിനു് നാലു പാദത്തിലും അൎത്ഥഭേദത്തോടെ ആവൃത്തി. വിരഹിവാക്യമായിട്ടു് അൎത്ഥയോജന.

പാദാവൃത്തിക്കു് ഉദാഹരണം:

204. പെണ്മണിവദനം കണ്ടാൽ
വെണ്മതി രണ്ടെന്നു മേവിടുന്ന മനം
ഉണ്മ നിനച്ചിതിലെല്ലാം
വെണ്മ തിരണ്ടെന്നു മേ വിടും നമനം. —സ്വ.

സ്ത്രീമുഖം കണ്ടാൽ രണ്ടാമത്തെ ചന്ദ്രനാണെന്നും മററും വിചാരിക്കുന്ന എന്റെ മനസ്സു് തത്വമാലോചിച്ചു് ഈവക മായകളിലുള്ള നമനം (പ്രവണതയെ) എന്നു് (ഏതുകാലത്തു്) വിടും? (ഉപേക്ഷിക്കും). ഇതിൽ രണ്ടും നാലും പാദങ്ങൾ തുല്യങ്ങൾ.

ഒന്നും മൂന്നും പാദങ്ങൾ തുല്യമായിരിക്കുന്നതിന്നു് ഉദാഹരണം:

205. താരകളകളം കമലം
മുരളുമൊരളിപാളിയാൽ സരസ്സുകളിൽ,
താരകളകളങ്കമലം†
ശരദി നഭസ്സിങ്കലും വിളങ്ങുന്നു. —സ്വ.

വണ്ടിന്റെ ശബ്ദത്താൽ ഉച്ചമായ കോലാഹലത്തോടുകൂടീട്ടു് താമരപ്പൂക്കൾ സരസ്സുകളിലും കളങ്കലേശംകൂടാതെ നക്ഷത്രങ്ങൾ ആകാശത്തിലും ശരൽക്കാലത്തിൽ വിളങ്ങുന്നു എന്നു ശരദ്വർണ്ണനം.

ഇനി യമകത്തിന്റെ ഏതാനും ചില വൈചിത്ര്യങ്ങൾക്കു് ഉദാഹരണങ്ങൾ:

206. ഇത ഇത വാള്ളു വരുന്നൂ
വെററില തിന്നാഞ്ഞെനിക്കു വാ തുവരുന്നൂ
കൊടി ഇത പയ്യായിനിമേൽ
പകരം തിന്നിട്ടെനിക്കു പയ്യായിനിമേൽ. —വിദ്വാൻ വാസുനമ്പൂതിരി

207. അരിവമ്പടയും പടയും
പരിചിനൊടിടിനാദമൊക്കെ വെടിയും വെടിയും
മുകിൽനടുകൊടിയും കൊടിയും
പരിപശ്യ സുരേന്ദ്രദൃഷ്ടി പൊടിയും പൊടിയും. —ഒററശ്ലോകം

* മാലതീമലർ ചേൎന്നോരു മാല തീജ്വാലയെന്നപോൽ മാൽ അതു് ഈ ഇവനു് ഏകുന്നു; മാലതീതുല്യ(ചന്ദ്രികപോലെ ശീതകാരിണി)എങ്ങു നീ എന്നു് അന്വയം

† താരകൾ അകളങ്കമലം എന്നു മൂന്നാംപാദം പദച്ഛേദം.

പദ്യം 206. വാള്ളു വരുന്നു=വാസു (ഗ്രാമ്യം) വരുന്നു. വാ തുവരുന്നു=വായു് ഉണങ്ങുന്നു. പയ്യായിനിമേൽ=പയ്യാനി എന്ന മരത്തിന്മേൽ. പയ്യാ ഇനിമേൽ=ഇനിമേൽ വിശക്കുകയില്ല. പരസ്പരബന്ധമില്ലാത്ത നാലു വാക്യങ്ങളാണിവ.

പദ്യം 207. 178–ാം പദ്യത്തിന്റെ അടിക്കുറിപ്പു നോക്കുക.

208. കല്പദ്രുകല്പദ്രുപദേന്ദ്രപുത്രീ
സാരസ്യസാരസ്യനിവാസഭൂമിഃ
നാളീകനാളീകശരാർത്തിതാ സാ
മന്ദാക്ഷമന്ദാക്ഷരമേവമൂചേ.

—നിവാതകവചകാലകേയവധം കഥകളി

209. ശമലമാന്നിട്ടമീ വിഷയങ്ങളിൽ
ഭ്രമമകന്നിനി നിൻകൃപകൊണ്ടു ഞാൻ
ഹിമഗിരീന്ദ്രസുതേ! ശുഭപൂണ്ണനാ-
യമരണം മരണംവരെയും സുഖം.

—ചങ്ങനാശ്ശേരി രവിവമ്മകോയിത്തമ്പുരാൻ

## പുനരുക്തവദാഭാസം

**പുനരുക്തവദാഭാസ-**
**മർത്ഥാവൃത്തിപ്രതീതിയാം:**
**മതി ചന്ദ്രന്നു സൗന്ദര്യ-**
**മദം നിൻ മുഖദർശനേ.** 119

പര്യായങ്ങളായി വരാവുന്ന രണ്ടോ മൂന്നോ പദങ്ങളെ അടുത്തു പ്രയോഗിക്കുന്നതുകൊണ്ടു് അർത്ഥത്തിനു് പ്രഥമദൃഷ്ടിയിൽ പൗനരുക്ത്യം തോന്നുന്നതു് 'പുനരുക്തവദാഭാസം'. ലക്ഷ്യത്തിൽ 'മതി', 'ചന്ദ്രൻ' രണ്ടും ചന്ദ്രപര്യായമാകയാൽ പുനരുക്തംപോലെ തോന്നുന്നു. വാസ്തവത്തിൽ അർത്ഥത്തിനു് ഭേദവും ഉണ്ടു്. വേറെ ഉദാഹരണം:

210. കൈലാസാദ്രി മലക്കുന്നോ-
രന്നിൻദാനയശസ്സിനു്
സച്ഛദാമരവൃക്ഷത്തിൻ-
വിജയം കളി കേളിഹ.

## ചിത്രം

**ലിപിവിന്യാസഭേദത്താൽ**
**പത്മാദ്യാകൃതി വന്നിടും**
**മാതിരിക്കു രചിക്കുന്ന**
**പദ്യം ചിത്രാഖ്യമായതു്.** 120

പത്മാദി പല പദാർത്ഥങ്ങളുടെ ഛായ വരത്തക്കവിധത്തിൽ അക്ഷരങ്ങളെ ചേർത്തു ചമയ്ക്കുന്ന പദ്യം ചിത്രമെന്നു പറയപ്പെടുന്നു. ചിത്രം ഇത്രവിധമെന്നു പരിച്ഛേദിപ്പാൻ പാടില്ല. കവികൾക്കു മനോധർമ്മംപോലെ എത്രയും നിർമ്മിക്കാം. ബന്ധവിന്യാസത്തിന്റെ ആവശ്യത്തിൻപേരിൽ ഒരേ അക്ഷരംതന്നെ ശ്ലോകത്തിൽ പലയിടത്തും ഉപയോഗപ്പെടുക, അനുലോമമായും പ്രതിലോമമായും

---

പദ്യം 208. കല്പദ്രുകല്പ(കല്പവൃക്ഷതുല്യനായ)ദ്രുപദേന്ദ്രന്റെ പുത്രി (ദ്രൗപദി); സാരസ്യസാര(രസികത്ത)ത്തിന്റെ നിവാസഭൂമി; നാളീകനാളീകൻ (കാമദേവൻ); അവന്റെ ശരത്താൽ അർത്തിത-പീഡിത. മന്ദാക്ഷമന്ദാക്ഷരം= ലജ്ജകൊണ്ടു താണ സ്വരത്തിൽ. ഊചേ-പറഞ്ഞു എന്നു് അർത്ഥയോജന.


പദ്യം 210. അദ്രി-മല-കുന്നു്; മരം വൃക്ഷം; കളി-കേളി എന്നിങ്ങനെ പുനരുക്തവദാഭാസം. കൈലാസവും മലച്ചുപോകുന്ന (വെളുപ്പുള്ള) നിന്റെ ദാനയശസ്സിനു് കല്പവൃക്ഷത്തിന്റെ വിജയം കളിയാണു് എന്നു് അർത്ഥയോജന.

വായിച്ചാൽ ഒന്നുപോലിരിക്ക മുതലായതാണ് ഇവയിൽ ചമല്ക്കാരബീജം. ചിലതിൽ ശ്ലോകത്തിനു വെളിയിലായി 'ഉദ്ധാര'ങ്ങൾ കാണും. ഉദ്ധാരം എന്നാൽ മുദ്രാലങ്കാരംപോലെ പുതിയ സംഗതികളെക്കൂടി ശ്ലോകത്തിൽ കല്പിക്കുകയാകുന്നു. ഇന്ന അക്ഷരങ്ങൾ ചേർത്താൽ ഉദ്ധാരമെന്നു് ഒരു നിയമവും വേണം. ഏതാനും ചിത്രഭേദങ്ങളെ താഴെക്കാണിക്കുന്നു. ഇവയ്ക്കോരോന്നിനും ലക്ഷണംചെയ്യുന്നതു് അധികം പ്രയോജനമുള്ളതല്ലാത്തതിനാലും സ്വയമേ ലക്ഷ്യത്തിൽനിന്നൂഹിക്കാവുന്നതാകയാലും ഉദാഹരണങ്ങളെ മാത്രമേ ഇവിടെ കാണിക്കുന്നുള്ളു.

## 1. പത്മബന്ധം


211. കരുതീട്ടു ചലല്ലോകകല്ലോലകലമാലിക
കലിമായങ്ങൾ കളക കളകഞ്ജീച്ച തീരുക. —സ്വ.

ചലല്ലോകകല്ലോലകലമാലിക കരുതീട്ടു് കലിമായങ്ങൾ കളക; കളകഞ്ജീച്ച തീരുക എന്നു് അന്വയം. ആവർത്തിക്കുന്ന സംസാരത്തിന്റെ സ്വഭാവം കരുതി കലിമായങ്ങളെ കളയണം; സ്ത്രീകളിലുള്ള ആഗ്രഹവും ശമിക്കണം എന്നർത്ഥം.




## 2. വേറെ ഒരുവിധം പത്മബന്ധം

212. രാഗരോഗപരാധീനചിത്തരായാൽ സുഖം വരാ
രാമനിൽ ഭക്തരായാലോ സംസാരാത്തിയദ്ദസ്തരാ. —സ്വ.



## 3. ചക്രബന്ധം


213. രമ്യം രാക്ഷസസന്തതിക്ക യമദണ്ഡാഭം വിരാജദ്രസേ
ഗർഭേ ജഹ്നുമഹർഷികന്യയതിനാൽ പൂർണ്ണം പ്രഭാവർഷണം
ചണ്ഡം രാവണമൗലിമേൽ നിയമിതം സംപൂതധർമ്മാശ്രമം
മഞ്ജുശ്രീരഘുപുംഗവന്റെ ചരണം സേവിക്കണം നിർമ്മമം. —സ്വ.



'രാജരാജവർമ്മാ' എന്ന കവിനാമംകൊണ്ടു് സ്തംഭങ്ങളുടെ മൂന്നാം കള്ളികളിൽ ഉദ്ധാരം.

## 4. നാഗബന്ധം

214. ശ്രീസീതാലക്ഷ്മണന്മാരരികിലിരുവരും ചേൎന്ന സമ്മോദവാപ്ലോ–
ട്ടച്ചത്തീയൂമമെങ്ങും വിലസിന വനഭ്രുവിൽ ചിരഞ്ചെന്നമൻ
താതൻവാക്യം നടത്തീട്ടമലമഹിമ തങ്ങും ഗുണക്ഷേംവി പാകി–
പ്ലോന്നങ്ങാമോദിതാ ത്മൻ വിരവിനൊട്ട ഘനശ്യാമരാമപ്രസീദ. —സ്വ.



## 5. രഥബന്ധം

215. രാമപാദങ്ങൾ തൊഴുതു പൂജചെയ്ത വിധിച്ചപോൽ
എന്നും രാപകൽ ചില്ലീനചിത്താംഭോജൻ രമിക്കനീ. —സ്വ.

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ദ | ങ്ങൾ | | | |
| | | പാ | യ്ത | വി | തൊ | | |
| | മ | ചെ | പ | കൽ | ധി | ഴ | |
| രാ | ജ | രാ | ജൻ | ര | ചി | ച്ച | തു |
| | പൂ | നും | ഭോ | മി | ല്ലീ | പോൽ | |
| | | എ | ത്താം | ക്ക | ന | | |
| | | | ചി | നീ | | | |

''രാജരാജൻ രചിച്ചതു'' എന്നു മദ്ധ്യത്തിൽ ഉദ്ധാരം.

## 6. ഗൂഢചതുർത്ഥപാദം

216. സേതുരോപണമാഴിക്കുമുള്ളിൽ കല്പിച്ച സത്വരം
ദാരക്ഷേമഞ്ചെയ്ത മഹാൻ തുണയ്ക്കുക സദാ മമ. —സ്വ.

| | | | | | | | |
|---|---|---|---|---|---|---|---|
| സേ | മാ | ഴി | ല്പി | ച്ച | ര | ക്ഷേ | ഹാൻ |
| തു | ണ | ക്കു | ക | സ | ദാ | മ | മ |
| രോ | പ | മു | ള്ളിൽ | ത്വ | രം | ഞ്ചെ | യ്ത |

ഇനി അധികദുഷ്കരങ്ങളായ ചില ബന്ധങ്ങളെ സംസ്കൃതത്തിൽത്തന്നെ ഉദാഹരിക്കുന്നു. ഇവ ഏതു ഭാഷയിൽ എഴുതിയാലും ലളിതമാകുന്നതു പ്രയാസം തന്നെ.

## 7. സർവതോഭദ്രം

217. രമാദാസ സദാ മാരമാവസാരരസാവ മാ
ദാസാവ സാസാവസാദാസരസാനനസാരസ.

—സ്വന്തം (ചിത്രനക്ഷത്രമാല)

| | | | | | | | |
|---|---|---|---|---|---|---|---|
| ര | മാ | ദാ | സ | സ | ദാ | മാ | ര |
| മാ | വ | സാ | ര | ര | സാ | വ | മാ |
| ദാ | സാ | വ | സാ | സാ | വ | സാ | ദാ |
| സ | ര | സാ | ന | ന | സാ | ര | സ |
| സ | ര | സാ | ന | ന | സാ | ര | സ |
| ദാ | സാ | വ | സാ | സാ | വ | സാ | ദാ |
| മാ | വ | സാ | ര | ര | സാ | വ | മാ |
| ര | മാ | ദാ | സ | സ | ദാ | മാ | ര |

രമാദാസ –സദാ–മാരമ –അവസാരരസ–അവ –മാ –ദാസാവ–സ–അസാവ സാദാസരസാനനസാരസ എന്നു് പദച്ഛേദം. ഹേ! രമാദാസ! (ലക്ഷ്മീഭക്ത) മാരമ (കാമനെപ്പോലെ ശോഭയുള്ളോവേ!) ദാസാവ (ആശ്രിതരക്ഷക!) അസാവസാദാസരസാനനസാരസ (അവസാദംകൊണ്ടു്) അസരസം അല്ലാത്ത ആനനസാരസ (മുഖകമല)ത്തോടുകൂടിയവനേ! സദാ മാ (എന്നെ) അവ (രക്ഷിച്ചാലും) എന്നു് ഒരു രാജാവിനോടുള്ള പ്രാർത്ഥന.

## 8. അനുലോമപ്രതിലോമസമം

218. ഭാസതേനവമാതീവ രസാഭാസ പിനാകിനാ
നാകിനാപി സഭാസാരവതീ മാവ ന തേ സഭാ.

—സ്വന്തം (ചിത്രനക്ഷത്രമാല)

ഇതു് നേരേ വായിച്ചാലും തലകീഴായി വായിച്ചാലും ഒന്നുപോലെ ഇരിക്കും. ഭാസതേ–അനവമാ–അതീവ–രസാഭാസ–പിനാകിനാ–നാകിനാ–അപി–സഭ–അസാരവതീ–മാവ–ന–തേ–സഭാ–എന്നു് പദച്ഛേദം.

ഹേ! രസാഭാസ (ഭൂമിയെക്കൊണ്ടു് ശോഭിക്കുന്നോവേ!) മാവ (ശ്രീകൊണ്ടു ശോഭിക്കുന്നോവേ!) പിനാകിനാ നാകിനാ അപി സഭ! (പിനാകപാണിയായ ദേവനോടും തുല്യയായ ശോഭയുള്ളോവേ!) തേ സഭാ (നിന്റെ സഭ) അസാരവതീന (സാരവതിയായിട്ടും) അനവമാ (നിർദ്ദോഷിയായിട്ടും) അതീവ ഭാസതേ (ഏററം ശോഭിക്കുന്നു) എന്നു് രാജസ്തുതി.

## ദോഷപ്രകരണം

ശബ്ദാർത്ഥങ്ങൾക്കു് ഉണ്ടാകുന്ന അലങ്കാരങ്ങളെ വിവരിച്ചതിന്റെശേഷം അവയ്ക്കു സംഭവിക്കുന്ന ദോഷഗുണങ്ങളെ നിരൂപണംചെയ്യുന്നു.

> രസക്കേടുളവാക്കുന്ന–
> തൊക്കെയും ദോഷമാമതു്
> പദ,മർത്ഥം, വാക്യമെന്ന
> മൂന്നിലും സംഭവിച്ചിടും. 121

വായിക്കുന്നവർക്കു മനസ്സിനു മടുപ്പുവരുത്തുന്നതെല്ലാം 'ദോഷ'മാകുന്നു. കാവ്യത്തിന്റെ ജീവനായതു് രസം. അതിന്റെ പ്രതീതിക്കു തടസ്സമോ താമസമോ ഉളവാക്കുന്ന ധർമ്മം ദോഷമാകുന്നു. പദം, അർത്ഥം, വാക്യം ഈ മൂന്നെണ്ണവും ദോഷത്തിനു് ആശ്രയമായി വരാം. അതിൽ പദത്തെ ആശ്രയിച്ചുനില്ക്കുന്നതു് 'പദദോഷം'; അർത്ഥത്തെ ആശ്രയിച്ചുനില്ക്കുന്നതു് 'അർത്ഥദോഷം'. വാക്യത്തെ ആശ്രയിച്ചുനില്ക്കുന്നതു് 'വാക്യദോഷം'. 'നിത്യദോഷം', 'അനിത്യദോഷം' എന്നു ദോഷങ്ങൾക്കു വേറെ ഒരുവക വിഭാഗവുമുണ്ടു്. എന്നും എല്ലായിടത്തും ഒരുപോലെ ദോഷമായി നില്ക്കുന്നതു് 'നിത്യദോഷം'. ചിലെടത്തും ചിലപ്പോഴും മാത്രം ദോഷമായി വരുന്നതു് 'അനിത്യദോഷം'. അതിൽ ആദ്യം പദദോഷങ്ങളെപ്പററി പറയുന്നു.

### 1. പദദോഷങ്ങൾ

> ദുശ്ശ്രവം, ച്യുതസംസ്കാരം
> അപ്രയുക്തം, നിരർത്ഥകം
> ഗ്രാമ്യം, നേയാർത്ഥ,മശ്ലീലം,
> അപ്രതീത,മവാചകം 122
> സന്ദിഗ്ധാനുചിതാർത്ഥങ്ങൾ
> പദദോഷങ്ങളാമിവ.

### 1. ദുശ്ശ്രവം

ഉച്ചരിക്കുന്നതിനുള്ള ക്ലേശംനിമിത്തം കർണ്ണകഠോരമായി തോന്നുന്നതു് 'ദുശ്ശ്രവം'. ഉദാഹരണം:

> 192. മടിച്ചു വേലചെയ്യാതെ
> മനം കാഞ്ഞുള്ള വാക്കുകൾ
> സ്വല്പവും സ്വാമിയെക്കൊണ്ടു
> കല്പിപ്പിപ്പതു കഷ്ടമാം. —സ്വ.

ഇതിൽ 'കല്പിപ്പിപ്പതു' എന്ന പദം വ്യാകരണപ്രകാരം സാധുവാണെങ്കിലും സഹൃദയന്മാർക്കു ശ്രുതികടുവായി തോന്നുന്നു. ശബ്ദപ്രയോഗം കവിക്കു് ഇച്ഛപോലെ ചെയ്യാവുന്നതായിരിക്കെ ദുർഘടവർണ്ണങ്ങളെക്കൊണ്ടു് ശ്രോതാക്കൾക്കു് ഉദ്വേഗം ജനിപ്പിക്കുകയാകുന്നു ഇവിടെ ദൂഷകതാബീജം.* രൗദ്രാദിരസത്തിലും, വൈയാകരണാദികൾ വക്താക്കളായിരിക്കുമ്പോഴും മററും ഇതിനു് ദോഷത്വം സിദ്ധിക്കാത്തതിനാൽ 'ദുശ്ശ്രവം' 'അനിത്യദോഷ'മാകുന്നു.

---

* ദോഷത്തിനു കാരണമായിട്ടുള്ളതു്.

## 2. ച്യുതസംസ്കാരം

വ്യാകരണപ്രകാരം തെററായുള്ള ശബ്ദം 'ച്യുതസംസ്കാരം'. ഉദാഹരണം:

220. ആകാരംകൊണ്ടഹോ! നമ്മുടെ മുഖമൊട്ട പോരിട്ട പോരായ്മയോട്ടം
രാകാരമ്യേന്ദു പോയോരളവു കുമുദിനീപ്രേയസിക്കായതിന്നാൽ
ശോകാരംഭം തുടങ്ങിപ്പെരുകി മിഴിയടച്ചിങ്ങു രോദിപ്പതിപ്പോൾ
കാകാരാവച്ഛലത്താൽ ചെവിയിലിത തറയ്ക്കുന്ന വല്ലാതെ വന്നു്.
—അതിമോഹം നാടകം

ഇവിടെ 'ആയതിന്നാൽ' എന്നതു ദുഷ്ടം. വ്യാകരണപ്രകാരം ഉദ്ദേശികാ വിഭക്തിയിൽ മാത്രമേ ദ്വിത്വത്തിനു വികല്പമുള്ളു. പ്രയോജികയിൽ 'ആയതിനാൽ' എന്നേ സുശബ്ദമാവുകയുള്ളു. വേറെ ഉദാഹരണം:

221. അഹോവൃത്തിക്കു ഗതിയി-
ങ്ങഹോ! കാണായ്കമൂലമായ്
മാനവന്മാരുരയ്ക്കുന്നു
മനോസാക്ഷിവിരുദ്ധമായ്. —സ്വ.

ഇതിൽ 'അഹോവൃത്തി'യും 'മനോസാക്ഷി'യും സംസ്കൃതവ്യാകരണപ്രകാരം മുറയ്ക്കു് 'അഹർവൃത്തി' എന്നും 'മനസ്സാക്ഷി' എന്നും വേണ്ടതാകുന്നു. വേറെയും ഉദാഹരണം:

222. കാമപാലപശുപാലസമേതൻ
താമസേനരഹിതം പുരി പുക്കാൻ;
കാമിനീജനകടാക്ഷമതാകും
ദാമഭൂഷിതമനോഹരരൂപൻ. —ശ്രീകൃഷ്ണചരിതം മണിപ്രവാളം

ഇതിൽ 'താമസേന' എന്ന പദം ച്യുതസംസ്കാരം. വിളംബം എന്ന അർത്ഥമായ താമസശബ്ദം സംസ്കൃതമല്ലാത്തതിനാൽ 'താമസേന' എന്നു സംസ്കൃതതൃതീയ ചേർത്തതു സാധുവല്ല. *ഇതു് ഒരിക്കലും സാധുവല്ലായ്കയാൽ നിത്യദോഷമാകുന്നു. വേറെയും ഉദാഹരണം:

223. വട്ടംകൂട്ടി മഹാനസേ ഭോജനത്തിനു താമസേ ഹേതുരേഷ ജരാൻ.
—അംബരീഷചരിതം കഥകളി

എന്നാൽ,

224. മണ്ടന്തി പാന്ഥനിവഹാഃ പടിബന്ധപേട്യാ

ഇത്യാദി വിദൂഷകവാക്യങ്ങളിൽ ചിലതിനു് അദോഷത്വം കല്പിക്കാം.

## 3. അപ്രയുക്തം

നിഘണ്ടുപ്രകാരവും മററും സാധുവായിരുന്നാലും കാലഭേദംകൊണ്ടും മററും പ്രചാരക്കുറവു വന്നിട്ടുള്ളതു് 'അപ്രയുക്തം'. ഉദാഹരണം:

225. വിള്ള തിന്നു മുതുവെള്ളെരുതേറിയ
വെള്ളിമലയനെന്നുണ്ടൊരു കള്ളൻ. —കിരാതം കഥകളി

---

* ഇതു് ച്യുതസംസ്കാരം.

പദ്യം 220. അതിമോഹംനാടകത്തിലെ നായിക സ്വന്തം മുഖസൗന്ദര്യപ്രശംസയോടു കൂട്ടിയിണക്കി പ്രഭാതം വർണ്ണിച്ചുകേൾപ്പിക്കയാണു്, നായകനെ. എൻെറ മുഖത്തോടു് ആകൃതികൊണ്ടു പൊരുതി ജയിക്കാനാവാഞ്ഞു ചന്ദ്രൻ മറഞ്ഞപ്പോൾ അയാളുടെ ഭാര്യയായ ആമ്പൽ കരയുന്ന ശബ്ദമാണത്രേ കാക്കയുടെ കരച്ചിൽ.

ഇവിടെ 'വിള്ള്' എന്നതു് അപ്രയുക്തം; വിഷപര്യായമായിരിക്കാമെന്ന തോന്നുന്നു. വേറെ ഉദാഹരണം:

226. ''രുഷ്ടോഽസൗ ബത കാട്ടനം വിജയനം...'' —കിരാതം കഥകളി

ഇതിൽ 'കാട്ടൻ' അപ്രയുക്തം. കവിസമയത്തെ* ലംഘിച്ചതിനുള്ള പ്രയോജനത്തെ അന്വേഷിക്കുന്നതിലുള്ള സംരംഭത്തിൽ അൎത്ഥപ്രതീതിക്കു് ഉണ്ടാകുന്ന വിളംബമാകുന്നു ഇവിടെ ദൂഷകതാബീജം.

## 4. നിരൎത്ഥകം

വൃത്തപൂരണത്തിനുംമററുംവേണ്ടി അൎത്ഥവിവക്ഷകൂടാതെ പ്രയോഗിക്കുന്നതു് 'നിരൎത്ഥകം'. ഉദാഹരണം:

227. പാടേ നാളം പിരിഞ്ഞുള്ളൊരു സരസിജമൊക്കുന്ന മുഗ്ദ്ധാനനത്തെ
കൂടക്കൂടെത്തിരിച്ചഗ്ഗതിയതിലുമഹോ! ദക്ഷയാം പക്ഷ്മളാക്ഷി
ബാഢം പീയൂഷവും വൻവിഷവുമധികമായ് തേച്ചെട്ടത്തക്കടാക്ഷം
ഗാഢം മന്മാനസത്തിൽ കഠിനമിഹ കഴിച്ചിട്ടതിന്മട്ടിലാക്കി.
—മാലതീമാധവം

† ഇതിൽ 'പാടേ', 'അഹോ', 'ബാഢം', 'വൻ', 'ഇഹ' ഈ ശബ്ദങ്ങൾ ഒരൎത്ഥവിശേഷത്തെയും കുറിക്കായ്കയാൽ നിരൎത്ഥകങ്ങൾ. ''യാന്ത്യാ മുഹു...'' എന്ന ശ്ലോകത്തിന്റെ തൎജ്ജമയെന്നു നോക്കുമ്പോൾ 'ദക്ഷ', 'അധികമായ്' ഇത്യാദിയുംകൂടി നിരൎത്ഥകങ്ങളെന്നു ഗണിക്കപ്പെടും. ബന്ധശൈഥില്യവും, നിരൎത്ഥകപദപ്രയോക്താവിന്റെ കൃതിയിൽ തോന്നുന്ന വൈമുഖ്യവും മററും ഇതിൽ ദൂഷകതാബീജം.

## 5. ഗ്രാമ്യം

സഭയിൽ പ്രയോഗിക്കത്തക്ക പ്രൗഢത പോരാത്തതു് 'ഗ്രാമ്യം'. സാധാരണ ഇതിനു് 'കന്നത്തം' എന്നും പേർ പറയാറുണ്ടു്. ഉദാഹരണം:

228. കഷ്ടംവെച്ചങ്ങു നിന്നു പിതൃപതിതനയൻ, വായുജൻ കൈ കുടഞ്ഞു,
ധൃഷ്ടൻ പാൎത്ഥൻ സകോപം ധൃതിയൊടുടനുടൻ കയ്യു തമ്മിൽ തിരുമ്മീ;
ഒട്ടും നന്നല്ലിതെന്നാ യമജർ ബഹുവിധം ഭാവഭേദം നടിച്ചു,
പെട്ടെന്നിങ്ങോട്ടു ഞാനും തവ കഴലിണ കണ്ടീടുവാൻ വെച്ചടിച്ചു.
—ലക്ഷണാസംഗം നാടകം

നാലാം പാദത്തിലെ 'വെച്ചടിച്ചു' എന്നതു ഗ്രാമ്യം. വേറെ ഉദാഹരണം:

229. വാക്കൊന്നെന്നുടെ വായിൽനിന്നൊരുവിധം വീണാലിതിന്നേതുമേ
നീക്കം പിന്നെ വരുന്നതല്ലൊരു മുഖംനോക്കും നമുക്കില്ലതിൽ
വക്രത്വത്തൊടു രാജകല്പന വൃഥാ ലംഘിച്ചിടുന്നോർകളെ-
ച്ചക്രശ്വാസമൊടിട്ടിഴച്ചു കഷണിപ്പിക്കും കണക്കെന്നിയേ.
—ഭഗവദ്ദൂതു നാടകം

ഇതിൽ നാലാംപാദത്തിലെ മിക്ക പദങ്ങളും ഗ്രാമ്യങ്ങളാകുന്നു. ഏതാനും

---

* കവിസങ്കേതം.

† 3-ാംപദ്യം നോക്കുക.

228. സാംബനെ (ശ്രീകൃഷ്ണപുത്രൻ) കൗരവർ ബന്ധിച്ച വിവരവുമായി ദ്വാരകയിലെത്തിയ നാരദൻ ശ്രീകൃഷ്ണനോടു്: പിതൃപതിതനയൻ = യുധിഷ്ഠിരൻ, യമജർ = നകുലസഹദേവന്മാർ.

കഗ്രാമങ്ങളിൽ മാത്രം നടപ്പുള്ള ദേശ്യപദങ്ങളെ പ്രയോഗിക്കുന്നതും ഗ്രാമ്യദുഷ്ടമെന്നു വിചാരിക്കപ്പെട്ടും. കവി നാഗരികനല്ലെന്നു തെളിയുന്നതിനാൽ ശ്രോതാവിനു് ഉണ്ടാകുന്ന വൈമുഖ്യമാകുന്നു ഇതിൽ ദൂഷകതാബീജം.

## 6 നേയാർത്ഥം

അർത്ഥം ശ്രവണമാത്രത്താൽ സ്പഷ്ടമാകാതെ ലക്ഷണകൊണ്ടും മററും ഊഹിച്ചെടുക്കേണ്ടതായിവരുന്നതു് 'നേയാർത്ഥം'. ഉദാഹരണം:

230. തരുണാരുണചാരുപങ്കജത്തിൻ–
കരണക്കുററി തകർത്തിടാനൊരുങ്ങും
ചരണം ഭവദീയമൊന്നുതന്നേ
ശരണം മേ ധരണീധരേന്ദ്രകന്യേ! —സ്വ.

ഇവിടെ 'കരണക്കുററി തകർത്തിടാനൊരുങ്ങുക' എന്നതിനു് ലക്ഷണകൊണ്ടു് 'ജയിക്ക' എന്നർത്ഥം വിവക്ഷിതം. എന്നാൽ ഈ ലക്ഷണയിൽ പ്രസിദ്ധിയോ പ്രയോജനമോ ഇല്ല.* വേറെ ഉദാഹരണം:

231. മുക്തശങ്കമയി! നിന്റെ മൃത്യുസമയത്തനർത്ഥവചനങ്ങളാൽ
വ്യക്തമാക്കിയിതനല്പം പ്രിയതയേവനാസ്സഖി തവാന്തികേ
നില്ക്കവേ സുതനു! ഭീതിയെന്തിനതിനീചനാകുമവനിപ്പൊളീ–
യുഗ്രപാപഫലമോർത്തിന്നു വിപരീതമായനുഭവിച്ചിടും!–
—മാലതീമാധവം

രൂഢിയും സ്പഷ്ടമായ പ്രയോജനവുംകൂടാതെ ചെയ്യുന്ന ലക്ഷണയൊക്കെയും നേയാർത്ഥത്തിനു് ഉദാഹരണമാകുന്നു. ഇതിൽ പ്രതീതിവിളംബം ദൂഷകതാബീജം.

## 7. അശ്ലീലം

ലജ്ജ, ജുഗുപ്സ, അമംഗലം ഇവയ്ക്കു് ഇടകൊടുക്കുന്നതു് അശ്ലീലം. ലജ്ജയ്ക്കു് ഉദാഹരണം:

232. വീതാതങ്കം വിധുസ്ത്രീവടിവു വിധുധരൻ കണ്ടു കാമിച്ചണഞ്ഞി–
ട്ടേതാണ്ടൊക്കെ പ്രവർത്തിച്ചളവവതരണംചെയ്ത ചൈതന്യമൂർത്തി
ഭൂതാധീശൻ പുമാൻ പെറെറാരു പുതുമപെടും പുണ്യനുണ്ണിക്കിടാവും–
ജ്ജാതാനന്ദത്തൊടെന്നെസ്സതതമഴകിൽ വീക്ഷിച്ചു രക്ഷിച്ചിടട്ടേ.
—വെണ്മണി മഹൻ

* ശബ്ദാർത്ഥപ്രകരണത്തിൽ ലക്ഷണാവിഭാഗം 160–ാംകാരിക നോക്കുക.

പദ്യം 231. അഘോരഘണ്ടനെന്ന കാപാലികൻ മാലതിയെ ചാമുണ്ഡിക്കു ബലികൊടുക്കാൻ തുടങ്ങുമ്പോൾ മാധവൻ അവിടെ എത്തിച്ചേരുകയും, ''ഹീ കള്ളാ, കാപാലികാ'', എന്നു തുടങ്ങിയ അധിക്ഷേപവചനങ്ങൾ പറയുകയും ചെയ്തശേഷം മാലതിയോടു പറയുന്നു: നിന്റെ മൃത്യുസമയത്തു് അനർത്ഥവചനങ്ങളാൽ (ഹീ കള്ളാ ഇത്യാദി) അനല്പം പ്രിയത മുക്തശങ്കം ഏവൻ വ്യക്തമാക്കിയോ ആ സഖി (കൂട്ടുകാരൻ) തവ അന്തികേ (നിന്റെ സമീപത്തു) നില്ക്കുമ്പോൾ, നിനക്കു ഭീതിയെന്തിനു്? അതിനീചനാകും ഇവൻ (അഘോരഘണ്ടൻ) ഈ ഉഗ്രപാപഫലം (നിന്നെ കൊല്ലാൻ ശ്രമിച്ചതിന്റെ ഫലം) ഓർത്തിന്നു വിപരീതമായി അനുഭവിക്കും. (ഓർത്തു് ഒരുവളെ കൊല്ലണമെന്നു്. അതിനു വിപരീതം —ഓർത്തവൻതന്നെ ചാകുക. ഇവിടെയാണു് നേയാർത്ഥമെന്ന ദോഷം.)

പദ്യം 232. പുരന്ദരാരുണം നാടകത്തിന്റെ നാന്ദി. മൂന്നാംപാദത്തിൽ 'ദിവ്യനുണ്ണിക്കിടാവു'' എന്നു പാഠാന്തരം കാണുന്നു. വീതാതങ്കം=ലജ്ജകൂടാതെ. വിധു

ഇതിൽ 'ഏതാണ്ടൊക്കെ' എന്നതു് ലജ്ജാവഹം. ജുഗുപ്സയ്ക്കു് ഉദാഹരണം:

233. ഒഴിച്ചു വിൺമൂത്രമറിഞ്ഞിടാതെ-
യൊഴിച്ചു മണ്ടിച്ചിലരത്രയല്ല
തഴച്ച ഭീത്യാ ചിലർ കണ്ണടച്ചു
മിഴിച്ചുനിന്നു ചിലരുസംഭ്രമത്താൽ. —ഭഗവദ്ദൂതു്

അമംഗലത്തിനു് ഉദാഹരണം:

234. സുരവസതിയിലാശയെങ്കിൽ വേണ്ടാ-
തപമിതു, നിൻപിതൃഭൂമി ദിവ്യയല്ലേ?
അഥ കണവനിലെങ്കിൽ വേണ്ടി,താരും
മണിയെ വരിക്കു,മതാരെയും വരിക്കാ. —കു. സം.

ഇതിൽ 'പിതൃഭൂമി'ശബ്ദം ശ്മശാനമെന്നർത്ഥമുള്ളതാകയാൽ അമംഗലത്തെ വ്യഞ്ജിപ്പിക്കുന്നു. 'പിതൃനാടു്' എന്നു് വായിക്കുന്നതായാൽ ഈ ദോഷത്തിനു് അവകാശമില്ല.

ഈ വകകൾ ലജ്ജാദികളെ ഉൽബോധിപ്പിക്കുന്നതിനാൽ രസാസ്വാദനത്തിനുള്ള വൈമുഖ്യജനനംതന്നെ ഇവയിൽ ദൂഷകതാബീജം. 'ശിവലിംഗ-സുഭഗാ' ദിശബ്ദങ്ങൾ അതിപ്രസിദ്ധങ്ങളായിപ്പോയതിനാൽ ഈ ദോഷം അവയെ ബാധിക്കുന്നില്ല. അവയിൽ അവയവാർത്ഥത്തെക്കാൾ സമുദായാർത്ഥത്തിനാണു പ്രാബല്യം.

## 8. അപ്രതീതം

ശാസ്ത്രമാത്രത്തിലല്ലാതെ ലോകത്തിൽ പ്രസിദ്ധി കുറഞ്ഞതു് 'അപ്രതീതം' ഉദാഹരണം:

235. നല്ലേഴാമെടമുണ്ടെങ്കി-
ലില്ലംതാനിന്ദ്രലോകമാം
അല്ലെങ്കിലോ നരകമാം
ചൊല്ലേറുന്നിന്ദ്രലോകവും. —സ്വ.

ഇവിടെ, 'ഏഴാമെടം' എന്നതിനു 'ഭാര്യ' എന്ന അർത്ഥത്തിനു് ജ്യോതിശ്ശാസ്ത്രത്തിൽ മാത്രമേ പ്രസിദ്ധിയുള്ളു. അർത്ഥബോധത്തിലുള്ള പ്രതീതിവിളംബം തന്നെയാകുന്നു ഇവിടെയും ദൂഷകതാബീജം.

## 9. അവാചകം

വിവക്ഷിതമായ അർത്ഥത്തെ കുറിക്കാൻ ശക്തിയില്ലാത്തതു് 'അവാചകം'. ഇതു പല മാതിരിയിൽ വരാം. ഉദാഹരണം:

236. യാദവക്കു കുരുപാണ്ഡവാദിയിൽ
ഭേദമെന്തു നിരുപിച്ചുനോക്കിയാൽ;
മോദമോടിവിടെയാരു മുമ്പിൽ വ-
ന്നാദരിക്കുമവരോടു ചേരണം.

ഇവിടെ 'ആദരിക്ക' എന്നതിനു് 'ക്ഷണിക്ക' എന്നർത്ഥം ആവശ്യപ്പെട്ടിരിക്കുന്നു. ആ അർത്ഥം ശബ്ദത്തിനു് ഇല്ലാത്തതിനാൽ അവാചകം. വേറെ ഉദാഹരണം:

---

സ്ത്രീവടിവു്=വിഷ്ണുവിന്റെ സ്ത്രീരൂപം. (വിധു=വിഷ്ണു) ഭൂതാധീശനും പുമാൻ... പുണ്യനും ആയ ഉണ്ണിക്കിടാവു് എന്നു മൂന്നാം പാദത്തിൽ അന്വയം.

പദ്യം 233. വിട്+മൂത്രം=വിണ്മൂത്രം. വിട്=മലം.

പദ്യം 234. ശിവൻ പാർവ്വതിയോടു് അവളുടെ തപസ്സിന്റെ വ്യർത്ഥതയെപ്പറ്റി പറയുന്നു. സുരവസതി=സ്വർഗ്ഗം. മണി=രത്നം.

237. മന്നവരണിമണിമൗലേ!
വന്ന വിശേഷം കഥിക്ക വഴിപോലെ
നന്ദി നമുക്കതിനാലേ
വന്നീടും പാക്കിലിന്നു മെന്മേലേ. —ഭഗവദ്ദൂതു്

ഇവിടെ 'നന്ദി'[1] ശബ്ദം അവാചകം. വേറെയും ഉദാഹരണം:

238. ഇഹ സംസാരനീരാഴി
ദേഹികൾക്കതിദുസ്തരം
കണ്ണൻകരുണയാം കപ്പൽ
കിടച്ചെങ്കിൽ കടന്നിടാം. —സ്വ.

ഇവിടെ 'നീരാഴി' ശബ്ദത്തിനു് സമുദ്രം എന്നർത്ഥം അവയവാർത്ഥത്താൽ ജനിക്കുമെങ്കിലും കുളമെന്ന അർത്ഥത്തിൽ പ്രബലതരയായ രൂഢിയാൽ അതു നിയമിക്കപ്പെട്ടുപോയതിനാൽ അശക്തി.

വിവക്ഷിതമായ അർത്ഥത്തിന്റെ അപ്രതീതിതന്നെ ദൂഷകതാബീജം; അതിനാൽ ഇതു നിത്യദോഷവുമാകുന്നു.

## 10. സന്ദിഗ്ധം

അതോ ഇതോ വിവക്ഷിതമെന്നു സംശയത്തിനു് ആസ്പദമായതു് 'സന്ദിഗ്ധം'. ഉദാഹരണം:

239. സഖികളഴലിയന്നു കാത്തുനോക്കും
വ്രതകൃശയാമിവളെപ്പരിഗ്രഹിപ്പാൻ
അസുലഭനവനെന്നുതാൻ വരുന്നോ. —കു. സം.

ഇവിടെ 'എന്നു' എന്നതു് 'ഏതുകാലത്തു്' എന്നർത്ഥമായ തദ്ധിതരൂപമോ, 'ഇപ്രകാരം' എന്നർത്ഥമായ ഘടകനിപാതമോ എന്നു് സന്ദേഹം. ആദ്യത്തേതായാൽ 'ഏതു കാലത്താണാവോ അവൻ വരാൻപോകുന്നതു്?' എന്നു് ഉൽക്കണ്ഠയിൽ അർത്ഥപര്യവസാനം; രണ്ടാമത്തേതായാൽ, 'അവൻ അസുലഭൻ എന്നുതന്നെ വന്നേക്കുമോ' എന്നു നിരാശയിൽ പരിണാമം. അതിനാൽ വിവക്ഷിതാർത്ഥം സ്ഫുടമാകുന്നതിനു് 'അസുലഭനവനേതുനാൾ വരുന്നോ' എന്നു പഠിക്കണം. സംശയത്താൽ അർത്ഥബോധത്തിനുള്ള പ്രതിബന്ധംതന്നെ ദൂഷകതാബീജം. സന്ദേഹംതന്നെ വിവക്ഷിതമായിട്ടുള്ള പഞ്ചനളീയാദി[2] സ്ഥലങ്ങളിൽ ഇതു ദോഷമല്ല, പ്രത്യുത ഗുണമായി ചമയുന്നതിനാൽ അനിത്യം. പ്രകൃതോദാഹരണത്തിൽത്തന്നെ 'കരിവിയലും കൃഷിയെ വലാരിപോലെ' എന്നുള്ള ഉപമാവാക്യമായ നാലാംപാദംകൂടി ചേർക്കുമ്പോൾ അന്വയസിദ്ധിക്കായി വിവക്ഷിതാർത്ഥത്തെ (ഏതുനാൾ) സ്വീകരിക്കേണ്ടിവരും.

## 11. അനുചിതാർത്ഥം

വിവക്ഷിതത്തിനു വിരുദ്ധമായതു് 'അനുചിതാർത്ഥം'. ഉദാഹരണം:

240. നാലാണീ ഞങ്ങളുമൃതവിക്കുകളപി ച ചടങ്ങോതുവാൻ വാസുദേവൻ
മേലാളാണീക്ഷിതീശൻ, ദ്രുപദസുത ഗൃഹീതവ്രതാ പതിയല്ലോ

1. 'നന്ദി'ക്കു് സന്തോഷം എന്ന അർത്ഥം ആവശ്യപ്പെട്ടിരിക്കുന്നു.

2. സ്വയംവരമണ്ഡപത്തിൽ അഞ്ചു നളന്മാർ ഇരിക്കുന്നതായും അവരിൽ ഓരോരുത്തർക്കും യഥാർത്ഥനളന്റെയും പിന്നെ അതതു ദേവന്മാരുടെയും ഗുണവിശേഷങ്ങൾ ഏകകാലത്തുണ്ടായിരുന്നതായും ദമയന്തി കണ്ടു എന്നു നൈഷധത്തിൽ വർണ്ണിച്ചിട്ടുണ്ടു്. ഇവിടെ ഓരോ നളനെയും വർണ്ണിക്കുമ്പോൾ ദമയന്തിക്കു സന്ദേഹം വിവക്ഷിതമാണല്ലോ.

മാലേറും കൗരവന്മാരിവർ പശുകുലമാം യുദ്ധമാമദ്ധ്വരത്തിൽ
ഭൂലോകേശാൻ ക്ഷണിക്കുന്നതിനിഹ പറകൊട്ടുന്ന പെട്ടെന്നിദാനീം.
—വേണീസംഹാരം

ഇവിടെ യുദ്ധത്തെ അദ്ധ്വരമാക്കാനുള്ള സംരംഭത്തിൽ വീരന്മാരായ കൗരവരെ പശുക്കളാക്കിയതു് അനുചിതം. പശുശബ്ദം ഭീരുത്വത്തെ ദ്യോതിപ്പിക്കുന്നു; എതിർക്കുന്നവരെ അല്ലാതെ ഭീരുക്കളെ വധിക്കുന്നതു വീരധർമ്മമല്ല. 'മാലേറും' എന്ന കൗരവവിശേഷണം ഈ അനൗചിത്യത്തെ പ്രബലപ്പെടുത്തുകയും ചെയ്യുന്നു. വിരുദ്ധാത്മപ്രതീതി വൈരസ്യജനകമാകയാൽ ദോഷത്വം സ്പഷ്ടം.

**ഇതിൽ ചിലതു വാക്യത്തിൽ**
**പദാംശത്തിങ്കലും വരാം.** 123

**മേൽ** ചൊന്ന പദദോഷങ്ങളിൽ അപ്രയുക്തമൊഴികെ എല്ലാം വാക്യദോഷമായിട്ടും കാണും. ഇവിടെ പല പദം ചേർന്നതു് വാക്യം എന്നേ വിവക്ഷിച്ചിട്ടുള്ളു. ഒററപ്പദത്തിൽമാത്രം സംഭവിക്കാവുന്നതിനെയാണു് പദദോഷമെന്നു ഗണിച്ചതു്. എന്നാൽ ഉദാഹരണങ്ങളിൽ ചിലതു് സമാസപദമായിട്ടും വന്നുപോയിട്ടുണ്ടു്. അവയ്ക്കു് ഒററപ്പദമായുള്ള ഉദാഹരണങ്ങൾ സ്വയം ഊഹിക്കാവുന്നവയാകുന്നു. ഏതാനും ചിലതു് പദാംശത്തിലും സംഭവിക്കും.

വാക്യദോഷമായി വരുന്നതിനു് ഏതാനും ഉദാഹരണങ്ങൾ:

ദുശ്ശ്രവം (ശ്രുതികടു)

241. തെറ്റെന്നാ മെയ്യ് ലയിച്ചോ മമ ഹൃദി, നിഴലിച്ചോ,
വരച്ചോ, പണിഞ്ഞോ,
പററിച്ചോ ചേർത്തു, വജ്രപ്പശയിലിഹ പതിച്ചോ
കഴിച്ചുള്ളിൽവെച്ചോ? —മാലതീമാധവം

242. ചുററും നല്ല കരിമ്പു നെൽക്കൃഷി, കൊട്ടരാർ തെക്കത്തുക്കും, വട-
ക്കററം കാണിതുതന്നെ, മേലതിരുമാം ചേണാന്ന ഗൗണാനദി;
ആററിൻകൈക്കിതരാപഗാപ്രസൃതകൈത്തോട്ടും, കിഴക്കന്തമായ്
ചുററു,ന്നിസ്ഥലവേശ്മതാഴിയഘടസ്ഥാനേച്ചുക്കുടീ കടീ.
—മനോരമാവിജയം

ച്യുതസംസ്കാരം

243. നലമുള്ളൊരു നവഗുണപരിമളനെ
നളനെന്നൊരു നൃപനെ അവൾ വരിച്ചു. —നളചരിതം കഥകളി

ഇവിടെ 'പരിമളനെ' എന്നതു് 'നൃപനെ' എന്നതിന്റെ വിശേഷണമായിട്ടു് കവി വിവക്ഷിച്ചിരിക്കുന്നു. വിശേഷണങ്ങൾക്കു് വിഭക്തിചെയ്യുന്നതു് ഭാഷാവ്യാകരണവിരുദ്ധമാകയാൽ 'ച്യുതസംസ്കാരം'.

---

പദ്യം 240. ഭീമവാക്യം: യുധിഷ്ഠിരനെ ഒഴിച്ചാണു നാലു്. ഋത്വിക്= യാഗക്രിയ ചെയ്യുന്നവൻ. മേലാൾ=യജമാനൻ. ഈ ക്ഷിതീശൻ=യുധിഷ്ഠിരൻ. യാഗത്തിനു പ്രതനിഷ്ഠയുള്ള പത്നി വേണമെന്നുണ്ടു്; അതു് ദ്രൗപതി. അദ്ധ്വരം= യാഗം. ഭൂലോകേശാൻ=(മററു) രാജാക്കന്മാരെ.

പദ്യം 242. മനോരമാപ്രസ്സ് (കോട്ടയം) സ്ഥിതിചെയ്യുന്ന സ്ഥലം വർണ്ണ്യം. ചുററും കരിമ്പു–നെൽക്കൃഷി. തെക്കും വടക്കും കൊട്ടരാർ. പടിഞ്ഞാറു ഗൗണാനദി. ആററിൻ...ത്തോട്ടും=ആററിനു കൈവഴിയായിട്ടുള്ള (ഇതരാപഗ) മററു പുഴകളും കൈത്തോടുകളും, കിഴക്കന്തമായ് ചുററുന്നു=കിഴക്കേ ദിക്കോളം ചുററുന്നു. ഇസ്ഥലം...സ്ഥാനേ=ഈ സ്ഥലത്തുള്ള കെട്ടിടങ്ങളുടെ താഴികക്കുടം പോലെ. അച്ചുക്കുടീ=പ്രസ്സ്. കടീ=കെട്ടിടം. (സ്ഥിതിചെയ്യുന്നു.) 'തെക്കത്തുക്കും' ദുശ്ശ്രവം.

നിരൎത്ഥകം

244. അത്യന്തം മെയ് സ്വതേ താനതിലളിതമഹോ! സൗകുമാൎയ്യൈകസാരം
സത്യംതാൻ പാൎത്തുകണ്ടാൽ പുനരപി നിതരാം മാരനും ക്രൂരനത്രേ.
—മാലതീമാധവം

ഇതിൽ രണ്ടാംപാദത്തിൽ 'നിതരാം' എന്നുവരെ ഉള്ള ഭാഗം 'നിരൎത്ഥക' മാകുന്നു.

ഗ്രാമ്യം

245. എന്തോ കഥിക്കുന്നതു നീയിടഞ്ഞാ-
ലെന്താണു തേങ്ങാക്കുലയാണെനിക്ക്. —വെണ്മണി മഹൻ

246. നിലയ്ക്കാത്ത മോഹം നിനച്ചങ്ങിടഞ്ഞാ-
ലുലക്കേടെ മൂടാണെനിക്കെന്റു ചേതം. —വെണ്മണി മഹൻ

നേയാൎത്ഥം

247. യോഗിമാർ സതതം പൊൎത്തും
തുഞ്ചത്തെത്തുള്ളയാരഹോ!
നാഴിയിൽപാതിയാടീലാ
പലാകാശേന വാ ന വാ. —നമ്പ്യാർ

ഇതിൽ, 'മൂക്കററത്തെ അമ്മാർ ഉരിയാടിയില്ല. ബഹുമാനംകൊണ്ടോ അല്ലയോ?' എന്നൎത്ഥം ഊഹിച്ചെടുക്കേണ്ടതായിരിക്കുന്നു.

അശ്ലീലം

248. പറിച്ചോരചലത്തിൻെറ
പാറച്ചുവടതിൽ പുരാ
നിറുത്തിഗ്ഗോപരെക്കാത്ത
നീരിൽത്താർനയനൻ തുണ. —സ്വ.

ഇതിൽ ഒന്നാംപാദം പദച്ഛേദംകൊണ്ടു് വ്രീഡാജുഗുപ്സകളെ ഉളവാക്കുന്നു.

പദദോഷങ്ങളിൽ പലതും പദാംശത്തിലും സംഭവിക്കും. അവയ്ക്കു് ഉദാഹരണങ്ങൾ സ്വയം ഊഹിച്ചുകൊള്ളുക. ഗ്രന്ഥവിസ്തരഭയത്താൽ ഇവിടെ അവയെ ഉദാഹരിക്കുന്നില്ല.

അനന്തരം വാക്യത്തിനു മാത്രം വരുന്ന ദോഷങ്ങളെപ്പറയുന്നു:

## II. വാക്യദോഷങ്ങൾ

**ക്ലിഷ്ടം വിരുദ്ധബന്ധാഖ്യം**
**വിസന്ധി ഹതവൃത്തവും**
**ഉക്തന്യൂനാധികപദം**
**സമാപ്തപുനരാത്തവും.** 124

**പതൽപ്രകൎഷം സങ്കീൎണ്ണം**
**അഭവന്മതയോഗവും**
**ഗൎഭിതാനുക്തവാച്യങ്ങൾ**
**പ്രസിദ്ധിഹതവും പുനഃ** 125

---

പദ്യം 247. യോഗികൾ ധ്യാനസ്ഥിതരാകുമ്പോൾ കൈവിരൽ നാസാഗ്രത്തിൽ മുട്ടിച്ചുവെക്കും. നാഴിയിൽ പാതി=ഉരി. പല=ബഹു. ആകാശം=മാനം. വാ-ന-വാ=ആണോ അല്ലയോ?

അവിമൃഷ്ടവിധേയാംശം
അസ്ഥാനസ്ഥപദം തഥാ
വിരുദ്ധബുദ്ധിപ്രദവും
ഭഗ്നപ്രക്രമമക്രമം
പതിനാൻപതിവ ദോഷങ്ങൾ
വാക്യമാത്രത്തിനുള്ളവ. 126

## 1. ക്ലിഷ്ടം

അർത്ഥപ്രതീതിയിൽ ക്ലേശമുള്ളതു് 'ക്ലിഷ്ടം'. ക്ലേശംവരുന്നതു് ദൂരാന്വയം കൊണ്ടാകുന്നു. ഉദാഹരണം:

249. സന്ധിക്കും ലക്ഷണാസംഗമതഴകൊട്ടതാൻ ചേർത്തു സാംബനുമൊന്നായ്
ബന്ധിക്കും ചെഞ്ചിടക്കുടിനുമിളകകിലും ഗംഗയാൽ ഭംഗിയാക്കി
എന്തൊക്കെക്കൊട്ടിയെന്നാലതു മുഴുവനുമേ വെണ്മയാം രേവതീശൻ-
തൻതൽക്കാലപ്പകിട്ടാലരുണിതകിരണം നിങ്ങളെക്കാത്തിടട്ടെ.
—ലക്ഷണാസംഗം

## 2. വിരുദ്ധബന്ധം

വിവക്ഷിതമായ രസത്തിനു് വിരുദ്ധമായ ബന്ധം ഉപയോഗിക്കുന്നിടത്തു് 'വിരുദ്ധബന്ധം'. ഉദാഹരണം:

250. പ്രേമം പരം പ്രണയമീട്ടററതായ് പരിചയാലുള്ള രാഗമിവ ചേ-
ന്നാ മഞ്ജുനേത്രയുടെ ജാത്യാ മനോജ്ഞതപെടും ചേഷ്ടകൾക്ക ബത ഞാൻ
പാത്രീഭവിക്കണമനല്പാശയോട്ടമവയോത്താലുമുൾത്തടമുടൻ
പേത്തൊന്നിലും ചെറുതു ചേരാതെ സാന്ദ്രപരമാനന്ദസത്തിൽ മുഴകും.
—മാലതീമാധവം

ഇതിൽ ടവർഗ്ഗം, ത്ത, ത്ര മുതലായ പരുഷവർണ്ണങ്ങളുടെ ആധിക്യം ഇവ പ്രകൃതമായ ശൃംഗാരരസത്തിനു് പ്രതികൂലം. വേറെ ഉദാഹരണം:

251. ദുഃഖംകൊണ്ടോ ഭയാദ്വാ ദ്രുപദനൃപസുതൻ തന്നുടേ പാണി മൗലൗ
വെയ്ക്കുംനേരം പിതാ മേ ഝടിതിയതു തടുത്തീലയെന്നുള്ളതാസ്താം
മൂർഖന്മാർമുമ്പനാം നിൻതലയതിലിഹ ഞാനെന്നുടേ വാമപാദം
വെയ്ക്കുന്നേൻ; ശക്തനെന്നാകിലതു ബലനിധേ! സാമ്പ്രതം നീ തടുത്തോ!
—വേണീസംഹാരം

അശ്വത്ഥാമാവു് ദ്വേഷ്യപ്പെട്ടു വിറച്ചുംകൊണ്ടു പറയുന്ന ഈ ശ്ലോകത്തിൽ പരുഷവർണ്ണങ്ങൾ കുറഞ്ഞുപോയതു് രൗദ്രരസത്തിനു വിരുദ്ധം.

---

പദ്യം 249. ലക്ഷണാസംഗത്തിലെ നാന്ദി. ഇളകകിലും ഗംഗയാൽ ഭംഗിയാക്കി ബന്ധിക്കും ചെഞ്ചിടക്കുടിനും, സാംബനും സന്ധിക്കും ലക്ഷണാസംഗം അഴകൊട്ട താൻ ഒന്നായ് ചേർത്തു് എന്നു പൂർവ്വാർദ്ധത്തിൽ അന്വയം. രേവതീശൻ എന്ന വാക്കിൽ ശ്ലേഷം. ചന്ദ്രൻ എന്നും ബലഭദ്രൻ എന്നും അർത്ഥം. ചന്ദ്രൻ ശിവ ജടയ്ക്കു് (ലക്ഷണാസംഗം) അടയാളം കൊടുക്കുന്നു. ബലഭദ്രൻ സാംബനു് ലക്ഷണയുമായി സംഗം ചേർത്തു. എന്തൊക്കെ...വെണ്മയാം—എല്ലാററിനെയും വെളുപ്പിക്കുന്ന എന്നു് ചന്ദ്രപക്ഷത്തിൽ. ഏതു പ്രവൃത്തിയും കീർത്തിയുണ്ടാക്കുന്ന എന്നു് ബലഭദ്രപക്ഷത്തിൽ. അരുണിതകിരണം- ഉദയാവസരത്തിലെ ഇളംചുവപ്പെന്നു് ചന്ദ്രപക്ഷത്തിൽ. കോപംകൊണ്ടു ചുവന്ന കാന്തി എന്നു ബലഭദ്രപക്ഷത്തിൽ. ബന്ധനസ്ഥനാക്കിയ സാംബനെ കൗരവന്മാർ വിട്ടുകൊടുക്കാഞ്ഞതിൽ ബലഭദ്രൻ കോപിച്ചു. കലപ്പകൊണ്ടു കൗരവമന്ദിരം ഗംഗയിലൊഴുക്കാനൊരുങ്ങിയതാണല്ലോ ലക്ഷണാസംഗത്തിലെ നാടകീയസംഘട്ടനം.

252. ദുഃഖത്താലോ ഭയാദ്വാ ദ്രുപദനൃപസുതൻ ഹസ്തമാ മസ്തകത്തിൽ
ചേർക്കുംനേരത്തു താതൻ മമ ഝടിതി തടുത്തില്ലതെന്നുള്ളതാസ്താം
മൂർഖന്മാർമുമ്പനാം നിൻമുടിനടുവിലിടങ്കാലിതാ മുഷ്ണൊടേ ഞാ-
നിക്കാലം വെച്ചിടുന്നേനതു സപദി തടുത്തീടു നീ ശക്തനെങ്കിൽ.

എന്നോമറേറാ ഭേദപ്പെടുത്തിയാലേ രൗദ്രത മതിയാകുന്നുള്ളൂ.

## 3. വിസന്ധി

വിരൂപമായ സന്ധിയുള്ളതു് 'വിസന്ധി'. വൈരൂപ്യം നാലു രീതിയിൽ വരാം. (1) സന്ധികാര്യം ചെയ്യാതിരിക്കുക. (2) കർണ്ണകഠോരമായ പദയോഗം. (3) സന്ധിച്ചേർച്ചയാൽ അശ്ലീലാർത്ഥപ്രതീതി. (4) സംസ്കൃതസന്ധികാര്യം അടുത്തു നില്ക്കുന്ന മലയാളപദത്തെ ബാധിക്കുക. ഉദാഹരണങ്ങൾ:

253. 1. (a) ഉപകാരവിധൗ ത്വമസ്യ ശക്തൻ
അപി ജീവൻ പുനരെന്തിനിപ്രകാരം.* —വേണീസംഹാരം

254. (b) എന്നേ അദ്ദേഹമാണീയിവനിതിവിധമാം പ്രത്യഭിജ്ഞാനപിതംപോൽ.
—മാലതീമാധവം

ഇവിടെ വ്യാക്ഷേപകനിപാതമായ 'എന്നേ' എന്നതു് അടുത്ത 'അദ്ദേഹം' എന്ന പദത്തോടു് സന്ധിചേരാതെ നില്ക്കുന്നു.

255. (2) ചന്തംചേർന്നണയട്ടെയാറ്ല്പുതുവുമൊത്തുദ്യാനശോഭസ്സിനി.—ചൂഡാമണി
ഇതിൽ ''ആറ്+ല്പുതു'' എന്ന സന്ധി ദുശ്ശ്രവമായിരിക്കുന്നു.

256. (3) മറഞ്ഞാനമ്പരോടേവ-
മോതീട്ടംഭോജസംഭവൻ. —സ്വ.

ഇതിൽ രണ്ടാംപാദത്തിന്റെ ആദ്യപദങ്ങളുടെ സന്ധിയിൽ അശ്ലീലപ്രതീതി.

257. (4) പടാൽ പടമിളച്ചിടാതവനതല്ല ഞാനോഽഥവാ. —വേണീ.

ഇവിടെ 'ഞാനോ' എന്നതിൽ ഭാഷയിലെ വികല്പനിപാതമായ ഓകാരത്തിനു് അടുത്ത 'അഥവാ'യിലെ അകാരത്തോടു് പ്രശ്ലേഷസന്ധി ദുഷ്ടം.

258. ഗുരോർഞ്ഞാംശ്ചരണാവിങ്ങു
വന്ദേ എന്നെന്നുമേനഘൗ. —സ്വ.

ഇത്യാദി പ്രയോഗിച്ചാൽ കർണ്ണകഠോരമായിരിക്കും എന്നതിനു് എന്തു സന്ദേഹം?

## 4. ഹതവൃത്തം

വൃത്തവിഷയത്തിൽ ദോഷപ്പെട്ടതു് 'ഹതവൃത്തം'. ഇതു് പലവിധത്തിലും വരും. ഉദാഹരണങ്ങൾ:

259. (1) ജഗാദ മന്ദം ഗജരാജഗാമിനീ
ഗതാ മുകുന്ദസ്യ പദാരവിന്ദം
സ്വസോദരം പ്രാപ്തദരം ദരോദരീ
മോക്തും ശുചാ മേചകചാരുകുന്തളാ. —രുക്മി. കഥകളി

* ശക്തൻ+അപി—ശക്തനപി എന്ന സന്ധി വരേണ്ടതു വന്നിട്ടില്ല.
പദ്യം 258. ഗുരോഃ+ഞാൻ+ചരണൗ+ഇങ്ങു+വന്ദേ+എന്നെന്നുമേ+അനഘൗ എന്ന പദച്ഛേദം. സംസ്കൃതസന്ധികൾ വന്നതിൽ കർണ്ണകഠോരത.

ഇവിടെ 'വംശസ്ഥയും' 'ഇന്ദ്രവംശയും' ചേൎന്ന ഉപജാതിവൃത്തത്തിനു് രണ്ടാം പാദത്തിൽ ഒരക്ഷരം കുറഞ്ഞുപോയതിനാൽ ഛന്ദോഭംഗം.

260. (2) ചാരത്തുള്ളോന്നതിൽ ത/ന്നെയുമിഹ ശരിയായ് ദൃഷ്ടിതട്ടുന്നതില്ലേ
പാരം ശീലിച്ച കാര്യ/ത്തിലുമുടനുളവാ/കുന്നിതേററം പ്രമാദം
പോരേത്തും ശീതമാം പൊ/സ്സയുമുഡുപതിയും താപശാന്തിക്കു ചിത്തം;
സ്ഥൈര്യാപേതം ഭ്രമിക്കു/ന്നിതു ചിലതു വിചാ/രിക്കയും ചെയ്തിടുന്നു.
—മാലതീമാധവം

ഇവിടെ സ്രഗ്ദ്ധരാവൃത്തത്തിനു് 7, 14, 21 എന്നു് മൂന്നു യതികളായിട്ടു് നാലു പാദത്തിലുംകൂടി 12 യതിസ്ഥാനങ്ങളുള്ളതിൽ ചരിഞ്ഞ വരകൊണ്ടു് കാണിച്ചിരിക്കുന്നപ്രകാരം ആറു സ്ഥലങ്ങളിലും യതിഭംഗം വന്നിരിക്കുന്നു. ചില കവികൾ യതിഭംഗത്തെ ലേശം വകവെക്കുന്നില്ല. എന്നാൽ 'ശാലിനി', 'മാലിനി', 'മന്ദാക്രാന്ത', 'ശിഖരിണി', 'പ്രഹൎഷിണി' മുതലായ യതിദാൎഢ്യമുള്ള വൃത്തങ്ങളിൽ യതിഭംഗം ഒരു പ്രബലദോഷംതന്നെയാണെന്നു് അനുഭവസിദ്ധമാകുന്നു. പ്രകൃതിപ്രത്യയവിഭാഗംകൊണ്ടോ സന്ധിച്ഛേദംകൊണ്ടോ ഏതുവിധത്തിലെങ്കിലും ഒരു വേർതിരിപ്പിനു മാൎഗ്ഗമുള്ളേടത്തു് യതിഭംഗദോഷം കല്പിക്കേണ്ടതില്ല. അതിനാൽ താഴെക്കാണിക്കുന്ന പാദങ്ങളിൽ യതിഭംഗമില്ല.

(i) മത്യാമോക്ഷ/ന്നീല ഞാൻ വേട്ടതായി. —ഭാ. ശാകു.

(ii) തെരുതെരെയുരചെയ്തീ/ടുന്നിതാ ചാരുവാക്യം. —സ്വ.

(iii) ആലോചി/പ്പതിനുമിതെത്ര രമ്യമത്രേ. —സ്വ.

പദ്യങ്ങൾ രണ്ടൎദ്ധങ്ങളായിട്ടു് പകുക്കപ്പെടുന്നതിനാൽ രണ്ടും മൂന്നും പാദങ്ങൾ തമ്മിൽ സന്ധിസമാസാദികൾ ചെയ്താലും വൃത്തദോഷം. ഉദാഹരണം:

261. കുറ്റക്കൂട്ടമൊരു ബുദ്ധികൊണ്ടു ക-
ണ്ടീ പ്രവൃത്തി പിഴയെന്നുവെച്ചതിൻ
തീൎപ്പുചെയ്തു കൃപവെച്ചെനിക്കു നീ
മാപ്പുതന്നതിനു കൈതൊഴുന്നു ഞാൻ. —ലക്ഷണാസംഗം

ഇവിടെ 'അതിൻതീൎപ്പു്' എന്നു സമാസം.

പാദാന്തലഘുവിനു് വികല്പേന ഗുരുത്വം വിധിച്ചിട്ടുണ്ടെങ്കിലും അതിനെ 'ഇന്ദ്രവജ്ര', 'വസന്തതിലകം' മുതലായി അപൂൎവ്വം ചില വൃത്തങ്ങളിലേ കവികൾ ഉപയോഗിക്കാറുള്ളു. അതിനാൽ മററു വൃത്തങ്ങളിൽ പാദാന്തലഘുവിനെ ഗുരുവാക്കി കല്പിക്കുന്നതു് 'ഹതവൃത്ത'ദോഷമായിത്തീരും. ഉദാഹരണം:

262. ദ്വിജചപലതമൂലമിന്നെനിക്കു
സഖിത നിനച്ചൊരു ചോദ്യമുണ്ടു ചെയ്‌വാൻ. —കു. സം.

ഇന്ദ്രവജ്രാവസന്തതിലകങ്ങളിലായാലാകട്ടെ ഇതു് ദോഷമല്ല. എങ്ങനെ:

(i) പതിവ്രതാവൃത്തിയിൽ നിഷ്ഠമൂല-
മസാദ്ധ്യയാമേതൊരു സുന്ദരാംഗി. —കു. സം.

(ii) അദ്ദേവനെസ്സപദി പാൎത്തു വിയൎത്തുകൊണ്ടു
നീങ്ങാനെടുത്ത പദമൂഴിയിലൂന്നിടാതെ. —കു. സം.

ചില്ലുകളെ *ആധ്മാനംചെയ്തു് ഗുരുവാക്കുന്നതും 'ഹതവൃത്ത'ദോഷംതന്നെ. ഉദാഹരണം:

263. ഒന്നായ് ഗ്രാഹ്യയിവൾ പരിഗ്രഹഗണേ. —ഭാ. ശാകു.

---

* ശക്തികൊടുക്കുക.

കേവലം വൃത്തത്തിന്റെ ആവശ്യത്തിനു മാത്രംവേണ്ടി ചില നിപാതങ്ങളുടെയും പ്രത്യയങ്ങളുടെയും സ്വരങ്ങളെ കുറുക്കുകയും നീട്ടുകയും ചെയ്യുന്നതും സഹൃദയക്കു് കണ്ഠോദ്വേജകമാകയാൽ 'ഹതവൃത്ത'മെന്നുതന്നെ ഗണിക്കപ്പെടേണ്ടതാകുന്നു. എങ്ങനെ,

264. (a) പാരിന്നധീശ! തവ നന്ദനനല്ലെ രാമൻ. —ഉ. രാ.
(b) ...പാരിതു ഭരിക്കുന്നില്ലെവിക്റ്റോറിയാ. —സുഭാ.
(c) ...ഇവളുടെ രൂപമനഘം. —ഭാ. ശാകു.

## 5. ഉക്തപദം

ഇതു് ഒരേ പദത്തെ ഒരേ അർത്ഥത്തിൽത്തന്നെ ഒരു പദ്യത്തിൽ ഒന്നിലധികം പ്രാവശ്യം പ്രയോഗിക്കുകയാകുന്നു. കവിക്കുള്ള ശബ്ദദാരിദ്ര്യം വെളിപ്പെടുന്നതു് ദൂഷകതാബീജം. ഉദാഹരണം:

265. കല്യൻ ബ്രാഹ്മണനാകുമക്കവിയെ വാദ്ദേവീ സ്വയം വശ്യയാം
മല്ലാക്ഷീമണിയെന്നവണ്ണമനവർത്തിച്ചീടിനാളാദരാൽ
ചൊല്ലേറും രസമോടുമക്കവിവരൻ നിർമ്മിച്ചതാം നാടകം. —ഉ.രാ.ച.

ഇതിൽ കവിശബ്ദം ഒരേ അർത്ഥത്തിൽ രണ്ടേടത്താവർത്തിക്കപ്പെട്ടിരിക്കുന്നു.

266. ധനരഹിതനവൻ ധനത്തിനെല്ലാം
പ്രഭവമധീശനവൻ ശ്മശാനവാസി. —കു. സം.

ഇത്യാദിപോലെ ഉദ്ദേശ്യപ്രതിനിർദ്ദേശ്യഭാവമുള്ളിടത്തു് ഈ ആവൃത്തി പ്രത്യുത ഗുണമായിത്തീരും.

## 6. ന്യൂനപദം

ആവശ്യപ്പെടുന്ന പദങ്ങളെ പ്രയോഗിക്കാതിരിക്കുന്നതു് 'ന്യൂനപദം'. ഉദാ:

267. പഠിപ്പുകാട്ടും ചിലർ കേമം, ചിലക്കു
മിടുക്കുതന്യന്നു മനസ്സിലാക്കാൻ;
പടുത്വമീരണ്ടിനുമുള്ള വിദ്വാൻ
നടക്കണം ശിക്ഷകവര്യനായി. —മാളവികാഗ്നിമിത്രം

ഇവിടെ 'രണ്ടെ'ന്നു പറഞ്ഞതു്, 'തനിക്കു പഠിപ്പുണ്ടായിരിക്ക', 'അന്യനെ പഠിപ്പിക്കാൻ മിടുക്കുണ്ടായിരിക്ക' ഇതുകളാകുന്നു. ഒന്നാം പാദത്തിൽ, അതുകൊണ്ടു്, 'തനിക്കു്' എന്നുകൂടി ചേർക്കേണ്ടിയിരിക്കുന്നു.

## 7. അധികപദം

ആവശ്യമില്ലാത്ത പദത്തെ പ്രയോഗിക്കുക 'അധികപദം'. ഉദാഹരണം:

268. വെള്ളിക്കുന്നിങ്കൽ മാനക്കൊടുമുടി പൊടിയായു് പോയൊരാ, ഉ-
ജ്ജ്വലൻ താൻ
തള്ളിക്കാരാഗൃഹത്തിൽ ബഹുദിവസമടച്ചിട്ടവൻ, ബാലി പിന്നെ
വള്ളിക്കൊക്കുന്ന വാലാൽ കരനിര മുറുകെക്കെട്ടിയോ, നിത്രിലോകി-
ക്കുള്ളോരദ്ധ്യ്മകേതുപ്രതിമ, നറിയുമേ നിന്നെ ഞാനാശരേശ!
—ചൂഡാമണി

---

പദ്യം 264. a-യിൽ 'അല്ലേ രാമൻ' എന്നും, b-യിൽ 'അല്ലേ വിക്ടോറിയാ' എന്നും, c-യിൽ 'ഇവളുടെ രൂപം' എന്നും വേണ്ടതാണു്.

പദ്യം 268 ജടായു രാവണനോടു പറയുന്നു: അറിയുമേ നിന്നെ ഞാനാശ

ഇവിടെ നാലാം പാദത്തിൽ 'ഉള്ളോരു' എന്നതു് അധികം. 'ത്രിലോകിക്കു് ധൂമകേതുപ്രതിമൻ' എന്നേ ആവശ്യമുള്ളൂ. ത്രിലോകിക്കു് പ്രസിദ്ധനായ ഒരു ധൂമകേതു ഇല്ലാത്തതിനാൽ 'ഉള്ളോരു' എന്ന സിദ്ധമാക്കിപ്പറയുന്നതെങ്ങനെ?

## 8. സമാപ്തപുനരാത്തം

സമാപ്തമായ വാക്യത്തിൽ പിന്നീടു് ഏച്ചുകെട്ടിച്ചേർക്കുന്നതു് 'സമാപ്തപുനരാത്തം'. *ഉത്ഥാപ്യാകാംക്ഷതന്നെ വൈരസ്യഹേതു. ഉദാഹരണം:

269. സ്നാനം ചെയ്തുവരുന്ന വൻകുതിരയും സന്നിന്ദയോടക്ഷര-
ജ്ഞാനം ചേർന്നൊരു ശൂദ്രനും പടുമദംപാടുള്ള നല്പാനയും
ഗാനം ചേർന്നൊരു പട്ടരും പരമടുത്താലുണ്ടനർത്ഥം; സുരാ-
പാനം ചെയ്തവനും സ്വരാത്തി കരളിൽ കാളുന്നൊരക്കാളയും.
—കാമതിലകഭാണം

ഇതിൽ നാലാംപാദം ഏച്ചുകെട്ടിയതുപോലെ തോന്നുന്നു. ദീപകാലങ്കാരത്തിനു് ഉദാഹരണമായ ഈ ശ്ലോകത്തിൽ അപ്രകൃതനായ കുടിയനെ വിട്ടേച്ചു് പ്രകൃതമായ കാളയെ മാത്രം ക്രിയാപദത്തിന്റെ പിൻഭാഗത്തു വെച്ചിരുന്നെങ്കിൽ ഈ ദോഷം പ്രത്യുത ഗുണമാകുമായിരുന്നു. ദീപകത്തിൽ സമാനധർമ്മമായ ക്രിയ അനേകം അപ്രകൃതകർത്താക്കളോടു് അന്വയിക്കുന്നതിനാൽ വാക്യപൂർത്തി വന്നാലും പ്രകൃതശ്രവണംവരെയും ശ്രോതാവിനു് ആകാംക്ഷ ശമിക്കുന്നതല്ല. വേറെ ഉദാഹരണം:

270. മല്ലന്മാർക്കിടിവാൾ ജനത്തിനരചൻ മീനാങ്കനേണാക്ഷിമാ-
ർക്കില്ലത്തിൽ സഖി വല്ലവർക്കരി ഖലർക്കന്നന്ദനോ നന്ദനൻ
മൂലം വൃഷ്ണികുലത്തിനെന്നു കരുതീ മാലോകരക്കണ്ണനെ-
ക്കാലൻ കംസനു ദേഹികൾക്കിഹ വിരാൾ ജ്ഞാനികൾ തത്ത്വംപരം.†
—സ്വ.

## 9. പതൽപ്രകർഷം

ഇതു് ഓജസ്സാലുള്ള ഔജ്ജ്വല്യത്തിനു് ക്രമേണ അവരോഹമാകുന്നു. ഉദാഹരണം:

271. പൃഥ്വീഭൃത്തുകൾ മസ്തകത്തടമതിൽ ചീർത്തോരു പാദങ്ങളെ-
ച്ചേർത്തിട്ടാർത്തികൾ നീക്കി മൈത്രികരുതും നൽത്താമരത്താരിനു്
ഊനംവിട്ടു മുറയ്ക്കുയന്നു മുതിരും ഘോരപ്രതാപത്തൊടേ
വാനിൻമദ്ധ്യമണഞ്ഞിടുന്നു ഭഗവാനംഭോജിനീവല്ലഭൻ! —സ്വ.

ഇതിൽ എടുപ്പിലുള്ള ഔജ്ജ്വല്യം ക്രമേണ ക്ഷയിക്കുന്നുവെന്നു സ്പഷ്ടം.

---

രേശ! എങ്ങനെയെല്ലാമുള്ള നീ? വെള്ളി...യൊരാൾ; അർജ്ജു...ട്ടവൻ; ബാലി...യോൻ; ഇത്രിലോ...പ്രതിമൻ. കൈലാസംകൊണ്ടു് അമ്മാനമാടിയപ്പോൾ ശിവൻ ചവിട്ടിയിരുത്തിയതും, കാർത്തവീര്യാർജ്ജുനന്റെ ജയിലിൽ കിടന്നതും, ബാലിയാൽ വാലിൽ ബന്ധിക്കപ്പെട്ടതും സൂചിപ്പിച്ചിരിക്കുന്നു.

* ഉത്ഥാപ്യാകാംക്ഷ=ഇനിയെന്തു് എന്നൊരാകാംക്ഷ ഉയർത്തേണ്ടിവരിക.

269. കാമതിലകത്തിലെ വിടനായകൻ പശുവിന്റെ പിന്നാലെ പാഞ്ഞുവരുന്ന കാളയെക്കണ്ടിട്ടു പറയുന്ന പദ്യമായതിനാൽ ''സ്വരാത്തി...ക്കാളയും'' മാത്രമാണു പ്രകൃതം. സുരാപാനം=മദ്യപാനം.

† 68—ാം പദ്യം നോക്കുക.

പദ്യം 271 സൂര്യൻ മദ്ധ്യാകാശത്തിലെത്തുന്നതിനെ, ഒരു രാജാവു് പ്രതാപശാലിയായിരിക്കുന്നതായി സമാസോക്തിമര്യാദയിൽ പറഞ്ഞിരിക്കുന്നു. പൃഥ്വീ

## 10. സങ്കീർണ്ണം

ഒരു വാക്യത്തിലെപ്പദങ്ങളിൽ മറെറാരു വാക്യത്തിലെപ്പദം കലന്നിരിക്ക. ഉദാഹരണം:

272. പാൎത്ഥൻ ഗൗരീശദേവം പരിചിനൊട്ട തപസ്തപ്ത്തുമേവം തമീശം
ഗത്വാ തീൎത്ഥാനി തീൎത്ത്വാ വനനഗരനഗാൻ ദേവസത്മാന്യനേകാൻ
നത്വാ പിന്നിട്ട ചെന്നു രജതഗിരിവരോപാന്തഗംഗാതടാന്തേ
ശുദ്ധാത്മാ ചിന്തചെയ്തങ്ങൊരു പദമവനീലൂന്നിനിന്നാദിനാഥം.
—കിരാതം കഥകളി

ഇവിടെ (1) അനേകാൻ വനനഗരനഗാൻ തീൎത്ത്വാ, (2) ദേവസത്മാനി നത്വാ എന്നന്വയിക്കേണ്ടിയിരിക്കുന്നതിനാൽ 'ദേവസത്മാനി' എന്ന രണ്ടാം വാക്യത്തിലെ പദം ഒന്നാം വാക്യത്തിൽ ഉൾപ്പെട്ടിരിക്കുന്നു. 'ഗൗരീശദേവം തപസ്തപ്ത്തും' എന്നിടത്തു് മറെറാരു മാതിരി 'സങ്കീൎണ്ണ'ദോഷമുണ്ടു്. ഇതിലെ പദങ്ങളെല്ലാം സംസ്കൃതങ്ങളായിരിക്കെ ആ ഭാഷയിൽ ഇവയ്ക്കു് അന്വയമില്ല. 'തപസ്സുചെയ്യ' എന്ന സമസ്തക്രിയ ഭാഷയിലേ ഉള്ളു. അതിനാൽ ഓരോ പദത്തേയും ഭാഷയിൽ തൎജ്ജമചെയ്തതിൽപ്പിന്നീടേ വാക്യത്തിനു് അൎത്ഥബോധം ഉണ്ടാകുകയുള്ളു. അതുകൊണ്ടു് ഇതു ഭാഷാസങ്കീൎണ്ണം.

## 11. അഭവന്മതയോഗം

അഭിമതമായ സംബന്ധം സംഭവിക്കാത്തതു്. കവി വിവക്ഷിച്ചിരിക്കുന്ന അന്വയം ഘടിക്കാത്തിടത്തു് ഈ ദോഷമെന്നൎത്ഥം. ഇതു് പലവിധത്തിലും കാണും. ഏതാനും ഉദാഹരണങ്ങൾ:

273. അന്നച്ഛനുണ്ടധികമോദമൊടാദരിപ്പാ–
നെന്നല്ല നാം പുതിയ പത്നികളോട്ടകൂടി. —ഉ. രാ. ച.

ഇവിടെ 'പത്നികളോട്ടകൂടിയ കാലം പുതിയതായിരുന്നു' എന്നാണു് കവിക്കു വിവക്ഷിതം; യഥാസ്ഥിതത്തിൽ 'പത്നികൾ പുതിയവർ' എന്നേ വരുന്നുള്ളു; അപ്പോൾ ചില പഴയ പത്നികൾ ഇരുന്നിരിക്കാമെന്നു വരുന്നു.

274. നന്ദനസമാനമാമുദ്യാനഭംഗം ചെയ്താൻ. —കേ. രാമാ.

ഇവിടെ നന്ദനസമാനമെന്ന വിശേഷണം ഉദ്യാനഭംഗത്തിനല്ല ഉദ്യാനത്തിനാകുന്നു വിവക്ഷിതം. എന്നാൽ,

''സമാസത്തിൽ പരാധീന–
...........................
ചേരാ ബാഹ്യവിശേഷണം'' എന്ന വ്യാകരണനിയമത്താൽ ആ അന്വയം യോജിക്കുന്നില്ല.

---

ഭൂത്തുകൾ മസ്തകത്തടം=പൎവ്വതാഗ്രം (ശത്രുരാജാക്കന്മാരെന്നു സൂചന). പാദം ചേൎക്കുക—കിരണങ്ങൾ വീഴിക്കുക (ചവിട്ടുക എന്നും); മൈത്രി...ത്താരിനു് ആൎത്തികൾ നീക്കി—സ്നേഹമുള്ള താമരയുടെ ദുഃഖം നീക്കി (സുഹൃദ്രാജാക്കന്മാരെ രക്ഷിച്ചു എന്നും.)

പദ്യം 272. ഗൗരീശദേവനെ തപസ്സുചെയ്യുക എന്നു മലയാളത്തിൽ പറയാം. എന്നാൽ 'ഗൗരീശദേവം തപസ്തപ്ത്തും' എന്നു സംസ്കൃതത്തിൽ പറഞ്ഞുകൂടാ. അതിനാൽ 'തപസ്തപ്ത്തും' മലയാളമാക്കിയതിനുമേലേ അൎത്ഥബോധമുണ്ടാകയുള്ളു.

275. ഗുണയുതനഖമാന്നിത്തനവിതൻ പല്ലവശ്രീ-
യണിയുമടികാം കൊള്ളാം രണ്ടുപേരെച്ചവിട്ടാൻ
അണിമലരണവാൻ പൂക്കാത്തശോകത്തെയും നൽ-
പ്രണയകലഹകാലേ കാൽതൊഴും കാന്തനേയും. —മാളവികാഗ്നിമിത്രം

ഇവിടെ തന്വിയുടെ അടികാം രണ്ടുപേരെ രണ്ടവസരത്തിൽ ചവിട്ടാൻ കൊള്ളാം: 1. അശോകം പൂക്കാതിരുന്നാൽ അതിനെ പൂപ്പിക്കുന്നതിന്ന്; 2. കാന്തൻ അപരാധം ചെയ്താൽ അവനെ ശിക്ഷിക്കുന്നതിന്ന്, എന്നുള്ള വിവക്ഷിതാൎത്ഥം, 'അശോകത്തെ'യും 'കാന്തനെ'യും എന്ന കൎമ്മവിഭക്തി, അവയോടുചേൎന്ന് 'ഉം' എന്ന സമുച്ചയനിപാതം ഇതുകളുടെ അന്വയവൈഷമ്യത്താൽ ഘടിക്കുന്നില്ല.

## 12. ഗർഭിതം

ഒരു വാക്യത്തിന്റെ ഗർഭത്തിൽ മറ്റൊരു വാക്യത്തെ തള്ളിക്കേററുന്നതു്. ഉദാഹരണം:

276. കല്യാണി! കാലാന്തകവല്ലഭേ! കേൾ
ചൊല്ലാന്ന നൽപ്പല്ലവതുല്യശോഭം
(കില്ലില്ല തെല്ലും,) തവ പാദപത്മ-
മല്ലാതെനിക്കില്ലവലംബമൊന്നും. —സ്വ.

ഇതിൽ വലയാങ്കിതമായ വാക്യം 'ഗർഭിതം'. ധാരാവാഹിയായ അൎത്ഥത്തിനു മദ്ധ്യേ വിച്ഛേദം വരുന്നതാണു് ഇവിടെ ദോഷബീജം. സമൎത്ഥന്മാരായ വൈദ്യന്മാർ ചിലപ്പോൾ വിഷത്തെ ഔഷധമാക്കുംപോലെ സാരവേദികളായ കവികൾ ഈ ദോഷത്തെ ഗുണമാക്കിച്ചമയ്ക്കാറുണ്ടു്. പാഞ്ഞൊഴുകുന്ന ആകാംക്ഷ ഇടയ്ക്കു് സ്വല്പം ഒന്നു തടഞ്ഞു് അങ്ങോട്ടോ ഇങ്ങോട്ടോ എന്നു് ക്ഷണം സംശയിച്ചിട്ടു് സൗകര്യമുള്ള വശത്തേക്കു ചരിഞ്ഞു് ദ്വിഗുണമായ വേഗത്തോടേ പ്രസരിക്കുന്നതു് നിരൎഗ്ഗളപ്രവാഹത്തെക്കാൾ സരസതരമായിട്ടു തോന്നും. എങ്ങനെ:

277. രാവിപ്പോൾ ക്ഷണമങ്ങൊടുങ്ങിടുമുഷസ്സെങ്ങും പ്രകാശിച്ചിടും,
ദേവൻ സൂര്യനുദിക്കുമിക്കമലവും കാലേ വിടൎന്നീടുമേ
ഏവം മൊട്ടിനകത്തിരുന്നളി മനോരാജ്യം തുടൎന്നീടവേ,
ദൈവത്തിൻമനമാരുകണ്ടു? പിഴുതാൻ ദന്തീന്ദ്രനപ്പത്മിനീം. —സ്വ.

## 13. അനുക്തവാച്യം

അവശ്യം പറയേണ്ടുന്ന അംശത്തെ പറയാതിരിക്ക. ഉദാഹരണം:

278. ഈ ഞങ്ങളാണൎത്ഥികൾ, കാര്യമോൎത്താ-
ലിപ്പാരു മൂന്നിന്നുമനൎത്ഥശാന്തി;
തെല്ലല്ലലില്ലാത്തൊരു വേല, വില്ലാൽ
ചെയ്യേണ്ടതും; നിൻവിരുതെത്ര നന്നു്. —കു. സം.

ഇതിൽ മൂന്നാംപാദത്തിൽ 'തെല്ലപോലും അല്ലലില്ലാത്ത' എന്നു പറയേണ്ടതായിരുന്നു. വാചകങ്ങളായ നാമാദിപദങ്ങളുടെ ന്യൂനതയിൽ 'ന്യൂനപദം', ദ്യോതകങ്ങളായ നിപാതാവ്യയപദങ്ങളുടെ അപ്രയോഗത്തിൽ 'അനുക്തവാച്യം' എന്നു് രണ്ടിന്നും വിഷയവിഭാഗം.

---

പദ്യം 278. ഇന്ദ്രവചനം കാമനോടു്: വില്ലാൽ ചെയ്യേണ്ടതു്—മോഹനാസ്ത്രംകൊണ്ടു് ശിവചിത്തം ചലിപ്പിക്കുക. ഞങ്ങൾ=ദേവന്മാർ.

## 14. പ്രസിദ്ധിഹതം

പ്രസിദ്ധിക്കു വിരുദ്ധമായതു് 'പ്രസിദ്ധിഹതം'. ആന അമറുക; കോഴി കൂവുക; പട്ടി കരയുക ഇത്യാദിയായ ശബ്ദങ്ങൾക്കു മററും സർവ്വസമ്മതമായുള്ള വ്യവസ്ഥയെ ലംഘിക്കുന്നിടത്തു് ഇദ്ദോഷമെന്നു താല്പര്യം. ഉദാഹരണം:

279. പൊത്തുന്നു പൊത്തിൽ വാഴും കരടികൾ... —ഉ. രാ. ച.

ഇവിടെ 'പൊത്തു്' എന്ന ശബ്ദം രന്ധ്രവാചകമായാലും വൃക്ഷകോടരത്തെ അല്ലാതെ ഗുഹയെ കുറിക്കുന്നതല്ല. കരടികൾ വാഴുന്നതു് ഗുഹകളിലുമാകുന്നു. പ്രസിദ്ധി വാസ്തവത്തിനു് വിരുദ്ധമായിരുന്നാലുംകൂടി ബലവത്തരയാകുന്നു. അതിനാൽ,

280. മൂക്കുകൊണ്ടു ജലം കോരു-
ന്നൂക്കനാമിക്കരീശ്വരൻ —സ്വ.

എന്നു പ്രയോഗിച്ചാലും പ്രസിദ്ധിഹതംതന്നെ.

## 15. അസ്ഥാനസ്ഥപദം

പദങ്ങളെ വേണ്ട സ്ഥാനത്തിൽനിന്നു തെറ്റി പ്രയോഗിക്കുക. ഉദാഹരണം:

281. പക്ഷിശ്രേഷ്ഠൻ ജടായുസ്സിതിന്നുടെ വലുതായുള്ള ശൃംഗത്തിൽ വാണാൻ
ഇക്ഷോണീധ്രച്ചുവട്ടിൽ സുഖമൊടുമുടജേ ഞങ്ങളും വാണു മൂന്നും.—ഉ.രാ.ച.

ഇവിടെ 'ഇതിന്നുടെ' എന്ന സർവ്വനാമം മുൻപിലും അതു പരാമർശിക്കുന്ന 'ക്ഷോണീധ്ര'മെന്ന നാമം പിൻപിലും പ്രയോഗിച്ചിരിക്കുന്നു.

## 16. അവിമൃഷ്ടവിധേയാംശം

വിധിക്കേണ്ടതായ ഭാഗത്തെ പ്രധാനമായി നിർദ്ദേശിക്കാതിരിക്കുക. വിധിയെ പ്രത്യേകിച്ചെടുത്തു പറയാതെ അനുവാദ്യകോടിയിൽ ചേർക്കുന്നിടത്തു് ഈ ദോഷമെന്നർത്ഥം. ഉദാഹരണം:

282. സ്ഥൂലനിതംബം, ക്ഷീണത-
കോലും മധ്യം, കനത്ത കുചയുഗളം;
നീളും പെരുകും മിഴിയിവ-
കളെഴുമെൻ ജീവനുണ്ടിത വരുന്നു!* —മാളവികാഗ്നിമിത്രം

ഇതിൽ, 'സ്ഥൂലമായ നിതംബം' എന്നു വേർതിരിച്ചു പ്രയോഗിക്കേണ്ടിയിരുന്നു. സമാസത്തിൽ, വിധിക്കേണ്ടതായ സ്ഥൂലത്വത്തിനു പ്രാധാന്യമില്ലാതെപോയി. വേറെ ഉദാഹരണം:

283. പ്രഥമവിധികുലത്തിലാണു ജന്മം,
ത്രിഭുവനസുന്ദരമാം ശരീരമോർത്താൽ,
വിഭവസുഖസമൃദ്ധി,യീ വയസ്സും
നവ,മിനിയെന്തു തപസ്സുകൊണ്ടു വേണ്ടു? —കു. സം.

---

* 'നീളും പെരുകും മിഴിയിണ-
യിവയെഴുമെൻ ജീവനുണ്ടിത വരുന്നു' എന്നു പാഠാന്തരം.

പദ്യം 283. വടുവേഷത്തിൽ വന്ന ശിവൻ പാർവ്വതിയോടു ചോദിക്കുന്നു. 'യജ്ഞാർത്ഥം ഹി മയാ സൃഷ്ടഃ ഹിമവാൻ' എന്ന ബ്രഹ്മപുരാണവചനമനുസരിച്ചു് പ്രഥമവേധസ്സായ ഹിരണ്യഗർഭന്റെ പുത്രനാണു് ഹിമവാൻ.

ഇവിടെ 'വിഭവസുഖത്തിനു സമൃദ്ധിയുണ്ട്' എന്നോ 'വിഭവസുഖം സമൃദ്ധമാണ്' എന്നോ പറഞ്ഞാലേ സമൃദ്ധിക്കു് പ്രാധാന്യേന വിധേയത്വം സിദ്ധിക്കയുള്ളു. 'വിഭവസുഖമനല്പമീ വയസ്സും നവം' എന്നു പാഠം മാററുമ്പോൾ ദോഷം നീങ്ങുന്നു.

## 17. വിരുദ്ധബുദ്ധിപ്രദം

വായിക്കുന്നവനു് പ്രഥമദൃഷ്ടിയിൽ കവി വിവക്ഷിക്കാത്തതായ ദുരർത്ഥത്തെ ഉളവാക്കുന്നതു്. ഇതിനു് 'ദുഷ്പ്രതീതി' എന്നും പേർ പറയും. ഉദാഹരണം:

284. കോദണ്ഡഹസ്തനഭിമാനി സുയോധനാഗ്രേ
രാധേയശല്യകുരുബന്ധുസമക്ഷമിപ്പോൾ
കൃഷ്ണാദൃകൂലഹരഹൃത്തടമധ്യതോ ഞാ–
നുഷ്ണം കുടിച്ചു രുധിരം നഖരൈർവിഭിന്ദൻ.—വേണീസംഹാരം

ഇവിടെ 'കോദണ്ഡഹസ്തൻ', 'അഭിമാനി' ഇതു രണ്ടും സുയോധനനു വിശേഷണമായിട്ടാണു് കവി വിചാരിച്ചിരിക്കുന്നതു്. എന്നാൽ 'സുയോധനാഗ്രേ' എന്നു സമാസിപ്പിച്ചതിനാൽ അവയ്ക്കു 'സുയോധന'നിൽ അന്വയം തോന്നുകയില്ല. ദൂരത്തിരിക്കുന്ന 'ഞാൻ' എന്നതിനോടു ചേരുന്നതായിട്ടാണു പ്രതീതി. വേറെ ഉദാഹരണം:

285. ഒട്ടേറെഗ്ഘോരമാകും ഘടഘടരവമോടഗ്രഭാഗങ്ങൾ ചുററി–
ക്കെട്ടീട്ടാട്ടുന്ന ഞാണാൽ നടുവുടനെ വളഞ്ഞീടുമിച്ചാപദണ്ഡം
ഒട്ടുക്കൊന്നായ് ഗ്രസിപ്പാനലറി രസനയെദ്ദംഷ്ട്ര മുട്ടുന്ന മട്ടിൽ
പെട്ടെന്നാട്ടിപ്പിളക്കും വികടയമമുഖത്തോടു നേരായിടട്ടെ. —ഉ.രാ.

ഇവിടെ 'ചാപദണ്ഡം ഒട്ടുക്കൊന്നായ് ഗ്രസിക്കും' എന്നേ അർത്ഥം തോന്നുകയുള്ളു. കവിയുടെ വിവക്ഷയാകട്ടെ 'ചാപദണ്ഡം (കർത്താവു്) ഒട്ടുക്കു് (=പ്രപഞ്ചം മുഴുവനും) ഗ്രസിപ്പാനായ് വാപിളക്കുന്ന യമന്റെ മുഖത്തോടു തുല്യമായിത്തീരട്ടെ!' എന്നാകുന്നു.

വേറെവിധത്തിൽ വരുന്നതിനു് ഉദാഹരണം:

286. അകാര്യബന്ധു ഭക്തന്മാ–
ർക്കേകനദ്വയനവ്യയൻ
ഭവാനീപതിയായീടും
ഭഗവാനെബ്ഭജിക്കുവിൻ! —സ്വ.

ഇതിൽ 'അകാര്യബന്ധു=കാര്യമുദ്ദേശിക്കാതെ ബന്ധുവായവൻ' എന്നാണർത്ഥം. എങ്കിലും അകാര്യത്തിൽ ബന്ധു എന്ന ദുഷ്പ്രതീതി ദുഷ്പരിഹാര്യമായിരിക്കുന്നു. 'ഭവാനീപതി' എന്നതും ദുഷ്ടമാകുന്നു. ഭവന്റെ ഭാര്യ ഭവാനി; ഭവാനിയുടെ പതി* എന്നു പിന്നീടു ചേർക്കുമ്പോൾ ദുരർത്ഥം തോന്നുന്നു.

## 18. ഭഗ്നപ്രക്രമം

തുല്യരൂപങ്ങളായ വസ്തുക്കളെക്കുറിച്ചു പ്രസ്താവിക്കുമ്പോൾ ആരംഭിച്ച വാക്യരീതിയെ ഇടയ്ക്കു വിടുകയോ ആദ്യം എടുത്ത പദത്തിനു പകരം പിന്നീടു പര്യായം ഉപയോഗിക്കുകയോ ചെയ്യുന്നിടത്തു് ഈ ദോഷം. ഏകരൂപമായി പ്രസരിക്കുന്ന പ്രതീതിക്കു മദ്ധ്യേഭംഗം മനസ്സു മടുപ്പിക്കുന്നു. ഇതാണു് ഇവിടെ ദോഷബീജം. ഇതു പലവിധമായി വരും. ഉദാഹരണങ്ങൾ:

---

* ഭവാനിക്കു മറെറാരു പതിയുണ്ടെന്നു തോന്നും.

1. കാട്ടിൽ കൂട്ടുവിളിപ്പതാം...[1] —നിദൎശനോദാഹരണം

ഇതിൽ 'വിളിപ്പതാം', 'കാണിപ്പതാം', 'കഷ്ടിപ്പതാം' ഇത്യാദി ഭാവിരൂപങ്ങളുടെ മദ്ധ്യേ 'തലോടുന്നതാം', 'നട്ടീടുന്നതാം' എന്നു രണ്ടെണ്ണം മാത്രം വൎത്തമാനരൂപങ്ങളാക്കിയതിൽ പ്രക്രമഭംഗം. 'നട്ടീടുന്നതുമാം' എന്നു് ഇടയ്ക്കൊരു ദിക്കിൽ മാത്രം 'ഉം' എന്ന സമുച്ചയം ചേൎത്തതിൽ വേറെയും ഒരു പ്രക്രമഭംഗമുണ്ടു്.

287. 2. വദനം പ്രസാദസദനം,
സദയം ഹൃദയം, സുധാസമം വാക്യം;
കരണം പരോപകരണം,
പറയുന്നിവ പൂരുഷന്റെ പാരമ്യം. —സുഭാ. രത്നാ.

ഇതിൽ വിശേഷണവിശേഷ്യങ്ങൾക്കു ക്രമത്തെറ്റു്.

288. 3. കണ്ണൻ ത്വക്കും, മാംസം
ശിബിയും, ജീമൂതവാഹനൻ പണ്ടു്
ജീവനെ,യസ്ഥി ദധീചിയു-
മേകി; മഹാത്മാക്കളെന്തു നല്കില്ല. —സുഭാ. രത്നാ.

ഇതിൽ കൎത്തൃകൎമ്മങ്ങളെയും 'ഉം' എന്ന സമുച്ചയത്തെയും ക്രമംകൂടാതെ പ്രയോഗിച്ചിരിക്കുന്നു. 'ഏകി' എന്നതിനു് എതിരായി 'നല്കില്ല' എന്ന പൎയ്യായപ്രയോഗത്തിൽ മറ്റൊരുവിധം പ്രക്രമഭംഗം.

289. 4. കുട്ടികൾ ബാല്യമതിൽ വേണ്ട വിവേകമേകി-
പ്പുഷ്ടിപ്പെടുത്തുവതിനും, ദയിതന്റെ കാൎയ്യം
ഇഷ്ടാനുസാരമഖിലം നിറവേററുവാനും
മട്ടാൎന്ന വാണികളിൽ വിദ്യ വിശേഷഹേതു. —സുഭാ. രത്നാ.

ഇവിടെ 'പുഷ്ടിപ്പെടുത്തുവതിനും' എന്നു് ആദ്യം താദൎത്ഥ്യം കുറിപ്പാൻ ചതുൎത്ഥി പ്രയോഗിച്ചിട്ടു പിന്നീടു് 'നിറവേററുവാനും' എന്ന പിൻവിനയെച്ചം ഉപയോഗിച്ചതു ശരിയായില്ല.

290. 5. താപം തീരെശ്ശമിച്ചു, തരണി ജലധിയിൽ ചെന്നു താനേ പതിച്ചു,
ദീപം പാരം ജ്വലിച്ചു, ദിശിദിശി ശശിബിംബം പ്രകാശിച്ചുദിച്ചു;
ചാപല്യത്തിന്നുറച്ചു ചടുലനയനമാർ ഭൂഷണൌഘം ധരിച്ചു,
ശ്രീ പത്മത്തെ ത്യജിച്ചു, ചിതമൊടു സമയം സായമേവം ഭവിച്ചു.
—ഭഗവദ്ദൂതു്

ഇതിൽ മൂന്നാംപാദത്തിൽ മാത്രം രീതി മാറിപ്പോയി. പ്രക്രമബലത്താൽ ഭൂഷണൌഘം (കൎത്താവു്) എന്തിനെയോ ധരിച്ചു എന്നൎത്ഥം തോന്നിപ്പോകുന്നു.

''നിൻ നേത്രത്തിനു തുല്യമാം കുവലയം''[2]—പ്രതീപോദാഹരണം.

ഇതിൽ കൎത്തരിപ്രയോഗങ്ങളുടെ മദ്ധ്യേ രണ്ടാംപാദത്തിൽ മാത്രം കൎമ്മണിപ്രയോഗം. ഇതുപോലെ വേറെയും പ്രകാരഭേദങ്ങൾ ഊഹിച്ചുകൊൾക.

## 19. അക്രമം

നിപാതങ്ങൾ അടുത്തിരിക്കുന്ന പദത്തിലേ അന്വയിക്കൂ. അവയെ ക്രമം മാററി പ്രയോഗിക്കുന്നിടത്തു് ഈ ദോഷം. ഉദാഹരണം:

291. ഇന്നിസ്സൈരമയേ! കളിക്കുക ചിരിച്ചെന്നോതുമാളീജനം
തന്നെക്കണ്ടു്, നകൊണ്ടടിക്കുമഗജാ പാലിക്കണം നിങ്ങളെ.

---

1. 42-ാംപദ്യം നോക്കുക.
2. 14-ാംപദ്യം നോക്കുക.

ഇവിടെ 'എന്നു' എന്ന നിപാതം 'ചിരിച്ചു' എന്നതിനു മുൻപിൽ പ്രയോഗിക്കേണ്ടതായിരുന്നു. 'എന്നു ചിരിച്ചോതി' എന്നാണു് വിവക്ഷിതാർത്ഥം. വേറെ ഉദാഹരണം:

292. ശുശ്രൂഷചെയ്‌വാനുമ കാത്തുനില്ലു-
ന്നെന്നാശു ക്ലുപ്തീട്ടറിയിച്ചു നന്ദി
ഭ്രൂക്ഷേപമാകുന്നൊരനുജ്ഞ വാങ്ങി
പ്രവേശവും നല്കിയിവർക്കു വേഗാൽ. —കു. സം.

ഇവിടെ 'പ്രവേശം നല്കയും ചെയ്തു' എന്നു ക്രിയകൾക്കാണു് സമുച്ചയം വിവക്ഷിതം.

അനന്തരം അർത്ഥദോഷങ്ങളെ പരിഗണിക്കുന്നു.

## III. അർത്ഥദോഷങ്ങൾ

**അപുഷ്ടം വ്യാഹതം മിശ്രം**
**സാകാംക്ഷമനവീകൃതം**
**പുനരുക്തം വിശേഷാദി-**
**പരിവൃത്തവുമിങ്ങനെ**
**മുൻചൊന്നൊരശ്ലീലാദികൾ**
**പുറമേ വാക്യദോഷമാം. 127**

'അപുഷ്ടം' മുതലായ ഏഴെണ്ണം അർത്ഥത്തിനുമാത്രം സംഭവിക്കുന്ന ദോഷങ്ങൾ. 'വിശേഷാദിപരിവൃത്തം' എന്നിടത്തു് ആദിശബ്ദത്താൽ സാമാന്യം, നിയമം, അനിയമം ഇവയെ ഗ്രഹിക്കേണ്ടതാകുന്നു. അതിനാൽ 'വിശേഷപരിവൃത്തം', 'സാമാന്യപരിവൃത്തം', 'സനിയമപരിവൃത്തം', 'അനിയമപരിവൃത്തം' എന്നു പരിവൃത്തങ്ങൾ നാലു്. ഇങ്ങനെ ആകെ അർത്ഥദോഷങ്ങൾ പത്തു്. ഇവ കൂടാതെ മുൻപു പദവാക്യങ്ങൾക്കു പറഞ്ഞിട്ടുള്ള ദോഷങ്ങളിൽ 'അശ്ലീലാദി' പലതും അർത്ഥത്തിനും സംഭവിക്കുന്നതിനാൽ അവയെയുംകൂടി ചേർത്തുകൊള്ളണമെന്നർത്ഥം. അശ്ലീലാദിയാവിതു്—അശ്ലീലം, ക്ലിഷ്ടം, അക്രമം, ഗ്രാമ്യം, സന്ദിഗ്ദ്ധം, പ്രസിദ്ധിഹതം, അപദസ്ഥപദം (അല്ലെങ്കിൽ അപദയുക്തം), വിരുദ്ധമതികാരി (അല്ലെങ്കിൽ പ്രകാശിതവിരുദ്ധം), അവിമൃഷ്ടവിധേയം (അല്ലെങ്കിൽ വിധ്യയുക്തം; ഇതിൽ അനുവാദയുക്തംകൂടിച്ചേർക്കാം), സമാപ്തപുനരാത്തം ഇവയാകുന്നു. പദത്തിൽമാത്രം സ്പർശിക്കുന്നതു പദദോഷം; വാക്യത്തെ ബാധിക്കുന്നതു വാക്യദോഷം; പദവും വാക്യരീതിയും ഭേദപ്പെടുത്തിയാലും പോകാത്തതു് അർത്ഥദോഷം എന്നുള്ള താരതമ്യം ഓർത്തുകൊണ്ടു് ഇവ അർത്ഥദോഷങ്ങളായി വരുന്നതിനു സ്വയമേ ഉദാഹരണങ്ങൾ ആലോചിച്ചു കൊൾക. അപുഷ്ടാദി പത്തുകൾക്കു മുറയ്ക്കു ലക്ഷണവും ഉദാഹരണവും:

### 1. അപുഷ്ടം

നിഷ്പ്രയോജനമോ അന്യഥാസിദ്ധമോ ആയതു്. ഉദാഹരണം:

293. നീരുൾക്കൊണ്ടൊരു കാർകൊണ്ടൽ
നിരാലംബനമായിടും
വാനത്തിതാ വിളങ്ങുന്നു
മാനം വിടുക മാനിനി! —സ്വ.

ഇവിടെ 'നിരാലംബനമായിടും' എന്ന വാനിന്റെ വിശേഷണത്താൽ 'കാർകൊണ്ടൽ വിളങ്ങുന്നു' എന്ന പ്രതിപാദ്യവസ്തുവിനു് ഒരു ഫലവും സിദ്ധിക്കുന്നില്ല. അതിനാൽ അതു നിഷ്പ്രയോജനം. മേഘം കറുക്കുന്നതു നീരുൾ

കൊണ്ടിട്ടാകയാൽ 'കാർകൊണ്ട'ലിനു് 'നീരുംകൊണ്ട' എന്ന വിശേഷണം അന്യഥാ സിദ്ധം. 'വാചം ബഭാഷേ', 'വാണീമഭാണീൽ' (ആട്ടക്കഥകളിൽ), 'മനസ്സുകൊണ്ടു വിചാരിച്ചു', 'കണ്ണുകൊണ്ടു കണ്ടു' ഇത്യാദി പ്രയോഗങ്ങളും ഈ ദോഷത്തിനു മുഖ്യോദാഹരണങ്ങളാകുന്നു. എന്നാൽ വാക്കു്, മനസ്സു് മുതലായതിനു വല്ല വിശേഷണവും ചേർക്കുന്നതിനുവേണ്ടി അവയെ എടുത്തു പറയുന്ന പക്ഷം യാതൊരു ദോഷവുമില്ല. എങ്ങനെ:

294. ശുചാന്ധമാം മനംകൊണ്ടു
വിചാരിച്ചിട്ടുരക്ഷണം
കർക്കശാക്ഷരമായീടും
വാക്യമൊന്നവനോതിനാൻ. —സ്വ.

## 2. വ്യാഹതം

ഒരു വസ്തുവിനു് ആദ്യം ഉൽകൃഷ്ടമോ അപകൃഷ്ടമോ പറഞ്ഞിട്ടു് ഉടൻതന്നെ അതിനു നേരേ മറിച്ചു് അപകൃഷ്ടമോ ഉൽകൃഷ്ടമോ പ്രതിപാദിക്ക, ഇത്യാദി മട്ടിൽ പരസ്പരവിരോധമുള്ളതു്. ഉദാഹരണം:

295. നന്നായു് പാരിൽ ജയിക്കുന്നൊരു ശശികലതൊട്ടുള്ള വസ്തുക്കളോരോ-
ന്നിന്നുണ്ടേററം സ്വതേ രമ്യതയൊടുമവയുൽക്കണ്ഠ ചേർക്കുന്നുമുണ്ടു്;
എന്നാലിയുള്ളവന്നീഭുവനമതിലഹോ! ലോചനജ്യോത്സ്നയാമ-
ക്കന്യാവിൻ കാഴ്ചയൊന്നേ കൊടിയൊരു മഹമാകുന്നതിജ്ജന്മമെല്ലാം.
—മാലതീമാധവം

ഇവിടെ പൂർവ്വാർദ്ധത്തിൽ ചന്ദ്രക്കല, ചന്ദ്രിക മുതലായതെല്ലാം തനിക്കു നിസ്സാരങ്ങളാണെന്നു പറഞ്ഞിട്ടു് ഉത്തരാർദ്ധത്തിൽ 'ലോചനജ്യോത്സ്നയാമക്കന്യാവിൻ' എന്നു് ഉൽകൃഷ്ടത്തിനുവേണ്ടി അവളെ ജ്യോത്സ്നയായിട്ടു രൂപണം ചെയ്കതിനാൽ പരസ്പരവിരോധം.

## 3. മിശ്രം

നല്ലതും ചീത്തയും കൂട്ടിക്കലർത്തുക. ഇതിനു 'സഹചരഭിന്നം' എന്നാണു പഴയ പേർ. ഉദാഹരണം:

296. വിനയംകൊണ്ടു വിദ്വാനും
വ്യസനംകൊണ്ടു മൂർഖനും
പ്രതാപംകൊണ്ടു രാജാവും
പ്രകാശിച്ചീടുമേ ഭൃശം. —സ്വ.

ഇതിൽ ഉൽകൃഷ്ടങ്ങളായ വിനയപ്രതാപങ്ങളുടെ മദ്ധ്യേ നികൃഷ്ടമായ വ്യസന(ദ്യൂതാദി)ത്തെയും വിദ്വാൻ, രാജാവു് ഇവരുടെ കൂട്ടത്തിൽ മൂർഖനെയും ചേർത്തതു ദോഷം; ഉൽകൃഷ്ടനികൃഷ്ടങ്ങളെ ഒന്നുപോലെ ഭാവിച്ചതായുള്ള പ്രതീതി ദൂഷകതാബീജം.

## 4. സാകാംക്ഷം

ആകാംക്ഷ ശമിക്കാത്തതു്. ഉദാഹരണം:

297. പരിഭവഭയാദ്യൈനായുക്തം ഗൃഹീതമതായി നീ-
യൊരുപൊഴുതിലും യന്മാഹാത്മ്യാൽ പിഴച്ചതുമില്ല നീ

പരിഹൃതമതായ് തേനാദ്യ ത്വം സുതവ്യസനത്തിനാൽ
പരിചിതമഥാപി ത്വാം ശസ്ത്ര! ത്യജിച്ചിടുമിന്നു ഞാൻ.
—വേണീസംഹാരം

പിതൃവധം കേട്ടു വ്യസനിക്കുന്ന അശ്വത്ഥാമാവിൻെറ ഈ വാക്യത്തിൽ താൻ ശസ്ത്രം ത്യജിക്കുന്നതിനുള്ള കാരണം സ്പഷ്ടമാകാത്തതിൽ ആകാംക്ഷയ്ക്കു പൂർത്തിവരുന്നില്ല. ഈ മാതിരിയിൽ ഹേതുവിൽ ആകാംക്ഷയുള്ളതു് 'നിർഹേതു', ഹേതുവൊഴികെയുള്ളതിൽ ആകാംക്ഷ ശമിക്കാത്തതു്, 'സാകാംക്ഷം' എന്നാണു പൂർവ്വാചാര്യന്മാരുടെ മതം.

## 5. അനവീകൃതം

ഭംഗികൾ മാറ്റി പുതുപ്പിക്കാതെ ഒരേ മട്ടിൽ നീളെത്തുടരുന്നതു്. ഉദാഹരണം:

298. എപ്പോഴുമേ ഭാനു രഥേ ചരിക്കു-
ന്നെപ്പോഴുമേ വായു ചലിച്ചിടുന്നു
എപ്പോഴുമേ ക്ഷ്മാമുരഗം വഹിക്കു-
ന്നെപ്പോഴുമേ ഭൂപനുമുണ്ടു ഭാരം. —സ്വ.

ഇതിൽ ഉപമാനവാക്യങ്ങൾ മൂന്നിനുമുള്ള ഐകരൂപ്യം സഹൃദയർക്കു ഹൃദയോദ്വേജകമായിരിക്കുന്നു. ഈ അർത്ഥംതന്നെ,

299. തുരംഗമാൻ ചേർത്തു സകൃദ്രഥേ രവിർ-
നിരന്തരാരബ്ധഗതിഃ സദാഗതിഃ
ഭരം ധരിക്കുന്നു ഭുവഃ സദാ ഫണീ
ധുരം വഹിക്കും നൃപതിക്കുമിക്രമം. — ഭാ. ശാകു.

എന്നു ഭേദപ്പെടുത്തിയാൽ നവീകൃതമായി പ്രകാശിക്കും.

## 6. പുനരുക്തം

ഉക്തത്തെ ആവർത്തിച്ചു പറയുന്നതു് 'പുനരുക്തം'. പദാർത്ഥനിഷ്ഠമായോ വാക്യാർത്ഥനിഷ്ഠമായോ വരാം. ആദ്യത്തേതിനു് ഉദാഹരണം:

300. കഷ്ടം! മര്യാദ കൈവിട്ടിഹ ഗുരുവരനിൽ ചെയ്തിടും പാപകൃത്യം
ദൃഷ്ടന്മാരാം ഭവാന്മാരനുമതിയൊടു പാർത്തീലയോ നിസ്ത്രപന്മാർ?
പെട്ടെന്നാ നിങ്ങളെല്ലാവരെയുമിഹ രണേ കൃഷ്ണനൊന്നിച്ചിദാനീം
ദിഷ്ടാന്തം ചേർത്തു രക്തക്കുരുതിബലി ദിശാദേവികൾക്കേകുവൻ ഞാൻ.
—വേണീസംഹാരം

'അല്ലയോ യുധിഷ്ഠിര! സാത്യകേ! ഭീമ! കൃഷ്ണ!' എന്നു് കൃഷ്ണനെക്കൂടി പ്രത്യേകം സംബോധനചെയ്തിട്ടു പറയുന്ന ഈ അശ്വത്ഥാമവാക്യത്തിൽ 'നിങ്ങൾ' എന്നതിൽ കൃഷ്ണൻകൂടി ഉൾപ്പെട്ടുപോയതിനാൽ 'കൃഷ്ണനൊന്നിച്ചു്' എന്നതു 'പുനരുക്തം'. രണ്ടാമത്തേതിനു് ഉദാഹരണം:

---

പദ്യം 297. യേന (യാതൊരു ദ്രോണനാൽ) പരിഭവഭയാൽ (തോൽക്കരുതെന്നു കരുതി) അയുക്തമപി (കുലവിരുദ്ധമായിട്ടുപോലും) നീ ഗൃഹീതമതായി (നിന്നെ കൈയേറ്റു). യന്മാഹാത്മ്യാൽ (ഏതൊരു ദ്രോണൻെറ മാഹാത്മ്യത്താൽ) നീ ഒരു പൊഴുതിലും പിഴച്ചതുമില്ല. തേന (ആ ദ്രോണനാൽ). സുതവ്യസനത്തിനാൽ (അശ്വത്ഥാമാവു കൊല്ലപ്പെട്ടു എന്നു കേട്ടു്). പരിഹൃതമതായി (ഉപേക്ഷിക്കപ്പെട്ടു). പരിചിതമഥാപി (എനിക്കു സുപരിചിതനാണെങ്കിലും) ശസ്ത്ര! (അല്ലയോ ആയുധമേ). ത്വാം (നിന്നെ) ത്യജിക്കുന്നു എന്നു് അർത്ഥയോജന.

301. വിവേകമില്ലാശ്ശിലനേകമാപ-
ത്തെവന്നുമുണ്ടാമവനീതലത്തിൽ
അകാര്യവും കാര്യവുമിന്നതെന്ന-
തോക്കുന്നവൻതന്നെ വിപദ്വിദൂരൻ. —സ്വ.

ഇതിൽ പൂൎവ്വാൎദ്ധത്തിൻെറയും ഉത്തരാൎദ്ധത്തിൻെറയും വാക്യാൎത്ഥം പൎയ്യവസാനത്തിൽ ഒന്നുതന്നെ.

## 7. വിശേഷപരിവൃത്തം

വിശേഷം വേണ്ടിടത്തു സാമാന്യം പറയുന്നതു്. ഉദാഹരണം:

302. അൎദ്ധരാത്രിസമയത്തിലുമില്ലി-
പ്പട്ടണത്തിലഭിസാരികമാൎക്കു്
തീച്ചെടിപ്പടതഴച്ചിടുമപ്പു-
ജ്വാലയാൽ തിമിരബാധയശേഷം. —ക. സം.

ഇവിടെ 'ദുൎദ്ദിനാൎദ്ധനിശയിങ്കലും', എന്നു് രാത്രിവിശേഷം പറയേണ്ടതാണു്. നിലാവോ നക്ഷത്രവെളിച്ചമോ ഉള്ള രാത്രികളിൽ തിമിരബാധയ്ക്കു് പ്രസക്തിയില്ലല്ലോ!

## 8. സാമാന്യപരിവൃത്തം

സാമാന്യം വേണ്ടിടത്തു് വിശേഷം പറക. ഉദാഹരണം:

303. അല്ലേ സമുദ്ര! മഹിതം മണിജാലമെല്ലാം
കല്ലോലതീവ്രഹതികൊണ്ടവമാനിയാശ്ശു;
ഉല്ലാസമേറുമൊരു കൗസ്തുഭകാരണത്താൽ
മല്ലാരിയും നിജകരം തവ നീട്ടിയില്ലേ? —സ്വ.

ഇവിടെ 'കൗസ്തുഭം' എന്ന രത്നവിശേഷത്തെ എടുത്തുപറഞ്ഞതു ശരിയായില്ല. കൗസ്തുഭം മാത്രം ഉപകരിച്ചതുകൊണ്ടു് ശേഷമുള്ളതിനെ അവമാനിച്ചുകൂടെന്നുവരുന്നതല്ലല്ലോ. അതിനാൽ 'ഉല്ലാസമേറുമതിലൊന്നു നിമിത്തമായി' എന്നു സാമാന്യമായിപ്പറയേണ്ടതാണു്.

## 9. അനിയമപരിവൃത്തം

നിയമം വേണ്ടാത്തിടത്തു് അതു ചെയ്യുന്നതു്. ഉദാഹരണം:

304. വദനം ചന്ദ്രകാന്തംതാൻ
പാദമോ പത്മരാഗമാം
പ്രതാപം സൂര്യകാന്തം തേ
രത്നരൂപൻ ഭവാൻ നൃപ! —സ്വ.

ഇവിടെ 'ചന്ദ്രകാന്തം താൻ' എന്ന നിയമം അനാവശ്യകം.

---

പദ്യം 302. ഹിമവാൻെറ രാജധാനിയായ ഓഷധിപ്രസ്ഥത്തിൻെറ വൎണ്ണന. തീച്ചെടി—രാത്രിയിൽ വെളിച്ചം പൊഴിക്കുന്ന ഒരുതരം ചെടി. തിമിരബാധ—ഇരുട്ടിൻെറ ശല്യം. വൃത്തിയിൽ പറയുന്ന 'ദുൎദ്ദിനാൎദ്ധനിശയ്ക്കു്' മേഘച്ഛന്നമായ ദിവസത്തിൻെറ അൎദ്ധരാത്രി എന്നൎത്ഥം.

## 10. സനിയമപരിവൃത്തം

നിയമം വേണ്ടിടത്തു് അതു ചെയ്യാതിരിക്കുന്നതു്. ഉദാഹരണം:

305. കരം ഗ്രഹിച്ചൻപൊട്ട രാഗമേറി-
ഷതുംവിധം ലാളനചെയ്തു നിത്യം
പ്രജോദയത്തിൽ തുനിയാതിരിക്കും
പ്രജേശ്വരൻ ഭുവിനു ശബ്ദഭത്താ. —സ്വ.

ഇതിൽ ശബ്ദംകൊണ്ടുമാത്രം ഭത്താവെന്നു് നിയമം വേണ്ടതാണു്. അതിനാൽ 'ഭൂപതി ശബ്ദമാത്രേ' എന്നു പാഠം ആക്കണം.

## IV. അലങ്കാരദോഷങ്ങൾ

**അലങ്കാരത്തിലെദ്ദോഷ-**
**മിവയിൽത്തന്നെയുൾപ്പെട്ടും.** 128

ഇച്ചൊന്ന പദവാക്യാർത്ഥദോഷങ്ങളിൽ അന്തർഭവിക്കാതെ അലങ്കാരദോഷങ്ങൾ വേറെ ഒരുവകയായിട്ടില്ല. എങ്ങനെ എന്നാൽ സാമ്യമൂലാലങ്കാരങ്ങളിൽ (a) സാധാരണധമ്മത്തിനു് അപ്രസിദ്ധി (b) ഉപമാനത്തിനു് അസംഭവം. അതിനുതന്നെ, (c) ജാതി (d) പ്രമാണങ്ങളിൽ (1) ആധിക്യ (2) ന്യൂനതകൾ; അർത്ഥാന്തരന്യാസത്തിൽ (e) ഉൽപ്രേക്ഷിതമായ വിശേഷത്തിനോ സാമാന്യത്തിനോ സമർത്ഥനം. ഇത്യാദികൾ 'അനുചിതാർത്ഥ'ത്തിന്റെ വകഭേദങ്ങളാകുന്നു. ക്രമേണോദാഹരണങ്ങൾ:

306. (a) സ്പഷ്ടാർത്ഥരശ്മിയൊടു കാവ്യശശീ വിഭാതി.

ഇതിൽ 'ആഹ്ലാദകത്വം' എന്ന സാധാരണധമ്മം അപ്രസിദ്ധം.

(b) ചേലൊത്ത ചെന്തളിരിൽനിന്നുളവായ നല്ല
മുല്ലപ്രസൂനമതിനോടു സമം സ്മിതം തേ.

[തളിരിൽ പൂവുണ്ടാകാത്തതിനാൽ ഉപമാനാസംഭവം.]

(c) ചണ്ഡൻ ചണ്ഡാളനെപ്പോലെ
ശണ്ഠയിൽ പാണ്ഡുനന്ദനൻ.

[ഉപമാനത്തിന്റെ ജാതിയിൽ ന്യൂനത.]

(d2) വന്മലയ്ക്കുള്ള ശിഖരം
വല്മീകംപോലെയുന്നതം.

[ഉപമാനത്തിന്റെ പ്രമാണത്തിൽ ന്യൂനത.]

(c2) നീലകണ്ഠൻ ബഹിയിവൻ
നീലലോഹിതതുല്യനാം.

[ഉപമാനത്തിന്റെ ജാതിയിൽ ആധിക്യം.]

(d1) ആഴിപോലെ വിളങ്ങുന്നി-
താഴമേറുന്ന വൻകുഴി.

[ഉപമാനത്തിന്റെ പ്രമാണത്തിൽ ആധിക്യം.]

(e) കാക്കുന്നിവൻ കതിരവന്റെ കരപ്രഹാരം
പേടിച്ചൊളിച്ച ഗുഹയേറിടുമന്ധകാരം
സ്നേഹിച്ചിടുന്നിഹ മഹത്തുകളാശ്രയിച്ചാൽ
ക്ഷുദ്രോട്ട സത്തിലുമസത്തിലുമൊന്നുപോലെ. —കു. സം.

ഇവിടെ ഹിമവാൻ ഗുഹകളിൽ അന്ധകാരത്തെ സൂര്യനിൽനിന്നു രക്ഷി

കുന്നു എന്നതു് കവി ഉൽപ്രേക്ഷകൊണ്ടു ചമച്ചതേ ആകുന്നുള്ളു. അതിനെ പിന്നീടു സമർത്ഥിക്കാൻ പുറപ്പെടുന്നതിനാവശ്യമില്ല.

ഉപമയിൽ സാധാരണധർമ്മത്തിനു് ആധിക്യം 'അധികപദ'ത്തിനും, ന്യൂനത 'ന്യൂനപദ'ത്തിനും ഉദാഹരണമാകുമെന്നു സ്പഷ്ടം.*

(1) സമാസോക്തിയിൽ വിശേഷണസാമ്യത്താൽ അപ്രകൃതാർത്ഥത്തിനു പ്രതീതി വരുന്നതായിരിക്കെ അതിനെ ശബ്ദംകൊണ്ടു പറകയും, (2) അപ്രസ്തുതപ്രശംസയിൽ-വ്യഞ്ജനകൊണ്ടു പ്രകൃതത്തിനു് സ്ഫൂർത്തിവരുന്ന സ്ഥിതിക്കു് അതിനെ എടുത്തു പറകയും 'പുനരുക്ത'ത്തിൽ ചേരും. ഉദാഹരണങ്ങൾ:

307. (1) വ്യയിച്ചുതീർന്നു വസുവെന്നു കാണ്കവേ
സുരക്തനായ് താനമരുന്ന സൂര്യനെ
നിജാങ്കണത്തിന്നു പുറത്തിറക്കിനാൾ
പ്രതീചിയാം വേശ്യ വിശങ്കയെന്നിയേ. —സ്വ.

ഇവിടെ സമാസോക്തിബലത്താൽ പ്രതീചിക്കു് വേശ്യാത്വം സിദ്ധിക്കുന്നതിനാൽ 'പ്രതീചിയാം വേശ്യ' എന്ന രൂപകത്തിൽ പൗനരുക്ത്യം.

308. (2) പക്ഷികളുള്ള വിരുന്നിൽവന്ന മശകന്നഗ്രാസനം വാര്യമോ?
രത്നത്തിൻഗണനത്തിലഭ്രമതിനും സ്ഥാനം കിടയ്ക്കും ധ്രുവം;
തേജസ്വിക്കവകാശമുള്ളതിൽ വിടാ മിന്നാമിനുങ്ങൊന്നുമേ;
ജാത്യുൽക്കർഷമപൗരുഷപ്രഭുതപോൽ നിസ്സാരമാം നിർഗ്ഗുണം. —സ്വ.

ഇവിടെ പാദത്രയത്തിലെ അന്യാപദേശംകൊണ്ടു് അപൗരുഷനായ പ്രഭുവിന്റെ നിസ്സാരതയാകുന്ന പ്രകൃതത്തിനു വ്യക്തി† ഇരിക്കെ ഉപമകൊണ്ടു് അതു വിളിച്ചുപറഞ്ഞതു് 'പുനരുക്തം'.

ഉപമയിൽ സാധാരണമായ വിശേഷണത്തിനു് ഉപമാനോപമേയങ്ങളിൽ

(1) ലിംഗ(2)വചനഭേദം പ്രക്രമഭംഗമാകും. ഉദാഹരണം:

309. (1) 'ഇന്ദീവരാക്ഷി നിൻ വക്ത്രം സുന്ദരം ചന്ദ്രനെന്നപോൽ'.

ഇവിടെ 'വക്ത്രം സുന്ദരം', 'ചന്ദ്രൻ സുന്ദരൻ' എന്നു ലിംഗഭേദം.

310. (2) 'പല്ലവാധരി! നിൻപല്ലു മുല്ലമൊട്ടുകൾപോൽ സിതം'.

---

* ഉദാ: ആഭയാലമ്പിളിക്കൊപ്പം
ശോഭിക്കുന്നയി! നിൻമുഖം
അതുകൊണ്ടപരാസ്യങ്ങ–
ളംബുജാതങ്ങൾപോലെയായ്.

പൂർവ്വാർദ്ധത്തിൽ 'ആഭാ', അധികപദം. ഉത്തരാർദ്ധത്തിൽ 'കൂമ്പുന്നു' എന്നു പറയാത്തതിനാൽ ശോഭിക്കുന്നു എന്നുതന്നെ തോന്നിപ്പോകാനിടയുണ്ടു്. അതിനാൽ 'ന്യൂനപദം'.

പദ്യം 307. വ്യയിക്കുക=ചെലവഴിക്കുക. വസു=കിരണം (സ്വത്തെന്നും). സുരക്തൻ=ചുവന്ന നിറമുള്ളവൻ (അനുരക്തനെന്നും). പ്രതീചി=പടിഞ്ഞാറേദിക്കു്. വിശങ്ക=ശങ്ക.

പദ്യം 308. പക്ഷിക്കൊരു വിരുന്നുവച്ചാൽ അതിൽ കൊതുകിനും ഇരിപ്പിടം കൊടുക്കേണ്ടിവരും. രത്നത്തെ ഗണിക്കുമ്പോൾ അഭ്രവും വകയിൽപ്പെടും. തേജസ്സുള്ളവയുടെ കൂട്ടത്തിൽ മിന്നാമിനുങ്ങുമുണ്ടു്. നിർഗ്ഗുണമായ ജാത്യുൽക്കർഷം അപൗരുഷപ്രഭുതപോലെ നിസ്സാരമാണു്.

† വ്യഞ്ജന.

ഇവിടെ 'പല്ല് സിതം'; 'മുല്ലമൊട്ടുകൾ സിതങ്ങൾ' എന്നു വചനഭേദം. ഇത്യാദി വേറെയും ഊഹിക്കുക.

ഇനി ദോഷങ്ങൾക്കു ചിലേടത്ത് അനിത്യത ഉള്ളതിനെ എടുത്തുകാണിക്കുന്നു:

## V. അനിത്യദോഷങ്ങൾ

**രസക്ഷതികരം ദോഷം;**
**രസക്ഷതി വരായ്കിലോ**
**വിഷൗഷധന്യായവശാൽ**
**ദോഷമെല്ലാമദോഷമാം.** 129

രസക്കേടുളവാക്കുന്നതാണു ദോഷം; ദോഷങ്ങളിൽ ഒന്നിന്റെ ലക്ഷണമിരുന്നാലും ഒരിടത്തു പ്രകരണാദിമാഹാത്മ്യത്താൽ ആ രസക്കേടു തോന്നാത്തപക്ഷം അവിടെ ദോഷമുള്ളതായി വിചാരിച്ചുകൂടാ; വിഷം ചിലപ്പോൾ ഔഷധമാകുന്നതുപോലെ എന്നു ദൃഷ്ടാന്തം. ഈ സാമാന്യവിധിപ്രകാരം ദോഷം ചിലേടത്ത് ഉദാസീനമായും, ചിലേടത്തു പ്രത്യുത ഗുണമായും വരുമെന്നു കാണുക. മാർഗ്ഗപ്രദർശനത്തിനായി ചില അപവാദസ്ഥലങ്ങളെ ചൂണ്ടിക്കാണിക്കുന്നു

**ഉദ്ധതം വസ്തുചൊല്ലുമ്പോൾ,**
**ക്രുദ്ധന്റെ വചനത്തിലും,**
**ബീഭത്സരൗദ്രങ്ങളിലും,**
**ദുശ്ശ്രവം ഗുണമായ് വരും.** 130

ഇതിലെല്ലാം ബന്ധപാരുഷ്യം ശോഭാകരമാകയാൽ 'ദുശ്ശ്രവം' അതിനെ ബലപ്പെടുത്തുകയേ ഉള്ളു എന്ന യുക്തിയാൽ അതിനു ഗുണത്വം. ഉദാഹരണങ്ങൾ സ്വയം ഊഹിച്ചുകൊള്ളുക. ഇതു കൂടാതെ മുൻചൊന്ന 'ദുശ്ശ്രവോ'ദാഹരണം ഒരു വൈയാകരണൻ തന്റെ സാമർത്ഥ്യം കാണിപ്പാൻവേണ്ടി പറയുന്ന വാക്യമാണെങ്കിൽ അതിൽ 'കല്പിപ്പിപ്പതു' എന്നതു ഗുണമായിത്തന്നെ ഇരിക്കും.

**ഗ്രാമ്യാശ്ലീലാപ്രയുക്തങ്ങൾ**
**നീചപാത്രോക്തിയിൽ ഗുണം.** 131

മാർത്താണ്ഡവർമ്മ എന്ന ആഖ്യായികയിൽ ശങ്കുവാശാന്റെയും സുന്ദരയ്യന്റെയും മറ്റും വാക്കുകൾ ഉദാഹരണം. ഇവിടെ ദോഷം വക്തൃതാദാത്മ്യബോധം ഉളവാക്കുന്നതിനു ഉപകരിക്കയാൽ ഗുണമായിച്ചമയുന്നു.

**അപുഷ്ടാർത്ഥാപ്രയുക്തങ്ങൾ**
**ശ്ലേഷത്തിൽ ദോഷമായിടാ.** 132

ശ്ലേഷസമ്പാദനത്തിനു ഉപയോഗപ്പെടുന്നതിനാൽ ദോഷകോടിയിൽ ചേരാതെ ഉദാസീനമായിരിക്കുമെന്നർത്ഥം. ശ്ലേഷപ്രകരണത്തിൽ കൊടുത്തിട്ടുള്ള* ഉദാഹരണത്തിൽ 'പുഷ്പവനാന്തവിലാസം' എന്നതു 'അപുഷ്ട'ത്തിനും 'കമലം' 'അപ്രയുക്ത'ത്തിനും ഉദാഹരണം.

**അപ്രതീതം പദം കൊള്ളാം**
**ശാസ്ത്രീയപ്രകൃതങ്ങളിൽ.** 133

പ്രകരണൗചിത്യത്താൽ ദോഷാഭാവം. അദ്ധ്യാത്മരാമായണാദിയിലെ ഈശ്വരസ്തുതികളിൽ സാംഖ്യവേദാന്താദി ശാസ്ത്രീയശബ്ദബാഹുല്യം ഉദാഹരണം.

(a) **വിസ്മയാദി വികാരത്തിൽ**
(b) **ലാടാനുപ്രാസമെന്നതിൽ**

---

* 166-ാം പദ്യം നോക്കുക.

(c) അർത്ഥാന്തരസംക്രമിത-
വാച്യമാം ധ്വനിയിങ്കലും
(d) വിധിച്ചനുവദിക്കുന്ന
പോതുമുക്തപദം ഗുണം. 134

ഉദാഹരണങ്ങൾ:

(a) വിസ്മയം, വിഷാദം, ദൈന്യം, ദയ, പ്രസാദനം മുതലായതു് വിസ്മയാദിവികാരം.

311. ചിത്രം ചിത്രം ധരണിയിലിതാ കാണ്ക സമ്പൂർണ്ണചന്ദ്രൻ.

(b) ലാടാനുപ്രാസം.

312. നരന്നു ഭാഗ്യമുണ്ടെങ്കിൽ
കുലശീലാദിയെന്തിനു്?
നരന്നു ഭാഗ്യമില്ലെങ്കിൽ
കുലശീലാദിയെന്തിനു്?

(c) അർത്ഥാന്തരസംക്രമിതം.

313. (i) വസന്തമാം കാലമണഞ്ഞിടുമ്പോ-
ളക്കാക്കതാൻ കാക്ക, പികം പികം താൻ.

(d) വിധിച്ചനുവദിക്ക.

314. (ii) രക്തനാമുദയേ സൂര്യൻ
രക്തനസ്തമയത്തിലും.

പ്രതീതിക്കുറവില്ലെങ്കിൽ
സാകാംക്ഷാനപദങ്ങളും

ദോഷമല്ല എന്നു ചേർക്കണം. അതിനു് ഉദാഹരണങ്ങൾ:

315. (1) ..........................................................................
ഏവം നീയിഷ്ടവാക്യം പലതുമനുസരിച്ചോതിയൊന്നിച്ചു വാണാ-
പ്പാവത്തെത്തന്നെ കഷ്ടം! ശിവശിവയിനി ഞാനെന്തിനോതുന്നു ശേഷം?*
—ഉ. രാ. ച.

316. (2) കാലുഷ്യത്തോടു ലോലായിതഭുജലതയാൽ ഗാഢമാബദ്ധ്യ സായം-
കാലേ കേളീഗൃഹത്തിൽ പ്രിയതമനെ നയിച്ചാളിമാർ നോക്കിനില്ക്കെ
'മേലാലീവണ്ണ'മെന്നങ്ങിടറിയരുളിയാഗസ്സിനെസ്സൂചയിത്വാ
ലോലാക്ഷീ നിഘ്നവോതംസം പ്രഹരതി രുദതീ ധന്യമേനം ഹസന്തം.
—അമരുകശതകം

ഇതിൽ, 'മേലാലീവണ്ണം' എന്നുള്ള ന്യൂനപദം അർത്ഥത്തിനു് അധികം പുഷ്ടിവരുത്തുന്നതിനാൽ ഗുണം. ചിലേടത്തു ഗുണവും ദോഷവും അല്ലാതിരിക്കും. ഉദാഹരണം:

317. മായോപായമെടുത്തിടാഞ്ഞവരു മറഞ്ഞു; ശ്രുണ്ഢി മാറും ക്ഷണം;
പോയോ വിണ്ണിനു; നൂനമെന്നിലനുരാഗാർദ്രാശയാണായവരു;

---

* 110-ാം പദ്യം നോക്കുക.

പദ്യം 316. അന്യാസംഗത്തിൽ കലുഷയായ നായിക, കുററം മറയ്ക്കാൻ ശ്രമിക്കുന്ന നായകനെ കേളീഗൃഹത്തിൽ കൂട്ടിക്കൊണ്ടുപോയി, തോഴിമാർ നോക്കിനില്ക്കെ, 'മേലാലീവണ്ണം' എന്നിങ്ങനെ (മേലാൽ ഇങ്ങനെ ചെയ്താൽ ഞാൻ സഹിക്കുകയില്ല എന്നതിന്റെ അദ്ധ്യോക്തി) ഇടറിപ്പറഞ്ഞു കുററം സൂചിപ്പിച്ചിട്ടു് (ലീലാകമലാദികളാൽ) പ്രഹരിച്ചു. ധന്യനായ അവൻ ചിരിക്കുകയും ചെയ്തു.

ആയോ നമ്മുടെ മുന്നിൽ നില്ക്കുമവളെദ്ദൈതേയർ തൊട്ടീടുമോ;
ഹാ! യോഷാമണി ദൃശ്യയല്ലവളിതെന്താവോദ്യ ദൈവോദ്യമം.
—വിക്രമോർവ്വശീയം

ഇതിൽ ശങ്കകളുടെ മദ്ധ്യേ 'അതു് യോജിക്കയില്ല', 'അങ്ങനെ വരുകയില്ല' എന്നോമറേറാ ഉള്ള പദങ്ങളുടെ ന്യൂനതകൊണ്ടു് വിശേഷിച്ചു ഗുണവും ദോഷവും പറവാനില്ല.

ഉദാസീനമതായ് കാണും
സമാപ്തപുനരാത്തവും. 135

ഉദാഹരണം:

318. പാരിലാരിന്നു പോരാളി-
പ്പെരുമാളോടെതിർത്തിടും
പുരാരിക്കു പിറന്നുണ്ടാം
പുരുഷൻ പരനെന്നിയേ?

'ഗർഭിതാ'ദി ചിലതിനു് അദോഷത്വം അവിടവിടെത്തന്നെ പ്രസ്താവിച്ചിട്ടുണ്ടു്. ഇതിനുമേൽ രസദോഷങ്ങളെ വിവരിക്കേണ്ടതുണ്ടു്. അതു് രസനിരൂപണാനന്തരം ചെയ്യപ്പെടും.

---

പദ്യം 317. ഉർവ്വശി ലതയായി മറഞ്ഞു. രാജാവു് അറിഞ്ഞില്ല. അദ്ദേഹത്തിന്റെ ശങ്കാസമാധാനങ്ങളാണു് പദ്യം. ഇതുവരെ മായോപായം കാണിക്കാത്ത അവൾ ഇപ്പോൾ മറഞ്ഞതെന്താവാം? ശുണ്ഠികൊണ്ടായിരിക്കാം. ആ ശുണ്ഠി ക്ഷണംകൊണ്ടു മാറും. അതോ സ്വർഗ്ഗത്തിലേക്കു പോയിരിക്കുമോ? ഇല്ല; എന്നിൽ അനുരാഗാർദ്രയാണവൾ. നമ്മുടെ മുന്നിൽ നില്ക്കുന്ന അവളെ അസുരന്മാർ തൊടാൻ ധൈര്യപ്പെടുമോ? അതുമില്ല. അദ്യ (ഇന്നു്) ദൈവോദ്യമം (വിധി) എന്താവോ എന്നു് അർത്ഥയോജന.

# ഗുണപ്രകരണം

'ദോഷ'ങ്ങളെ വിവരിച്ചതിന്റെ ശേഷം 'ഗുണ'ങ്ങളെ നിരൂപണംചെയ്യു ന്നു. രസത്തിന്ന് അപകർഷം വരുത്തുന്ന ധർമ്മം 'ദോഷം' എന്ന് ദോഷലക്ഷണം ചെയ്ത സ്ഥിതിക്ക് രസത്തിന്ന് ഉൽക്കർഷം വരുത്തുന്ന ധർമ്മം 'ഗുണം' എന്ന് ഗുണലക്ഷണവും സിദ്ധിക്കുന്നു. എന്നാൽ രസോൽക്കർഷകാരികളുടെ കൂട്ടത്തിൽ അലങ്കാരങ്ങളും ഉൾപ്പെടുന്നതിനാൽ അവയ്ക്കും 'ഗുണ'ങ്ങൾക്കും തങ്ങളിൽ എന്തു ഭേദമെന്നു ചോദ്യം വരുന്നു. അതിനാൽ രണ്ടുവകയ്ക്കും വിഷയവിഭാഗം ചെയ്തു കൊണ്ടു് ലക്ഷണം പറയുന്നു:

**അംഗിയായ രസത്തിന്റെ-**
**യുൽക്കർഷത്തിനു ഹേതുവാം**
**സ്ഥിരം ധർമ്മംതന്നെ ഗുണം;**
**ശൌര്യാദ്യാത്മാവിനെന്നപോൽ.** 136

**സ്ഥിതമായ രസത്തിന്റെ-**
**യംഗങ്ങൾക്കുപകാരിയായ്**
**ചേരും ധർമ്മമലങ്കാരം;**
**ഹാരാദ്യാത്മാവിനെന്നപോൽ.** 137

അനേകം അംഗങ്ങളുള്ള മനുഷ്യശരീരത്തിൽ എങ്ങനെ ആത്മാവു പ്രധാനമോ അങ്ങനെ കാവ്യശരീരത്തിൽ രസം പ്രധാനം. ആത്മാവിനു ശൌര്യം മുതലായതെന്നപോലെ രസത്തിന്ന് ഉൽക്കർഷമുളവാക്കുന്നതും വേർപെട്ടു പോകാത്തതുമായി യാതൊരു ധർമ്മമുണ്ടോ അതുതന്നെ 'ഗുണ'മെന്നു പറയപ്പെടുന്നതു് എന്നു ഗുണലക്ഷണം. അലങ്കാരമാകട്ടെ, കണ്ഠാദി മനുഷ്യാംഗത്തിനു മുത്തുമാല മുതലായതെന്നപോലെ ശബ്ദാർത്ഥങ്ങളാകുന്ന കാവ്യാംഗങ്ങൾക്കു ശോഭയുളവാക്കുന്നതു മൂലേന ആത്മാവായ രസത്തിന്ന് ഉപകരിക്കാവുന്നതും വേർപെട്ടിരിക്കാവുന്നതും ആയ ധർമ്മമാകുന്നു. ഈ നിർവ്വചനപ്രകാരം ഗുണമെന്നതു് നേരെ രസധർമ്മമാണ്; അലങ്കാരമോ പരമ്പരയാ രസധർമ്മമായി വരാമെന്നേ ഉള്ളു. ഒന്ന് ആന്തരവും ശാശ്വതവുമാണ്; മറേറതു് ബാഹ്യവും അനിത്യവും ആകുന്നു. രസമില്ലാത്തിടത്തു 'ഗുണ'വുമില്ല; 'അലങ്കാരം' രസമില്ലാത്തിടത്തും വരാം. അതാണ് 'സ്ഥിതമായ രസത്തിന്റെ' എന്ന് വിശേഷണംചെയ്തതു്. രസമുള്ളപക്ഷം 'അലങ്കാരം' അതിന്ന് ഉപകരിക്കണം എന്നു നിർബ്ബന്ധമില്ല.

എല്ലാത്തിനും ഉദാഹരണങ്ങൾ:

319\. 1. കുന്നിച്ചീടും കുളുർമതിരുചാ സുന്ദരേ മന്ദിരേ നാ-
മൊന്നിച്ചിന്ദീവരദളഗളഗ്ഗ്രാഹിനേത്രേ! സ്വഛേന
ചെന്നിട്ടോരോ കളികളിലെഴും കൗതുകത്തോടു വാണോ-
രന്നിക്കഷ്ടസ്ഥിതി വരുവതായോർത്തിരുന്നോ തരിമ്പും? —മ. സ.

ഇവിടെ കരുണരസത്തിന്ന് 'അനുപ്രാസം' ശബ്ദാലങ്കാരം ഉപകാരകം.

320\. 2. ഭീമം വ്യാപിച്ചിടുന്നു ഗരളസദൃശമുന്മാഥിയായ് ചിത്തതാപം
ധൂമംകൂടാതെ വായ്ച്ചോരെരികനലതുപോലുജ്ജ്വലിക്കുന്നു നിത്യം
കാമം ചേർക്കുന്നിതംഗംപ്രതി രുജയനിശം ഘോരമാകും ജ്വരംപോ-
ലീ മാം രക്ഷിപ്പതിന്നെൻ ജനകനുമിഹ മാതാവുമാളല്ല നീയും.
—മാലതീമാധവം

ഇവിടെ 'ഉപമ' അർത്ഥത്തെ അലങ്കരിച്ചുകൊണ്ടു് രസത്തെ പോഷിപ്പി

കുന്നു. വിഷസാദൃശ്യം വ്യാപിക്ക മുതലായ ക്രിയകൾക്കു് അതിശയം സമ്പാദിക്കുന്നതുകൊണ്ടു് വിപ്രലംഭത്തിനു് ഉൽക്കർഷം ഫലിക്കുന്നല്ലോ.

321. ''ദയയൊരു ലവലേശംപോലുമില്ലാത്ത ദേശം...''[1]

ഇതിൽ രസമൊന്നും ഇല്ല എങ്കിലും ശബ്ദാലങ്കാരമായ 'അനുപ്രാസം' ഉണ്ടു്.

322. ആൎത്താ ത്വൽത്തേന്മൊഴിയരികിലുള്ളിഷ്ടയാം ചേടിയോടെൻ-
വാൎത്താമാവൎത്തനമൊടനുയോഗിക്കുമുൽക്കണ്ഠമൂലം,
പാൎത്താലാരുള്ളൊരു തരുണിയിന്നിത്തരം ഭൎത്തൃഭക്താ
മൂൎത്താ പുണ്യോത്കരപരിണതിഃ കേവലം സാ മദീയാ. —മ.സ.

ഇതിൽ ശൃംഗാരരസം സ്ഥിതമെങ്കിലും അതിനു് പ്രാസം പരുഷവൎണ്ണഘടിതമാകയാൽ ഉപകരിക്കുന്നില്ല. പ്രത്യുത, പ്രതികൂലാക്ഷരമെന്ന ദോഷത്തെ ഉളവാക്കി രസത്തിനു് അപകൎഷം ആണു ചെയ്യുന്നതു്. അൎത്ഥാലങ്കാരവും ഇതുപോലെ രസത്തിനു് ഉപകരിക്കാതെവരുന്നതിനു് ഉദാഹരണം തേടിപ്പിടിക്കാവുന്നതാകുന്നു. ആകട്ടെ, ഗുണവും ഈ മട്ടിൽ രസമില്ലാത്തിടത്തു കാണുകയില്ലയോ? സുകുമാരവൎണ്ണഘടിതമായിട്ടു് ഒരു നീരസശ്ലോകം[2] ചെയ്താൽ അതിൽ മാധുൎയ്യഗുണമിരിക്കയില്ലയോ?—എന്നാണു് ഇനി ഒരു ചോദ്യം വരുന്നതു്. ശരി തന്നെ. എന്നാൽ അതു് ഭ്രമമാത്രമാണു്. വിരിഞ്ഞ നെഞ്ചും നീണ്ട കൈകളും മററുമുള്ള ഒരു പുരുഷനെക്കണ്ടാൽ അവനു ശൗൎയ്യമുണ്ടെന്നു നമുക്കു തോന്നും; വാസ്തവത്തിൽ അവൻ ശൂരനല്ലെന്നുവരാം. അതുപോലെ താദൃശകാവ്യങ്ങളിൽ മാധുൎയ്യഗുണത്തിനു സ്വരൂപയോഗ്യതയേ ഉള്ളൂ. നീരസത്തിൽ ഗുണങ്ങളെ സ്വീകരിക്കുന്നില്ലെന്നു് സിദ്ധാന്തം.

ഇനി ഗുണങ്ങളെ ഗണിക്കുന്നു:

**ഗുണം, 'പ്രസാദം' 'മാധുൎയ്യ'-**
**'മോജസ്സ്'ന്നിവ മൂന്നുതാൻ.** 138

പ്രസാദം, മാധുൎയ്യം, ഓജസ്സു് എന്നു ഗുണം മൂന്നെണ്ണമേ ഉള്ളൂ. പ്രാചീനന്മാർ,

'ശ്ലേഷം, പ്രസാദം, സമതാ,
മാധുൎയ്യം, സുകുമാരതാ,
അൎത്ഥവ്യക്തി,യുദാരത്വം,
ഓജഃ, കാന്തി, സമാധിയും'

എന്നു് പത്താക്കി പറഞ്ഞിരിക്കുന്നു. അതിനെ നിരാകരിപ്പാനായിട്ടാണു് 'മൂന്നുതാൻ' എന്നു നിയമിച്ചതു്.

## 1. മാധുൎയ്യം

മുറ വിട്ടു്, സൗകൎയ്യത്താൽ ആദ്യം മാധുൎയ്യത്തെ ലക്ഷിക്കുന്നു:

**നീരിൽ കല്ക്കണ്ടമെന്നോണ-**
**മാഹ്ലാദത്തിൽ മനസ്സിനെ**
**അലിച്ചാശു ലയിപ്പിക്കും**
**ഗുണം 'മാധുൎയ്യ'സംജ്ഞിതം.** 139

മനസ്സലിഞ്ഞു് ആഹ്ലാദത്തിൽ ലയിച്ചതുപോലെ തോന്നിപ്പോകുന്നതിനു് ഹേതുഭൂതമായ ഗുണത്തിനു 'മാധുൎയ്യ'മെന്നു പേർ.

1. 195-ാം പദ്യം നോക്കുക.
2. ശൃംഗാരാദിരസങ്ങൾ ഒന്നും ആവിഷ്കരിക്കാത്ത ശ്ലോകം.

സംഭോഗം, കരുണം, വിപ്ര-
ലംഭം, ശാന്തമിവററയിൽ
ഉത്തരോത്തരമുൽക്കർഷം
മാധുര്യത്തിനു വന്നിടും. 140

സംഭോഗശൃംഗാരത്തെക്കാരം, കരുണത്തിൽ, അതിനെക്കാരം വിപ്രലംഭ ശൃംഗാരത്തിൽ, അതിനെക്കാരം ശാന്തത്തിൽ എന്നു് മാധുര്യഗുണത്തിനു് ആശ്രയങ്ങളായ രസങ്ങളുടെ വിവേചനം.

## 2. ഓജസ്സ്

ദീപ്തികൊണ്ടു മനം പെട്ടെ-
ന്നുജ്ജ്വലിച്ചതുപോലവേ
പ്രതീതിയുളവാക്കുന്ന
ഗുണ'മോജസ്സ്'തായിടും. 141

ഏതിന്റെ വൈഭവത്താൽ മനസ്സിനു് ഒരു ജ്വലിതത്വപ്രതീതിയുളവാകുന്നുവോ ആ ഗുണം 'ഓജസ്സാ'കുന്നു.

വീരബീഭത്സരൗദ്രങ്ങരം
മേല്ക്കുമേലിതിനാശ്രയം. 142

'ഓജസ്സ്'' വീരത്തിലും, അതിനെക്കാരം ബീഭത്സത്തിലും, അതിനെക്കാരം രൗദ്രത്തിലും അധികം കാണും. ഇവിടെ പ്രത്യേകിച്ചു് എടുക്കാത്ത ഹാസാത്ഭുതഭയാനകങ്ങളിൽ മാധുര്യൗജസ്സുകരം രണ്ടിനും സമപ്രാധാന്യമെന്നു പറയുന്നു.

സമപ്രധാനമാം രണ്ടും
ശേഷം മൂന്നു രസങ്ങളിൽ. 143

രണ്ടു്=മാധുര്യവും ഓജസ്സും. ശേഷം മൂന്നു്=ഹാസാത്ഭുതഭയാനകങ്ങരം.

## 3. പ്രസാദം

ശുഷ്കേന്ധനത്തിൽ തീപോലെ
പെട്ടെന്നു മനമാകവേ
പരന്നു വികസിപ്പിക്കും
ഗുണമങ്ങു 'പ്രസാദ'മാം. 144

ഉണങ്ങിയ വിറകിൽ തീ പിടിക്കുന്നപോലെ പെട്ടെന്നു മനസ്സിൽ ഒന്നായി വ്യാപിച്ചു് അതിനു് ഒരു വികാസപ്രതീതി ഉണ്ടാക്കുന്ന ഗുണം 'പ്രസാദം'. ഇതിനു് എല്ലാ രസവും ഒന്നുപോലെ ആശ്രയമാകയാൽ ആശ്രയഭേദേന ഉൽക്കർഷാധിക്യം പറയുന്നില്ല. ഏവഞ്ച, ദ്രുതി, ദീപ്തി, വികാസം എന്ന ചിത്തവൃത്തികരംക്കു കാരണഭൂതങ്ങളായ കാവ്യധർമ്മങ്ങരം മുറയ്ക്കു് മാധുര്യൗജഃപ്രസാദസംജ്ഞങ്ങളായ 'ഗുണ'ങ്ങളെന്നു സിദ്ധിക്കുന്നു.

ശബ്ദാർത്ഥാദിയിലും ചൊല്ലു-
മുപചാരാൽ ഗുണങ്ങളെ. 145

ഉപചാരമെന്നാൽ കാര്യകാരണാദികളുടെ അഭേദാധ്യവസായംകൊണ്ടു് ഒന്നിന്റെ ധർമ്മത്തെ മറെറാന്നിലാരോപിക്കയാകുന്നു. അതിൻപ്രകാരം ആത്മഗുണമായ ശൗര്യാദിയെ ആകൃതിക്കു് കല്പിക്കുംപോലെ വ്യംഗ്യവ്യഞ്ജകങ്ങരംക്കു് അഭേദം കല്പിച്ചു് രസധർമ്മമായ മാധുര്യാദിയെ തദ്വ്യഞ്ജകങ്ങളായ വൃത്തിവർണ്ണരചനകരംക്കും പറയാറുണ്ടു്.

**ടവർഗ്ഗഭിന്നമാം വർഗ്ഗ്യം**
**മുന്നിൽ പഞ്ചമസംയുതം,**
**ലഘുരേഫണകാരങ്ങൾ,**
**സമാസക്കുറവും തഥാ,**
**മൃദുവാകും രചനയും,**
**മാധുര്യവ്യഞ്ജകങ്ങളാം.** 146

ടവർഗ്ഗമൊഴികെയുള്ള വർഗ്ഗാക്ഷരത്തിനു മുൻപിൽ അതാതിന്റെ അനുനാസികം ചേർന്നുണ്ടാകുന്ന ങ്ക, ഞ്ച, ങ്ഗ, ഞ്ജ ഇത്യാദി കൂട്ടക്ഷരം, ഹ്രസ്വസ്വരം ചേർന്ന രേഫണകാരങ്ങൾ, സമാസിക്കാത്തതോ ഒന്നുരണ്ടു ശബ്ദം മാത്രം സമാസിച്ചതോ ആയ പദങ്ങൾ, കാക്ശ്യം തോന്നിക്കാത്ത രചന ഇവ 'മാധുര്യ'ത്തെ വ്യഞ്ജിപ്പിക്കും. ഉദാഹരണം:

323. കൊഞ്ചും കോകിലവാണിമാർ കുതുകമോടന്നങ്ങനേകം രസം
തഞ്ചും ചഞ്ചലലോചനങ്ങളെഴതിച്ചന്തങ്ങൾ തിങ്ങുംവിധം
അഞ്ചാതഞ്ചിതഭൂഷണങ്ങളുമണിഞ്ഞെത്തുന്ന കണ്ടാൽ കിട–
ന്നഞ്ചും പഞ്ചശരന്റെ നെഞ്ചകവുമെഞ്ചാരുസ്മിതാർദ്രാനനേ!
—പൂരപ്രബന്ധം

**ദ്വിരുക്തം രേഫസംയോഗം,**
**ശ ഷ രണ്ടും, ടവർഗ്ഗവും,**
**നീളും വൃത്തിയുമോജസ്സിൽ**
**കൊള്ളാമുദ്ധതബന്ധവും.** 147

ക്ക, ക്ഖ, ഗ്ഗ, ഗ്ഘ, ങ്ങ ഇത്യാദി ഇരട്ടിച്ച അക്ഷരം, ക്ര, ക്ര ഇത്യാദി രേഫം ചേർന്ന കൂട്ടക്ഷരം, ശകാരഷകാരങ്ങൾ, ടവർഗ്ഗം എന്നീ വർണ്ണങ്ങളും നീണ്ടു നീണ്ടുവരുന്ന സമാസവും, ഔദ്ധത്യം തോന്നിക്കുന്ന രചനയും 'ഓജസ്സി'ന് വ്യഞ്ജകങ്ങൾ. ഉദാഹരണം:

324. പേടിച്ചദ്രിഗുഹാന്തരത്തിലലറും കുംഭീന്ദ്രകണ്ണങ്ങളെ–
ക്കൂടിട്ടുദ്ഭടഘോഷമിശ്രഘുണനാദത്താൽ തകർത്തിട്ടിട്ട
ഓടും ഘോരകബന്ധമുണ്ഡനിരയെദൃപ്താന്തകൻതന്റെ വാ–
യാട്ടുമ്പോളുതിരുംവിധം ദ്രുതമറുത്തിപ്പാരിൽ വീഴ്ത്തുന്നിതാ!–ഉ.രാ.ച.

ഈ പരിഗണനത്തിൽ ഉൾപ്പെടാത്ത വർണ്ണങ്ങളെല്ലാം ഉദാസീനങ്ങളെന്നറിക.

**കേൾക്കുന്നതോടുകൂടിത്താ–**
**നർത്ഥസ്ഫൂർത്തി വരുത്തിടും**
**രചനാവൃത്തി വർണ്ണങ്ങൾ**
**പ്രസാദവ്യഞ്ജകങ്ങളാം.** 148

ഏതുമാതിരി വർണ്ണമോ, പദമോ, ബന്ധമോ ഉപയോഗിച്ചാൽ ശ്രവണക്ഷണത്തിൽ അർത്ഥപ്രതീതി വരുമോ ആമാതിരിയിൽ അവയെ പ്രയോഗിക്കുന്നതു തന്നെ പ്രസാദത്തിന് വ്യഞ്ജകം. മുൻചൊന്നതുപോലെ ഒരു നിയമം ഇതിന് ദുഷ്കരമെന്നു താല്പര്യം. ഉദാഹരണം:

325. പാലിക്കാനായ്ബ്ഭുവനമഖിലം ഭൂതലേ ജാതനായ–
ക്കാലിക്കൂട്ടം കലിതകുതുകം കാത്ത കണ്ണന്നു ഭക്ത്യാ
പീലിക്കോലൊന്നടിമലരിൽ നീ കാഴ്ചയായ് വെച്ചിടേണം,
മൗലിക്കെട്ടിൽ തിരുകുമതിനെത്തീർച്ചയായ്ബ്ഭക്തദാസൻ.—മ.സ.

---

പദ്യം 324. ലവന്റെ യുദ്ധസാമർത്ഥ്യത്തെപ്പറ്റി ചന്ദ്രകേതുവിന്റെ വാക്യം: ഘുണനാദം=ഞാണൊലി. കബന്ധമുണ്ഡനിര=തല പോയ ശരീരങ്ങളും ഉടൽ പോയ തലകളും. ദൃപ്താന്തകൻ=അഹങ്കരിച്ച കാലൻ.

**വക്താ, വാച്യം, പ്രകരണ-**
**മെല്ലാം നോക്കി യഥാവലേ**
**രചനാവൃത്തി വർണ്ണങ്ങ-**
**ളൗചിത്യംപോലെ ചേർക്കണം.** 149

രചന, വൃത്തി, വർണ്ണം ഇവകളെ വിവേചനം ചെയ്തതെല്ലാം സാധാരണാഭിപ്രായേണ ആകുന്നു. തത്ത്വാലോചനയിൽ ഔചിത്യമൊന്നേ ഇതിലേക്കു നിയാമകമാകുകയുള്ളു. വക്താവ്, വചിക്കേണ്ടുന്ന സംഗതി, ഏതുമാതിരി പ്രസ്താവം, ഇവയെല്ലാം നല്ലവണ്ണം ആലോചിച്ച് ഏതിനേതുചിതമോ അതിനെയാണു സ്വീകരിക്കേണ്ടതു്. മാധുര്യം വ്യഞ്ജിക്കേണ്ടിടത്തു് വക്താവ് കോപിച്ചവനെങ്കിൽ സ്വല്പം ഔദ്ധത്യം ചേർക്കണം; ഇത്യാദി മററു സ്വയം ഊഹിക്കുക.

**ശ്ലേഷാദി പത്തു ഗുണമെ-**
**ന്നോതുന്നു ചില പൂർവ്വികർ**
**അവയിൽ ചിലതിച്ചൊന്ന**
**മൂന്നിലന്തർഭവിച്ചിടും;**
**അന്യഥാ സിദ്ധമാം ശേഷം**
**ദോഷമില്ലായ്മമാത്രവും.** 150

''ശ്ലേഷഃ പ്രസാദഃ സമതാ മാധുര്യം സുകുമാരതാ
അർത്ഥവ്യക്തിരുദാരത്വമോജഃകാന്തിസമാധയഃ''*

എന്നു ഗുണങ്ങൾ പത്തെണ്ണമുണ്ടെന്നാണ് പൂർവ്വാചാര്യന്മാരുടെ മതം. എന്നാൽ അവയിൽ മിക്കതും മാധുര്യാദിത്രയത്തിൽത്തന്നെ ഉൾപ്പെടും. ശേഷം മററുപ്രകാരത്തിൽസിദ്ധിക്കുന്നവയാണ്. ചിലതു് ദോഷാഭാവമാത്രങ്ങളാകയാൽ ഉദാസീനങ്ങളാകുന്നു. പൂർവ്വികന്മാർ ഈ പത്തു ഗുണങ്ങളെ ശബ്ദത്തിലും അർത്ഥത്തിലും പറയുന്നുണ്ടു്. അതിൽ ആദ്യം ശബ്ദഗുണങ്ങൾക്കു് അന്യഥാസിദ്ധിയെ കാണിക്കാം. (1) നീരക്ഷീരങ്ങൾ എന്നപോലെ ചേരുവയുടെ നിരപ്പുകൊണ്ടു് അനേകം പദങ്ങൾ ഏകപദം എന്നപോലെ തോന്നുന്നതു് 'ശ്ലേഷം' എന്ന ഗുണം. (2) ആരോഹാവരോഹക്രമം 'സമാധി' എന്ന ഗുണം. (3) പദങ്ങൾ നൃത്തംചെയ്യുന്നപോലെ തോന്നുന്നതു് 'ഉദാരത' എന്ന ഗുണം. ഈവിധമുള്ള പദങ്ങളുടെ ബന്ധത്തിനു് വികടമായ ബന്ധം എന്നു പേർ പറയും. (4) ശൈഥില്യം ചേർന്ന ഓജസ്സ് 'പ്രസാദം' എന്ന ഗുണം. ഈ നാലും ഓജസ്സിൻെറ വ്യഞ്ജകങ്ങളാകയാൽ ഓജസ്സിൽ അന്തർഭവിക്കുന്നു. (5) അധികം സമാസങ്ങളെ ചെയ്യാതിരിക്കുക 'മാധുര്യം' എന്ന ഗുണം. ഇതു് രണ്ടു മതക്കാർക്കും സമംതന്നെ. (6) കേട്ടാലുടൻ അർത്ഥപ്രതീതി വരുന്നതു് 'അർത്ഥവ്യക്തി' എന്ന ഗുണം. ഇതു് പ്രസാദത്തിൽ അന്തർഭവിക്കുന്നു. (7)ആരംഭിച്ച രീതിയെ വിടാതെ ഇരിക്കുന്നതു് 'സമത' എന്ന ഗുണം. വൈദർഭ്യാദിരീതികൾ വാച്യത്തെ അനുസരിച്ചു ഭേദപ്പെടുത്തേണ്ടവയാകയാൽ ഈ ഗുണം ചിലേടത്തേ ഗുണമായി പരിണമിക്കുന്നുള്ളു. (8) നിഷ്ഠുരവർണ്ണങ്ങളില്ലാതെ ഇരിക്കുന്നതു് 'സുകുമാരത' എന്ന ഗുണം. ഇതു് 'പ്രതികൂലാക്ഷരം' എന്ന ദോഷത്തിൻെറ അഭാവമാത്രമാകയാൽ ഉദാസീനം. (9)പദങ്ങളുടെ ഔജ്ജ്വല്യം 'കാന്തി' എന്ന ഗുണം. ഔജ്ജ്വല്യം എന്നുവെച്ചാൽ ഗ്രാമ്യപദങ്ങളെ ഉപയോഗിക്കാതിരിക്കുക; ഇതു് ഗ്രാമ്യം എന്ന ദോഷത്തിൻെറ അഭാവമാത്രമെന്നു സ്പഷ്ടം. (10) 'ഓജസ്സി'നെ നവീനന്മാരും സ്വീകരിച്ചിട്ടുള്ളതുതന്നെയാണല്ലോ.

ഇനി ഇവ അർത്ഥഗുണങ്ങളായി വരുന്നതിനു് അന്യഥാസിദ്ധി കാണിക്കാം.

(1) അർത്ഥത്തിനുള്ള പ്രൗഢി 'ഓജസ്സ്'. ഇതു്, (a) പദംകൊണ്ടു സാധിക്കാവുന്നിടത്തു് വാക്യം പ്രയോഗിക്ക. ഉദാഹരണം:

---

* 138-ാം കാരികയുടെ വൃത്തി നോക്കുക.

326\. ഏതിനോങ്കാരമാരംഭം
സ്വരം മൂന്നുച്ചരിപ്പെതിൽ
യജ്ഞം പൊരുളം, ഫലം സ്വർഗ്ഗ-
മമ്മൊഴിക്കു ഭവാൻ കൃതി. —കു. സം.

ഇവിടെ 'വേദം' എന്നു് ഒരു പദംകൊണ്ടു പറയേണ്ട സ്ഥലത്തു് മൂന്നു പദം.

(b) മറിച്ചു് വാക്യം പറയേണ്ട ദിക്കിൽ പദം പ്രയോഗിക്ക.*

(c) വിസ്തരിച്ചു പറയേണ്ടടത്തു് ചുരുക്കുക. ഉദാഹരണം:

327\. യാത്രചൊന്നവിടെനിന്നു പുറപ്പെ-
ട്ടാശുചെന്നു ഗിരിശന്നരികത്തിൽ
കാര്യസിദ്ധിയറിയിച്ചനുവാദം
വാങ്ങി വീണ്ടുമവരേറി വിയത്തിൽ. —കു. സം.

(d) മറിച്ചു് ചുരുക്കേണ്ടതിനെ വിസ്തരിക്കുക. ഉദാഹരണം:

328\. ഒരേ പുമാൻ താനതു മൂന്നു മൂർത്തിയായ്-
പ്പിരിഞ്ഞു മൂവർക്കിഹ മൂപ്പുമൊപ്പമേ
ഹരൻ ഹരിക്കാദ്യനവന്നു വിഷ്ണുതാ-
നവർക്കു വേധസ്സവരങ്ങവന്നുമാം. —കു. സം.

(e) അർത്ഥം സാഭിപ്രായമായിരിക്കുക:

ഇപ്രകാരം അഞ്ചുള്ളവയിൽ ആദി നാലും വാക്ചാതുര്യത്തിന്റെ വകഭേദമെന്നല്ലാതെ ഗുണങ്ങളെന്നു പറയാൻമാത്രമില്ല. അഞ്ചാമത്തേതു് അപുഷ്ടാർത്ഥ ദോഷത്തിന്റെ അഭാവം മാത്രമാകുന്നു.

(2) അർത്ഥത്തിന്റെ നൈർമ്മല്യം 'പ്രസാദം'.

നൈർമ്മല്യമെന്നാൽ നിഷ്പ്രയോജനമായി പദങ്ങളെ പ്രയോഗിക്കാതെ ഇരിക്കുക. ഇതു് 'അധികപദം' എന്ന ദോഷത്തിന്റെ അഭാവം മാത്രമാകുന്നു.

(3) അർത്ഥങ്ങളെ പല ഭംഗികളിൽ പറക, 'മാധുര്യം'. ഇതു് അനവീകൃതമെന്ന ദോഷത്തിന്റെ അഭാവം.

(4) പരുഷമായ അർത്ഥത്തെയും മൃദുപ്പെടുത്തിപ്പറയുക, 'സൗകുമാര്യം'. ഇതു് അമംഗലരൂപമായ 'അശ്ലീല'ത്തിന്റെ ത്യാഗം മാത്രമേ ആകുന്നുള്ളു.

(5) അർത്ഥം ഗ്രാമ്യമല്ലാതിരിക്കുക, 'ഉദാരത'. ഇതിനു് ഉദാസീനത്വം സ്പഷ്ടം.

(6) വസ്തുസ്വഭാവം സ്ഫുടമായിരിക്കുന്നതു്, 'അർത്ഥവ്യക്തി'. ഇതു് സ്വഭാവോക്ത്യലങ്കാരംകൊണ്ടു് ഗതാർത്ഥമായി.

(7) രസത്തിന്റെ ദീപ്തി, 'കാന്തി'. ഇതു് ധ്വനിയിലുൾപ്പെട്ടുപോകുന്നു.

(8) ക്രമകൗടില്യത്തിന്റെ വ്യക്തത, 'ശ്ലേഷം'. ഇതു് ഉക്തിവൈചിത്ര്യമാത്രമേ ആകുന്നുള്ളു.†

(9) അർത്ഥത്തിന്റെ വൈഷമ്യാഭാവം, 'സമത'. സ്പഷ്ടം.

(10) പുനരർത്ഥദർശനം, 'സമാധി'. ഇതു് കാവ്യത്തിന്റെ ശരീരംതന്നെയാകയാൽ ഗുണങ്ങളുടെ ശേഖരത്തിൽ ചേർക്കേണ്ടതേ ഇല്ല.

---

പദ്യം 326. വേദം ഓങ്കാരത്തിൽ ആരംഭിക്കുന്നു. ഉദാത്തം, അനുദാത്തം, സ്വരിതം എന്നീ മൂന്നുവക സ്വരങ്ങളും വേദമന്ത്രത്തിൽ ഉച്ചരിക്കപ്പെടുന്നു. യജ്ഞമാണു് വേദത്തിന്റെ കാതൽ; സ്വർഗ്ഗമാണതിന്റെ ഫലം.

* 16-ാം പദ്യം ഉദാഹരണം. 'കല്പാന്തജലപ്രവാഹത്തിൽ, നീയാകുന്ന തൊട്ടകുറി കളഞ്ഞുപോകുമെന്നോർത്തു വേദിക്കുകയേ നിവൃത്തിയുള്ളു' എന്ന വാക്യാർത്ഥം 'ഹന്ത' എന്ന ഒററപ്പദത്തിൽ നിഹിതമായിരിക്കുന്നു.

† ക്രമ-കൗടില്യ-അനുൽബ്ബണത്വ-ഉപപത്തികളാണു് 'ശ്ലേഷം' എന്നു സാഹിത്യദർപ്പണം. ''ക്രമം=ക്രിയകളുടെ പരമ്പര. കൗടില്യം = ചതുരപ്രവൃത്തി. അനുൽബ്ബണത്വം = അപ്രസിദ്ധവസ്തുക്കളെ വർണ്ണിക്കാതിരിക്കുക. ഉപപത്തി = കാര്യസിദ്ധിക്കുതകുന്ന യുക്തി,'' എന്നിങ്ങനെ അർത്ഥവും കൊടുത്തിരിക്കുന്നു.

## ശബ്ദാർത്ഥപ്രകരണം

കാവ്യശരീരമായ ശബ്ദാർത്ഥങ്ങളുടെ അലങ്കാരങ്ങളെയും ദോഷഗുണങ്ങളെയും വിവരിച്ചതിന്റെശേഷം ആ ശബ്ദാർത്ഥങ്ങളുടെ സ്വരൂപത്തെ നിരൂപണംചെയ്യുന്നു.

**ശബ്ദം മൂന്നാം വാചകാഖ്യം**
**ലക്ഷകം വ്യഞ്ജകം തഥാ** 151

**വാച്യം ലക്ഷ്യം വ്യംഗ്യമെന്നു**
**മുറയ്ക്കർത്ഥവുമങ്ങനെ**
**വ്യാപാരവും മൂന്നഭിധാ-**
**ലക്ഷണാവ്യഞ്ജനാഖ്യയാ.** 152

സാഹിത്യശാസ്ത്രപ്രകാരം 'വാചകം', 'ലക്ഷകം', 'വ്യഞ്ജകം' എന്നു ശബ്ദം മൂന്നുവിധമാകുന്നു. അവയിൽ വാചകശബ്ദത്തിന്റെ അർത്ഥം 'വാച്യം'; ലക്ഷകത്തിന്റേതു 'ലക്ഷ്യം'; വ്യഞ്ജകത്തിന്റേതു 'വ്യംഗ്യം' എന്നർത്ഥവും മൂന്നുവിധം. ഈ അർത്ഥത്തെ പ്രതിപാദിക്കുന്ന ശബ്ദവ്യാപാരവും ഈ മുറയ്ക്കുതന്നെ 'അഭിധ', 'ലക്ഷണ', 'വ്യഞ്ജന' എന്നു മൂന്നുവിധമാകുന്നു: ശബ്ദത്തിന്റെ വ്യാപാരം എന്നു വെച്ചാൽ ശബ്ദത്തിനു് അർത്ഥത്തോടുള്ള സംബന്ധമാകുന്നു. ഇനി ഇവയ്ക്കു മുറയ്ക്കു് ലക്ഷണം പറയുന്നു.

**നേരേ സങ്കേതിതാർത്ഥത്തെ**
**വചിക്കുന്നതു വാചകം**
**അതിൻ വ്യാപാരമഭിധ-**
**യതിന്റെ പൊരുൾ വാച്യമാം.** 153

ഇന്ന ശബ്ദത്തിനു് ഇന്ന അർത്ഥമെന്നു് എല്ലാ ഭാഷയിലും പൊതുജനസമ്മതത്താൽ ഏർപ്പെട്ടിട്ടുള്ള അർത്ഥം സങ്കേതിതാർത്ഥം. അതിനെ പരാപേക്ഷകൂടാതെ നേരേ കുറിക്കുന്ന ശബ്ദം 'വാചകം'. ഒരു വാചകശബ്ദം തന്റെ അർത്ഥത്തെ പ്രതിപാദിക്കുന്നതിൽ ചെയ്യുന്ന വ്യാപാരം 'അഭിധ'. അഭിധയാൽ പ്രതിപാദിക്കപ്പെടുന്ന അർത്ഥം 'വാച്യാർത്ഥം'. ഇനി 'അഭിധ'യ്ക്കു് വേറെവിധം ത്രൈവിധ്യം പറയുന്നു.

## 1. അഭിധാവ്യാപാരം

**രൂഢി, യോഗം, യോഗരൂഢി-**
**യെന്നു മൂന്നഭിധാഗതി.** 154

'അഭിധ' മൂന്നുപ്രകാരത്തിൽ പ്രവർത്തിക്കും. (1) രൂഢി, (2) യോഗം, (3) യോഗരൂഢി.

**അഖണ്ഡശക്തിമാത്രത്താ-**
**ലർത്ഥം ചൊൽവതു രൂഢിയാം.** 155

പ്രകൃതിപ്രത്യയവിഭാഗം കൂടാതെ ഇന്ന അക്ഷരസമുദായത്തിനു് ഇന്നതു് അർത്ഥം എന്നു സങ്കല്പിക്കുക 'രൂഢി'. മല, മരം, താമര ഇത്യാദി ഉദാഹരണം. ഈ ശബ്ദങ്ങൾക്കു് ഈ അർത്ഥത്തെ പ്രതിപാദിക്കുന്നതിൽ സങ്കേതമല്ലാതെ വേറെ ഒരു കാരണവും ഇല്ല.

**അംഗശക്തികൾ ചേർന്നിട്ടു**
**കുറിക്കുന്നതു യോഗമാം.** 156

ശബ്ദത്തിനു് അവയവം കല്പിച്ചു് അവയുടെ യോഗംകൊണ്ടു് അർത്ഥം പ്രതി

പാദിക്കക 'യോഗം'. വേലക്കാരൻ, താന്തോന്നി, ഉമ്പരുലക് ഇത്യാദി ഉദാഹരണം. ഇവയ്ക്കു മുറയ്ക്ക് വേലചെയ്യുന്നവൻ, തനിക്കു തോന്നുന്നതിനെ പ്രവൎത്തിക്കുന്നവൻ, സ്വൎഗ്ഗം എന്നുള്ള അൎത്ഥങ്ങൾ അവയവാൎത്ഥങ്ങളുടെ യോഗത്താലുണ്ടാകുന്നവയാകുന്നു.

**യോഗവും രൂഢിയും ചേർന്നാൽ**
**യോഗരൂഢിയതായിടും.** 157

അവയവശക്തിയോടുകൂടെത്തന്നെ അഖണ്ഡശക്തിയുംകൂടി ആവശ്യപ്പെടുന്നിടത്തു 'യോഗരൂഢി'. ഉദാഹരണം:

വിരിയുന്നതു് = വിരൽ, കുതിക്കുന്നതു് = കുതിര.
മിന്നുന്നതു് = മീൻ (നക്ഷത്രം), ഉഴുന്നതു് = ഊഴി—ഇത്യാദി.

ഇവിടെ യോഗാൎത്ഥം മാത്രംകൊണ്ടു് ശബ്ദം പല വസ്തുക്കളെയും കുറിക്കാം എന്നുവരുന്നു. അതിനെ പിന്നീടു് ഒന്നിൽ നിയമിക്കുന്നതു് രൂഢിയുടെ ബലമാകുന്നു. ഇങ്ങനെ യോഗവും രൂഢിയും ഇവിടെ ഒന്നുപോലെ ആവശ്യപ്പെടുന്നു.

ഭാഷകളിൽ ഒരു ശബ്ദത്തിനു് ഒരൎത്ഥമേ പാടുള്ളു എന്നു വ്യവസ്ഥയില്ലായ്കയാൽ പല അൎത്ഥങ്ങളുള്ള ശബ്ദങ്ങളെ കേൾക്കുമ്പോൾ അവയ്ക്കു് ഏതൎത്ഥം വിവക്ഷിതം എന്നു സന്ദേഹമുണ്ടാകുന്ന ദിക്കിൽ നിൎണ്ണയംചെയ്യുന്നതിനുവേണ്ടി അഭിധാനിയാമകങ്ങളായ സംഗതികളെ പരിഗണനംചെയ്യുന്നു.

## അഭിധാനിയാമകങ്ങൾ:

**സംയോഗവിപ്രയോഗങ്ങൾ**
**സാഹചര്യം വിരോധിതാ**
**അർത്ഥം പ്രകരണം ലിംഗം**
**തന്നിൽച്ചേരുന്ന വാക്കുകൾ.** 158

**ഔചിത്യമഥ സാമർത്ഥ്യം**
**കാലദേശാംഗികാദിയും**
**നാനാർത്ഥമായ ശബ്ദത്തി-**
**ന്നഭിധയ്ക്കു നിയാമകം.** 159

1. **സംയോഗം:** ധൎമ്മാദികളുടെ പ്രസിദ്ധമായ യോഗം സംയോഗം. ഉദാഹരണം: മന്ത്രപൂൎണ്ണമായ മറ.

ഇവിടെ മന്ത്രപൂൎണ്ണതാധൎമ്മയോഗത്താൽ 'മറ'യ്ക്കു് വേദം എന്ന അൎത്ഥത്തിൽ നിയമനം.

2. **വിപ്രയോഗം:** ധൎമ്മാദികളുടെ പ്രസിദ്ധവിരഹം വിപ്രയോഗം. ഉദാഹരണം: കിളരമില്ലാത്ത 'മറ'.

ഇവിടെ കിളരം എന്ന ധൎമ്മത്തിന്റെ വിരഹത്താൽ 'മറ'യ്ക്കു് 'വേലി' എന്ന അൎത്ഥത്തിൽ നിയമനം.

3. **സാഹചര്യം:** എന്നാൽ കൂട്ടു്. ഉദാഹരണം: 'അവൽ മലർ പഴം' എന്നതിൽ ഭക്ഷ്യപദാൎത്ഥസാഹചൎയ്യത്താൽ മലരിനു് 'നെൽപ്പൊരി' എന്ന അൎത്ഥത്തിലേ വൃത്തി വരുന്നുള്ളു.

4. **വിരോധിത:** ഘാതൃഘാതകഭാവാദി. ഉദാഹരണം: 'രാമരാവണന്മാർ'. ഇവിടെ 'രാമ'ശബ്ദം 'ദാശരഥി'യെത്തന്നെ കുറിക്കുന്നു.

5. **അർത്ഥം:** പ്രയോജനം. ഉദാഹരണം:

329. സങ്കടം തീൎത്തു രക്ഷിപ്പാൻ
ഭജിച്ചീടുക മന്നനെ.

ഇവിടെ 'സങ്കടം തീൎത്തു രക്ഷിക്ക' എന്ന പ്രയോജനത്തെ പുരസ്സരിച്ചു് 'മന്ന'നു് 'രാജാവു്' എന്ന അൎത്ഥം കല്പിക്കുന്നു.

6. **പ്രകരണം:** സന്ദർഭം, വക്താവു്, ശ്രോതാവു് മുതലായവരുടെ അറിവു്. ഉദാഹരണം: ദേവനു് എല്ലാമറിയാമല്ലോ!

ഇവിടെ പ്രകരണവശാൽ 'ദേവൻ' എന്ന ശബ്ദത്തിനു് 'രാജാവു്' എന്നു് അർത്ഥം സിദ്ധിക്കുന്നു.

7. **ലിംഗം:** തക്ശാസ്ത്രപ്രസിദ്ധമായ ഹേതു 'ലിംഗം'. ഉദാഹരണം: 'ഭൃട്ടു കയർത്തു' എന്നുള്ളതിൽ കോപലിംഗത്താൽ 'ഭൃട്ടു്' എന്ന ശബ്ദം രാജവാചിയായി ഭവിക്കുന്നു.

8. **തന്നിൽച്ചേരുന്ന വാക്കുകൾ:** നിയതാർത്ഥങ്ങളായ ശബ്ദങ്ങളോടുള്ള അന്വയം. ഉദാഹരണം: 'മുക്കണ്ണനായ ദേവൻ'. ഇവിടെ ദേവശബ്ദം അതിൽ അന്വയിക്കുന്ന മുക്കണ്ണൻ എന്ന വേറെ ശബ്ദത്തിൻെറ നിയതമായ അർത്ഥം പുരസ്കരിച്ചു് 'ശിവൻ' എന്ന അർത്ഥത്തെ ബോധിപ്പിക്കുന്നു.

9. **ഔചിത്യം:** അർഹത. ഉദാഹരണം:

330. സംസാരനിസ്സഹം ലോകം
സംസേവിക്കുന്നു ദേവനെ.

ഇവിടെ സംസാരച്ഛേദൗചിത്യത്താൽ, ദേവശബ്ദം ഈശ്വരവാചി.

10. **സാമർത്ഥ്യം:** കാരണത്വം. ഉദാഹരണം: 'മധുമത്തമായ കോകിലം'. കോകിലമദകാരണം വസന്തമാകയാൽ മധുശബ്ദത്തിനു് 'വസന്തം' എന്നർത്ഥം.

11 **ദേശം:** സ്ഥലവിശേഷം. ഉദാഹരണം: 'ധ്വജാഗ്രത്തിൽ കൊടി ശോഭിക്കുന്നു'. ഇതിൽ സ്ഥലവിശേഷത്താൽ കൊടിക്കു് പതാക എന്നു് അർത്ഥം.

12. **കാലം:** സമയം. ഉദാഹരണം: 'രാത്രിയിൽ ചിത്രഭാനു ശോഭിക്കുന്നു.' ഇവിടെ കാലമഹിമാവിനാൽ ചിത്രഭാനുശബ്ദം സൂര്യനെപ്പറയാതെ അഗ്നിയെത്തന്നെ പറയുന്നു.

13. **ആംഗികം:** കൈക്രിയ മുതലായ ചേഷ്ടകൾ. 'ഇത്ര നീളം കരിമ്പു വേണം' എന്നുംമററും പറയുന്നിടത്തു് 'ഇത്ര' എന്നതിൻെറ അർത്ഥത്തെ കൈക്രിയ നിയമിക്കുന്നു.

അഭിധാനിയാമകങ്ങൾ ഇങ്ങനെ പതിമ്മൂന്നെണ്ണം പറഞ്ഞതിൽ ചിലതുകൾക്കു തങ്ങളിൽ ഭേദം വളരെ സൂക്ഷ്മവും സ്വല്പവും ആകുന്നു. അവയെ ഒന്നിച്ചു ചേർത്തു് എണ്ണത്തിൽ കുറയ്ക്കുന്നതുകൊണ്ടു വിരോധമില്ല. പൂർവ്വാചാര്യന്മാർ പരിഗണിച്ചിട്ടുള്ളവയെ എല്ലാം ഇവിടെയും വിവരിച്ചുവെന്നേയുള്ളു.

## 2. ലക്ഷണാവ്യാപാരം

അനന്തരം 'ലക്ഷണ'യുടെ ലക്ഷണത്തെ ചൊല്ലുന്നു:

**ബാധത്താൽ* വിട്ടു വാച്യത്തെ-**
**ത്തൊട്ടതാൻ പുതുതാം പൊരുൾ**
**ഖ്യാതിയാലോ ഫലത്തിന്നോ**
**കല്പിക്കും വൃത്തി ലക്ഷണാ.** 160

വാച്യാർത്ഥത്തിന്നു് അന്വയം വരായ്കയാൽ അതിനെ ഉപേക്ഷിച്ചിട്ടു് അതിൻെറ സംബന്ധം ഉള്ളതായ ഒരു പതിയ അർത്ഥത്തെ പ്രസിദ്ധി പ്രമാണിച്ചോ ഒരു ഫലത്തെ ഉദ്ദേശിച്ചോ ഏതു വ്യാപാരത്തിൻെറ മഹിമയാൽ നാം കല്പിക്കുന്നു ആ വ്യാപാരം 'ലക്ഷണ'. ഖ്യാതിയെ പ്രമാണിച്ചു ചെയ്യുന്നതിന്നു്,

താത്തെന്നൽ
പത്രക്കലവറ
വേപ്പെണ്ണ

ഇത്യാദികൾ ഉദാഹരണങ്ങൾ. തെന്നൽ എന്നാൽ 'തെക്കൻകാറ്റു്' എന്നു് അർത്ഥ

* ബാധം=അന്വയം വരായ്ക.

മാകുന്നു. ആ അൎത്ഥത്തിനു് താഴത്തേന്നൽ എന്നു പറയുമ്പോൾ അന്വയം ഘടിക്കായ്കയാൽ ബാധം വരുന്നു. അപ്പോൾ തെക്കൻകാററിലുള്ള മാന്ദ്യാദിഗുണരൂപമായ സംബന്ധം പ്രമാണിച്ചു് 'തെന്നൽ' എന്നതിനു് കേവലം 'കാററു്' എന്നൎത്ഥം കല്പിക്കുന്നതു 'ലക്ഷണ'. ഇതുപോലെ 'കലവറ' എന്നതിനു് 'കലങ്ങൾ വെക്കുന്ന അറ' എന്നുള്ള വാച്യാൎത്ഥത്തിൽ 'കലം' എന്ന ഏതാനും അംശം ഉപേക്ഷിച്ചു് 'കേവലം സാമാനങ്ങൾ സൂക്ഷിക്കുന്ന പുര' എന്നൎത്ഥം കല്പിക്കുന്നതു് 'ലക്ഷണ'. എണ്ണ എന്നതിൽ എള്ളിലെ നെയ് എന്നുള്ള വാച്യാൎത്ഥത്തെ ഉപേക്ഷിച്ചു് എള്ളിൽ എണ്ണപോലെ വേപ്പിന്റെ സ്നേഹരൂപമായ സാരാംശം എന്നു കല്പിക്കുന്നതും 'ലക്ഷണ'തന്നെ. ഇവിടെയെല്ലാം ലക്ഷണചെയ്യുന്നതിനു് ഹേതു കേവലപ്രസിദ്ധി മാത്രമാകയാൽ ഇതിനു് 'നിരൂഢലക്ഷണ' എന്നു പേർ. യോഗരൂഢിയിലാകട്ടെ, അക്ഷരാൎത്ഥത്തിനു് ബാധമില്ല എന്നു ഭേദം. ഇനി 'ഫലലക്ഷണ'യ്ക്കു് ഉദാഹരണം:

'കാശീനഗരം ഗംഗയിലാകുന്നു.'

ഇവിടെ ഗംഗാശബ്ദത്തിനു് വാച്യാൎത്ഥം ജലപ്രവാഹമാകയാൽ അവിടെ നഗരത്തിനു സ്ഥിതി വരാത്തതുകൊണ്ടു് വാച്യാൎത്ഥം ബാധിതമായി. പിന്നീടു് അന്വയസിദ്ധിക്കുവേണ്ടി ഗംഗാശബ്ദത്തിനു് ഗംഗാതീരം എന്നൎത്ഥം കല്പിക്കുന്നതു ലക്ഷണ. ഗംഗാതീരത്തിൽ എന്നുതന്നെ പറയാതെ ഗംഗയിൽ എന്നു പറയുന്നതു് ശൈത്യം, പരിശുദ്ധി മുതലായ ഗുണങ്ങളെ പ്രദൎശിപ്പിക്കാൻവേണ്ടിയാകുന്നു. അതിനാൽ ഇതു ഫലത്തെ ഉദ്ദേശിച്ചു ചെയ്യുന്നതു്.

## ലക്ഷണയുടെ വിഭാഗങ്ങൾ

ലക്ഷണയ്ക്കു പലവിധത്തിൽ വിഭാഗം കല്പിക്കാം:

ഒന്നാമതു്, വാച്യലക്ഷ്യാൎത്ഥങ്ങൾ തമ്മിലുള്ള അന്തരം പ്രമാണിച്ചു് 'ജഹല്ലക്ഷണ', 'അജഹല്ലക്ഷണ', 'ജഹദജഹല്ലക്ഷണ'. അതിൽ സ്വാൎത്ഥം മുഴുവൻ ഉപേക്ഷിച്ചിട്ടുള്ളതു് 'ജഹല്ലക്ഷണ'. ഇതിനു് ഉദാഹരണം, മുൻചൊന്ന 'കാശീനഗരം ഗംഗയിലാകുന്നു' എന്നതുതന്നെ. വേറെ ഉദാഹരണം: ഒരു മന്ദനെക്കുറിച്ചു് 'ഇവൻ നല്ല സമൎത്ഥനാകുന്നു' എന്നുംമററും പറയുന്നതാകുന്നു. ഇതിൽ സംബന്ധം വൈപരീത്യം; മാന്ദ്യാധിക്യപ്രതിപാദനം ഫലം. ഈമാതിരിയുള്ളതിനു് 'വിപരീതലക്ഷണ' എന്നൊരു വിശേഷപ്പേരുണ്ടു്.

സ്വാൎത്ഥത്തിനു് ത്യാഗമില്ലാത്തതു് 'അജഹല്ലക്ഷണ'. ഉദാഹരണം: 'ഇതാ കുന്തം വരുന്നു'. ഇതിൽ കുന്തം തനിയെ വരാത്തതിനാൽ 'കുന്തക്കാരൻ വരുന്നു' എന്നു് 'ലക്ഷണ'. ഇതിൽ കുന്തപദത്തിന്റെ അൎത്ഥത്തിനു് കുറവു വരുന്നില്ല. ലാഘവം ഫലം; വേറെ ഉദാഹരണം: 'അങ്ങാടി എരയ്ക്കുന്നു.'

ഏതാനും അംശത്തിൽ സ്വാൎത്ഥത്യാഗം ആണു് 'ജഹദജഹല്ലക്ഷണ'. ഗ്രാമത്തിൽ ഏതാനും വീടുകൾ തീപിടിച്ചിരിക്കെ, 'ഗ്രാമം വെന്തുപോയി' എന്നു പറയുന്നതു് ഉദാഹരണം. വേറെയും ഉദാഹരണങ്ങൾ: 'കാടു് പൂത്തിരിക്കുന്നു', 'ശീലക്കുടക്കാർ വരുന്നു' ഇത്യാദി.

രണ്ടാമതു്, സംബന്ധത്തിന്റെ സ്വഭാവം പ്രമാണിച്ചു് 'ഗൗണീ', 'ശുദ്ധാ' എന്നു രണ്ടുവിധം.

സംബന്ധം സാദൃശ്യമെങ്കിൽ 'ഗൗണി'. 'രാമൻ കഴുതയാണു്', 'കൃഷ്ണൻ സിംഹക്കുട്ടിയാണു്', 'മുഖം ചന്ദ്രനാകുന്നു' ഇത്യാദ്യുദാഹരണങ്ങൾ.

സംബന്ധം സാദൃശ്യമൊഴികെ കാൎയ്യകാരണഭാവം, സ്വസ്വാമിഭാവം മുതലായ മറേറതെങ്കിലുമാണെങ്കിൽ ശുദ്ധലക്ഷണ. 'ഘൃതം ആയുസ്സിനു കാരണമാണു്' എന്നിടത്തു് 'ഘൃതം എന്നതായുസ്സാകുന്നു', രാജസേവകന്റെ വാക്കിനെപ്പററി 'ഇതു് രാജാവിന്റെ കല്പനയാണു്' ഇത്യാദി സംസാരിക്കുന്നതു് ഉദാഹരണം.

മൂന്നാമതു്, 'സാരോപ', 'സാധ്യവസായ' എന്നു് ഗൗണിയിൽ രണ്ടു് അവാന്തരവിഭാഗം.

ഉപമേയത്തെ നിർദ്ദേശിച്ചിട്ട് അതിന്ന് ഉപമാനത്തിൻെറ അഭേദം പറയുന്നതു് 'സാരോപ'; ഉപമേയത്തെ നിർദ്ദേശിക്കാതെതന്നെ അതിൻെറ സ്ഥാനത്തു് ഉപമാനത്തെ പ്രയോഗിക്കുന്നതു് 'സാധ്യവസായ'. മുമ്പ് അതിശയോക്തിപ്രകരണത്തിൽ വിഷയനിഗിരണമെന്നു പറഞ്ഞതുതന്നെ 'സാധ്യവസായ ലക്ഷണ'. രൂപകത്തിൽ ചൊന്ന അഭേദരൂപകം 'സാരോപലക്ഷണ'. ആ അലങ്കാരങ്ങൾക്കു ചൊന്ന ഉദാഹരണങ്ങൾതന്നെ ഇവയ്ക്കു് ഉദാഹരണങ്ങൾ.

**ലക്ഷണയ്ക്കാശ്രയം ശബ്ദം**
**ലക്ഷകം ലക്ഷ്യമാം പൊരുൾ.** 161

ലക്ഷണാശ്രയമായ ശബ്ദം 'ലക്ഷകം'; ലക്ഷണയാൽ സിദ്ധമായ അർത്ഥം 'ലക്ഷ്യം'. അനന്തരം വ്യഞ്ജനയെ ലക്ഷിക്കുന്നു.

## 3. വ്യഞ്ജനാവ്യാപാരം

**സ്വസ്വപ്രവൃത്തി ചെയ്തീടും**
**ലക്ഷണാഭിധകൾക്കുമേൽ**
**നവമർത്ഥം സ്ഫുരിപ്പിക്കും**
**വ്യാപാരം വ്യഞ്ജനാഹ്വയം.** 162

'അഭിധ', 'ലക്ഷണ' എന്ന രണ്ടു വ്യാപാരങ്ങളും താൻതാങ്ങളുടെ പ്രവൃത്തികൊണ്ടു് മുറയ്ക്കു 'വാച്യ'മായും 'ലക്ഷ്യ'മായും ഉള്ള അർത്ഥത്തെ പ്രതിപാദിച്ചിട്ടു് വിരമിച്ചതിൻെറശേഷം ആ വാച്യലക്ഷ്യങ്ങളിൽനിന്നു ഭിന്നമായ ഒരർത്ഥത്തിനു പ്രതീതി ഉളവാകുന്നതു് ഏതു വ്യാപാരത്തിൻെറ മഹിമയാലാകുന്നു അതു് 'വ്യഞ്ജന' എന്നു് വ്യഞ്ജനയുടെ സാമാന്യലക്ഷണം. അതിൽ അഭിധയ്ക്കു മേലുദിക്കുന്നതു് 'അഭിധാമൂലവ്യഞ്ജന'; ലക്ഷണയ്ക്കുമേലുദിക്കുന്നതു് 'ലക്ഷണാമൂലവ്യഞ്ജന'. ഓരോന്നിനും പ്രത്യേകം ലക്ഷണം ചൊല്ലുന്നു:

### അഭിധാമൂലവ്യഞ്ജന

**സംയോഗാദി ബലാൽ ശക്യം**
**ചൊന്ന ശക്തി നിലയ്ക്കുവേ**
**ഉദിച്ചിടും വ്യഞ്ജനതാ-**
**നഭിധാമൂലയായതു്.** 163

ശക്തി=അഭിധവ്യാപാരം; ശക്യം=വാച്യാർത്ഥം. മുൻചൊന്ന സംയോഗം മുതലായ അഭിധാനിയാമകങ്ങളുടെ ബലത്താൽ നാനാർത്ഥങ്ങളായ ശബ്ദങ്ങൾക്കു് പ്രകൃതമായ വാച്യാർത്ഥമിന്നതെന്നു് വ്യവസ്ഥപ്പെടുന്നു. ആ അർത്ഥത്തെ ബോധിപ്പിക്കുന്നതോടുകൂടി ശബ്ദങ്ങളുടെ 'അഭിധാവ്യാപാരം' അവസാനിക്കുകയുംചെയ്യുന്നു. ശബ്ദം, ബുദ്ധി, കർമ്മം ഇവയ്ക്കു് സകൃത്പ്രവൃത്തിയല്ലാതെ വിരമ്യവ്യാപാരമില്ലെന്നുള്ള* സിദ്ധാന്തപ്രകാരം ഒരിക്കൽ സ്വാർത്ഥത്തെ പ്രതിപാദിച്ചിട്ടു് നിലച്ചുപോയ അഭിധയ്ക്കു് വേറെ ഒരർത്ഥംകൂടി പ്രതിപാദിക്കുന്നതിനു ശേഷിയില്ല. എന്നാൽ ചിലെടത്തു് അഭിധാസിദ്ധമായ പ്രകൃതാർത്ഥം ശമിച്ചതിൽപ്പിന്നീടും ഒരു അപ്രകൃതാർത്ഥം ശബ്ദമഹിമാവിനാൽ സഹൃദയന്മാരുടെ ഹൃദയത്തിൽ ഉദിക്കുന്നുണ്ടു്. ഈ അപ്രകൃതാർത്ഥത്തെ ദ്യോതിപ്പിക്കുന്നതു്, അഭിധ ഒരിക്കൽ പ്രവർത്തിച്ചു് വിരമിച്ചുപോയതിനാൽ, 'വ്യഞ്ജന'തന്നെ ആകുന്നുവെന്നു സ്പഷ്ടം. ഈ 'വ്യഞ്ജന'യ്ക്കു ബീജം എന്തെന്നു നോക്കുമ്പോൾ 'അഭിധ'യല്ലാതെ വേറെ ഒന്നും കാണാത്തതിനാൽ ഇതു് 'അഭിധാമൂലവ്യഞ്ജന'യായി. അസ്തമിച്ച സൂര്യനോടുകൂടി അവസാനിക്കുന്ന പകൽ തൻെറ പ്രകാശശേഷം കൊണ്ടു സന്ധ്യയെന്നൊരു പുതിയ കാലത്തെ ഉളവാക്കുന്നതുപോലെ വാച്യാ

* സകൃത്പ്രവൃത്തി=ഒരിക്കൽ മാത്രമുള്ള പ്രവർത്തനം. വിരമ്യവ്യാപാരം= ഒരിക്കൽ പ്രവർത്തിച്ചു വിരമിച്ചതിനുശേഷം വീണ്ടും പ്രവർത്തിക്കുക.

ത്ഥപ്രതിപാദനയോടുകൂടി ശമിച്ച 'അഭിധ' തന്നിൽനിന്നു് ഊറിട്ടുള്ള അർത്ഥം കൊണ്ടു് 'വ്യഞ്ജന' എന്നൊരു നൂതനവ്യാപാരത്തെ ഉദിപ്പിക്കുന്നു എന്നു താൽപര്യം. ഉദാഹരണം:

331. ശ്രീമത്ത്വത്താൽ മദമൊട്ടു ജഗൽപ്രാണനെത്തിന്നു നന്നായ്
സാമർത്ഥ്യത്തോടഹിഭയമുദിപ്പിച്ചു ഭൂമീപതിക്കും
കേമത്വംപൂണ്ടനൃജുഗതിയാമബ്ഭുജംഗദ്വിജിഹ്വ-
സ്തോമത്തോടസ്സ്വയി! തവ സഖേ! സാധ്വബാധം വിരോധം. —മ.സ.

ഇവിടെ അഭിധാനിയാമകങ്ങളായ പ്രകരണസാമർത്ഥ്യാദികളുടെ* ബലത്താൽ 'ശ്രീമത്ത്വം', 'ജഗൽപ്രാണൻ' മുതലായ ശബ്ദങ്ങൾക്കു് 'വിഷവത്ത്വം', 'വായു' മുതലായ അർത്ഥത്തിൽ നിയന്ത്രണം വരുന്നതുകൊണ്ടു് 'വിഷമദമുള്ളവയും, കാററിനെ ഭക്ഷിക്കുന്നവയും, രാജാവിനുകൂടി വിഷഭയമുണ്ടാക്കുന്നവയും, വളഞ്ഞു നടക്കുന്നവയും ആയ സർപ്പങ്ങളോടു് നിനക്കു വിരോധം ഉണ്ടാകട്ടെ' എന്നു് പ്രകൃതമായ വാച്യാർത്ഥത്തെ പ്രതിപാദിക്കുന്നതോടുകൂടി അഭിധ അവസാനിക്കുന്നു. അതിനുമേൽ 'ഐശ്വര്യമദംകൊണ്ടു (ജഗത്തിനു്) ലോകത്തിനു് പ്രാണഹാനി വരുത്തിയും, രാജാവിനുകൂടി (അഹിഭയം) സ്വപക്ഷഭയം ജനിപ്പിച്ചും (കുടില) ദുർമ്മാർഗ്ഗങ്ങളിൽ ചരിക്കുന്ന വിടവൃത്തികളായ ആ ഏഷണിക്കാരോടു നിനക്കു വിരോധമുണ്ടാകട്ടെ' എന്നു് അപ്രകൃതമായ ഒരർത്ഥം ഉദിക്കുന്നതു് അഭിധാമൂല വ്യഞ്ജനയാലാകുന്നു. വേറെ ഉദാഹരണം:

332. 'കരംഗ്രഹിച്ചൻപൊടു രാഗമേറി' ഇത്യാദി മുൻപദ്യം.†

ഇതിൽ ദമ്പതിവൃത്താന്തം വ്യംഗ്യം.

## ലക്ഷണാമൂലവ്യഞ്ജന

ലക്ഷണാമൂലവ്യഞ്ജനയ്ക്കു് ലക്ഷണം ചൊല്ലുന്നു:

**ഏതോരു ഫലമുദ്ദേശി-**
**ച്ചിഹ ലക്ഷണചെയ്‌വതു്;**
**അതിന്നുദ്ബോധികാ വ്യക്തി**
**ലക്ഷണാമൂലമായതു്.** 164

വ്യക്തി(വ്യഞ്ജന), ഏതു ഫലത്തിന്റെ സിദ്ധിക്കുവേണ്ടി ലക്ഷണയെ ആശ്രയിക്കുന്നുവോ ആ ഫലത്തെ പ്രതിപാദിക്കുന്ന വ്യഞ്ജന' ലക്ഷണാമൂല എന്നർത്ഥം 'കാശീനഗരം ഗംഗയിലാകുന്നു' ഇത്യാദി ഫലലക്ഷണോദാഹരണങ്ങളിൽ ഗംഗാദിപദം പ്രവാഹാദിരൂപമായ വാച്യാർത്ഥത്തെ പ്രഥമം ബോധിപ്പിക്കുന്നു. ഈ വാച്യാർത്ഥബോധനാപര്യന്തമേ 'അഭിധ'യ്ക്കു പ്രവൃത്തിയുള്ളു. അഭിധാപ്രതിപാദിതമായ ആ വാച്യാർത്ഥത്തിൽ ബാധം കാണുകയാൽ പിന്നീടു് അന്വയസിദ്ധിക്കുവേണ്ടി 'ലക്ഷണ' പ്രവർത്തിക്കുന്നു. ലക്ഷണയും വാച്യസംബന്ധമായ ഗംഗാതീരാദ്യർത്ഥത്തെ ലക്ഷിപ്പിച്ചിട്ടു വിരമിക്കുന്നു. ഇതിനുമേൽ ശൈത്യപാവനത്വാദിവിശിഷ്ടമായ ഗംഗാതീരമെന്നു് തീരത്തിൽ ഗുണവിശേഷത്തെ തോന്നിപ്പിക്കുന്നതു് 'വ്യഞ്ജനാ'വ്യാപാരമാകുന്നു. ഈ വിശേഷാർത്ഥപ്രതീതി 'ഗംഗാതീരത്തിൽ' എന്നു് വാചകശബ്ദംതന്നെ പ്രയോഗിച്ചിരുന്നാൽ ജനിക്കയില്ലെന്നു സ്പഷ്ടമാകുന്നു. അതിനാൽ ഗംഗാതീരം എന്ന ലക്ഷ്യാർത്ഥത്തിൽ ഗംഗാശബ്ദത്തെ പ്രയോഗിച്ചതാണു് വിശേഷാർത്ഥപ്രതീതിക്കു മൂലമെന്നു സിദ്ധിക്കുന്നു. ഈ വിധം ഫലലക്ഷണകളിലെല്ലാം ഫലത്തെ ബോധിപ്പിക്കുന്നതു വ്യഞ്ജനയാകയാൽ അവയെല്ലാം ലക്ഷണാമൂല്യവ്യഞ്ജനയ്ക്കു് ഉദാഹരണങ്ങൾതന്നെ.

---

* 158-ാം കാരിക നോക്കുക.

† 305-ാം പദ്യം നോക്കുക.

**വ്യഞ്ജനയ്ക്കാശ്രയം ശബ്ദം**
**വ്യഞ്ജകം വ്യംഗ്യമാം പൊരുൾ. 165**

വ്യഞ്ജനാവ്യാപാരത്തിനാശ്രയമായ ശബ്ദം 'വ്യഞ്ജകം'; വ്യഞ്ജനയാൽ സിദ്ധിക്കുന്ന അർത്ഥം 'വ്യംഗ്യം' എന്നു് അഭിധാലക്ഷണകൾക്കു ചൊന്നപോലെ ഇവിടെയും വ്യവസ്ഥ.

**അനന്തരം അർത്ഥമൂലയായ വ്യഞ്ജനയെ ചൊല്ലുന്നു:**

**വക്താ, ശ്രോതാ, വാച്യവസ്തു,**
**വാക്യം, സന്നിഹിതം ജനം,**
**കാലം, ദേശം, പ്രകരണം,**
**കാകുചേഷ്ടകളും തഥാ 166**

**എന്നിവയ്ക്കുള്ള വൈശിഷ്ട്യാ-**
**ലെല്ലാമാതിരിയർത്ഥവും**
**വേറെയർത്ഥമുദിപ്പിക്കു-**
**മർത്ഥവും വ്യഞ്ജകം തതഃ. 167**

(1) വക്താവു്—പറയുന്നവൻ (2) ശ്രോതാവു്—ആരോടു പറയുന്നുവോ അവൻ (3) വാച്യവസ്തു - വാച്യമായ വിഷയം (4) വാക്യം—പ്രതിപാദിക്കുന്ന രീതി (5) സന്നിഹിതം ജനം—കേട്ടുനില്ക്കുന്ന ആൾ (6) കാലം (7) ദേശം (8) പ്രകരണം (9) കാകു—സ്വരവികാരം* (10) ചേഷ്ടകൾ ഇത്യാദികളിലുള്ള വൈലക്ഷണ്യത്താൽ വാച്യമായോ വ്യംഗ്യമായോ ലക്ഷ്യമായോ ഉള്ള ഒരർത്ഥം വേറെ ഒരർത്ഥത്തെ വ്യഞ്ജിപ്പിക്കും. അതിനാൽ ശബ്ദം മാത്രമല്ല, അർത്ഥങ്ങളും വ്യഞ്ജകങ്ങളാകുന്നു. പ്രതിഭാവത്തുക്കളായ സഹൃദയന്മാർക്കു് വക്തൃപ്രഭൃതികളുടെ വൈലക്ഷണ്യം നിമിത്തം ഒരർത്ഥത്തിൽനിന്നും മറെറാരർത്ഥത്തിന്റെ പ്രതീതി വരുന്നുണ്ടു്. ഇതും വ്യഞ്ജനാവ്യാപാരത്താൽത്തന്നെയാണു് എന്നു താല്പര്യം. ഉദാഹരണങ്ങൾ:

333. പെരിയൊരു ജലകുംഭത്തെ-
ച്ചേറിക്കൊണ്ടിങ്ങു സത്വരം വന്നേൻ
ഏറ്റെ വിയത്തു വലഞ്ഞേ-
നൊരു നിമിഷം വിശ്രമിക്കണം സഖി! മേ.

ഏകാകിനിയായിച്ചെന്നു് ആററിൽനിന്നും വെള്ളം കൊണ്ടുവന്നവളാണു് ഇവിടത്തെ വക്താവു്. അവൾ തൻെറ ശ്രമകാരണത്തെപ്പററി ചോദിച്ച സഖിയോടു പറയുന്ന ഉത്തരം വാച്യാർത്ഥം. ഇവിടെ വക്താവിൻെറ നടത്തദോഷത്തെ അറിഞ്ഞിട്ടുള്ളവനു് അവളുടെ വാക്യത്തിൽനിന്നും പ്രച്ഛന്നസുരതഗോപനരൂപമായ അർത്ഥാന്തരം വ്യഞ്ജിക്കുന്നു.

334. നഷ്ടം നിശ്ശേഷമായു് പോർമുലയിൽ മലയജം, ചുണ്ടിലെച്ചോപ്പുശേഷം
മൃഷ്ടം, ലുപ്താഞ്ജനം കണ്ണിണ തവ, കൃശമിക്കോൾമയിർക്കൊണ്ടു കോലം;
കഷ്ടം പൊയ്യോതുവോളേ! സ്വജനരുജ ധരിക്കാത്ത ദൂതീ! കുളിപ്പാ-
നിഷ്ടംപോലങ്ങു നീ പോയു് കുളമതിൽ; നഹി തസ്യാധ-
മസ്യാന്തികത്തിൽ.—സ്വ.

നായകനെ കൂട്ടിച്ചുകൊണ്ടുവരാൻ പോയിട്ടു് ലക്ഷ്യമാണസംഭോഗചിഹ്നയായിത്തിരിച്ചുവന്ന ദൂതിയോടു നായിക പറയുന്ന വാക്കാണിതു്. ഇവിടെ, ''നിന്നെ ഞാൻ നായകസമീപത്തിലേക്കു പറഞ്ഞയച്ചതിന്റെശേഷം സ്വകാര്യ

---

* ചോദ്യം, ആശ്ചര്യം മുതലായവ സൂചിപ്പിക്കുന്നതിനുള്ള സ്വരഭേദം.

പദ്യം 334. മലയജം=ചന്ദനം; മൃഷ്ടം=മായിക്കപ്പെട്ടു. രുജ=ദുഃഖം. നഹി തസ്യ അധമസ്യ അന്തികത്തിൽ=ആ അധമൻെറ സമീപത്തു് അല്ല (പോയതു്).

പരയായ നീ സ്നാനവേള അതിക്രമിക്കമെന്ന ഭയന്ന കളിക്കാനായിട്ടാണ പോയതെന്ന നിൻെറ ശരീരത്തുള്ള ചന്ദനച്യവനാദിചിഹ്നങ്ങളാൽ ഞാൻ ഊഹിക്കുന്നു'' എന്നുള്ള വാച്യാത്ഥത്തിൽനിന്നു്, ദൂതി നായകനിൽ പണ്ടേ അനുരക്തയാണെന്നുള്ള ശ്രോതൃവൈശിഷ്ട്യവും വിദഗ്ദ്ധയായ നായിക സ്വനായകൻെറ ദൂതീസംഭോഗരൂപമായ അപരാധത്തെ സ്പഷ്ടമായി പറകയില്ലെന്നുള്ള വക്തൃവൈശിഷ്ട്യവും ദേശകാലാദിവൈശിഷ്ട്യവും അറിഞ്ഞിട്ടുള്ളവക്കു്, ''നായകനെ കൂട്ടിക്കൊണ്ടുവരാൻ പോയ നീ ചിരാഭിലാഷിതമായ തത്സംഭോഗത്തെ ആണ ചെയ്തതെന്ന നിൻെറ ശരീരത്തിലുള്ള ചന്ദനച്യവനാദിലക്ഷണങ്ങളെക്കൊണ്ടു ഞാൻ ഊഹിക്കുന്നു'' എന്നുള്ള വ്യംഗ്യാത്ഥം വെളിപ്പെടുന്നു. ഈ ശ്ലോകത്തെ പലരും പലവിധത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ടു്. പണ്ഡിതരാജൻെറ വ്യാഖ്യാനത്തെ ആണു് ഇവിടെ സ്വീകരിച്ചതു്. ഈവിധത്തിൽ വാച്യവാക്യാദിശേഷമുള്ള വ്യംഗ്യസഹകാരികളെക്കും ഉദാഹരണം ഊഹിച്ചുകൊൾക.

മേൽ ചൊന്ന രണ്ടു ശ്ലോകങ്ങളിലും വാച്യാത്ഥമാകുന്നു വ്യഞ്ജകം. ഇനി ലക്ഷ്യവ്യംഗ്യാത്ഥങ്ങൾ വ്യഞ്ജകങ്ങളായി വരുന്നതിനു് ഉദാഹരണം:

335. ക്ഷണമിമകളിൽനിന്നു, തല്ലി ചുണ്ടിൽ,
കുളർമുലമേലഥ വീണുടൻ തകന്നു,
വലികളിലിടറിച്ചിരേണ നാഭീ-
ച്ചുഴിയിലിറങ്ങി നവീനവഷബിന്ദു. —കു. സം.

പാവ്വതി തപസ്സുചെയ്തുകൊണ്ടു നില്ക്കമ്പോൾ വഷകാലം വന്നതിനെ വണ്ണിക്കുന്ന ഈ ശ്ലോകംകൊണ്ടു കവി അവളുടെ ദേഹത്തിൽ ആദ്യമായി പതിച്ച വഷജലബിന്ദുക്കളുടെ ഗതിയെ മുറയ്ക്കു കാണിക്കുന്നു. ഇതാണു് ഇവിടത്തെ വാച്യാത്ഥം. ഇതിൽനിന്നും, നാസാഗ്രത്തിൽ ദൃഷ്ടി പതിപ്പിച്ചു്, വാ മൂടി, ദേഹം ഇളകാതെ നിവന്നുള്ള ധ്യാനോചിതമായ നില പ്രകരണവാച്യാദികളുടെ വൈശിഷ്ട്യത്താൽ വ്യഞ്ജിക്കുന്നു. ജലബിന്ദുക്കൾ ഇമകളിൽ വീണതും, അവിടെ ക്ഷണം നിന്നതും, അവിടെനിന്നു ചുണ്ടിൽ തട്ടി വായിലിറങ്ങാതെ മാറിൽ പതിച്ചതും മററും അല്ലെങ്കിൽ യോജിക്കയില്ലല്ലോ. ഈ വ്യംഗ്യാത്ഥത്തിൽനിന്നു കാമോദ്ദീപകമായ വഷാരംഭത്തിൽപ്പോലും അവളുടെ തപസ്സിനു ലേശം പ്രതിബന്ധം വന്നില്ലെന്നു മറെറാരത്ഥവും വ്യഞ്ജിപ്പിക്കുന്നു. അതിനാൽ ഇതു് വ്യംഗ്യാത്ഥം വ്യഞ്ജകമാകുന്നതിനു് ഉദാഹരണം. ഇതിൽത്തന്നെ ജലബിന്ദു ചുണ്ടിൽ തല്ലിയെന്നതിനു ലക്ഷണകൊണ്ടു ചുണ്ടിൽ ബലത്തോടെ പതിച്ചു എന്നുണ്ടാകുന്ന ലക്ഷ്യാത്ഥം തല ഉയത്തിയാണു് അവൾ നിന്നിരുന്നതു് എന്നു വ്യഞ്ജിപ്പിക്കുന്നതിനാൽ ലക്ഷ്യാത്ഥം വ്യഞ്ജകമാകുന്നതിനും ഇതുതന്നെ ഉദാഹരണം. വേറെ ഉദാഹരണം:

336. രാമനെ നിത്യം ദശരഥനെന്നുള്ളി—
ലാമോദമോടു നിരൂപിച്ചുകൊള്ളണം;
എന്നെ ജനകാത്മജയെന്നുറച്ചുകൊൾ,
പിന്നെയയോദ്ധ്യയെന്നോത്തീടടവിയെ.—അദ്ധ്യാത്മരാമായണം

---

പദ്യം 336. രാമനെ ദശരഥനായി വിചാരിക്കാൻ വയ്യാസ്കയാൽ വാച്യത്തിനു ബാധം. ലക്ഷണകൊണ്ടു ദശരഥതുല്യം എന്നു ലക്ഷ്യാത്ഥം. ബഹുമാനിക്കണം എന്നു വ്യംഗ്യം. എന്നെ (സുമിത്രയെ) ജനകാത്മജയെന്നു് (ഞാൻ സീതയെന്നു്) കരുതുന്നതിൽ വാച്യാത്ഥം ബാധിതം. സീതയും ഞാനും തുല്യം എന്നു ലക്ഷണ. മാതൃതുല്യബഹുമാനം വ്യംഗ്യം. അയോദ്ധ്യ അടവിയാകാത്തതിനാൽ വാച്യാത്ഥം ബാധിതം. അടവിതുല്യം എന്നു ലക്ഷ്യാത്ഥം. ശൂന്യത വ്യംഗ്യം.

# ധ്വനിപ്രകരണം

കാവ്യത്തിന്റെ അംഗങ്ങളെ എല്ലാം വിവരിച്ചതിന്റെശേഷം അംഗിയായ ധ്വനിയെ നിരൂപിക്കുന്നു.

വാച്യാതിഗം വ്യംഗ്യമെങ്കി-
ലക്കാവ്യം ധ്വനിസംജ്ഞിതം
ഗുണീഭൂതവ്യംഗ്യസംജ്ഞം
വാച്യംതാൻ മുഖ്യമെങ്കിലോ. 168

ഏതു കാവ്യത്തിൽ വാച്യാൎത്ഥത്തെക്കാൾ വ്യംഗ്യാൎത്ഥം ചമൽക്കാരകാരകമായിരിക്കുന്നുവോ അക്കാവ്യത്തിനു് 'ധ്വനി' എന്നു പേർ. വാച്യാൎത്ഥത്തിനാണു് പ്രാധാന്യമെങ്കിൽ ആ കാവ്യം 'ഗുണീഭൂതവ്യംഗ്യ'മെന്നു പറയപ്പെടുന്നു. ഗുണം (അപ്രധാനം) ആയിത്തീൎന്ന വ്യംഗ്യത്തോടുകൂടിയതു് എന്നു പേരിനു് അൎത്ഥയോജന. രണ്ടിനും പലമാതിരി വകഭേദങ്ങളുണ്ടു്. അവയെ മുറയ്ക്കു വിവരിക്കുന്നു. (മറുവശത്തെ പട്ടികകൾ നോക്കുക.)

ലക്ഷണാമൂലമഭിധാ-
മൂലമെന്നുള്ള രണ്ടുതാൻ
അവിവക്ഷിതവാച്യാർത്ഥ-
മിഷ്ടാന്യപരവാച്യവും. 169

ലക്ഷണാമൂലം എന്നും അഭിധാമൂലം എന്നും വ്യംഗ്യം രണ്ടുവിധത്തിൽ വരുമെന്നു പറഞ്ഞിട്ടുണ്ടല്ലോ.[1] ലക്ഷണാമൂലവ്യംഗ്യം പ്രധാനമായി വരുന്നതു് 'അവിവക്ഷിതവാച്യധ്വനി'; അഭിധാമൂലവ്യംഗ്യം പ്രധാനമായി വരുന്നതു് 'ഇഷ്ടാന്യപരവാച്യധ്വനി' അല്ലെങ്കിൽ 'വിവക്ഷിതാന്യപരവാച്യധ്വനി' എന്നു ധ്വനിക്കു് ആദ്യമേ രണ്ടു വിഭാഗം. അതിൽ ആദ്യത്തേതിനു് രണ്ടു വകഭേദം പറയുന്നു:

അവിവക്ഷിതവാച്യാർത്ഥ-
ധ്വനി രണ്ടായ് പിരിഞ്ഞിടും
അർത്ഥാന്തരസംക്രമിത-
വാച്യം നിർദ്ധൂതവാച്യവും. 170

ലക്ഷണാമൂലവ്യംഗ്യത്തിനു് പ്രാധാന്യം വരുന്നിടത്താണല്ലോ അവിവക്ഷിതവാച്യധ്വനി. ലക്ഷണ ജഹത്സ്വാൎത്ഥ എന്നും അജഹത്സ്വാൎത്ഥ[2] എന്നും രണ്ടുവിധത്തിൽ ഉണ്ടു്. അതിൽ അജഹത്സ്വാൎത്ഥലക്ഷണാമൂലവ്യംഗ്യം പ്രധാനമായാൽ അതു് 'അൎത്ഥാന്തരസംക്രമിതവാച്യധ്വനി'. ഇതിൽ വാച്യാൎത്ഥത്തെത്തന്നെ അൎത്ഥാന്തരത്തിൽ സംക്രമിപ്പിക്കു(പ്രവേശിപ്പിക്കു)ന്നതേ ഉള്ളു. ജഹത്സ്വാൎത്ഥലക്ഷണാമൂലവ്യംഗ്യം പ്രധാനമായി വന്നാൽ അതു് 'നിൎദ്ധൂതവാച്യം' അല്ലെങ്കിൽ 'അത്യന്തതിരസ്കൃതവാച്യം'. ഇതിൽ വാച്യാർത്ഥത്തിനു് അന്വയത്തിൽ പ്രവേശമേ ഇല്ല.

അൎത്ഥാന്തരസംക്രമിതവാച്യത്തിനു് ഉദാഹരണം:

337. കരഭം കരഭം; കദളീ കദളീ;
കരിരാജകരം കരിരാജകരം:
കുടിലാളകതൻ തുടകൾക്കു ദൃഢം
കിടയാ കിട മൂന്നുലകിങ്കലുമേ. —സ്വ.

1. 163-ം 164-ം കാരികകൾ നോക്കുക
2. ലക്ഷണയുടെ വിഭാഗങ്ങൾ നോക്കുക.

പദ്യം 337. കരഭം = മുഴങ്കൈ. കദളി=വാഴ. കരിരാജകരം = തുമ്പിക്കൈ. കുടിലാളക = സുന്ദരി.

## പട്ടിക 1

**ധ്വനി**

- I അവിവക്ഷിതവാച്യം
  - 1. അർത്ഥാന്തരസംക്രമിതവാച്യം
  - 2. അത്യന്തതിരസ്കൃതവാച്യം
- II വിവക്ഷിതാന്യപരവാച്യം
  - 1. അസംലക്ഷ്യക്രമം
    - 1) രസം
      - a) ശൃംഗാരം
      - b) വീരം
      - c) കരുണം
      - d) ഹാസ്യം
      - e) രൗദ്രം
      - f) ഭയാനകം
      - g) ബീഭത്സം
      - h) അത്ഭുതം
      - i) ശാന്തം
    - 2) ഭാവം
    - 3) രസാഭാസം
    - 4) ഭാവാഭാസം
    - 5) ഭാവോദയം
    - 6) ഭാവശാന്തി
    - 7) ഭാവസന്ധി
    - 8) ഭാവശബളത
  - 2. സംലക്ഷ്യക്രമം അല്ലെങ്കിൽ അനുരണനം
    - 1) ശബ്ദശക്ത്യുത്ഥം
      - a) വസ്തു
      - b) അലങ്കാരം
    - 2) അർത്ഥശക്ത്യുത്ഥം
      - a) വസ്തുനാ വസ്തു
      - b) വസ്തുനാ അലങ്കാരം
      - c) അലങ്കാരേണാലങ്കാരം
      - d) അലങ്കാരേണ വസ്തു
    - 3) ഉഭയശക്ത്യുത്ഥം

## പട്ടിക 2

**ഗുണീഭൂതവ്യംഗ്യം**

1. അഗൂഢം
2. അപരാംഗം
3. വാച്യസിദ്ധ്യംഗം
4. അസ്ഫുടം
5. സന്ദിഗ്ദ്ധം
6. തുല്യപ്രാധാന്യം
7. കാകാക്ഷിപ്തം
8. അസുന്ദരം

ഇവിടെ രണ്ടാമത്തെ കരഭ–കദളീ–കരിരാജകരപദങ്ങൾ 'അൎത്ഥാന്തരസംക്രമിത'ങ്ങൾ; അവ മുറയ്ക്കു് കാൎശ്യാദിദോഷങ്ങളുള്ള കരഭം, ജാഡ്യാദിദോഷങ്ങളുള്ള കദളി, കാൎക്കശ്യാദിദോഷങ്ങളുള്ള കരിരാജകരം എന്നു് അൎത്ഥാന്തരത്തിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കുന്നു. കാൎശ്യാദിദോഷാധിക്യം വ്യംഗ്യം.

നിൎദ്ധൂതവാച്യത്തിനു് ഉദാഹരണം:

338. തുണചെയ്തു ഭവാനെനിക്കു പാരം
ഗുണവാനെന്നതുമങ്ങു കാട്ടിയല്ലോ!
ഇതുമാതിരിതാൻ ചരിച്ചു മേലും
സതതം വാഴുക തോഴരേ! സുഖേന. —സ്വ.

ശത്രുവിനോടു പറയുന്നതാകയാൽ ഇതിൽ വാച്യാൎത്ഥം ബാധിതമായിട്ടു്, 'അങ്ങെനിക്കു വളരെ ഉപദ്രവംചെയ്തു; ദുഷ്ടനാണെന്നതും വെളിപ്പെടുത്തി; ഹേ ശത്രോ! മേലും ഈവിധം ആചരിച്ചുകൊണ്ടു് അങ്ങേക്കു് ഏറെനാൾ സുഖിച്ചിരിപ്പാൻ ഇടയാകാതെപോകട്ടെ!' എന്നു് ശാപരൂപമായ ലക്ഷ്യാൎത്ഥത്തെ പ്രതിപാദിക്കുന്നു. 'നീ എത്രതന്നെ ശത്രുത്വം എന്നോടു ചെയ്താലും ഞാൻ നിനക്കു് ഒരു അപ്രിയമായ വാക്കു പറയുകപോലും ചെയ്വാൻ ഭാവിച്ചിട്ടില്ല' എന്നു് വ്യംഗ്യാൎത്ഥം. ഇതിൽ വാച്യാൎത്ഥം സൎവ്വഥാ അനുപയുക്തമായിരിക്കുന്നതിനാൽ ഇതു് 'അത്യന്തതിരസ്കൃതവാച്യം'. വിപരീതലക്ഷണ കൂടാതെയും ഇതു സംഭവിക്കും. എങ്ങനെ,

339. ചന്ദ്രോദയം പാൎത്തെഴുമാഴിപോലെ
തല്ക്കാലമുള്ളൊന്നു ചലിച്ചൊരീശൻ
പാരിച്ച ബിംബാധരകാന്തികോലു–
മുമാമുഖം കണ്ണുകളാൽ നുകൎന്നാൻ. —കു. സം.

ഇവിടെ 'നുകൎന്നാൻ' എന്നതിനു് 'നോക്കി' എന്നു് ലക്ഷ്യാൎത്ഥം; അനുരാഗാധിക്യം വ്യംഗ്യം, കുടിക്കുക എന്ന വാച്യാൎത്ഥം തിരസ്കൃതം.

**ഇഷ്ടാന്യപരവാച്യാഖ്യ–**
**ധ്വനിയും രണ്ടുമാതിരി**
**സംലക്ഷ്യക്രമമാമേകം**
**അസംലക്ഷ്യക്രമം പരം.** 171

ഇഷ്ടം വിവക്ഷിതം; അന്യപരം വ്യംഗ്യപരം; വിവക്ഷിതവും വ്യംഗ്യാൎത്ഥത്തെ നയിപ്പിക്കുന്നതും ആയ വാച്യാൎത്ഥമുള്ളതു് എന്നു് പേരിന്റെ അക്ഷരാൎത്ഥം. അതു് 'സംലക്ഷ്യക്രമ'മെന്നും, 'അസംലക്ഷ്യക്രമ'മെന്നും രണ്ടായിപ്പിരിയുന്നു. വാച്യാൎത്ഥം ഇത്രത്തോളംകൊണ്ടു് അവസാനിച്ചു്, ഇതിനുമേൽ വ്യംഗ്യാൎത്ഥം എന്ന ക്രമം സ്ഫുടമായി കാണുന്നിടത്തു് 'സംലക്ഷ്യക്രമം'. ക്രമം സ്ഫുടമാകാത്തിടത്തു് 'അസംലക്ഷ്യക്രമം'.

**രസഭാവാദിയാമന്ത്യ–**
**മനുസ്വാനാഖ്യമാദിമം**
**അനന്തം ഭേദമന്ത്യത്തി–**
**ന്നാദിമത്തിനു മൂന്നുതാൻ.** 172

അന്ത്യം 'അസംലക്ഷ്യക്രമം'; അതിൻെറ ഭേദങ്ങളാണു് രസഭാവാദിധ്വനികൾ; അതിനു് അവസാനിക്കാതെ അവാന്തരവിഭാഗങ്ങൾ ചെയ്യാം. ആദിമം 'സംലക്ഷ്യക്രമം'; അതിനു് 'അനുസ്വാനധ്വനി' എന്നു പേർ. അനുസ്വാനം—അനുരണനം—മാറ്റൊലി എന്നു ശബ്ദാൎത്ഥം. മണിയടിച്ചാൽ പിന്നാലെ ഒരു സൂക്ഷ്മമായ നാദം കേൾക്കുംപോലെ വാച്യാൎത്ഥത്തിനു പുറകേതന്നെ വ്യംഗ്യാൎത്ഥം ഇതിൽ

ഉദിക്കുന്നുവെന്നു താൽപ്പര്യം. ഈ അനുസ്വാനധ്വനിക്കു് മൂന്നുംപ്പിരിവുകൾ. അവ ഇന്നതെന്നു ചൊല്ലുന്നു:

**ശബ്ദാർത്ഥോഭയശക്ത്യുത്ഥ-**
**മെന്നു പിന്നവയിൽ പുനഃ**
**"വസ്ത്വലങ്കാരരൂപേണ**
**വ്യംഗ്യവ്യഞ്ജകഭേദതഃ,**
**ശബ്ദാർത്ഥശക്ത്യുത്ഭവങ്ങൾ-**
**ക്കുണ്ടാം ഭേദമവാന്തരം.** 173

ശബ്ദശക്ത്യുത്ഥം, അർത്ഥശക്ത്യുത്ഥം, ഉഭയശക്ത്യുത്ഥം* എന്നു മൂന്നു് ഉൾപ്പിരിവുകൾ. ഈ മൂന്നിൽ ശബ്ദശക്ത്യുത്ഥം, അർത്ഥശക്ത്യുത്ഥം എന്ന രണ്ടിനു് ഉൾപ്പിരിവുകൾ ഉണ്ടാകുന്നു. അതിലേക്കു ഹേതു വ്യംഗ്യവും വ്യഞ്ജകവും വസ്തുരൂപമോ അലങ്കാരരൂപമോ ആയി വരാമെന്നുള്ളതു്. വസ്തുവെന്നാൽ ഒരു സാധാരണ സംഗതി; ഔപമ്യാദി ചമൽക്കാരമുള്ളതു് അലങ്കാരം. അതിൽ ശബ്ദശക്ത്യുത്ഭവത്തിനു് വ്യംഗ്യം (a)വസ്തുവോ(b)അലങ്കാരമോ എന്നുള്ള ഭേദത്താൽ രണ്ടു വകഭേദം. അർത്ഥശക്ത്യുത്ഭവത്തിനു് വ്യംഗ്യവ്യഞ്ജകങ്ങൾ രണ്ടിലും ഈ ഭേദം സംഭവിക്കുന്നതിനാൽ നാലു വകഭേദം. (i) വസ്തുകൊണ്ടു് വസ്തു, (ii) വസ്തുകൊണ്ടു് അലങ്കാരം, (iii) അലങ്കാരംകൊണ്ടു വസ്തു, (iv) അലങ്കാരംകൊണ്ടു് അലങ്കാരം എന്നു്. ഉഭയശക്ത്യുത്ഥമാകട്ടെ, ഒരുവിധമേ സംഭവിക്കൂ. മുറയ്ക്കു് ഉദാഹരണങ്ങൾ:

(a) ശബ്ദശക്തിമൂലവസ്തുധ്വനിക്കു്:
'കാതിലോലാ'—'നല്ലതാളീ'

രണ്ടു കവികളുടെ സംവാദം. ഒരു നായിക സഖിയോടുകൂടി തേച്ചുകുളിക്കാൻ പോകുന്നവഴി അവരെ നോക്കീട്ടു് രണ്ടു കവികൾ തങ്ങളിൽ ചെയ്ത സംഭാഷണമാകുന്നു ഇതു്. ഇവിടെ 'കാതിൽ ഓല (ഇട്ടിട്ടുണ്ടു്)' 'കൈയിൽ നല്ലതായ താളിയും (ഉണ്ടു്)' എന്നുള്ള വാച്യാർത്ഥത്തിനു പുറകേ വേറെ പദച്ഛേദംകൂടി യോജിക്കുന്ന ശബ്ദങ്ങളുടെ മഹിമാവിനാൽ 'കാ (ഏവൾ) അതിലോലാ (അധികം സുന്ദരീ)' എന്നും 'നല്ലതു് ആളീ (സഖി)' എന്നും അനുസ്വാനരൂപമായ വ്യംഗ്യാർത്ഥം ഉദിക്കുന്നു. ഈ വ്യംഗ്യത്തിൽ അലങ്കാരലക്ഷണങ്ങൾ ഒന്നും യോജിക്കാത്തതിനാൽ ഇതു് കേവലം വസ്തുരൂപം. വേറെ ഉദാഹരണം:

340. സൽക്കാരമേകാനയി പാന്ഥ! കേൾക്ക
തൽക്കാലമിങ്ങില്ല ഗൃഹാധിനാഥൻ;
പയോധരത്തിൻെറയുയച്ച് പാർത്തി-
ട്ടീയാധിയെങ്കിൽ പുലരെഗ്ഗമിക്കാം. —സ്വ.

മഴക്കാറുള്ള ഒരു സായംകാലത്തിൽ വീട്ടിൽ വന്ന വഴിയാത്രക്കാരനോടു് കുലടയായ ഗൃഹിണി പറയുന്ന ഈ വാക്കിൽ 'വീട്ടുകാരൻ ഇവിടെയില്ലാത്തതിനാൽ അതിഥിസൽക്കാരത്തിനൊന്നും പാങ്ങില്ല; മഴയത്തു മറ്റൊരിടത്തു പോകാൻ നിവൃത്തിയില്ലാത്തതിനാൽ രാത്രി കഴിച്ചുകൂട്ടണമെന്നു മാത്രമേ തനിക്കപേക്ഷയുള്ളു എങ്കിൽ ഇവിടെ കിടന്നുകൊള്ളുന്നതിനു വിരോധമില്ല' എന്നു് സാധാരണമായ വാച്യാർത്ഥം. അതിനുമേൽ, എൻെറ ഭർത്താവു് വീട്ടിലില്ല; (പയോധരത്തിൻെറ) സ്തനത്തിൻെറ ഉയച്ച് കണ്ടിട്ടു് എന്നിൽ അനുരാഗമെങ്കിൽ രാത്രി ഇവിടെ താമസിച്ചിട്ടു പോയാൽ മതി—എന്നുള്ള വ്യംഗ്യം സഹൃദയന്മാരുടെ മനസ്സിൽ ഝടിതി സ്ഫുരിക്കുന്നു. ഈ വ്യംഗ്യം പയോധരശബ്ദശക്തിമൂലകവും വസ്തുമാത്രവും ആകയും ചെയ്യുന്നു.

---

* ഉഭയം=ശബ്ദവും അർത്ഥവും.

(b) ശബ്ദശക്തിമൂലാലങ്കാരധ്വനിക്കു്:

341. സൽക്കീർത്തികൊണ്ടു പരമന്നകുലത്തിനെല്ലാ–
മുൽക്കർഷദൻ, പ്രഥിതവിക്രമനിത്രിലോക്യാം,
നൽശാരദോജ്ജ്വലവിലാസവിലോലശീലൻ
സന്മാനസത്തിലമരുന്നിതു രാജഹംസൻ. —സ്വ.

ഇതിന്നു് രാജപരമായ അർത്ഥം പ്രകരണബലാൽ ആദ്യം സ്ഫുരിച്ചതിനുശേഷം ഹംസപരമായ ഒരപ്രകൃതാർത്ഥംകൂടി ഉദിക്കുന്നു. പരമന്നകുലത്തിന്നു് (ശത്രുരാജകുലത്തിന്നു്) ഉൽക്കർഷത്തെ ഖണ്ഡിക്കുന്നവൻ; അന്നകുലത്തിന്നു് (ഹംസകുലത്തിന്നു്) പരം (ഏറ്റം) ഉൽക്കർഷത്തെ കൊടുക്കുന്നവൻ എന്നും. വിക്രമം പൗരുഷം; നട എന്നും. ശാരദയുടെ (സരസ്വതിയുടെ) ശാരദം; ശരൽക്കാലസംബന്ധി എന്നും. സത്തുക്കളുടെ മാനസം മനസ്സു്; നല്ല മാനസാഖ്യസരസ്സെന്നും. ഈ ശബ്ദങ്ങളുടെ മാഹാത്മ്യത്താലാണു് രണ്ടർത്ഥം ഉളവാകുന്നതു്. ഇവിടെ അരയന്നം മാനസത്തിലെന്നപോലെ പ്രകൃതനായ രാജാവു് സത്തുക്കളുടെ മനസ്സിൽ അമരുന്നു എന്നു് ഉപമാലങ്കാരം വ്യംഗ്യം. വേറെ ഉദാഹരണം:

342. ഹ്രസ്വം കേളാകാരം;
വൃത്തം ചതുരം ത്രിവിക്രമ! ഭവാൻെറ;
അകമലമാകവെയകലാൻ
കമലസഖം നിൻപദം വണങ്ങുന്നേൻ. —സ്വ.

ഇതിൽ വിരോധാലങ്കാരം വ്യംഗ്യം.

343. നല്ലുല്യാണം സ്പന്ദനംകൊണ്ടു സൂചി–
പ്പിക്കുംപോലിന്നാന്തരാർത്ഥജ്ഞമാകും
ഇക്കണ്ണോർത്താൽ വാമമെന്നാലുമിപ്പോൾ
കൈക്കൊള്ളുന്നൂ ഹന്ത! ദാക്ഷിണ്യമേററം. —മാലതീമാധവം

ഇത്യാദികളിൽ 'എന്നാലും' ഇത്യാദി പദങ്ങൾ വിരോധത്തെ വാച്യമാക്കുന്നു. ഇവിടെ ('ഹ്രസ്വം കേളാകാരം' ഇത്യാദിയിൽ) അതുപോലെ ദ്യോതകപദമൊന്നുമില്ലാത്തതിനാൽ വിരോധം വ്യംഗ്യം. ഇതുപോലെ യഥാസംഭവം വേറേ അലങ്കാരങ്ങൾക്കും ധ്വനി ഊഹിച്ചുകൊള്ളുക.

ശബ്ദശക്തിമൂലധ്വനിക്കു കാണിച്ച ഉദാഹരണങ്ങൾക്കെല്ലാം ശ്ലേഷാലങ്കാരത്തിൻെറതന്നെ വകഭേദങ്ങളല്ലയോ എന്നു് ഇവിടെ ഒരു സന്ദേഹം ജനിക്കുന്നു. അതിലേക്കു് 'അഭിധാമൂലധ്വനി, പ്രകൃതാപ്രകൃതശ്ലേഷം, സമാസോക്തി ഇവ മൂന്നിലും വിശേഷണങ്ങൾക്കു് നാനാർത്ഥവിവക്ഷ തുല്യമാകുന്നു; വിശേഷ്യത്തിന്റെ സ്വഭാവംകൊണ്ടാണു് ഇവ വേർതിരിയുന്നതു്; അഭിധാമൂലധ്വനിയിൽ പ്രകൃതാപ്രകൃതങ്ങളായ രണ്ടുവക വിശേഷ്യങ്ങളും ശ്ലിഷ്ടങ്ങളായിരിക്കും; പ്രകൃതാപ്രകൃതശ്ലേഷത്തിൽ അപ്രകൃതവിശേഷ്യംമാത്രം ശ്ലിഷ്ടം; സമാസോക്തിയിൽ വിശേഷ്യത്തിന്നു് ശ്ലേഷമേ ഇല്ല'—എന്നു രസഗംഗാധരകാരൻ സമാധാനംചെയ്യുന്നു. പ്രാചീനന്മാർ പ്രകൃതാപ്രകൃതശ്ലേഷത്തെ സ്വീകരിക്കാതെ അതിൻെറ വിഷയത്തെക്കൂടി അഭിധാമൂലധ്വനിക്കു കൊടുക്കുന്നു. പ്രകൃതാപ്രകൃതശ്ലേഷം അന്യാലങ്കാരസങ്കീർണ്ണമായിട്ടല്ലാതെ സംഭവിക്കാത്തതിനാൽ പ്രാചീനമതംതന്നെ ഇവിടെ ആദരണീയമെന്നു തോന്നുന്നു. അപ്പയ്യദീക്ഷിതരാകട്ടെ, ''സൽക്കീർത്തി കൊണ്ടു പരമന്നകുലത്തിന്നു്'' ഇത്യാദി ധ്വന്യുദാഹരണങ്ങളിലും ശ്ലേഷംകൊണ്ടു്

---

പദ്യം 342. ആകാരം ഹ്രസ്വം; വൃത്തം ചതുരം; അകമലം അകലാൻ കമലത്തെ വണങ്ങുക—ഇവ വിരുദ്ധം.

പദ്യം 343. ഇടത്തെക്കണ്ണു തുടിച്ചു് ആനുകൂല്യം (ദാക്ഷിണ്യം) സൂചിപ്പിച്ചു. ദാക്ഷിണ്യത്തിന്നു് വലത്തുവശത്തെ സ്ഥിതി എന്നും അർത്ഥമുണ്ടു്. അതിനാൽ വാമം—ദാക്ഷിണ്യം എന്നിവ വിരുദ്ധം.

രണ്ടർത്ഥവും വാച്യമായിട്ടുതന്നെയിരിക്കുന്നുവെന്നും പിന്നീടു് അവസ്ഥു തങ്ങളിലുള്ള ഉപമാനോപമേയഭാവപ്രതീതിയാണു് ഇവിടെ വ്യംഗ്യമെന്നും അഭിപ്രായപ്പെടുന്നു. ഇനി ''പ്രകരണം മുതലായ അഭിധാനിയാമകങ്ങൾ* ഉള്ളിടത്തു് രണ്ടാമതു തോന്നുന്ന അർത്ഥം വ്യംഗ്യം; അതില്ലാത്ത ഒററശ്ലോകങ്ങളിലും മററും വാച്യമാകയാൽ ശ്ലേഷാലങ്കാരം''— എന്നു പ്രദീപകാരാദികൾ വാദിക്കുന്നു. ശ്ലേഷം ഒരു സ്വതന്ത്രാലങ്കാരമേ അല്ലെന്നു് സർവ്വസ്വകാരൻ പറയുന്നു. ഈവിധം പ്രകൃതവിഷയത്തിൽ ഗ്രന്ഥകാരന്മാർ ഭിന്നഭിന്നാഭിപ്രായന്മാരാകുന്നു.

ദൂരെദൂരെ ആലോചിക്കുമ്പോൾ പലവിധം അസ്വാരസ്യങ്ങൾക്കു് അവസരവും കാണുന്നു. ''ശ്രീമത്ത്വത്താൽ...'' എന്നു് അഭിധാമൂലവ്യഞ്ജനയ്ക്കു ചൊന്ന ഉദാഹരണത്തിൽ ശ്രീമത്ത്വാദിപദങ്ങൾ പ്രകൃതാർത്ഥത്തെക്കാൾ അപ്രകൃതാർത്ഥത്തിൽ അതിപ്രസിദ്ധങ്ങളാകയാൽ പ്രകരണനിയന്ത്രണയെ ഗണിക്കാതെ പ്രബലതരയായ അന്വയയോഗ്യതയെ അനുസരിച്ചു് അപ്രകൃതാർത്ഥത്തിൽത്തന്നെ ബുദ്ധി ആദ്യം പ്രവേശിക്കുന്നു എന്നു തോന്നിപ്പോകുന്നു. എന്നാൽ ബുദ്ധിയുടെ ഈവിധ പ്രവൃത്തി ഒരു ദുസ്സ്വാതന്ത്ര്യമാണെന്നുള്ള ബോധത്താൽ അതിനെ അടക്കി പ്രകരണോപദിഷ്ടമായ മാർഗ്ഗത്തിലൂടെതന്നെ പ്രസരിപ്പിച്ചു് പ്രകൃതാർത്ഥത്തിൽ പ്രഥമം അതിനെ അവതരിപ്പിക്കേണ്ടതാണു് ന്യായമെന്നു സമ്മതിക്കയും ചെയ്യേ തീരൂ. ഏവഞ്ച, വാച്യത്തെക്കാൾ വ്യംഗ്യം അതിപ്രകടമെന്നു വന്നുചേരുന്നു. ഇതു് ആലങ്കാരികസിദ്ധാന്തത്തിനു വിരുദ്ധമാണുതാനും. ഇതിനുപുറമേ, വ്യംഗ്യമായ അപ്രകൃതാർത്ഥം വാച്യമായ പ്രകൃതാർത്ഥത്തിനു നിശ്ശേഷം അനുപയോഗിയായിരുന്നാൽ അതു കേവലം അസംബന്ധമായിപ്പോകും; അതിനാൽ സമാസോക്തിയിൽ ചൊന്ന രീതി അനുസരിച്ചു രണ്ടർത്ഥങ്ങൾക്കും തങ്ങളിൽ സാമ്യമോ അഭേദമോ അവസാനത്തിൽ കല്പിക്കേണ്ടിയിരിക്കുന്നു. അപ്പോഴും വ്യംഗ്യം ഗുണീഭൂതമായിച്ചമയുന്നു. ഗുണീഭൂതവ്യംഗ്യമാകട്ടെ, അലങ്കാരമാകുന്നതല്ലാതെ അലങ്കാര്യമാകുന്നതല്ലെന്നു സർവ്വസമ്മതവുമാണു്. സമാസോക്ത്യലങ്കാരംതന്നെ ഒരു ഗുണീഭൂതവ്യംഗ്യമാണല്ലോ! അതിനാൽ അഭിധാമൂലവ്യംഗ്യം ധ്വനിയാകുന്നതല്ലെന്നു് വന്നുചേരുന്നു. ഈ സ്ഥിതിക്കു് ഉക്തവ്യഞ്ജനയെ പ്രകൃതാപ്രകൃതശ്ലേഷമെന്നു് അലങ്കാരമദ്ധ്യേ ചേർക്കുന്നതല്ലയോ ന്യായമെന്നു് ഒരാലോചന വരുന്നു. അങ്ങനെ ചെയ്യുന്നപക്ഷം അഭിധാമൂലവ്യഞ്ജനയ്ക്കു തന്നെ മൂലച്ഛേദം വന്നുപോകും. അതു് അത്ര രമണീയമായി തോന്നുന്നുമില്ല. അതിനാൽ പ്രദീപകാരൻെറ വിഷയവിഭാഗംതന്നെ കൊള്ളാവുന്നതെന്നു സമാധാനപ്പെടേണ്ടിയിരിക്കുന്നു എന്നു് ഈ അതിപ്രസംഗം ഇവിടെ നില്ക്കട്ടെ.

ഇനി അർത്ഥശക്തിമൂലധ്വനികൾക്കു് ഉദാഹരണങ്ങൾ:

(i) വസ്തുനാ വസ്തുധ്വനിക്കു്:

344. നന്നായോർത്തു ജനം തപോധനമിമം നിന്നന്വയം ചോന്നതം
തന്നാളാലകൃതാം ത്വയി പ്രണയിതാമസ്യാഃ കഥഞ്ചിച്ച താം,
ഒന്നായ് ഗ്രാഹ്യയിവൾ പരിഗ്രഹഗണേ സാമാന്യബുദ്ധ്യാ ത്വയാ
പിന്നാൽ ഭാഗ്യവിധേയമായതു വധൂബന്ധുക്കളാൽ വാച്യമോ? —ഭാ.ശാക.

* 158–ം 159–ം കാരികകൾ നോക്കുക.

പദ്യം 344. ദുഷ്യന്തനെ അറിയിക്കാനായി കണ്വൻ പറഞ്ഞയയ്ക്കുന്ന സന്ദേശവാക്യം: 'ഈ തപോധനനായ നമ്മെ നന്നായോർത്തുകൊള്ളണം. നിൻെറ കുലം ഉന്നതമാണെന്ന വിചാരം വേണം. ഇവൾ നിന്നെ പ്രണയിച്ചതു് ബന്ധുക്കളാൽ (തന്നാളാൽ) അനുവദിക്കപ്പെടാതെയാണു്. അതിനാൽ നിൻെറ ഭാര്യമാരിൽ (പരിഗ്രഹഗണത്തിൽ) ഒന്നായി സ്വീകരിക്കപ്പെടേണ്ടവൾ (ഗ്രാഹ്യ) ആണു് ഇവൾ. പിന്നെ വരുന്നതെല്ലാം വിധിപോലെയാകട്ടെ'. ഈ വസ്തുകഥനത്തിൽനിന്നു്, 'നീ ഇവളെ സ്വീകരിക്കാതിരുന്നാൽ തപോധനനായ നമ്മുടെ ശാപം ഉണ്ടാകും' എന്നു മറെറാരു വസ്തു ധ്വനിക്കുന്നു.

(ii) വസ്തുനാ അലങ്കാരധ്വനിക്ക്:

345. തീരത്തിതാ നിൻവദനം പ്രസന്നം
നീരത്തിലത്താമരയും പ്രബുദ്ധം;
കണ്ടിട്ടിതാ തേൻ നുകരാൻ തുനിഞ്ഞ
വണ്ടിണ്ട മണ്ടുന്നിതു രണ്ടിടത്തും. —സ്വ.

ഇവിടെ വണ്ടിന്ന് താമര ഏതെന്ന് സാദൃശ്യമൂലമായ സംശയം വ്യംഗ്യമാകയാൽ സസന്ദേഹാലങ്കാരധ്വനി.

(iii) അലങ്കാരേണ വസ്തുധ്വനിക്ക്:

346. ഏറെക്കേണെ കടുത്ത കണ്മിഴി, മനം നീറിപ്പുറത്തുറു-
ച്ചൂടേറും നെടുവീപ്പു, നീളവെ നിറം ഭിന്നിച്ച ബിംബാധരം,
കൈയിൽ കോത്ത കവിൾത്തടം, കുനിരച്ചാത്താൽ കുത്തൊട്ടിടം
തിണ്ണം തന്മുഖ,മിന്നു നിങ്കലുഴലും തിങ്കൾക്കെതിക്കും സഖേ! —മേ.ദൂ.

ഇവിടെ യക്ഷൻ പ്രിയാമുഖത്തെ മേഘഗ്രസ്തമായ ചന്ദ്രബിംബത്തോടുപമിക്കുന്നതിൽനിന്നു മേഘത്തിന്ന് അവളെ കണ്ടറിയുവാൻ പ്രയാസമിരിക്കയില്ലെന്നു വസ്തു വ്യഞ്ജിക്കുന്നു.

(iv) അലങ്കാരേണാലങ്കാരധ്വനിക്ക്:

347. മണമൊടു വിറയാന്നിടുന്ന ചുണ്ടാ-
മിതളുകളൊത്ത മുഖം മുതക്കി നില്ക്കെ,
സ്ഫുടമവളുളവാക്കി താമരപ്പൂ-
വതുപൊഴുതംബുജമററിരുന്നൊരാററിൽ. —കു.സം.

ഇതിൽ ശിശിരകാലത്തിലെ ഹിമവൃഷ്ടികൊണ്ട് താമരയെല്ലാം നശിച്ചുപോയിരുന്ന നദിയിൽ പാവ്വതി സ്വമുഖംകൊണ്ടു താമരയെ ഉളവാക്കിയോ എന്നു തോന്നും എന്നുള്ള ഉൽപ്രേക്ഷാലങ്കാരത്തിൽനിന്നു തന്മുഖപങ്കജം ഹിമബാധയില്ലാത്തതാണെന്ന വ്യതിരേകാലങ്കാരം ധ്വനിക്കുന്നു.

അനന്തരം ഉഭയശക്ത്യുത്ഥത്തിന്ന് ഉദാഹരണം:

348. സുന്ദരൻ കാന്തിഭരിതൻ
സദ്വൃത്തൻ ബുധസേവിതൻ
പൂർണ്ണമണ്ഡലനീ രാജാ
കണ്ണിനാനന്ദമേകിടും. —സ്വ.

ഇവിടെ നൃപന്ന് ചന്ദ്രനോടു സാദൃശ്യം വ്യഞ്ജിക്കുന്നതിനാൽ ഉപമാധ്വനി. സുന്ദരാദിശബ്ദങ്ങൾ സാധാരണങ്ങളും സദ്വൃത്താദികൾ ശ്ലിഷ്ടങ്ങളുമാകയാൽ ഇതു് ശബ്ദാത്ഥോഭയശക്തിമൂലം. പര്യായപദങ്ങളെ പ്രയോഗിച്ചാലും വ്യഞ്ജനയ്ക്കു കുറവു വരാത്തിടത്തു് അത്ഥശക്ത്യുത്ഭവധ്വനി; ശബ്ദം മാററാൻ പാടില്ലാത്തിടത്തു ശബ്ദശക്ത്യുത്ഭവധ്വനി; അതിനാൽ രണ്ടും കലൻനുള്ളിടത്തു് ധ്വനി ഉഭയശക്തിമൂലം. വിഭാഗം പ്രാധാന്യം പ്രമാണിച്ചുമാകുന്നു. ശബ്ദവും അത്ഥവും വ്യഞ്ജകമാവാം; അതിൽ പ്രധാനവ്യഞ്ജകം ശബ്ദമെങ്കിൽ ശബ്ദശക്തിമൂലം, അത്ഥമെങ്കിൽ അത്ഥശക്തിമൂലമെന്നാണു വ്യവസ്ഥ. എല്ലാ ശബ്ദങ്ങളും ഒന്നുപോലെ ശ്ലിഷ്ടങ്ങളായിട്ടു് ഉദാഹരണങ്ങൾ കാണുകയില്ല. 'സൽക്കാരമേകാൻ' എന്ന ശബ്ദശക്ത്യുത്ഥവസ്തുധ്വന്യുദാഹരണത്തിൽ പയോധരശബ്ദം ഒന്നേ ശ്ലിഷ്ടമായുള്ളു. ഈ വ്യവസ്ഥയാലാണു് ഉഭയശക്തിമൂലധ്വനി ഒരുവിധമേ സംഭവിക്കൂ എന്നു പറഞ്ഞതു്.

---

പദ്യം 346. യക്ഷപത്നിയുടെ ഇരിപ്പു് വർണ്ണ്യം. കൈയിൽ കോത്ത കവിൾത്തടം—കവിൾ കൈത്തലത്തിൽ വച്ചിരിക്കുന്നു. നിങ്കലുഴലും തിങ്കൾ—മേഘങ്ങൾക്കിടയിൽ ഒളിമങ്ങിക്കാണുന്ന ചന്ദ്രൻ.

പദ്യം 347. മുതക്കുക=ഉയത്തുക.

## രസനിരൂപണം

ഇഷ്ടാന്യപരവാച്യത്തിൽ അനുസ്വാനധ്വനി എന്നും പേരുള്ള സംലക്ഷ്യക്രമത്തെ ഭേദപ്രഭേദങ്ങളോടുകൂടി വിവരിച്ചതീർന്നു. ഇനി 'അനന്തം ഭേദമന്യത്തിന്നു്'' എന്നു പറഞ്ഞ അസംലക്ഷ്യക്രമത്തെ നിരൂപണംചെയ്യുന്നു. ഇതിനുതന്നെ 'രസഭാവാദിധ്വനി' എന്നും പേർ പറഞ്ഞതു്. വാച്യം വിവക്ഷിതമായിട്ടുള്ളിടത്തു് ആ വാച്യാർത്ഥത്തിന്റെ ചവ്വണയിൽ വ്യഞ്ജിക്കുന്നതു ചിലേടത്തു് അലംകൃതമോ അനലംകൃതമോ ആയ ഒരു സംഗതിയാകാം; അതാണു് അനുസ്വാനധ്വനി. മററു ചിലേടത്തു് ഒരു മനോവികാരം വ്യഞ്ജിച്ചു എന്നു വരാം; അതാണു് രസഭാവാദിധ്വനി. മനോവികാരം എന്നാൽ രതി, ശോകം, വിസ്മയം മുതലായ ചിത്തവൃത്തിവിശേഷം; അതിനു് ഭാവമെന്നു പേർ. ഭാവങ്ങളിൽ ചിലതു് അംഗങ്ങളായ മററു ഭാവങ്ങളോടു യോജിച്ചു് അംഗിയായിത്തീൎന്നു് അവിച്ഛിന്നധാരമായി നിലനില്ക്കുന്നതായിട്ടുണ്ടു്; ഇവയെ രസമെന്നു ചൊല്ലുന്നു. ശേഷമുള്ളവ ഭാവങ്ങൾതന്നെ. ആ രസത്തിന്റെ സ്വരൂപമിന്നതെന്നു ചൊല്ലുന്നു:

**ഭാവം മനോവികാരംതാൻ;**
**അച്ഛിന്നം സ്ഥായിയാമതു്**
**അതിൻ കാരണകാൎയ്യങ്ങൾ**
**വിഭാവമനുഭാവവും;** 174
**സഹായിഭാവം സഞ്ചാരി;**
**കാവ്യനാട്യപ്രകാശിതം**
**വിഭാവാദികളാൽ വ്യക്തം**
**സ്ഥായിഭാവമതാം രസം.** 175

ഭാവമെന്നാൽ മനോവികാരമാകുന്നു. സജാതീയങ്ങളോ വിജാതീയങ്ങളോ ആയ മററു ഭാവങ്ങളെക്കൊണ്ടു് വിച്ഛേദം (തടസ്സം) വരാതെ രസമായി ചമയുന്നതുവരെ നിലനില്ക്കുന്നതായ ഭാവത്തിനു് സ്ഥായി എന്നു പേർ. അതു് രതി, ശോകം മുതലായി ഒൻപതെണ്ണമെന്നു് മേൽ പറയും. ലോകത്തിൽ സംഭവിക്കുന്ന ഈ രത്യാദികൾക്കു് (1) കാരണങ്ങളായിട്ടും (2) കാൎയ്യങ്ങളായിട്ടും (3) സഹകാരികളായിട്ടും ഏതേതെല്ലാം ഉണ്ടോ അതതെല്ലാം കവിവാക്യത്താലോ നടന്റെ അഭിനയത്താലോ പ്രതിപാദിക്കപ്പെടുന്നതാകുമ്പോൾ മുറയ്ക്കു് (1) വിഭാവങ്ങൾ (2) അനുഭാവങ്ങൾ (3) സഞ്ചാരികൾ എന്നു വിളിക്കപ്പെടുന്നു. ഈ വിഭാവാനുഭാവസഞ്ചാരികളാൽ വ്യഞ്ജിക്കുന്ന രത്യാദി സ്ഥായിഭാവംതന്നെ രസം. കാരികയിൽ 'കാവ്യനാട്യപ്രകാശിതം' എന്ന വിശേഷണം കാരണകാൎയ്യസഹായികൾ മൂന്നിലും അന്വയിക്കുന്നു.

ഇവയിൽ 'വിഭാവം' രണ്ടുവിധം—ആരെ ആലംബിച്ചു് (ആശ്രയിച്ചു്, വിഷയമാക്കീട്ടു്) രത്യാദി ഉദിക്കുന്നു അതു് 'ആലംബനവിഭാവം'; ഉദിതമായ രത്യാദിയെ ഏതു് ഉദ്ദീപിപ്പിക്കുന്നു (തെളിച്ചു പ്രകാശിപ്പിക്കുന്നു) അതു് 'ഉദ്ദീപനവിഭാവം'. ആദ്യത്തേതു് തൎക്കശാസ്ത്രപ്രസിദ്ധമായ സമവായികാരണം; രണ്ടാമത്തേതു് നിമിത്തകാരണം[1]. നായികാനായകാദികൾ ആലംബനം; ആലംബനത്തിന്റെ സൗന്ദൎയ്യാദികളും ചന്ദ്രികാമലയമാരുതാദി തടസ്ഥവസ്തുക്കളും[2] ഉദ്ദീപനം.

അനുഭാവവും ബാഹ്യം, ആഭ്യന്തരം എന്നു് രണ്ടുവിധം. അന്തഃകരണത്തെ സ്പൃശിക്കുന്ന സ്തംഭപ്രളയരോമാഞ്ചാദികൾ[3] ആഭ്യന്തരം; ഇവയ്ക്കു് 'സാത്ത്വിക'ങ്ങളെന്നു പേർ. കടാക്ഷവിക്ഷേപാദിചേഷ്ടകൾ ബാഹ്യം. രത്യാദികളെ അനുഭവപ്പെടുത്തുന്നതിനാൽ രണ്ടിനും 'അനുഭാവ'മെന്നു പേർ.

---

1. തുണിക്കു് നൂലു് സമവായികാരണവും, ഓടം നെയ്ത്തുകോൽ മുതലായവ നിമിത്തകാരണവും എന്നു തൎക്കശാസ്ത്രം.
2. തടസ്ഥവസ്തു—കാരണമാകണമെന്നു കരുതാതെ കാരണമാകുന്നതു്.
3. സ്തംഭം=തരിച്ചുനില്ക്കുക. പ്രളയം=മോഹാലസ്യം. രോമാഞ്ചം=കോൾമ

രത്യാദിസ്ഥായിഭാവങ്ങളെ സഹകാരികളായിനിന്നു് പോഷിപ്പിക്കുന്ന ചിന്താഗ്ലാനിശങ്കാദികളായ വികാരങ്ങൾ 'സഞ്ചാരി'കൾ.

ലോകത്തിൽ ദുഷ്യന്താദിനായകന്മാൎക്കു് ശകുന്തളാദികളായ ആലംബനകാരണങ്ങളാലുദിച്ചു്, മന്ദമാരുതചന്ദ്രികാദികളായ ഉദ്ദീപനകാരണങ്ങളാൽ ഉദ്ദീപിതമായി, അശ്രുപാതാദികാൎയ്യങ്ങളാൽ അനുഭവപ്പെട്ടു്, ഉൽക്കണ്ഠാദി സഹകാരികളാൽ പോഷിതമായിട്ടു് രത്യാദി ചിത്തവൃത്തികൾ നിലനില്ക്കുന്നു. ഈ കാരണകാൎയ്യസഹകാരികൾക്കു് കവിവാക്യത്തിലോ നടാഭിനയത്തിലോ ഉണ്ടാകുന്ന പ്രതിബിംബങ്ങളാണു് മുറയ്ക്കു് വിഭാവാനുഭാവവ്യഭിചാരികൾ; ഇവയാൽ ഉളവായിത്തെളിഞ്ഞു് ബോധപ്പെട്ടു വളൎന്നുവരുന്ന രത്യാദി ചിത്തവൃത്തികൾക്കു് സഹൃദയഹൃദയത്തിൽ ഉളവാകുന്ന പ്രതിബിംബമാണു് രസം. ശുഭ്രവൎണ്ണങ്ങളായ സൂൎയ്യകിരണങ്ങൾക്കു് രക്തസ്ഫടികത്തിൽ പ്രവേശിക്കുമ്പോൾ ഔപാധികമായിട്ടു് രക്തത്വാദിഗുണവിശേഷങ്ങൾ ഉണ്ടാകുംപോലെ ഈ കാരണാദികൾക്കും രത്യാദിക്കും പ്രതിഫലിപ്പിക്കുന്ന പദാൎത്ഥത്തിന്റെ സ്വഭാവമനുസരിച്ചു് ചില വൈലക്ഷണ്യങ്ങൾ ഉളവാകുന്നു. അതിനാൽ കാരണാദികൾ വിഭാവാദിദശയിൽ ഇന്നയാൾ, ഇന്നപ്പോൾ, ഇന്നിടത്തു് ഇത്യാദികളായ വിശേഷാംശങ്ങളെ ത്യജിച്ചു് സാമാന്യാകാരങ്ങളായിച്ചമയുന്നു. അതിന്മണ്ണം സ്ഥായിഭാവങ്ങളിൽ ശോകജുഗുപ്സാദികളായ പ്രതികൂലവികാരങ്ങളും അനുകൂലങ്ങളായിത്തീരുന്നു. അതിനാലാണു് നമുക്കു കരുണബീഭത്സാദിരസങ്ങളിലും രുചിയും പ്രവൃത്തിയും ഉണ്ടാകുന്നതു്. ഈ വിഭാവാദികളെ സഹൃദയൻ സ്വഹൃദയത്തിൽ ആവൎത്തിച്ചാവൎത്തിച്ചു് അനുസന്ധാനംചെയ്യുന്ന ക്രിയയ്ക്കു് 'ചൎവ്വണ' എന്നു പേർ. ചൎവ്വണദശയിൽ കരിമ്പുകഷണത്തിൽനിന്നു് മധുരരസമെന്നപോലെ വിഭാവാദികളിൽനിന്നു ശൃംഗാരാദിരസം ഉത്ഭവിക്കുന്നു. രത്യാദിവികാരങ്ങൾ സഹൃദയന്റെ മനസ്സിൽ വാസനാരൂപേണ ലയിച്ചുകിടക്കുന്നുണ്ടു്. വിഭാവാദി ചൎവ്വണ, ലീനങ്ങളായ അവയെ ഉൽബോധനംചെയ്യുന്നതേ ഉള്ളു. പദാൎത്ഥങ്ങളുടെ തലത്തിലുള്ള വൈദ്യുതശക്തിയെ ഘൎഷണം വെളിപ്പെടുത്തുന്നതുപോലെ എന്നു് ഇവിടെ ദൃഷ്ടാന്തം കാണിക്കാം. വിഭാവാദികളുടെ ഒന്നുചേൎന്നുള്ള വിലക്ഷണവ്യാപാരത്താൽ വാസനയ്ക്കു് ഉൽബോധം വരുന്നതോടുകൂടിത്തന്നെ മനസ്സു് രജസ്തമസ്സുകളകന്നു് കേവലസത്ത്വാത്മകമായി ചമയുകയും, ആത്മാവു് അജ്ഞാനാവരണം നീങ്ങി, ചിത്പ്രകാശാനന്ദരൂപനായി വിളങ്ങുകയുംചെയ്യുന്നു. 'താദൃഗവസ്ഥമായ* മനസ്സിനു് താദൃഗാത്മസാക്ഷികമായി വിഷയീഭവിക്കുന്ന അനാദിവാസനാരൂപമായ രത്യാദിഭാവംതന്നെ രസം' എന്നു് രസനിൎവ്വചനം.

രസനിൎവ്വചനവിഷയത്തിൽ ഗ്രന്ഥകാരന്മാൎക്കു് പല അംശത്തിലും അഭിപ്രായഭേദമുണ്ടു്. ചിദാനന്ദവിശിഷ്ടമായ രത്യാദി സ്ഥായിഭാവമെന്നും രത്യാദി സ്ഥായിഭാവവിശിഷ്ടമായ ചിദാനന്ദമെന്നും വിശേഷണാംശത്തിൽ രണ്ടുപക്ഷം, വിഭാവാദി ചൎവ്വണയിൽ സഹൃദയൻ തനിക്കു് ദുഷ്യന്താദികളോടു് അഭേദം കല്പിക്കുന്നതിനാൽ ശകുന്തളാദിവിഷയകരത്യാദിതന്നെ രസമെന്നു ചിലർ. ശകുന്തളാദിവിഷയകരത്യാദികളോടുകൂടിയ ദുഷ്യന്താദികളോടു് തനിക്കു് സ്വപ്നതുല്യമായ സായുജ്യബോധമാണെന്നു് മററു ചിലർ. ദുഷ്യന്താദിപാത്രങ്ങളിൽ വാസ്തവബുദ്ധിയാൽ അവൎക്കു് ശകുന്തളാദികളിലുള്ള രത്യാദിയുടെ സാക്ഷാത്കാരം ആണു് രസമെന്നു വേറെ ചിലർ. വിഭാവാദികളുടെ യോഗംതന്നെ രസമെന്നു് ഒരു വകക്കാർ. വിഭാവാദിത്രയത്തിൽ ഏതു് അധികം ചമൽക്കാരമോ അതുതന്നെ രസമെന്നു് മറെറാരു വകക്കാർ. ഈ രസം എത്രവിധമെന്നു ചൊല്ലുന്നു:

---

യിർക്കൊള്ളൽ. സ്വേദം=വിയൎക്കുക. സ്വരഭംഗം=വാക്കുകൾ ഇടറുക. വേപഥു=വിറയൽ. വൈവൎണ്ണ്യം=നിറംപകരുക. അശ്രു=കണ്ണീർ. ഇങ്ങനെ എട്ടു സാത്ത്വികങ്ങൾ.

* താദൃക് = അപ്രകാരമുള്ള.

## നവരസങ്ങൾ

**ശൃംഗാരം കരുണം വീരം**
**രൌദ്രം ഹാസ്യം ഭയാനകം**
**ബീഭത്സമത്ഭുതം ശാന്ത-**
**മെന്നിങ്ങു രസമൊൻപതു്.** 176

## സ്ഥായിഭാവങ്ങൾ

ഇവയ്ക്കു് മുറയ്ക്കു് സ്ഥായിഭാവങ്ങൾ:

**രതി ശോകമഥോത്സാഹം**
**ക്രോധം ഹാസം ഭയം ക്രമാൽ**
**ജുഗുപ്സ വിസ്മയം പിന്നെ**
**നിർവേദം സ്ഥായിഭാവമാം.** 177

1) നായികാനായകന്മാർക്കു് തങ്ങളിൽ ജനിക്കുന്നതും അനുരാഗമെന്നു പറയപ്പെടുന്നതും ആയ ചിത്തവൃത്തിവിശേഷം 'രതി'.

2) പുത്രമരണാദികളാൽ ഉണ്ടാകുന്നതും വൈക്ലബ്യമെന്നു പറയപ്പെടുന്നതും ആയ ചിത്തവൃത്തിവിശേഷം 'ശോകം'.

3) പരന്റെ പരാക്രമം, ദാനം മുതലായതു സ്മരിക്കുമ്പോൾ ഉണ്ടാകുന്ന ഔന്നത്യാഖ്യമായ ചിത്തവൃത്തിവിശേഷം 'ഉത്സാഹം'.

4) ഗുരുബന്ധുവധാദ്യപരാധങ്ങളാലുണ്ടാകുന്നജ്വലനരൂപമായതു്'ക്രോധം'

5) വേഷവികാരാദി കാണുമ്പോൾ ഉണ്ടാകുന്ന വികാസരൂപമായതു് 'ഹാസം'.

6) വ്യാഘ്രാദിദർശനത്തിൽ ഉണ്ടാകുന്നതും, ഭാവ്യനർത്ഥവിഷയകമായുള്ളതും ആയ വൈക്ലബ്യമെന്നതു് 'ഭയം'.

7) അശുചിപദാർത്ഥദർശനത്താലുണ്ടാകുന്ന വിചികിത്സ എന്നതു് 'ജുഗുപ്സ'.

8) അലൗകികവസ്തുദർശനജന്യമായ ആശ്ചര്യമെന്നതു് 'അത്ഭുതം'.

9) സംസാരസുഖങ്ങളുടെ നിസ്സാരത ആലോചിക്കുമ്പോഴുണ്ടാകുന്ന വിരക്തി എന്നതു് 'നിർവ്വേദം'.

## സഞ്ചാരിഭാവങ്ങൾ

അനന്തരം സഞ്ചാരിഭാവങ്ങളെ പരിഗണിക്കുന്നു:

**നിർവേദം ഗ്ലാനിയാലസ്യം**
**ശ്രമം ശങ്കയസൂയയും**
**മദം ദൈന്യം ചിന്ത മോഹ-**
**മുന്മാദമവഹിത്ഥവും,** 178

**ധൃതിസ്മൃതിമതിവ്രീഡ**
**ചാപല്യം ജാഡ്യമുഗ്രത**
**അമർഷം ഗർവവും ഹർഷ-**
**മൗത്സുക്യം നിദ്ര ബോധവും,** 179

**സ്വപ്നം വ്യാധിയപസ്മാരം**
**ത്രാസം മൃതി വിഷാദവും**
**വിതർക്കമാവേഗമെന്നു**
**മുപ്പതും മൂന്നമിങ്ങനെ;**
**ഇവ സഞ്ചാരിഭാവങ്ങ-**
**ളല്ലെങ്കിൽ വ്യഭിചാരികൾ.** 180

സഞ്ചാരികൾക്കു് 'വ്യഭിചാരിഭാവ'ങ്ങളെന്നും പേരുണ്ടു്. ഇവയ്ക്കു ലക്ഷണവും ഉദാഹരണവും 'രസസ്വരൂപനിരൂപണ'*ത്തിൽ ഇപ്രകാരം കൊടുത്തിരിക്കുന്നു:

''1) ദുഃഖം, ഈർഷ്യാ, ആത്മജ്ഞാനം മുതലായതുകൊണ്ടുള്ളതും മനോരാജ്യം, നെടുവീർപ്പു് മുതലായ അനുഭാവമുള്ളതുമായ നിഷ്പ്രയോജനബുദ്ധിയാകുന്ന 'നിർവ്വേദം'. എങ്ങനെ,

349. കിട്ടാത്തതിങ്കലനുരാഗമതീവ ലജ്ജാ-
ക്ലിഷ്ടം ശരീരവുമിതിന്നു പരന്നധീനം
ഇഷ്ടം മഹാവിഷമമെൻപ്രിയതോഴി! പാർത്താൽ
കഷ്ടപ്പെടുന്നതൊഴികെക്കഴിവൊന്നുമില്ലേ!

2) ദാഹം, വിശപ്പു്, യുദ്ധം, സംഭോഗാദിവ്യായാമം ഇവയിൽനിന്നുണ്ടാകുന്നതും നിറംമാററം, അശ്രദ്ധ, ചടപ്പു്, വാക്കിനും പ്രവൃത്തിക്കും ചുരുക്കം ഇതുകളാകുന്ന അനുഭാവത്തോടുകൂടിയതും ആയ ശക്തിക്ഷയമാകുന്ന 'ഗ്ലാനി'. എങ്ങനെ,

350. വൈവർണ്ണ്യം വന്നുചേർന്നു നയനസരസിജദ്വന്ദ്വവും കൂമ്പിടുന്നു
രാവിൻനാഥൻകണക്കൊണ്ടുടലിനു ചടവും നാൾക്കുനാൾ കണ്ടിടുന്നു
വ്യാപാരത്തിൻ ചുരുക്കം മുടിയുടെ ചെട താനോതിടുന്നിപ്രകാരം
വ്യാപത്തുണ്ടായതിൻ സംഗതി സഖിയിനിമേലെങ്കിലും ചൊല്ലുകില്ലേ?

3) അഹങ്കാരം, ശ്രമം തുടങ്ങിയുള്ളവയിൽനിന്നുണ്ടായതും കോട്ടുവാ, മൂരിനിവരുക മുതലായ അനുഭാവത്തോടുകൂടിയതും ആയ പ്രവൃത്തിമാന്ദ്യമാകുന്ന 'ആലസ്യം'. എങ്ങനെയെന്നാൽ,

351. നേരം വൈകുന്നതിന്നായ്; പുരികുഴലിനിയും ചിക്കറുത്തിട്ടു കെട്ടാ-
റായിട്ടില്ലേ, നിനക്കീ പുതുമലരിനിയിന്നെപ്പൊഴാം ബന്ധിച്ചിടുന്നു?
പാരാതേ മൂരിനൂർത്തിട്ടിടെയിടെ വടിവിൽ കോട്ടുവായിട്ടുകൊണ്ടീ-
ക്കാലത്താണല്ലിരിക്കേണ്ടതു സഖി വരുവാനായി തേ പ്രാണനാഥൻ.

4) വഴിനടപ്പു്, സംഭോഗം മുതലായവയിൽനിന്നുണ്ടാകുന്നതും സ്വേദം മുതലായ അനുഭാവത്തോടുകൂടിയതും ആയ ദുഃഖമാകുന്ന 'ശ്രമം'. എങ്ങനെയെന്നാൽ,

352. സ്ഫുടതരവിയർപ്പുവെള്ളം
തള്ളിയൊലിച്ചപഗമിച്ചു കുറിയെല്ലാം
ചടുലതരായതനയനേ!
വല്ലഭനിവിടില്ല; സാഹസം വെറുതേ.

5) അന്യൻെറ ക്രൂരത്വംകൊണ്ടോ തൻെറ നിലകേടുകൊണ്ടോ ഉണ്ടാകാവുന്ന ആപത്തിൻെറ ഊഹിക്കലാകുന്ന 'ശങ്ക'. ഇതിന്നു് അമ്പരന്നിട്ടുള്ള നോട്ടം, ഒച്ചയ്ക്കും നിറത്തിനും മാററം എന്നിവ അനുഭാവം. എങ്ങനെയെന്നാൽ,

---

* ഈ ഗ്രന്ഥം ഗ്രാമത്തിൽ രാമവർമ്മകോയിത്തമ്പുരാൻ അവർകളുടെ കൃതിയാകുന്നു. ഇതേവരെ ഇതിനെ അച്ചടിച്ചു് പ്രസിദ്ധംചെയ്യിട്ടില്ല.

പദ്യം 349. ചരകീയനായിക, കാമുകനെ ലഭിക്കാത്തതിൽ ദുഃഖിച്ചു തോഴിയോടു പറയുന്നതു്. 'ശരീരവും ഇതു് ഇന്നു് പരന്നു് അധീനം' എന്നു രണ്ടാം പാദം പദച്ഛേദം.

പദ്യം 350. പ്രേമപരിക്ലിഷ്ടയായ നായികയോടു് സഖി ചോദിക്കുന്നു. രാവിൻനാഥൻ കണക്കു്+ഒണ്ടു് (ഉണ്ടു്) ഉടലിനു ചടവും കണ്ടിടുന്നു എന്നു് രണ്ടാംപാദം.

പദ്യം 351. സഖീവചനം, നായികയോടു്. നേരം വൈകുന്നതിന്നായ്= നേരം വൈകാറായി.

പദ്യം 352. വല്ലപാടും സങ്കേതസ്ഥലത്തു പാഞ്ഞെത്തിയ നായികയോടു് സഖീവചനം.

353. പോവാനായ് ത്തുനിയുന്നിതാള പിരികിൽ പോവാൻ വിഘാതത്തെയും
ഭാവിക്കുന്നിതു കള്ളമായ് പുനരുടൻ പോകുന്ന ദൃശ്ശങ്കയാൽ
ആവത്തിച്ചു വരുന്നു പിന്നെയുമൊരോ ഹേതുക്കൾ നിമ്മിച്ചുകൊ-
ണ്ടീ വാമാമണിയെങ്കിലും രതി പുറത്താക്കാൻ മടിക്കുന്നു ഞാൻ.

6) അഹങ്കാരമോ, ദൗഷ്ട്യമോ, മുഷിച്ചിലോകൊണ്ട് ഉണ്ടാകുന്നതും ധിക്കാരം, പരിഹാസം, പുരികംചുളിക്കുക മുതലായ അനുഭാവത്തോടുകൂടിയതും ആയ അന്യന്റെ ഉൽക്കഷത്തെ സഹിക്കവയ്യായ്കയാകുന്ന 'അസൂയ'. എങ്ങനെയെന്നാൽ,

354. ഭത്താവയ്യ! തിരഞ്ഞെടുത്ത രസികപ്പുത്തൻ കളത്രത്തിനെ-
പ്പാത്തില്ലേ പ്രിയതോഴി ചൊല്ലുകയിവൾക്കെന്താണസാരം ഗുണം?
മത്തേഭത്തലയൊത്ത കുത്തുമുലതന്നാസ്ഥാനമാം യൗവന-
ത്തത്തിപ്പുള്ളതുകൊണ്ടുമാത്രമബലയ്ക്കൊക്കെത്തികഞ്ഞോ ഗുണം?

7) വാക്കിനും ദേഹത്തിനും ഇടച്ച് മുതലായ അനുഭാവത്തോടുകൂടിയിരിക്കുന്നതും മദ്യം തുടങ്ങിയുള്ളവയിൽനിന്നുണ്ടാകുന്നതും ആയ സന്തോഷവൈചിത്ര്യമേളനമാകുന്ന 'മദം'. എങ്ങനെയെന്നാൽ,

355. സരസനാകിയ നിൻഗുണചിന്തയാം-
സുര തിമിത്തു കുടിച്ചൊരു മൽസഖി
വെറുതെതന്നെയുറച്ചു ചിരിച്ചുകൊ-
ണ്ടലമസംഗതമോതി വരുന്നതേ.

8) സത്ത്വം, സ്വത്തു് മുതലായതു് ഇല്ലായ്കകൊണ്ടുള്ളതും ദൈന്യവാക്കു്, ദേഹമാലിന്യം മുതലായ അനുഭാവത്തോടുകൂടിയതും ആയ ബുദ്ധിതാഴ്മയാകുന്ന 'ദൈന്യം'. എങ്ങനെയെന്നാൽ,

356. രണ്ടുനാലു ദിവസത്തിനകത്തീ-
ക്കണ്ടകൻ മദനനെന്നുടെ ജീവൻ
കൊണ്ടുപോമതിനു മുമ്പറിവിച്ചീ-
ടിണ്ടലെൻ കണവനോടലിവോടേ.

9) ആഗ്രഹിക്കപ്പെട്ടതു കിട്ടാഴികകൊണ്ടുള്ളതും ദീഘശ്വാസം, സന്താപം മുതലായ അനുഭാവത്തോടുകൂടിയതും ആയ വിചാരമാകുന്ന 'ചിന്ത'. എങ്ങനെയെന്നാൽ,

357. കാതോളം പതിവായ് നടന്നു വളരെ ക്ഷീണിച്ചുപോലക്ഷിതൻ
പാതിക്കായ് മിഴി നിന്നിടുന്നു നെടുതായീടുന്നു നിഃശ്വാസവും
ചോദിക്കുന്നതിനൊന്നിനെങ്കിലുമുരച്ചീടുന്നതില്ലുത്തരം
പാതിപ്പെട്ടു ശരീരവും പ്രിയസഖിക്കങ്ങേ ലഭിക്കായ്കയാൽ.

10) ഭയം, വ്യസനം, ആവേശം മുതലായതുകൊണ്ടുള്ളതും തലതിരിച്ചൽ, അറിവില്ലായ്മ, കണ്ണിരുട്ടടയ്ക്കുക, വീഴുക മുതലായിട്ടുള്ള അനുഭാവത്തോടുകൂടിയതും ആയ മൂർച്ഛയാകുന്ന 'മോഹം'. എങ്ങനെയെന്നാൽ,

358. നരവര! ഗുണസിന്ധോ! നിന്നെ വേർവിട്ടതിൽപ്പി-
ന്നരിവയർകുലചൂഡാരത്നമാമെൻസഖിക്കു്
സ്മരശരപരിതാപം നാൾക്കുനാളേറിയേറി-
പ്പരമിഹ പരലോകങ്ങൾക്കിടയ്ക്കായി വാസം.

---

പദ്യം 355. നായികയെപ്പററി സഖീവചനം, നായകനോടു്. അലം+അസംഗതം (സന്ദർഭത്തിനു നിരക്കാത്ത വാക്കുകൾ)+ഓതി എന്നു നാലാംപാദം പദച്ഛേദം.

പദ്യം 358. ഇഹപരലോകങ്ങൾക്കിടയ്ക്കു് = ഈ ലോകത്തിനും പരലോകത്തിനുമിടയ്ക്കു്.

11) ഭയം, സന്നിപാതം, ഇഷ്ടവിയോഗം, ധനഹാനി തുടങ്ങിയുള്ളവയിൽ നിന്നുണ്ടാകുന്നതും അകാരണഹാസ്യം, അസംബന്ധപ്രലാപം മുതലായ അനുഭാവങ്ങളോടുകൂടിയതും ആയ ചിത്തഭ്രമമാകുന്ന 'ഉന്മാദം'. എങ്ങനെ,

359. മന്ദം ചന്ദനമേട്ടതന്റെയടിവാരത്തിങ്കൽനിന്നിമ്പമായ്
വന്നീടും നറുതെന്നലേ! ചെറുതു ഞാൻ നിന്നോടിരക്കുന്നിതാ!
ചെന്നമ്മന്നവമൗലിതന്നുടെ കപോലാദർശഘർമ്മാംബുവിൻ-
ബിന്ദുശ്രേണി തുടച്ചിടുന്നളവിലെൻ മാലൊന്നുണർത്തിക്കണേ!

12) ഭയം, ലജ്ജ, കളവു് തുടങ്ങിയുള്ളവ ഹേതുവായിട്ടു് സന്തോഷാദികൊണ്ടുണ്ടാകുന്ന ആകാരത്തെ അന്യഥാകരിക്കുകയാകുന്ന 'അവഹിത്ഥം'. ഇതിനു് ചിരിക്കായ്ക, കഥ മാററുക, കള്ളമായി ധൈര്യംപിടിക്കുക മുതലായ അനുഭാവമുണ്ടു്. എങ്ങനെ,

360. തലേന്നു നിജവല്ലഭൻ മതിമറന്നു കൂറെന്നിയേ
തുലോം കലശലാക്കിയ സ്മരരണങ്ങളും ചിന്തിക്കയാൽ
മുളച്ച പുളകങ്ങളെസ്സുമുഖിയാളിമധ്യത്തിൽവെ-
ച്ചിളംവെയിലുകാച്ചലാം കളവിനാൽ മറച്ചീടിനാൾ.

13) അഭീഷ്ടലാഭം, തത്ത്വജ്ഞാനം മുതലായതുകൊണ്ടുണ്ടാകുന്ന ആഗ്രഹമില്ലായ്മയാകുന്ന 'ധൃതി'. എങ്ങനെയെന്നാൽ,

361. അരചനു മനതാരിൽ ദീനയാമെന്നിലല്പം
തിരുവുളമുളവായെന്നല്ലയോ തോഴി! ചൊല്ലി
അമൃതിനു സമമാമീ വാക്കു കേട്ടോരെനിക്കീ
ഭുവനതലമശേഷം പുല്ലൊടിപ്രായമായി.

14) മുൻപിൽ അനുഭവിച്ചതിന്റെ ഓർമ്മയാകുന്ന 'സ്മൃതി'. എങ്ങനെ,

362. അന്യൂനപ്രേമമോടെൻ പ്രിയതമനൊരുനാൾ പണ്ടൊരിക്കൽ പതുക്കെ-
പ്പിന്നിൽക്കൂടീട്ടു വന്നെൻ നയനമിരുകരം ചേർത്തു പൊത്തിപ്പിടിച്ചു
അന്നുണ്ടായോരു സൗഖ്യം പ്രിയസഖി! പറയുന്നെന്തു ഞാനിന്നപോലെ-
ന്നിന്നിപ്പോഴങ്ങനായെങ്കിലുമതു വരുമെന്നിങ്ങു തോന്നുന്നുമില്ല.

15) ശാസ്ത്രവിചാരം, ഊഹാപോഹം തുടങ്ങിയുള്ളതുകൊണ്ടു് ഏതെങ്കിലും ഒന്നിനെ തീർച്ചപ്പെടുത്തുകയാകുന്ന 'മതി'. ഇവിടെ പഠിപ്പിക്കുക, സംശയം തീർക്കുക, പ്രസംഗങ്ങൾ ചെയ്യുക മുതലായവ അനുഭവമാകുന്നു. എങ്ങനെ,

363. സ്നേഹം തുള്ളിയുമുള്ളിലില്ല ദയിതന്നെന്നുള്ള കാര്യത്തെ ഞാൻ
ഊഹിക്കുന്നയി തോഴി! എന്തിനു വൃഥാ ചൊല്ലുന്നിതുണ്ടെന്നു നീ?
ഉണ്ടെന്നുള്ളതു സത്യമെന്നു പറകിൽ പിന്നെന്തു ഹേമന്തമാ-
മിക്കാലത്തു പെരുത്തിടാതെ വരുവാനെന്നൊന്നു ചിന്തിച്ചിതോ?

16) കാമം, സ്തുതി മുതലായതുകൊണ്ടു് ഉണ്ടാകുന്ന മനസ്സിന്റെ സങ്കോചമാകുന്ന 'ലജ്ജ' (അല്ലെങ്കിൽ വ്രീഡ). എങ്ങനെയെന്നാൽ,

364. നേരേ നോക്കുന്നനേരം മുഖമവളുടനേ താഴ്ത്തിടുന്നാത്തരാഗാ-
ലാരംഭിച്ചെങ്കിൽ ഞാനും മുഖമധു നുകരാൻ പിന്തിരിക്കുന്നു വേഗം
വാരിററും നീരദാളിപ്പുരികുഴൽ പിടിപെട്ടുന്നമിപ്പിച്ചിടുമ്പോൾ
തീരെച്ചിമ്മീട്ടു നേത്രാംബുജമവളിളകാതങ്ങനേ നിന്നിടുന്നു.

---

പദ്യം 359. മലയപർവ്വതത്തിൽനിന്നടിക്കുന്ന കാററിനോടു നായികാവചനം. ചന്ദനമേട്ടു് = മലയപർവ്വതം.

പദ്യം 362. അന്നുണ്ടായ സൗഖ്യം ഇന്നപോലെ എന്നു ഞാൻ എന്തു പറയുന്നു? ഇന്നിപ്പോൾ അങ്ങനെയായാലും (അങ്ങനായെങ്കിലും) അതു വരുമെന്നു തോന്നുന്നില്ല എന്നു് ഉത്തരാർദ്ധത്തിൽ അർത്ഥയോജന.

17) രാഗദ്വേഷാദികൾകൊണ്ടു മനസ്സ് ഒന്നിൽ നില്ലാഴികയാകുന്ന 'ചാപല്യം'. എങ്ങനെയെന്നാൽ,

365. കസ്തൂരിപ്പൊട്ടു തൊട്ടും പുരികമെഴുതിയും ഗന്ധതൈലങ്ങൾ തേച്ചും
ചേർത്തും പൂഞ്ചായൽതന്നിൽ പരിമളമിളകും മുല്ലതൻ മാല ചേലേ
നേർത്തോരീ വസ്ത്രവും നീയിടയിടയിലുടുത്തിട്ടു ചെല്ലുമ്പൊഴേക്കാ
ധൂർത്തൻ പോയെങ്കിലിയ്യാളുകളുടെ ശനിതൻ ദോഷശേഷം വിശേഷം.

18) ഇഷ്ടാനിഷ്ടാഗമത്തിൽനിന്നുണ്ടാകുന്ന ഇതികർത്തവ്യതാമൂഢതയാകുന്ന 'ജാഡ്യം'. എങ്ങനെയെന്നാൽ,

366. ഭ്രമിക്കനിവെഴുന്ന നിൻ കണവനിങ്ങു വന്നീടവേ
ശ്രമക്കുറവിനൊന്നുമേയുപചരിച്ചതില്ലെങ്കിലും
അമായമധുവൂറിടും മൊഴികൾപോലുമോതാതെ നീ-
യിമച്ചു മിഴിയെന്നിയേ സഖി! മിഴിച്ചിടുന്നെന്തെടോ?

19) തനിക്കു വേണ്ടുന്ന ആളുകളിൽ അപരാധം കണ്ടിട്ടു ചെയ്യുന്ന ക്രൂരതയാകുന്ന 'ഉഗ്രത'. ഇതിന്നു് പേടിപ്പിക്കുക, കെട്ടുക, അടിക്കുക മുതലായ അനുഭാവവും ഉണ്ടു്. എങ്ങനെ,

367. കാണിക്കുന്നതബദ്ധമെത്രയുമതോ ചോദിച്ചുവെന്നാലുടൻ
താണങ്ങോട്ടു നമസ്കരിക്കുമിവളോ പാരം പ്രസാദിച്ചിടും
കാണിക്കിന്നിനി ഭേദമില്ല വിട! പൊയ്ക്കൊണ്ടാലുമീമട്ടിൽ നീ
നാണിപ്പിക്കുവതിന്നു മേലിലിടയാകാതൊന്നു നോക്കട്ടെ ഞാൻ.

20) അധിക്ഷേപം, അവമാനം മുതലായവകൊണ്ടു് അപരാധംചെയ്തിരിക്കുന്നവരെക്കുറിച്ചു പ്രതിക്രിയ ചെയ്യാനുള്ള താല്പര്യമാകുന്ന 'അമർഷം'. ഇതിന്നു വിയർപ്പു്, തല വിറയ്ക്കുക, ചിന്ത, ഉപായാന്വേഷണം മുതലായ അനുഭാവവും ഉണ്ടു്. എങ്ങനെ,

368. വാടാ ടിപ്പുസ്സുല്ത്താൻ! ഭടരൊടുമൊരുമിച്ചിട്ടു യുദ്ധത്തിനായ് നീ
വാടാതാടോപമോടിപ്പടനിലമതിൽ നേരിട്ടു പോരിട്ടുകൊൾക!
പാടെന്യേ മേനിയിങ്കൽ കുടനിണകളഭക്കൂട്ടു പൂശീട്ടു നാക-
ക്കോടക്കാർവേണിമാർതൻ തടമുല തടകിച്ചീടുവെൻ മോടിയോടേ.

21) സൗന്ദര്യാഭിജാത്യസാമർത്ഥ്യാദിജന്യമായി മനസ്സിന്നു് ഉണ്ടാകുന്ന ഔദ്ധത്യമാകുന്ന 'ഗർവ്വം'. ഇതിന്നു് അന്യനിന്ദ മുതലായ അനുഭാവം ഉണ്ടു്. എങ്ങനെയെന്നാൽ,

369. ഏറ്റം രാഗമൊടും പ്രിയൻ സുരകലാഭേദങ്ങൾ ചെയ്യുമ്പൊഴും
മുറ്റും ധീരതയോടുകൂടി മരുവും പെണ്ണുങ്ങൾ പെണ്ണുങ്ങളേ!
കറ്റക്കാറണിവേണി തോഴി! പുടകക്കത്തിൽ പിടിക്കുമ്പൊഴേ
മറ്റുള്ളീ വിടുവിഡ്ഢികൾക്കു വിവരംകൂടാതെ തീരുന്നെടോ!

---

പദ്യം 365. കാമുകസമാഗമത്തിനു പരിഭ്രമത്തോടെ ഒരുങ്ങുന്ന നായികയോടു തോഴികളുടെ വാക്കു്. ഇയ്യാളുകൾ— ഞങ്ങൾ (തോഴികൾ).

പദ്യം 366. വിദേശയാത്ര കഴിഞ്ഞുവന്ന നായകനെ വിഭ്രമംകൊണ്ടോ മറ്റോ സ്വീകരിക്കാത്ത നായികയോടു സഖീവചനം. ഭ്രമി=സ്ത്രീ(ഭാര്യ). ഭ്രമിക്കനിവു്= ഭാര്യയോടു ദയവു്. ഇമച്ചു മിഴിയെന്നിയേ- ഇമപൂട്ടാൻപോലും മറന്നു്.

പദ്യം 367. പരസ്ത്രീഗമനാനന്തരം വന്ന നായകനോടു് നായികയുടെ പരിഭവവാക്കു്. കാണിക്കുന്നതെല്ലാം അബദ്ധം(അപരാധം)തന്നെ. അതെപ്പറ്റിച്ചോദിച്ചാലുടനെ എന്റെ കാല്ക്കലേക്കങ്ങോട്ടു വീണേക്കും! ഞാനോ (ഇവളോ) ഉടനേ പ്രസാദിക്കുകയുംചെയ്യും. ഇതാണു പതിവു്. എന്നാൽ ഇന്നു് അങ്ങനെയൊന്നും ഉണ്ടാവുകയില്ല. കാണിക്കു് (അല്പംപോലും) ഇന്നു് ഇനി ഭേദം (എന്റെ ഭാവത്തിൽ ഭേദം) ഇല്ല. മേലാൽ ഇങ്ങനെ എന്നെ നാണിപ്പിക്കാൻ(മാനം നടിച്ചിട്ടു് തോൽവിയടയാൻ) ഇടയാകാതെ ഞാൻ ഒന്നു നോക്കട്ടെ.

22) വിയപ്പ്, വിറ, കണ്ണീരു് ഇതുകളുള്ളതും പ്രിയാഗമനാദ്യുത്സവങ്ങൾ കൊണ്ടുണ്ടാകുന്നതുമായ മനസ്സിന്റെ പ്രസാദമാകുന്ന 'ഹർഷം'. എങ്ങനെ,

370. രസിക്കാൻ *സാററ്റിൽ കയറിയെഴുന്നള്ളുന്ന സമയ-
ത്തടുക്കൽ കാണുമ്പോൾ പുരതരുണിമാർ വഞ്ചിനൃപനെ
കടക്കണ്ണിന്റററംവരെയവശമോടി ശ്രമവശാൽ
ജനിക്കും സ്വേദംപോലൊഴുകി മിഴിയീന്നശ്രുസലിലം.

23) മനോവ്യസനം, ബദ്ധപ്പാടു്, ദീർഘശ്വാസം മുതലായ അനുഭാവത്തോടു കൂടിയ കാലാക്ഷമത്വമാകുന്ന 'ഔത്സുക്യം'. എങ്ങനെയെന്നാൽ,

371. ഇണവണ്ടുകളംബുജങ്ങൾ വേർവി-
ട്ടണയുന്നു കുമുദങ്ങളോടു ചെന്നു്,
ഗുണനിർജ്ജിതകാമദേവനാമെൻ-
കണവൻ വന്നുകഴിഞ്ഞുമില്ല കഷ്ടം!

24) വിചാരം, വിചാരശൂന്യത, അദ്ധ്വാനം മുതലായതുകൊണ്ടുണ്ടാകുന്നതും കണ്ണടയ്ക്കുക, കോട്ടുവായിടുക മുതലായ അനുഭാവത്തോടുകൂടിയതും ആയ മനസ്സിന്റെ ഇന്ദ്രിയങ്ങളോടുള്ള വേർപാടാകുന്ന 'നിദ്ര'. എങ്ങനെ,

372. നിട്ടിങ്കൽ ഞങ്ങളൊരുമിച്ചു ശയിച്ചിടുമ്പോ-
ളിഷ്ടപ്രിയന്റെ നിനവാണ്ട കിനാവു കണ്ടു്
കെട്ടിപ്പിടിച്ചവളിനിക്കധരത്തെ നല്കി-
പ്പെട്ടെന്നുണർന്നുടനെ നാവു കടിച്ചിടുന്നു.

25) ഒച്ചയോ സ്പർശമോമറേറാകൊണ്ടുണ്ടാകുന്നതും കൈ പൊക്കുക, കോട്ടുവായിടുക, കണ്ണു തിരുമ്മുക മുതലായ അനുഭാവത്തോടുകൂടിയതും ആയ ഉണർച്ചയാകുന്ന 'വിബോധം'. എങ്ങനെയെന്നാൽ,

373. സുരനുടെ സമരത്തിൽ ചെയ്തൊരത്യുഗ്രസാഹസത്താൽ
പരവശതരയായ് ഞാൻ ചേർന്നുറങ്ങുന്നനേരം
പരിചൊടു കവിൾതന്നിൽ കാന്തനൊന്നുമ്മവെച്ചാൻ;
പരഭൃതമൊഴി! ഞാനും മാരനുംകൂട്ടുണർന്നു.

26) നിഃശ്വാസം, ഉച്ഛ്വാസം, ഇളക്കമില്ലായ്മ തുടങ്ങിയുള്ള അനുഭാവത്തോടു കൂടിയ ഉറക്കത്തിന്റെ ആധിക്യമാകുന്ന 'സുപ്തി'. എങ്ങനെയെന്നാൽ,

374. ലോകങ്ങൾക്കുള്ള മാലൊക്കെയുമകലെയകററീട്ടു പാലിക്കയാകും-
വേലയ്ക്കായ് വഞ്ചിഭൂമീരമണനെ നിയമിച്ചാദരാൽ പത്മനാഭൻ
പാലംഭോരാശിതന്നിൽ കമലമകളൊടും ചേർന്നു വാളുലളുലം-
കോലും സപ്പേന്ദ്രതല്പോപരി പരിചിൽ നറുങ്ങാത്തുറങ്ങുന്നിദാനീം.

27) മനോവ്യസനം, ത്രിദോഷകോപം മുതലായതുകൊണ്ടു് ഉണ്ടാകുന്ന ജ്വരാദിയാകുന്ന 'വ്യാധി'. എങ്ങനെ,

375. കൂട്ടം കാമജ്വരത്താൽ ചുടുചുടെ നെടുതായ് വീർത്തിടും ശ്വാസവാത-
ച്ചൂടേററിട്ടിന്ദ്രനീലപ്പൊടിയുടെ വടിവായ് മുത്തുമൂക്കത്തി ഞാത്തും
കോടക്കാർവേണിയാൾതന്നുടെ തടമുലയിൽ താപശാന്തിക്കു കൂടെ-
ക്കൂടെച്ചേറുന്ന ചൂടൻപൊടികൾ വെടിമരുന്നെന്നപോൽ കത്തിടുന്നു.

* സാററു്=ഒരുതരം കുതിരവണ്ടി.

പദ്യം 371. വിരഹിണീവചനം. സന്ധ്യയായി എന്നു പൂർവ്വാർദ്ധസൂചന. ഗുണ...ദേവൻ=ഗുണങ്ങൾകൊണ്ടു് കാമദേവനെ ജയിച്ചവൻ.

പദ്യം 372. വിരഹിണിയുടെ തോഴി മറെറാരു തോഴിയോടു പറയുന്നതു്. നിട്ടു്=രാത്രി.

പദ്യം 375. ദൂതീവചനം നായകനോടു്. ചൂടൻപൊടി=കർപ്പൂരപ്പൊടി.

28) ത്രിദോഷവൈഷമ്യം, ബാധോപദ്രവം മുതലായതുകൊണ്ടു് ഉണ്ടാകുന്നതും വായിൽനിന്നു പതവരുക, താഴെവീഴുക, കൈകാൽ തല്ലുക മുതലായ അനുഭാവമുള്ളതും ആയ ആവേശമാകുന്ന 'അപസ്മാരം'. എങ്ങനെയെന്നാൽ,

376. ചിക്കെന്നോക്കാതെ നില്ക്കുന്നളവിലവൾ പതിച്ചിട്ടു കൈകാലു തല്ലി-
ട്ടിക്കൊക്കെച്ചുഴെ നോക്കീട്ടിടയിടെയെഴുനേററോടുവാനാഞ്ഞിടുന്നു;
മുക്കണ്ണൻതൻ കനൽക്കൺപൊരിയിലുടൽ കരിഞ്ഞുള്ള മാരൻ പിശാചി-
ന്നൂക്കിത്രത്തോളമുണ്ടെന്നയി! സഖിയിനിയും തീച്ച്യയായില്ലിനിക്കു്.

29) അകാരണമായുണ്ടാകുന്ന മനഃക്ഷോഭമാകുന്ന 'ത്രാസം'. എങ്ങനെയെന്നാൽ,

377. ചെമ്പഞ്ഞിച്ചാറു ചാർത്തിത്തളിരൊളി തിരളും പാദചെന്താമരപ്പൂ-
വമ്പോടെൻറങ്കമേറ്റീട്ടരുതരകപടം ഞാൻ തലോടിത്തലോടി
തുമ്പിക്കയ്യൊത്തൊരൂരുദ്വയനികടമതിൽ ചേർത്തനേരം കരത്തെ-
ക്കമ്പംകൈക്കൊണ്ടു ബാലാ പുടകയുടെ മടിക്കുത്തമത്തിപ്പിടിച്ചാൾ.

30) മരിക്കാനായിക്കൊണ്ടുള്ള പ്രയത്നമാകുന്ന 'മരണം'. സാക്ഷാൽ മരണത്തെ ഉദാഹരിക്കുന്നതു് അമംഗലമാകകൊണ്ടു് യുക്തമല്ല. എങ്ങനെ,

378. പുത്തൻ പൂന്തോത്തിൽ നിന്നിട്ടവിരതമൊഴുകും വേരിപാനം നിമിത്തം
മെത്തും മത്തേററു പാടുന്നളികളു കളിയാടുന്ന തേന്മാവിലേക്കു്
കത്തും മാരാർത്തി തീർപ്പാനൊരുവഴി ലഭിയാഞ്ഞിട്ടുടൻ നല്ലവണ്ണം
ചത്തേക്കാമെന്നുറച്ചത്തരുണിമണി ഭയംവിട്ടു നോക്കിത്തുടങ്ങീ.

31) ഉപായാപായവിചാരംകൊണ്ടുള്ള മനോഭംഗമാകുന്ന 'വിഷാദം'. എങ്ങനെയെന്നാൽ,

379. മിന്നീടും വെണ്ണിലാവും പുതുമലർമണവും ചന്ദനക്കുന്നിൽനിന്നി-
ട്ടന്യൂനാമോദമുൾക്കൊണ്ടുഴകിനൊടു വരും മന്ദമാം തെന്നൽതാനും
ചെന്നിട്ടും വന്നുകണ്ടില്ലിതുവരെ രമണൻ; പിന്നെ നീയൊന്നു ചെന്നാൽ
വന്നേച്ചാലായിയെന്നുണ്ടൊരു നിനവബലാദൈവമേ! കാമദേവ!

32) വിചാരം മുതലായതുകൊണ്ടുണ്ടാകുന്ന പലതരം കല്പനയാകുന്ന 'വിതർക്കം'. എങ്ങനെ,

380. ദുരാശാവേശത്താൽ നൃപനെവിടെ ഞാൻ പിന്നെവിടെയെ-
ന്നശേഷം ചിന്തിക്കാതരശന വശത്താക്കി ഹൃദയം;
കശക്കുന്നു കാമൻ കനിവു തരിക്കുടാതനിശമീ-
വശക്കേടങ്ങെപ്പോളെതുവഴി ശമിക്കാനിടവരും.

33) ഇഷ്ടാനിഷ്ടലാഭംകൊണ്ടു മനസ്സിനു് ഉണ്ടാകുന്ന പരിഭ്രമമാകുന്ന 'ആവേഗം'. എങ്ങനെയെന്നാൽ,

381. പൊഴിക്കുന്നു കണ്ണീരവിടവിടെയോടുന്നു വെറുതേ
പിടയ്ക്കുന്നു പാരം പണി മുഴവനാകാഞ്ഞു സുമുഖി
കടക്കുന്നു കേളീഗൃഹമതിലിടയ്ക്കാ പ്രണയി വ-
ന്നിരിക്കാമെന്നൂഹം പ്രിയസഖി കടുക്കുന്ന ഹൃദി മേ.

സാത്ത്വികങ്ങൾക്കും സഞ്ചാരികൾക്കും മുഴുക്കെ ശൃംഗാരരസത്തിൽ അനുപ്രവേശം ഉള്ളതുകൊണ്ടു് ഇവിടെ ഇതുകളെ മിക്കവാറും അതിലേക്കാണു് ഉദാഹരിച്ചിട്ടുള്ളതു്. അതാതു രസാനുഗുണങ്ങളായിരിക്കുന്ന ഉദാഹരണങ്ങൾ ഊഹിച്ചുകൊ

---

പദ്യം 379. വിരഹിണീപ്രാർത്ഥന, കാമദേവനോടു്. അബലാദൈവമേ! = കാമദേവാ!=അബലകൾക്കാശ്രയമായ കാമദേവാ, നീയൊന്നു ചെന്നേച്ചാൽ (നായകനിൽ കാമമുണ്ടെന്നാൽ) വന്നേക്കും.

ള്ളണം. ഹാസ്യത്തിൽ ഗ്ലാനി, ശ്രമം, ചപലത, ഹർഷം, അവഹിത്ഥം ഇതുകൾ മാത്രമേ സംഭവിക്കൂ. കരുണത്തിൽ മദം, ധൃതി, വ്രീഡ, ഹർഷം, ഗർവ്വം, ഔത്സുക്യം, ഉഗ്രത ഇതുകളൊഴികെ ശേഷമൊക്കെയും ഉണ്ടാകുന്നു. രൗദ്രത്തിൽ ഗ്ലാനി, ശങ്ക, ആലസ്യം, ദൈന്യം, ചിന്ത, വ്രീഡ, ആവേഗം, ജഡത, വിഷാദം, സുപ്തി, നിദ്ര, അപസ്മാരം, അവഹിത്ഥം, വ്യാധി, ഉന്മാദം, ശ്രമം, ത്രാസം ഇതുകൾ വരുകില്ല. വീരരസത്തിൽ നിർവ്വേദവുംകൂടി വരും. ഭയാനകത്തിൽ അസൂയ, മദം, ധൃതി, വ്രീഡ, ഹർഷം, ഗർവ്വം, നിദ്ര, സുപ്തി, അമർഷം, അവഹിത്ഥം, ഉഗ്രത, മതി ഇതുകളല്ലാത്തതൊക്കെയും ചേരുന്നു. ബീഭത്സത്തിനും അത്ഭുതത്തിനും ചിന്ത, മോഹം, ധൃതി, ത്രാസം, വിതർക്കം ഇവ അഞ്ചും അതാതു സ്ഥലങ്ങളിലെ യോജിപ്പുപോലെ വരാവുന്നതും ശേഷം ഭയാനകത്തിലെപ്പോലെയും. ശമത്തിൽ നിർവ്വേദവും, ധൃതിയും മാത്രമേ ഉള്ളൂ.''*

സ്ഥായിഭാവങ്ങളിലും ചിലതു സഞ്ചാരിയാകുമെന്നു ചൊല്ലുന്നു:

> **രത്യാദികൾ പ്രരൂഢങ്ങ-**
> **ളായാലേ സ്ഥായിയായ്‌വരൂ**
> **അപ്രരൂഢങ്ങളാണെങ്കിൽ**
> **സഞ്ചാരികളുവററയും.** 181

രതിതന്നെ ഈശ്വരവിഷയമോ, പുത്രവിഷയമോ മറ്റോ ആയുള്ളതു സഞ്ചാരിയാവുകയേ ഉള്ളൂ. വീരത്തിനു് ക്രോധവും, രൗദ്രത്തിനു് ഉത്സാഹവും ശൃംഗാരത്തിനു് ഹാസവും സഞ്ചാരിയാകുന്നു. പ്രരൂഢത്വമെന്നാൽ വിഭാവാധികൃത്താൽ പ്രബലയായ പ്രതീതി.

## ഇനി രസങ്ങൾക്കു് ഉദാഹരണങ്ങൾ:

ശൃംഗാരം രണ്ടുവിധം. നായികാനായകന്മാർ ചേർന്നിരിക്കുമ്പോൾ ഉള്ള രതി 'സംഭോഗം'. പിരിഞ്ഞിരിക്കുമ്പോൾ ഉള്ളതു് 'വിപ്രലംഭം'. അതിൽ വിപ്രലംഭസംഗമത്തിനു മുൻപുള്ളതെന്നും പിൻപുള്ളതെന്നും രണ്ടുവിധം. രണ്ടാമത്തേതിനു് 'പ്രവാസഹേതുകം', 'ഈർഷ്യാഹേതുകം' ഇത്യാദി പിന്നെയും അവാന്തരവിഭാഗങ്ങൾ വരും.

## 1. സംഭോഗത്തിനു്:

382. (i) വീക്ഷിച്ചേകാന്തമായപ്പുരമുറിശയനാൽ ചെറെറഴുന്നേററു മന്ദം
സൂക്ഷിച്ചൊട്ടേറെനേരം കൃതകപടമുറങ്ങുന്ന കാന്തന്റെ വക്ത്രം
ചുംബിച്ചാശങ്കയെന്ന്യേ കലിതപുളകമായ്ക്കണ്ടു ഗണ്ഡസ്ഥലത്തെ;
ചുംബിക്കപ്പെട്ടു ലജ്ജാനതമുഖി ഹസതാ പ്രാണനാഥേന ബാലാ.

—അമരുകശതകം

ഇവിടെ നായകൻ ആലംബനം; ശൂന്യഗൃഹം ഉദ്ദീപനം; ചുംബനം അനുഭാവം; ലജ്ജ സഞ്ചാരി. ഇതിൽ നായകാലംബനമായ 'രതി' പ്രധാനം.

---

* ''ദുഃഖം, ഈർഷ്യ'' എന്നു തുടങ്ങി ഇവിടംവരെ 'രസസ്വരൂപനിരൂപണ'ത്തിൽനിന്നുള്ള ഉദ്ധരണമാണു്.

പദ്യം 382. പുരമുറി ഏകാന്തമാണെന്നു (തോഴിമാർ പോയെന്നു) കണ്ടു് ശയനത്തിൽനിന്നെഴുന്നേററ നായിക കൃതകപടമുറങ്ങുന്ന (ഉറക്കം നടിച്ചു കിടക്കുന്ന) കാന്തന്റെ മുഖം ഒട്ടേറെനേരം സൂക്ഷിച്ചിട്ടു് ആശങ്കകൂടാതെ (ഉറക്കമെന്നുതന്നെ ഉറച്ചു്) ചുംബിച്ചു. (പക്ഷേ, അയാൾ ഉറക്കമല്ലാതിരുന്നതുകൊണ്ടു്) ഗണ്ഡസ്ഥലം കലിതപുളകമായി. (അതു കണ്ടപ്പോൾ അവൾ) ലജ്ജാനതമുഖിയായിപ്പോയി. എന്നാൽ ചിരിച്ചുകൊണ്ടു നായകൻ അവളെ പിടിച്ചു ചുംബിക്കുകയാണു ചെയ്തതു്.

നായികാലംബനയായതിനു് ഉദാഹരണം:

383. (ii) മയ്യേല്ക്കണ്ണീ! നിനക്കേറുമൊരഴക മുലക്കച്ച കൂടാതെതന്നേ;
പൊയ്യല്ലെന്നോതി മെല്ലെ പ്രിയതമനതിലെക്കെട്ടു തൊട്ടീടുമപ്പോ൦
ശയ്യയ്ക്കാരാലിരിക്കും സുമുഖിയുടെ മുഖം നോക്കിയാനന്ദമോടേ
പയ്യെപ്പോയീടിനാരാളികഠം വെളിയിലളീകങ്ങളോരോന്നുചൊല്ലീ.

—അമരുകശതകം

ഇവിടെ നായിക ആലംബനം; തത്സൗന്ദര്യം ഉദ്ദീപനം; കഞ്ചുകീസ്പർശം അനുഭാവം; അതിനാൽ പ്രതീയമാനമായ ഔത്സുക്യം സഞ്ചാരി. ആലംബനാദികഠം ശേഷം ഉദാഹരണങ്ങളിലും ഇതിന്മണ്ണമൂഹിക്ക.

## 2. വിപ്രലംഭത്തിനു്:

(i) അഭിലാഷഹേതുകത്തിനു്:

384. പ്രേമം പൂണ്ടിട്ടലിഞ്ഞും പ്രണയപരിചയം ചേൎന്നു രാഗം മുതിൎന്നും
വാമഭ്രൂവിന്നുളായോരതു വിലസിതം വീണ്ടുമുണ്ടാകയെങ്കൽ
ഉല്ലേഖിച്ചാശയാലും ക്ഷണമതനുഭവിച്ചീടിലങ്ങിന്ദ്രിയങ്ങഠം-
ക്കില്ലാതായ് ചേഷ്ടയെല്ലാം ഹൃദയമൊരു ലയം തേടുമാനന്ദസാന്ദ്രം.

—മാലതീമാധവം

(ii) പ്രവാസഹേതുകത്തിനു്:

385. സ്ഥൈര്യംവിട്ടൻപോയീ വളക,ളിടവിടാതശ്രു നിൎയ്യാതമായീ,
ധൈര്യം നിന്നില്ല തെല്ലും, മനമതു ഗമനം നിശ്ചയിച്ചു നടേതാൻ;
പോകാൻ ഭൎത്താവുറച്ചോരളവതിലൊരുമിച്ചേവരും നിൎഗ്ഗമിച്ചു
പോകേണ്ടുംനേരമെൻജീവിത! ബത! വെടിയുന്നെന്തു ചങ്ങാതിമാരേ?

—അമരുകശതകം

ആദിശബ്ദത്താൽ (iii) ശാപഹേതുകം മുതലായതു്:

386. കല്ലിന്മേൽ കലഹിച്ച നിന്നെയെഴുതിക്കല്ല്യാണി! ധാതുക്കളാൽ
കാലിൽക്കൂപ്പുമൊരെൻെറ കോലവുമതിൽ ചേൎക്കുന്നതിൻമുമ്പുതാൻ
കണ്ണീരൂറി നിറഞ്ഞു ദൃഷ്ടി മറയുന്നയ്യോ! മഹാപാപിയാം
വേധസ്സീവിധയോഗവും ബത! പൊറുക്കുന്നില്ല നമ്മഠംക്കെടോ.—മേ.ദൂ.

## 3. കരുണത്തിനു്:

387. അന്നിത്തന്വംഗിയാഠംക്കും രഹസി കണവനും ശണ്ഠയുണ്ടാം ചിലപ്പോ-
ഴെന്നാൽ പ്രത്യേകമായിട്ടിരുവരുടെ ശകാരത്തിനും പാത്രമാം ഞാൻ
പിന്നെക്കോപപ്രസാദാദികളുടെ നില ഞാൻ നിശ്ചയിക്കും പ്രകാരം
തന്നേ ചിന്തിപ്പതെന്തിന്നവ മമ ഹൃദയം ഹന്ത! വേവിച്ചിടുന്നു.

—ഉ. രാ. ച.

ഇതു് ജനകൻ കൗസല്യയെപ്പററി അരുന്ധതിയോടു പറയുന്നതു്. ഇവിടെ മരിച്ചുപോയ ബന്ധുവായ ദശരഥൻ ആലംബനം;തത്പത്നീദൎശനതദ്വൃത്താന്തസ്മരണാദി ഉദ്ദീപനം; ഹൃദയദാഹപ്രതീതമായ വിഷാദം സഞ്ചാരി.

---

പദ്യം 384. മാലതിയെക്കാണാതെ ദുഃഖിച്ചിരിക്കുന്ന മാധവൻെറ വചനം. വാമഭ്രൂ=സുന്ദരി (മാലതി). 'അവഠംക്കുണ്ടായ പ്രണയവിലാസങ്ങഠം എനിക്കിപ്പോഴുണ്ടാകണേ' എന്നു പ്രാൎത്ഥന. 'അതിൻെറ അനുഭൂതിയിൽ എൻെറ ഇന്ദ്രിയങ്ങഠം മതിമറന്നു് ഹൃദയം ആനന്ദത്തിൽ മുഴുകും' എന്നു് ആശ.

### 3. വീരത്തിനു്:

(a) യുദ്ധവീരം, (b) ദാനവീരം, (c) ദയാവീരം, (d) ധൎമ്മവീരം എന്നു വീരത്തിനു് നാലു വകഭേദങ്ങളുണ്ടു്. അവയ്ക്കു് മുറയ്ക്കു് ഉദാഹരണങ്ങൾ:

388. (a) പേടിച്ചോടേണ്ട നില്പിൻ! ചപലകപികളേ! തുംഗശക്രേഭകുംഭം
പാടിച്ചോരിശ്ശരം നിങ്ങടെയുടൽ തൊടുവാനേറെ നാണിച്ചിടുന്നു
സൗമിത്രേ! നില്ക്ക! നീയോ വിഷയമയി! രുഷാമിങ്ങിവൻ മേഘനാദൻ
സാമിഭ്രൂഭംഗസന്ദാനിതജലനിധിയാം രാമനെത്തേടിടുന്നു. —സ്വ.

ഇവിടെ രാമൻ ആലംബനം; യുദ്ധദൎശനം ഉദ്ദീപനം; വാനരലക്ഷ്മണോപാലംഭം അനുഭാവം; ഗൎവ്വം സഞ്ചാരി.

389. (b) കവചമിതതി ജീൎണ്ണം കുണ്ഡലം രണ്ടുമെന്നീ-
യിതുകളെതുകൾ മാത്രം ബ്രാഹ്മണാൎത്ഥിക്കു നല്ലാൻ
ക്ഷണമപി മടിയാതേകണ്ടു കണ്ടിച്ചു രക്തം
ചൊരിയുമൊരു ശിരസ്സെത്തന്നെയൎപ്പിച്ചിടുന്നേൻ. —സ്വ.

ഇതു് ബ്രാഹ്മണവേഷം ധരിച്ചു് അൎത്ഥിയായി വന്ന ഇന്ദ്രനു് കവചകുണ്ഡലങ്ങൾ കൊടുക്കുന്നതിനെപ്പററി കൎണ്ണൻ സദസ്യരോടു പറയുന്നതു്. ഇതിൽ അൎത്ഥി ആലംബനം; തത്കൃതസ്തുതി ഉദ്ദീപനം; കവചാദിദാനവും അതിലെ നിസ്സാരതാബുദ്ധിയും അനുഭാവം; ഗൎവ്വം സഞ്ചാരി.

390. (c) സിരമുറികളിൽനിന്നിങ്ങൂറിടുന്നുണ്ടു രക്തം
വിരവിലിനിയുമററില്ലെന്റെ ദേഹത്തിൽ മാംസം
അരിയ പശി നിനക്കും ശാന്തമായില്ല നൂനം
ഗരുഡ! പറക! എന്തേ ഭക്ഷണം നീ നിറുത്തീ? —സ്വ.

'നാഗാനന്ദ'ത്തിൽ നാഗരാജനുവേണ്ടി സ്വദേഹത്തെ ഗരുഡനു ഭക്ഷിക്കാൻ അൎപ്പിച്ച ജീമൂതവാഹനന്റെ ഈ വാക്യത്തിൽ നാഗരാജൻ ആലംബനം; തദ്വാക്യതദവസ്ഥാദൎശനാദിപ്രകരണസിദ്ധമായതു് ഉദ്ദീപനം; ഗരുഡനു് ദേഹാൎപ്പണം അനുഭാവം; ധൃതി സഞ്ചാരി.

391. (b) കിട്ടാതെപോകട്ടെ നരേന്ദ്രപട്ടം
പൊട്ടിത്തെറിക്കട്ടെ ശിരസ്സു രണ്ടായ്,
വെട്ടിപ്പിളൎക്കട്ടെ രിപുക്കൾ കണ്ഠം;
ചട്ടററ ധൎമ്മത്തെ വെടിഞ്ഞിടാ ഞാൻ. —സ്വ.

ഇതു് ദ്രോണവധത്തിനുവേണ്ടി അസത്യം പറയണമെന്നാവശ്യപ്പെട്ടവരോടു് യുധിഷ്ഠിരൻ പറയുന്നതു്. ഇവിടെ ധൎമ്മം ആലംബനം; ബുദ്ധ്യുപസ്ഥിതങ്ങളായ ശ്രുതിസ്മൃതിവാക്യങ്ങൾ ഉദ്ദീപനം; ശിരച്ഛേദാദ്യംഗീകാരം അനുഭാവം; ധൃതി സഞ്ചാരി. ഈ രീതിയിൽ സത്യവീരം ഇത്യാദി വേറെ വിഭാഗങ്ങളെയും കല്പിക്കാം.

---

പദ്യം 388. മേഘനാദവചനം: പേടി...കപികളേ!—കുരങ്ങന്മാരേ നിങ്ങളെ കൊല്ലുകയില്ല. തുംഗ...കുംഭം=ഇന്ദ്രന്റെ ആനയുടെ ഉയൎന്ന മസ്തകം. പാടിച്ച=പാടനംചെയ്ത (പൊട്ടിച്ച). സൗമിത്രേ...രുഷാം=ലക്ഷ്മണാ നീ എന്റെ കോപത്തിനു് (രുഷാം) പാത്രമല്ല, നീ നില്ക്കു്. സാമി...നിധി=പകുതി വളച്ച പുരികക്കൊടികൊണ്ടുതന്നെ സമുദ്രത്തെ ഭയപ്പെടുത്തിയ രാമനെയാണു ഞാൻ തേടുന്നതു്.

പദ്യം 389. അതിജീൎണ്ണമായ കവചകുണ്ഡലങ്ങൾ ബ്രാഹ്മണാൎത്ഥിക്കു നല്ലാൻ എതുകൾമാത്രം? (നല്ലാൻ എത്രമാത്രം കൊള്ളും?) കണ്ടിച്ചു രക്തം ചൊരിയുന്ന ശിരസ്സുതന്നെ കൊടുക്കുന്നു.

### 4. രൗദ്രത്തിനു്:

'കഷ്ടം മര്യാദ കൈവിട്ടിഹ......' (300-ാം പദ്യം നോക്കുക).

ഇവിടെ ഭീമാർജ്ജുനാദികൾ ആലംബനം; തത്കൃതഗുരുവധാദി ഉദ്ദീപനം; അർത്ഥസിദ്ധമായ ഭ്രൂഭംഗാദി അനുഭാവം; അമർഷാദി സഞ്ചാരി.

### 5. ഹാസ്യത്തിനു്:

392. അച്ഛൻ ചമച്ചുള്ളൊരു പുസ്തകത്തിൽ
പൃച്ഛിച്ചു ഞാൻ നൂതനയുക്തിയൊന്നു്
പൃഷ്ഠം പശുക്കൾക്കു പവിത്രമെങ്കിൽ
മട്ടില്ലതെന്തേ കഴുതപ്രിയയ്ക്കു്? —സ്വ.

ഇവിടെ താർക്കികപുത്രൻ ആലംബനം; അതിന്റെ നിശ്ശങ്കമായ വാക്യം ഉദ്ദീപനം; ദന്തപ്രകാശനാദി അനുഭാവം അർത്ഥസിദ്ധം; ഉദ്വേഗാദിസഞ്ചാരികൾ ഊഹ്യങ്ങൾ.

### 6. ഭയാനകത്തിനു്:

393. കണ്ണുനാളമഴകിൽ തിരിച്ചനുപദം രഥം പിറകിൽ നോക്കിയും
കുണ്ഠനായ് ശരഭയേന പൃഷ്ഠമതു പൂർവ്വകായഗതമാക്കിയും,
ഇണ്ടൽകൊണ്ടു വിവൃതാസ്യഖാത് പഥി ചവച്ച ദർഭകൾ പതിക്കവേ
കണ്ടുകൊൾക കുതികൊണ്ടു കിഞ്ചിദവനൗ ഭൃശം നഭസി ധാവതി.*
—ഭാ. ശാകുന്തളം

ഇവിടെ ദുഷ്യന്തന്റെ രഥം ആലംബനം; ശരസന്ധാനദർശനാദി ഉദ്ദീപനം; ചുളുങ്ങുക മുതലായതു് അനുഭാവം; ക്രമശങ്കാദികൾ സഞ്ചാരികൾ.

### 7. ബീഭത്സത്തിനു്:

394. തോലാദ്യം തോൾ നിതംബം മുതുകുമതുമുതല്ക്കുള്ളൊരംഗങ്ങൾതോറും
കോലും ദുർഗ്ഗന്ധമേറും പൃഥുപിശിതമശിച്ചിജ്ജളപ്രേതമിപ്പോൾ
ചാലേ കണ്ണും ഞരമ്പും കുടലുമുടനെടുത്തസ്ഥിവാസ്ഥിക്കിടയ്ക്കു-
ള്ളേലും മാംസം ഭുജിക്കുന്നിതു കഠിനമഹോ! പല്ലിളിച്ചല്ലലെന്യേ!
—മാലതീമാധവം

ഇവിടെ ശവം ആലംബനം; പ്രേതപ്രവൃത്തികൾ ഉദ്ദീപനം; അർത്ഥസിദ്ധമായ മുഖവികാരാദി അനുഭാവം; ജാഡ്യാദികൾ സഞ്ചാരികൾ.

### 8. അത്ഭുതത്തിനു്:

395. ശൃംഗാരത്തിന്റെ നാമ്പോ രസികതയൊഴുകിപ്പോകുവാനുള്ള തുമ്പോ
സൗന്ദര്യത്തിന്റെ കാമ്പോ മദനരസചിദാനന്ദപൂന്തേൻകുഴമ്പോ
ബ്രഹ്മാവിൻസൃഷ്ടിവമ്പോ നയനസുഖലതയ്ക്കുള്ള നല്ലൊന്ന കമ്പോ
കാമൻതാൻ വിട്ടൊരമ്പോ ത്രിഭുവനവിജയത്തിന്നിവൻ തോഴിയമ്പോ!
—രസനിരൂപണം

ഇതു് സഖി നായകനെപ്പററി നായികയോടു പറയുന്നതു്. ഇവിടെ നായകൻ ആലംബനം; തദംഗലാവണ്യവിശേഷാദി ഉദ്ദീപനം; അർത്ഥസിദ്ധമായ രോമാഞ്ചാദി അനുഭാവം; ഹർഷാദി സഞ്ചാരി.

* 90-ാംപദ്യം നോക്കുക.

### 9. ശാന്തത്തിനു്:

396. മട്ടമലർ ശയനംതാൻ, മുള്ളെഴും ഭൂതലംതാൻ,
നെടിയൊരജഗരംതാൻ, നീണ്ട മുക്താസരംതാൻ,
പ്രമദനൊരു പരൻതാൻ, പ്രേമവാൻ ബാന്ധവൻതാൻ,
സമമിതി കരുതുന്നേൻ സമ്മതം മേ സമസ്തം. —സ്വ.

ഇതിൽ പ്രപഞ്ചം ആലംബനം; ഭോഗനിസ്സാരത ഉദ്ദീപനം; സർവത്ര സാമ്യബുദ്ധി അനുഭാവം; മതി മുതലായവ സഞ്ചാരികൾ.

## ഭാവധ്വനികൾ

ഇച്ചൊന്ന ഒൻപതെണ്ണമൊഴികെ ഏതെങ്കിലും ഒരു മനോവികാരം വ്യഞ്ജിപ്പിക്കുന്നതിനു് 'ഭാവധ്വനി' എന്നു പേർ പറയുന്നു.

**ദേവാദികളിലുള്ളൊരു**
**രതി സഞ്ചാരിയോ പുനഃ**
**ധ്വനിപ്പതെങ്കിലക്കാവ്യം**
**ഭാവധ്വനിസമാഹ്വയം.** 182

സ്ത്രീപുരുഷവിഷയമായുള്ള 'രതി'ക്കുമാത്രമേ സ്ഥായിഭാവം എന്നു പേരുള്ളു. അതിനാൽ ഭക്തി എന്നും വാത്സല്യം എന്നും മററും പറയുന്ന ദേവപുത്രാദിവിഷയ രതി ഭാവമാത്രമാകുന്നു. അതും സഞ്ചാരികളും ധ്വനിക്കുന്നതു ഭാവധ്വനി.

എന്നക്കാശിയിൽ വാണു...നയിപ്പേൻ ദിനം (125-ാം പദ്യം).

ഇതിൽ ദേവവിഷയഭക്തി ധ്വനിക്കുന്നു.

397. ഇന്നുതൊട്ടുലകിലെന്നുടെ ദേശം
ശുദ്ധിനല്ലുമിടമെന്നു കഥിക്കാം;
സത്തരെങ്ങുണയുമസ്ഥലമല്ലോ
പുണ്യമെന്നു പറയുന്നിതു ലോകർ. —കു. സം.

അതിഥികളായി വന്ന സപ്തർഷികളോടു ഹിമവാൻ പറയുന്ന ഈ വാക്കിൽ മുനിവിഷയഭക്തി ധ്വനിക്കുന്നു.

398. ദന്താനാം മുകുളങ്ങൾ കാട്ടിയനിമിത്തോദീയമാനസ്മിതാൻ
ചെന്താരിൻമധുവർഷിണഃ ശ്രവണയോരവ്യക്തവർണ്ണോക്തിഭിഃ
സന്താനാഭരണാനി ബാലതനയാനങ്കാശ്രയപ്രാർത്ഥിനോ
ഹന്താദായ തദംഗരേണുവണിയുന്നതു് കൃഷ്ടപുണ്യാ ജനാഃ. —ശാകു.

ഇവിടെ പുത്രവാത്സല്യം ധ്വനിക്കുന്നു.

399. വിശ്വാസക്കേടിനാലിജ്ജനമനഭിമുഖം പിന്നിലോക്കാതെ വന്നി-
ങ്ങാശ്ലേഷിച്ചെന്നു കിട്ടീ തവ കിതവ! ഫലം സൗഭഗഭ്രംശമെന്യേ

---

പദ്യം 398. അനി...സ്മിതാൻ=കാരണമില്ലാതെ ചിരിക്കുന്നവരും; അവ്യക്തവർണ്ണോക്തിഭിഃ ശ്രവണയോഃ ചെന്താ...വർഷിണഃ=അവ്യക്തവർണ്ണോച്ചാരണങ്ങളാൽ കാതിൽ താമരത്തേൻ പൊഴിക്കുന്നവരും; അങ്കാശ്രയപ്രാർത്ഥിനഃ=മടിയിൽ കയറാൻ ശാഠ്യംകൂട്ടുന്നവരും; ആയ സന്താനാഭരണങ്ങളെ; ആദായ-എടുത്തു്. തദംഗരേണു=അവരുടെ ശരീരത്തിലെ പൊടി. ദുഷ്യന്തവചനം.

പദ്യം 399. പരസ്ത്രീഗമനാനന്തരം വന്ന നായകനോടു കോപിച്ചു നായിക പുറംതിരിഞ്ഞുനിന്നു. പരസ്ത്രീ എന്നുതന്നെ വിചാരിച്ചു് നായകൻ അവളെ പുറ

പശ്യേദം പ്രേയസീപോർമുലയിണയിലെഴും കുങ്കുമാലംകൃതം മത്-
കേശ്യേ തങ്ങും മെഴുക്കാലതിവികൃതമഴക്കേറിട്ടും മാറിടം തേ.

—അമരുകശതകം

ഇതിൽ ഈർഷ്യകൊണ്ടുള്ള ആത്മനിന്ദയാകുന്ന നിർവ്വേദം എന്ന സഞ്ചാരിഭാവം ധ്വനിക്കുന്നു.

400. ഇത്തരം മുനികുലോത്തമനോതു-
ന്നേരമച്ഛനരികത്തു കുമാരി
ഗൗരി നിന്നു തലതാഴ്ത്തിയൊരോന്നായ്
കേളിപങ്കജദളങ്ങളെയെണ്ണി. —കു. സം.

ഇതിൽ പാർവ്വതിക്ക് അവഹിത്ഥം (ആകാരഗോപനം) എന്ന സഞ്ചാരിഭാവം ധ്വനിക്കുന്നു.

## രസ–ഭാവാഭാസങ്ങൾ

**രസഭാവങ്ങളാഭാസ-**
**മസ്ഥാനത്തിങ്കലാവുകിൽ.** 183

രസവും ഭാവവും അനുചിതവിഷയത്തിൽ പ്രവർത്തിച്ചാൽ രസാഭാസമെന്നും ഭാവാഭാസമെന്നും പറയപ്പെടുന്നു. പക്ഷിമൃഗാദികളുടെ രതി, മനുഷ്യനല്ലതിൽ ത്തന്നെ അനേകവിഷയമായി പ്രവർത്തിക്കുന്നതു് ഇത്യാദികൾ രസത്തിനു് അനൗചിത്യം. അനുചിതരസത്തിന്റെ അംഗമായ ഭാവം 'ഭാവാഭാസം'. ഭാവങ്ങളെല്ലാം പര്യവസാനത്തിൽ ഒരു രസത്തിന്റെ അംഗമായിട്ടേ വരൂ. ഉക്തോദാഹരണത്തിൽത്തന്നെ അസൂയ ശൃംഗാരത്തിന്റെ അംഗമെന്നു സ്പഷ്ടമാകുന്നു. പ്രാധാന്യമാകട്ടെ, തൽക്കാലാവസ്ഥയെ ആശ്രയിച്ചാകുന്നു.

### രസാഭാസത്തിനു് ഉദാഹരണം:

401. ചെന്താമരപ്പൊന്തളികയ്ക്കകത്തു
പൂന്തേൻ നുകർന്നാനളി കാന്തയോടേ;
മാൻപേടയെച്ചെന്നു മയക്കമാറു
കൊമ്പിന്റെ തുമ്പാൽ കലമാൻ തലോടി. —കു. സം.

ഇതു് തിര്യഗ്ഗതത്തിനു്. ഇനി ബഹുവിഷയത്തിനു്:

402. കണ്ടിട്ടേകാസനത്തിൽ പ്രിയകളിരുവരെപ്പിന്നിലെത്തി പ്രമോദാൽ
കണ്ടിക്കാർക്കുന്തലാളാമൊരുവളമിഴികളേ മൂടി ലീലാച്ഛലേന
തൊണ്ടിക്കിണ്ടൽ കൊടുക്കുന്നധരയപരയെക്കണ്ണമീഷൽ തിരിച്ചും-
കൊണ്ടിഷ്ടാവാപ്തിഹൃഷ്ടാം കിതവനതിരസംപൂണ്ടു ചുംബിച്ചിടുന്നു.

—അമരുകശതകം

ഇതിൽ കിതവനു് നായികാദ്വയവിഷയകമായ രതി.

''ദുഃഖത്താലോ ഭയാദ്വാ...'' (252-ാം പദ്യം നോക്കുക).

---

കിൽനിന്നു് ആലിംഗനംചെയ്യു. കേശ്യേ=കേശസമൂഹത്തിൽ. നായികാപരിഭവവചനം, നായകനോടു്.

പദ്യം 400. സപ്തർഷികൾ ശിവവിവാഹാലോചനയ്ക്കു് ഹിമവത്സന്നിധിയിൽ ചെന്നു. അപ്പോൾ പാർവ്വതി അച്ഛന്റെ സമീപത്തു്, കൈയിലൊരു താമരയും പിടിച്ചുകൊണ്ടു നില്പുണ്ടായിരുന്നു. ആലോചന തുടങ്ങിയപ്പോൾ അവൾ ആ താമരയുടെ ഇതൾ എണ്ണിത്തുടങ്ങി.

പദ്യം 402. രണ്ടു സ്ത്രീകൾ ഒരിരിപ്പിടത്തിൽ ഇരിക്കുന്നതു കണ്ടു് സൂത്രശാലിയായ (കിതവൻ) നായകൻ പിന്നിൽ ചെന്നു് ഒരുവളുടെ കണ്ണു പൊത്തുകയും അപരയെ ചുംബിക്കുകയുംചെയ്തു.

ഇവിടെ പോക്കളത്തിൽവെച്ച് അശ്വത്ഥാമാവിനു് സ്വപക്ഷ്യനായ കണ്ണ ന്റെനേരെയുള്ള ക്രോധം അനുചിതമാകയാൽ ഇതു് രൗദ്രാഭാസം. ഇതുപോലെ വീരാഭാസാദികളും മററും സ്വയമൂഹിച്ചുകൊൾക.

### ഭാവാഭാസത്തിനു് ഉദാഹരണം:

403. ചൊന്നാനനണഞ്ഞമ്പൊടു തല്പപാർശ്വേ
തന്വംഗി! കേൾ മാലിനി! ജീവനാഥേ!
ധന്യേഷു ധന്യോഽസ്മി യദത്ര ശേഷേ
നിൻദാസമേനം പ്രതിപാലയന്തീ —ഭാരതചമ്പു

ഇതു് കീചകൻ സൈരന്ധ്രിയോടു പറയുന്നതു്. ഇവിടെ ധ്വനിക്കുന്ന ഹർഷ മെന്ന സഞ്ചാരിഭാവം ശൃംഗാരാഭാസത്തിന്റെ അംഗമാകയാൽ ഭാവാഭാസം.

404. സർവ്വഭൂപന്മാർ ചൂഴെ നിന്നു സേവിച്ചതും,
സാർവ്വഭൗമനെന്നിരുന്നു നീ ഭാവിച്ചതും,
ഇവയെല്ലാമെനിക്കു ലബ്ധമുല്ലാസത്തോടിനിയെൻ-
നാട്ടിലോ ചവിട്ടാതെ കാട്ടിൽപ്പോയ് തപംചെയ്ക!
—നളചരിതം ആട്ടക്കഥ

ഇതു് പുഷ്കരൻ നളനോടു പറയുന്നതു്. ഇവിടെ ധ്വനിക്കുന്ന അസൂയ രൗദ്രാ ഭാസത്തിന്റെ അംഗം.

## ഭാവവിഭാഗങ്ങൾ

അനന്തരം ഭാവങ്ങൾക്കു് അവസ്ഥാഭേദങ്ങൾകൊണ്ടു് ഉൾപ്പിരിവുകൾ ചൊല്ലുന്നു:

**ഭാവങ്ങൾക്കുദയം ശാന്തി**
**സന്ധിയും ശബലത്വവും** 184

ഭാവം ഉദിക്കുന്ന അവസ്ഥയിൽ വ്യഞ്ജിക്കുന്നതു് ഭാവോദയം; ശമിക്കുന്ന അവസ്ഥയിൽ വ്യഞ്ജിക്കുന്നതു് ഭാവശാന്തി; അനേകം ഭാവങ്ങൾക്കു് ഏകകാല ത്തിൽ പ്രതീതി ഭാവസന്ധി; അനേകം ഭാവങ്ങൾക്കു് ഒന്നിനെ തള്ളിക്കളഞ്ഞി ട്ടു മറെറാന്നു് എന്ന മട്ടിൽ പ്രതീതി ഭാവശബളത. മുറയ്ക്കു് ഉദാഹരണങ്ങൾ:

### 1. ഭാവോദയം

405. ഉൾത്താപത്തോടൊരേ മെത്തയിലനഭിമുഖം തമ്മിൽ മിണ്ടാതെ ഭാര്യാ-
ഭർത്താക്കന്മാരു തൻഗൗരവമതിനെ വിടാതേ പണിപ്പെട്ടിരിക്കെ
ചിത്താസംഗേന മന്ദം മിഴികളിടകലർന്നോരു നേരം ക്ഷണത്താ-
ലുൾത്താരിൽ തീർന്നു കേളീകലഹമിരുവരും ചേർന്നു കെട്ടിപ്പുണർന്നാർ.
—അമരുകശതകം

ഇവിടെ ഔത്സുക്യത്തിനു് ഉദയം.

### 2. ഭാവശാന്തി

406. കുന്നേലും കൊങ്കയാളാമവളുടെ പരിരംഭാങ്കമാർന്നോരു വക്ഷ-
സ്സിന്നേരത്തെന്തിനംഘ്രിപ്രണമനകപടാൽ ഗോപനംചെയ്തിടുന്നു

---

പദ്യം 403. നിൻ ദാസനാം ഏനം(ഇവനെ) പ്രതിപാലയന്തീ (കാത്തുകൊ ണ്ടു്) അത്ര ശേഷേ (ഇവിടെ കിടക്കുന്നു) യത് (എന്നുള്ളതുകൊണ്ടു്) ധന്യേഷു ധന്യഃ അസ്മി (ഞാൻ) ധന്യരിൽവച്ചു ധന്യനാണു്.

എന്നേവം തന്വി ചൊന്നാളുടനതെവിടെയെന്നായതേ മാച്ചുവാനാ-
യൊന്നേണാക്ഷീം പുണന്നേൻ; ദൃഢമവളുമതെത്തദ്രസത്താൽ മറന്നാം.
—അമരുകശതകം

ഇതിൽ കോപത്തിനു് ശാമ്യദവസ്ഥ.

## 3. ഭാവസന്ധി

407. ഏവം യാഗം മുടക്കുന്നൊരു പരിഷയിലുംപ്പെട്ടൊരാളല്ല ഞാനും
ഭുവികൽ പൂജ്യനാമക്ഷിതിപതിയെയെവൻതന്നെ മാനിക്കയില്ല?
എന്നാലശ്വത്തെ രക്ഷിപ്പവരിഹ സകല ക്ഷത്രിയന്മാരെയും ചേ-
ത്തൊന്നാക്ഷേപിച്ച വാക്കെൻ ഹൃദയമതിൽ വികാരത്തെയുണ്ടാക്കിയല്ലം.
—ഉ. രാ. ച.

ഇതു് ലവൻ ചന്ദ്രകേതുവിനോടു പറയുന്നതു്. ഇവിടെ പൂർവ്വാർദ്ധത്തിൽ ലജ്ജയും ഉത്തരാർദ്ധത്തിൽ അമർഷവും വ്യഞ്ജിക്കുന്നതിനാൽ ഭാവസന്ധി.

## 4. ഭാവശബളത

408. എങ്ങിട്ടുന്നയ,മെങ്ങു ചന്ദ്രകുലം, അക്കന്യാമിനിക്കാണ്മെനോ?
പങ്കംപോക്കണമെൻ ശ്രുതം; രുചിരമാ വക്ത്രം കയർത്തപ്പൊഴും;
എന്തോതും ബുധർ കേൾക്കിൽ? ആയവളഹോ! സ്വപ്നത്തിലും ദുർലഭാ;
സ്വാന്ത! ത്വം ഭ്രമിയായ്ക; ഓഷ്ഠമധുവുണ്ടുമ്മാനെവൻ ഭാഗ്യവാൻ?—സ്വ.

ബ്രാഹ്മണകന്യകയായ ദേവയാനിയെക്കുറിച്ചു് യയാതിമഹാരാജാവു പറയുന്ന ഈ ശ്ലോകത്തിൽ 'എങ്ങിട്ടുന്നയം' എന്നു് വിതക്കം; 'അക്കന്യാമിനിക്കാൺമെനോ' എന്നു് ഔത്സുക്യം; 'പങ്കം പോക്കണം' എന്നു് മതി; 'രുചിരമാ വക്ത്രം' എന്നു് സ്മൃതി; 'എന്തോതും' എന്നു് ശങ്ക; 'സ്വപ്നത്തിലും ദുർലഭാ' എന്നു് ദൈന്യം; 'സ്വാന്ത! ത്വം ഭ്രമിയായ്ക' എന്നു് ധൃതി; 'ഓഷ്ഠമധുവുണ്ടുമ്മാനെവൻ' എന്നു് ചിന്ത; ഈവിധം വിതക്കം മുതലായ എട്ടു ഭാവങ്ങൾക്കു് ശബളത.

ഭാവത്തിനു പറഞ്ഞതുപോലെ ഉദയശാന്ത്യാദികളൊന്നും രസത്തിനു് സംഭവിക്കയില്ല. അതു് സ്ഥായിഭാവമൂലകമാണല്ലോ! സ്ഥായിക്കു് വിച്ഛേദമോ അതിശയമോ* വരുന്നതെങ്ങനെ? വല്ലവിധത്തിലും ഉണ്ടാക്കിത്തീർത്താൽ അതിനു ചമൽക്കാരം സിദ്ധിക്കുന്നതുമല്ല.

അനന്തരം എല്ലാവിധം ധ്വനിക്കും വേറേ അവാന്തരവിഭാഗങ്ങൾ സംഭവിക്കാം എന്നു ചൊന്നു് പ്രകരണത്തെ ഉപസംഹരിക്കുന്നു.

**പ്രകൃതി. പ്രത്യയം ശബ്ദം**
**വർണ്ണം വാക്യം പ്രബന്ധവും**
**ഇത്യാദ്യാശ്രയഭേദത്താൽ**
**ധ്വനിഭേദമനേകമാം.** 185

ആദിശബ്ദത്താൽ രചനയാണു ഗ്രഹിക്കേണ്ടതു്.

**ഇവയ്ക്കു പിന്നെസ്സംസൃഷ്ടി**
**സങ്കരം മൂന്നുമാതിരി**

---

പദ്യം 406. കലഹാന്തരിതയായ നായികയുടെ കാൽ പിടിക്കാൻ നായകൻ കുനിഞ്ഞു. അതു് അന്യാലിംഗനചിഹ്നം മറയ്ക്കുവാനല്ലേ എന്നു് അവൾ ചോദിച്ചു. 'എവിടെ പാടു്?' എന്നു സ്വയം ചോദിച്ചുകൊണ്ടു നായകൻ അതു മായ്ക്കുവാൻ അവളെത്തന്നെ ആലിംഗനംചെയ്തു. അവളോ, അതിന്റെ രസത്തിൽ എല്ലാം മറന്നുനിന്നു.

* പാരമ്യം.

**എന്നെല്ലാം ചേർത്തു നോക്കുമ്പോൾ**
**ഭേദസംഖ്യയനന്തമാം. 186**

പ്രാധാന്യേന വ്യഞ്ജകമായതേതു് എന്നുള്ള വിചാരമാണു് ഈ ഭേദങ്ങൾക്കെല്ലാം മൂലം. 'സൽക്കാരമേകാൻ' ഇത്യാദ്യുദാഹൃതശ്ലോകത്തിൽ 'പയോധരം' എന്ന ഒരു ശബ്ദമാകുന്നു വ്യംഗ്യത്തിന്റെ മുഖ്യമായ അടിസ്ഥാനം; അതിനാൽ അതു് ശബ്ദാശ്രയത്തിനു് ഉദാഹരണം. രചനയ്ക്കും വർണ്ണങ്ങൾക്കും ഉദാഹരണങ്ങൾ ഗുണപ്രകരണത്തിൽ കൊടുത്തിട്ടുണ്ടു്. ശേഷമുള്ളവയ്ക്കു് ഉദാഹരണം ഗ്രന്ഥവിസ്തരഭയത്താൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

ഇനി ഈ പ്രകരണം സമാപിക്കുംമുൻപു് ദോഷപ്രകരണാവസാനത്തിൽ രസനിരൂപണാനന്തരമാകട്ടെ എന്നു നീക്കിവെച്ചിട്ടുള്ള രസദോഷങ്ങളെ വിവരിക്കേണ്ടതുണ്ടു്. അവയെ പരിഗണിക്കുന്നു.

## രസദോഷങ്ങൾ

**നേരേ ശബ്ദംകൊണ്ടു ചൊല്ക**
**ഭാവസ്ഥായിരസങ്ങളെ,**
**അനുഭാവവിഭാവങ്ങൾ**
**തേടേണ്ടുന്നവയാവുക, 187**

**വിരുദ്ധത്തിൻ വിഭാവാദി**
**ഗ്രഹിക്ക,യതിദീപ്തിയും,**
**അകാണ്ഡപ്രഥയും, ഛേദം,**
**അംഗത്തിന്നതിവിസ്തൃതി, 188**

**അംഗിക്കു മദ്ധ്യേ മറവും,**
**പ്രകൃതിക്കു വിപര്യയം,**
**ഇത്യാദി രസദോഷങ്ങ-**
**ളനൗചിത്യവികല്പമാം. 189**

വാസ്തവത്തിൽ രസദോഷം അനൗചിത്യം ഒന്നുതന്നേ ഉള്ളു. അതിന്റെ മാതിരിഭേദങ്ങളാണു് ശബ്ദവാച്യതാദികളായി ഒൻപതെണ്ണം ഇവിടെ പേർപറഞ്ഞു നിർദ്ദേശിച്ചതു്. ഇവയ്ക്കു് ലക്ഷണവും ഉദാഹരണവും.

### 1. ശബ്ദവാച്യത

സ്ഥായിഭാവം, രസം, സഞ്ചാരിഭാവം ഇവയെ വിളിച്ചുപറക. വ്യംഗ്യത്തിനു് ചമൽക്കാരത്തിന്റെ മുഖ്യകാരണം അതിന്റെ ഗൂഢതയാകുന്നു. അതിനാൽ തുറന്നു പറഞ്ഞുപോയാൽ നഗ്നമായ മനുഷ്യശരീരംപോലെ അതു് അരമണീയമായിത്തീരുന്നു ഇതാണു് ദോഷബീജം. ഉദാഹരണം:

409. ചൊല്ലാവല്ലാത്തതായിച്ചെറുതുമിഹ പരിച്ഛേദ്യമല്ലാത്തതായി-
ത്തെല്ലിജ്ജന്മത്തിലിന്നാൾവരെയുമനുഭവിക്കാത്തതായ് സദ്വിവേകം
എല്ലാം പോയ് വായ്ച്ചമോഹാൽ ഗഹനതരവുമായുള്ളൊരെന്തോ വികാരം
വല്ലാതെന്മാനസത്തിൽ ജഡതയുമതിസന്താപവും ചേർത്തിടുന്നു. —മാല.

ഇവിടെ വിവേകധ്വംസാദികളായ അനുഭാവങ്ങളാൽ വ്യഞ്ജിക്കുന്ന മോഹജാഡ്യങ്ങൾ ശബ്ദത്താൽ പറയപ്പെട്ടുപോയി. വേറെ ഉദാഹരണങ്ങൾ:

410. (1) സർവ്വേന്ദ്രിയം മൂടിയടച്ചു പെട്ടെ-
ന്നുദിച്ചതാം ദാരുണമായ മോഹം

വൈധവ്യദുഃഖത്തെയൊളിക്കമൂലം
ക്ഷണം രതിക്കങ്ങുപകാരമായി. —കു. സം.

ഇതിൽ മോഹം ശബ്ദോപാത്തം.

411. (2) പുറാടേ കുരുത്തോരിളതാം കടമ്പി-
ന്നൊത്തോരു ഗാത്രത്തൊടു ഗൗരിതാനും
ശൃംഗാരമുൾക്കൊണ്ടതിഭംഗിയോടേ
മുഖം തിരിച്ചൊന്നു പരുങ്ങി നിന്നാൾ. —കു. സം.

ഇവിടെ ശൃംഗാരമെന്ന രസം ശബ്ദവാച്യം. ഇതുപോലെ രത്യാദി സ്ഥായിഭാവങ്ങൾക്കും ശബ്ദവാച്യത്വം ഊഹിച്ചുകൊൾക.

## 2. ക്ലിഷ്ടയോജന

വിഭാവങ്ങളെയോ അനുഭാവങ്ങളെയോ തേടിപ്പിടിച്ചു കൊണ്ടുവന്നു് കല്പിച്ചു ചേർക്കേണ്ടതായി വരുക. പ്രതീതിവിളംബം ദോഷബീജം. ഉദാഹരണങ്ങൾ:

412. (1) മലയാനിലലോലമാലതീ-
മലരിൻ സൗരഭപൂരിതേ വനേ
അലസം വിലസുന്ന തെന്നലാൽ
ചലചേലാഞ്ചല ചഞ്ചലേക്ഷണേ. —സ്വ.

ഇതിൽ നായികാവിഷയരതിക്കു് ആലംബനോദ്ദീപനവിഭാവങ്ങൾ മാത്രമേ പറയപ്പെട്ടിട്ടുള്ളു. അവ വിഭാവങ്ങളെ ആക്ഷേപിച്ചെടുക്കുന്നതോടുകൂടി വിശ്രമിക്കുന്നതല്ലാതെ രതിയെ വ്യഞ്ജിപ്പിക്കുന്നിടത്തോളം ചെല്ലുന്നതിനു മതിയാവാത്തതിനാൽ ക്ലിഷ്ടയോജന.

413. (2) രതിയൊന്നിലുമില്ല തെല്ലുപോലും;
മതിയും നഷ്ടവിവേകയായിടുന്നു;
അതിയായു് പടരുന്ന താപവും ഹാ!
ഗതിയാരിപ്പൊഴുതെന്തു ചെയ്‌വതീ ഞാൻ? —സ്വ.

ഇവിടെ വിപ്രലംഭകരുണങ്ങൾ രണ്ടിനും അനുഭാവങ്ങൾ തുല്യങ്ങളാകയാൽ വിഭാവങ്ങളെ ഊഹിക്കുന്നതിനു മാർഗ്ഗമില്ല. അതിനാൽ അവസ്ഥ യോജനയിൽ ക്ലിഷ്ടത.

## 3. വിരുദ്ധവിഭാവാദിഗ്രഹം

വിരുദ്ധരസാദികളുടെ വിഭാവാനുഭാവവ്യഭിചാരികളെ ഇടയ്ക്കു ചേർക്കുക. ഉദാഹരണം:

414. മാനിക്ക നതനാമെന്നെ
മാനം വേണ്ട മനസ്വിനി!
പാരിച്ച യൗവനം പോയാൽ
തിരിച്ചുവരികില്ല കേൾ! —സ്വ.

ഇവിടെ ശൃംഗാരത്തിൽ പ്രതികൂലമായ ശാന്തരസത്തിന്റെ ഉദ്ദീപനവിഭാവമായ യൗവനാനിത്യത ഉത്തരാർദ്ധത്തിൽ പറയപ്പെട്ടിരിക്കുന്നു. അനുഭാവാദികളെയും ഇതുപോലെ ഉദാഹരിക്കാം.

## 4. അതിദീപ്തി

വേണ്ടതിലധികം പ്രകാശനം; ചർവ്വിതചർവ്വണം മടുപ്പുണ്ടാക്കുന്നതു് ദോഷബീജം. 'അതി സർവ്വത്ര വർജ്ജയേത്''. അംഗങ്ങളായ രസാദികൾക്കാണു് ഈ

ദോഷം സംഭവിക്കുന്നതു്. അതിനാൽ ഉദാഹരണം ഒരു പ്രബന്ധമായിട്ടേ കാണൂ. കുമാരസംഭവം നാലാംസർഗ്ഗത്തിൽ രതിപ്രലാപത്തിൽ രതി ഒരിക്കൽ വിലപിച്ചതിന്റെ ശേഷം ആവർത്തിച്ചും വിലപിച്ച എന്നു പറയുന്നതു് ഉദാഹരണം.

## 5. അകാണ്ഡപ്രഥ

അനവസരത്തിൽ രസാദികളുടെ നിവേശനം. വേണീസംഹാരം രണ്ടാമങ്കത്തിൽ ദുര്യോധനനു് യുദ്ധമദ്ധ്യേ ഭാനുമതിയോടു ചേർന്നുള്ള ശൃംഗാരം ഉദാഹരണം.

## 6. അകാണ്ഡച്ഛേദം

അനവസരത്തിൽ വിച്ഛേദം. ഉദാഹരണം യോജ്യം.

## 7. അംഗത്തിനതിവിസ്തൃതി

സ്പഷ്ടം.

## 8. അംഗിക്കു മദ്ധ്യേ മറവു്

സ്പഷ്ടം.

## 9. പ്രകൃതിവിപര്യയം

പ്രകൃതി—സ്വഭാവം: അതിന്നു് ഉത്തമമദ്ധ്യമാധമങ്ങളും, ദിവ്യാദിവ്യങ്ങളും ഇത്യാദി വിഭാഗങ്ങളും. ഇവയിൽ ഒരു പ്രകൃതിയായി വർണ്ണിക്കപ്പെടുന്ന ഒരു നായകനു് മറെറാരു പ്രകൃതിക്കുള്ള ഗുണങ്ങളെ കല്പിക്കുന്നതു് വിപര്യയം. ഉത്തമപ്രകൃതികൾക്കു് ഭയാനകം, ദിവ്യന്മാർക്കു് സംഭോഗശൃംഗാരം മുതലായതു് ദോഷമെന്നു താല്പര്യം.

ഈ രീതിയിൽ വേറെയും ദോഷങ്ങളെ സ്വയം ഉല്ലേഖിച്ചുകൊൾക. അനൗചിത്യംതന്നെ മുഖ്യമായ ദോഷം എന്നു പറഞ്ഞല്ലോ. അതിനാൽ ഇവിടെ ചൊന്ന ഒൻപതു ദോഷങ്ങൾക്കും ചിലെടത്തു് ഉദാസീനത്വവും ചിലെടത്തു് ഗുണത്വവും കാണുമെന്നു് ഊഹിക്കണം. അതിന്റെ മാർഗ്ഗം ദോഷപ്രകരണാന്തത്തിൽ കാണിച്ചിട്ടുമുണ്ടു്. അതുകൊണ്ടു്,

415. പ്രേയാനാഗസ്സു ചെയ്തോൻ വരുവതുവരെയും പാരമൗത്സുക്യമാർന്നി-
ട്ടായാനം ചെയ്തനേരം വിവലിത,മഭിഭാഷിക്കവേ സ്മേരമാണം.
ആലിംഗിക്കെച്ചുകന്നൻപൊടു, പുടക പിടിക്കെക്കൃതഭ്രൂവിഭംഗം,
കാലിൽ വീണപ്പൊഴസ്രാവിലമതി ചതുരം കണ്ണഹോ! മാനവത്യാഃ.

—അമരുകശതകം

ഇത്യാദികളിൽ ഔത്സുക്യാദിസഞ്ചാരികൾക്കു് ശബ്ദോപാത്തത്വം ദോഷമല്ല. ഇതിൽ അനുഭാവങ്ങളെക്കൊണ്ടുള്ള വ്യക്തിക്കു് ബലാധിക്യം തോന്നുന്നു. ഇതിന്നുമുണ്ണും,

---

പദ്യം 415. മാനവതിയുടെ മിഴി, (അന്യാസംഗമം എന്ന) അപരാധം ചെയ്ത പ്രിയതമൻ വരുംവരെ ഔത്സുക്യംപൂണ്ടിരുന്നു; വന്നപ്പോൾ അയാളിൽ നിന്നു പിന്തിരിഞ്ഞു; സംസാരിച്ചപ്പോൾ വിടർന്നു; അയാൾ ആലിംഗനംചെയ്തു തുടുത്തു; പുടവയിന്മേൽ തൊട്ടപ്പോൾ പുരികം കോട്ടി; കാൽക്കൽ വീണപ്പോൾ കണ്ണീർതൂകി.

416. വേഗത്താൽ ക്ഷിപ്തനാലംബിതകരനവധൂതൻ ഗൃഹീതാംശുകാന്തൻ
പ്രാഗത്ഭ്യത്തോടപാസ്തൻ കലിതകചനനാലോകിതൻ പാദലഗ്നൻ
ആഗത്യാലിംഗനേ നിർധൂതനഴലിയലും മുപ്പുരസ്ത്രീജനത്താ-
ലാഗസ്വീ കാമിപോൽ ശങ്കരശരദഹനൻ ദഗ്ദ്ധമാക്കട്ടെഘം വഃ. —അമരു.

ഇത്യാദികളിൽ കരുണത്തിനു വിരുദ്ധമായ ശൃംഗാരം(അംഗമായതു്) അംഗപോഷിതമായ അംഗി (പ്രധാന വ്യംഗ്യം) ആയ ശംഭുപ്രഭാവാതിശയത്തിനു് അംഗമായിച്ചമയുന്നതിനാൽ ദോഷമല്ല.

---

പദ്യം 416. മുപ്പുരം കത്തിച്ച ശിവാസ്ത്രത്തീ പുരാസുരപത്നിമാരെയും ചെന്നു പിടികൂടി. അവരുടെ കൈയിൽ കടന്നുപിടിച്ചപ്പോഴ് (ആലംബിതകരൻ) അവർ ആ തീയിനെ തട്ടിക്കളഞ്ഞു (ക്ഷിപ്തൻ). തുണിത്തുമ്പിൽ പിടികൂടിയപ്പോഴ് (ഗൃഹീതാംശുകാന്തൻ) ഉത്തുമാററി (അവധൂതൻ). തലമുടിയിൽ കൈവച്ചപ്പോഴ് (കലിതകചൻ) തല്ലിക്കെട്ടത്തി (അപാസ്തൻ). കാല്ക്കൽ വീണപ്പോഴ് (പാദലഗ്നൻ) നോക്കിയേ ഇല്ല (അനാലോകിതൻ). ആലിംഗനംചെയ്യാനടുത്തപ്പോഴ് (ആഗത്യ ആലിംഗനേ) തള്ളിമാററി (നിർധൂതൻ). ഇങ്ങനെ ശങ്കരശരദഹനൻ അപരാധംചെയ്ത പ്രണയി(ആഗസ്വീ കാമി)പോലെ മുപ്പുരസ്ത്രീജനത്താൽ നിരോധിക്കപ്പെട്ടു—എന്നു് അൎത്ഥയോജന. വഃ അഘം ദഗ്ദ്ധമാക്കട്ടെ=നിങ്ങളുടെ പാപം പോക്കട്ടെ. അമരുകശതകത്തിലെ മംഗളാചരണം.

## ഗുണീഭൂതവ്യംഗ്യപ്രകരണം

എല്ലാമാതിരി വ്യംഗ്യവും പരാംഗത്വം പ്രാപിച്ച് അപ്രധാനമായിത്തീരുമ്പോൾ ഗുണീഭൂതവ്യംഗ്യമെന്നു പറയപ്പെടുന്നു. വ്യംഗ്യം അംഗമായിത്തീരുന്നതു് പ്രായേണ വാച്യത്തിനാകുന്നു. സർവ്വോത്തരചമൽക്കാരഭൂമിയായ വ്യംഗ്യത്താൽ വിശേഷിപ്പിക്കപ്പെടുമ്പോൾ വാച്യത്തിനു് ഒരു ചമൽക്കാരം സിദ്ധിക്കാതിരിക്കാൻ പാടില്ല. വാച്യത്തിന്റെ ചമൽക്കാരത്തെയാണല്ലോ അലങ്കാരമെന്നു പറയുന്നതു്. അതിനാൽ ഗുണീഭൂതവ്യംഗ്യമെല്ലാം അലങ്കാരങ്ങളുടെ കൂട്ടത്തിൽ ഗണിക്കപ്പെടുന്നു. അതിൽ അസംലക്ഷ്യക്രമമെന്ന പേരുള്ള രസഭാവാദികൾ പരാംഗങ്ങളായി വരുന്നതിനു് 'രസവാൻ', 'പ്രേയസ്സ്' മുതലായ സംജ്ഞകൾ ചെയ്തിട്ടുണ്ടു്. സംലക്ഷ്യക്രമവ്യംഗ്യം അപ്രധാനമായി വരുന്നതിൽ ഏതാനും ചിലതിനു മാത്രമേ പേരിട്ടിട്ടുള്ളു. ഈവകയിൽ സമാസോക്തിയെ ഒന്നാമതായി ഗണിക്കാം. എന്നാൽ അവസ്ഥു് ഗുണീഭാവം വരുന്നതിന്റെ സ്വഭാവഭേദം പ്രമാണിച്ച് അവാന്തരഭേദങ്ങൾ അവയിലും ചെയ്തിട്ടുണ്ടു്. അതിൽ അടുത്തു വിവരിച്ച രസഭാവാദികൾ അപ്രധാനങ്ങളായിത്തീരുന്നതിൽ ഉളവാകുന്നവയെ ആദ്യം പ്രസ്താവിക്കുന്നു:

**ഗുണീഭൂതമതാം വ്യംഗ്യ–**
**മലങ്കാരം ചമച്ചിടും.** 190

വ്യംഗ്യം ഗുണീഭൂതമാകുമ്പോൾ അലങ്കാരങ്ങളുടെ കൂട്ടത്തിൽ ഗണിക്കപ്പെടുന്നു. മറ്റൊന്നിനു് ശോഭയെ ജനിപ്പിക്കയാണല്ലോ അലങ്കാരത്തിന്റെ പ്രധാനധർമ്മം. അംഗമായിത്തീരുന്ന വ്യംഗ്യം അംഗിക്കു് ശോഭാകരമാകുന്നതിനാൽ, അതുകൊണ്ടു് അലങ്കാരമായി. സ്വയം വ്യംഗ്യരൂപമാകയാൽ ഉപമാദിവാച്യാലങ്കാരങ്ങൾ ഇതിനെ അലങ്കരിക്കും; അവയാൽ അലംകൃതമായ ഇതു് തന്റെ പ്രധാനിക്കു് അലങ്കാരമായിത്തീരുന്നു. പരിവാരപരീതയായി സർവ്വാഭരണഭൂഷിതയായ രാജമഹിഷി യുദ്ധവിജയിയായ ശത്രുവിനു ദാസിയായിത്തീർന്നു് അവന്റെ സഭയെ അലങ്കരിക്കുന്നതുപോലെ എന്നു് ദൃഷ്ടാന്തം പറയാം. ഈ യുക്തിപ്രകാരം വേറെ രസഭാവങ്ങൾക്കു് അംഗമായി വരുന്ന രസഭാവങ്ങൾ, തനിക്കുള്ള ചമൽക്കാരം ശബ്ദത്താലോ അർത്ഥത്താലോ സമർപ്പിതമെങ്കിലും, അലങ്കാരദശയെ പ്രാപിക്കുന്നു. ഈ വ്യത്യസ്തത്തെ കരുതിയിട്ടാണു് ആരംഭത്തിൽ 'വ്യംഗ്യം അംഗമായിത്തീരുന്നതു്, പ്രായേണ വാച്യത്തിനാകുന്നു' എന്നു ചൊന്നതു്. ഈ വ്യംഗ്യരൂപാലങ്കാരങ്ങൾക്കു പേരുകൾ പറയുന്നു:

**രസഭാവതദാഭാസ–**
**ശാന്തികൾക്കു പരാംഗത**
**വരുമ്പോൾ രസവാൻ പ്രേയ–**
**സ്സൂർജ്ജസ്വി ച സമാഹിതം.** 191

പരാംഗമായ രസം 'രസവാൻ' എന്ന പേരായ അലങ്കാരം; ഭാവം 'പ്രേയസ്സ്'; രസാഭാസഭാവാഭാസങ്ങൾ 'ഊർജ്ജസ്വി'; ഭാവശാന്തി 'സമാഹിതം'. മുറയ്ക്കു് ഉദാഹരണങ്ങൾ:

### രസവാൻ

417. പേടിച്ചുള്ളിളമാൻമിഴിക്കു സമമായ് നേത്രങ്ങളേററം ചലി–
ച്ചാടും ഗർഭഭരത്തിനാലൊരടിവെപ്പാൻകൂടി വയ്യാതെയായ്

ആടൽപ്പെട്ടൊരു കാന്തതന്നുടെ ബിസംപോലേ തളർന്നേററവും
വാടീടും മൃദുമേനിയെപ്പുലികുലം ഭക്ഷിച്ചിരിക്കും ദൃഢം! —ഉ. രാ. ച.

ഇതിൽ കരുണത്തിനു് ശൃംഗാരം അംഗം.

418. സ്വാധ്യായത്തിനിതല്ല വേള, വെളിയിൽ പേശാതിരിക്കു വിധേ!
ശ്രദ്ധിച്ചൊച്ച ചുരുക്കിയോതുക ഗുരോ! ശക്രൻസദസ്സല്ലിതു്;
വെയ്ക്കു നാരദ! വീണയ,ങ്ങിഹ മതി സ്തോത്രങ്ങൾ കേൾ തുംബുരോ!
തൽക്കാലം കില ജാനകീവിഷയമാം ചിലായ്യ ലങ്കേശനു്. —സ്വ.

രാവണദ്വാരപാലകന്റെ വാക്കായ ഈ ശ്ലോകത്തിൽ വീരരസം വിപ്രലംഭ ശൃംഗാരത്തിനു് അംഗം.

419. വാനത്തങ്ങു വിമാനസീമ്നി സുമനഃസ്ത്രീതൻ സമാലിംഗനാ-
ലാനന്ദത്തൊടു വാണുകൊണ്ടവനിമേൽ വീണോരു തന്മേനിയിൽ
സൈ്വരം ഫേരവനാരി വന്നതിരസാൽ ചുംബിച്ചു ദന്തക്ഷതം
പാരം ചെയ്‌വതു പാർത്തിടുന്നു കുതുകം കൈക്കൊണ്ടു വീരൻ രണേ! —സ്വ.

ഇതിൽ വീരരസത്തിനു ശൃംഗാരബീഭത്സങ്ങൾ അംഗം.

## പ്രേയസ്സ്

''എന്നക്കാശിയിൽ വാണു...നയിപ്പേൻ ദിനം'' (125-ാം പദ്യം)

ഇവിടെ ഭക്തിഭാവം ചിന്തയ്ക്കു് അംഗം.

## ഊർജ്ജസ്വി

420. നേരംപോക്കായ് പുഴക്കിബ്ബിസകബളമുടൻ നല്കിയും പത്മഗന്ധം
ചേരും വെള്ളത്തെ വായിൽ പ്രണയമൊടഥ താനേകിയും പാകമായി
നീരിൻ നൽത്തുള്ളി ചിന്നും നിജകരമതിനാൽ സേകവുംചെയ്തു നാളം
നേരേ നീണ്ടുള്ള നൽത്താമരയില കുടയായിട്ടു പിന്നെപ്പിടിച്ചാൻ.
—ഉ. രാ. ച.

സീത വളർത്തിയിരുന്ന ആനക്കുട്ടിയെ വാത്സല്യത്തോടുകൂടി നോക്കിയിട്ടു് രാമൻ പറയുന്ന ഈ ശ്ലോകത്തിൽ ശൃംഗാരാഭാസം വാത്സല്യഭാവത്തിനു് അംഗം.

## സമാഹിതം

421. എത്ര വന്മലകളങ്ങുമിങ്ങുമമരുന്നു പിന്നുദധിയാണ്ടിട-
ന്നെത്ര ദിക്കിതു സമസ്തവും വഹസി ധാത്രി! കേളയി? നമോഽസ്തുതേ.
ഇത്തരം സ്തുതികൾ ചിത്രമോടവനിദേവിയാൾക്കു തുടരുന്നപോ-
തോർത്തു ഞാനതുമടക്കമിത്തവ ഭുജം; നിലച്ചവിടെ വാക്കുകൾ. —സ്വ.

ഇവിടെ രാജവിഷയരതിക്കു് അംഗമായ ഭൂവിഷയരതി പ്രശാമ്യദവസ്ഥയിൽ വ്യഞ്ജിക്കുന്നു.

**ഭാവോദയം ഭാവസന്ധി**
**ശബളത്വമിവററയും**

---

പദ്യം 418. രാവണൻ ത്രിലോകങ്ങളും അടക്കി വാണു എന്നാണല്ലോ സങ്കല്പം. ദ്വാരപാലകൻ സത്യലോകത്തേക്കെത്തിനോക്കിയിട്ടു് ബ്രഹ്മാവിനോടു വിളിച്ചുപറഞ്ഞു: 'താൻ വേദപഠനം നിർത്തു്!' സ്വർഗ്ഗലോകത്തിലേക്കു തിരിഞ്ഞു് ബൃഹസ്പതിയോടു പറഞ്ഞു: 'പതുക്കെ സംസാരിക്കു്!' നാരദനേയും തുംബുരുവിനേയും അതുപോലെ ശകാരിച്ചു.

പദ്യം 419. യുദ്ധത്തിൽ വീരചരമമടഞ്ഞ രാജാവിന്റെ ആത്മാവു് സ്വർഗ്ഗത്തിൽ സുരസ്ത്രീകളമൊത്തിരുന്നു, താഴെ തന്റെതന്നെ ദേഹം യുദ്ധഭൂമിയിൽ കിടക്കുന്നതു കാണുന്നതായി സങ്കല്പം. ഫേരവനാരി=പെൺകുറുക്കൻ.

അംഗമായാലലങ്കാരം
പേരുമാറുന്നതില്ലിഹ. 192

ഭാവോദയാദി മൂന്നും അംഗിയായാൽ ധ്വനി; അംഗമായാൽ അലങ്കാരം; രസവദാദികളെപ്പോലെ സംജ്ഞാഭേദം ഇവിടെ ചെയ്തിട്ടില്ല എന്നുമാത്രം വിശേഷം. മുറയ്ക്കു് ഉദാഹരണങ്ങൾ:

## ഭാവോദയം (അലങ്കാരം)

422. ഇന്നാളൊരിക്കൽ നൃപ! നിന്നുടെ വൈരിഭൂപ–
നൊന്നിച്ചു സുന്ദരികളോടു രമിച്ചിടുമ്പോൾ
നിൻ നാമമന്യപരമായി യദൃച്ഛയാലേ
ചൊന്നാളൊരുത്തി,യവനാശു വിറച്ചു വീണാൻ. —സ്വ.

ഇവിടെ രാജവിഷയകരതിയുടെ അംഗമായിട്ടു ത്രാസമെന്ന ഭാവത്തിന്റെ ഉദയം.

## ഭാവസന്ധി (അലങ്കാരം)

423. കടക്കും കാഠിന്യം തടകിന തപത്തിൻ കടുത ക–
ണ്ടെടുക്കാൻ സ്വം രൂപം ത്വരയൊടുമഥാദ്രീന്ദ്രജയുടെ
പടുത്വം ചേർന്നിടും ചടുമൊഴികൾ കേട്ടിട്ടതിരസാൽ
മടിച്ചും വാണോരത്ത്രിപുരരിപു നല്ലട്ടെ കുശലം. —സ്വ.

ഇതിൽ ശിവഭക്തിക്കു് അംഗങ്ങളായ ആവേഗധൈര്യങ്ങൾക്കു സന്ധി.

## ഭാവശബളത (അലങ്കാരം)

424. വല്ലോരും കാണും, എന്തേ ചപലത? നടകൊള്ളുക ഞാൻ കന്യയല്ലേ?
തെല്ലെന്നെത്താങ്ങിടയ്യോ! വിടു! വിടുക; മറഞ്ഞെങ്ങു നീ? മണ്ടിടുന്നോ?
എന്നിമ്മട്ടിൽ കൊടുങ്കാടതിലമരുമൊരന്നിന്നരിക്ഷോണിഭൃത്തിൻ–
കന്യാ ചൊല്ലുന്നധന്യാ തരുഫലഹരണം ചെയ്യുവേ വേടനോടു്. —സ്വ.

ഇവിടെ രാജവിഷയകയായ രതിക്കു് അംഗങ്ങളായ ശങ്ക, അസൂയ, ധൃതി, സ്മൃതി, ശ്രമം, ദൈന്യം, ഔത്സുക്യം, ശങ്ക ഈ സഞ്ചാരികൾക്കു് ശബളത.

അനന്തരം അനുസ്വാനധ്വനിയുടെ അപ്രാധാന്യത്തിൽ ഉളവാകുന്ന ഗുണീഭൂതവ്യംഗ്യങ്ങളെ അപ്രാധാന്യം സംഭവിക്കുന്നതിനുള്ള മാർഗ്ഗങ്ങൾമുഖേന പരിഗണിക്കുന്നു.

വാച്യാംഗം, വാച്യസിദ്ധ്യംഗം,
തുല്യപ്രാധാന്യ,മസ്ഫുടം,
സന്ദിഹ്യമാനപ്രാധാന്യം,
കാകുവാക്ഷിപ്ത,മസുന്ദരം,
അഗൂഢമെന്നെട്ടുവിധം
വ്യംഗ്യത്തിന്നപ്രധാനത. 193

പദ്യം 423. പരീക്ഷണാർത്ഥം വടുവേഷം ധരിച്ചു ചെന്ന ശിവനു് പാർവ്വതിയുടെ കഠിനതപസ്സു കണ്ടു മനസ്സലിഞ്ഞു്, കഴിവതും വേഗം സ്വന്തരൂപം ധരിക്കാൻ ആഗ്രഹമുണ്ടായി. അതേസമയം അവളുടെ ചാടുവാക്കുകൾ കേൾക്കാനുള്ള കൊതിയാൽ സ്വന്തരൂപം ധരിക്കാൻ മടിയുമുണ്ടായി.

പദ്യം 424. രാജസ്തുതി: അല്ലയോ രാജാവേ! നിന്നരിക്ഷോണിഭൃത്തിൻ അധന്യാ കന്യാ (നിന്റെ ശത്രുരാജാവിന്റെ ഭാഗ്യംകെട്ട മകൾ) തരുഫലഹരണം ചെയ്യുവേ വേടനോടു ചൊല്ലുന്നു—എന്നു് അർത്ഥയോജന. നിന്റെ പരാക്രമംകൊണ്ടു ശത്രുരാജാക്കന്മാരെല്ലാം കാട്ടിലാണു താമസമെന്നും വേടന്മാരുടെ ബലാൽക്കാരത്തിനു് രാജകന്യകൾ വിധേയരാകുന്നുവെന്നും അപ്രസ്തുതപ്രശംസ.

ഇച്ചൊന്ന എട്ടു പ്രകാരത്തിൽ വ്യംഗ്യത്തിനു് ഗുണീഭാവം വരും. അതുകൊണ്ടു് ഗുണീഭൂതവ്യംഗ്യത്തിനു് വാച്യാംഗം, വാച്യസിദ്ധ്യംഗം ഇത്യാദി എട്ടു വകഭേദങ്ങൾ. ഇവറ്റക്കു് ലക്ഷണം സ്പഷ്ടം. മുറയ്ക്കു് ഉദാഹരണങ്ങൾ:

## 1. വാച്യാംഗം

ഇതിനു് 'സമാസോക്തി' തന്നെ ഉദാഹരണം. സമാസോക്തിയിൽ വിശേഷ്യം ശ്ലിഷ്ടമല്ലാത്തതിനാൽ വ്യംഗ്യമായ അപ്രസ്തുതവൃത്താന്തത്തിനു് വാച്യമായ പ്രസ്തുത വൃത്താന്തത്തിൽ ആരോപണംചെയ്യതിനുമേൽ മാത്രമേ അടിസ്ഥാനം കിട്ടുന്നുള്ളു. അതിനാൽ വ്യംഗ്യം വാച്യത്തിനു് അംഗമായിപ്പോകുന്നു.

## 2. വാച്യസിദ്ധ്യംഗം

''പ്രാർത്ഥിച്ചാൽ പദമേകം...'' (5-ാംപദ്യം)
''അന്തർഭാഗത്തു ചേർത്തമുരമഥനനെ.'' (36-ാംപദ്യം)

ഇത്യാദിയുംമററും ഉദാഹരണം. ഇവയിൽ പ്രകരണബലത്താൽ വാച്യാർത്ഥത്തിനു് പ്രഥമം പ്രതീതി വന്നതിൽപ്പിന്നെ ഉദിക്കുന്ന രണ്ടാമത്തെ അർത്ഥം 'നവോഢാസമം', 'സിന്ധുവിന്നൊപ്പം' എന്ന ഉപമയെ സാധിക്കുന്നതിനു് ആവശ്യപ്പെട്ടിരിക്കുന്നതിനാൽ വാച്യത്തിൻെറ സിദ്ധിക്കുതന്നെ ഒരംഗമായിപ്പോയി. ഇതു് ശബ്ദശക്തിമൂലവ്യംഗ്യത്തിനു ഗുണീഭാവം വരുന്നതിനു് ഉദാഹരണം.

''പിച്ചക്കാരൻ ഗമിച്ചാനെവിടെ...'' (175-ാംപദ്യം)

ഇത്യാദി വക്രോക്തികൾ അർത്ഥശബ്ദമൂലത്തിനു് ഉദാഹരണമാകും. ഇതിൽ ചോദ്യങ്ങളുടെ വ്യംഗ്യാർത്ഥം ഗ്രഹിച്ചതിനുമേലേ ഉത്തരങ്ങൾക്കു് അർത്ഥബോധമുണ്ടാകയുള്ളു എന്നതിനാൽ വ്യംഗ്യം വാച്യസിദ്ധ്യംഗം.

## 3. തുല്യപ്രാധാന്യം

425. ദ്വിജദ്രോഹമുപേക്ഷിക്ക
പഥ്യമാം രാക്ഷസക്കു താൻ;
അല്ലെങ്കിലല്ലലുളവാം
നിൻമിത്രം ജാമദഗ്ന്യനും. —സ്വ.

ഇതു് ജാമദഗ്ന്യൻ രാവണനു പറഞ്ഞയയ്ക്കുന്ന സന്ദേശം. ഇവിടെ ജാമദഗ്ന്യൻ ക്ഷത്രിയരെ ക്ഷയിപ്പിച്ചതുപോലെ രാക്ഷസരെയും നശിപ്പിക്കുമെന്നു് വ്യംഗ്യം. ഇതിനെ സമർപ്പിക്കുന്ന വാച്യാർത്ഥവും സ്വയമേ ഉപദേശരൂപേണ ചമൽക്കാരി ആയിരിക്കുന്നതിനാൽ പ്രാധാന്യം തുല്യം.

## 4. അസ്ഫുടം

426. രസിക്കാ സത്യമോതീടി-
ലസത്യം സ്വാമിവഞ്ചനം
അസത്യം സത്യവും രണ്ടും
ചൊല്ലൊലാ രാജസന്നിധൗ. —സ്വ.

ഇവിടെ ഹിതംനോക്കിപ്പറയണമെന്ന വ്യംഗ്യം സഹൃദയന്മാർക്കും ക്ഷണത്തിൽ സ്ഫുരിക്കുന്നില്ല.

## 5. സന്ദിഹ്യമാനപ്രാധാന്യം

427. ചന്ദ്രോദയം പാർത്തെഴുമാഴിപോലെ
തൽക്കാലമുള്ളൊന്നു ചലിച്ചൊരീശൻ
പാരിച്ച ബിംബാധരകാന്തികോലും
ഗൗരീമുഖേ കണ്ണുകളൂന്നി മൂന്നും. —കു. സം.

അംഗമായാലലങ്കാരം
പേരുമാറുന്നതില്ലിഹ. 192

ഭാവോദയാദി മൂന്നും അംഗിയായാൽ ധ്വനി; അംഗമായാൽ അലങ്കാരം; രസവദാദികളെപ്പോലെ സംജ്ഞാഭേദം ഇവിടെ ചെയ്തിട്ടില്ല എന്നുമാത്രം വിശേഷം. മുറയ്ക്കു് ഉദാഹരണങ്ങൾ:

## ഭാവോദയം (അലങ്കാരം)

422. ഇന്നാളൊരിക്കൽ നൃപ! നിന്നുടെ വൈരിഭൂപ-
നൊന്നിച്ചു സുന്ദരികളോടു രമിച്ചിടുമ്പോൾ
നിൻ നാമമന്യപരമായി യദൃച്ഛയാലേ
ചൊന്നാളൊരുത്തി, യവനാശു വിറച്ചു വീണാൻ. —സ്വ.

ഇവിടെ രാജവിഷയകരതിയുടെ അംഗമായിട്ടു ത്രാസമെന്ന ഭാവത്തിന്റെ ഉദയം.

## ഭാവസന്ധി (അലങ്കാരം)

423. കടക്കും കാഠിന്യം തടകിന തപത്തിൻ കടുത കാ-
ണ്ടെട്ടക്കാൻ സ്വം രൂപം ത്വരയൊടുമഥാദ്രീന്ദ്രജയുടെ
പടുത്വം ചേർന്നിടും ചടുമൊഴികൾ കേട്ടിട്ടതിരസാൽ
മടിച്ചും വാണോരത്ത്രിപുരരിപു നല്ലട്ടെ കുശലം. —സ്വ.

ഇതിൽ ശിവഭക്തിക്കു് അംഗങ്ങളായ ആവേഗധൈര്യങ്ങൾക്കു സന്ധി.

## ഭാവശബളത (അലങ്കാരം)

424. വല്ലോരും കാണും, എന്തേ ചപലത? നടകൊള്ളുക ഞാൻ കന്യയല്ലോ?
തെല്ലെന്നെത്താങ്ങിടയ്യോ! വിട! വിടുക; മറഞ്ഞെങ്ങു നീ? മണ്ടിടുന്നോ?
എന്നിമ്മട്ടിൽ കൊടുങ്കാടതിലമരുമൊരന്നിന്നരിക്ഷോണിഭൃത്തിൻ-
കന്യാ ചൊല്ലുന്നധന്യാ തരുഫലഹരണം ചെയ്യവേ വേടനോടു്. —സ്വ.

ഇവിടെ രാജവിഷയകയായ രതിക്കു് അംഗങ്ങളായ ശങ്ക, അസൂയ, ധൃതി, സ്മൃതി, ശ്രമം, ദൈന്യം, ഔത്സുക്യം, ശങ്ക ഈ സഞ്ചാരികൾക്കു് ശബളത.

അനന്തരം അനുസ്വാനധ്വനിയുടെ അപ്രാധാന്യത്തിൽ ഉളവാകുന്ന ഗുണീഭൂതവ്യംഗ്യങ്ങളെ അപ്രാധാന്യം സംഭവിക്കുന്നതിനുള്ള മാർഗ്ഗങ്ങൾമുഖേന പരിഗണിക്കുന്നു.

വാച്യാംഗം, വാച്യസിദ്ധ്യംഗം,
തുല്യപ്രാധാന്യ,മസ്ഫുടം,
സന്ദിഹ്യമാനപ്രാധാന്യം,
കാകാക്ഷിപ്ത,മസുന്ദരം,
അഗൂഢമെന്നെട്ടുവിധം
വ്യംഗ്യത്തിന്നപ്രധാനത. 193

---

പദ്യം 423. പരീക്ഷണാർത്ഥം വടുവേഷം ധരിച്ചു ചെന്ന ശിവനു് പാർവ്വതിയുടെ കഠിനതപസ്സു കണ്ടു മനസ്സലിഞ്ഞു്, കഴിവതും വേഗം സ്വന്തരൂപം ധരിക്കാൻ ആഗ്രഹമുണ്ടായി. അതേസമയം അവളുടെ ചാടുവാക്കുകൾ കേൾക്കാനുള്ള കൊതിയാൽ സ്വന്തരൂപം ധരിക്കാൻ മടിയുമുണ്ടായി.

പദ്യം 424. രാജസ്തുതി: അല്ലയോ രാജാവേ! നിന്നരിക്ഷോണിഭൃത്തിൻ അധന്യാ കന്യാ (നിന്റെ ശത്രുരാജാവിന്റെ ഭാഗ്യംകെട്ട മകൾ) തരുഫലഹരണം ചെയ്യവേ വേടനോടു ചൊല്ലുന്നു—എന്നു് അർത്ഥയോജന. നിന്റെ പരാക്രമംകൊണ്ടു ശത്രുരാജാക്കന്മാരെല്ലാം കാട്ടിലാണു താമസമെന്നും വേടന്മാരുടെ ബലാൽക്കാരത്തിനു് രാജകന്യകൾ വിധേയരാകുന്നുവെന്നും അപ്രസ്തുതപ്രശംസ.

ഇച്ചൊന്ന എട്ടു പ്രകാരത്തിൽ വ്യംഗ്യത്തിനു് ഗുണീഭാവം വരും. അതുകൊണ്ടു് ഗുണീഭൂതവ്യംഗ്യത്തിനു് വാച്യാംഗം, വാച്യസിദ്ധ്യംഗം ഇത്യാദി എട്ടു വകഭേദങ്ങൾ. ഇവറ്റയ്ക്കു് ലക്ഷണം സ്പഷ്ടം. മുറയ്ക്കു് ഉദാഹരണങ്ങൾ:

## 1. വാച്യാംഗം

ഇതിനു് 'സമാസോക്തി'തന്നെ ഉദാഹരണം. സമാസോക്തിയിൽ വിശേഷ്യം ശ്ലിഷ്ടമല്ലാത്തതിനാൽ വ്യംഗ്യമായ അപ്രസ്തുതവൃത്താന്തത്തിനു് വാച്യമായ പ്രസ്തുത വൃത്താന്തത്തിൽ ആരോപണംചെയ്കതിനുമേൽ മാത്രമേ അടിസ്ഥാനം കിട്ടുന്നുള്ളു. അതിനാൽ വ്യംഗ്യം വാച്യത്തിനു് അംഗമായിപ്പോകുന്നു.

## 2. വാച്യസിദ്ധ്യംഗം

''പ്രാർത്ഥിച്ചാൽ പദമേകം...'' (5-ാംപദ്യം)
''അന്തർഭാഗത്തു ചേർത്തമുരമഥനനെ.'' (36-ാംപദ്യം)

ഇത്യാദിയുംമററും ഉദാഹരണം. ഇവയിൽ പ്രകരണബലത്താൽ വാച്യാർത്ഥത്തിനു് പ്രഥമം പ്രതീതി വന്നതിൽപ്പിന്നെ ഉദിക്കുന്ന രണ്ടാമത്തെ അർത്ഥം 'നവോഢാസമം', 'സിന്ധുവിന്നൊപ്പം' എന്ന ഉപമയെ സാധിക്കുന്നതിനു് ആവശ്യപ്പെട്ടിരിക്കുന്നതിനാൽ വാച്യത്തിന്റെ സിദ്ധിക്കുതന്നെ ഒരംഗമായിപ്പോയി. ഇതു് ശബ്ദശക്തിമൂലവ്യംഗ്യത്തിനു ഗുണീഭാവം വരുന്നതിനു് ഉദാഹരണം.

''പിച്ചക്കാരൻ ഗമിച്ചാനെവിടെ...'' (175-ാംപദ്യം)

ഇത്യാദി വക്രോക്തികൾ അർത്ഥശബ്ദമൂലത്തിനു് ഉദാഹരണമാകും. ഇതിൽ ചോദ്യങ്ങളുടെ വ്യംഗ്യാർത്ഥം ഗ്രഹിച്ചതിനുമേലേ ഉത്തരങ്ങൾക്കു് അർത്ഥബോധമുണ്ടാകയുള്ളു എന്നതിനാൽ വ്യംഗ്യം വാച്യസിദ്ധ്യംഗം.

## 3. തുല്യപ്രാധാന്യം

425. ദ്വിജദ്രോഹമുപേക്ഷിക്ക
പഥ്യമാം രാക്ഷസർക്കു താൻ;
അല്ലെങ്കിലല്ലലുളവാം
നിൻമിത്രം ജാമദഗ്ന്യനും. —സ്വ.

ഇതു് ജാമദഗ്ന്യൻ രാവണനു പറഞ്ഞയയ്ക്കുന്ന സന്ദേശം. ഇവിടെ ജാമദഗ്ന്യൻ ക്ഷത്രിയരെ ക്ഷയിപ്പിച്ചതുപോലെ രാക്ഷസരെയും നശിപ്പിക്കുമെന്നു് വ്യംഗ്യം. ഇതിനെ സമർപ്പിക്കുന്ന വാച്യാർത്ഥവും സ്വയമേ ഉപദേശരൂപേണ ചമൽക്കാരി ആയിരിക്കുന്നതിനാൽ പ്രാധാന്യം തുല്യം.

## 4. അസ്ഫുടം

426. രസിക്കാ സത്യമോതീടി-
ലസത്യം സ്വാമിവഞ്ചനം
അസത്യം സത്യവും രണ്ടും
ചൊല്ലൊലാ രാജസന്നിധൗ. —സ്വ.

ഇവിടെ ഹിതംനോക്കിപ്പറയണമെന്ന വ്യംഗ്യം സഹൃദയന്മാർക്കും ക്ഷണത്തിൽ സ്ഫുരിക്കുന്നില്ല.

## 5. സന്ദിഹ്യമാനപ്രാധാന്യം

427. ചന്ദ്രോദയം പാർത്തെഴുമാഴിപോലെ
തൽക്കാലമുള്ളൊന്നു ചലിച്ചൊരീശൻ
പാരിച്ച ബിംബാധരകാന്തികോലും
ഗൗരീമുഖേ കണ്ണുകളുന്നി മൂന്നും. —കു. സം.

ഇവിടെ 'മുഖത്തിൽ മൂന്നുകണ്ണുമൂന്നി' എന്ന വാച്യമോ 'ചുംബനം ഇച്ഛിച്ചു' എന്ന വ്യംഗ്യമോ പ്രധാനം എന്നു സന്ദേഹം.

### 6. കാക്വാക്ഷിപ്തം

428. പോരിൽ കൗരവവൃന്ദമുൽക്കടരുഷാ കൊല്ലുന്നതില്ലേഷ ഞാൻ?
കോരിച്ചോര കുടിപ്പതില്ല നിയതം ദുശ്ശാസനോരഃസ്ഥലാൽ?
ഊരൂ നൽഗ്ഗദകൊണ്ടടിച്ചു പൊടിയാക്കുന്നില്ല ദുര്യോധന–
സ്യാരൂഢാദരമത്ര സന്ധി നൃവരൻ ചെയ്യാം പണത്തോടുടൻ.''
—വേണീസംഹാരം

ഇതിൽ 'കൊല്ലുന്നതില്ലയോ', 'കുടിപ്പതില്ലയോ', 'പൊടിയാക്കുന്നില്ലയോ' എന്നു് സ്വരംകൊണ്ടു് കാകു (ചോദ്യം) അർത്ഥം വരുന്നു.

### 7. അസുന്ദരം

429. മഞ്ജുളബകുളപ്പൂമലർ–
മഞ്ജരിയേന്തും കരത്തോടേ കൃഷ്ണൻ
ചെല്ലുമ്പോൾ വാടിടുന്നു
വല്ലാതേ വല്ലവിക്കു മുഖകമലം. —സ്വ.

ഇവിടെ രൂപകാലംകൃതമായ മുഖകമലഗ്ലാനിരൂപവാച്യത്തിനു് ബകുളവനത്തിൽ ഗോപി ദത്തസങ്കേത ആയിരുന്നുവെന്ന വ്യംഗ്യത്തേക്കാൾ ചമൽക്കാരാതിശയം ഉള്ളതിനാൽ വ്യംഗ്യം അസുന്ദരമായി.

### 8. അഗൂഢം

430. സ്മയമാനമുഖഃ സ താമവാദീ–
ദയി! മുഗ്ദ്ധേ! ശൃണു നിൻകചാഭിമർശീ
അയമദ്യ ശഠോ ജടാസുരേന്ദ്രാ–
ന്നിയതം ദാരുണനല്ല, ഖേദിയാതേ! —ഭാരതചമ്പു

ഭീമന്റെ സൈരന്ധ്രിയോടുള്ള ഈ വാക്കിൽ 'കീചകൻ ജടാസുരനെക്കാൾ ദാരുണനല്ല' എന്നുള്ള വാച്യത്തിൽനിന്നുളവാകുന്ന 'ഇവനെ നിഗ്രഹിക്കുന്നതു് എനിക്കു് എളുതാണു്'' എന്നുള്ള വ്യംഗ്യം വാച്യംപോലെ അതിപ്രകടമായിരിക്കുന്നതിനാൽ അഗൂഢം.

★

**ഭവ്യാലംകൃതിചാരു, കൗതുകകരം, ബന്ധത്തിലും ബന്ധുരം,**
**നിർവ്യാജോജ്ജ്വലസൽപ്പദാർത്ഥരചിതം, ശ്രവ്യാതിമഞ്ജുധ്വനി,**
**ദോഷാദൂഷിതസൂക്തരത്നനികരം ചേർത്തിങ്ങു തീർത്തുള്ളതാം**
**ഭാഷാഭൂഷണമെന്നുമേ ഹൃദി ധരിച്ചീടട്ടെ വിദ്യാർത്ഥികൾ.**

# പദസൂചിക


അക്രമം 124
അക്രമാതിശയോക്തി 48
അഗൂഢം 178
അജഹല്ലക്ഷണ 142
അതൽഗുണം 54
അതിശയോക്തിവിഭാഗം 44
അത്യന്തതിരസ്കൃതവാച്യം 147
അത്യന്താതിശയോക്തി 49
അധികപദം 118
അധികം 56
അനന്വയം 24
അനവീകൃതം 127
അനിത്യദോഷങ്ങൾ 130
അനിയമപരിവൃത്തം 128
അനുക്തവാച്യം 121
അനുചിതാർത്ഥം 112
അനുപ്രാസം 92
അനുഭാവം 155
അനുമാനം 67
അനുലോമപ്രതിലോമസമം 106
അനുസ്വാനധ്വനി 149
അന്യാപദേശം 42
അന്യോക്തി 42
അന്യോന്യം 77
അന്ത്യപ്രാസം 97
അപഹ്നുതി 28
അപുഷ്ടം 125
അപ്രതീതം 111
അപ്രയുക്തം 108
അപ്രസ്തുതപ്രശംസ 41
അഭവന്മതയോഗം 120
അഭിധാവ്യാപാരം 139
അഭിധാമൂലവ്യഞ്ജന 143
അയോഗാതിശയോക്തി 46
അർത്ഥദോഷങ്ങൾ 125
അർത്ഥശക്തിമൂലധ്വനി 152
അർത്ഥാപത്തി 66
അർത്ഥാന്തരന്യാസം 68
അർത്ഥാന്തരസംക്രമിതവാച്യധ്വനി [147
അർത്ഥാലങ്കാരപരിഗണനം 91
അലങ്കാരദോഷങ്ങൾ 128
അല്പം 56
അനുവാചകം 111
അവിമൃഷ്ടവിധേയാംശം 122
അവിവക്ഷിതവാച്യധ്വനി 147
അശ്ലീലം 110
അഷ്ടപ്രാസം 97
അസുന്ദരം 178
അസംഗതി 49
അസംബന്ധാതിശയോക്തി 47
അസംലക്ഷ്യക്രമം 149
അസ്ഥാനസ്ഥപദം 122
അസ്ഫുടം 177
ആക്ഷേപം 63
ആദിപ്രാസം 96
ആഭാസരൂപകം 27
ആലംബനവിഭാവം 154
ആംഗലപ്രാസം 96
ഇഷ്ടാന്യപരവാച്യധ്വനി 147
ഉക്തപദം 118
ഉത്തരം 71
ഉദാത്തം 69
ഉദ്ദീപനവിഭാവം 154
ഉന്മീലിതം 55
ഉൽപ്രേക്ഷ 29
ഉപനാഗരികാവൃത്തി 93
ഉപമ 19
ഉപമാവാചകങ്ങൾ 23
ഉപമേയോപമ 24
ഉല്ലേഖം 48
ഊർജ്ജസ്വി 175
ഏകദേശവിവർത്തിരൂപകം 27
ഏകാവലി 80
ഓജസ്സ് 135
കന്നത്തം 109
കാക്വാക്ഷിപ്തം 178
കാരകദീപകം 41
കാരണമാല 80
കാവ്യലിംഗം 66
കേരളപ്രാസം 94
കൈതവാപഹ്നുതി 28
ക്രിയാദീപകം 41
ക്ലിഷ്ടം 115
ഗമ്യ (ഉൽപ്രേക്ഷ) 31
ഗർഭിതം 121
ഗൂഢചതുർത്ഥപാദം 105

ഗൗഡീരീതി 93
ഗൗണി (ലക്ഷണ) 143
ഗ്രാമ്യം 109
ചക്രബന്ധം 103
ചർവ്വണ 156
ചിത്രം 100
ച്യുതസംസ്കാരം 108
ഛേകാനുപ്രാസം 92
ഛേകാപഹ്നുതി 28
ജഹല്ലക്ഷണ 143
തൽഗുണം 54
തുല്യപ്രാധാന്യം 179
തുല്യയോഗിത 40
ദീപകം 39
ദൃഷ്ടാന്തം 36
ദുഷ്പ്രതീതി 123
ദുശ്ശ്രവം 107
ദ്വാദശപ്രാസം 97
ദ്വിതീയാക്ഷരപ്രാസം 94
ധർമ്മാതിശയോക്തി 48
ധർമ്മോൽപ്രേക്ഷ 30
ധർമ്മ്യൽപ്രേക്ഷ 30
നവരസങ്ങൾ 157
നാഗബന്ധം 104
നിഗീര്യാധ്യവസാനം 45
നിദർശന 37
നിരർത്ഥകം 109
നിരവയവരൂപകം 27
നിരൂഢലക്ഷണ 143
നിഗൂഢവാച്യം 148
നിർഹേതു 127
നേയാർത്ഥം 110
ന്യൂനപദം 118
പതൽപ്രകർഷം 119
പത്മബന്ധം 101, 102
പദദോഷങ്ങൾ 107
പരമ്പരിതരൂപകം 27
പരികരം 78
പരിണാമം 27
പരിവൃത്തി 62
പരിസംഖ്യ 60
പര്യസ്താപഹ്നുതി 28
പര്യായോക്തം 79
പര്യായം 59
പാഞ്ചാലീരീതി 94
പുനരുക്തവദാഭാസം 100
പുനരുക്തം 127
പൂർണ്ണോപമ 20
പ്രതിവസ്തൂപമ 35
പ്രതീപം 25
പ്രത്യനീകം 65
പ്രസാദം 136
പ്രസിദ്ധിഹതം 122
പ്രസ്തുതാങ്കുരം 44
പ്രഹർഷണം 72
പ്രേയസ്സ് 177
ഫലലക്ഷണ 142
ഫലോൽപ്രേക്ഷ 30
ബിംബപ്രതിബിംബഭാവം 20
ഭഗ്നപ്രക്രമം 123
ഭാവധ്വനികൾ 168
ഭാവശബളത 178
ഭാവശാന്തി 170
ഭാവസന്ധി 178
ഭാവികം 68
ഭാവോദയം 170, 177
ഭേദകാതിശയോക്തി 45
ഭ്രാന്താപഹ്നുതി 28
ഭ്രാന്തിമാൻ 31
മഹാരാഷ്ട്രപ്രാസം 97
മാധുര്യം 135
മാലോപമ 22
മിശ്രം 126
മീലിതം 54
മുദ്രാലങ്കാരം 81
യഥാസംഖ്യം 60
യമകം 98
യോഗരൂഢി 140
യോഗം 140
രഥബന്ധം 105
രശനോപമ 23
രസദോഷങ്ങൾ 172
രസനിരൂപണം 155
രസഭാവാഭാസങ്ങൾ 169
രസവാൻ 176
രസോദാഹരണങ്ങൾ 164
രീതി 93
രൂഢി 140
രൂപകാതിശയോക്തി 45
രൂപകം 26
ലക്ഷണയുടെ വിഭാഗങ്ങൾ 143
ലക്ഷണാമൂലവ്യഞ്ജന 145
ലക്ഷണാവ്യാപാരം 144
ലക്ഷിതോപമ 24
ലളിതോപമ 38
ലളിതം 38

ലാടാനുപ്രാസം 98
ലുപ്തോപമകാം 22
ലേശം 51
വക്രോക്തി 87
വസ്തുപ്രതിവസ്തുഭാവം 20
വാക്യദോഷങ്ങൾ 114
വാച്യസിദ്ധ്യംഗം 179
വാച്യാംഗം 179
വാസ്തവോക്തിവിഭാഗം 57
വികല്പം 61
വിചിത്രം 77
വിഭാവന 50
വിരുദ്ധബന്ധം 115
വിരുദ്ധബുദ്ധിപ്രദം 123
വിരോധാഭാസം 52
വിവക്ഷിതാന്യപരവാച്യധ്വനി 148
വിശേഷപരിവൃത്തം 128
വിശേഷകം 55
വിശേഷോക്തി 50
വിഷമം 75
വിഷാദനം 77
വിസന്ധി 116
വൃത്ത്യനുപ്രാസം 93
വൈദർഭീരീതി 93
വ്യഞ്ജനാവ്യാപാരം 143
വ്യതിരേകം 34
വ്യാഘാതം 51
വ്യാജസ്തുതി 73
വ്യാജോക്തി 70
വ്യാഹതം 126
ശബ്ദശക്തിമൂലവസ്തുധ്വനി 151
ശബ്ദാലങ്കാരപ്രകരണം 92
ശുദ്ധ(ലക്ഷണ) 143
ശ്ലേഷോക്തിവിഭാഗം 82
ശ്ലേഷം 82
ഷോഡശപ്രാസം 98
സങ്കരം 89
സങ്കീർണ്ണം 120
സഞ്ചാരിഭാവങ്ങൾ 157
സനിയമപരിവൃത്തം 129
സന്ദിഗ്ദ്ധം 112
സന്ദിഹ്യമാനപ്രാധാന്യം 179
സമം 74
സമാധി 72
സമാസോക്തി 85
സമാപ്തപുനരാത്തം 119
സമാഹിതം 176
സമുച്ചയം 58
സർവ്വതോഭദ്രം 106
സസന്ദേഹം 31
സഹചരഭിന്നം 126
സഹോക്തി 57
സാകാംക്ഷം 126
സാത്വികം 155
സാധർമ്മ്യവൈധർമ്മ്യങ്ങൾ 36
സാധ്യവസായ(ലക്ഷണ) 144
സാമാന്യപരിവൃത്തം 128
സാമാന്യം 55
സാമ്യോക്തിവിഭാഗം 19
സാരോപ(ലക്ഷണ) 144
സാരം 81
സാവയവരൂപകം 27
സാവയവോപമ 23
സൂക്ഷ്മം 70
സംബന്ധാതിശയോക്തി 46
സംഭാവന 53
സംലക്ഷ്യക്രമം 150
സംസൃഷ്ടി 89
സ്ഥായിഭാവങ്ങൾ 156
സ്മൃതിമാൻ 31
സ്വഭാവോക്തി 57
ഹതവൃത്തം 116
ഹേതൂൽപ്രേക്ഷ 31
ഹേത്വതിശയോക്തി 47
ഹേത്വപഹ്നുതി 29

# പദ്യസൂചിക


അകാര്യബന്ധുഭക്തന്മാർ . 123
അകൃത്രിമദ്യുതിരനവദ്യേയം 97
അക്കാലത്തു പൊറുക്കാ- 92
അക്കാലം സുഖമോട്ട- 34
അങ്കത്തുങ്കലലം കളങ്ക- 93
അച്ഛൻ ചമച്ചുള്ളൊരു 167
അതിക്രൂരം ബാണം 75, 89
അത്യന്തം മെയ് സ്വതേ 114
അദ്ദേവനെസ്സപദി 117
അധരമതു മിനുക്കിയും 60
അന്തർഭാഗത്തു ചേർത്ത- 34, 177
അന്നച്ഛനുണ്ടധികമോദ- 120
അന്നിത്തന്വംഗിയാൾക്കും 165
അന്യങ്ങളാം മലകൾ 69
അന്യസ്ത്രീദിക്കിലേക്കായ് 70
അന്യൂനപ്രേമമോടെൻ 160
അമ്പത്തൊന്നക്ഷരാളീ 47
അയ്യയ്യോ പിളരുന്നു 30
അരചനു മനതാരിൽ 160
അരിവമ്പടയും പടയും 89, 99
അർക്കകാന്തമതിനഗ്നി- 87
അർദ്ധരാത്രിസമയത്തിലു- 128
അല്ലേ സമുദ്രമഹിതം 128
അഹോ മഹാപാപമുരച്ചു- 63
അഹോവൃത്തികൾ ഗതി- 108
അംഗത്തിലെങ്ങുമണി- 34
ആകാരംകൊണ്ടഹോ! 108
ആനകദുന്ദുഭി മാനിക്കും 31
ആത്താ താത്തേന്മൊഴി 135
ആഴിക്കൂട്ടമതിന്റെ മദ്ധ്യ- 97
ഇക്കാർമേഘങ്ങൾ തിങ്ങി 93
ഇണവണ്ടുകളംബുജങ്ങൾ 162
ഇത ഇത വാത്തു വരുന്നു 99
ഇത്തരം മുനികുലോത്തമ- 169
ഇന്ദീവരാക്ഷി നിൻ വക്ത്രം 130
ഇന്നാളൊരിക്കൽ നൃപ! 178
ഇന്നി സ്വൈരമയേ കളി- 124
ഇന്നുതൊട്ടുലകിലെന്നുടെ 168
ഇഷ്ടപ്രാണേശ്വരിയുടെ 68
ഇഹ സംസാരനീരാഴി 112
ഈ ഞങ്ങളാണർത്ഥികൾ 121
ഈയാശങ്ക നിനക്കു യം 97
ഉച്ചച്ചന്ദ്രന്റെ കോലം 59
ഉച്ചിത്തടത്തിൽ വിലസു- 59
ഉണ്ടായിത്താമ്രകാരാൽ 60
ഉണ്ണിയുണ്ടായ സന്തോഷം 46
ഉത്തമം കുശലം വിദ്യ 81
ഉദയഗിരി ചുവന്നു 59
ഉപകാരവിധൗ ത്വം 116
ഉച്ചശീലളിതയാമിവൾ 22
ഉലകഖിലമടങ്ങുന്നോരു 56
ഉഴന്ന പാന്ഥപ്പരിഷ 67
ഉൾത്താപത്തോടൊരേ 170
എങ്ങിട്ട്ന്നയമെങ്ങു 171
എത്ര വന്മലകളങ്ങുമിങ്ങും 177
എന്തോ കഥിക്കുന്നതു നീ 114
എന്നക്കാശിയിൽ വാണു 69,168,177
എന്നേ അദ്ദേഹമാണി 116
എപ്പോത്തുമേ ഭാനു രഥേ 127
ഏതിനോങ്കാരമാരംഭം 139
ഏവം നീതാനമൃതമധുരം 92
ഏവം യാഗം മുടക്കുന്നൊരു 171
ഏഷണിക്കാരനാം പാമ്പിൻ 50
ഏറെക്കേണു കടുത്ത കൺ 154
ഏറ്റം രാഗമൊട്ടും പ്രിയൻ 161
ഒട്ടേറെഗ്ഘോരമാകും 123
ഒന്നുകൊണ്ടറിയുണം 80
ഒരേ പുമാൻ താനത്തു 139
ഒഴിച്ചു വിൺമൂത്രം 111
ഓജസ്സൂർജ്ജസ്വലമുലകിൽ 45
ഓമനത്തിങ്കൾക്കിടാവോ 32
ഓമൽക്കഴുത്തതിനു 77
ഓമൽപ്പിച്ചിച്ചെടി ലത 31
കടുക്കും കാഠിന്യം തടകിന 178
കണ്ണനെക്കണ്ടനേരത്തു 71
കണ്ടാൽ ശരിക്കു കടലിൻ 48
കണ്ടിട്ടേകാസനത്തിൽ 169
കണ്ടീടാമെന്നൊടെന്താ- 43
കണ്ഠനാളമഴകിൽ തിരി- 57, 167
കനകമയമായീടും 33
കരഭം കരഭം കദളീ 148
കരം ഗ്രഹിച്ചൻപൊട്ടു 129, 145
കരിയിതു ഗിരിയെപ്പോലെ 25
കരുണമൊരു രസംതാൻ 36
കരുതീട്ടു ചലല്ലോക 101
കണ്ണൻ ത്വക്കും മാംസം 124

കലാരത്നം ഗാനം 61
കല്പദ്രുകല്പദ്രുപദേന്ദ്ര 100
കല്യൻ ബ്രാഹ്മണനാകും 118
കല്യാണാവസരേ ഗിരീന്ദ്ര 71
കല്യാണി കാലാന്തകവല്ലഭേ 121
കല്യാണി താമരമലക്കട 77
കല്ലിന്മേൽ കലഹിച്ച നിന്നെ 165
കവചമിതതിജീർണ്ണം 166
കവിറം വിളറിവരണ്ടോ 53
കഷ്ടം മര്യാദ കൈവിട്ട് 127, 167
കഷ്ടംവെച്ചങ്ങു നിന്നു 109
കസ്തൂരിപ്പൊട്ടുതൊട്ടും 161
കളയാമിഹ താമസന്നവം 85
കാക്കുന്നിവൻ കതിരവൻെറ 129
കാട്ടിൽ കൂട്ടവിളിപ്പതാം 37, 124
കാണിക്കുന്നതബദ്ധമൈത്ര്യം 161
കാതതിലണിവാൻ തളിർ 63
കാതിൽ കത്തുന്ന കാന്തി 61
കാതോളം പതിവായ് നടന്നു 159
കാമപാലപശുപാല 108
കാമിനീപാദസമ്പക്ക് 34
കാലുഷ്യത്തോടു ലോലായിത 132
കാറിൻചോട്ടിൽക്കലേശ 46
കാററുംകൊണ്ടൊരു കീചക 41
കാറേറല്ലുമ്പോം തിളങ്ങും 81
കാർകൊണ്ടു മിണ്ടാത്തൊരു 22
കാളിന്ദീ ചൊല്ലഗസ്ത്യാ 43
കിട്ടാതെപോകട്ടെ നരേന്ദ്ര 166
കിട്ടാത്തതിങ്കലനുരാഗം 158
കിഴിയും ജീവനം നേടാൻ 33
കുട്ടിക്കു ബാല്യമതിൽ വേണ്ട 124
കുനിച്ചനീയെന്തിനുയന്ന 63
കുന്നിച്ചീടും കുളർമതിരുചാ 134
കുന്നിന്മേൽ വള്ളിയുണ്ടാകും 50
കുന്നേലും കൊങ്കയാളാം 170
കുമുദകലമുലൂകവും 40
കുംഭികലോത്തമൻ തുമ്പി 24
കൂടുന്ന താമരപ്പൂക്കറം 67
കൂടെത്തന്നെ പിറന്നു 75
കൂടും കാമജ്വരത്താൽ 162
കൂപ്പുകൂടുമൊരു ബുദ്ധി 117
കൃഷ്ണ, നീയുടലറുത്ത 65
കേവലാത്മപുരുഷൻെറ 97
കേശാന്തേ പിടിപെട്ടിഴച്ചു 78
കൈലാസാദ്രിമലക്കന്നോ- 100
കൊഞ്ചും കോകിലവാണി 137
കൊണ്ടൽക്കാറണികൊണ്ടു 72
കൊണ്ടാടിയൻപൊടപരി 69
കൊതിച്ചിതാ വെണ്മതി 31
കൊല്ലപ്പെട്ടുകിലോ സ്വർഗ്ഗം 62
കോദണ്ഡഹസ്തനഭിമാനി 78, 123
ക്ഷണമിമകളിൽനിന്നു 60, 147
ക്ഷീണിച്ചിട്ടെന്നവണ്ണം 58
ക്ഷോണീശൻതൻ സുഹൃത്താം 75
ഗഗനം ഗഗനംപോലെ 24
ഗിരിശനുമഥ മൂന്നുനാറം 66
ഗുണയുതനഖമാന്നിത്തമ്പി 121
ഗുരോർ ഞാംശ്ചരണാവിങ്ങു 116
ഗൂഢമായവനെ നിഗ്രഹി- 76
ഗോപാലനെന്നോത്തു മുകന്ദ 76
ചന്തത്തിൽ മയിലാടുന്നു 62
ചന്തംചേന്നണയട്ടെ 116
ചന്ദ്രപ്രഖ്യം മുഖമബലമാർ 90
ചന്ദ്രോദയം പാത്തെഴമാഴി 150, 179
ചാണക്കല്ലിലുരച്ച രത്നം 39
ചാരത്തുള്ളോന്നതിൽ 119
ചികെന്നോക്കാതെ നില്ക്കും 163
ചിത്രമിതെക്കാളൊന്നും 61
ചിത്രം ചിത്രം ധരണിയിൽ 131
ചുമന്നു ചന്ദ്രക്കലപോൽ 30
ചുററും നല്ല കരിമ്പു നെൽ 113
ചൂടേററിട്ടൊട്ടു ഞെട്ടററലർ 57
ചെന്താമരപ്പൊന്തളിക 169
ചെന്താർകാന്തികറം ചിന്തും 96
ചെമ്പഞ്ഞിച്ചാറു ചാത്തീ 163
ചെറുപ്പകാലങ്ങളിലുള്ള 68
ചേത്താവനാഴിയുടെ കെട്ടു 82
ചേലൊത്ത പുഷ്പമൊരു 53
ചൊന്നാനണഞ്ഞമ്പൊടു 169
ചൊന്നേനില്ല തരംതിരിച്ചു 79
ചൊല്ലാവല്ലാത്തതായീ 172
ചൊല്ലേറും വിബുധാളി 82
ജഗാദ മന്ദം ഗജരാജഗാമിനീ 116
ജനമെല്ലാമുന്മുഖമായ് 42
തത്സേവാത്ഥം തരുണ- 96
തന്ദേശം ചെന്നണവതിനു 42
തരുണാരുണചാരുപങ്കജ- 110
തലേന്നു നിജ വല്ലഭൻ 160
തവ കീത്തിയും ദ്യുതിയും 25
തളിരുപോലധരം സുമനോ- 23
താപസന്മാരുടെയും 40
താപം തീരെശ്ശമിച്ചു 124
താരകളകളങ്കമലം 99
താരിൽത്തനവീകടാക്ഷാ- 26
താഴ്മയായൊരിടത്തുള്ള 74
തിങ്കറംതന്നുടെ കളങ്കിതാ 73

തീരത്തിരാ നിൻ വദനം 154
തീരം തിങ്ങും തമാലത്തളിർ 51
തുണചെയ്ത ഭവാനെനിക്കു 150
തുമ്പിക്കരത്തിനിഹ തോലിനു 40
തുരംഗമാൻ ചേർത്തു സകൃത് 127
തെറെറന്നാ മെയ് ലയിച്ചോ 113
തേളു തുച്ഛമൊരു കീടകം 42
തോലാദ്യം തോരം നിതംബം 167
ദന്താനാം മുകുളങ്ങൾ കാട്ടി 168
ദയയൊരു ലവലേശം 97, 135
ദാരിദ്ര്യം വരുമെന്നോർത്തു 98
ദിക്കിൻ വക്കത്തു നില്ക്കും 54
ദിവ്യം കിഞ്ചന വെള്ളമുണ്ട് 53
ദീനത കൈവിട്ടു ദൂരത്തു 49
ദുരാശാവേശത്താൽ 163
ദുഃഖത്താലോ ഭയാദ്വാ 116, 169
ദുഃഖംകൊണ്ടോ ഭയാദ്വാ 115
ദൈത്യൻ മത്തൻ നിൻ 20
ദ്വിജചപലതമൂലമിന്നു 117
ദ്വിജദ്രോഹമുപേക്ഷിക്ക 179
ധനരഹിതനവൻ 118
ധനാധിപൻ കാത്തൊരു 90
ധന്യൻ തൻ കാന്തനെ– 74
നന്ദനസമാനമാമുദ്യാന 120
നന്നായോർത്തു ജനം തപോ– 153
നന്നായ് പാരിൽ ജയിക്ക– 126
നരനു ഭാഗ്യമുണ്ടെങ്കിൽ 132
നരവരഗുണസിന്ധോ 159
നലമുള്ളൊരു നവഗുണ 113
നൽക്കല്യാണം സ്പന്ദനം 152
നൽപ്പങ്കലക്കൊങ്കകൾ 27
നല്ലേഴാമടമുണ്ടെങ്കിൽ 111
നഷ്ടം നിശ്ശേഷമായ് പോർ– 146
നാലാണീ ഞങ്ങൾ ഭൂതപിക്ക– 112
നാൽക്കാലികൾക്കുമൊരു 43
നിട്ടിങ്കൽ ഞങ്ങളൊരുമിച്ച 162
നിന്തിരുവടിയുടെ പാദാംബുജ 53
നിൻ നേത്രത്തിനു തുല്യമാം 25, 66, 89, 124
നിന്നെക്കാണുന്നനേരം 89
നിൻമിഴിയൊന്നു ചുവന്നു 58
നിലയ്ക്കാത്ത മോഹം നിന– 114
നീയാർ മക്കട രാമരാജ 74
നീരന്ധ്രനീലമിതു വിണ്ടല 28
നീരുൾക്കൊണ്ടൊരു കാർകൊണ്ടൽ 125
നീലപ്പുരികഴലിൽത്തവ 38
നേരേ നോക്കുന്നനേരം 160
നേരമ്പോക്കായ് പുഴക്കി 177
നേരം വൈകുന്നതിന്നായ് 158
ന്‌ലാവെൻ കണ്ണിന്നു നീതാൻ 63, 132
പക്ഷിക്കുള്ള വിരുന്നിൽ വന്ന 130
പക്ഷിശ്രേഷ്ഠൻ ജടായുസ്സിതി 122
പങ്കജമോ ജലമെവിടെ 33
പഠിപ്പുകാട്ടും ചിലർ കേൾ 118
പതിവ്രതാവൃത്തിയിൽ നിഷ്ഠ 117
പത്തരമാററിൽ തങ്കത്താൽ 69
പത്തിക്കീററു കവിൾത്തടത്തിൽ 86
പഥ്യമില്ലെങ്കിൽ രോഗിക്കു 98
പദാൽ പദമിളച്ചിടാ 116
പരമതനുശരീരേ 37
പരമൊരുടൽവഹിച്ച– 68
പരിഭവഭയാദ്ദൈന്യനായുക്തം 126
പലവിധത്തിലൊരോ 89
പല്ലവാധരി നിൻ പല്ല 130
പല്ലുകളിളകീടുന്നു 51
പറിച്ചോരചലത്തിന്റെ 114
പാടേ കുരുത്തോരിളതാം 173
പാടേ നാളം പിരിഞ്ഞു– 21, 109
പാരിച്ച മന്ഥഗിരിതന്നുടെ 29
പാരിലാരിന്നു പോരാളി 133
പാർത്ഥൻ ഗൗരീശദേവം 120
പാലിക്കാനായ് ഭുവനമഖിലം 137
പിച്ചക്കാരൻ ഗമിച്ചാൻ 88, 179
പുഞ്ചിരിയെന്നതോ ചന്ദ്രിക 67
പുത്തൻ പൂന്തൊത്തിൽ 163
പുരികഴൽനികരത്തിൽ 47
പുഷ്പവനാന്തവിലാസം 83
പൃഥ്വീഭൃത്തുകൾ മസ്തക– 119
പെണ്മണിവദനംകണ്ടാൽ 99
പെരിയൊരു ജലകുംഭത്തെ 146
പേടത്തുകിൽ വേണെങ്കിൽ 71
പേടിച്ചദ്രിഗുഹാന്തരത്തിൽ 137
പേടിച്ചുള്ളിളമാൻമിഴി 176
പേടിച്ചോടേണ്ട നില്പിൻ 166
പൊന്നുന്നു പൊത്തിൽ വാഴും 122
പൊഴിക്കുന്നു കണ്ണീരവിട– 163
പോരിൽ കൗരവവൃന്ദമുൽക്കട– 180
പോവാനായ് തുനിയുന്നിതാ 159
പ്രഥമവിധികുലത്തിലാണു– 122
പ്രാർത്ഥിച്ചാൽ പദമേക– 21, 179
പ്രിയനെന്നിവനെഗ്ഗോപികൾ 48
പ്രിയാശ്ലേഷം വിട്ടെൻ തനു 50
പ്രേമം പരം പ്രണയമീട്ടററ– 115
പ്രേമം പൂണ്ടിട്ടലിഞ്ഞും 165
പ്രേയാനാഗസ്സുചെയ്തോൻ 174

ഫുല്ലാശിൻമൊട്ടെന്നളിതാൻ 32
ഫുല്ലാബ്ജത്തിനു രമ്യതയ്ക്കു 36
ബന്ധം നീക്കാൻ ബഹുമഖ– 77
ബ്രഹ്മാവത്തവഴിക്കു ചെന്നഥ 69
ഭക്തപ്രിയത്താൽ ഭഗവാനും 58
ഭക്ത്യാ സേവിക്ക പൂജ്യാൻ 41
ഭർത്താവയ്യ തെരഞ്ഞെടുത്ത 159
ഭവാൻ പ്രസാദിക്കുകിലീ വസന്ത 79
ഭാസതേ നവമാതീവ 106
ഭീമം വ്യാപിച്ചിടുന്നു ഗരള– 134
ഭൂതങ്ങളാൽ സ്വപതി 83
ഭൂരിതിക്തമിഹ കമ്പു 81
ഭൃംഗാഞ്ജനച്ഛാത്തൊടു 27
ഭ്രമിക്കനിവെഴുന്ന നിൻ 161
മഞ്ജുളബകുളപ്പൂമലർ 180
മടിച്ചു വേല ചെയ്യാതെ 107
മട്ടുമലർശയനംതാൻ 168
മണപ്പിച്ചു ചുംബിച്ചു നക്കി 41
മണമൊട്ടു വിറയാർന്നിടുന്ന 154
മണ്ടന്തി പാന്ഥനിവഹാഃ 108
മണ്ണീയെങ്ങടെ വായിലൊക്കെ 65
മതി മാനമേറിടുന്നിതു 87
മനമേ ഭവ സാഭിലാഷം 37
മന്ദം ചന്ദനമേട്ടുതന്റെ 160
മന്നവരണിമണിമൗലേ 112
മമതരുണി സീതേ 95
മയ്യേൽക്കണ്ണി നിനക്കേ– 165
മലയാനിലലോലമാലതീ 173
മല്ലന്മാക്കിടിവാറ് 48, 119
മല്ലീജാതിപ്രഭൃതികുസുമ 86
മൽക്കളേബരമതിൽ 47
മറഞ്ഞാനമ്പരോടേവം 116
മാനം കൈവിട്ടുപോകാൻ 38
മാനിക്ക നതനാമെന്നെ 173
മായോപായമെടുത്തിടാഞ്ഞവറ് 132
മാരക്രീഡാമഹലഹളയിൽ 91
മിന്നീടും വെണ്ണിലാവും പുതു– 163
മുക്തശങ്കമയി നിന്റെ മൃത്യു– 110
മുട്ടാതെയെന്നുമൊരു 97
മുത്തിന്നും പവിഴത്തിന്നും 46
മുന്നംതന്നെ മഹേശി മർത്ത്യ– 49
മുഷ്ടി വിടാ മുട്ടുകിലും 35
മൂക്കുകൊണ്ടു ജലം 122
മെയ്യിൽ പാവ്വതി പാതി 73
മൗകലിവ്രജമിരുന്നിടുന്നു– 73
യാത്ര ചൊന്നവിടെനിന്നു 139
യാദവക്കു കുരുപാണ്ഡവാദി 111
യുവതി ഭവതിയെന്നു വൃദ്ധ– 63
യോഗിമാർ സതതം പൊത്തും 114
രക്തനാമുദയേ സൂര്യൻ 132
രണ്ടുനാലുദിവസത്തിനക– 159
രതിയൊന്നിലുമില്ല തെല്ലു– 173
രമാദാസസദാമാര 106
രമ്യം രാക്ഷസസന്തതിക്കു 103
രസിക്കാൻ സാററ്റിൽ കയറി 162
രസിക്കാ സത്യമോതീടിൽ 179
രാഗരോഗപരാധീന 102
രാധേയന്തടിനീ കേറ് 84
രാമനെ നിത്യം ദശരഥ– 147
രാമപാദങ്ങറ് തൊഴുതു 105
രാവിന്നീശങ്കലും നൽ 52
രാവിപ്പോറ് ക്ഷണമങ്ങൊട്ടു– 121
രുഷ്ഷോ/സൗ ബത കാട്ടനും 109
രൂക്ഷമായ നിടിലേക്ഷണാഗ്നി– 98
ലക്ഷ്യം കൂടാതെ ലങ്കാനഗരം 93
ലീലാരണ്യേ വിഹഗമൃഗയാ 94
ലോകങ്ങറ്ക്കുള്ള മാലൊക്കെയും 162
വട്ടംകൂട്ടി മഹാനസേ 108
വദനം ചന്ദ്രകാന്തം താൻ 128
വദനം പ്രസാദസദനം 124
വൻതെന്നലേററുലയും 24
വമ്പിച്ച കോപത്തെയകററു– 72
വഷ്ണത്തിൻ ധമ്മമൊപ്പി– 87
വല്ലോരും കാണും, എന്തേ– 178
വസന്തമാം കാലമണഞ്ഞിടു– 132
വാക്കൊന്നെന്നുടെ വായിൽ 109
വാടാ ടിപ്പുസ്സുല്ത്താൻ! 161
വാനത്തങ്ങു വിമാനസീമ്നി 177
വാനിൽ വായു വരുന്നതേററു 96
വിദ്യയിൽ വിനയമത്തുളവാം 80
വിനയംകൊണ്ടു വിദ്വാനും 126
വിബുധപതിയൊടു നിശി– 30
വിമലപ്രഭയാലേറെ 21
വിവാഹദീക്ഷാകലശം കഴി– 20
വിവേകമില്ലാസ്ഥിലനേക– 128
വിശ്വങ്ങളെല്ലാം തന്നുള്ളിലേ 56
വിശ്വാസക്കേടിനാലിജ്ജനം 168
വിഷമല്ല കാളക്കൂടം 28
വിള്ള തിന്നു മുതുവെള്ളെരു– 108
വീക്ഷിച്ചേകാന്തമായപ്പുര 164
വീതാതങ്കം വിധുസ്ത്രീവടിവു 110
വീഴമ്പേ റ് ഭുവി നഖ 54
വൃദ്ധന്മാരില്ലാത്തോരു 80
വെള്ളിക്കുന്നിങ്കൽ മാന– 118
വേഗത്താൽ ക്ഷിപ്തനാലംബിത 175
വേഴാമ്പലേററമഴലേന്തി 72

വൈവർണ്ണ്യം വന്നുചേർന്നു 158
വ്യയിച്ചുതീർന്നു വസുവെന്നു 130
ശമലമാർന്നിട്ടുമീ വിഷയങ്ങളിൽ 100
ശിക്ഷിക്കാം ശിക്ഷ്യനാം നിന്നെ 36
ശുക്ലീകൃതാശനവതംസ- 95
ശുചാന്ധമാം മനംകൊണ്ടു 126
ശുദ്ധദ്വിജസമീപത്തിൽ 51
ശുശ്രൂഷചെയ്യാനുമകാത്തു 125
ശൃംഗാരത്തിന്റെ നാമ്പോ 167
ശ്രീമത്ത്വത്താൽ മദമൊട്ടു 145
ശ്രീസീതാലക്ഷ്മണന്മാർ 104
സഖികളഴലിയന്നു കാത്തു 112
സങ്കടം തീർത്തു രക്ഷിപ്പാൻ 141
സത്തന്മാരപ്പൊഴുതഹി 83
സന്ധിക്കും ലക്ഷണാസംഗം 115
സമുചിതസപര്യാം 62
സരസനാകിയ നിൻഗുണ- 159
സർവ്വഭൂപന്മാർ ചുഴെനിന്നു 170
സർവ്വേന്ദ്രിയം മൂടിയടച്ചു 172
സൽക്കാരമേകാനയി പാന്ഥ 151
സൽക്കീർത്തികൊണ്ടു പരമന്ന- 152
സൽക്കീർത്തിക്കായ് വലഞ്ഞു 52
സഹസ്രപാദൻ ഭഗവാൻ 76
സംസാരനിസ്സ്പൃഹം ലോകം 142
സാരം ഭൂമിയിലേതുദേശം 61
സിരമുറികളിൽനിന്നി- 166
സുഖമെന്തിഹ ലോകത്തിൽ 72
സുത്രാമാവിനു വന്നവസ്ഥ 70
സുന്ദരൻ കാന്തിഭരിതൻ 154
സുരവസതിയിലാശയെങ്കിൽ 111
സൃഷ്ടിക്കപ്പെട്ടു പെട്ടെന്നിവളുരു 45
സേതുരോപണമാഴിക്കും 105
സ്ഥൂലനിതംബം, ക്ഷീണത 122
സ്ഥൈര്യം വിട്ടുൻപോയീ 165
സ്നാനംചെയ്തു വരുന്ന വൻ 1 9
സ്നേഹം തുള്ളിയുമില്ല 160
സ്ഫുടതരവിയർപ്പുവെള്ളം 158
സ്മയമാനമുഖഃ സ താം 180
സ്മരനുടെ സമരത്തിൽ 162
സ്വാദ്ധ്യായത്തിനിതല്ല വേള 177
ഹന്ത! വിശ്വമപി നിന്നുടെ 55
ഹൃദ്യാനന്ദം നിരുപമതമം 94
ഹ്രസ്വം കേളാകാരം 152

★

INDIAN INSTITUTE OF ADVANCED STUDY
Acc. No. 50770
Date 11.9.75
SIMLA